A SHORT COMMENTARY ON THE GOSPEL OF ST. JOHN.

വി: യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ ലഘുവ്യാഖ്യാനം.

"അഖണ്ഡം സച്ചിദാനന്ദ-
മവാങ്മനസഗോചരം
ആത്മാനമഖിലാധാര-
മാശ്രയേഽഭീഷ്ടസിദ്ധയേ".

56 A
7524

N12<529506557 021
ubTÜBINGEN
Dr. F. Melzer
Adelberg · Kloster
über Göppingen

A S
O

T

Pric

A SHORT COMMENTARY ON THE GOSPEL OF ST. JOHN.

വി: യോഹന്നാൻ എഴുതിയ സുവിശേഷത്തിൻെറ ലഘുവ്യാഖ്യാനം.

Published by
The Malayalam Christian Literature Committee
with the help of the Indian Literature Fund
(National Christian Council.)

Compiled by W. Matthew B. A., L. T.,

1933.

Price 8 As. വില അണ ൮.

Kamalalaya Printing Works, Trivandrum.

UNIV. BIBL. TUBINGEN
56 A 7524

ആമുഖം.

ലോകത്തിലുള്ള ഗ്രന്ഥങ്ങളിൽ വെച്ച് മഹത്തമമായിട്ടുള്ളതാണ്. "വി: യോഹന്നാന്റെ സുവിശേഷം" എന്നു പറയപ്പെടുന്നു. "സൂൎയ്യനും നക്ഷത്രങ്ങളും പ്രതിബിംബിക്കുന്നതും അഗാധവും പ്രശാന്തവുമായ ഒരു സമുദ്രമാകുന്ന ഈ ചെറിയ പുസ്തകം" എന്നു ഹേർഡർ എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്നു. (This little book is a still deeper sea in which the sun and stars are mirrored) "ദൈവതേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും" ആയ ശ്രീ യേശുക്രിസ്തുവിന്റെ മഹത്വത്തെ വർണ്ണിക്കുന്നതും മനുഷ്യവർഗ്ഗത്തിന്റെ ഉപയോഗത്തിനായിക്കൊണ്ടുള്ള സനാതനതത്വങ്ങളെ പ്രതിപാദിക്കുന്നതുമായ ഗ്രന്ഥവും ഇതുതന്നെ. ഈ സുവിശേഷത്തിന്റെ ഒരു വ്യാഖ്യാനം പ്രസിദ്ധീകരിക്കണമെന്നു മലയാളക്രൈസ്തവസാഹിത്യകമ്മററിയിൽനിന്നും തീരുമാനിച്ചിട്ട് ഇപ്പോൾ ഏഴു സംവത്സരത്തോളമായിട്ടുണ്ട്. അതിലേക്കു മതിയായ യോഗ്യതയും പാണ്ഡിത്യവുമുള്ള എഴുത്തുകാരെ കണ്ടുപിടിച്ച് ഈ കൃത്യം അവരെ ഭരമേല്പിക്കുന്നതിനു പല ശ്രമങ്ങളും നടത്തിക്കൊണ്ടിരുന്നു. അങ്ങിനെയിരിക്കെ, തിരുവനന്തപുരത്തുള്ള വിദ്യാൎത്ഥികൾക്കായി നടത്തിവന്നിരുന്ന ചില വേദാദ്ധ്യയനക്ലാസ്സുകളിൽ പ്രസ്തുത സുവിശേഷം വിശിഷ്ടരീതിയിൽ പഠിപ്പിച്ചുകൊണ്ടിരുന്ന ശ്രീമാൻ കെ. ജോർജ്ജ് ബി. ഏ. കമ്മററിക്കു വേണ്ടി ഈ ജോലി സൌകൎയ്യംപോലെ നിവ

ഹിക്കാൻ ആവോളം ശ്രമിക്കാമെന്നു സദയം സമ്മതിക്കു കയുണ്ടായി. എന്നാൽ ആയിടയ്ക്കുതന്നെ അദ്ദേഹത്തിനു ചുമതലയേറിയ ഗവമ്മെൻറ് ചീഫ്സിക്രട്ടറിസ്ഥാനം കയ്യേൽക്കുവാൻ ഇടവരികയാൽ ക്രമാതീതമായ ജോലി ത്തിരക്കുമൂലം നിശ്ചയിച്ചിരുന്നതുപോലെ പ്രസ്തുത കൃത്യം നിവ്വഹിക്കുന്നതിനു കഴിവില്ലാതെ വ്യസനസമേതം അതിൽനിന്നും വിരമിക്കുന്നതിനാണ് ഇടയായതു്. അങ്ങിനെയിരിക്കെ, റവ: ജോർജ്ജ് ജോൺ കശ്ശീശ്ശാ ബി. ഏ. എൽ. ടി., ശ്രീമാൻ ററി. സി. വക്കി എന്നി വരുടെ വിലയേറിയ സഹായത്തോടുകൂടി ഈ ജോലി നിവ്വഹിക്കാമെന്നുള്ള ഒരു പ്രത്യാശ എനിക്കുണ്ടായി. ഇവരിൽ മി: ററി. സി. വക്കി മുഖവുരയിൽ കുറെ ഭാഗങ്ങ ളെല്ലാം എഴുതിത്തുടങ്ങിയെങ്കിലും തന്നെ ബാധിച്ചിരുന്ന രോഗം പെട്ടെന്നു വർദ്ധിച്ചു തിരുവല്ലായ്ക്കുപോകയും അവിടെവച്ചു കഴിഞ്ഞ മാർച്ചുമാസത്തിൽ താൻ സ്നേ ഹിച്ചിരുന്ന കർത്താവിൻെറ സ്വസ്ഥതയിലേക്കു പ്രവേ ശിക്കയും ചെയ്തു. ബഹു: ജോർജ്ജ് ജോൺ അച്ചനവർ കൾ അതിനു മുമ്പുതന്നെ ഇഹലോകം വിട്ടുപിരിഞ്ഞി രുന്നു. ഏതായാലും മുഖവുര ഒരു വിധത്തിൽ പൂത്തി യാക്കി ഒന്നാംഭാഗമായി ഇവിടെ അച്ചടിപ്പിച്ചു. പി ന്നീട് ൧-മുതൽ ൨൧-വരെയുള്ള അദ്ധ്യായങ്ങളുടെ ലഘുവായ ഒരു വ്യാഖ്യാനംകൂടിച്ചേർത്തു പുസ്തകം ഏതു വിധേനയും പ്രസിദ്ധീകരിക്കേണ്ടതു് അത്യാവശ്യമായി വന്നു. Westcott, Stephen Neill, Dummelow, Bishop Gore, Campbell Morgan, Graham Scroggie, Popley, Robert E. Speer മുതലായ പല മഹാന്മാരുടെ വ്യാഖ്യാനങ്ങളും അദ്ധ്യയനക്കുറിപ്പുകളും ഈ ഗ്രന്ഥനി

മ്മാണത്തിൽ വളരെ സഹായിച്ചിട്ടുണ്ട്. റവ: ഈസ്റ്റാഫ് അവർകളിൽനിന്നും ലഭിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങൾക്കായും നന്ദിപറഞ്ഞുകൊള്ളുന്നു. പോപ്പി (തമിഴ്), ഡമ്മലോ മുതലായവരുടെ ഗ്രന്ഥങ്ങളിൽനിന്നും പല ഭാഗങ്ങളും തിരഞ്ഞെടുത്തു തർജ്ജമ ചെയ്യുന്നതിനു ഡാക്ടർ ജെയിംസ് ദാനിയേൽ വളരെ പ്രയാസപ്പെട്ടിട്ടുണ്ട്. ഈ പ്രസിദ്ധീകരണത്തിൻെറ അച്ചടിസംബന്ധമായ ചെലവുകൾ അനുവദിച്ചുതരുന്ന വിഷയത്തിൽ നാഷണൽ ക്രിസ്ത്യൻ കൌൺസിലിൻെറ ഒരു പ്രധാന ഭാരവാഹിയും ക്രൈസ്തവസാഹിത്യമർമ്മജ്ഞനുമായ ശ്രീമാൻ പി. ഒ. ഫിലിപ്പ് ബി. ഏ-യുടെ പലവിധത്തിലുള്ള സഹായങ്ങൾക്കു വളരെ നന്ദി പറഞ്ഞുകൊള്ളുന്നു. കയ്യെഴുത്തുപ്രതി മുഴുവനും വായിച്ചുനോക്കി തെററു തിരുത്തിത്തന്നു സഹായിച്ചിട്ടുള്ളവെന. ആർച്ചുഡീക്കൻ ററി. കെ. ബെഞ്ചമിൻ ബി. ഏ., ശ്രീമാൻ കെ. കെ. കുരുവിള എം. എ. ബി. ഡി. (General Editors) എന്നീ മഹാന്മാരോട് എനിക്കുള്ള കടപ്പാട് എത്രയെന്നു പറഞ്ഞറിയിപ്പാൻ നിവൃത്തിയില്ല. ഓരോരോ വിധത്തിൽ ഇതിലേക്കായി സഹായിച്ചുതന്നിട്ടുള്ള മററു മാന്യസുഹൃത്തുക്കളോടും അകൈതവമായ നന്ദി പ്രദർശിപ്പിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥനിർമ്മിതിയിൽ ഇത്ര വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിവരുമെന്ന് വല്ലബോധവുമുണ്ടായിരുന്നെങ്കിൽ ആരംഭത്തിൽതന്നെ ഞാൻ ഇതിൽനിന്നും വിരമിക്കുമായിരുന്നു. എങ്കിലും ദൈവത്തിൻെറ കൃപാകടാക്ഷത്താൽ മാത്രം ഇത്രത്തോളമെങ്കിലും ഈ ജോലി പൂർത്തിയാക്കുന്നതിനു സാധിച്ചിരിക്കുന്നു. ഇതിലുള്ള കുറവുകളെല്ലാം നിർമ്മത്സരബുദ്ധികൾ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. പല

മഹാന്മാരുടെ പ്രസന്നമായ തൂലികയിൽനിന്നു് ഈ ഗ്രന്ഥത്തിന്റെ കാലോചിതമായ ഒരു വ്യാഖ്യാനം ലഭിച്ചാൽ കൊള്ളാമെന്നുള്ള ആഗ്രഹം ആസന്നഭാവിയിൽ സാധിച്ചുകാണ്മാൻ പ്രാർത്ഥിക്കുന്നു. വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും വർദ്ധമാനമായ ഒരു രംഗമായി സുവിശേഷത്തെ ഗണിച്ചുകൊണ്ടും ജീവിതത്തിൽ പ്രയോജനകരമായിത്തീരാവുന്ന പാഠങ്ങളെ മുൻനിർത്തിക്കൊണ്ടുമാണു് ഈ അദ്ധ്യയനങ്ങൾ തയാറാക്കീട്ടുള്ളതു്. ഏകദേശം ൨൦ ഖണ്ഡികകളായി സുവിശേഷത്തെ വിഭാഗിച്ചു പഠിക്കത്തക്കവണ്ണം ക്രമപ്പെടുത്തിയുമിരിക്കുന്നു. നിസ്സാരവും ബലഹീനവുമായ സംഗതികളെപ്പോലും തൃക്കൈകളിൽ എടുത്തു വാഴ്ത്തി അനുഗ്രഹിപ്പാൻ കഴിവുള്ള സർവ്വവല്ലഭൻ ഈ പ്രയത്നത്തെയും അനുഗ്രഹിക്കുമാറാകട്ടെ:

W. Matthew,

BARTON HILL
Trivandrum,
31-1-1933.

"The Gosepel of John is the most original, the most important, the most influential book in all literature .... It is simple as a child and sublime as a seraph, gentle as a lamb and bold as an eagle, deep as the sea, and high as the heavens:- Schaff.

——(o)——

CONTENTS.

അനുക്രമണിക.

വിഷയപ്രവത്തനം—ഒന്നാംഭാഗം.

			പുറം.
അദ്ധ്യായം	൧.	വി. യോഹന്നാന്റെ ജീവചരിത്രം	൧
,,	൨.	എഫെസോസ്—സുവിശേഷം എഴുതിയ സ്ഥലം	൧൫
,,	൩.	ദുരുപദേശങ്ങളും സുവിശേഷ പ്രമേയാവസരവും	൨൬
,,	൪.	സുവിശേഷത്തിൻെറ സ്വഭാവം, പൊരുളടക്കം, രചനാരീതി	൨൯
,,	൫.	ഈ സുവിശേഷത്തിൽ നമ്മുടെ കത്താവിനെ സംബന്ധിച്ചുള്ള വിവരണം	൩൯
,,	൬.	സുവിശേഷത്തിൻെറ ഗ്രന്ഥകർത്തൃത്വവും വിശ്വാസ്യതയും	൫൧
,,	൭.	സുവിശേഷത്തിൻെറ വിഭാഗങ്ങൾ	൬൧

——(o)——

രണ്ടാംഭാഗം.

വ്യാഖ്യാനം.

അദ്ധ്യായം.	൧	... ... ൧
,,	൨	... ... ൩൭
,,	൩	... ... ൪൯
,,	൪	... ... ൬൩
,,	൫	... ... ൮൦
,,	൬	... ... ൯൫
,,	൭	... ... ൧൧൩
,,	൮	... ... ൧൨൩
,,	൯	... ... ൧൩൭
,,	൧൦	... ... ൧൪൫
,,	൧൧	... ... ൧൫൩
,,	൧൨	... ... ൧൬൭
,,	൧൩	... ... ൧൭൬
,,	൧൪	... ... ൧൮൩
,,	൧൫	... ... ൧൮൯
,,	൧൬	... ... ൧൯൪
,,	൧൭	... ... ൧൯൯
,,	൧൮	... ... ൨൦൫
,,	൧൯	... ... ൨൧൫
,,	൨൦	... ... ൨൨൫
,,	൨൧	... ... ൨൩൩

——(൦)——

PART I

Chapter I

Life of St John

ഒന്നാം ഭാഗം

ഒന്നാം അദ്ധ്യായം

വി: യോഹന്നാന്റെ ജീവചരിത്രം.

"വാത്സല്യശിഷ്യൻ" എന്ന വിശേഷ അഭിധാനത്താൽ ക്രൈസ്തവലോകത്തിൽ സുപ്രസിദ്ധനായിത്തീർന്നിരിക്കുന്ന യോഹന്നാൻ അപ്പോസ്തലൻ ഗലീലയിലെ ഒരു മീൻപിടിത്തക്കാരനായിരുന്ന സെബദിയുടെ കനിഷ്ഠപുത്രനായിരുന്നു (മർക്കോസ് 1: 20). അവന്റെ അമ്മയുടെ പേരു് ശലോമ എന്നായിരുന്നു (മത്താ 27: 56-നോടു മർക്കോ. 15: 40; 16: 1. ഒത്തുനോക്കുക). യാക്കോബ് അപ്പോസ്തലൻ അവന്റെ ജ്യേഷ്ഠസഹോദരനായിരുന്നു. ഇവരുടെ ജന്മദേശം ബേത്ത് സയിദ ആയിരുന്നുവെന്നു് അനുമാനിച്ചുവരുന്നു (യോഹ 1: 44)

കർത്താവ് ഇവരെ വിളിച്ച സമയം അപ്പനായ സെബദിയെ കൂലിക്കാരോടു കൂടി പടകിൽ വിട്ടുംവെച്ചു ഇവർ കർത്താവിനെ പിന്തുടർന്നു (മർക്കോ 1: 20). യോഹന്നാൻ മഹാപുരോഹിതനു് പരിചിതനായിരുന്നു (യോഹ 18: 15). ഇവരുടെമാതാവ് ഇവരുടെ "വീട്ടുവക"യിൽനിന്നു ചെലവുചെയ്തു യേശുവിനെ ശുശ്രൂഷിച്ചുകൊണ്ടു പിന്തുടർന്നു.(മർക്കോ 15: 40; മത്തായി 27. 55). ഇവയിൽനിന്നു് ഇവരുടെ കുടുംബം, ധനസ്ഥിതി സംബന്ധിച്ചു് ഒരു സുഖനിലയിൽ ആയിരുന്നുവെന്നു് അനുമാനിക്കാവുന്നതാണു്. സെബദിയെ സംബന്ധിച്ചു് സുവിശേഷത്തിന്റെ ആരംഭത്തിൽമാത്രമേ കാണു

ന്നുള്ളു. അതുകൊണ്ട് സെബദി കർത്താവിന്റെ പരസ്യശുശ്രൂഷയുടെ മിക്കവാറും മദ്ധ്യഭാഗത്തിനു മുൻപ് മരിച്ചുപോയതായി ചിലർ വിചാരിക്കുന്നു. എങ്കിലും ആധുനികവ്യാഖ്യാതാക്കളിൽ ചിലർ അവൻ ജീവിച്ചിരുന്നു അവരുടെ കുടുംബംവക തൊഴിൽ പുത്രന്മാർ നടത്തിക്കൊണ്ടിരുന്നുവെന്നും വിചാരിക്കുന്നുണ്ട്.

എന്നാൽ ശലോമയെ സംബന്ധിച്ച് സുവിശേഷങ്ങളിൽ പല സ്ഥലങ്ങളിലും പറഞ്ഞിരിക്കുന്നതായി നാം കാണുന്നു. അവൾ പുത്രന്മാരെ ഇരുവരെയും കർത്താവിന്റെ ശുശ്രൂഷയ്ക്കായി വിട്ടുകൊടുത്തതു കൂടാതെ അവളുടെ സ്വന്തം വസ്തുവകയിൽനിന്നും ചെലവുചെയ്ത് കർത്താവിനെ ശുശ്രൂഷിച്ചുകൊണ്ടു നടക്കയും ചെയ്തിരുന്നു (ലൂക്കോ. 8. 3). കർത്താവിന്റെ ക്രൂശാരോഹണസമയത്തുപോലും അവന്റെ ക്രൂശിന്റെ സമീപം അവൾ നില്ക്കുന്നതായി കാണുന്നു.

ആധുനിക വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ ശലോമ കർത്താവിന്റെ അമ്മയുടെ ഒരു സഹോദരിയാണെന്നു പറഞ്ഞിരിക്കുന്നതിനോടാണ് കൂടുതൽ അനുകമ്പയെന്നു കാണുന്നു. ഈ ബന്ധംകൊണ്ടു കൂടെയാണ് കർത്താവ് അവസാനസമയത്തു അമ്മയെ യോഹന്നാനെ ഏല്പിച്ചത് എന്നും അവർ അനുമാനിക്കുന്നു.

സെബെദി മക്കളിൽ യോഹന്നാൻ അനുജൻ ആയിരുന്നുവെന്നുള്ളതിന് ഒരു ന്യായം മാത്രമേ കാണുന്നുള്ളു. അതു സെബദിമക്കളുടെ പേരുകൾ പറഞ്ഞിരിക്കുന്ന സ്ഥലത്തെല്ലാം (ചുരുക്കം വ്യത്യാസങ്ങൾ ഒഴിച്ച് ലൂക്കോ 9:28) യോഹന്നാന്റെ പേരാണ് രണ്ടാമത് പറഞ്ഞിരിക്കുന്നവെന്നുള്ളതു മാത്രമാണ് (മത്താ 4;21, 10:3, 17:1). യോഹന്നാൻ ക്രി. പി. 100 വരെ ജീവിച്ചിരുന്നതുകൊണ്ടു അപ്പോസ്തലിക കൂട്ടത്തിൽ അവൻ പ്രായം കുറഞ്ഞവനായിരുന്നിരിക്കണമെന്നു വിചാരിക്കാവുന്നതാണല്ലോ.

കർത്താവിന്റെ ശിഷ്യന്മാരിൽ യഹൂദാ ഇസ്കറിയോത്ത് ഒഴിച്ച് ശിഷ്ടമുള്ളവരെല്ലാം ഗലീലക്കാരായിരുന്നു. അതുകൊണ്ടു യോഹന്നാന് ഭൂരിപക്ഷം യഹൂദബാലന്മാർക്ക് ലഭിച്ചുവന്ന സാധാരണ വിദ്യാഭ്യാസം അല്ലാതെ വിശേഷവിധിയായി യാതൊന്നും ലഭിച്ചിരുന്നില്ല. (യോഹ. 7: 49 അ. പ്ര. 4: 13) എങ്കിലും കർത്താവിനെപ്പോലെ പന്ത്രണ്ടാം വയസ്സു മുതൽ ദേവാലയത്തിൽ പോയി വരിക സാധാരണയായിരുന്നു. അവിടെയുള്ള ആകർഷണീയവും മനോഹരവുമായ ആരാധനാരീതിയും പുരോഹിതവസ്ത്രങ്ങളും ബലിപീഠങ്ങളും ധൂപപീഠങ്ങളും കണ്ടും ശ്രവണമധുരമായ ഗാനങ്ങളും വീണമുതലായ

വാദ്യങ്ങളുടെ ശബ്ദവും കേട്ടു മനസ്സിൽ അവ ശക്തിയോടെ പതിഞ്ഞിരിക്കണം. ഇവ വെളിപ്പാടു പുസ്തകത്തിൽ അവൻ കണ്ട ദർശനങ്ങളെ വിവരിക്കുന്നതിനു് യോഹന്നാനു് സഹായിച്ചിരിക്കണം. ഈ കുടുംബവും ശിമോൻ അന്ത്രയാസിന്റെ കുടുംബവും പരസ്പരം മൈത്രിയിൽ ആണു് ഇരുന്നിരുന്നതു്.

കർത്താവു് യാക്കോബു്, യോഹന്നാൻ ഇവരെ വിളിച്ച നിമിഷത്തിൽ തന്നെ, സെബെദി യാതൊരു തടസ്സവും പുറപ്പെടുവിക്കാതെ അവരെ വിട്ടയച്ചതും ശലോമ സ്വഗൃഹം വിട്ടു് സ്വന്ത ധനംകൊണ്ടു തന്നെ യേശുവിനെ ശുശ്രൂഷിച്ചു് സഞ്ചരിച്ചതും അവൾ പുത്രന്മാർക്കായി ചെയ്ത അപേക്ഷയും പര്യാലോചിക്കുമ്പോൾ അവരുടെ കുടുംബത്തിനു് മൊത്തമായി അവരുടെ ജാതിക്കുണ്ടായിരുന്ന പ്രത്യാശയിലുള്ള ദൃഢവിശ്വാസം ഉണ്ടായിരുന്നുവെന്നും അതു് ശക്തിമത്തായി ഈ യുവഹൃദയങ്ങളിൽ വളർന്നുവന്നുവെന്നും അനുമാനിക്കാം. അവരുടെ ജാതി അനുഭവിച്ചു വന്നിരുന്ന അസമതകളും അസഹനീയമായ ഭാരങ്ങളും അസ്വാതന്ത്ര്യങ്ങളും മററുള്ള യഹൂദരെയെന്നപോലെ ഈ ബാലഹൃദയങ്ങളെയും തട്ടിയിരിക്കണം. അതുകൊണ്ടു് ഗമാലായിലെ യൂദാ ഈ ഭയങ്കര നുകത്തിൽനിന്നു് ജനത്തിനു് സ്വാതന്ത്ര്യം വരുത്തുവാൻ വിപ്ലവപതാക ഉയർത്തിയപ്പോൾ അതിൽ ഇവർ ചേരാതെയിരുന്നുവെങ്കിൽ കേവലം പ്രായക്കുറവു് ഒന്നുമാത്രം കൊണ്ടായിരിക്കണമെന്നു് നമുക്കു് വിചാരിക്കാം.

ഈ യുവമനസ്സുകളിൽ ആഴമായി വേരൂന്നി ഉറച്ചിരുന്ന ജാത്യഭിമാനം, ജാതിയുടെ പ്രത്യാശ എന്നീ തരുക്കൾ ഒരു നൂതന പ്രവാചകൻ ആ മണലാരണ്യത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നുവെന്നുള്ള ശ്രവണമാത്രയിൽ തന്നെ ശക്തിയായി ശാഖോപശാഖകളോടുകൂടി തഴച്ചു തുടങ്ങി. ഈ യുവാക്കന്മാർ നാലും അവരുടെ സഖാക്കളും അവരുടെ സ്വദേശമായ ബേത്ത്സയിദവിട്ടു് യോർദ്ദാൻ തീരപ്രദേശങ്ങളിലേക്കു് യാത്രചെയ്ത അവസരത്തിൽ അവരുടെ മനസ്സിലുണ്ടായ വികാരങ്ങളെ വർണ്ണിക്കുന്നതിൽ ഭേദം വായനക്കാർ ഊഹിച്ചുകൊള്ളുകയാണു് നല്ലതു്. അവർ മാർഗ്ഗമദ്ധ്യേ വിശ്രമിക്കുന്ന സ്ഥലത്തെല്ലാം അവരുടെ സംസാര വിഷയം പ്രവാചകനെ സംബന്ധിച്ചായിരുന്നു. അവസാനത്തിൽ യാത്രചെയ്തുകൊണ്ടിരുന്ന ജനതതിയുടെ മദ്ധ്യത്തിൽകൂടെ ബദ്ധപ്പെട്ടു് ആ സ്ഥലത്തു് എത്തിയപ്പോൾ ആ പ്രവാചകൻ അവരുടെ നയനങ്ങൾക്കു് വിഷയീഭവിച്ചു. നസറായ സമ്പ്രദായം അനുസരിച്ചു് തലമുടിയും മുഖരോമവും വളർത്തിയിട്ടിരിക്കുന്നു. കോമളവദനനായ അവന്റെ നയനങ്ങളിൽ രൂക്ഷത നന്നായിട്ടു വെളിപ്പെടുന്നു. മാർദ്ദവവസ്ത്രങ്ങളോ മോടിയുള്ള

ഉടുപ്പുകളോ യാതൊന്നുമില്ലാതെ കേവലം ഒരു മൊരട്ടുവസ്ത്രം മാത്രം ധരിച്ചിരിക്കുന്നു. ആ വസ്ത്രം ഒരു തോൽ വാറുകൊണ്ടു മാത്രം ബന്ധിച്ചുമിരുന്നു. ഭൌതികമല്ലാത്ത ഒരു തേജസ്സ് മുഖത്തു വിലസുന്നുണ്ടെങ്കിലും യാതൊരു മനുഷ്യരെയും കുറിച്ചുള്ള യാതൊരുവിധ ഭയമോ ആദരവോ ആ മുഖത്തു കാണ്മാനില്ല. ഈ ദർശനം തന്നെ അവരെ ശക്തിമത്തായി ഇളക്കിത്തുടങ്ങി. അതോടുകൂടി അവന്റെ അധരത്തിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന ശബ്ദധോരണികൾ അവരുടെ ഹൃദയങ്ങളെ തകൎത്തു തുടങ്ങി. അവർ മനുഷ്യരുടെ മുൻപിലല്ല, സ്വൎഗ്ഗസിംഹാസനത്തിന്റെ മുമ്പിൽ ആണ് നില്ക്കുന്നതു് എന്നു തോന്നിപ്പോയി. കോടാലി വൃക്ഷങ്ങളുടെ ചുവട്ടിൽ വെച്ചിരിക്കുന്നു. അവന്റെ വീശുമുറം അവന്റെ കയ്യിൽ ഉണ്ടു്. അവൻ കളത്തെ മുറ്റുംവെടിപ്പാക്കുന്നു; അബ്രഹാം നിങ്ങൾക്കു പിതാവായിട്ടുണ്ടെന്നു പറവാൻ തുനിയരുതു്. ആത്മാംശപ്രതിയുള്ള അവരവരുടെ നീതിയല്ലാതെ സ്വൎഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനത്തിനു് യാതൊരു മനുഷ്യനും മറ്റുയാതൊരു വഴിയുമില്ല. അതുകൊണ്ടു് നിങ്ങളുടെ വഴികളെ നന്നാക്കുവിൻ. മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിക്കുവിൻ. സ്വൎഗ്ഗരാജ്യം സമീപമായിരിക്കുന്നു; ഇത്യാദി ശബ്ദങ്ങൾ ഹൃദയവാതിലുകളെ തകൎത്തുതുടങ്ങി. താനേ അടക്കുന്നതിനു കഴിവില്ലാതെ മനുഷ്യർ ഹൃദയതകൎച്ചയോടെ പാപബോധമുണ്ടായി ദൈവമുമ്പാകെ പാപങ്ങളെ ഏറ്റുപറഞ്ഞു സ്നാനത്തിനായി നദിയിൽ ഇറങ്ങിനില്ക്കുന്നതു കാണുന്ന ഏതൊരു മനുഷ്യനാണു് സംഭ്രാന്തചിത്തനാകാതെ ഇരിക്കുന്നതു്!

ഈ കൂട്ടത്തിൽ യോഹന്നാനും സഖാക്കളും സ്നാനമേറ്റു യോഹന്നാൻ സ്നാപകന്റെ ശിഷ്യവൎഗ്ഗത്തിലായി. ഈ സംഭവത്തിന്റെ ശേഷം ഏതാനും മാസങ്ങൾ കഴിയുന്നതിനു മുൻപു് ഒരുദിവസം യോഹന്നാനും അന്ത്രയോസും അവരുടെ ഗുരു സമീപെ നില്ക്കുമ്പോൾ മുൻപുതന്നെ അവരുടെ ഗുരു ആരെക്കുറിച്ചു സാക്ഷിച്ചുവോ, ആ ആൾ സമീപെ കൂടി കടന്നുപോകുന്നതുകണ്ടു് "ഇതാ ദൈവത്തിന്റെ കുഞ്ഞാടു്" എന്നു് യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അവരോടു പറഞ്ഞു.

ഉടനെ അവർ യേശുവിനെ അനുഗമിച്ചു. ആ ദിവസം അവർ തമ്മിലുണ്ടായ സ്നേഹബന്ധം മരണപൎയ്യന്തം നിലനില്ക്കുന്നതായിതീൎന്നു (യോഹ: 1. 35-42). അവരിൽ ഒരുവനായ അന്ത്രയോസ് സഹോദരനായ പത്രോസിനെ അന്വേഷിച്ചു കണ്ടു് "ഞങ്ങൾ മശിഹായെ കണ്ടു" എന്നു് അവനോടു് പറഞ്ഞു് അവനെ യേശുവിന്റെ അടുക്കൽ കൂട്ടിക്കൊണ്ടുവന്നു. മററയാ

ളിന്റെ പേരു് പറഞ്ഞിട്ടില്ലെങ്കിലും അതു് ഈ സുവിശേഷം എഴുതിയ നമ്മുടെ കഥാനായകൻ തന്നെയാണ് എന്നുള്ളതു് വ്യക്തമാണ്. അവൻ അവന്റെ സഹോദരൻ യാക്കോബിനെ കർത്താവിന്റെ സമീപേ കൊണ്ടുവന്നിരിക്കണം.

അനന്തരം യേശു യഹൂദിയാ വിട്ടു ഗലീലയിൽ പോയപ്പോൾ ഇവരും കൂടെ ഉണ്ടായിരുന്നു. കാനായിലെ കല്യാണത്തിനു് യേശു പോയ അവസരത്തിൽ അവരും അവനോടുകൂടെ പോയി. പിന്നെ കർത്താവു് ഗലീലിയാ വിട്ടു യഹൂദിയായിലേക്കു പോയപ്പോൾ അവർ അവനെ അനുഗമിച്ചു. ദേവാലയശുദ്ധീകരണസമയത്തും നിക്കോദിമോസുമായി സംഭാഷണം നടന്നപ്പോഴും അവരും കൂടെ ഉണ്ടായിരുന്നു. അനന്തരം യഹൂദിയാ വിട്ടു ശമറിയായിൽകൂടെ ഗലീലയിലേക്കു് യാത്രചെയ്യുന്ന അവസരത്തിലും അവർ അവനെ അനുഗമിച്ചു. എന്നാൽ തിരികെ ഗലീലയിൽ എത്തിയയുടൻ അവർ അവരുടെ പഴയ ജോലിക്കു പോയിരിക്കണം. കർത്താവു് ഗലീലയിലെ ശുശ്രൂഷയിൽ രണ്ടു പ്രാവശ്യമെങ്കിലും ഇതിന്റെ ശേഷം അവരെ പ്രത്യക്ഷമായി വിളിക്കുന്നതായി കാണുന്നു (മർക്കോ 1. 20: ലൂക്കോ 5. 1—16). അവസാനമായി അപ്പോസ്തോലികസ്ഥാനത്തേക്കു് അവരെ വേർതിരിച്ച കാലംമുതൽ (മർക്കോ 3: 13-19) അവർ കർത്താവിനെ ക്രൂശാരോഹണംവരെ വിട്ടുപോയതായി കാണുന്നില്ല.

അപ്പോസ്തലരായി ഇവരെ തിരഞ്ഞെടുത്ത അവസരത്തിൽ കർത്താവു യാക്കോബിനേയും യോഹന്നാനെയും ഇടിമക്കൾ എന്നർത്ഥമുള്ള ബോവനേർഗ്ഗസ്സ് എന്നു നാമകരണം ചെയ്തിരിക്കുന്നതായി കാണുന്നു. ഇതു് അവരുടെ പ്രകൃതിയെ സൂചിപ്പിക്കുന്നതാണെന്നുള്ളതിനു് സംശയമില്ലല്ലോ. ഇവരുടെ പ്രകൃതി തിരുവെഴുത്തുകൾ പരിശോധിക്കുമ്പോൾ പ്രത്യേകം രണ്ടു് അവസരങ്ങളിലെങ്കിലും ശരിയായി വെളിപ്പെട്ടു കാണുന്നുണ്ടു്. (ലൂക്കോ. 9. 49—56. നോക്കുക.)

യോഹന്നാൻ അവനോടു പറഞ്ഞു;—"നാഥാ ഒരുത്തൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു് ഞങ്ങൾ കണ്ടു. ഞങ്ങളോടുകൂടി നിന്നെ അനുഗമിക്കായ്കയാൽ ഞങ്ങൾ അവനെ വിലക്കി." ഈ ഞങ്ങൾ എന്നു പറയുന്നതു് യാക്കോബും യോഹന്നാനും ആയിരിക്കണം.

ശമര്യർ അവരെ കൈക്കൊള്ളാതെ വന്നപ്പോൾ അതു് യാക്കോബും യോഹന്നാനും കണ്ടിട്ടു്; "കർത്താവു് (ഏലിയാവു ചെയ്തതുപോലെ) ആകാശത്തുനി

ന്നതീയിറങ്ങി അവരെ നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോ" എന്നു ചോദിച്ചു. ഇവിടെയും ഞങ്ങൾ എന്നു പറയുന്നതു് യാക്കോബിനേയും യോഹന്നാനെയും സൂചിപ്പിക്കയാണെന്നുള്ളതിനു സന്ദേഹമില്ല.

ഈ അപ്പോസ്തോലിക ഗണത്തിൽ ഒരു അന്തരതമവൃത്തം ഉണ്ടായിരുന്നുവെന്നു വിചാരിക്കുന്നതിനു ചില ന്യായങ്ങൾ കാണുന്നുണ്ടു്. ഈ വൃത്തത്തിൽ പത്രോസ് യോഹന്നാൻ യാക്കോബ് ഈ മൂവർ ഉൾപ്പെട്ടിരുന്നുവെന്നു സ്പഷ്ടമാണ്. കർത്താവിനോടു ഏററവും ചേർന്നുനിന്നവരും കർത്താവിനെ ഏററവും സ്നേഹിച്ചു വന്നവരുമായ ഈ കൂട്ടംമാത്രമേ യായിറോസിന്റെ പുത്രിയുടെ ഉയർപ്പിന്നും, മറുരൂപത്തിന്നും, ഗേത്ത്ശേമന തോട്ടത്തിൽ നടന്ന സംഭവത്തിനും, ദൃക്‌സാക്ഷികളായിരുന്നിട്ടുള്ളു. ഈ കൂട്ടം തന്നേ. (അന്ത്രെയാസും ഉൾപ്പടെ) ഒലിവുമലയിൽ വെച്ചു് കർത്താവു് അവസാനനാളുകളെ കുറിച്ചു പ്രവചിച്ചിട്ടുള്ള പ്രവചനം കേട്ടിട്ടുള്ളുവെന്നു തോന്നുന്നു. (മർക്കോ 13:3)

യാക്കോബും യോഹന്നാനും അവരുടെ അമ്മയോടുകൂടി കർത്താവിന്റെ അടുക്കൽവന്നു കർത്താവിന്റെ രാജ്യത്തിൽ അവരിൽ ഒരാൾ വലത്തും ഒരാൾ ഇടത്തും ഇരിക്കുന്നതിന് വരം നല്കണമെന്ന് അപേക്ഷിക്കുന്നതായിക്കാണുന്നു (മത്താ 20: 20—24. മർക്കോ 10. 35—41). എന്നാൽ ഇതു് വരം അഥവാ ദാനംമൂലം ലഭിക്കേണ്ടതല്ല ലഭിക്കാവുന്നതുമല്ല എന്നും ശുശ്രൂഷയുടെ ഫലമായിട്ടും അതിനുവേണ്ടി സഹിക്കുന്ന കഷ്ടനഷ്ടങ്ങൾക്കനുസരിച്ചും ലഭിക്കേണ്ടതാണെന്നും കർത്താവു് അവരെ പഠിപ്പിച്ചു.

അനന്തരം പെസഹാവിരുന്നിന്റെ അവസരത്തിലാണ് നാം യോഹന്നാനെ വീണ്ടും പ്രത്യേകം കാണുന്നതു്. കർത്താവു് പത്രോസിനെയും യോഹന്നാനെയും പെസഹാവിരുന്ന് ഒരുക്കുന്നതിന് അയക്കുന്നു. (ലൂക്കോ 22: 8). പെസഹാവിരുന്നിൽ യോഹന്നാൻ കർത്താവിന്റെ മാവിൽ ചാരി ഇരിയ്ക്കുന്നതും, കർത്താവു് നിങ്ങളിൽ ഒരുവൻ എന്നെ ഒററിക്കൊടുക്കുമെന്നു പറഞ്ഞപ്പോൾ പത്രോസിന്റെ ആംഗ്യമനുസരിച്ചു് അതാരെന്നറിവാൻ കർത്താവിനോടു യോഹന്നാൻ ചോദിക്കുന്നതായും നാം കാണുന്നു. അനന്തരം ഗേതശേമനതോട്ടത്തിൽ വെച്ചു് പത്രോസിനോടും യാക്കോബിനോടും കൂടെ കർത്താവിന്റെ കഠിനമായ വ്യഥയ്ക്കു് യോഹന്നാൻ ദൃക്‌സാക്ഷിയായിരുന്നു. കർത്താവിനെ ബന്ധിച്ചു മഹാപുരോഹിതന്റെ അരമനയിൽ കൊണ്ടുപോയ സമയം അവനും കർത്താവിനെ അനുഗമിച്ചു. മരണസമയംവരെയും ക്രൂശിന്റെ സമീപേ നിന്നിരുന്ന ഏകഅപ്പോസ്തലൻ യോഹന്നാൻ ആയിരുന്നു. യേശു

ഈ വാത്സല്യശിഷ്യനെയും ഹൃദയംതകൎന്നു നിലവിളിക്കുന്ന അനാഥയായ അമ്മയെയും കണ്ടു് വാത്സല്യമാതാവിനെ ആ പ്രിയശിഷ്യനെ അവസാനസമയം ഏല്പിക്കുന്നു. കൎത്താവു് അവനെ ഏല്പിച്ച ഈ വിശേഷനിധി അവൻ മരണപൎയ്യന്തം യഥായോഗ്യം ഭദ്രമായി സൂക്ഷിച്ചുവെന്നുള്ള നല്ല പേരു് അവനു ലഭിച്ചു.

മരണസമയം കൎത്താവിൻെറ ഹൃദയം കുത്തിത്തുറന്നപ്പോഴും അതിനു് അവൻ ദൃക്സാക്ഷിയായി സമീപേ നിന്നിരുന്നു.

കൎത്താവിൻെറ ഉയിൎപ്പിനെക്കുറിച്ചു് ആ സ്ത്രീകൾ വന്നറിയിച്ചസമയം കല്ലറയുടെ അടുക്കലേയ്ക്കു് ഓടിയ പത്രോസിനോടുകൂടെ യോഹന്നാനും ഉണ്ടായിരുന്നു. (ഇവിടെയും നമുക്കു പത്രോസിൻെറയും യോഹന്നാൻെറയും പ്രകൃതിവ്യത്യാസങ്ങൾ പൎയ്യാലോചിച്ചാൽ തെളിവായി കാണാം). (യോഹ: 20 1—10).

കൎത്താവു് അവൎക്കു പ്രത്യക്ഷമായശേഷം ഗലീലയിൽ അവൻ മടങ്ങിച്ചെന്നപ്പോൾ മീൻപിടുത്തത്തിനുപോയ ശിഷ്യരുടെ കൂട്ടത്തിലും യോഹന്നാൻ ഉണ്ടായിരുന്നു. യേശുവിനെ ആ കൂട്ടത്തിൽ ഒന്നാമതായി തിരിച്ചറിയുന്നതു യോഹന്നാൻ ആയിരുന്നു. എങ്കിലും ഒന്നാമതു കൎത്താവിൻെറ സമീപെ എത്തുന്നതിനു വെള്ളത്തിൽ ചാടുന്നതു് പത്രോസായിരുന്നുവെന്നുള്ളതു് പ്രത്യേകം സ്മരണീയമാണു്. സ്വൎഗ്ഗാരോഹണത്തിൻെറ ശേഷം നാം പ്രവൃത്തികളുടെ പുസ്തകത്തിൽ യോഹന്നാനെക്കുറിച്ചു അധികമൊന്നും വായിക്കുന്നില്ല. എങ്കിലും കൎത്താവിൻെറ സ്വൎഗ്ഗാരോഹണശേഷം സഭയുടെ ആദിമപ്രാൎത്ഥനയോഗത്തിലും പെന്തിക്കോസ്തുദിവസത്തിലും യോഹന്നാനും ഉണ്ടായിരുന്നുവെന്നുള്ളതിനു് രണ്ടുപക്ഷമില്ല.

അനന്തരം ദേവാലയത്തിൽ പ്രാൎത്ഥനയ്ക്കു പോകുന്ന അവസരത്തിൽ നാം പത്രോസിനോടുകൂടെ യോഹന്നാനെയും കാണുന്നു. ആ മുടന്തനെ സ്വസ്ഥമാക്കിയ അവസരത്തിലും പിന്നീടു തടവിലും, അനന്തരം ആ ആലോചനസഭയുടെ മുമ്പാകെയുള്ള വിസ്താരത്തിലും യോഹന്നാൻകൂടെ ഉണ്ടായിരുന്നു. (അ. പ്ര. 3-ം, 4-ം അദ്ധ്യായങ്ങൾ നോക്കുക)

ഇതിൻെറ ശേഷം മഹാപുരോഹിതവൎഗ്ഗം വീണ്ടും അപ്പോസ്തലരെ കാവലിലാക്കി വിസ്താരസഭയുടെ മുമ്പാകെ വിസ്തരിച്ചു് അടിശിക്ഷയ്ക്കു വിധിച്ചു. അടിശിക്ഷ അനുഭവിക്കുമ്പോൾ ആ കൂട്ടത്തിൽ യോഹന്നാനും ഉണ്ടായിരുന്നു. (അ. പ്ര. 5: 17—42).

ഇതിന്റെശേഷം ശമൎയ്യർ ദൈവവചനം കൈക്കൊണ്ടു എന്നു യഹൂദ്യയിലെ സഭ അറിഞ്ഞപ്പോൾ അവർ പത്രോസിനേയും യോഹന്നാനേയും ശമൎയ്യയിലേക്ക് അയക്കുന്നു. പിന്നെ പ്രവൃത്തികളുടെ പുസ്തകത്തിൽ യോഹന്നാനെക്കുറിച്ചു പ്രത്യക്ഷമായി യാതൊന്നും പറയുന്നില്ല.

പൌലൂസിന്റെ മാനസാന്തരശേഷം മൂന്നാണ്ടു കഴിഞ്ഞു പൌലൂസ് യരുശലേം സന്ദൎശിച്ചപ്പോൾ യോഹന്നാൻ അപ്പസ്തോലൻ യരുശലേമിൽ ഉണ്ടായിരുന്നതായി കാണുന്നില്ല. (ഗലാ 1; 18, 1 9;. പിന്നീടു 12—15,) വൎഷങ്ങളുടെശേഷം വീണ്ടും പൌലൂസ് യരുശലേം സന്ദൎശിച്ച സമയം യോഹന്നാനും ഉണ്ടായിരുന്നതായി വിചാരിക്കുന്നു (അ പ്ര 15: 6) അനന്തരം തിരുവെഴുത്തുകളിൽ നാം അവനെക്കാണുന്നതു പത്മോസ് ദ്വീപിലാണ്. (വെളി 1: 9). അതിൽപിന്നെ പുതിയനിയമതിരുവെഴുത്തുകളിൽ നാം യോഹന്നാനെക്കുറിച്ചു ഒന്നുംതന്നെ വായിക്കുന്നില്ല

പിന്നെ നാം എന്തെങ്കിലും യോഹന്നാനെക്കുറിച്ചു അറിയുന്നതു പിതാക്കന്മാരുടെ എഴുത്തുകളിൽനിന്നും സഭാചരിത്രങ്ങളിൽനിന്നും ഐതിഹ്യങ്ങളിൽനിന്നും മാത്രമാണ്. ഇവയിൽ പലതും വിശ്വാസയോഗ്യമായി തോന്നുന്നില്ല. അവയെക്കുറിച്ചു കൂലംകഷമായി ഒരു വിവരണം ഈ ചെറുപുസ്തകത്തിൽ അസ്ഥാനത്തിലായി വരുമെന്നു ഭയപ്പെടുന്നു. അതുകൊണ്ടു അവയിൽ ചിലതിനെ അടിസ്ഥാനമാക്കി മാത്രം ഒരു സംക്ഷേപചരിത്രം പിന്നാലെ ചേൎക്കുന്നു.

യോഹന്നാൻ കന്യകമറിയയുടെ മരണംവരെയും പലസ്തീൻ ദേശത്തുതന്നെ താമസിച്ചിരുന്നുവെന്നും ആ ഭാഗ്യകന്യകയുടെ മരണാനന്തരം പലസ്തീൻദേശം വിട്ടുവെന്നും ഒരു പക്ഷക്കാർ പറയുന്നു. നേരെമറിച്ചു യോഹന്നാൻ കന്യകമറിയയുടെ മരണത്തിനു മുമ്പുതന്നെ അവളെ കൂട്ടിക്കൊണ്ടു എഫെസോസിലേയ്ക്കു പോയി എന്നും കന്യക മറിയം എഫെസോസിൽ വെച്ചു മരിച്ചു അവിടെ സംസ്കരിക്കപ്പെട്ടു എന്നും മറെറാരുപക്ഷവുമുണ്ടു.

വിശുദ്ധയോഹന്നാൻ യരുശലേം നാശകാലത്തു (ക്രി. പി. 68—70.) വിശുദ്ധകന്യകമറിയയെ കൂട്ടിക്കൊണ്ടു പെല്ലാ (Pella) എന്ന പട്ടണത്തിൽ പോയതായി ഒരു രേഖയിൽ കാണുന്നു.

ഏകദേശം രണ്ടാംശതാബ്ദത്തിന്റെ അന്തിമഘട്ടത്തിൽ (അതായതു ക്രി. പി. 196 നോടു സമീപിച്ചു) എഫെസോസിലെ ബിഷോപ്പായിരുന്ന

(Polycrates) പോളിക്രേററീസ് എന്ന ദിവ്യൻ "കർത്താവിന്റെ മാർവ്വിൽ ചാരിക്കിടന്ന ശിഷ്യൻ എഫെസോസിൽ വിശ്രമിക്കുന്നു" എന്നു പറഞ്ഞിരിക്കുന്നതായി യൂസീബ്യസിന്റെ സഭാചരിത്രത്തിൽ കാണുന്നു.

പൌലൂസിന്റെ അന്തിമ യെരുശലേം സന്ദർശനത്തിൽ യോഹന്നാൻ യെരുശലേമിൽ ഉണ്ടായിരുന്നതായി കാണുന്നില്ല (അ. പ്ര. 21 അ). എന്നാൽ പൌലൂസിന്റെ മരണത്തിനു മുൻപായി യോഹന്നാൻ എഫേസോസ് സന്ദർശിച്ചതായോ, അവിടെ ഉണ്ടായിരുന്നതായോ കാണിക്കുന്നതിനു യാതൊരു ലക്ഷ്യവും ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. പൌലൂസായിരുന്നു ആസ്യയിലെ സഭയുടെ ആദിമസ്ഥാപകൻ എന്നുള്ളതിനു തർക്കമില്ല. ആ സഭകളുമായുള്ള ബന്ധം അപ്പോസ്തലനു മിക്കവാറും മരണപര്യന്തം ഉണ്ടായിരുന്നുവെന്നുള്ളതും സംശയിക്കുന്നതിനു വഴി കാണുന്നില്ല. ഈ സ്ഥിതിക്കു ആസ്യയിലെ സഭകൾക്കും സഭയിലെ ചില ശുശ്രൂഷകന്മാർക്കും എഴുതിയിരിക്കുന്ന പല ലേഖനങ്ങളിൽ ഒന്നിലെങ്കിലും സഭയുടെ തൂണുകൾ എന്നു പൌലൂസ് തന്നെ അഭിമാനിക്കുന്ന പത്രോസ്, യാക്കോബ്, യോഹന്നാൻ ഇവരിൽ ആരെങ്കിലും ആ സ്ഥലങ്ങളിൽ ഉണ്ടായിരുന്നതായി പൌലൂസ് അറിഞ്ഞിരുന്നുവെങ്കിൽ വല്ലതും ഒരു സൂചന ലേഖനങ്ങളിൽ കാണിക്കാതെ വിടുമെന്നു സ്വാഭാവികമായി വിചാരിക്കാവുന്നതല്ലല്ലോ. എന്നുമാത്രവുമല്ല, എഫെസോസിലെ സഭയെ അവസാനഘട്ടത്തിൽ വേർപിരിയുന്ന അവസരത്തിൽ അവന്റെ വേർപാടിന്റെ ശേഷം പല വേദവിപരീതോപദേശങ്ങളും കടന്നു സഭയിൽ കലക്കമുണ്ടാകുമെന്നു ഒരു വലിയ ആശങ്ക അപ്പോസ്തലനുണ്ടായിരുന്നതായി അപ്പോസ്തലന്റെ വചനങ്ങൾതന്നെ കാണിക്കുന്നു. (അ. പ്ര. 20. 17—30.) അതുകൂടാതെ എഫേസൊസ് സഭയിൽ പല സംഗതികളും ക്രമീകരിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും മൂപ്പന്മാരെയും മററും നിയമിച്ചാക്കുന്നതിനുമായി തിമൊഥെയോസിനെ എഫെസൊസിലേക്ക് പ്രത്യേകം അധികാരപ്പെടുത്തി അയക്കുന്നതായി തിമൊഥെയോസിന്റെ ലേഖനത്തിൽ നാം വായിക്കുന്നു (1 തിമൊ 1: 3—5). യോഹന്നാനെപ്പോലെ ഒരു അപ്പോസ്തലൻ ഈ കാലത്തു് എഫെസൊസിൽ ഉണ്ടായിരുന്നെങ്കിൽ ഇവയെല്ലാം അസ്ഥാനത്തിലാണെന്നു തീർച്ചയായി പറയാവുന്നതാണ്. അതുകൊണ്ടു് അപ്പോസ്തലൻ പൌലൂസിന്റെ മരണംവരെ എഫെസൊസിൽ എത്തിയിരുന്നതായി വിചാരിക്കുവാൻ വഴി കാണുന്നില്ല. അങ്ങനെയെങ്കിൽ യോഹന്നാൻ ഈ കാലങ്ങളിൽ എവിടെ, എന്തുചെയ്തു ആയിരുന്നുവെന്നറിയുന്നതിന് ഒരു ജിജ്ഞാസ നമുക്കും ഉണ്ടാകാവുന്നതാണല്ലോ.

വിശുദ്ധ അഗസ്തീൻെറ കാലത്തുപോലും സഭയിൽ പ്രചരിച്ചിരുന്നതും അദ്ദേഹംതന്നെ വിശ്വസിച്ചുവന്നതുമായ ഒരു ഐതിഹ്യം അപ്പോസ്തലൻെറ ഈ കാലത്തെ ജീവിതത്തെക്കുറിച്ച് നമുക്ക് അല്പമായ അറിവു തരുന്നുണ്ട്. യോഹന്നാൻ എഴുതിയ ഒന്നാംലേഖനം ഒരു പൊതുവായ ലേഖനം ആകുന്നുവെന്നാണല്ലോ നമ്മുടെ ധാരണ. എന്നാൽ പാർതിയക്കുള്ള ലേഖനം എന്ന് യോഹന്നാൻ നാമകരണം ചെയ്തിരിക്കുന്നതായി ആ കാലത്തിലെ ചില ചമ്മലിഖിതങ്ങളിൽ ചേർത്തിട്ടുണ്ടായിരുന്നുവെന്നു പറയുന്നു. ഇതു വാസ്തവമാണെങ്കിൽ പാർതിയരുമായി ഒരു സംബന്ധം അപ്പോസ്തലനുണ്ടായിരുന്നതായി അനുമാനിക്കാവുന്നതാണല്ലോ. ഇതു വാസ്തവമെങ്കിൽ യോഹന്നാൻ ആ സ്ഥലത്തുപോയി സുവിശേഷം അറിയിച്ചിരിക്കണമെന്നും വിചാരിക്കാം.

ഇതുകൊണ്ട് അപ്പോസ്തലൻ പല സ്ഥലങ്ങളിലും യാത്രചെയ്തിരുന്നുവെന്നു ന്യായമായി ഊഹിക്കാവുന്നതാണ്. അപ്പോസ്തലൻ എഫെസൊസിൽ എത്തിയതിനെ സംബന്ധിച്ചുള്ള ഐതിഹ്യവും പല യാത്രകളും അദ്ദേഹം ചെയ്തിരുന്നുവെന്നുള്ളതിന് ഒരു കൂടുതൽ തെളിവാണ്.

അപ്പോസ്തലൻ കപ്പലിൽ സഞ്ചരിച്ച് ഒരിക്കൽ എഫെസൊസിൻെറ സമീപം എത്തി അവിടെ വെച്ച് അവർ യാത്രചെയ്തിരുന്ന കപ്പൽ നഷ്ടപ്പെട്ടുവെങ്കിലും അവൻ രക്ഷപ്പെട്ടു എഫെസൊസിൽ എത്തി. ഇത് ഒരു തക്ക അവസരത്തിൽ ആയിരുന്നു. എഫെസൊസിലെ സഭയിൽ പല വേദവിപരീതോപദേശങ്ങളും കടന്ന് സഭ മിക്കവാറും ഛിന്നഭിന്നമാകുന്നതിനും ആരംഭിച്ച സന്ദർഭത്തിലാണ് അവിടെ അപ്പോസ്തലൻ എത്തിയത്. അദ്ദേഹം അവയോടു സധൈര്യം എതിരിട്ടു അവയെ തകർത്ത് സഭയെ യഥാസ്ഥാനപ്പെടുത്തി. ഇതാണ് ആ ഐതിഹ്യം. അപ്പോസ്തലൻ ഇവിടെ താമസിക്കുന്ന കാലത്ത് എഫെസൊസിൽവെച്ച് അനേക ശിഷ്യരെ ചേർത്ത് വേദതത്വങ്ങൾ അവരെ അഭ്യസിപ്പിച്ചുവന്നു. ഈ ശിഷ്യരിൽ അഗ്രഗണ്യർ (Polycarp) പോളികാർപ്പ്, (Papias) പേപ്പിയസ്, ഇഗ്നാത്യോസ് ഇവരായിരുന്നു. ഇവരുടെ നാമമാത്രംകൊണ്ട് ഇവരുടെ പ്രസിദ്ധിയും സഭയ്ക്ക് അവർമൂലം ഉണ്ടായിട്ടുള്ള നന്മയും വായനക്കാർക്ക് ഗ്രഹിക്കാവുന്നതാണല്ലോ.

ചില ഐതിഹ്യങ്ങൾ.

എഫെസൊസിൽ വെച്ച് ഒരുദിവസം അപ്പോസ്തലൻ കുളിക്കുന്നതിനായി ഒരു കുളിസ്ഥലത്തു കടന്നുചെന്നു അവിടെ നോസ്ററിക് മതാവലംബിയായ (Cerinthus) സെരിന്തസിനെ കാണുന്നതിനിടയായി. ഉടനെ

…പ്പോസ്തലൻ "ഓടുവിൻ! ഓടി വെളിക്കുചാടി രക്ഷപ്പെടുവിൻ! അല്ലെങ്കിൽ കെട്ടിടം വീണു നാം എല്ലാം നശിക്കും. ഇതാ സത്യത്തിന്റെ എതിരാളിയായ സെറിന്തസ് അവിടെ അതിൽ ഉണ്ട്" എന്നുപറഞ്ഞ് ഓടി വെളിയിൽ ഇറങ്ങിക്കളഞ്ഞതായി ഒരൈതിഹ്യം ഐറീനിയസ് എന്ന ചരിത്രകാരൻ പറയുന്നുണ്ട്.

ഇതുപോലെ തന്നെ വേറൊരൈതിഹ്യം അലക്സന്ത്രിയായിലെ ക്ലമൻറു മൂലം നമുക്ക് ലഭിച്ചിട്ടുണ്ട്.

യോഹന്നാൻ അപ്പോസ്തലൻ ഒരിക്കൽ എഫെസോസിൽവെച്ച് ഒരു യുവാവിനെ കണ്ടിട്ട് അവനോടു വളരെ സന്തോഷം തോന്നുകയും തന്റെ ഉപദേശത്തിന്റെ ഫലമായി ആ ബാലൻ മാനസാന്തരപ്പെടുകയും ചെയ്തു. ഇവനെ പരിശീലിപ്പിക്കേണ്ടതിനായി അവിടെയുള്ള ഒരു ബിഷോപ്പിനെയാണ് അപ്പോസ്തലൻ ഏല്പിച്ചത്. ഈ ബിഷോപ്പിന്റെ ഉദാസീനതനിമിത്തം ആ ബാലൻ പലവിധ ദോഷങ്ങളിൽ അകപ്പെട്ട് ഒരുക്കൂട്ടം കൊള്ളക്കാരുടെ നായകനായി ഭവിച്ചു. ഈ സമയം അപ്പോസ്തലൻ മടങ്ങി വന്നു ആ യുവാവിനെ കാണാഴികയാൽ ബിഷോപ്പിനോട് "നിങ്ങളെ ഏല്പിച്ച നിധി തിരികെ ഏല്പിക്കണം" എന്നാവശ്യപ്പെട്ടു. "അപ്പോസ്തലൻ പണം ഒന്നുംതന്നെ അദ്ദേഹത്തെ ഏല്പിച്ചിരുന്നില്ലല്ലോ. പിന്നെ ഈ വിധം ചോദിക്കുന്നതെന്താണ് എന്നു വിചാരിച്ച് ബിഷോപ്പ് വിഷമിച്ചുതുടങ്ങി. അനന്തരം അദ്ദേഹത്തെ ഏല്പിച്ചിരുന്ന ആ യുവാവിന്റെ വിലയേറിയ ആത്മാവിനെയാണ് ആവശ്യപ്പെടുന്നത് എന്ന് ആ ബിഷോപ്പിനു മനസ്സിലായപ്പോൾ ആ യൌവനക്കാരൻ പിൻമാററത്തിലായി കൊള്ളക്കാരുടെ നായകനായിത്തീർന്നിരിക്കുന്നുവെന്ന് അപ്പോസ്തലനെ അറിയിച്ചു. ഉടനെ ഒരു കുതിരയെ വരുത്തി അതിന്റെ പുറത്തുകയറി അപ്പോസ്തലൻ തന്നെ അവനെ അന്വേഷിച്ചു പുറപ്പെട്ടു. അവൻ തന്നത്താൻ കൊള്ളക്കാരുടെ കൈകളിൽ ഏല്പിച്ചു കൊടുത്തു. കൊള്ളക്കാർ അദ്ദേഹത്തെ ബന്ധിച്ച് അവരുടെ നായകന്റെ സന്നിധിയിൽ ഹാജരാക്കി. ആ യൌവനക്കാരനായ നായകൻ അപ്പോസ്തലനെ കണ്ട മാത്രയിൽ ഓടിക്കളയുന്നതിനു ശ്രമിച്ചു. എങ്കിലും അപ്പോസ്തലൻ അവനെ വിടാതെ അശ്രുധാരകളോടും ഹൃദയതകർച്ചയോടും അവനോടു വാദിച്ചു. ഒടുവിൽ അവനെ നല്ല വഴിയിലേക്കു തിരിച്ചു കൊണ്ടുവരികയും ചെയ്തു.

ഡൊമീഷ്യൻ ചക്രവർത്തിയുടെ രാജ്യഭരണത്തിന്റെ 15-ാംവർഷത്തിൽ ഭയങ്കരമായ ഒരു പീഡ ക്രിസ്ത്യാനികൾക്കുണ്ടായി ആ കാലത്തു അപ്പോ

സ്തലനെ ബന്ധനസ്ഥനാക്കി റോമായിലേക്കു കൊണ്ടുപോയി. അവിടെവെച്ച് അവനെ വധിക്കുന്നതിന് തിളക്കുന്ന എണ്ണയിൽ ഇട്ടു. എന്നാൽ അതുമൂലം അവനു യാതൊരു ദോഷവും പററിയില്ല. അതിൻെറ ശേഷം അദ്ദേഹത്തെ ലോഹഖനികളിൽ വേലചെയ്യുന്നതിനു പത്മോസ ദ്വീപിലേക്കു നാടുകടത്തി. അവിടെവെച്ചാണു സഭയ്ക്കു ഇന്നു അമൂല്യസമ്പത്തായിത്തീർന്നിരിക്കുന്ന വെളിപ്പാടു പുസ്തകം എഴുതുന്നതിനിടയായത്.

ക്രി. പി. 96. സെപ്തംബർ മാസത്തിൽ ചക്രവർത്തി വധിക്കപ്പെട്ടു. നെർവാ (Nerva) അതിനുപകരം ചക്രവർത്തിയായി പ്രഖ്യാപനം ചെയ്യപ്പെട്ടു. ഉടനെ മുൻരാജ്യഭരണത്തിനിടയിൽ നാടുകടത്തിയിരുന്ന എല്ലാവർക്കും വിടുതൽ ലഭിച്ചു. ആ കൂട്ടത്തിൽ വിശുദ്ധയോഹന്നാനും വിടുതൽ കിട്ടി. അപ്പോസ്തലൻ എഫെസൊസിലേയ്ക്കു മടങ്ങിവന്നു. സഭയെ തൻെറ ഉപദേശങ്ങളെക്കൊണ്ടും മററും ഉടനെതന്നെ വ്യവസ്ഥാപനപ്പെടുത്തിത്തുടങ്ങി. അപ്പോസ്തലനു വാർദ്ധക്യവും ക്ഷീണവും വർദ്ധിക്കുന്നതു കണ്ടു് അദ്ദേഹത്തിൻെറ ഇഷ്ടന്മാരായിരുന്ന ആളുകൾ കർത്താവിൻെറ ചരിത്രം എഴുതുന്നതിനു അദ്ദേഹത്തെ നിർബന്ധിച്ചു. ഈ ഐതിഹ്യം അലക്സന്ത്രിയായിലെ ക്ലമൻറാണ് എടുത്തുപറയുന്നത്. അക്കാലത്തു പ്രസിദ്ധം ചെയ്തിരുന്ന സുവിശേഷങ്ങളിൽ യേശുക്രിസ്തുവിൻെറ ബാഹ്യചരിത്രസംഭവങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു് അവസാനസുവിശേഷകനായ യോഹന്നാൻ സ്നേഹിതന്മാരുടെ പ്രേരണയും പരിശുദ്ധാത്മാവിൻെറ നിശ്വാസവും അനുസരിച്ച് കർത്താവിൻെറ ഒരു ആത്മീയസുവിശേഷം എഴുതി

മുറാറോറി ഗ്രന്ഥത്തിൽ (Muratorian Fragment on the Canon) ഇതുതന്നെ കുറേക്കൂടി വിവരിച്ചു പറഞ്ഞിരിക്കുന്നു. "നാലാമത്തെ സുവിശേഷം ശിഷ്യരിൽ (അപ്പോസ്തലരിൽ) ഒരുവനായ യോഹന്നാനാൽ എഴുതപ്പെട്ടു. അവൻെറ സമശിഷ്യന്മാരും ബിഷോപ്പന്മാരും അവനെ നിർബന്ധിച്ചപ്പോൾ അവൻ "നിങ്ങൾ എന്നോടുകൂടെ ഇന്നുമുതൽ മൂന്നു ദിവസത്തേയ്ക്കു ഉപവസിപ്പിൻ; അനുകൂലമായോ പ്രതികൂലമായോ ആർക്കെങ്കിലും ഏതെങ്കിലും വെളിപ്പാടുകൾ ലഭിച്ചാൽ അതു നാം പരസ്പരം പറയണം" എന്നു പറഞ്ഞു. അന്നു രാത്രിതന്നെ അപ്പോസ്തലരിൽ ഒരുവനായ അന്ത്രെയാസിനു യോഹന്നാൻതന്നെ സകലതും അവൻെറ സ്വനാമത്തിൽ എഴുതണമെന്നും എല്ലാവരുംകൂടി അതു നിരൂപണം ചെയ്യണമെന്നും ഉള്ള വെളിപാടു കിട്ടിയതായി പ്രസ്താവിച്ചു. (See. Hist. of. N. T. Canon, page 527) ജെറോം, എന്ന സഭാപിതാവു് ഇതുതന്നെ വേറൊരുവിധത്തിൽ പറ

ന്നു. "തന്റെ സഹോദരന്മാർ വിശുദ്ധയോഹന്നാനെ സുവിശേഷം എഴുതണമെന്നു നിർബന്ധിച്ചപ്പോൾ സകലരും ചേർന്നൊരുപവാസം പ്രസിദ്ധംചെയ്യുകയും ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്താൽ അവൻ അങ്ങിനെ ചെയ്വാൻ തയ്യാറാണെന്നു മറുപടി പറഞ്ഞു. ഈ ഉപവാസത്തിന്റെ അവസാനദിവസം വെളിപ്പാടുകൊണ്ടു നിറഞ്ഞവനായി യോഹന്നാൻ എഴുന്നേറ്റുനിന്ന് സ്വർഗ്ഗത്തിൽനിന്ന് അയയ്ക്കപ്പെട്ട അവതാരികയായ—"ആദിയിൽ വചനം ഉണ്ടായിരുന്നു" ഇത്യാദി പറഞ്ഞുതുടങ്ങി.

ഈ മുകളിൽ പ്രസ്താവിച്ചവയാണ് ഈ സുവിശേഷം സംബന്ധിച്ചുള്ള പ്രധാന ഐതിഹ്യങ്ങൾ. ഇവയിൽനിന്ന് നാലാമത്തെ സുവിശേഷം എഴുതിയത് ആരെന്നു മാത്രമല്ല എഴുതുന്നതിനുള്ള അവസരവും കാരണവും തെളിവായി നാം കാണുന്നു. വാർദ്ധക്യകാലത്തു എഴുന്നേറ്റുനില്ക്കുന്നതിനോ, ദീർഘമായ പ്രസംഗങ്ങൾ നടത്തുന്നതിനോ അപ്പോസ്തലനു കഴിവില്ലാതെയായി. ആ സമയവും അപ്പോസ്തലനെ ശിഷ്യന്മാർ യോഗസ്ഥലത്തും ആരാധനസ്ഥലത്തും എടുത്തുകൊണ്ടുപോക സാധാരണമായിരുന്നു. യോഗങ്ങളുടെ അവസാനത്തിൽ എഴുന്നേറ്റിരുന്ന് "ചെറിയ കുഞ്ഞുങ്ങളെ, നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം" എന്നുമാത്രം പറഞ്ഞുവന്നിരുന്നു. ഇതു പല ആവർത്തി കേട്ടു മുഷിഞ്ഞിരുന്ന ശിഷ്യഗണങ്ങൾ "എന്താണു കുറേക്കൂടെ ദീർഘമായ ഉപദേശങ്ങൾ തരാതെ ഇത്രമാത്രം പറയുന്നതു" എന്നു ചോദിച്ചു. അതിനു മറുപടിയായി അപ്പോസ്തലൻ ഇതു കർത്താവിന്റെ ശാസനയാണ്. ഇതു അനുസരിച്ചാൽ സകലവും മതിയാകും എന്നു മറുപടി പറഞ്ഞു.

ഈ വിധത്തിൽ യോഹന്നാൻ ട്രാജൻ ചക്രവർത്തിയുടെ വാഴ്ചയുടെ മൂന്നാംവർഷംവരെ ജീവിച്ചിരുന്നു. ആ ആണ്ടിൽ മരിച്ചു എഫെസൊസിൽ സംസ്കരിക്കപ്പെട്ടു. ഇതു സംബന്ധിച്ചും ഒരു ഐതിഹ്യം ഉണ്ടു. മരിക്കുന്നതിനുള്ള സമയം അടുത്തപ്പോൾ ഒരു ശവക്കുഴി തയ്യാറാക്കുന്നതിന് അപ്പോസ്തലൻ ആവശ്യപ്പെട്ടു. ശവക്കുഴി തയ്യാറായ ഉടൻ തന്നെ അപ്പോസ്തലൻ താനേ അതിൽ ഇറങ്ങിക്കിടന്നുവെന്നും ഉടനെ തന്നെ ജീവൻ പോയിഎന്നും പറയുന്നു. അടുത്തദിവസം കല്ലറതുറന്നു നോക്കിയപ്പോൾ അപ്പോസ്തലന്റെ തിരുശേഷിപ്പുകൾ കാണ്മാനില്ലായിരുന്നുവെന്നും ഒരു ഐതിഹ്യത്തിൽ കാണുന്നു. കർത്താവിന്റെ വരവിനോടു സമീപിച്ചു അന്തിക്രിസ്തു പ്രത്യക്ഷപ്പെടുമ്പോൾ യോഹന്നാൻ തിരികെ വരുമെന്നും ഒരു വിശ്വാസം ആ കാലത്തു സഭകളിൽ അനേകകാലത്തേക്കുണ്ടായിരുന്നു. അപ്പോസ്തലൻ

മരിക്കുന്ന സമയം അദ്ദേഹത്തിനു 94 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു വെന്നു ചിലർ പറയുന്നു. മറ്റു ചിലർ 98 എന്നും വേറെ ചിലർ 104 എന്നും മറ്റും ചിലർ 120 എന്നും പറയുന്നുണ്ട്.

ഇങ്ങിനെ ഒരു ശതാബ്ദം മുഴുവനും ക്രിസ്തുസഭയെ വേദവിപരീതങ്ങളിൽനിന്നും മറ്റും രക്ഷിച്ചു ശരിയായി നടത്തിക്കൊണ്ടിരുന്ന ആ സിദ്ധൻ ലോകത്തിൻെറ ദൃഷ്ടിയിൽനിന്നു മറഞ്ഞു.

Chapter II

Ephesus

രണ്ടാം അദ്ധ്യായം.

എഫെസൊസ്

സുവിശേഷം എഴുതിയ സ്ഥലം.

പൌരാണികകാലത്തെ യവനഭൂമിശാസ്ത്രജ്ഞന്മാർ നമ്മുടെ ഭൂഖണ്ഡം മുഴുവനേയും "ആസ്യ" എന്നു നാമകരണംചെയ്തു വന്നിരുന്നുവെങ്കിലും ക്രിസ്ത്വാബ്ദത്തിന്റെ ആരംഭകാലത്തു ഏഷ്യാ മൈനറിന്റെ പശ്ചിമഭാഗത്തുണ്ടായിരുന്ന മുസ്യ (Mysia) ലുദിയ (Lydia) കാറിയാ (Caria) ഫ്രൂഗിയാ (Phrygia) ഈ ദേശങ്ങളും സമുദ്രതീരത്തുള്ള ചില പട്ടണങ്ങളും അവയോടടുത്തുകിടക്കുന്ന ചില ദ്വീപുകളും ചേർന്നുള്ള ഒരു സംസ്ഥാനത്തെയാണു റോമർ "ആസ്യ"യെന്നു വിളിച്ചുവന്നതു്.

ക്രി. മു. രണ്ടാം ശതാബ്ദത്തിൽ പെർഗ്ഗമേനിയൻ രാജാക്കന്മാരുമായി റോമക്കുണ്ടായിരുന്ന രാഷ്ട്രീയബന്ധംമൂലം ആ രാജവംശത്തിലുണ്ടായിരുന്ന രാജാക്കന്മാരെ അവർ ആസ്യയിലെ രാജാക്കന്മാർ എന്നു വിളിച്ചുവന്നു.

അററാലസ് തൃതീയൻ (Atalus III) എന്ന പെർഗ്ഗമേനിയൻ രാജാവു ഒരു ഇഷ്ടദാനപത്രം മൂലം അദ്ദേഹത്തിന്റെ രാജ്യം മുഴുവനും റോമക്കാർക്കു വിട്ടുകൊടുത്തു. റോമക്കാർ ഇതനുസരിച്ചു് ആ രാജ്യത്തെ സ്വാധീനപ്പെടുത്തി അതിന്നു "ആസ്യ"യെന്നു നാമകരണംചെയ്തു. ഇങ്ങനെയാണു് ഈ ഭൂഭാഗത്തിന്നു് "ആസ്യ" എന്നു സംജ്ഞവരുവാൻ ഹേതുഭൂതമായതു്.

ഏഷ്യാ മൈനറിന്റെ സാനുപ്രദേശങ്ങളിൽനിന്നു് നമ്മുടെ കൈപ്പത്തികളിൽനിന്നു കൈവിരലുകൾ നീണ്ടുനില്ക്കുന്നതുപോലെ ചില പർവ്വതപംക്തികൾ ഏകദേശം സമുദ്രതീരംവരെ നീണ്ടുകിടക്കുന്നുണ്ടു്. ഇവയുടെ മദ്ധ്യങ്ങളിലായി നാലു അദ്രിദ്രോണികൾ അഥവാ നിമ്നപ്രദേശങ്ങൾ ഉണ്ടു്. ഇവനാ

ളിനേയും പരസ്പരം മുൻ പ്രസ്താവിച്ച പൎവ്വതപംക്തികൾ വേർതിരിച്ചിരിക്കുന്നു. ഈ പൎവ്വതപംക്തികളുടെ മദ്ധ്യേയുള്ള അദ്രിദ്രോണികളിൽകൂടി മീയാൻഡർ (Meander) കെയിസ്ററർ (Cayster) ഹെർമാസ് (Hermas) കെയികസ് (Caicus) എന്ന നാലു നദികൾ സമുദ്രത്തിലേക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഈ നാലു നദികളുടെ പതനസ്ഥലങ്ങളിലും അനുക്രമം മെലെത്തൊസ് (Miletus) എഫെസൊസ് (Ephesus) സ്മുർന്നാ (Smyrna) പെർഗമൊസ് (Pergamos) എന്ന് നാലുപട്ടണങ്ങളും ഉണ്ടായിരുന്നു. ഈ നാലും ക്രൈസ്തവശതാബ്ദാരംഭത്തിൽ ക്രൈസ്തവമാൎഗ്ഗപ്രചാരത്തിന് സാഹായ്യങ്ങളായ പട്ടണങ്ങളായിരുന്നു.

മുൻ പ്രസ്താവിച്ച അദ്രിദ്രോണികളിൽകൂടെ നദീതീരങ്ങളെ ആശ്രയിച്ചു സമുദ്രതീരത്തുനിന്നും നാലു റോഡുകൾ ഉൾപ്രദേശങ്ങളിലേയ്ക്ക് വെട്ടപ്പെട്ടിരുന്നു. ഇവയിൽ ഹെർമാസ് നദീതീരത്തിൽകൂടെയുള്ള റോഡ് മിക്കവാറും ഗതാഗതത്തിനു ദുഷ്കരമായിരുന്നതിനാൽ കച്ചവടത്തിനും മററും പ്രയോജനകരമല്ലാതെയായിപ്പോയി. കെയികസ്, കെയിസ്ററസ് ഈ നദീതീരങ്ങളിൽകൂടെയുള്ള റോഡുകൾ ദൂരം കുറഞ്ഞവയും എന്നാൽ മുൻ പ്രസ്താവിച്ച റോഡിനെ അപേക്ഷിച്ച് അത്രത്തോളം ദുഷ്കരങ്ങളല്ലായിരുന്നുവെങ്കിലും ചില കാലങ്ങളിൽ സഞ്ചരിക്കുന്നതിനു പ്രയാസവും അധികം കയററവും ഉള്ളവയായിരുന്നു. എന്നാൽ മീയാൻഡർ നദീതീരത്തിൽകൂടെയുള്ള വഴി ആ നദീതീരത്തിൽകൂടെ അതും ലൈകസ് (Lycus) നദിയുമായുള്ള സംഗമംവരെയും അനന്തരം ലൈകസ് നദീതീരത്തിൽകൂടി ലവുദിക്യ (Lyodicea) കടന്ന് അപെമിയാ (Apamea) വരെയും പോയിരുന്നു. ഇതു ദൈർഘ്യംകൂടിയ വഴിയായിരുന്നുവെങ്കിലും ഗതാഗതത്തിനു സൌകൎയ്യപ്രദമായ പാതയായിരുന്നതുകൊണ്ട് ചരിത്രപ്രസിദ്ധിയും കച്ചവടത്തിനു ഉപകാരപ്രദവും ആയിത്തീൎന്നു. ഈ നദിയുടെ പതനത്തിങ്കലാണ് മെലെത്തൊസ് (Mlletus) എന്ന പട്ടണം സ്ഥിതിചെയ്തിരുന്നതു്. യവനസമ്പ്രദായം അനുസരിച്ചുള്ള ഈ പട്ടണത്തിനു വളരെ വിശേഷമായ ഒരു തുറമുഖവും ഉണ്ടായിരുന്നതുകൊണ്ടു ഈ പട്ടണം ഉൽക്കർഷം പ്രാപിച്ചുതുടങ്ങി. പെർഗമൊസ്, സ്മുർന്നാ, എന്നീ പട്ടണങ്ങൾക്കു ഈ സൌകൎയ്യങ്ങൾ ഇല്ലാതെ വന്നതുകൊണ്ട് എഫെസൊസിൻെറ യഥാർത്ഥപ്രതിയോഗി 'മെലിത്തസ് ആയിത്തീൎന്നു.

എന്നാൽ മെലിത്തസിന് കാലക്രമത്തിൽ ഒരു അപകടംപററി. മീയാൻഡർ നദിയിൽകൂടി പ്രവഹിക്കുന്നതിനു തുടങ്ങിയ മണ്ണു മുതലായ വക

ണ്ടു തുറമുഖം അടഞ്ഞു കപ്പലുകൾക്ക് അവിടെ വന്നടുക്കുന്നതിനുള്ള സൌകര്യം കുറഞ്ഞുവന്നു. മുൻപുതന്നെ വഴിയുടെ ദൈർഘ്യം ഒരു പ്രതിബന്ധമായിരുന്നതോടുകൂടി ഈ വിഷമവും നേരിട്ടു തുടങ്ങിയപ്പോൾ മൈലത്തോസ് സാവധാനത്തിൽ അധഃപതിക്കുവാനും എഫെസൊസ് ഉൽക്കർഷം പ്രാപിക്കുവാനും തുടങ്ങി.

മീയാൻഡർ നദീതീരത്തിൽകൂടെയുണ്ടായിരുന്ന വഴിയുടെ ഒരു സ്ഥാനത്തു് ഇരുപർവ്വതങ്ങളുടെ മദ്ധ്യേ കൂടി അറുനൂറ്റ് അടി മാത്രം ഉയരമുണ്ടായിരുന്ന ഒരു വഴി ശരിയായി വെട്ടിത്തുറന്നതോടുകൂടി എഫെസൊസിൽ എത്തുന്നതിനു ദൈർഘ്യം വളരെ കുറഞ്ഞു്, സമുദ്രതീരത്തു സുലഭമായി എത്തുന്നതിനുള്ള സൌകര്യം ഉണ്ടായി. തന്മൂലം കച്ചവടവും ഗതാഗതവും താനേ ആ വഴിയിൽകൂടിയായി.

ഏഷ്യാമൈനറിന്റെ പശ്ചിമതീരത്തിൽ ഏകദേശം മദ്ധ്യഭാഗത്തിൽകൂടെ ഒരു ഉൾക്കടലിലേക്കു പ്രവഹിക്കുന്ന കെയിസ്റ്റർ നദിയുടെ ദക്ഷിണതീരത്തിൽ സമുദ്രതീരത്തുനിന്നു മൂന്നു നാലു മൈൽ ഉള്ളിലായിട്ടാണ് എഫെസൊസ് സ്ഥാപിച്ചിരുന്നതു്. എഫെസൊസ് നഗരം സമുദ്രത്തിൽനിന്നുള്ള സമീക്ഷണത്തിനു വളരെ മനോഹരമായി തോന്നുമായിരുന്നു. രണ്ടു കുന്നുകളിന്മേലാണ് അതു സ്ഥിതിചെയ്തിരുന്നതു്. ഈ പട്ടണത്തിനു കിഴക്കുപടിഞ്ഞാറായി ഏകദേശം അഞ്ചുമൈൽ നീളവും മൂന്നുമൈൽ വീതിയുമുണ്ടായിരുന്നു. ഏകദേശം അൻപതിനായിരം ആളുകൾക്ക് സുഖമായി ഇരിക്കത്തക്ക ഒരു രംഗസ്ഥലം (Amphi-theatre) അവിടെ ഉണ്ടായിരുന്നു. ഇതിനു സമീപത്തുതന്നെ അല്പം വടക്കായി ഒരു പന്തയ ഓട്ടസ്ഥലവും (stadium) കാണാം. ഈ ഓട്ടക്കളത്തിൽ മൃഗങ്ങൾ തമ്മിലും മനുഷ്യരും മൃഗങ്ങളുമായും ദ്വന്ദ്വയുദ്ധം നടത്താറുണ്ടായിരുന്നു. ഇതിനെക്കുറിച്ചു് എഫെസൊസിൽനിന്നെഴുതിയിട്ടുള്ള ലേഖനത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. (1 കൊരി. 4. 9; 9: 24, 25; 15: 32 നോക്കുക). ഈ രംഗസ്ഥലത്താണ് പൌലൂസിന്റെ കാലത്തു് എഫെസ്യരുടെ അർത്തേമിസ്സ് മഹാദേവി എന്നു ആർപ്പുവിളിയുണ്ടായതു്.

പട്ടണംവിട്ടു ഒന്നു രണ്ടു മൈൽ അകലത്തിലായി ഒരു ചെറിയ കുന്നിന്മേലാണ് അർത്തേമിസ്സ് മഹാദേവിയുടെ ക്ഷേത്രം പണിതിരുന്നതു്. ഈ ക്ഷേത്രത്തിനു് 342 അടി നീളവും 164 അടി വീതിയുമുണ്ടായിരുന്നു. അതിലെ തൂണുകളുടെ ധാരാളത്വം ആരെയും വിസ്മയഭരിതരാക്കിത്തീർക്കുമായിരുന്നു. തൂണുകൾക്കു ഓരോന്നിനും 56അടി ഉയരവും 6 അടി വ്യാസവും ഉണ്ടാ

യിരുന്നതു കൂടാതെ അവ അതിവിശേഷമായി കൊത്തപ്പെട്ട ചിത്രവേലകൾകൊണ്ടു് അലംകൃതവും മനോഹരവുമായി ചായമിട്ടവയുമായിരുന്നു. ഈ മനോഹര എടുപ്പ് ലോകത്തിലെ ഏഴതിശയങ്ങളിൽ ഒന്നു് എന്നാണു് ഗണിച്ചുവന്നിട്ടുള്ളതു്. 220 സംവത്സരംകൊണ്ടാണു് ഇതിന്റെ പണി പൂർത്തിയായതു് എന്നു പറഞ്ഞിരിക്കുന്നു. ക്ഷേത്രത്തിന്റെ ഉള്ളിൽ അതിമനോഹരമായ ഒരു മുറിയുണ്ടായിരുന്നു. അതായിരുന്നു നേയോസ് (Naos) എന്നു അവർ നാമകരണംചെയ്തുവന്ന ശ്രീകോവിൽ. ഇതു് അതിമനോഹരമായ വീരാളിപ്പട്ടു മുതലായ വിശേഷവസ്ത്രങ്ങൾകൊണ്ടു് മറയ്ക്കപ്പെട്ടിരുന്നു. ഇതിലാണു് ദേവിയെ പ്രതിഷ്ഠിച്ചിരുന്നതു് പ്രതിഷ്ഠയുടെ സമീപമായി ഇരുഭാഗങ്ങളിലും സിംഹങ്ങളെ സ്ഥാപിച്ചിരുന്നു. ദേവിയുടെ സ്വരൂപവും, ഉത്തമാംഗവും, വക്ഷസ്സും എല്ലാം ഒരു സ്ത്രീയുടെ ആകൃതിയിലായിരുന്നു. തലയിൽ ഉയരംകൂടിയ അതിവിശേഷമായ ഒരു മുടി ചൂടിയിരുന്നു. ദേവി സകലജീവജാലങ്ങളുടേയും ഉത്ഭവത്തിനും സന്ധാരണത്തിനും കാരണഭൂതയാണെന്നു് കാണിക്കുന്നതിനു് വരിവരിയായ സ്തനങ്ങളെക്കൊണ്ടു് വക്ഷസ്സ് അലങ്കരിച്ചിരുന്നു. അതിനെത്തുടർന്നുള്ള ഭാഗത്തു ചില പ്രത്യേക ചിഹ്നങ്ങളും പലവിധ പക്ഷിമൃഗാദികളുടെ രൂപവും കൊത്തിയിരുന്നു. അരയ്ക്കു കീഴിലുള്ള ഭാഗം കാലിന്റെയോ, പാദങ്ങളുടേയോ, വിരലുകളുടേയോ യാതൊരു ഭാവവുംകൂടാതെ ഒരു കൂർത്ത കല്ലായിട്ടു മാത്രമായിരുന്നു പണിചെയ്തിരുന്നതു്. ഇതു ഒരു വക കറുത്തനിറത്തിലുള്ള ശിലയായിരുന്നു. ഇതു സംബന്ധിച്ചു ഐതിഹ്യം ഈ ദേവി ദ്യോവിൽനിന്നു വീണതാണെന്നായിരുന്നു. ഒരു പക്ഷേ വല്ല (meteoric) ഉല്ക്കാശിലകളും ആയിരിക്കണമെന്നു ഊഹിപ്പാൻന്യായമുണ്ടു്.

എന്നാൽ ഒരു സംഗതി പ്രത്യേകം ഓർക്കേണ്ടതായിട്ടുണ്ടു്. യവനദേശത്തും ഒരു അർത്തേമിസ് ദേവിയുണ്ടായിരുന്നു. ആ ദേവിയുടെ ഒരു പ്രതിഷ്ഠയല്ല എഫെസ്യരുടെ ദേവി. യവനരുടെ ദേവി ഒരു നിത്യകന്യകയും നായാട്ടിൽ ശ്രദ്ധയുള്ളവളും ആയ ഒരു ദേവിയാണു്. യവനർ എഫെസോസിൽ എത്തി അധിവാസം തുടങ്ങിയ കാലത്തു് അതിനു് വളരെവളരെ കാലങ്ങൾക്കു മുൻപു് എഫേസ്യർ ആരാധിച്ചുവന്ന ദേവിയെ അവരുടെ ദേവിയുടെ നാമമനുസരിച്ചു് നാമകരണം ചെയ്തു. അങ്ങനെ ഏകനാമമായിയെന്നല്ലാതെ രണ്ടും ഒരേ ദേവിയല്ല.

ഈ ക്ഷേത്രത്തിന്റെ പിൻഭാഗത്തിലായി ഒരു ഭണ്ഡാരമുറിയുമുണ്ടായിരുന്നു. ക്ഷേത്രസങ്കേതങ്ങളിൽ യാതൊരുവിധ ആയുധവുമായി ഒരുത്തർക്കും കടന്നുചെല്ലുന്നതിനു് അനുവാദമില്ലായിരുന്നു. ദേവിയുടെ സംരക്ഷണ

യിൽ സകലതും സമാധാനമായിരിക്കണമെന്നു കാണിക്കുന്നതിനായിട്ടുണ്ടു് ഈ നിയമം നടപ്പിൽ വരുത്തിയിരുന്നതു് എന്നു ഊഹിക്കാം.

അർത്തെമിസ്സ് ദേവിയുടെ ഉത്സവത്തിനു ലക്ഷോപലക്ഷം ജനങ്ങൾ കൂടിവരിക സാധാരണയായിരുന്നു. ഇവർക്കു ഭക്ഷണം, ബലിപൂജാദികൾക്കുള്ള മൃഗങ്ങൾ, മററു സാമാനങ്ങൾ ഇവയെല്ലാം ഈ സ്ഥലത്തുനിന്നു തന്നെ വാങ്ങാതെ ഗത്യന്തരമില്ലായിരുന്നു. ഇതു പട്ടണത്തിന്റെ ധനാജ്ജനത്തിനു് ഒരു മാർഗ്ഗമായി വന്നു. കൂടുന്ന ആളുകൾ സ്വദേശങ്ങളിലേക്കു പോകുമ്പോൾ പല സാമാനങ്ങളും വിനോദസാധനങ്ങളും വാങ്ങിക്കൊണ്ടു പോകുക പതിവായിരുന്നു. പല രോഗങ്ങളിൽനിന്നും ബാധകളിൽനിന്നും വിടുതൽ ലഭിക്കുന്നതിനും അവയുടെ ഉപദ്രവങ്ങളിൽനിന്നു രക്ഷിക്കുന്നതിനുമായി ഒരു വക "രക്ഷ"കളും അവർ വാങ്ങിക്കൊണ്ടു പോകാറുണ്ടായിരുന്നു. ഇവ ദേഹത്തിൽ ധരിക്കുന്നതിനും വീടുകളിൽ സൂക്ഷിക്കുന്നതിനും ഉപയോഗിച്ചു വന്നിരുന്നു. ദേവിയുടേയും ക്ഷേത്രത്തിന്റേയും സ്വരൂപങ്ങളാണു് ഈ വിധത്തിൽ ഉപയോഗിച്ചു വന്നിരുന്ന ഒരു വക രക്ഷ. വെള്ളി, മാർബിൾ, (Terracotta) എന്നിവകൊണ്ടു് ഉണ്ടാക്കിവന്ന ഈ സാമാനങ്ങൾ ക്ഷേത്രത്തിൽ നേച്ചയായിട്ടും കൊടുത്തുവന്നിരുന്നു. ഇതും അനവധിയാളുകൾക്കു് ഉപജീവനമാർഗ്ഗമായിത്തീന്നു. ഈ തൊഴിലുകാർക്കു് ഒരുവക സംഘങ്ങളും (Guilds) ഉണ്ടായിരുന്നു. ഇവരുടെ നായകനായി പ്രതിവർഷം ഒരാളിനെ തിരഞ്ഞെടുക്കുക പതിവുണ്ടായിരുന്നു. ദെമത്രെയോസ് എന്ന തട്ടാൻ ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നിരിക്കണം. ഇവർക്കു യോഗശാലകളും മററും ഉണ്ടായിരുന്നുവെന്നു് അ. പ്ര. 19-ാം അദ്ധ്യായത്തിൽനിന്നും ഒരു വിധം അനുമാനിക്കാം.

ഇങ്ങിനെ ആസ്യയിലെ പട്ടണങ്ങളെ അപേക്ഷിച്ചു് എഫെസൊസ് ഉയന്നതായിത്തീന്നു. എന്നു മാത്രമല്ല, മെഡിററേനിയൻ കടലിന്റെ പൂവ്വപ്രദേശങ്ങളിലുള്ള പ്രധാനമായ മൂന്നു പട്ടണങ്ങളിൽ ഒന്നായി ഈ പട്ടണം ഗണിക്കപ്പെട്ടും വന്നു. മറെറ രണ്ടു പട്ടണങ്ങൾ അലക്സന്ത്രിയയും അന്ത്യോഖ്യയും ആയിരുന്നു.

ഒരു വ്യവസായകേന്ദ്രസ്ഥാനം എന്നുള്ള പ്രസിദ്ധി മാത്രമല്ല എഫെസൊസിനുണ്ടായിരുന്നതു്. സുപ്രസിദ്ധരായ പല തത്വവാദികളും അവിടെ ജനിച്ചിട്ടുണ്ടു്. "പ്രപഞ്ചം എന്നാൽ എന്തു്? മനുഷ്യൻ എന്താണു്? ദൈവം എന്നാൽ എന്തു്?" ഈ വക പ്രശ്നങ്ങളെല്ലാം ഒന്നാമതു ഉൽഭവിച്ചതു് ഏഷ്യാ

മൈനറിൽ ആണ്. എഫെസൊസിലെ ഹിറാക്ലിററസ് (Heraclitus of Ephesus) എന്ന പ്രഖ്യാതനായ തത്വജ്ഞാനിയുടെ ഈശ്വരപ്രോക്തങ്ങൾക്കനുസരണമായ ഗൂഢാർത്ഥവചനങ്ങൾ മഹാനായ പ്ലേറേറായെയും വിസ്മയഭരിതനാക്കി. അദ്ദേഹം ഈ സംഗതികൾ സുഗ്രാഹ്യമാകുന്നതിനായി അഗാധമായി വിചിന്തനം ചെയ്തുവന്നു. ഇദ്ദേഹത്തിന്റെ കൃതികൾ ഏ. ഡി. രണ്ടാം ശതാബ്ദാവസാനംവരെയും ക്രിസ്ത്യാനികൾ പാരായണം ചെയ്തുവന്നിരുന്നു. സകല വസ്തുക്കളുടേയും ചലനകാരണപ്രമാണമായ അഗ്നിയിൽനിന്നാണ് എല്ലാ വസ്തുക്കളും ഉൽഭൂതമാകുന്നതെന്നും അഗ്നിയിലെയ്ക്കുതന്നെ സകലതും തിരിയുന്നുവെന്നും ആയിരുന്നു അദ്ദേഹത്തിന്റെ മതം. സകലതും ചലിച്ചു (മാറി) കൊണ്ടിരിക്കുന്നു. ചലിക്കാതെ (മാറാതെ) സ്ഥിരമായിരിക്കുന്നതു് ലോഗോസ് (logos, വസ്തുക്കൾ തമ്മിലുള്ള സംബന്ധം, അനുപാതകം) മാത്രമേയുള്ളു.

ഈ പട്ടണത്തിന് എഫേസ്യരുടെ സ്വന്ത ഭരണം തന്നെ അനുവദിച്ചിരുന്നു. മുൻസിപ്പാലിററി ഭരണസമ്പ്രദായം അനുസരിച്ചായിരുന്നു ഭരണം നടത്തിയിരുന്നതു്. ഒരു സെനററും (Senate) സകല പൌരന്മാരും ചേർന്നുള്ള ഒരു പൊതുയോഗവും (assembly) ഉണ്ടായിരുന്നു. ഇവയുടെ പ്രസിഡൻറിന് (clerk) "പട്ടണമേനവൻ" അല്ലെങ്കിൽ "Recorder" റിക്കാഡർ എന്നായിരുന്നു നാമം. പ്രതിവർഷവും ഈ ആളിനെ തിരഞ്ഞെടുക്കുകയായിരുന്നു. ഈ മേനവന്റെ നാമം അനുസരിച്ച് ആ വർഷത്തിന് അവർ നാമം കല്പിച്ചുവന്നു. ഈ ആളിനെയാണ് നാം അ. പ്ര. 19-ാം അദ്ധ്യായത്തിൽ കാണുന്നതു്. ആസ്യാധിപന്മാർ (Asiarch) എന്ന നാമധേയത്തിൽ വേറൊരു വക പ്രധാനികളെയും നാം ഈ പട്ടണത്തിൽ കാണുന്നു. അവർ ഒരുവക പൌരോഹിത്യജോലി ചെയ്യുന്നവരും പരസ്യകളികളും (games) വിനോദങ്ങളും ഏർപ്പാടുചെയ്യുന്നവരും അവയുടെ ഭരണം നടത്തുന്നവരുമായിരുന്നു.

പൌലൂസ് അപ്പോസ്തലൻ തന്റെ രണ്ടാമത്തെ മിഷ്യനറിയാത്രയിൽ കൊരിന്തിൽനിന്നും തിരിച്ചുവരുന്ന വഴിക്കു എഫെസൊസ് പട്ടണം സന്ദർശിച്ചു (അ.പ്ര. 18: 19). കുറേസമയംമാത്രം താമസിച്ചുമടങ്ങിപ്പോകയും അതിനെത്തുടന്ന് അടുത്ത വർഷത്തിൽ എത്രയും വിജയകരമായിത്തീന്ന സുവിശേഷവേലയാരംഭിക്കുന്നതിനായി ഈ സ്ഥലത്തേക്കു വീണ്ടും വരികയും ചെയ്തു. അപ്പോസ്തലൻ പതിവനുസരിച്ചു പ്രധാന പട്ടണങ്ങളിൽ തന്നെ താമസിച്ചുകൊണ്ട് മററു പല സഹപ്രവത്തകന്മാരുടേയും സഹായസഹകരണങ്ങളോടുകൂടി അവിടെയും അയൽദേശങ്ങളിലും ഉത്സാഹപൂർവം സുവിശേഷവേല

നടത്തി. "ആസ്യയിൽ പാർക്കുന്ന യഹൂദന്മാരും യവനന്മാരും എല്ലാം കർത്താവിന്റെ വചനം കേൾപ്പാൻ ഇടയായി. (അ. പ്ര. 19: 10). അതിന്റെ ഫലമായി ആ ദേശങ്ങളിൽ പലയിടത്തും അനേകം സഭകളും സ്ഥാപിതമായി എന്നു കാണുന്നു. എന്നാൽ ഈ സുവിശേഷവേല ഏതു വിധത്തിൽ അവസാനിച്ചുവെന്നു അ. പ്ര. 19-ാം അദ്ധ്യായം വായിച്ചുനോക്കിയാൽ അറിയാവുന്നതാണ്. ഈ വിധത്തിൽ ക്രമാനുഗതമായി അഭിവൃദ്ധി പ്രാപിച്ചുവന്ന വേലക്കു വിഘ്നങ്ങൾ സംഭവിക്കാതിരുന്നില്ല. പൗലൂസ് ബന്ധനസ്ഥനായി റോമയിലെ തടവിൽ വസിക്കുമ്പോൾ അയാൾ സ്ഥാപിച്ച സഭകളിൽ പല മാർഗ്ഗവിപരീതോപദേശങ്ങളുമായി വേഷധാരികളായ അനേകം ഉപദേഷ്ടാക്കന്മാർ കടന്നുകൂടിയെന്നും പല കൃത്രിമപ്രശ്നങ്ങളും മനുഷ്യരുടെ ആവശ്യങ്ങൾക്കു ക്രിസ്തുയേശു പര്യാപ്തനല്ലെന്നും മറ്റുമുള്ള പല സംശയങ്ങളും ജനിപ്പിച്ചു സഭകളിൽ കലക്കമുണ്ടാക്കി ജനങ്ങളെ മുഴുവൻ ഭിന്നിപ്പിച്ചിരിക്കുന്നുവെന്നുമുള്ള ഹൃദയഭേദകമായ വാർത്ത അയാൾക്കു കിട്ടി. അതിനാൽ അവരെ സ്ഥിരപ്പെടുത്തുന്നതിനു അപ്പോസ്തലൻ കൊലൊസ്സ്യർക്കുള്ള ലേഖനം എഴുതുന്നു. ഇതിന്റെ ശേഷം അദ്ദേഹം ആസ്യയിലുള്ള സകല സഭകളെയും സ്ഥിരപ്പെടുത്തുന്നതിനായി എഫേസ്യ ലേഖനം എന്ന പൊതുലേഖനം ആസ്യയിലുള്ള എല്ലാ സഭകൾക്കുംകൂടി എഴുതിയിരിക്കുന്നതായി നാം കാണുന്നു. സർവ്വലോകത്തെയും സംബന്ധിച്ച ക്രിസ്തുവിലുള്ള ദൈവഹിതത്തിന്റെ ഉദ്ദേശത്തിന്റെ മർമ്മം എന്താണെന്നു അപ്പൊസ്തലനു ലഭിച്ചിട്ടുള്ള അറിവ് ലേഖനത്തിൽ വിവരിച്ചിരിക്കുന്നു

വീണ്ടും തിമൊഥെയൊസിനു ഒരു വിധ അപ്പോസ്തോലിക അധികാരത്തോടുകൂടി ഈ പ്രദേശങ്ങളിലുള്ള സഭകളിലേക്കയക്കുന്നു. അയാളുടെ പേർക്കുള്ള ലേഖനങ്ങളിൽനിന്നു സഭകളിൽ ആ കാലങ്ങളിലുണ്ടായിരുന്ന കുഴപ്പങ്ങളെക്കുറിച്ചു ഏകദേശമായ ഒരു ജ്ഞാനം ലഭിക്കുന്നതു കൂടാതെ കള്ള ഉപദേഷ്ടാക്കന്മാരുടെ ആക്രമണങ്ങൾ മുഖാന്തിരം ക്രിസ്ത്യാനികളെ യഹൂദമതത്തിലേക്കു തിരിച്ചു നടത്തുന്നതായും സാന്മാർഗ്ഗിക പ്രമാണങ്ങൾ ആവശ്യമില്ലായെന്നുള്ള ബോധം അവരിൽ കടത്തിയിട്ടുള്ളതായും കാണുന്നു. ദിവ്യ ഉപദേഷ്ടാവായ യോഹന്നാന്റെ വെളിപ്പാടുമൂലം ഈ തിരശ്ശീല കുറെക്കൂടി നമുക്കു നീങ്ങിക്കിട്ടുന്നു. അതിന്റെ കഴിഞ്ഞ കാലനിലകളെ മുഴുവൻ മറന്നിട്ടു സ്നേഹം ശീതളമായിത്തീർന്ന ഒരു സഭയുടെ ചിത്രം നാം എഫെസൊസിൽ കാണുന്നു. "എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞുവെന്നൊരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ടു്. നീ ഏതിൽനിന്നു വീണിരിക്കുന്നുവെന്നോർത്തു

മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക" (വെളി 2: 4-5) എന്ന് തിരുവെഴുത്തിൽ കാണുന്നു.

മിക്കവാറും ആദിമനൂറ്റാണ്ടിന്റെ അവസാനത്തോടടുത്ത് യെറുശലേം നാശത്തിന്റെ ശേഷം (എ. ഡി. 70-ൽ)—ഒരുപക്ഷേ, അവിടെ ആ കാലത്തുണ്ടായ ഉപദ്രവങ്ങളെ ഭയന്നോടിപ്പോയവരായിരിക്കാം—ഒരു കൂട്ടം ക്രിസ്ത്യാനികൾ എഫേസൊസ് സഭയിൽ വന്നുചേർന്നു. ഐതിഹ്യം വിശ്വാസ്യമെങ്കിൽ അക്കൂട്ടത്തിൽ പീലിപ്പോസ് അപ്പോസ്തലനും അന്ത്രെയാസും കൂടെ ഉണ്ടായിരുന്നു. ഈ കൂട്ടത്തിൽ നല്ല ചിന്തകനായ ഒരു വലിയ ഉപദേഷ്ടാവുണ്ടായിരുന്നു. ഇദ്ദേഹം എഫെസൊസിൽ ജരാതുരനായി ജീവിച്ചിരുന്നതിനാൽ താൻ മരിക്കയില്ലെന്നും കർത്താവിന്റെ വരവു തന്റെ മരണത്തിനു മുൻപായിരിക്കണമെന്നും വളരെയാളുകൾ വിശ്വസിച്ചിരുന്നു. ഈ ദിവ്യപുരുഷ സ്നേഹിതന്മാർക്ക് എഴുത്തുകൾ എഴുതുമ്പോൾ പൌലൂസിനെപ്പോലെ തന്റെ പേരുവെച്ചെഴുതുകയോ എന്തെങ്കിലും അഭിമാനസൂചകമായ ഒരു സ്ഥാനപ്പേരു വെയ്ക്കുകയോ ചെയ്ക സാധാരണയല്ലായിരുന്നു. അവൻ "മൂപ്പൻ" (2 യോഹ: 1: 2; 3 യോഹ 1: 1) മറ്റുള്ളവർ എല്ലാം അവന്റെ വാത്സല്യ"കുഞ്ഞുങ്ങളും" (1 യോഹ: 2: 12) ആയിരുന്നു. ഒടുവിൽ കർത്താവിന്റെ ഐഹികജീവിതത്തെക്കുറിച്ച് അയാളുടെ അറുപതു സംവത്സരക്കാലത്തെ ശുശ്രൂഷമൂലം അയാൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ള സകലവും തന്റെ "സ്മരണയിൽ ഇരുന്നവയും ചേർത്തു ഒരു ചരിത്രം അയാൾ തന്നെയോ, മറെറാരുവനോ എഴുതി, പല വിപരീതോപദേശങ്ങൾ മൂലം കുഴങ്ങിയും പല വിധത്തിൽ ക്ലേശിച്ചുമിരുന്ന സഭയ്ക്കു നല്കുവാൻ സാധിച്ചു. ആ അമൂല്യസമ്പത്ത് "യോഹന്നാൻ എഴുതിയ സുവിശേഷം" എന്നു നാം അറിയുന്ന നാലാമത്തെ സുവിശേഷമാണ്.

അപ്പോസ്തലികകാലത്തിന്റെ അവസാനസംവത്സരങ്ങൾ സഭയ്ക്കു കേവലം ക്ലേശഭൂയിഷ്ഠവും നിരാശാപരവുമായ ഒരു കാലഘട്ടമായിരുന്നു. ക്രിസ്തുമാർഗ്ഗത്തിന്റെ പ്രാരംഭ ഉത്സാഹവും തീക്ഷ്ണതയും കുറഞ്ഞു. ബാഹ്യമായി നേരിട്ടുകൊണ്ടിരുന്ന ഉപദ്രവങ്ങളും ഞെരുക്കങ്ങളും ആഭ്യന്തരമായി അപഭ്രംശവും പാഷണ്ഡോപദേശങ്ങളും നൈരാശ്യവും നിമിത്തം സഭയുടെ ഭാവി ആശങ്കാജനകമായിഭവിച്ചു. എ. ഡി. എഴുപതോടുകൂടി യെറുശലേമിന്റെ നാശം യൂദന്മാരുടെ ദേശാഭിമാനത്തെ പാടേ നശിപ്പിക്കുന്നതായിത്തീർന്നു എന്നു മാത്രമല്ല, ക്രിസ്തീയസഭകളുടെ അഭിവൃദ്ധിക്കും പുരോഗമനത്തിനും കൂടെ ഇത്ര പറയത്തക്ക വിഘാതമുണ്ടാക്കാതിരുന്നില്ല. അതുവരെ സഭക

ളുടെ അഭിവൃദ്ധി കേന്ദ്രസ്ഥാനമായ യെരുശലേമിനെ ആശ്രയിച്ചായിരുന്നു. അപ്പോസ്തോലിക കൂട്ടത്തിൽ ശേഷിച്ചവരായി വചനത്തിന്റെ ദൃക്സാക്ഷികളുടെ അധിവാസസ്ഥലവും, മാതൃസഭയുടെ ആസ്ഥാനവും വിശ്വാസത്തിന്റെ അന്തിമ അധികൃതത്വവും യെറുശലേം ആയിരുന്നു. എന്നാൽ യെറുശലേം നാശത്തോടുകൂടെ സഭ ഛിന്നഭിന്നമാകയും സഭയുടെ ഐക്യം മുഴുവൻ ശിഥിലീഭവിക്കയും ചെയ്തു. പിന്നീടു്, അന്ത്യോക്യ, അലക്സന്ത്രിയ, റോമാ എന്നിങ്ങനെ പുതിയ കേന്ദ്രസ്ഥാനങ്ങൾ ഉത്ഭവിക്കുകയും സഭയുടെ നായകത്വം അവരിൽ ഓരോ കൂട്ടർ അവകാശം പറഞ്ഞുതുടങ്ങുകയുംചെയ്തു. എങ്കിലും തൽക്കാലം ഓരോ സഭകളും താനേതന്നെ നിന്നുവന്നു. അതു മാത്രവുമല്ല അക്കാലത്തുണ്ടായിരുന്ന യേശുവിന്റെ പിൻഗാമികൾ ഓരോന്നായി പരലോകപ്രാപ്തരാകയും അങ്ങനെ ഗലീലയിലെ മുൻ ചരിത്രത്തോടു സംബന്ധിപ്പിച്ചുവന്ന ശൃംഖലയുടെ കണ്ണികൾ കുറഞ്ഞുകുറഞ്ഞു വരികയും ഒടുവിൽ എഫേസൊസിലെ ഈ വൃദ്ധനായ ഒരു മാത്രം ശേഷിക്കയും ചെയ്തു. പിന്നീടു യൂദമതത്തോടുള്ള സംബന്ധത്തിൽനിന്നും സഭ വിമുക്തയായി സ്വാതന്ത്ര്യം പ്രാപിച്ചു സാമ്രാജ്യത്തിന്റെ അഥവാ ലോകത്തിന്റെ ഏക സഭയായിത്തീർന്നു. യേശുവിനെക്കുറിച്ചു ജഡപ്രകാരമുള്ള അറിവിനാലും അവന്റെ മനുഷ്യത്വത്തെക്കുറിച്ചുള്ള സ്മരണയിൽ ഭാഗഭാക്കായിരിക്കുന്നതുകൊണ്ടും അല്ല സഭയുടെ ഐക്യം നിലനിന്നുപോന്നതു്. പിന്നെയോ അദൃശ്യമായ ശിരസ്സിനോടു സ്ഥായിയായ ബന്ധം മൂലം പരസ്പരം സഭകൾ സംബന്ധിക്കപ്പെട്ടിരുന്നതുകൊണ്ടു മാത്രമാണ് ഈ ഐക്യം നിലനിന്നുപോന്നതു്.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനസംവത്സരങ്ങൾ ഉപദ്രവങ്ങളുടെ ഒരു കാലമായിരുന്നു. ആദ്യമായി ഈ കാലത്താണ് ക്രിസ്തുമാർഗ്ഗം സമുദായത്തിൽ ഉയർന്നനിലയിൽ ഇരുന്ന വകുപ്പുകളിൽ പ്രവേശിച്ചുതുടങ്ങിയതു്. അവരുടെ ശ്രദ്ധ ഈ നവീനമതത്താൽ ആകർഷിക്കപ്പെട്ടു. നീറോ (എ. ഡി. 55—68) യുടെ കാലത്തു് ക്രിസ്ത്യാനികൾ അന്യരുടെ അപരാധങ്ങൾ വഹിക്കുന്ന ആടു (scapegoat) കളായിത്തന്നെ തീർന്നു. ഡൊമിഷ്യൻ ചക്രവർത്തി (എ. ഡി. 89-98) യുടെ കാലത്തും തുടർന്നു വന്ന രണ്ടു ശതാബ്ദങ്ങളിലും സാമ്രാജ്യമെങ്ങും പീഡനംമൂലം സഭയെ ഇല്ലാതാക്കുകയെന്ന ഈ നയം സ്വീകരിച്ചു തുടർന്നുവന്നു. ഈ നിയമം അനുസരിച്ചു ക്രിസ്ത്യാനിയായിരിക്കയെന്നുള്ളതുതന്നെ കുറ്റകരമാണെന്നു വന്നുകൂടി. പല സ്ഥലങ്ങളിലും ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിനു മുന്നിട്ടു നിന്നിരുന്നതു യൂദന്മാരായി

രുന്നു. ആദിമശതാബ്ദത്തിന്റെ ഏകദേശം മധ്യകാലത്തു യൂദരെ സംബന്ധിച്ച് "അവർ ദൈവത്തെ പ്രസാദിപ്പിക്കാത്തവരും സകല മനുഷ്യൎക്കും വിരോധികളും ആണെന്നു കഠിനമായ പരുഷവചനങ്ങളിൽ പൌലൂസ്സ് തന്നെ എഴുതിയിരിക്കുന്നതായിക്കാണുന്നു (1 തെസ്സ 2: 14-16). യഹൂദന്മാർ ക്രിസ്ത്യാനികളെക്കുറിച്ചു ലോകമെങ്ങും ആക്ഷേപവചനങ്ങൾ പ്രചരിപ്പിക്കുന്നുവെന്നും സൌകൎയ്യവും പ്രാപ്തിയും ലഭിക്കുമ്പോഴെല്ലാം അവരെ വധിക്കയും ചെയ്യുന്നുവെന്നും ജസ്റ്റിൻ മാർട്ടർ (Justyn Martyr) പറയുന്നു. യൂദന്മാരെയും ക്രിസ്ത്യാനികളെയും കൂടെ റോമൻ അധികാരികൾ പരസ്പരം പിശകി ധരിച്ചുവന്നതു മൂലമായിരിക്കണം രണ്ടു കൂട്ടരും തമ്മിൽ ഇത്ര കഠിനമായ ദ്വേഷത്തിന് ഹേതുവായിവന്നതു എന്നു ചിലർ ഊഹിച്ചുവരുന്നു.

മുൻ പ്രസ്താവിച്ചിരിക്കുന്ന സംഭവങ്ങളുടെ ശേഷം ഈ പട്ടണം വളരെ കാലത്തേക്ക് പ്രശസ്തിയിൽ ഇരുന്ന ഒരു സഭയുടെ ആസ്ഥാനമായി ശോഭിച്ചുവന്നു. എഫേസ്യലേഖനം ആസ്യായിലെ സഭകൾക്കു ഒരു പൊതുലേഖനം (Circular letter) ആയിരുന്നുവെങ്കിലും എഫേസൊസ് സഭയ്ക്കുകൂടെയാണെന്നു സംശയമെന്യേ വിചാരിക്കാം. തിമഥെയോസിന്റെ ഒന്നാം ലേഖനം എഫേസൊസ്സിനെ ഉദ്ദേശിച്ചാണെന്നുള്ളതിനു സംശയമില്ല. നാലാം സുവിശേഷവും യോഹന്നാന്റെ ഒന്നാം ലേഖനവും കൊരിന്ത്യൎക്കു എഴുതിയിരിക്കുന്ന ഒന്നാം ലേഖനവും അവിടെനിന്നു ആണ് എഴുതിയിട്ടുള്ളത്. വെളിപ്പാട്ടു പുസ്തകത്തിൽ എഫേസൊസ് സഭയ്ക്കുള്ള ലേഖനം എഫേസൊസിനെ ഉദ്ദേശിച്ചാണെന്നുള്ളതിനും രണ്ടു പക്ഷമുണ്ടാകുവാനില്ല. അതുകൊണ്ടു തിരുവെഴുത്തുകളിൽ ഒരു നല്ല അംശം എഫേസൊസിന്റെ പരിതസ്ഥിതിയെ ആശ്രയിച്ചുള്ളവയാണെന്ന് സ്പഷ്ടമാണ്.

ക്രി. പി. 431-ൽ ഒരു ആകമാനസുന്നഹദോസ് നെസ്തോറിന്റെ വേദവിപരീതോപദേശങ്ങളെ ഖണ്ഡിക്കുന്നതിനായി എഫെസൊസിൽ കൂടീട്ടുള്ളതായി കാണുന്നുണ്ട്. അനന്തരം 18 വർഷങ്ങളുടെ ശേഷം "മുട്ടാളന്മാരുടെ സുന്നഹദോസ്" ("Robber Synod") എന്ന നാമധേയത്തിൽ പ്രസിദ്ധമായിരിക്കുന്ന വേറൊരു സുന്നഹദോസും അവിടെവെച്ചുതന്നെ നടന്നിട്ടുണ്ട്. എഫെസൊസിലെ ബിഷപ്പിനെ ആസ്യയുടെ പ്രധാന മെത്രാപ്പൊലീത്താ (Ex-Arch Grand Metropolitan) എന്നു നാലാം നൂറ്റാണ്ടിൽ നാമകരണം ചെയ്തിരുന്നതായി കാണുന്നു. എന്നാൽ അധികകാലം കഴിയുന്നതിനു മുൻപ് ഈ മെത്രാസനം കോൺസ്റ്റാന്റിനോപ്പിളിനോടു ചേൎക്ക

പ്പെട്ടുപോയി. എഫെസൊസ് പട്ടണത്തിന്റെ പിൽക്കാലചരിത്രം നമ്മുടെ ആവശ്യത്തിന് അത്യന്താപേക്ഷിതമാണെന്നു തോന്നുന്നില്ല. തുറമുഖം സംബന്ധിച്ചു ചെയ്ത പിശകായി ഒരു ഇഞ്ചിനിയറിംഗ് പണിമൂലവും കെയിസ്ററർ നദിയിൽക്കൂടി പ്രവഹിപ്പാൻ തുടങ്ങിയ മണ്ണു, മററു സാധനങ്ങൾ ഇവ നീക്കി തുറമുഖം ശരിപ്പെടുത്തി ഇടുന്നതിന് സൌകര്യമില്ലാതെ വന്നതുകൊണ്ടും, സമുദ്രത്തിന്റെയും നദിയുടെയും ഗതിഭേദങ്ങൾകൊണ്ടും തുറമുഖം ഉപയോഗശൂന്യമായിത്തീൎന്നുപോയി. അതുകൊണ്ടു കച്ചവടം അതോടുകൂടി അധഃപതിച്ചു.

പ്രാചീനകാലത്തു വളരെ പ്രതാപത്തോടുകൂടി ശോഭിച്ചിരുന്ന ഈ മഹാപട്ടണം ആധുനികകാലത്തു ആ സ്ഥാപനത്തിന്റെ ഒരു ഭാഗത്തുള്ള ഏതാനും കുടിലുകൾ മാത്രമായി ശേഷിച്ചിരിക്കുന്നു. ഇതിന് ഈ കാലത്തുള്ള നാമം Ayasaluke Hagies Theolos അയിസലൂക്ക് ഹാഗിയസ് തിയോലാസ് (ദിവ്യ ഉപദേഷ്ടാവായ വിശുദ്ധ യോഹന്നാൻ എന്നൎത്ഥം) എന്നാണ്.

Chapter III

Heresise-(Occasion for Writing)

മൂന്നാം അദ്ധ്യായം.

ദുരുപദേശങ്ങളും സുവിശേഷ പ്രമേയാവസരവും.

എഫെസൊസ് സഭയിൽ ആഭ്യന്തരമായി ഉണ്ടായിട്ടുള്ള ഭിന്നതകളും അസത്യോപദേശങ്ങളും ബാഹ്യമായ അന്ധതമസ്സിനെ വൎദ്ധിപ്പിച്ചു. ഇതിന്റെ ആദിമരൂപം എഫെസൊസിലെ ജിജ്ഞാസയുടെ ആത്മാവിൽനിന്നും തത്വജ്ഞാന അഭ്യസനത്തിൽനിന്നുമാണ് ഉണ്ടായതു്. ആദിമനൂററാണ്ടിന്റെ അവസാനത്തിനു മുൻപുതന്നെ സഭ അനന്തരകാലത്തിൽ (Gnosticism) എന്നു് അറിയപ്പെട്ടിരുന്ന മതത്തെ അഭിമുഖീകരിക്കേണ്ടതായി വന്നു. ഈ പ്രപഞ്ചത്തെയും ഇന്ദ്രിയവൎഗ്ഗങ്ങളെയും ദൈവത്തിൽനിന്നു എത്ര വിസ്താരമായി പിരിക്കാമോ അത്രയും വലിയ പിരിവുണ്ടാക്കുന്നതിനുള്ള ഒരു ശ്രമം യവനതാത്വികന്മാരുടെ ഇടയിൽ എപ്പോഴും ഉണ്ടായിരുന്നതായി കാണുന്നു. ദൈവം ആത്മാവും പാപരഹിതനും ആണ്. സ്ഥൂലവസ്തുക്കൾ അശുദ്ധവും ദോഷസങ്കലിതവും ആണ്. ആ മതക്കാർ അതുകൊണ്ടു് ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള യഥാൎത്ഥ ഐക്യം ഇല്ലാതിരുന്നുവെന്നു സമൎത്ഥിച്ചുവന്നു. അവരെ (Docetists) ഡാസററിസ്ററ്സ് എന്നു നാമകരണം ചെയ്തുവന്നു. ഈ പദത്തിന്റെ ഗ്രീക്കു ധാതു (Dokes) വിന്റെ അൎത്ഥം തോന്നൽ അഥവാ ഭാവം എന്നാണു്. ഇവരുടെ മതമനുസരിച്ചു ക്രിസ്തുവിനു് ഒരു മാനുഷികജീവിതത്തിന്റെ ഭാവം (പീഡയനുഭവിക്കുന്നുവെന്നു തോന്നിച്ചതു) മാത്രമേയുള്ളു. അതു മനുഷ്യനായ യേശുവിനെ തട്ടിയതല്ലാതെ ആത്മാവായ ക്രിസ്തുവിനെ സ്പൎശിക്കപോലും ചെയ്തിട്ടില്ല. ആത്മാവായ ക്രിസ്തു, യേശുവിന്റെ മേൽ സ്നാനത്തിങ്കൽ വന്നു ക്രൂശാരോഹണത്തിനുമുൻപു് അവനെ വിട്ടുപോകയും ചെയ്തു. ഇതായിരുന്നു അവരുടെ അഭ്യ

മതം. മറെറാരുകൂട്ടർ, ദൈവവും ലോകവും തമ്മിലുള്ള പിളപ്പ് അപരിമിതവും നിസ്സീമവും ആണെന്നും ഈ പിളപ്പിനെ തരണംചെയ്യുന്ന മധ്യസ്ഥായികളായ അനവധി ശക്തികൾ (ജീവികൾ) ഉള്ളതിൽ ഏററവും താണതും അന്തിമജീവിയും ക്രിസ്തുവായിരുന്നുവെന്നും ഉപദേശിച്ചുതുടങ്ങി. മറെറാരുകൂട്ടർ ചുററുമുണ്ടായിരുന്ന അക്രൈസ്തവ ആരാധനാസമ്പ്രദായങ്ങളും മതാഭിപ്രായങ്ങളും അല്പാല്പമായി സ്വീകരിച്ചിട്ടുള്ളവരായിരുന്നു. അവരിൽ ഈ വിശ്വാസം ഉണ്ടാകുന്നതിനു കാരണം ഇതരമതക്കാരുടെ വശീകരിക്കുന്ന ഉപക്രമ ആരാധനകളും വിശുദ്ധവിരുന്നുകളും മാനസികശക്തികളെക്കാൾ കാഴ്ചയ്ക്കു് ആകർഷണീയമായ കർമ്മങ്ങളും അവരുടെ മന്ത്രതന്ത്രങ്ങളും മററും ആയിരുന്നു. ഈ വകക്കാർ ക്രിസ്തുമാർഗ്ഗത്തിലുള്ള വിശുദ്ധകർമ്മങ്ങൾക്കും ഈ മാന്ത്രികസമ്പ്രദായം അനുസരിച്ചു നമുക്കു വിശ്വാസമില്ലെങ്കിലും ദൈവത്തോടു നമ്മെ സംബന്ധിപ്പിക്കുന്നതിന് അവയിൽ ഒരു മാന്ത്രികശക്തിയുണ്ടെന്നു ഭാവിച്ചും ഉപദേശിച്ചുംവന്നു. ഈ നന്മ, ക്രിസ്തുവിൽകൂടി ക്രിസ്തുവിന്റെ (പ്രകൃതി) സാദൃശ്യത്തോട് അനുരൂപമാകുന്നതുകൊണ്ടു മാത്രമേ നാം ദൈവത്തോടു സംയോജിച്ചിരിക്കുന്നുവെന്നുള്ളതിനു സാക്ഷിയുണ്ടാകുകയുള്ളു. അവയ്ക്കുമാത്രമേ ദൈവമുൻപാകെ ഒരു സ്വീകാര്യനില നമുക്കു തരുവാൻ കഴികയുള്ളു. ഈ പരമസത്യം ഇവർ വിസ്മരിപ്പിച്ചുകളഞ്ഞു. അതുകൊണ്ടു വായുമണ്ഡലം തന്നെയും സംശയപ്രശ്നങ്ങൾ, ഗുണദോഷനിരൂപണങ്ങൾ, തത്വവാദപ്രതിവാദനങ്ങൾ ഇവകൊണ്ടു സങ്കീർണ്ണമായി മനുഷ്യർ യഥാർത്ഥക്രിസ്തുവിനെ വിട്ടു ഒരു കല്പിത ക്രിസ്തുവിനെ ആരാധിപ്പാൻ ഇടയാക്കി.

ഇവയെല്ലാററിന്റെയും മധ്യത്തിൽ വി: യോഹന്നാൻ ഉപദേഷ്ടാവ് അദ്ദേഹത്തിന്റെ സ്മരണയിൽ ഇരുന്നതും മററുള്ളവരിൽനിന്നു കേട്ടിട്ടുള്ളതും ദീർഘകാലത്തെ ശുശ്രൂഷയും സംസർഗ്ഗവുംമൂലം അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള അനുഭവത്താൽ അറിഞ്ഞിട്ടുള്ളതുമായ യേശുക്രിസ്തുവിലുള്ള ദിവ്യമർമ്മത്തെക്കുറിച്ചു വിചിന്തനം ചെയ്തു ശാന്തമായി തന്റെ വഴിയെ അനുധാവനം ചെയ്തുപോന്നു. ഒടുവിൽ അക്കാലത്തെ പ്രശ്നങ്ങൾക്കും ഖണ്ഡനങ്ങൾക്കുമെല്ലാം അദ്ദേഹത്തിനു സമാധാനം ലഭിച്ചുവെന്നു തനിക്ക് നല്ലബോധ്യമായി. ആയതു് തന്റെ പഠനംകൊണ്ടു് തനിക്ക് കാണുവാൻ സാധിച്ച കർത്താവിന്റെ ഈ ലോകജീവിതംതന്നെ. അതു് അവർക്ക് മനസ്സിലാകത്തക്ക ഭാഷയിലും വാക്കുകളിലും എഴുതിയാൽ പലവിധത്തിലും അകലചിന്തരായിരിക്കുന്ന ക്രിസ്ത്യാനികൾ അതു വിശ്വസിച്ചു സമാധാനം പ്രാപിക്കും എന്നു അയാൾ കണ്ടു. ചിലർ പീഡകൾകൊണ്ടു വ്യാകുലപ്പെടുന്നവരാണ്.

അവരെ പീഡിപ്പിക്കുന്ന യൂദന്മാർ ഒന്നാമതു ക്രിസ്തുവിനെ നിരസിച്ചു അവനെ വധിച്ചുവെങ്കിലും അവൻ വീണ്ടും ഉയിർത്തുവെന്നു അവർ സ്മരിച്ചുകൊള്ളട്ടെ. സഭയുടെ ഭാവിയെ സംബന്ധിച്ച് ആകുലചിന്തയുള്ളവർ ക്രിസ്തു നമ്മെ വിട്ടുപോയിയെങ്കിലും അവൻ ആത്മാവിൽ ഇപ്പോഴും സഭയോടുകൂടെ ഇരുന്നു സഭയെ നയിപ്പിക്കയും ഉപദേശിക്കയും ശക്തീകരിക്കയും ചെയ്യുന്നു എന്നു പഠിക്കട്ടെ. അവർ വിശ്വസിക്കേണ്ട ക്രിസ്തു ഒരു യഥാർത്ഥമാനുഷികക്രിസ്തു, മനുഷ്യരുടെ ഇടയിൽ മനുഷ്യരെപ്പോലെ ജീവിച്ചവൻ, ജഡമായിത്തീർന്നവൻ, എങ്കിലും അവൻ അതിനെക്കാൾ ഉന്നതൻ, അവൻ നിത്യനായവൻ, അവൻ മുഖാന്തിരം ദൈവം ലോകത്തോടു ഇടപെട്ടുകൊണ്ടിരുന്നു. അവനു പിതാവിന്റെ അടുക്കൽ എപ്പോഴും പ്രവേശനം അല്ലെങ്കിൽ ഉപഗമനം ഉണ്ടായിരുന്നു. അവൻമൂലം അവന്റെ അനുയായികൾക്കും മററു മദ്ധ്യസ്ഥന്മാരുടെ സഹായമോ ആവശ്യമോ ഇല്ലാതെ ദൈവത്തെ അറിവാൻ കഴിയും എന്നു വിശ്വസിക്കേണ്ടതാകുന്നു.

അദ്ദേഹം ദീർഘകാലം ഈ സത്യങ്ങൾ അവരോടു പ്രസംഗിച്ചിട്ടുണ്ട്. അവന്റെ അസ്തിത്വത്തിൽ (അവനിൽ) ഒരംശം എന്നപോലെ വരുന്നതുവരെയും അനേക വർഷങ്ങൾ അയാൾ പ്രാർത്ഥനയോടും ധ്യാനത്തോടുംകൂടെ അവയെക്കുറിച്ചു പര്യാലോചിച്ചിട്ടുണ്ട്. എന്നാൽ അവൻ അവരെ വിട്ടുപിരിഞ്ഞശേഷം ആരാണ് പിന്നെ അവർക്കു ഉപദേശം കൊടുക്കുന്നത്? അതുകൊണ്ട് അന്ത്യത്തിൽ സഭയ്ക്കു മുഴുവനും പ്രയോജനപ്പെടത്തക്കവിധത്തിൽ അവന്റെ ധനം ഇരിക്കേണ്ടതിന് അവ സകലതും ഉത്തമമായവിധത്തിൽ ഗ്രഹിച്ചിരുന്ന പിൻഗാമികളിൽ ഒരാളിനെ വിളിച്ച് അവനെ ഭരമേല്പിച്ചു. ആ ശിഷ്യൻ അവന്റെ ഗുരുവിൽനിന്നു കേട്ടതനുസരിച്ചു രേഖപ്പെടുത്തി. ഇതെന്തിനാണ് എഴുതിയിരിക്കുന്നതെന്നും അദ്ദേഹം നമ്മോടു പറയുന്നുണ്ട്. "യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് നിത്യജീവൻ ഉണ്ടാകേണ്ടുന്നതിനും ഇതു എഴുതിയിരിക്കുന്നു.

Chapter IV

Character, Contents and Style.

നാലാം അദ്ധ്യായം

സുവിശേഷത്തിൻെറ സ്വഭാവം, പൊരുളടക്കം, രചനാരീതി.

നാലാം സുവിശേഷത്തിൻെറ ഗ്രന്ഥകാരൻ അതിൻെറ ആദിമ വായനക്കാരെ സംബന്ധിച്ച് ഉദ്ദേശിച്ചിരുന്നതുപോലെ ഈ സുവിശേഷം യേശുക്രിസ്തുവിൻെറ മറ്റു ജീവചരിത്രരേഖകളിൽനിന്ന് ലഭിച്ചിട്ടുള്ള അറിവിൻെറ പ്രകാശത്തിൽവെച്ചുകൊണ്ടാണ് നാം വായിച്ചുവരുന്നത്. വളരെ വളരെ ആയാസത്തോടുള്ള വിചിന്തനത്തിനു ശേഷം മാത്രമേ ഈ സുവിശേഷം മുൻ സുവിശേഷങ്ങളിൽനിന്നു വ്യത്യസ്തപ്പെട്ടു താനേതന്നെ (സ്വതന്ത്രമായി) നില്ക്കുന്ന ഒരു സുവിശേഷമാണെന്ന് വിചാരിക്കുന്നതിനു കഴികയുള്ളു. യേശുവിനെക്കുറിച്ചു യാതൊരറിവും ലഭിച്ചിട്ടില്ലാത്ത ഒരുവൻ, ഒരു ഹൈന്ദവൻ എന്നിരിക്കട്ടെ; ഈ സുവിശേഷത്തിൻെറ ഒരു പ്രതി വാങ്ങി, ഇതിൽ എന്തെല്ലാമാണ് പറഞ്ഞിരിക്കുന്നത് എന്നു വായിച്ചറിയുന്നതിനു ശ്രമിക്കുന്നതായി നമുക്കു വിചാരിക്കാം. ഓരോ തിരിവിങ്കലും മുൻ വിവരണമില്ലാത്ത ചില സംഗതികളും, അവനു മുൻ അറിവു ലഭിച്ചിട്ടില്ലാത്ത ചില സംഭവങ്ങളെയോ സംഗതികളെയോ കുറിച്ചുള്ള ചില സൂചനകളും ആവർത്തിച്ചാവർത്തിച്ചു വരുന്നതുമൂലം ശരിയായ ജ്ഞാനം ലഭിക്കുന്നതിനു കഴിവില്ലാതെ അവൻ കുഴങ്ങുന്നതായി കാണാം. അതുകൊണ്ട് ഈ ചരിത്രത്തിൻെറ കേന്ദ്രമായ കർത്താവിൻെറ ശരിയായ ഒരു ചിത്രം (രൂപം) കിട്ടുന്നതു അവനു് അസാധ്യമായിത്തീരുന്നു. ഇതു തെളിവാകുന്നതിനായി മുൻ സുവിശേഷങ്ങളിൽനിന്നു ക്രിസ്തുവിൻെറ ഒരു ജീവചരിത്രസംക്ഷേപം കൂട്ടിച്ചേർത്ത് അതും ഈ സുവി

ശേഷത്തിലുള്ള സംഗതികളുമായി നമുക്കു തുലനം ചെയ്തുനോക്കാം. അപ്പോൾ ഇതു നമുക്കു വ്യക്തമാകും. മുൻ സുവിശേഷങ്ങളിൽനിന്നു പിന്നാലെ പ്രസ്താവിക്കുന്നതുപോലെയുള്ള സംഗതികൾ കൂട്ടിച്ചേർക്കാൻ സാധിക്കുന്നതാണ്. യേശുവിന്റെ ജനനം, നസറേത്തിലുള്ള അവന്റെ വളർച്ച, നാലു ശിഷ്യന്മാരെയും അനന്തരം പന്ത്രണ്ടു ശിഷ്യന്മാരെയും വിളിക്കുന്നതു്, അവന്റെ "അധികാരത്തെ" പ്രദർശിപ്പിക്കുന്നതായ അനേകം അത്ഭുതപ്രവൃത്തികൾ, ഉപമകൾ മൂലമുള്ള അവന്റെ ഉപദേശം, പരസ്യശുശ്രൂഷയുടെ ഏകദേശം മദ്ധ്യഭാഗത്തു യേശു മശിഹയാണെന്നു പത്രോസ് സമ്മതിച്ചു പറയുന്നതു്, അവന്റെ മരണത്തെക്കുറിച്ചുള്ള പ്രവചനം, ഭയങ്കരമായ അവസാനനാശം, ന്യായവിധി ഇവയെക്കുറിച്ചുള്ള പ്രവചനങ്ങൾ, ഭാവിസംഭവപ്രകാശനങ്ങൾ, യെരുശലേമിലേയ്ക്കുള്ള പ്രവേശനം, ഗെത്ശെമനതോട്ടത്തിലെ വ്യഥ, യൂദായുടെ ഒററിക്കൊടുക്കൽ, മഹാപുരോഹിതന്റെ സന്നിധിയിലുള്ള വിസ്താരം, ക്രൂശാരോഹണം, മരണം, ഉയിർപ്പു്, സ്വർഗ്ഗാരോഹണം ഇങ്ങിനെ സർവ്വപ്രധാനമായ സംഗതികൾ ആദ്യസുവിശേഷങ്ങളിൽ കാണുന്നു. ഇവ ഓരോന്നിനെപ്പററിയും ഈ സുവിശേഷത്തിൽ എന്തെല്ലാം പ്രസ്താവിച്ചിരിക്കുന്നുവെന്നു പരിശോധിക്കാം.

1. യേശുവിന്റെ ജനനവൃത്താന്തം യാതൊന്നും ഈ സുവിശേഷത്തിൽ കാണുന്നില്ല. അവൻ യോസേപ്പിന്റെ പുത്രനെന്നുള്ള സാധാരണ ജനങ്ങളുടെ ധാരണ ഇതിലും കാണുന്നുണ്ടെങ്കിലും അതിലുള്ള പിശകു തിരുത്തുന്നതിനുള്ള യാതൊരു ശ്രമവും ഗ്രന്ഥകാരൻ ചെയ്യുന്നില്ല. (1: 456. 42.)

2. യേശു നസറേത്തിൽ താമസിച്ചിരുന്നുവെന്നുള്ള വസ്തുവും സംബന്ധിച്ച യാദൃഛികമായ ഒരു സൂചന കൊടുത്തിട്ടുള്ളതല്ലാതെ മറെറാന്നും കാണുന്നില്ല (1: 46)

3. യോഹന്നാൻ മൂലമുള്ള സ്നാനത്തെ സംബന്ധിച്ചു് ഈ സുവിശേഷത്തിൽ യാതൊന്നുംതന്നെ പറയുന്നില്ല. യോഹന്നാൻ സ്നാനപ്പെടുത്തിക്കൊണ്ടിരുന്നു. യേശു അവന്റെ അടുക്കൽ വന്നു എന്നു മാത്രം പറയുന്നു. യേശു സ്നാനം ഏററു എന്നു മററു സുവിശേഷങ്ങളിൽ പ്രസ്താവിക്കാതെ ഇരുന്നുവെങ്കിൽ അതിനെ സംബന്ധിച്ചു് അറിയുന്നതിനു യാതൊരു വഴിയും നമുക്കു് ഇല്ലാതെവരുമായിരുന്നു.

4. ഗലീലയിൽവെച്ചു ശിഷ്യന്മാരെ വിളിച്ചതിനെക്കുറിച്ചു് ഈ സുവിശേഷത്തിൽ യാതൊരു ലക്ഷ്യവുമില്ല. ആറു് ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നതായി ഇതിൽ കാണ്മാനുണ്ടു്. അതും യെഹൂദ്യയിൽവെച്ചാണു്. പന്ത്ര

ണ്ടേ പരെ പെട്ടെന്നു പ്രവേശിപ്പിക്കുന്നുവെന്നല്ലാതെ, അവർ ആര്? എവിടെനിന്നു വന്നു? ഇവയെക്കുറിച്ച് ഒരു സൂചനപോലും ഇല്ല.

5. ഈ സുവിശേഷത്തിൽ യേശുവിന്റെ അതിശയങ്ങൾ "അടയാളങ്ങളാണ്". അല്ലാതെ "ശക്തികൾ" അല്ലെങ്കിൽ അധികാരങ്ങൾ ഇവയുടെ ലക്ഷ്യങ്ങൾ അല്ല. അവയിൽ ഏഴു അതിശയങ്ങൾ മാത്രമേ ഈ സുവിശേഷത്തിൽ കാണുന്നുള്ളൂ. പിശാചുക്കളെ പുറത്താക്കുക, കുഷ്ഠരോഗികളെ സ്വസ്ഥരാക്കുക, ആദിയായ പല ഗണങ്ങളിൽ ഉൾപ്പെട്ട അതിശയങ്ങൾ ഇതിൽ വിട്ടിരിക്കുന്നു. (മർക്കോ 1: 32—34. 3: 10—11) ഇവയിൽ കാണുന്നതുപോലെ ആളുകൾ കൂട്ടമായി വന്നു അവനിൽനിന്നു സുഖം പ്രാപിക്കുന്നതായി ഈ സുവിശേഷത്തിൽ കാണുന്നില്ലെങ്കിലും ഈ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതിൽ വളരെക്കൂടുതൽ അത്ഭുതങ്ങൾ യേശു ചെയ്തിട്ടുള്ളതായി ഇതിൽ സമ്മതിച്ചുപറഞ്ഞിട്ടുണ്ട്. (2: 23; 7: 31). വല്ല അത്ഭുതങ്ങളും എടുത്തു വിവരിക്കുന്നെങ്കിൽ തന്നെയും അതു യേശുവിനെ സംബന്ധിച്ച് ഒരു ഉപദേശം സ്ഥാപിക്കുന്നതിനു മാത്രമായിട്ടാണ്.

6. "ഉപമകൾ" ഈ സുവിശേഷത്തിൽ കാണുന്നില്ല. ഉപമകൾക്കുപകരം "സാരോക്തികൾ" (ഗൂഢോക്തികൾ) ഇവ കാണാം. "സ്വർഗ്ഗരാജ്യം ഏതിനോടുപമിക്കാം (സാദൃശ്യപ്പെടുത്താം)" എന്നുള്ളതിനു പകരം "ഞാൻ വാതിൽ" "ഞാൻ വഴി" "ഞാൻ ലോകത്തിന്റെ വെളിച്ചം" ഈ വിധത്തിലെല്ലാം കാണുന്നു. 10-ാം അദ്ധ്യായത്തിൽ ഇടയനും ആടുകളും എന്നു പറഞ്ഞിരിക്കുന്നതിൽ ഉപമകളോടു ഒരു സാമീപ്യം നാം കാണുന്നുണ്ട്.

7. ഈ സുവിശേഷത്തിൽ "സ്നാപകനും ശിഷ്യരും" യേശുവിനെ ആരംഭത്തിൽത്തന്നെ മശിഹായെ തിരിച്ചറിഞ്ഞിരിക്കുന്നതായി നാം കാണുന്നു (1: 45, 50). പത്രോസ് യേശുവിനെ മശിഹായെന്നു സമ്മതിച്ചു പറഞ്ഞിരിക്കുന്നതു തന്നെയും വേറൊരു വിധത്തിലും സ്ഥലത്തും ആണ് എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. (6: 67—69).

8. ഈ സുവിശേഷത്തിൽ കർത്താവിന്റെ മരണത്തെക്കുറിച്ചു തെളിവായ പ്രവചനം കാണുന്നില്ല. "ഉയർത്തപ്പെടുക" മുതലായ ദ്വയാർത്ഥപ്രയോഗങ്ങൾ മാത്രമേ കാണുന്നുള്ളൂ. (3: 14, ഇത്യാദി).

9. ഗെത്സമനതോട്ടത്തിലുണ്ടായ വ്യഥ—ഇതിനെക്കുറിച്ചു ഒന്നും തന്നെ കാണുന്നില്ല.

10. യൂദ ഒറ്റിക്കൊടുക്കുമെന്നു മുൻകൂട്ടി ചില സൂചനകൾ പല സ്ഥലത്തും കാണുമാറുണ്ട് (6: 71). എങ്കിലും യൂദായും മഹാപുരോഹിതന്മാരും

തമ്മിലുള്ള കൂട്ടുകെട്ട്, അവന്റെ ചുംബനം, ഇവയെക്കുറിച്ചു ഒന്നും കാണുന്നില്ല. യൂദാ യേശുവിനെ പിടിച്ചവർക്കു മാർഗ്ഗദർശിയായിരുന്നുവെന്നു പറയുന്നുമുണ്ട്.

11. കർത്താവിനോടു കുരിശിന്മേൽ വെച്ച് ഒരു വചനവും പറഞ്ഞതായി. (ലൂക്കോ 23: 42; മർക്കോ 15: 49) ഇവയിൽ കാണുന്നതുപോലെ ഈ സുവിശേഷത്തിൽ കാണുന്നില്ല. അവൻ സംസാരിക്കുന്നതായി മാത്രമേ നാം കേൾക്കുന്നുള്ളു. അവയും മറ്റു സുവിശേഷങ്ങളിൽ പറഞ്ഞിട്ടുള്ളവയിൽനിന്ന് വ്യത്യസ്തവചനങ്ങളാണ്.

12. സ്വർഗ്ഗാരോഹണത്തെക്കുറിച്ച് ഒന്നുംതന്നെ ഈ സുവിശേഷത്തിൽ കാണുന്നില്ല.

ഇവ സൂക്ഷ്മാവലോകനം ചെയ്യുന്ന ഒരുവന് ആദ്യസുവിശേഷങ്ങളിൽനിന്ന് നാം എടുത്ത സ്വരൂപം മുഴുവൻ ഇതിൽ തകർന്നുപോയിരിക്കുന്നുവെന്നു തോന്നിപ്പോയേക്കാം. എങ്കിലും അങ്ങിനെയല്ല. മുൻ സുവിശേഷങ്ങളിലെ സംഗതികൾ ശരിയായി ധരിച്ചിരിക്കുന്നവർക്കു മാത്രമേ ഈ സുവിശേഷം ശരിയായി മനസ്സിലാക്കുവാൻ സാധിക്കയുള്ളുവെന്നും ഈ സുവിശേഷം കൊണ്ടുവന്നിട്ടുള്ള സംഗതികൾ മറ്റു സുവിശേഷങ്ങളിൽ ഏതേതു സ്ഥലങ്ങളിലാണ് ചേർക്കേണ്ടതു് എന്നറിയത്തക്ക സൂക്ഷ്മജ്ഞാനം അവർക്ക് ഉണ്ടെന്നും ഗ്രന്ഥകാരൻ തന്നെ വിചാരിച്ചിരുന്നതായി തെളിവായി കാണാവുന്നതാണ്. മറ്റെ സുവിശേഷകന്മാർ എഴുതിയിരിക്കുന്നതുപോലെ ഒരു ജീവചരിത്രം എഴുതുന്നതിന് ഈ സുവിശേഷകൻ വിചാരിച്ചിട്ടില്ല. വായനക്കാർക്ക് അറിവുണ്ടെന്ന് ആശിച്ചിരിക്കാവുന്ന സംഗതികളെ ഒരുവക ചർവ്വിതചർവ്വണം ചെയ്യുന്നതുപോലെ വീണ്ടും എടുത്തു പറയണമെന്ന് ഈ ഗ്രന്ഥകർത്താവു വിചാരിച്ചിട്ടില്ല. അയാൾ ഈ സുവിശേഷം എഴുതുന്നതിൽ തിരഞ്ഞെടുത്തിരിക്കുന്ന സാധനങ്ങളും അവയെ കൂട്ടിച്ചേർത്തിരിക്കുന്ന സമ്പ്രദായവും നോക്കുമ്പോൾ ക്രിസ്തുവിനെ നമ്മുടെ വിശ്വാസത്തിന്ന് വിഷയമായും, ദൈവത്തിന്റെ വെളിപ്പാടായും കാണിച്ചുതരികയെന്നുള്ള ഉപദേശസംബന്ധമായ ഒരുദ്ദേശം അവനുണ്ടായിരുന്നതായി കാണാവുന്നതാണ്. ഇതു് ഈ ഗ്രന്ഥത്തിൽതന്നെ കാണുന്നുമുണ്ട്. (20: 30—31) അവന്റെ ഈ ഉദ്ദേശമോ, മാതൃകയോ, എന്താണെന്ന് താഴെ പ്രസ്താവിപ്പാൻ വിചാരിക്കുന്ന സംഗതികളിൽനിന്ന് കുറച്ചുകൂടെ തെളിവായി കാണാവുന്നതാണ്.

1. ആദ്യമൂന്നു സുവിശേഷങ്ങളിലും നാലാം സുവിശേഷത്തിലും പൊതുവായി വന്നിരിക്കുന്ന ഭാഗങ്ങൾ പരസ്പരം താരതമ്യപ്പെടുത്തി ശോധന ചെയ്യുമ്പോൾ നാലാം സുവിശേഷത്തിന്റെ ഗ്രന്ഥകാരൻ അവരിൽനിന്നു വ്യത്യ

സ്തപ്പെട്ട സ്വതന്ത്രമായ ഒരു രീതിയിലാണ് സുവിശേഷം എഴുതിയിരിക്കുന്നതു് എന്നു കാണാം. മത്തായിയും ലൂക്കോസും സുവിശേഷം എഴുതുമ്പോൾ മക്കോസിന്റെ സുവിശേഷം അവക്കു സഹായമായിരുന്നുവെന്നു് അദ്ധ്യേതാക്കൾക്കു കാണാവുന്നതാണു്. ഇതുപോലെ ഒരാശ്രയം നാലാം സുവിശേഷകനില്ലായിരുന്നു. പണ്ഡിതന്മാരുടെ സൂക്ഷ്മാന്വേഷണത്തിന്റെ ഫലമായി നാലാം സുവിശേഷം എഴുതിയിരിക്കുന്നയാളിനു് മക്കോസിന്റെ സുവിശേഷത്തെക്കുറിച്ചു ശരിയായ ഒരു ജ്ഞാനവും ലൂക്കോസിന്റെ സുവിശേഷത്തെക്കുറിച്ചു് ഏകദേശമായ ഒരറിവും ഉണ്ടായിരുന്നുവെന്നുള്ളതിനു ലക്ഷ്യങ്ങൾ കണ്ടുപിടിപ്പാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ മത്തായിയുടെ സുവിശേഷം ഇയാൾ അറിഞ്ഞിരുന്നുവെന്നുള്ളതിനു യാതൊരു ലക്ഷ്യവും ഇതുവരെ കണ്ടുപിടിക്കുന്നതിനു കഴിഞ്ഞിട്ടില്ല ഇവയിൽ പൊതുവായി വന്നിട്ടുള്ള വൃത്താന്തങ്ങളിൽ പ്രധാനമായവ താഴെ വിവരിക്കുന്നവയാകുന്നു.

2: 13—19. ദേവാലയ ശുദ്ധീകരണം.
6: 1—13. അപ്പം വദ്ധിപ്പിക്കുന്നതു്.
6: 16—21. വെള്ളത്തിന്മേൽ നടക്കുന്നതു്.
12: 1—8. ബെഥാന്യയിലെ അഭിഷേകം.
12: 12—19. യെരുശലേമിലേക്കുള്ള ഘോഷയാത്ര
18—19. പീഡാനുഭവ ചരിത്രം.

ഈ ഭാഗം ഓരോന്നും തുലനം ചെയ്തു നോക്കുമ്പോൾ മുൻ പ്രസ്താവിച്ചതുപോലെ ലേഖകൻ മറ്റേ സുവിശേഷങ്ങളെ വിട്ടു കേവലം സ്വതന്ത്രമായ ഒരു രീതിയെത്തന്നെയാണു് പിൻതുടരുന്നതെന്നു കാണാം. അയാൾ അവർ പറഞ്ഞിട്ടുള്ള വൃത്താന്തങ്ങൾ തന്നെ സ്വീകരിക്കുന്നു. എന്നാൽ അവരുടെ വിവരണത്തിൽ ചിലതു വിടുന്നു; ചിലതു കൂട്ടിച്ചേർക്കുന്നു; ചിലയിടത്തു മറ്റവരുടെ എഴുത്തിൽ അവ്യക്തമായിരിക്കുന്നവയെ വിശദീകരിക്കുന്നതിനു ശ്രമിക്കുന്നുവെന്നു കാണാം. ദൃഷ്ടാന്തമായി അയ്യായിരംപേരെ പോഷിപ്പിക്കുന്ന അത്ഭുതത്തിൽ ഓരോ രംഗത്തിലും ചില പ്രധാന പാത്രങ്ങളുടെ ചുമതല വഹിച്ചിട്ടുള്ളവരുടെ പേരുകൾ എടുത്തു പറയുന്നുണ്ടെങ്കിലും അതിന്റെ ഉപക്രമപ്രവത്തകൻ ആദ്യന്തം യേശുതന്നെ ആയിരുന്നുവെന്നു കാണിക്കുന്നു. അയാൾ അറിഞ്ഞിട്ടുള്ള ഐതിഹ്യങ്ങളെ ഉപയോഗപ്പെടുത്തുകയും ചിലതു സ്മരണയിൽനിന്നു ശേഷപോഷണം ചെയ്യുകയും ചെയ്യുന്നു.

2. ഈ സുവിശേഷത്തിൽ സുപ്രസിദ്ധങ്ങളായ ഉൽസർഗ്ഗങ്ങളെ (Omission) കുറിച്ചു നമുക്കു ഇതുവരെ ഒന്നുംതന്നെ പറവാൻ തരമായില്ല. ക്രി

സ്തീയ കൂദാശകളെക്കുറിച്ചും രൂപാന്തരത്തെക്കുറിച്ചും ഇതിൽ നേരിട്ട് ഒന്നും തന്നെ പറഞ്ഞിട്ടില്ല. കരുണ, മനസ്സലിവ് മുതലായവയും, മോചനം, മനസാന്തരം, വിശ്വാസം ഈ വാക്കുകളും ഇതിൽവന്നിട്ടില്ല. എന്നാൽ ഇതിന്റെ അന്തർലീനങ്ങളായ ആശയങ്ങൾ സുവിശേഷത്തിൽ ആദ്യന്തം കാണാനുണ്ട്.

പര്യാലോചനാവിഷയമായി ഇവയിൽ ഒന്നാമത്തെ സംഗതി തന്നെ എടുത്താൽ ഗ്രന്ഥകാരന്റെ രീതിയെന്താണെന്ന് മനസ്സിലാകും. ക്രിസ്തീയ വിശുദ്ധകർമ്മങ്ങൾ (കൂദാശകൾ) സഭയിൽ നിത്യ ആചാരത്തിലും നടപടിയിലും ഇരുന്നിരുന്നു. കർത്താവാണ് അവയെ സ്ഥാപിച്ചത് എന്നുള്ളതിനും യാതൊരു സംശയവുമില്ല. അതുകൊണ്ട് അവയുടെ സ്ഥാപനങ്ങൾ സംബന്ധിച്ച് വീണ്ടും പ്രസ്താവിക്കണമെന്ന് വിചാരിക്കാതെ അവയുടെ അർത്ഥം വ്യക്തമാക്കുന്നതിനു ശ്രമിക്കുന്നു. ഇതു രണ്ടു സംഭാഷണങ്ങളിലായിട്ടു ഗ്രന്ഥകാരൻ സാധിച്ചിരിക്കുന്നു. സ്നാനം ഏതു ആഭ്യന്തരവും ആത്മികവുമായ അനുഗ്രഹത്തെ അടയാളപ്പെടുത്തുന്നുവോ ആ ആത്മീയജനനത്തെക്കുറിച്ച് (ജ്ഞാനസ്നാനം അടയാളമായിരിക്കുന്ന ആത്മികജനനം) മൂന്നാം അദ്ധ്യായത്തിൽ വിവരിക്കുന്നു. തിരുവത്താഴം (സ്തോത്രശുശ്രൂഷ—വിശുദ്ധകുർബാന) അടയാളപ്പെടുത്തുന്നതായി ക്രിസ്തുവിലുള്ള വിശ്വാസം മൂലം ഉണ്ടാകാവുന്ന പുതു ജീവന്റെ ഭക്ഷണവും പാനീയവും ആറാം അദ്ധ്യായത്തിൽ വിവരിക്കുന്നു. ഈ വിധത്തിൽ ബാഹ്യവും ചാരിത്രികവുമായുള്ളതിനെ അതിക്രമിച്ച് അതിൽനിന്നും അതിന്റെ അടിസ്ഥാനമാക്കിയും ആഭ്യന്തരവും ആത്മികവുമായതിലേയ്ക്കു ഗ്രന്ഥകാരൻ കണ്ണുകളെ ഉയർത്തുന്നു. ഇതുപോലെതന്നെ ശിഷ്യന്മാർക്കു കർത്താവിന്റെ തേജസ്സ് (മഹത്വം) രൂപാന്തരം മൂലം വെളിപ്പെടുത്തി കാണിച്ചുകൊടുക്കുകയായിരുന്നല്ലോ. എന്നാൽ ഈ സുവിശേഷത്തിൽ "മഹത്വം" ("തേജസ്സ്") സർവ്വസാധാരണയായ ഒരു വചനമാണ്. കർത്താവിന്റെ തുടരെയുള്ള വചനങ്ങളും അടയാളങ്ങളും മൂലം ഈ സുവിശേഷത്തിൽ കർത്താവിന്റെ മഹത്വത്തെ വെളിപ്പെടുത്തി കാണിക്കുന്നു (1: 14, 2: 11) ഈ വെളിപ്പാടുകൊണ്ടു രൂപാന്തരത്തിന്റെ വൃത്താന്തവും വർണ്ണനയും ആവശ്യമില്ലാതെയാകുന്നു. അനുതാപം (അഥവാ മനസാന്തരം) മരണത്തിൽനിന്നു ജീവനിലേക്കു കടക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്നുവല്ലോ. (3: 36, 5: 24) ഇതിൽ പ്രാബല്യം നല്കിയിരിക്കുന്നത് നിത്യജീവൻ എന്നുള്ളതിനാണ്. അല്ലാതെ അതു ലഭിക്കുന്നതിനുള്ള ക്രമാഗതമായ ഗതിയെ ശക്തീകരിച്ചു കാണിക്കുന്നില്ല ആദ്യ സുവിശേഷങ്ങളുടെ

തത്വങ്ങൾ എല്ലാം വൎത്തമാനകാലസംഭവങ്ങളും ബാഹ്യദൎശനവിഷയങ്ങളും
മാത്രമാണ്. എന്നാൽ ഈ സുവിശേഷത്തിൽ അവയെല്ലാം ഒരു ഉദ്ദ്യ
ത്തിലേക്ക പകൎന്നിരിക്കുന്നതായിക്കാണുന്നു. അതുകൊണ്ടു ചെറിയ സംഗ
തികൾക്കും നിഗൂഢമായ അൎത്ഥം ഗ്രഹിക്കുന്നതിനു നോക്കുന്നു. ഇങ്ങിനെ
വരുമ്പോൾ ഈ വിധത്തിൽ ഗ്രന്ഥകാരൻ ആത്മികതത്വത്തിന്മേലുള്ള ഏകാ
ഗ്രചിത്തതകൊണ്ടു് അനുല്ലംഘ്യമായ (സൂക്ഷ്മ) ചാരിത്രികസത്യത്തിൽ
നിന്നും കുറെയെങ്കിലും വ്യതിചലിക്കയോ ചാരിത്രികസത്യങ്ങളെ അഗണ്യ
മായി വിചാരിക്കയോ ചെയ്യാവുന്ന ഒരു കുഴപ്പത്തിൽ ചാടുവാൻ ഇടവരി
കയില്ലയോ എന്നൊരു ചോദ്യമുണ്ടാകാം. ചില യഥാൎത്ഥ്യങ്ങളെ മനനം
ചെയ്തു് (ആചരിച്ചു്) അവ സംഭാഷണങ്ങളിലോ വിചിന്തനങ്ങളിലോ
കൊണ്ടുവന്നിട്ടുള്ളതായി നാം മുൻപു കണ്ടുവല്ലോ. എന്നാൽ ചരിത്രസത്യ
ങ്ങളെ അവഗണിക്കാതെ ചരിത്രസംബന്ധമായ വാസ്തവസംഭവങ്ങളെക്കൊ
ണ്ടു് തന്റെ ആശയങ്ങളെ അലംകൃതമാക്കുന്നുവെന്നുള്ളതു് സംഭവ്യമല്ലയോ
യെന്നുകൂടി ആലോചിക്കണം. ലോകത്തിന്റെ ജീവൻ ക്രിസ്തുവാണെന്നുള്ള
ദൃഢവിശ്വാസമുള്ളവനാണ് ഗ്രന്ഥകാരൻ. ഈ ആശയം വിശദീകരിക്കുന്ന
തിനു ലാസറസ്സിനെ ഉയിൎപ്പിച്ച വൃത്താന്തം ക്രിസ്തുവിന്റെയും വിശ്വാസിയു
ടെയും ഉയൎപ്പിനെ കാണിക്കുന്നതിന് ഒരു രൂപകാലങ്കാരത്തിൽ ഒരുപമയെ
ന്നപോലെ എഴുതിയിരിക്കുന്നു. ഇതു് ഒരു പ്രമാണമാണെന്നുള്ള ഭാവത്തിൽ
ചില ഗുണദോഷവിചാരകന്മാർ ഈ സുവിശേഷത്തിലുള്ള സകലതും കാനാ
യിലെ അത്ഭുതം, കടലിന്മേൽ നടന്നതു്, അയ്യായിരംപേരെ പോഷിപ്പിച്ചതും
മുതലായവയെല്ലാം രൂപണമായിത്തന്നെ ഗണിച്ചു വ്യാഖ്യാനിക്കുന്നു. എ
ന്നാൽ ഈ വക വ്യാഖ്യാനം ഒരു അബദ്ധധാരണയിൽനിന്നു് ഉത്ഭവിക്കു
ന്നതാണ്. ഗ്രന്ഥകാരൻ ഓരോ സംഭവങ്ങൾക്കും സത്യങ്ങൾക്കും അഗാധ
മായ അൎത്ഥം കണ്ടുപിടിക്കുന്നതിനു ശ്രമിക്കുന്നു. എന്നാൽ അവ ഓരോന്നും യ
ഥാൎത്ഥത്തിൽ നടന്ന ചരിത്രസംഗതികളാണ്. നേരമറിച്ചു ഗ്രന്ഥകാരൻ
ആത്മിക അൎത്ഥങ്ങൾക്കുവേണ്ടി അവന്റെ ആശയങ്ങൾക്കു യോഗ്യമായ സം
ഭവങ്ങളെ പുതിയതായി സൃഷ്ടിക്കുന്നതിനു തുനിഞ്ഞു പുറപ്പെട്ടുകയായിരുന്നു
വെങ്കിൽ യേശുക്രിസ്തുവിന്റെ ചരിത്രസംബന്ധമായ മനുഷ്യികജീവിതത്തെ
ഇല്ലാതാക്കുന്നതിനു ശ്രമിക്കുന്ന കള്ള ഉപദേഷ്ടാക്കന്മാരുടെ കൈകളിൽത്തന്നെ
ഏല്പിച്ചുകൊടുക്കയാണെന്നു വരികയില്ലയോ? അവന്റെ ഉദ്ദേശം ഒരു
യഥാൎത്ഥ യേശുവിനെ വരച്ചു കാണിക്കണമെന്നാണ്. അതിനു ചരിത്ര
സംബന്ധമായി നടന്ന സംഗതികളെത്തന്നെ അവൻ എടുത്തു കാണിക്കുന്ന
തിന് നിൎബ്ബന്ധിതനാണെന്ന് തെളിവാണ്. അതുകൊണ്ടു് ഒരു യഥാൎത്ഥ

ചരിത്രമാണ് എഴുതുന്നതെന്നും നമ്മുടെ കർത്താവിന്റെ ഐഹികജീവിതം, ശുശ്രൂഷ ഇവയുടെ കാലങ്ങളിൽ യഥാർത്ഥത്തിൽ നടന്ന സംഗതികളെയാണ് അവൻ വ്യാഖ്യാനിക്കുന്നതെന്നും ഉള്ള പൂർണ്ണവിശ്വാസം എഴുത്തുകാരനുണ്ടായിരുന്നുവെന്നും നമുക്കു നിർഭയമായി പറയാവുന്നതാണ്.

ഈ സുവിശേഷത്തിലെ വിഷയസംഗ്രഹം.

ഒന്നാം അദ്ധ്യായത്തിൽ പ്രസ്താവനയുടെ ശേഷം 12-ാം അദ്ധ്യായത്തിന്റെ അവസാനംവരെ ഒരു ഭാഗവും അനന്തരം ഒരു ഭാഗവും ഇങ്ങിനെ പ്രധാനമായി രണ്ടു ഭാഗങ്ങൾ ഉള്ളതായി കാണാം.

1: 1—18 പ്രസ്താവന (ആമുഖോപന്യാസം).

1: 19—12; 50 വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും വളർച്ച.

13: 1—20: 3 അവിശ്വാസത്തിന്റെ ആക്രമണങ്ങളുടെ മേൽവിശ്വാസത്തിന്റെ വിജയം.

21-ാം അദ്ധ്യായം, സുവിശേഷം മിക്കവാറും പൂർണ്ണമായപ്പോൾ ഗ്രന്ഥകാരൻ തന്നെ ഇതു കൂടെ ചേർത്തിരിക്കുന്ന അനുബന്ധം (Appendix) ആണ് എന്നു തോന്നുന്നു.

സുവിശേഷത്തിന്റെ ആരംഭഭാഗത്തു ശിഷ്യന്മാൎക്കു പ്രത്യേകമായി യാതൊരുപദേശവും കൊടുക്കുന്നതായി കാണുന്നില്ല. ആദ്യഭാഗത്തു് വിശ്വസിക്കാത്തവരോടോ, അവിശ്വാസികളോടോ ഉള്ള ഉപദേശമാണു കാണുന്നതു്. ശിഷ്യന്മാരെ സംബന്ധിച്ച പ്രത്യേക സൂചനകൾ ഉള്ളതെല്ലാം പരസ്യമായിട്ടാണ് പറഞ്ഞിരിക്കുന്നതു്. 14 അ. മുതൽ 17-വരെയുള്ള ഭാഗത്തിലാണ് ശിഷ്യന്മാരോടു നേരിട്ടുള്ള സംഭാഷണം കാണുന്നതു്. ഈ സംഭാഷണത്തിൽ ഗ്രന്ഥകാരൻ അദ്ദേഹത്തിന്റെ വിഷയത്തോടു അനുയോജ്യമായ സകല സംഗതികളും കൂട്ടിച്ചേർത്തിരിക്കുന്നു.

രചനാരീതി.

ഗ്രന്ഥകാരന്റെ (രചനാരീതി) അത്ഭുതജനകവും അയാളുടെ ഒരു പ്രത്യേകതയായും കാണുന്നു. ഓരോ ഭാഗവും അയാൾ പ്രതിപാദിക്കുന്നതിനു ഭാവിക്കുന്ന ക്രിസ്തുവിന്റെ പ്രവൃത്തിയുടെ വിശേഷണത്തിനു അനുയോജ്യമായ ഒരു സംഭവത്തിന്റെ വർണ്ണനയോടുകൂടെയാണ് ആരംഭിക്കുന്നതു്. അനന്തരം വൃത്താന്തങ്ങളിൽനിന്നു സംഭാഷണവും അതിൽനിന്നു ചോദ്യങ്ങളും

ഉത്തരങ്ങളും എന്ന നിലയിൽക്കൂടെക്കടന്നു ക്രമേണ ഒരു ആത്മഗതഭാഷണമായി മാറുന്നു. സംവാദം തുടർന്നു പോകുമ്പോൾ ആദിമവക്താവു് കാഴ്ചക്കു മങ്ങിമങ്ങിത്തുടങ്ങുന്നു. മറ്റുള്ള പ്രധാന പുരുഷന്മാരും കാഴ്ചയിൽനിന്നു് അശേഷം മറയുന്നു സംഭാഷണത്തിന്റെ അവസാനഭാഗത്തു് യേശു സംസാരിക്കുന്നതായിട്ടല്ല, സുവിശേഷകൻ സംസാരിക്കുന്നതായിട്ടാണു് നാം കേൾക്കുന്നതു് എന്നു് തെളിഞ്ഞുവരുന്നു. ഒരു സ്ഥലത്തു് യേശുവിന്റെ ഉപദേശസംക്ഷേപം എന്ന നിലയിൽ മിക്കവാറും അർദ്ധഭാഗം വരെ വന്നശേഷം (12: 35— 50) വൃത്താന്തങ്ങളിൽനിന്നു് ഗ്രന്ഥകാരന്റെ വ്യാഖ്യാനമോ, ധ്യാനമോ, അശേഷം വേർതിരിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ അധികഭാഗങ്ങളിലും (3; 10—21, 27—36, 6: 32—51 പോലെ) ഗതിഭേദത്തിന്റെ അതിരു് അശേഷം വ്യക്തമല്ല. ഭേദഗതി സാവധാനത്തിലും അവ്യക്തമായിട്ടും ആണു് പോകാറുള്ളതു്.

സുവിശേഷത്തിന്റെ ഭാഷാരീതി വളരെ ലളിതമാണു്. ഗ്രീക്കുഭാഷ സാധാരണമായി ശ്രമഭൂയിഷ്ഠമായ വാക്യങ്ങളും അനേക ഉപവാക്യങ്ങളും ചേർത്തു സുദീർഘമായി എഴുതാൻ കഴിയുന്നതാണു്. എന്നാൽ ഈ സുവിശേഷത്തിൽ ചെറിയ ചെറിയ വാചകങ്ങളാണു് ഭൂരിപക്ഷവും. ഉപവാചകങ്ങൾ വളരെ കുറവാണു്. തിരഞ്ഞെടുത്തിരിക്കുന്ന വാക്കുകൾ സർവസാധാരണയായി ഉപയോഗത്തിൽ ഇരുന്നവയുമാണു്. രചനാരീതി നോക്കിയാൽ ഗ്രീക്കിനേക്കാൾ എബ്രായഭാഷാ[illegible]ാണു് അധികം ചേർച്ചയെന്നു കാണാം. ഇതുമൂലം ഈ സുവിശേഷം അർമായിക്കു് ഭാഷയിൽ പ്രസിദ്ധം ചെയ്തിരുന്ന ഒരു പുസ്തകത്തിന്റെ ഭാഷാന്തരമാണെന്നു് പലരും അനുമാനിക്കുന്നു. ഇതിനു് ഒരു വക ന്യായമുണ്ടെന്നു തോന്നിയാലും അതു് ഇതുവരെ ശരിയായി തെളിയിക്കുന്നതിനു കഴിഞ്ഞിട്ടില്ല. ഈ സുവിശേഷം അർമെയിക്കു് ഭാഷയിൽ വിചിന്തനംചെയ്തു വന്ന ഒരാൾ ഗ്രീക്കുഭാഷയിൽ എഴുതിയിട്ടുള്ളതോ അഥവാ അർമെയിക്കു് ഭാഷയിൽ ഗുരു സംസാരിച്ചു കേട്ടിട്ടുള്ളതിനെ ഗ്രീക്കുഭാഷയിൽ കഴിയുന്നതും ശരിയായി എഴുതിയിട്ടുള്ളതോ ആയിരിക്കണമെന്നു് അനുമാനിക്കുന്നതാണു് കുറേക്കൂടി യുക്തിപൂർവം എന്നു തോന്നുന്നു. ഈ സുവിശേഷം ഒരു വയോവൃദ്ധന്റെ പുസ്തകമാണു്. വാചകങ്ങൾ നിർവിഘ്നമായും ധാരാളമായും ഒഴുകുന്നതിനു പകരം ഒരു മഹാമനസ്സിന്റെ ദീർഘവിചിന്തനത്തിൽനിന്നു് വാചകം വാചകമായി സ്രവിക്കുന്നതാണെന്നു തോന്നുന്നു. പുസ്തകത്തിന്റെ ഓരോ ഭാഗത്തും ഗ്രന്ഥകാരന്റെ മനസ്സു് പതിഞ്ഞുകാണുന്നു വൃത്താന്തവും സംഭാഷണവും തമ്മിൽ

ഭാഷയിൽ ഒരു വ്യത്യാസവും കാണുന്നില്ല. മററ സുവിശേഷങ്ങളിൽ കാണുന്നതുപോലെ കവിപ്രോക്തി (അഥവാ സരസോക്തി), ഹൃദയഭേദകമായ വിപരീതോക്തി, അനുയോജ്യമായ ഉപമ, ചേതോഹരമായ വൎണ്ണനകൾ മുതലായി ശോഭയേറിയ വിവിധവൎണ്ണങ്ങൾ ഒന്നും കാണ്മാനില്ല. എല്ലാം ഏകസ്വരത്തിലുള്ള ഒരു ഗതി മാത്രമേയുള്ളു. ഈ സുവിശേഷം മററ സുവിശേഷങ്ങളെപ്പോലെ ചേതോഹർഷമാണ്. എന്നാൽ ആ ചേതോഹർഷ നില മുൻ സുവിശേഷങ്ങളിൽനിന്നു വ്യത്യസ്തമായ ഒരു ഗതിയിൽക്കൂടെ പുനരാവൎത്തിമൂലം സാധിച്ചിരിക്കുന്ന ആദിമദൃഷ്ടിക്ക് അധിക സംഭാഷണങ്ങളും വിശേഷവിധിയായി ഏകരാഗം തന്നെയാണെന്നു തോന്നും. ഒരേവക വിഷയങ്ങൾ, ഒരേ വാദാനുവാദം, ഒരേവിധ പദങ്ങൾ—അവയും വീണ്ടും വീണ്ടും ആവൎത്തിച്ചിരിക്കുന്നതായി തോന്നും. എന്നാൽ സൂക്ഷ്മമായ അധ്യയനംകൊണ്ട് മാത്രമേ ഇതിന്റെ ശരിയായ മാതൃക കാണുന്നതിനു തുടങ്ങുകയുള്ളു. അപ്പോൾ ഒരു പാട്ടിലെ വിഷയാനുവൎത്തനംപോലെ വചനങ്ങളുടെ പുനരാവൎത്തനം ന്യായവും ആവശ്യവുമാണെന്നു കണ്ട് അഭിനന്ദിക്കുന്നതിനു തുടങ്ങും.

നാലാമത്തെ സുവിശേഷത്തിലെ ഉപദേശം ഒരു വലിയ ഗണം വാക്കുകളെ ആശ്രയിച്ചാണിരിക്കുന്നത്. അവ തുടരെത്തുടരെ ഈ സുവിശേഷത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഈ വാക്കുകളുടെ ശരിയായ വിശദീകരണം മൂലമേ ഇതിലെ ഉപദേശം ഗ്രഹിപ്പാൻ കഴികയുള്ളു. ഈ വാക്കുകൾ മുൻ സുവിശേഷങ്ങളിൽ ഉപയോഗിച്ചിട്ടില്ലെന്ന് ആരും ധരിക്കയില്ലെന്നു വിചാരിക്കുന്നു. ഈ സുവിശേഷത്തിൽ ഇവ സാധാരണയാണെന്നു മാത്രം ധരിച്ചാൽ മതിയാകും. ഇവയാണ് ഈ സുവിശേഷത്തെ ആദ്യന്തം സംബന്ധിപ്പിച്ച് ഒന്നാക്കി ചേൎത്തിരിക്കുന്നത്.

വെളിച്ചം (പ്രകാശം), ജീവൻ, സ്നേഹം, സാക്ഷി, മഹിമ (തേജസ്സ്,) മഹത്വീകരിക്ക, സത്യം, ലോകം, വസിക്കുക, (പരിശുദ്ധ) ആത്മാവ്, വിശ്വസിക്ക, അറിയുക, വിധിക്കുക, ന്യായവിധി ഇവയാണ് ഇതിൽകാണുന്ന പ്രധാന വാക്കുകൾ ഇവ ഓരോന്നും ആവൎത്തിക്കുന്ന സമയം സൂക്ഷ്മമായി നോക്കി യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ കാണുന്ന ഈ വാക്കുകളോടുതന്നെ കൂട്ടി താരതമ്യപ്പെടുത്തണം. ഈ വചനങ്ങളുടെ പഠനംകൊണ്ടു അവയുടെ ശരിയായ അൎത്ഥം മനസ്സിലാക്കുന്നതുകൊണ്ടും മാത്രമേ എഴുത്തുകാരൻ നമ്മെ വരച്ചു കാണിക്കുന്നതിന് ആഗ്രഹിക്കുന്ന ഗുരുവിന്റെ ശരിയായ ചിത്രം നമുക്കു കാണ്മാൻ സാധിക്കയുള്ളു.

Chapter V

Our Lord in the Gospel.

അഞ്ചാം അദ്ധ്യായം

ഈ സുവിശേഷത്തിൽ നമ്മുടെ കർത്താവിനെ സംബന്ധിച്ചുള്ള വിവരണം.

നാലാം സുവിശേഷം പ്രത്യക്ഷപ്പെടുത്തിക്കാണിക്കുന്ന യേശുവിന്റെ ചിത്രത്തിലാണ് ആ സുവിശേഷത്തിലെ വികല്പവിഷയം സ്ഥിതിചെയ്യുന്നത്. ഈ സുവിശേഷത്തിന്റെ ആദിമ വായനക്കാർക്കുണ്ടായിരുന്നതുപോലെ മറ്റു സുവിശേഷങ്ങളിൽനിന്നും നമ്മുടെ മനസ്സുകളിൽ ഉണ്ടായിട്ടുള്ള യേശുവിന്റെ ചിത്രം, (യേശുവിനെ സംബന്ധിച്ച ധാരണ) ഈ നാലാമത്തെ സുവിശേഷ പാരായണംകൊണ്ടു ദൃഢീകരിക്കപ്പെടുകയോ, വിശേഷതപ്പെടുകയോ അഥവാ നമ്മിൽ പ്രതിഷേധാഭിപ്രായം ജനിപ്പിക്കുകയോ ചെയ്യുന്നുണ്ടോ? വ്യത്യാസങ്ങൾ വളരെ ആണെന്നും, അവ സാരമായ വ്യത്യാസങ്ങളാണെന്നും, അവയ്ക്കു രണ്ടിനും തമ്മിലുള്ള ഈ വ്യത്യാസങ്ങൾ ചരിത്രസംബന്ധമായ വിവരണങ്ങളിലല്ലാ മനോഭാവപ്രദർശനങ്ങളിലും സ്വഭാവവിവരണങ്ങളിലുമാണെന്നും, അതുകൊണ്ടു രണ്ടുവക സുവിശേഷങ്ങളും വാസ്തവമായിരിപ്പാൻ പാടില്ലെന്നും അനേക വായനക്കാർക്കും തോന്നിപ്പോകുന്നു. അതിനാൽ ഭൂരിപക്ഷക്കാരും ആദ്യത്തെ മൂന്നു സുവിശേഷങ്ങളെയാണ് സ്വീകാരയോഗ്യവും വിശ്വാസയോഗ്യവുമായി ഗണിച്ചുവരുന്നത്. നേരേമറിച്ച് അനേക ശതാബ്ദങ്ങളുടെ ക്രിസ്തീയഅനുഭവത്തിന് ഈ സുവിശേഷത്തിൽ ഒരു പ്രത്യേക ആനന്ദവും, ക്രിസ്തുവിനെ സംബന്ധിച്ച് അഗാധമായ ജ്ഞാനവും കണ്ടുകിട്ടുന്നതിന് ഇടവന്നിട്ടുണ്ട് എന്നുള്ളതു് പ്രത്യേകം സ്മരണീയമാണ്. സുവിശേഷം വായിക്കുമ്പോൾ താനേ ഒരു അഭിപ്രായം വായനക്കാർക്ക് രൂപപ്പെടുത്തുന്നതിന് സഹായങ്ങളായ ഏതാനും ചില സൂചനകൾ ഈ അദ്ധ്യായത്തിൽ കൊടുക്കുന്നുമെന്നല്ലാതെ കൂടുതൽ യാതൊന്നും ഇതിൽ ചെയ്യുന്നുമെന്നു വിചാരിക്കുന്നില്ല.

ഒന്നാമതായി ഈ സുവിശേഷത്തിൽ മനുഷ്യത്വത്തോടുകൂടിയ ഒരു യഥാർത്ഥ മനുഷ്യന്റെ ചിത്രം വരച്ചു കാണിക്കുന്നതിനാണ് ഉദ്യമിക്കുന്നതെന്നുള്ളതു് പ്രത്യേകം ശ്രദ്ധാർഹമാണ്. അവൻ ക്ഷീണനായിരുന്നു (4: 6), ചോദ്യങ്ങൾ ചോദിക്കുന്നു (11: 34), ഉള്ളം നൊന്തു കലങ്ങുന്നു (11. 33; 12. 27). അവന്റെ സ്നേഹിതന്റെ കല്ലറെക്കു സമീപംവെച്ചു കണ്ണുനീർ വാർക്കുന്നു (11: 35). പ്രാർത്ഥിക്കുന്നു (11; 41, 12: 27, 28). അവൻ ഒരു സാധാരണ കുഡുംബത്തിൽ അവന്റെ ജീവിതം കഴിച്ചുകൂട്ടി (7: 1—5, 1; 45). അവന്റെ അമ്മയോടു് അവന്നൊരു് പ്രത്യേക സ്നേഹമുണ്ടായിരുന്നു (19: 26, 27). അവന്റെ സ്നേഹിതന്മാരുടെ ഇടയിൽനിന്നുതന്നെ (11: 3, 4: 13: 1, 15; 14) അവനു പ്രത്യേക ദൃഢസമ്പർക്കത്തിന്നായി ഒരുവനെ തിരഞ്ഞെടുക്കുന്നു (13; 23). മറ്റുള്ള സുവിശേഷങ്ങളിൽ കാണുന്നതുപോലെതന്നെ ഈ സുവിശേഷത്തിലും യേശുവിനു് അതിശയങ്ങൾ പ്രവർത്തിപ്പാനുള്ള ഒരു ദിവ്യശക്തി കാണുന്നു. ആ ശക്തി അവൻ മനുഷ്യരുടെ ആവശ്യങ്ങളെ നിവർത്തിക്കുന്നതിനായി സദാ വിനിയോഗിക്കുന്നു. മനുഷ്യരുടെ ഹൃദയങ്ങളെ വായിക്കുന്നതിനും മനോഗതങ്ങളെ മനസ്സിലാക്കുന്നതിനുമുള്ള ഒരസാധാരണ വരം അവനുണ്ടായിരുന്നു. എന്നാൽ പാപമില്ലാത്ത (നിഷ്പാപനിലയിലുള്ള) ഒരു മനുഷ്യന്നു് ദൈവാത്മാവിന്റെ നിശ്വാസംകൊണ്ടു പ്രാപിക്കാവുന്ന ഒരു അതിരിനെ അതിക്രമിച്ചിരിക്കുന്നുവെന്നു ഇതുമൂലം നമുക്കു് വിചാരിപ്പാൻ പാടില്ല (2; 28). മിക്കവാറും ആരംഭത്തിൽതന്നെ അവൻ യഹൂദായുടെ പ്രകൃതി മനസ്സിലാക്കിയിരുന്നു (6: 70, 71). അതു് ഏതുവിധം അന്തത്തിൽ കൊണ്ടു വന്നു ചേർക്കും എന്നും അവൻ നല്ലപോലെ മുൻകൂട്ടി ഗ്രഹിച്ചിരുന്നു.

ഈ സുവിശേഷത്തിൽ അവൻ ദൈവത്തിൽനിന്നു് അയയ്ക്കപ്പെട്ടവനാണെന്നും (13: 3, 4, 5 ഇത്യാദി) മറ്റുള്ളവരെ അപേക്ഷിച്ചു ദൈവത്തോടു് വളരെ വ്യത്യസ്തമായ ഒരു ബന്ധത്തിൽ—അടുത്ത ബന്ധം—അവൻ നില്ക്കുന്നുവെന്നുമുള്ള ദൃഢബോധം യേശുവിനുണ്ടായിരുന്നുവെന്നും കാണാവുന്നതാണ്. എന്നാൽ ഈ ബോധം നിരന്തരവും അഗാധവുമായ ദൈവാശ്രയം അവശ്യം എന്ന ബോധത്തിലേക്കും ദൈവഇഷ്ടത്തെ അറിഞ്ഞു പിൻതുടരേണ്ടതാണ് എന്ന അറിവിലേയ്ക്കും അവനെ നയിപ്പിച്ചുകൊണ്ടിരുന്നു. "ഇനിക്കു സ്വതേ ഒന്നും ചെയ്വാൻ കഴിയുന്നതല്ല. ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു. (5: 30) എന്നു കർത്താവു പറയുന്നു. എല്ലായ്പോഴും അവന്റെ ഉപദേശങ്ങളുടെയും പ്രവൃത്തികളുടെയും ആരംഭം അ) (ഉപക്രമകർത്താവ്)—പിതാവായിരുന്നു. പിതാവു ചെയ്തു കാണുന്നതും

സംസാരിച്ചു കേൾക്കുന്നതും മാത്രമാണ് യേശു പ്രവൎത്തിക്കയും സംസാരിക്കയും ചെയ്തുവന്നത്. ഓരോ കാൎയ്യം ചെയ്യുന്നതിനും പിതാവിന്റെ സമയം വരുന്നതുവരെയും അവൻ ക്ഷമയോടെ കാത്തിരുന്നുവന്നു. (7: 6). ദൈവം നിശ്ചയിച്ചിരിക്കുന്ന സമയം അറിവാൻ അവൻ പൂൎവ്വനിരൂപണം ചെയ്തുവന്നിരുന്നില്ല. ഈ ദൈവനിയമസമയത്തെക്കുറിച്ചുള്ള ബോധം—ദൈവനിയതത്വം—ആണ് മറ്റുള്ളവയെ അപേക്ഷിച്ച് സുവിശേഷത്തിന്റെ ഗതിക്ക് ശക്തിക്കുറവുണ്ടെന്നോ പ്രദൎശനവൈശിഷ്ട്യക്കുറവുണ്ടെന്നോ തോന്നിച്ചുപോകുന്നത്. ആരംഭത്തിൽതന്നെ അവൻ അന്തം കണ്ടിരുന്നു. അവൻ ലോകത്തിലേക്കു വന്നതിന്റെ ഉദ്ദേശം ദൈവത്തിന്റെ മഹത്വം—അവൻ ലോകത്തിലേയ്ക്കു വരുന്നതിനു മുൻപു പിതാവിനോടുകൂടെയുണ്ടായിരുന്ന മഹത്വം തന്നെ—വെളിപ്പെടുത്തുന്നതിനായിരുന്നു. എന്നാൽ അവനു നിയമിച്ചുകാൎയ്യസാദ്ധ്യത്തിനായി ഈ മഹത്വം അവൻ കുറച്ചുകാലത്തേക്കു മാററിവെയ്ക്കേണ്ടതായി വന്നു (17: 5). ഈ മഹത്വം ചില അവസരങ്ങളിൽ മാത്രമേ പ്രത്യക്ഷമായി കാണിച്ചിട്ടുള്ളു എന്നും നാം അറിയുന്നുണ്ട്. പ്രത്യേകം അവന്റെ ശക്തി അല്ലെങ്കിൽ അധികാരത്തെ പ്രദൎശിപ്പിക്കുന്ന അത്ഭുത പ്രവൃത്തികൾ മൂലമാണ് ഈ മഹത്വം പ്രത്യക്ഷപ്പെടുത്തിക്കാണിച്ചിട്ടുള്ളത്. ആ അവസരങ്ങളിൽതന്നെയും അവനെ വിശ്വസിച്ചുവരായി അവന്റെ തിരഞ്ഞെടുക്കപ്പെട്ടവരല്ലാതെ മറെറാരുത്തൎക്കും അതു പരിഗ്രഹിപ്പാൻ കഴിഞ്ഞിട്ടില്ല (1: 14).

ഇത്രത്തോളം നാം പരിചയമുള്ള നിലയിലാണ് നിന്നിരുന്നത്. മുൻസുവിശേഷങ്ങളിൽനിന്നോ അഥവാ ക്രിസ്തീയ ഐതിഹ്യങ്ങളുടെ മററു സരിത്തുകളിൽനിന്നോ അനുമാനിക്കുന്നതിനു പാടില്ലാത്ത സംഗതികൾ മിക്കവാറും ഇതുവരെ വന്നിട്ടില്ല. യെഹൂദന്മാരുമായി ഉണ്ടായിട്ടുള്ള മഹാവാദപ്രതിവാദം അടങ്ങിയിരിക്കുന്ന ഈ സുവിശേഷത്തിന്റെ മദ്ധ്യഭാഗത്ത് (5-ാം അദ്ധ്യായംമുതൽ 12-ാം അദ്ധ്യായംവരെ) ആണ് ഇതുവരെയും നമുക്ക് ഏററവും പരിചിതമായ ആ സ്വരൂപം കേവലം (മുഴുവനും തന്നെ) നമ്മുടെ കണ്ണുകളിൽനിന്നു മറയുന്നത്. മുൻസുവിശേഷങ്ങളിൽ യേശുവിനെ ഒരു കവി, സരളതമമായ സരസോക്തികളോടുകൂടിയ ഒരു ഗുരു, അത്ഭുതകരമായ വാഗ്മിത്വവും കല്പനാശക്തിയുമുള്ള സകല മനുഷ്യരുടെയും നായകത്വം വഹിക്കുന്ന ഒരു വിശിഷ്ടപുരുഷൻ, എന്നിങ്ങനെ നാം കാണുന്നു. മാനുഷികമനോവികാരമായ വിസ്തൃതവയലിൽ ഒരു ഭാഗംമുതൽ മറു ഭാഗംവരെ എത്തുന്ന സകല വികാരങ്ങളും ശക്തിപുരസ്സരം പ്രത്യക്ഷപ്പെടുത്തുന്ന വചന

ങ്ങൾ—ഏററവും ആർദ്രമായ അനുകമ്പ (സഹതാപം)മുതൽ അസത്യത, നിഗളം, കപടഭക്തി ഇവയ്ക്കു വിരോധമായ തേജസ്സുരവും എന്നാൽ അതിഭയാനകജനകവും ആയ ക്രോധംവരെയുള്ള വികാരങ്ങളെ പ്രദർശിപ്പിക്കുന്ന വചനങ്ങൾ—അവൻെറ ഹൃദയത്തിൽനിന്നു പുറപ്പെടുന്നതായി നാം കേൾക്കുന്നു.

എപ്പോഴും മാനുഷികജീവിതത്തോടു വളരെ യോജിച്ച ഉപദേശങ്ങൾ—പ്രാർത്ഥന, ദാനം, ഇവയെ സംബന്ധിച്ചും മററനേക വിഷയങ്ങളെക്കുറിച്ചും പ്രായോഗികബോധനങ്ങളോടുകൂടി—അവൻ നല്കിയിരിക്കുന്നതായി നാം കാണുന്നു. എന്നാൽ മുൻ പ്രസ്താവിച്ച ഭാഗത്തുള്ള അദ്ധ്യായങ്ങളിൽ ഇവയെല്ലാം ഭേദപ്പെടുന്നു. ഇവിടെ സരളങ്ങളും ശ്രവണമാധുര്യങ്ങളുമായ കവിതകൾ കാണ്മാനില്ല. അതിനു പകരം അനവരതങ്ങളായ പുനരുക്തികൾ, അതിവിസ്തരത (വാഗ്വിസ്തരത), ഏകസ്വരത്വം) ഇവയാണ് കാണുന്നതു്. ഏതാനും അതിശോഭനങ്ങളായ വചനങ്ങൾ കാണുന്നു. എന്നാൽ അവ കേവലം ഗഹനങ്ങളായ വചനങ്ങൾ ആണ്. അവ മുൻ സുവിശേഷങ്ങളെപ്പോലെ വർണ്ണഭേദങ്ങൾ ഇല്ലാത്തവയാണ്. പ്രത്യേകം ഈ അദ്ധ്യായങ്ങളിൽ കാണുന്ന "ആത്മശ്ലാഘ്യം" കൂടുതൽ ശ്രദ്ധേയമായിത്തീരുന്നു. ശക്തിപൂർവ്വം "ഞാൻ" എന്നുള്ള പദം അനവരതം ഉപയോഗിച്ചുകാണുന്നു. മററു സുവിശേഷങ്ങളിൽ ഇതു് നാമമാത്രമായി കാണുന്നതല്ലാതെ, ഇതുപോലെ കാണുന്നില്ല. മുൻ സുവിശേഷങ്ങളിൽ വാദപ്രതിവാദവിഷയങ്ങൾ പ്രായോഗികവിഷയങ്ങളെപ്പററി ആയിരുന്നു. കപടഭക്തി, ഭീരുത്വം, സ്നേഹന്യൂനത ഇവയ്ക്കു മനുഷ്യരെ കുററം വിധിച്ചിട്ടുള്ളതല്ലാതെ മറെറാന്നിനും കുററം വിധിച്ചിരിക്കുന്നതായി അവയിൽ കാണുന്നില്ല. സുവിശേഷത്തിൻെറ ഈ ഭാഗത്തു ക്രിസ്തുവിൻെറ നിഗൂഢവും ദുർഗ്രാഹ്യവുമായ ദൈവത്വമാണ് കേന്ദ്രസ്ഥാനം വഹിക്കുന്നതു്. ഇതു് അവർ സന്തോഷപുരസ്സരം പുലർത്തി വന്ന ബോധങ്ങൾക്കെതിരായിരുന്നതുകൊണ്ടു് ശ്രവണമാത്രയിൽ തന്നെ സ്വാഭാവികമായി വൈരസ്യം തോന്നുന്ന ഉപദേശമായിരുന്നു. ഇതു് സ്വീകരിക്കാതെ വരുന്നതുകൊണ്ടു് ജനങ്ങൾ ശിക്ഷാവിധിയിൽ അകപ്പെടുമെന്നും ഇവിടെ പറഞ്ഞിരിക്കുന്നു. ഇവയെല്ലാററിനേയും അപേക്ഷിച്ചു ഭയങ്കരമായും വിഷമമായും തോന്നുന്നതു് "നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" (9: 21–24) എന്ന് അവർ ഈ തത്വങ്ങൾ സ്വീകരിക്കാതെവന്നാൽ രക്ഷിക്കപ്പെടുന്നതിനുള്ള സകല വഴികളും അററിരിക്കുന്നതായി തോന്നിപ്പോകുന്ന മർമ്മഭേദകമായ വചനങ്ങൾ ഇതിൽ കാണുന്നതാണ്. ഇതു് മുൻസുവിശേഷങ്ങളിൽ കാണ്മാനില്ല.

ഇനിയും നമുക്ക് ഇവ എത്രത്തോളം യഥാൎത്ഥസംഭവങ്ങളോടു യോജിക്കുന്നു എന്നും എത്രത്തോളം അവയുടെ അതിരുകളെ കവിയുന്നു എന്നും നോക്കാം. എന്നാൽ ഇതിൽ പ്രവേശിക്കുന്നതിനു മുൻപ് ഒന്നുരണ്ടു മുൻകരുതലുകൾ വേണ്ടതായിട്ടുണ്ട്. ഈ സുവിശേഷത്തിന്റെ ഗ്രന്ഥകാരൻ ഈ വൃത്താന്തങ്ങളെ രൂപവൽക്കരിക്കുന്നതിൽ ധാരാളം സ്വാതന്ത്ര്യം എടുത്തിട്ടുണ്ടെന്നു മുൻഭാഗങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതു് വായനക്കാർ വിസ്മരിച്ചിരിക്കയില്ലല്ലോ. അനേക വൎഷങ്ങളുടെ അനുഭവംമൂലം അവന്റെ മനസ്സിൽ രൂപീകരിച്ചിട്ടുള്ളതിനെയാണ് അവൻ നമുക്ക് നല്കുന്നതു്. അവൻ ഈ സുവിശേഷം എഴുതുന്ന കാലത്തു് യഹൂദന്മാരും ക്രിസ്ത്യാനികളും തമ്മിലുള്ള വാദപ്രതിവാദം അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരുന്നുവെന്നുള്ളതും പ്രത്യേകം ചിന്തനീയമാണ്. ആ വാദപ്രതിവാദത്തിന്റെ കേന്ദ്രസ്ഥാനം, യേശുവിന്റെ ദൈവത്വം, ഉത്ഭവം ഇവ സംബന്ധിച്ച പ്രശ്നങ്ങൾ ആയിരുന്നു. ഗ്രന്ഥകാരന്റെ സമകാലീനരായിരുന്ന യഹൂദന്മാരെസംബന്ധിച്ച അവന്റെ മതിപ്പ് അവർ അവന്റെ ഗുരുവിനെ വധിച്ച യഹൂദന്മാരുടെ വാസ്തവത്തിൽ അൎഹന്മാരായ പിൻഗാമികൾ ആകുന്നു എന്ന് ആയിരുന്നു. അവന്റെ ജാതിയെ സംബന്ധിച്ച് വിചാരിക്കുമ്പോഴെല്ലാം അവരുടെ നിരാകരണമാണ് അവരുടെ മനസ്സിൽ സൎവ്വപ്രധാനമായും ഭാരമായും വന്നുകൊണ്ടിരുന്നതു്. ഈ യഹൂദന്മാർ യേശുവിനെ വധിച്ചവരും സഹോദരന്മാരെ പീഡിപ്പിച്ചവരും എല്ലാക്കാലത്തും സത്യത്തെ നിരസിക്കുന്നവരും ആകുന്നു എന്നുള്ള വിചാരം അവനിൽനിന്നു ദൂരീകരിക്കുന്നതു് അസാദ്ധ്യമായിരുന്നു ഈ അന്ധകാര അവസ്ഥ പ്രതിദിനം ഗാഢമാകയും ശക്തിപ്പെടുകയും ചെയ്തുവന്നു. ഈ വാദപ്രതിവാദം മുഴുവനും ദുഃഖപൂൎണ്ണം ആയ ഒരു ശോകപൎയ്യവസായി നാടകപ്പത്തമായി പൎയ്യവസാനിക്കുന്നതിനു ബദ്ധപ്പെട്ടുകൊണ്ടിരിക്കയായിരുന്നു എന്നുള്ളതു് സ്മരണീയമാണ്. അതേസമയത്തു തന്നെ യേശുവിന്റെ ദൈവത്വത്തെ സംബന്ധിച്ച പ്രശ്നം—അവനെ ചുററിയാണല്ലോ ഈ സുവിശേഷം എഴുതിയിരിക്കുന്നതു്—ക്രിസ്തുമാൎഗ്ഗത്തിന്റെ പ്രധാന വാദപ്രതിവാദവിഷയമായിത്തീൎന്നു. ഈ ആധുനികകാലത്തും യേശു ഒരു മഹൽഗുരു എന്നുള്ള നിലയിൽ എല്ലാവരുടേയും ബഹുമാനാദരവുകളെ ആകൎഷിക്കുന്നുണ്ട്. എന്നാൽ ആദിമസഭ അവനു കൊടുത്തുവന്ന ആരാധനയും വന്ദനവും ഒരു ജഗൽഗുരു എന്ന നിലയിലല്ല, മനുഷ്യരെ അവരുടെ പാപങ്ങളിൻനിന്നു രക്ഷിപ്പാനായി വന്ന ഒരു അമാനുഷികനായ വീണ്ടെടുപ്പുകാരൻ എന്ന നിലയിലായിരുന്നു എന്നുള്ളതു് പ്രത്യേകം ശ്രദ്ധേയമാണ്. ഈ സുവിശേഷ

ത്തിൽ അവനു കൊടുത്തിരിക്കുന്ന നാമംപോലെ അവൻ യഥാൎത്ഥത്തിൽ ആയിരുന്നെങ്കിൽ—അതായതു് സാരാംശത്തിൽ(സ്വഭാവത്തിൽ—ക്രമമായിൽ) ദൈവമായിരുന്നവൻ ജഡ (മാനുഷിക)മായിതീൎന്നതു് യഥാൎത്ഥമാണെങ്കിൽ—അവനു് അവനെക്കുറിച്ചു തന്നെയുള്ള വിചാരം എന്തായിരുന്നുവെന്നു നാം വിചിന്തനം ചെയ്യുന്നതിനു തുടങ്ങിപ്പോകും. അങ്ങനെ നാം വിചിന്തനം ചെയ്യുന്നതിനു തുടങ്ങുന്ന അവസരത്തിൽ നാം രഹസ്യങ്ങളുടെ ദേശത്തു പാദങ്ങൾ വെച്ചു കഴിഞ്ഞു എന്നു പ്രത്യേകം ഓൎമ്മിക്കണം. അങ്ങനെ യഥാൎത്ഥത്തിൽ ദൈവവും മനുഷ്യനുമായിരുന്നവനു ദൈവത്തോടുള്ള ഐക്യവും അവനെക്കുറിച്ചു് അവനുതന്നെയുള്ള വിചാരവും എന്തായിരിക്കണം? ഇവ അറിയുന്നതിനുള്ള ജിജ്ഞാസ ഉണ്ടാകാവുന്നതാണു്. ഈ സംഗതിയെക്കുറിച്ചുള്ള അന്വേഷണത്തിൽ നമുക്കു മാൎഗ്ഗദൎശിയായിരിക്കുന്നതിനു് ഇതിനു തുല്യങ്ങളായ യാതൊരു പൂൎവ്വസരണികളും ഇല്ല എന്നുള്ളതു് ഒരു പ്രത്യേക പ്രതിബന്ധമായി തോന്നാവുന്നതാണു്. അതു നമ്മുടെ അനുഭവത്തിൽപെടാത്ത സംഗതിയാകകൊണ്ടു് നമുക്കതിനെക്കുറിച്ചു അസ്പഷ്ടമായിട്ടു മാത്രമേ ഗ്രഹിക്കുന്നതിനും സാധിക്കയുള്ളു. ഈ അജ്ഞാതദേശത്തു് ഈ സംഗതി സംബന്ധിച്ചു് എത്രത്തോളം അറിവാൻ കഴിയുമോ അതു കാണിച്ചുതരുന്നതിനു് നാലാം സുവിശേഷം താനേതന്നെ നമുക്കു മാൎഗ്ഗദൎശിയായി ഭവിച്ചിരിക്കുന്നു.

ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽനിന്നുതന്നെ മനുഷ്യർ അവനെ സ്വീകരിച്ചിരുന്ന ഭാവത്തിനു് അതുല്യമായ ഒരു ഗൌരവപദം യേശു കൊടുത്തിരുന്നുവെന്നു തെളിയാകുന്നു. അവന്റെ അധികാരത്തിന്റെ ഉത്ഭവം, സ്വഭാവം, ഇവയ്ക്കു യാതൊരു വിവരണവും യേശു കൊടുത്തിട്ടില്ല. എങ്കിലും അവനായിട്ടുതന്നെ പ്രചുരമായ അവകാശവാദം ചെയ്തിരിക്കുന്നതായി കാണുന്നു. സകല യഹൂദന്മാരും ദൈവിക നിയോഗപ്രകാരം ലഭിച്ചതായി വിചാരിച്ചുവന്ന മോശൈകന്യായപ്രമാണങ്ങളെ പൂൎണ്ണതപ്പെടുത്തുന്നതിനും തിരുത്തുന്നതിനും അധികാരം അവനുള്ളതായി ഭാവിക്കുന്നു. (മത്താ 8: 22, 28 ഇത്യാദി). അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരെയും അവന്റെ അടുക്കലേക്കു അവൻ ക്ഷണിക്കുന്നു (മത്താ 11; 28). അവന്റെ നിമിത്തമായി സകലതും—പിതാവു്, മാതാവു്, സഹോദരന്മാർ ആദിയായ സകലതും—വിട്ടു ക്രൂശുവഹിച്ചു അവനെ അനുഗമിക്കണമെന്നു് അവൻ മനുഷ്യരോടു് ആവശ്യപ്പെടുന്നു. യെരുശലേം പുത്രിയുടെ മക്കളെ കൂട്ടിച്ചേൎക്കുന്നതിനു് അവൻ തയ്യാറായിരുന്നു എങ്കിലും അവനെ യെരുശലേം നിരാകരിച്ചതു

വിചാരിച്ചു് അവൻ അതിനെ നോക്കി കരയുന്നതും, ആ നിരാകരണത്തിന്റെ ഫലം നിശ്ചയമായി അവരുടെ ഭവനം പാഴായിത്തീരുമെന്നു പ്രസ്താവിച്ചിരിക്കുന്നതും ഏല്ലാററിന്നെയുംകാൾ ആശ്ചര്യജനകമായി തോന്നുന്നു. (ലൂക്കോ 13; 34, 35). ഇവയെല്ലാം അവൻ സംസാരിച്ചതു ഗലീലയിലെ വിനീതരും വിദ്യാവിഹീനന്മാരുമായ ജനങ്ങളുടെ മദ്ധ്യത്തിൽവെച്ചു് പരസ്യമായി ഉപദേശിക്കുന്ന അവസരത്തിൽ ആയിരുന്നു. എന്നാൽ വിദ്യാപാരംഗതന്മാരും ഉപദേഷ്ടാക്കന്മാരുമായ ആളുകൾ വസിച്ചുവന്ന യെരുശലേമിൽ വെച്ചു് ഇതിൽനിന്നു വ്യത്യസ്തമായ രൂപത്തിൽ സംസാരിക്കുമെന്നു നമുക്കു പ്രതീക്ഷിപ്പാൻ ന്യായമുണ്ടു്. നായകന്മാർ എന്നു ഗണിച്ചുവന്നവരുടെ ചെറിയ കൂട്ടങ്ങളിൽ നടന്ന രഹസ്യ വാദപ്രതിവാദങ്ങളിൽ അവന്റെ അധികാരത്തിന്റെ സവിത്തുകളെക്കുറിച്ചും ആ അധികാരം പുറപ്പെടുവിച്ചിരിക്കുന്ന ദൈവത്തോടുള്ള അതുല്യമായ അവന്റെ സംബന്ധത്തെക്കുറിച്ചും കുറേക്കൂടെ തെളിവായി സംസാരിക്കേണ്ടതു് അവശ്യമായിരുന്നില്ലയോ എന്നു തോന്നിപ്പോകുന്നു എങ്കിലും അവൻ അങ്ങനെ ചെയ്യുന്നില്ല. എന്നാൽ അവനെ തന്നെ സംബന്ധിച്ച (യേശുവിന്റെ ആത്മം സംബന്ധിച്ച) കുറേക്കൂടെ ഗാഢമായി നമുക്കു് ആവശ്യപ്പെട്ടിരിക്കുന്ന ഈ വെളിപ്പാടിലേക്കും ഉപദേശത്തിലേക്കുമാണു് നാലാം സുവിശേഷം നമുക്കു മാർഗ്ഗദർശിയായി നില്ക്കുന്നതു്.

ഈ സുവിശേഷത്തിലെ യേശുവിന്റെ ആത്മം സംബന്ധിച്ച രഹസ്യം നമുക്കു മനസ്സിലാകുന്നതിനുള്ള താക്കോൽ "ജീവൻ" എന്ന പദത്തിൽ അസ്പഷ്ടമായിട്ടാണെങ്കിലും അടങ്ങിയിട്ടുണ്ടു്. ഈ വചനത്തിൽ അന്തർഭവിച്ചിരിക്കുന്ന ആശയം രണ്ടു തലമുറകളിൽക്കൂടുതൽ "ഉയിർത്തെഴുന്നേററ ക്രിസ്തു—ആത്മാവിന്റെ ജീവൻ" എന്നവിധത്തിൽ മനുഷ്യവർഗ്ഗത്തിൽ വ്യാപരിക്കുന്നതു് ഗ്രന്ഥകാരൻ കണ്ടിട്ടുണ്ടു് ഗ്രന്ഥകാരനിൽതന്നെയും ആ ജീവന്റെ വ്യാപാരംകൊണ്ടു് അതിന്റെ അർത്ഥം എന്തെന്നുള്ളതു് അവൻ അനുഭവംകൊണ്ടു് അറിഞ്ഞുകഴിഞ്ഞു. ഈ പദത്തിലുള്ള ആശയംതന്നെ നാം പൌലൂസിലും കാണുന്നു. അവനു് ഒരു ക്രിസ്ത്യാനിയാകയെന്നുള്ളതു് ക്രിസ്തുവിന്റെ അനുഭവത്തിൽ—മരണം, ശവസംസ്കാരം, ഉയിർപ്പു്, സ്വർഗ്ഗാരോഹണം ഇവയിൽ (റോമ 5)—ഭാഗഭാക്കാകുക എന്നായിരുന്നു നാം ക്രിസ്തുവിനോടുകൂടി സ്വർഗ്ഗത്തിൽ (സ്വർഗ്ഗസ്ഥലങ്ങളിൽ) ഇരിക്കുന്നു (എഫെ 2: 6) "ഞാൻ ക്രിസ്തുവിനെ നേടേണ്ടതിന്നും ന്യായപ്രമാണത്തിൽനിന്നുള്ള എന്റെ സ്വന്തനീതിയല്ല ക്രിസ്തുവിങ്കലുള്ള വിശ്വാസമൂലം ദൈവം, വിശ്വസിക്കുന്നവർക്കു

നല്കുന്നനീതിതന്നെ ലഭിച്ച് അവനിൽ ഇരിക്കേണ്ടതിനും അവൻെറ മരണത്തോട് അനുരൂപപ്പെട്ട് അവനെയും അവൻെറ പുനരുത്ഥാനത്തിൻെറ ശക്തിയേയും അവൻെറ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങിനെ വല്ല വിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കണം എന്നു വെച്ചും ഞാൻ അവൻെറ നിമിത്തം എല്ലാം ഉപേക്ഷിച്ച് ചവറ് എന്ന് എണ്ണുന്നു. (ഫിലി 3; 9—11). എന്നാൽ ഈ ഗ്രന്ഥകാരൻെറ (വി: യോഹന്നാൻെറ) അനുഭവം ഇതിൽ കുറേക്കൂടെ ശ്രേഷ്ഠതരവും ശാന്തപരവും ആയി വെളിപ്പെടുത്തിയിരിക്കുന്നു. ദൈവത്തിൻെറ നാശമില്ലാത്ത ജീവനിൽ—നിത്യജീവനിൽ തന്നെ—ഭാഗഭാക്കാകുക എന്നാകുന്നു അവൻ അതിനെ വർണ്ണിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ സുവിശേഷത്തിലെ വലിയ പ്രസ്താവനകൾ എല്ലാം ജീവൻെറ ആശയം എന്ന കേന്ദ്രത്തിലാണ് സ്ഥിതിചെയ്യുന്നത്. നിക്കോദേമോസിനു പുതുജീവൻ—(രഹസ്യ മയമായ) പുതുജീവൻ—ദൈവത്തിൽ നിന്നുത്ഭവിക്കുന്നുവെന്ന്, യേശു വെളിപ്പെടുത്തിക്കൊടുക്കുന്നു. അതിൽ പ്രവേശിക്കുന്നതിന് ഒരുവൻ വീണ്ടും ജനിക്കണമെന്ന് അവന്ന് ഉപദേശിച്ചു കൊടുക്കുന്നു (3-ാം അദ്ധ്യായം). ശമറിയ സ്ത്രീയോടു നിത്യജീവനിലെയ്ക്കു പൊങ്ങിവരുന്ന ജീവവെള്ളത്തെക്കുറിച്ചു അവൻ ഉപദേശിക്കുന്നു. (അദ്ധ്യായം 4). ആ ആശയം തന്നെ 7: 38-ൽ കാണുന്ന വാഗ്ദാനത്തിൽ പുനരായി എടുത്തു് ആ ജീവവെള്ളം അവനിലുള്ള വിശ്വാസത്തോടു വ്യക്തമായി ബന്ധിപ്പിച്ചും അവൻ നല്കുവാനിരിക്കുന്ന പരിശുദ്ധാത്മാവിനോടു ഘടിപ്പിച്ചും അവൻ ഉപദേശിക്കുന്നു. ഗലീലയിൽവെച്ച് അവൻ ജീവൻെറ അപ്പം എന്ന് അവനെത്തന്നെ നാമകരണം ചെയ്യുന്നു. യേശു എന്തെല്ലാമായിരിക്കുന്നുവോ അവയെല്ലാററിനോടും കൂടെ അവനെ വിശ്വാസംമൂലം സ്വന്തമാക്കുന്നതിൽ തകർന്നും ക്ഷീണിച്ചും ഇരിക്കുന്ന മനുഷ്യരുടെ ആത്മാക്കൾ ശക്തിയെ ആവർത്തിക്കയും അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു (6-ാം അദ്ധ്യായം). ഉത്തരകാലത്തിൽ അവൻ ജീവൻെറ പ്രകാശം (വെളിച്ചം) ആകുന്നുവെന്നു പറയുന്നു. എന്നാൽ ആ വെളിച്ചം ജീവനോടു വീണ്ടും സംബന്ധിപ്പിച്ചാണു പറയുന്നതു്. "അവന്ന് ജീവൻെറ വെളിച്ചമുണ്ടാകും" (8: 12). ശിഷ്യന്മാർ ആകുലചിത്തരായി കുഴങ്ങി അവനോടു ചോദ്യം തുടങ്ങിയ അവസരത്തിൽ "ഞാൻ വഴിയും സത്യവും ജീവനും ആകുന്നു" എന്ന് അവരോട് പറഞ്ഞു് അവരെ ഉറപ്പിക്കുന്നു. (16: 6). മുൻപു് പറഞ്ഞിട്ടുള്ള ഒരു ഭാഷണം തന്നെ ആവർത്തിച്ച് "ഞാൻ ഉയിർപ്പും ജീവനും ആകുന്നു" എന്നു വീണ്ടും പറയുന്നു (11:25)

അവൻ മൂലം (അവനിൽക്കൂടെ) അവൎക്കു ലഭിപ്പാൻ കഴിയുന്ന നിത്യജീവനാകുന്ന കൂടിയദാനം അവൎക്കു ലഭിക്കുന്നതിനും അവനിൽ വിശ്വസിപ്പാൻ മനുഷ്യരെ ധൈൎയ്യപ്പെടുത്തുന്നതിനും ജീവനെ നല്കുന്നതിനുള്ള യേശുവിൻെറ ശക്തിയെ കാണിക്കുന്നതിനുമായി (കുറഞ്ഞ അത്ഭുതമായിട്ടു്) ലാസറിനെ ഉയൎപ്പിച്ച ആ ദൃഷ്ടാന്തം മൂലം അവൻ മനുഷ്യരോടു ഉപദേശിക്കുന്നു, ഈ ദാനം കേവലം ഭാവിയെമാത്രം ഉദ്ദേശിക്കുന്നതാണെന്നു് ഒരുത്തരും ധരിക്കരുതു്, എന്നു് അപേക്ഷിക്കുന്നു. ആഗ്രഹിക്കുന്ന എല്ലാവൎക്കും ഇപ്പോൾ ക്രിസ്തുവിൽ നിന്നു് ഈ ദാനം ലഭിക്കാവുന്നതാണു്. "എൻെറ വചനം കേൾക്കുന്നവൻ... ....മരണത്തിൽ നിന്നു ജീവനിലെയ്ക്കു കടന്നിരിക്കുന്നു" എന്നു് അവൻ പറയുന്നു. (5: 24). ഈ ജീവൻ മരണത്തിൽക്കൂടെ ഉയിൎപ്പുമൂലം അവിച്ഛേദിതമായി തന്നെ അനുഭവിക്കാം എന്നുള്ള നിശ്ചയം തരികയും ചെയ്യുന്നു. (5: 28, 29) ഗ്രന്ഥകാരൻ നമ്മെ പുറകോട്ടു് "ആദിയിലെയ്ക്കു" തന്നെ കൊണ്ടുപോകുന്നു. "ഉളവായതിനെല്ലാം അവനിൽ ജീവൻ ഉണ്ടായിരുന്നു" (1. 3). ലോകത്തിലുള്ള സകല ജീവനും യേശുവിൽ പ്രത്യക്ഷപ്പെട്ട ജീവനിൽ നിന്നാണു് ഉത്ഭവിച്ചിരിക്കുന്നതു്.

നാം കുറെക്കൂടെ മുൻപോട്ടു കടന്നു "യേശുവിൻെറ ജീവൻ ഉത്ഭവിച്ചതു് ആരിൽ നിന്നാണു്? എന്നു ചോദിക്കയാണെങ്കിൽ, അതു് ഒരുവനിൽ നിന്നും ഉത്ഭവിച്ചതല്ല. "പിതാവിനു് തന്നിൽ തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽതന്നെ ജീവനുള്ളവൻ ആകുമാറു് വരം നല്കിയിരിക്കുന്നു" (5. 26) എന്നു പറഞ്ഞിരിക്കുന്നതായി നാം ഈ സുവിശേഷത്തിൽ കാണുന്നു. യേശുവിൻെറ ജീവൻ ദൈവജീവൻതന്നെ ആകുന്നു. സാരാംശത്തിൽ ഭേദമില്ലാത്ത ദൈവജീവൻതന്നെ ആകുന്നു. സകല ജീവനും മറെറാരു ജീവനിൽനിന്നും ഉത്ഭവിച്ചതാകുന്നു. ഇതിനുള്ള ഏക വ്യത്യാസം അചലമായി, അവസ്ഥാഭേദമോ സ്ഥിതിഭേദമോ ഇല്ലാത്തതായിരിക്കുന്ന ദൈവത്തിൻെറ ആ സംപൂൎണ്ണജീവൻ മാത്രമാകുന്നു. ഇതുതന്നെയാണു് യേശുവിൽ കണ്ടതായ ജീവൻ.

ഇതായിരുന്നു ഈ സുവിശേഷ എഴുത്തുകാരനുണ്ടായിരുന്ന വിശ്വാസം എന്നുള്ളതു് "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു" എന്നിങ്ങിനെ ഗംഭീരങ്ങളായ വാചകങ്ങളോടുകൂടി ആരംഭിച്ചിരിക്കുന്ന സുവിശേഷത്തിൻെറ ആമുഖോപന്യാസം കൊണ്ടുതന്നെ വ്യക്തമാകുന്നുണ്ടു്.

ലോഗോസിനെ സംബന്ധിച്ച ഉപദേശം (Doctrine of Logos) എന്ന സാധാരണ അഭിധാനത്തിൽ അറിയപ്പെട്ടിരിക്കുന്ന ഈ തത്വം നമുക്കു് അ

അപരിചിതവും നവീനവുമായി തോന്നാം. വചനം എന്ന് അൎത്ഥം വരുന്ന "ലോഗോസ്" ഒരു ഗ്രീക്ക പദമാണ്. ഈ വാക്കിന്റെ ശരിയായ അൎത്ഥം എന്തെന്നുള്ളതാണ് നമ്മുടെ ഇപ്പോഴത്തെ ഈ പൎയ്യാലോചനയുടെ അവസാന ഘട്ടം. ഗ്രീക്ക ഭാഷയിൽ ഈ പദത്തിന് ഒരു സുദീൎഘമായ ചരിതം ഉണ്ട്. ക്രിസ്തുവിനു ആറു ശതാബ്ദങ്ങൾക്ക മുൻപ് ഹിറാക്ലിററിസ് എന്ന മഹാൻ ക്രമാഗതമായി നശിച്ചുകൊണ്ടും ഭേദപ്പെട്ടുകൊണ്ടും ഇരിക്കുന്ന ഈ ലോകത്തിൽ അനശ്വരമായിരിക്കുന്ന ഏക സംഗതി വസ്തുക്കൾക്ക തമ്മിലുള്ള സ്ഥിരമായ സംബന്ധം, അനുപാതകം, ഇവ ആണെന്നു പറയുന്നു. അതിനെ സൂചിപ്പിക്കുന്നതിനായി അദ്ദേഹം ലോഗോസ് എന്ന ഈ പദം ഉപയോഗിച്ചിരിക്കുന്നു.

ഈ ആശയത്തെ തുടൎന്നു ഉത്തരകാലങ്ങളിൽ സ്റ്റോയിക്കുകാർ സകലത്തിലും വ്യാപിച്ചിരിക്കുന്നതും സകലത്തെയും കൂട്ടിച്ചേൎത്തു വച്ചുകൊണ്ടിരിക്കുന്നതുമായ സചേതനശക്തിക്കു "ദൈവികമായ വചനം" (Divine Logos) എന്ന ഈ അഭിധാനം കൊടുത്തു. ഗ്രീക്കഭാഷയിൽ "ലോഗോസ്" എന്ന പദത്തിനു (1) "അനുമാനശക്തി, അഥവാ വിവേചനശക്തി, അഥവാ കാരണബുദ്ധി" (2) "വചനം" എന്നീ രണ്ടു അൎത്ഥങ്ങൾ ഉണ്ട്.

ഈ സുവിശേഷത്തിൽ ഉപയോഗിച്ചിരിക്കുന്ന ഈ പദത്തിനു അൎത്ഥത്തിൽ അടുത്ത സാമീപ്യമുള്ളതു, പൌലൂസിന്റെ സമകാലീനനായി അലക്സാന്ത്രിയക്കാരനായ ഫൈലോ (Philo) എന്ന മഹാന്റെ പ്രകരണങ്ങളിൽ ആണ്. ഇദ്ദേഹം ഗ്രീക്ക തത്വജ്ഞാനം സൂക്ഷ്മമായി അഭ്യസനംചെയ്ത ഒരു അദ്ധ്യേതാവായിരുന്നു. അദ്ദേഹം യവനന്മാരുടെയും എബ്രായക്കാരുടെയും തത്വജ്ഞാനങ്ങളെ പരസ്പരം സംയോജിപ്പിക്കണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടി മരണപൎയ്യന്തം ശ്രമിച്ചുകൊണ്ടിരുന്നു. ഈ മഹാൻ എത്രയും ഉന്നതത്തിൽ സ്ഥിതിചെയ്യുന്ന ദൈവത്തിനും അധഃപതന അവസ്ഥയിൽ (താഴെ) സ്ഥിതിചെയ്യുന്ന നികൃഷ്ടമായ ലോകത്തിനും പരസ്പരം നേരിട്ടുള്ള സംസൎഗ്ഗം ഉണ്ടാകുന്നതിനു സഹായിക്കുന്ന ഒരു മദ്ധ്യസ്ഥിതിയെ സൂചിപ്പിക്കുന്നതിനായിട്ടു ലോഗോസ് എന്ന ഈ പദം ഉപയോഗിച്ചിരിക്കുന്നു.

ഈ ലോഗോസിനെക്കുറിച്ചു ഫൈലോ ശ്രദ്ധേയവും ശ്രേഷ്ഠവുമായ പല സംഗതികൾ പറഞ്ഞിട്ടുണ്ട്. ലോഗോസിനെ "രണ്ടാമത്തെ ദൈവം" "ആദ്യജാതൻ" "ദൈവത്തിന്റെ പുത്രൻ" "ദൈവത്തിന്റെ തത്വം" "മഹാപുരോഹിതൻ" "ദൈവത്തിന്റെ മനുഷ്യൻ" "ശരീരത്തിന്റെ ശിരസ്സ്" "അവൻ മുഖാന്തിരം ലോകത്തെ സൃഷ്ടിച്ചു." എന്നിങ്ങനെ പല നാമകരണങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ ഈ മഹാന്റെ മതപ്രകാരം ലോഗോസ്

എന്നതു ദൈവത്തിന്റെ പ്രവൃത്തിപരമായ ഒരു ശക്തിയെന്നല്ലാതെ സ്വതന്ത്രമായി നില്ക്കുന്ന ഒരു വ്യക്തിയാണെന്നു പറയുന്നില്ല. ലോഗോസ് ഒരു മനുഷ്യരൂപം എടുത്തു് ലോകത്തിൽ വസിക്കുന്നവൻ എന്ന വിധത്തിൽ അവർ ഊഹിക്കപോലും ചെയ്യുന്നതായി കാണുന്നില്ല. ഈ പദത്തിന്റെ വേറൊരു വശം പഴയ നിയമത്തിൽകാണാം. "വെളിച്ചം ഉണ്ടാകട്ടെ"എന്നു് ദൈവം കല്പിച്ചു. വെളിച്ചം ഉണ്ടായി (ഉല്പ 1: 3). ദൈവത്തിന്റെ വചനത്താൽ ആകാശം ഉളവായി(സങ്കീ. 33:6). യഹോവ എന്ന പരിശുദ്ധനാമം ഉച്ചരിക്കുന്നതിൽ യെഹൂദന്മാർക്കുണ്ടായിരുന്ന വൈമനസ്യം വർദ്ധിച്ചുവന്നതുകൊണ്ടു് പഴയ നിയമത്തിൽ യഹോവ എന്നു വരുന്നിടത്തെല്ലാം അതിനു പകരം അവർ ദൈവത്തിന്റെ വചനം എന്ന പദം ഉപയോഗിച്ചുതുടങ്ങി. ഇവയിൽ ചിലതോ അഥവാ ഇതെല്ലാംതന്നെയോ ഈ ഗ്രന്ഥകാരന്റെ മനസ്സിൽ ഈ സുവിശേഷത്തിന്റെ ആമുഖോപന്യാസം എഴുതുന്ന സമയം ഉണ്ടായിരുന്നിരിക്കണം.

നമുക്ക് എത്രയും നിശ്ചയമായിട്ടുള്ള വസ്തുവം നാം ജീവിച്ചിരിക്കുന്നു (നമ്മുടെ അസ്തിത്വം,) എന്നുള്ളതാണ്. ഇതിനെത്തുടർന്ന് നമ്മെപ്പോലെ അന്യമനസ്സുകളും ലോകത്തിലുണ്ടെന്നുള്ള നിശ്ചയം ഉണ്ടാകുന്നു. സംസാരിക്കുന്ന വചനങ്ങൾ മൂലം അന്യമനസ്സുകളോടു തൽക്ഷണം നേരിട്ടുള്ള സമ്പർക്കം നമുക്കുണ്ടാകുന്നു. എന്നാൽ ഈ സമ്പർക്കം നമ്മുടെ മനസ്സുപോലെ അന്യമനസ്സുകളും പരിമിതമാകയാലാണ് സാധിക്കുന്നതു്. എന്നാൽ ദൈവത്തിന്റെ മനസ്സ് അവനെപ്പോലെ തന്നെ അപരിമിതമാണ്. അതുകൊണ്ടു് അവന്റെ ഉള്ളം അഥവാ ആന്തർഭൂതമായ അസ്തിത്വം അജ്ഞേയമാണ്. നമുക്ക് അതുകൊണ്ടു് അവനെ നേരിട്ടു അറിയുന്നതിനു് തന്നെത്താനെ അവന്റെ നിസ്സീമമായ ദയവുകൊണ്ടു് താഴ്ത്തി നമുക്കു വെളിപ്പെടുത്തിത്തരണം. ഇതുകൊണ്ടു മാത്രമേ അവനെ ഗ്രഹിക്കുന്നതിനു നമുക്കു കഴിവുണ്ടാകയുള്ളു. പരിമിതമനസ്സുകൾ മനസ്സിലുള്ളവയെ ഭാഷിതം (വചനം) എന്നു പറഞ്ഞുവരുന്നതു മൂലം പ്രത്യക്ഷപ്പെടുത്തുന്നതുപോലെ തന്നെ ദൈവംതാനേതന്നെ അധികാരസങ്കോചവാനാക്കി വെളിപ്പെടുത്തുന്നതുകൊണ്ടു മാത്രമേ ഇതു സാദ്ധ്യമാകയുള്ളു. ദൈവം അജ്ഞേയനാണെങ്കിലും ക്രിസ്തുവിൽ അവൻ നമ്മോടു സംസാരിക്കുന്നു. അവൻ അദൃശ്യനായ ദൈവത്തിന്റെ വെളിപ്പാട് ആകകൊണ്ടു ക്രിസ്തു "വചന"മാകുന്നു. ദൈവത്തിന്റെ അപ്രമേയപരിപൂർണ്ണത നമ്മെപ്പോലെയുള്ള മനസ്സുകൾക്കു ഗ്രഹിപ്പാൻ കഴിവുള്ളതനുസരിച്ചു, കഴിയുന്നതെല്ലാം ക്രിസ്തുവിൽ കൂടെ ദൈവം വെളിപ്പെ

ടുത്തിയിരിക്കുന്നു. എന്നാൽ താനേതന്നെയുള്ള ദൈവത്തിന്റെ ഈ വെളിപ്പാട് യേശു ലോകത്തിലേയ്ക്കു വന്നതോടുകൂടി ആരംഭിച്ചതല്ല. നാം സാധാരണ പറയാറുള്ളതു പോലെ ദൈവം ഒന്നാമതായി ഒരു ലോകം ഉണ്ടാക്കണമെന്നു വിചാരിക്കുന്നതിനു വളരെ മുൻപുതന്നെ ഈ വെളിപ്പാടും ആരംഭിച്ചതാണ്. അതുകൊണ്ട് ദൈവം ലോകം ഉണ്ടാക്കിയപ്പോൾ അവൻ അതിൽക്കൂടിതന്നെ വെളിപ്പെടുത്തി അതു ഗ്രന്ഥകാരന്റെ തനതു വാചകത്തിൽ പറകയാണെങ്കിൽ ലോകത്തിന്റെ സൃഷ്ടി ദൈവത്തെ വെളിപ്പെടുത്തുന്ന വചനമായവന്റെ ഒരു പ്രവൃത്തി ആയിരുന്നു എന്നു പറയാം. പ്രകൃതത്തിൽ കൂടിയോ മനസ്സാക്ഷിയിൽ കൂടിയോ, പഴയനിയമത്തിലുള്ള പ്രവചനങ്ങളിൽക്കൂടിയോ ദൈവം മനുഷ്യർക്കു തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്ന സകല വെളിപ്പാടുകളും വെളിപ്പെടുത്തുന്നവനായ ആ "ലോഗോസി"ന്റെ പ്രവൃത്തിയാണ്. അവസാനത്തിൽ വചനം ജഡമായി വന്നപ്പോൾ വെളിപ്പാടു പൂർണ്ണമായിത്തീർന്നു. ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നവൻ നമ്മുടെ സ്വരൂപം എടുത്തു നമ്മുടെ ഇടയിൽ മനുഷ്യനായി ജീവിച്ചു. യേശു ദൈവത്തിനും മനുഷ്യനും മദ്ധ്യേ നില്ക്കുന്ന മദ്ധ്യസ്ഥിതനായ ഒരു മൂർത്തിയല്ല. അവൻ നമ്മെ ദൈവത്തിങ്കലേക്കു നയിക്കുന്നു. നാം അവനെ കാണുകയും അവനിൽ വിശ്വസിക്കയും ചെയ്യുമ്പോൾ നാം ദൈവത്തെ കാണുകയും ദൈവത്തിന്റെ ജീവൻ നമ്മിൽ പ്രവേശിക്കയും ചെയ്യുന്നു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. ദൈവത്തിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു (൧: ൧൮).

Chapter VI

Authorship and Genuineness.

ആറാം അദ്ധ്യായം

സുവിശേഷത്തിന്റെ ഗ്രന്ഥകർത്തൃത്വവും, വിശ്വാസ്യതയും.

നാലാംസുവിശേഷം പുതിയ നിയമത്തിലെ യുദ്ധക്കളം എന്നാണ് പറഞ്ഞിരിക്കുന്നതു്. ഇതിന്റെ വിശ്വാസ്യതയെ സംബന്ധിച്ചു് വളരെ തക്കങ്ങൾ നടന്നിട്ടുണ്ടു്. ഇപ്പോഴും നടന്നുകൊണ്ടുമിരിക്കുന്നു. അപ്പോസ്തലനായ യോഹന്നാൻ രചിച്ചിട്ടുള്ളതും വിശ്വാസയോഗ്യവുമായ ഒരു സുവിശേഷമായിട്ടാണ് പതിനെട്ടാം ശതാബ്ദംവരെ ഈ സുവിശേഷത്തെ തിരുസഭ അംഗീകരിച്ചുവന്നിരുന്നതു്. ഇതിൽ സുവ്യക്തമാക്കിത്തീർത്തിട്ടുള്ള ക്രിസ്തുവിന്റെ ദൈവത്വത്തെ ഏറക്കുറെ നിഷേധിക്കുന്ന ആശയമുള്ള പലരും ഗുണദോഷനിരൂപണങ്ങൾ വഴിയായി സംശയങ്ങളും എതിർപ്പുകളും പുറപ്പെടുവിച്ചിട്ടുണ്ടു്. ഈ പ്രാമുഖ്യമായ വിഷയത്തെക്കുറിച്ചുള്ള വാദമുഖങ്ങളിലേക്കു കടക്കുന്നതിനുള്ള സൌകര്യമോ ആവശ്യമോ തല്ക്കാലം ഉണ്ടെന്നു തോന്നുന്നില്ല. എങ്കിലും പലവിധത്തിലുള്ള കൃത്തിപ്പുകളും അഭിപ്രായങ്ങളും നാനാഭാഗങ്ങളിൽനിന്നും പുറപ്പെട്ടു് സുവിശേഷത്തിന്റെ മാഹാത്മ്യത്തെ ഏതാണ്ടു മൂടിക്കളയത്തക്കവണ്ണം ഇടവരുന്നതിനുള്ള ലക്ഷ്യങ്ങൾ അങ്ങിങ്ങായി കാണപ്പെടുന്നതുകൊണ്ടു് ഈ വിഷയത്തെക്കുറിച്ചു സ്വല്പമായി ഇവിടെ പ്രതിപാദിക്കാമെന്നു വിചാരിക്കുന്നു. ഈ പാവനമായ ഗ്രന്ഥം വിശുദ്ധ യോഹന്നാൻ തന്നെ എഴുതിയതാണെന്നുള്ള പാരമ്പര്യം ശരിതന്നെയാണെന്നുള്ള അഭിപ്രായത്തിലേക്കാണു ഇപ്പോൾ പല പണ്ഡിതന്മാരും തിരിഞ്ഞിരിക്കുന്നതു് എന്നുള്ള വാസ്തവവും ഇവിടെ പറയേണ്ടിയിരിക്കുന്നു. പ്രസ്തുതവിഷയത്തിലുള്ള ബാഹ്യവും ആഭ്യന്തരവുമായ സാക്ഷികളെ കുറിച്ചു ഇവിടെ ഇപ്പോൾ പ്രസ്താവിക്കാം.

രണ്ടാംശതവർഷാരംഭത്തിൽ ജീവിച്ചിരുന്ന ബാസിലഡിസ്സ് (Basilides A. D. 140), വാലൻറിനസ്സ് (Valentines A. D. 140) എന്നീ ജ്ഞാനവാദികൾ ഈ സുവിശേഷത്തിൽനിന്നും ഉദ്ധരണികൾ എടുത്തുപയോഗിച്ചിട്ടുണ്ട്. വാലൻറിനസ്സിൻെറ ശിഷ്യനായ ഹിറാക്ലിയോൻ (Hiracleon A. D. 160) ഈ സുവിശേഷത്തിനു ഒരു ഭാഷ്യം എഴുതിയിട്ടുണ്ട്. പുതിയനിയമഭാഷ്യങ്ങളിൽ ഒന്നാമത്തേതു് ഇതാണ്. നാലു സുവിശേഷങ്ങളേയും കൂട്ടിയിണക്കി അവയ്ക്കു ഐകരൂപ്യം വരുത്തി "തേഷ്യൻ" (Tatian A. D. 160) എന്നദ്ദേഹം എഴുതിയിട്ടുള്ള Diatessaran എന്ന ഗ്രന്ഥത്തിൽ ഈ സുവിശേഷവും ഉൾപ്പെട്ടിട്ടുണ്ട്. അക്കാലത്തു് ഈ നാലു സുവിശേഷങ്ങളെയും ക്രൈസ്തവലോകം സർവ്വസമ്മതമായി സ്വീകരിച്ചിരുന്നു എന്നാണ് ഈ ഗ്രന്ഥം കൊണ്ടു കാണുന്നതു്. ക്രിസ്തുവിൻെറ ജീവിതാദർശം, ഉപദേശം എന്നിവയ്ക്കു് ഇന്നു നാം എത്രകണ്ടു സുവിശേഷങ്ങളെ ആസ്പദമാക്കുന്നുവോ അതുപോലെ, അന്നത്തെ ക്രൈസ്തവലോകം സുവിശേഷങ്ങളെ ആദരിച്ചുപോന്നു. രണ്ടാം ശതവർഷത്തിൻെറ അന്തിമകാലത്തു് സുവിശേഷങ്ങളുടെ 10,000 ത്തോളം പ്രതികൾ പ്രചാരത്തിൽ ഇരുന്നിരുന്നു എന്നു കണക്കാക്കിയിട്ടുണ്ട്. ഇത്ര വളരെ പ്രതികൾ പ്രചരിക്കുകയും അവയ്ക്കു അംഗീകാരം ലഭിക്കുകയും ചെയ്യണമെങ്കിൽ അതു രണ്ടാംശതാബ്ദത്തിൻെറ അവസാനത്തിനു വളരെ മുമ്പുതന്നെ ഉത്ഭവിച്ചിരിക്കണം. അച്ചടിയന്ത്രത്തിൻെറ സഹായം ഇല്ലാതിരുന്നതും ഗതാഗതസൌകര്യങ്ങൾ തീരെ കുറഞ്ഞിരുന്നതുമായ ആ കാലത്തു് ഇത്രമാത്രം പ്രചരണമുണ്ടാകണമെങ്കിൽ പല തലമുറകൾക്കു മുമ്പുതന്നെ അതു ആരംഭിച്ചിരിക്കണം. ഇതരസുവിശേഷങ്ങളെപ്പോലെ തന്നെ ഈ ചതുർത്ഥസുവിശേഷവും, തുല്യ അംഗീകാരവും വിശ്വാസവും സിദ്ധിച്ചു ഒന്നായിരുന്നു. ഒന്നാം ശതാബ്ദത്തിൻെറ അന്തിമഘട്ടംവരെ ജീവിച്ചിരുന്ന ഒരു ദേഹമാണ് നമ്മുടെ യോഹന്നാൻ അപ്പോസ്തലൻ. തന്മൂലം നാലാംസുവിശേഷത്തെ അദ്ദേഹത്തിൻെറ കൃതിയായി സുവിശേഷലോകം അദ്ദേഹത്തിൻെറ ജീവിതകാലത്തു തന്നെ അംഗീകരിച്ചിരുന്നതായി ഊഹിക്കാം.

A. ഈ സുവിശേഷത്തിൻെറ ഗ്രന്ഥകർത്താവ് യോഹന്നാൻ തന്നെയാണെന്നുള്ള വിശ്വാസം തിരുസഭയ്ക്കു പൊതുവെ ഉണ്ടായിരുന്നുവെന്നുള്ളതിനു വിശുദ്ധ ഐറീനിയസ്സ് (St. Irenius: 177 A. D.) ഒരു പ്രധാന സാക്ഷിയാണ്. ഇദ്ദേഹം ചിററസ്മ്യയിൽ ജനിച്ചവനും എ. ഡി. 155-ൽ തൻെറ 86-ാമത്തെ വയസ്സിൽ രക്തസാക്ഷിയായി മരിച്ച പോലികാർപ്പി (Polycarp) ൻെറ ശിഷ്യനുമാണ്. ഈ പോലികാർപ്പ് വിശുദ്ധ യോഹന്നാൻെറ ശിഷ്യ

നായിരുന്നു. ഇദ്ദേഹത്തിന്റെ ജനനം എ. ഡി. 70- നിടയ്ക്കായിരിക്കണം. യോഹന്നാൻ എഫേസോസ്സിൽ താമസിച്ചിരുന്ന കാലത്തു ഐറീനിയസ്സ് അദ്ദേഹത്തോടു ധാരാളം പരിചയപ്പെട്ടിരിക്കാൻ ഇടയുണ്ട്. നാലാം സുവിശേഷം യോഹന്നാൻ എഫേസൊസിൽ പാർത്തപ്പോൾ എഴുതിയതാണെന്നു ഐറീനിയസ്സ് പ്രസ്താവിക്കുന്നുണ്ട്. ഇദ്ദേഹത്തിനു ഈ അറിവു പോലിക്കാർപ്പിൽനിന്നു കിട്ടിയതായിരിക്കണം. അല്ലാത്തപക്ഷം ഇത്ര ധൈര്യമായി പറയാൻ വഴിയില്ല. ഐറീനിയസ്സ് തന്റെ വാർദ്ധക്യകാലത്തു ഗാൾ എന്നു വിളിച്ചുവന്ന ഫ്രാൻസിലെ ഒരു പ്രധാന പട്ടണമായ ലയോൺസ്സിലെ ബിഷോപ്പായിത്തീർന്നു. ഏഷ്യായിൽ ജനിച്ചുവനും യൂറോപ്പിന്റെ പശ്ചിമഭാഗത്തു ജോലിയിൽ ഏർപ്പെട്ടിരുന്നവനുമായ ഈ ഐറീനിയസ്സിനു അന്നത്തെ ക്രൈസ്തവലോകം മുഴുവനും അറിഞ്ഞിരുന്നു എന്നു വിചാരിക്കാവുന്നതാണല്ലോ. തന്നിമിത്തം അദ്ദേഹത്തിന്റെ പ്രസ്താവന അന്നത്തെ തിരുസഭയുടെ പൊതുവെയുള്ള വിശ്വാസമായിരുന്നു എന്നു അഭിപ്രായപ്പെടാം.

ക്ലേമന്റ് (Clement ofAlexandria 133 A. D.) എന്നു പേരായ ചരിത്രകാരൻ എഴുതീട്ടുള്ള രണ്ടാം ലേഖനത്തിൽ ഇപ്രകാരം പറയുന്നു:—

നമ്മെ രക്ഷിച്ചുവനായ ക്രിസ്തു കർത്താവു ആദ്യം ആത്മാവായിരുന്നിട്ടു, ജഡമായിത്തീർന്നു. (യോഹ 1-14). A. D. 120-ൽ പോലികർപ്പ് ഫിലിപ്യയിലെ സഭയ്ക്കു എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ 1 യോഹ 4, 2, 3; 2 യോഹ 7 ഈ ഭാഗങ്ങളിൽ നിന്നും ഉദ്ധരണികൾ കൊടുത്തിട്ടുണ്ട്. അതുകൊണ്ടു പോലികാർപ്പിനു ഈ സുവിശേഷത്തെക്കുറിച്ചു അറിവുണ്ടായിരുന്നുവെന്നു വിചാരിക്കാവുന്നതാണ്.

അന്ത്യോക്യയിലെ ഇഗ്നാത്തിയോസ് (A. D. 107 or 115) എഴുതീട്ടുള്ള പല ലേഖനങ്ങളിലും ഈ സുവിശേഷത്തിൽ കാണുന്ന വൈദികോപദേശങ്ങൾ ധാരാളം ഉപയോഗിച്ചിട്ടുണ്ട് ഇദ്ദേഹം യോഹന്നാന്റെ ശിഷ്യനായിരുന്നതുകൊണ്ടു ആ സിദ്ധന്റെ ഉപദേശങ്ങൾ നേരെ ഗുരുമുഖത്തുനിന്നും ലഭിച്ചിട്ടു ആ ഓർമ്മയിൽ നിന്നും എഴുതിയതായിരിക്കാമെന്നു ചില കുത്തിപ്പുകാർ തർക്കം പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷെ സുവിശേഷത്തോടു തുല്യമായ ഭാഗങ്ങൾ ധാരാളമുള്ളതുകൊണ്ടു അതു കേവലം ഗുരൂപദേശത്തിന്റെ ഓർമ്മയിൽ നിന്നു എഴുതിയതായി മാത്രം വിചാരിപ്പാൻ പാടില്ലെന്നും സുവിശേഷവും ലേഖനങ്ങളും അക്കാലത്തു എഴുതപ്പെട്ടു കാണണമെന്നും വിചാരിക്കാവുന്നതാണ്. വി: യോഹന്നാന്റെ ആദർശപൂർണ്ണമായ ഭാഗങ്ങൾ ഇത്ര ധാരാളമാ

യ। ഉപയോഗിക്കണമെങ്കിൽ അതിനു വളരെ മുൻപുതന്നെ ഇഗ്നാത്തിയോസിനു് ആവക സംഗതികളോടു പരിചയമുണ്ടായാൽ മാത്രമേ സാധിക്കുകയുള്ളു. എന്നാൽ അത്ര വളരെ കാലദൈർഘ്യത്തിനു് വഴി കാണുന്നുമില്ല.

എ. ഡി. 135-നോടു് സമീപിച്ചു* ജസ്റ്റിൻമാർട്ടർ എഫെസോസിൽ ഉണ്ടായിരുന്നു. അദ്ദേഹം ഇതരസുവിശേഷങ്ങളിൽനിന്നും കൂടക്കൂടെ ഉദ്ധരണികൾ എടുത്തിട്ടുണ്ടെങ്കിലും ചതുർത്ഥസുവിശേഷം നേരേ ഉദ്ധരിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ M. Loisy എന്ന കൃതിപ്പുകാരൻ ഇതുസംബന്ധമായി ഇപ്രകാരം പറയുന്നു:—"ക്രിസ്തുവിനെക്കുറിച്ചു് ഈ ഗ്രന്ഥകർത്താവു് കൊടുത്തിരിക്കുന്ന ധർമ്മോപദേശങ്ങൾ മുഴുവനും ഈ സുവിശേഷത്തിൽ കാണുന്ന സംഗതികളോടു് എത്രയും അനുയോജിച്ച വിധത്തിലാണ് എന്നു് നിസ്സംശയം പറയാം"*.

ചുരുക്കം പറഞ്ഞാൽ "അലോഗി" എന്നു പറയപ്പെട്ട വർഗ്ഗക്കാരൊഴിച്ചു് ശേഷം എല്ലാവരും ഈ സുവിശേഷം യോഹന്നാൻ അപ്പോസ്തലന്റേതാണെന്നു നിസ്തർക്കം അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അലോഗി എന്ന കൂട്ടർ തന്നെയും ഈ സുവിശേഷം വളരെ പുരാതനമായിട്ടുള്ളതെന്നും യോഹന്നാന്റെ പ്രധാനശത്രുവായി എഫേസോസിൽ പാർത്തിരുന്ന സെറിന്തസ് എന്നവന്റെ കൃതിയാണെന്നും പറഞ്ഞിട്ടുണ്ടു*.

B. ഇതുകൂടാതെ ഈ സുവിശേഷത്തിലെ ആഭ്യന്തരമായ സാക്ഷ്യവും മേല്പറഞ്ഞ സംഗതികളെ തെളിയിക്കുന്നുണ്ടു്.

കള്ളമായിട്ടുള്ള രേഖകളുടെ ഒരു പ്രത്യേക ലക്ഷണമെന്തെന്നു വെച്ചാൽ ഉദ്ദേശിച്ചിട്ടുള്ള ഗ്രന്ഥകർത്താവിനെ കുറിച്ചുള്ള സൂചനകൾ അതിൽ സ്പഷ്ടമായി സൂചിപ്പിച്ചിരിക്കുമെന്നുള്ളതാണ്. നാലാം സുവിശേഷം ഇപ്രകാരം അയഥാർത്ഥമായ ഒരു രേഖയായിരുന്നുവെങ്കിൽ വി. യോഹന്നാന്റെ നാമധേയം ഈ ഗ്രന്ഥത്തിന്റെ പല ഭാഗങ്ങളിലും സ്പഷ്ടമായി കാണിച്ചിരിക്കുമായിരുന്നു. വാസ്തവം പറഞ്ഞാൽ ഈ സുവിശേഷത്തിന്റെ ഗ്രന്ഥകർത്താവു് ആരാണെന്നു് മനസ്സിലാക്കണമെങ്കിൽ എത്രയും ഗാഢമായ പരിശോധനയും ആലോചനയും ആവശ്യമായിരിക്കത്തക്കവണ്ണം അത്ര സൂക്ഷ്മതയോടുകൂടി ആ സംഗതി മറച്ചു വെച്ചിരിക്കുന്നതുപോലെ തോന്നുന്നു.

ഈ സുവിശേഷം സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം താഴെ വരുന്ന സംഗതികൾ തെളിവായി മനസ്സിലാകാവുന്നതാണ്.

1. ഗ്രന്ഥകൎത്താവ് ഒരു യഹൂദനായിരുന്നു. യഹൂദന്യായപ്രമാണങ്ങൾ, ആചാരങ്ങൾ, അഭിപ്രായങ്ങൾ എന്നീവക സംഗതികളിൽ അദ്ദേഹം നല്ല അറിവു സിദ്ധിച്ചിരുന്ന ഒരാളായിരുന്നു. ദൃഷ്ടാന്തമായി മശിഹായെ കുറിച്ച് അക്കാലത്തു് നടപ്പായിരുന്ന അഭിപ്രായങ്ങളെക്കുറിച്ച് അയാൾക്കു നല്ല നിശ്ചയമുണ്ടായിരുന്നു. (1. 19—28: 45—49, 51: 4. 25: 6: 14, 15: 7. 26, 27; 31, 40—42, 52. 12. 13, 34: 19. 15, 21); യഹൂദന്മാരും ശമൎയ്യക്കാരും തമ്മിലുള്ള വിരോധത്തെ കുറിച്ച് അയാൾക്ക് നല്ലപോലെ അറിവുണ്ടായിരുന്നു (4. 9, 20, 22; 8. 48.) സ്ത്രീകളെക്കുറിച്ചും (4. 27.) ജാതീയപാഠശാലകളെ കുറിച്ചും (7. 15.) ചിതറിപാൎക്കുന്നവരെക്കുറിച്ചും (7. 35) അബ്രഹാമിനെയും പ്രവാചകന്മാരെയും കുറിച്ചും (8. 52, 53.) മററനേകം സംഗതികളെക്കുറിച്ചും നല്ലവണ്ണം അറിവു സിദ്ധിച്ചിട്ടുള്ളവനായിരുന്നു.

യഹൂദന്മാരുടെ ഇടയിൽ നടപ്പുള്ള ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് ഈ ഗ്രന്ഥകൎത്താവിനുള്ള പരിചയം എത്രമാത്രമുണ്ടെന്നു താഴെ പറയുന്ന സംഗതികൾ തെളിയിക്കുന്നുണ്ടു്. ദൃഷ്ടാന്തമായി സ്നാനം (1. 25,3. 22, 23; 4. 2:) ശുദ്ധീകരണ നിയമം (2. 6; 3. 25; 11. 55; 18. 28; 19. 31), യഹൂദപെരുന്നാളുകൾ (2. 13, 23; 5. 1. 6; 4; 7. 2. 37; 10. 22; 13. 1. 18. 28; 19. 31, 42.) പരിച്ഛേദനയും ശബ്ബത്തും (7. 22, 23) തെളിവെടുക്കുന്നതിനെ കുറിച്ചുള്ള പ്രമാണം (8. 17; 18.)

2. ഈ സുവിശേഷത്തിൻെറ ഭാവവും ഇതിലെ വൃത്താന്തങ്ങളുടെ ഗതിയും പ്രാധാന്യേന യഹൂദരീതിയിലാണ്. പഴയനിയമത്തിലെ എബ്രായഭാഷയിലുള്ള മൂലഗ്രന്ഥങ്ങളെക്കുറിച്ച് ഗ്രന്ഥകൎത്താവിന് ധാരാളം പരിചയമുണ്ടായിരുന്നുവെന്ന് 6. 45; 13. 18; 19. 37. മുതലായഭാഗങ്ങൾ നോക്കിയാൽ മനസ്സിലാകുന്നതാണ്. ഈ സുവിശേഷത്തിൽ കൊടുത്തിരിക്കുന്ന ഉദ്ധരണികളും അന്യാപദേശരീതികളും എല്ലാം ഈ സംഗതിയെ തെളിയിക്കുന്നുണ്ടു്. (ആട്ടിൻകുട്ടി, ജീവവെള്ളം, മന്നാ, ഇടയൻ, മുന്തിരിവള്ളി etc രക്ഷ യഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നതു്.) 4. 22. മോശ ക്രിസ്തുവിനെക്കുറിച്ച് എഴുതിയിരിക്കുന്നു. 5. 46; 1. 45. അബ്രഹാം ക്രിസ്തുവിൻെറ ദിവസം കണ്ടു് 8 56. പിച്ചളസൎപ്പം 3. 14. മന്ന 6. 32. പെസഹകുഞ്ഞാടു് 19. 36. പാറയിൽനിന്നുള്ള ജലം 7. 37. അഗ്നിത്തൂണ്. 8. 12. കൎത്താവ് പ്രവൎത്തിച്ച സകലതും തിരുവെഴുത്തുകൾ നിവൃത്തിയാകേണ്ടതിനായിട്ടായിരുന്നു. 13. 18; 17. 12; 19. 24, 28, 36, 37. യൂദമാൎഗ്ഗം ക്രിസ്തീയവിശ്വാ

സത്തിന്റെ അടിസ്ഥാനമാകുന്നു, പഴയനിയമഗ്രന്ഥങ്ങളെ ഈ വിധ
ത്തിൽ ഉപയോഗിക്കുന്നതിന്ന് യഹൂദനല്ലാതെ മററാൎക്കും കഴിയുന്നതല്ല.

3. സുവിശേഷകൻ പലസ്തീൻ ദേശക്കാരനായ ഒരു യഹൂദനായിരുന്നു.
പലസ്തീൻദേശത്തുള്ള കേവലം അപ്രധാനങ്ങളായ സ്ഥലങ്ങൾപോലും സുവി
ശേഷകന്ന് നല്ല പരിചയമുള്ളതായി തോന്നുന്നുണ്ട്. ബെഥാനിയ എന്നുപേ
രായ ഒരു സ്ഥലം യെരുശലേമിന്നരികെ ഏകദേശം രണ്ടുനാഴിക ദൂരത്താ
യിരുന്നു. ബെഥാന്യ എന്നു തന്നെ പേരുള്ള വേറൊരു സ്ഥലം യോൎദ്ദാന്നക്കരെ
ഉള്ളതായി പറഞ്ഞിരിക്കുന്നു. 1. 28. ബേത്ത് സയിദ അന്ത്രെയോസിന്റെ
യും പത്രോസിന്റെയും പട്ടണമായിരുന്നു. 1. 44. ഗലീലിയായിലെ കാ
നാ 2. 1; 21. 2. ശലേമിന്നു സമീപമുള്ള അയിനോനിൽ വളരെ വെള്ള
മുണ്ടായിരുന്നതായി പറയുന്നു. 3. 23; സുഖാർ എന്ന ശമൎയ്യപട്ടണത്തിൽ
യാക്കോബു തന്റെ പുത്രനായ യോസേഫിന്നു കൊടുത്ത നിലത്തിന്നരികെ
യാക്കോബിന്റെ ഉറവുണ്ടായിരുന്നു. 4. 5. മരുഭൂമിക്കരികെയുള്ള എഫ്രയീം
എന്ന പട്ടണം. ഈ നാലാംസുവിശേഷം എഴുതുന്നതിന്നു മുൻപുതന്നെ യെരു
ശലേം നഗരത്തിന്റെ നാശം സംഭവിച്ചിരുന്നു എന്നോൎക്കുമ്പോൾ പ്രസ്തുതന
ഗരത്തിന്റെ സമീപത്തുള്ള സ്ഥലങ്ങളെ കുറിച്ചു പറയുന്നതുകൊണ്ടു മുമ്പുത
ന്നെ നല്ലജ്ഞാനമുള്ള ഒരാളായിരിക്കണം ഇതെഴുതിയതു്. ആട്ടുവാതി
ല്ക്കൽ ബെഥസ്ദാ എന്നുപേരുള്ളതും അഞ്ചുമണ്ഡപങ്ങളുള്ളതുമായ ഒരു കുളം
അയയ്ക്കപ്പെട്ടവൻ എന്നൎത്ഥമുള്ള 9. 7. ശീലോഹാം എന്ന കുളം ദൈവാലയ
ത്തിലുള്ള ശലോമോന്റെ മണ്ഡപം 10. 23. ഇതു കൂടാതെ 18. 1, 28; 19.
13, 17.—20, 41, 42. ഈ ഭാഗങ്ങളും നോക്കുക.

4. ഈ എഴുത്തുകാരൻ വൎണ്ണിച്ചിരിക്കുന്ന സംഭവങ്ങൾ ഒരു ദൃക്സാ
ക്ഷി എന്ന രീതിയിലാണെന്നും അദ്ദേഹം ഒരു അപ്പോസ്തലനായിരുന്നുവെ
ന്നും സുവിദിതമാണ്. ഞങ്ങൾ അവന്റെ തേജസ്സു കണ്ടു. (1. 14.) ഇതുക
ണ്ടവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു. (19. 35). "ഈ ശിഷ്യൻ ഇതിനെക്കു
റിച്ചു സാക്ഷ്യം പറയുന്നവനും ഇതെഴുതിയവനുമാകുന്നു. അവന്റെ സാ
ക്ഷ്യം സത്യമെന്ന് ഞങ്ങൾ അറിയുന്നു." എഴുത്തുകാരൻ യേശുസ്നേഹിച്ച ശി
ഷ്യനും സെബദിയുടെ പുത്രനും ആകുന്നു എന്നു (21. 2 20. 24.) നോ
ക്കിയാൽ ഏറെക്കുറെ അറിയാവുന്നതാണ്. അവൻ അന്ത്യ അത്താഴത്തിൽ
യേശുവിന്റെ മാൎവ്വിൽ ചാരിക്കൊണ്ടിരുന്നു. (13. 23.) അവൻ കുരിശി
ന്റെ സമീപം നിന്നിരുന്നു. (19. 26.) വിശുദ്ധജനനിയെ തന്റെ ഭവന
ത്തിലേക്കു അയാൾ സ്വീകരിച്ചു. പത്രോസിനോടുകൂടി ശവക്കല്ലറയിലേ

ക്കു ഓടി. (20. 2). തിബേറിയാസ്സ കടല്ക്കരയിൽ അയാളും ഉണ്ടായിരുന്നു (21. 7). ഈ സുവിശേഷകനു കർത്താവിനോടുകൂടി തന്റെ അന്തേവാസികളായി പാർത്തിരുന്നവരുടെ ജീവിതരീതികളും ആശയഗതികളും കൂടുതലായി അറിവുണ്ടായിരുന്നു എന്നുള്ളതും ഈ അഭിപ്രായത്തെ ദൃഢീകരിക്കുന്നതാകുന്നു. (2. 11, 22; 4. 27; 6. 19, 60; 12. 16; 16 17; 13. 22, 28).

ക്രിസ്തുവിനോടുള്ള അപാരമായ ഭക്തിയും അവനെ സ്വീകരിക്കുന്നതിന്ന് വൈമനസ്യം പ്രദർശിപ്പിക്കുന്നവരോടുള്ള ഈർഷ്യയും ഈ ആളിൽ സവിശേഷം വെളിപ്പെട്ടുകാണുന്നു.

അതു മാത്രമല്ല, മററുള്ള സുവിശേഷകന്മാരെ അപേക്ഷിച്ച് ഈ എഴുത്തുകാരൻ കർത്താവിനോട് അടുത്തിരുന്ന ആളും കർത്താവിന്റെ ഉദ്ദേശങ്ങളെയും ആശയങ്ങളെയും കുറിച്ച് നല്ലപരിചയമുള്ളവനുമായിരുന്നു. (2. 24, 25; 4. 1-3; 5. 6; 6. 6,15; 7. 1; 13 1, 3,11; 16. 19; 18. 4; 19: 28). പത്രോസും, യാക്കോബും അവന്റെ സഹോദരനായ യോഹന്നാനും എന്നിങ്ങനെ മൂന്നു ശിഷ്യന്മാരാണ് യേശുവിനോടു ഏററവും അടുത്തു സംബന്ധപ്പെട്ടിരുന്നതു്. എന്നാൽ ഈ കൂട്ടത്തിൽ വിശുദ്ധ പത്രോസ് അല്ല ഈ സുവിശേഷം എഴുതിയിട്ടുള്ളതു്. നാലാം സുവിശേഷം എഴുതിയതായി പറഞ്ഞിട്ടുള്ള ഏററവും പുരാതനമായ ആണ്ടിന്ന് വളരെ മുമ്പുതന്നെ വിശു: പത്രോസ് കൊല്ലപ്പെട്ടു. അതുകൂടാതെ, യാതൊരു തർക്കവും ഇല്ലാത്ത പത്രോസിന്റെ ഒന്നാം ലേഖനത്തിലെ ഭാഷാരീതിയിൽനിന്നും വളരെ വ്യത്യാസപ്പെട്ടതാണ് ഈ സുവിശേഷത്തിന്റെ രീതി. അപ്രകാരം തന്നെ വിശുദ്ധ യാക്കോബും ഇതിന്റെ ഗ്രന്ഥകാരനായിരിപ്പാൻ തരമില്ല. കാരണം, അദ്ദേഹം പത്രോസിനു മുമ്പുതന്നെ രക്തസാക്ഷിമരണം പ്രാപിച്ചു. (ക്രി. പി. 44). ഇങ്ങനെ വരുമ്പോൾ വിശുദ്ധയോഹന്നാൻ മാത്രമേ ശേഷിക്കുന്നുള്ളൂ. മുമ്പു പറഞ്ഞിട്ടുള്ള സകലവിവരണങ്ങൾക്കും പൂർണ്ണമായി യോജിക്കുന്നവൻ ഇദ്ദേഹം തന്നെയാണ്. എന്നുമാത്രമല്ല, ശിഷ്ടമുള്ള അപ്പോസ്തലന്മാരുടെ കാലം കഴിഞ്ഞശേഷം യോഹന്നാൻ ദീർഘകാലം ജീവിച്ചിരുന്നതുകൊണ്ട് ആദ്യത്തെ മൂന്നു സുവിശേഷങ്ങളുടെ കാലത്തിനുശേഷം ഒരു സുവിശേഷമെഴുതുവാൻ കഴിവുള്ള ആൾ യോഹന്നാൻ തന്നെ ആയിരിക്കുവാനേ തരമുള്ളൂ.

സുവിശേഷത്തിന്റെ അന്ത്യഭാഗത്തു കൊടുത്തിരിക്കുന്ന കുറിപ്പിൽ (21. 24) യേശുസ്നേഹിച്ച ശിഷ്യനാണ് സുവിശേഷം എഴുതിയതു് എന്നു പറയുന്നു. ഈ ശിഷ്യന്ന് ഇതേവിവരണം തന്നെ വേറെ മൂന്നു സ്ഥലങ്ങ

ളിൽ കൊടുത്തിട്ടുണ്ട്. (13. 23; 19: 26; 21. 7;) ഈ ആൾ പത്രോസിനോടു വളരെ അടുത്ത ഒരാളായിരിക്കണം. (13: 24; 21: 7) യോഹന്നാൻ ഇപ്രകാരമുള്ള ആളായിരുന്നു എന്ന് ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ നിന്നും നാം അറിയുന്നു. പ്രവൃത്തികളുടെ പുസ്തകത്തിലും ഇവർ തമ്മിലുള്ള അടുത്തബന്ധം കാണുന്നുണ്ട് (3: 1, 3, 11; 4: 13, 19; 8. 14;). 21: 1-ൽ കൊടുത്തിട്ടുള്ള പേരുകളിൽ ഒന്ന് അയാളുടെതാണ്. പേർപറയപ്പെട്ടിട്ടില്ലാത്ത രണ്ടു ശിഷ്യന്മാരിൽ ഒരാളല്ലാത്തപക്ഷം വിശുദ്ധനായ യോഹന്നാൻ തന്നെ എഴുത്തുകാരനായിരിക്കുവാനേതരമുള്ളു.

ഈ വിഷയം സംബന്ധിച്ചുള്ള ചില ആക്ഷേപങ്ങളെ പററിയും അല്പമായി പറഞ്ഞുകൊള്ളുന്നു.

1 സംഹിതസുവിശേഷങ്ങളിൽ ഒരു പെസഹായെ കുറിച്ചുമാത്രമേ പറഞ്ഞിട്ടുള്ളു. കർത്താവിൻെറ ശുശ്രൂഷാകാലം ഒരുവർഷത്തേക്കു മാത്രം നില്ക്കുന്നതായിട്ടേ കാണുന്നുള്ളു. എന്നാൽ നാലാംസുവിശേഷത്തിൽ മൂന്ന് അല്ലങ്കിൽ ഒരു പക്ഷെ നാല് പെസഹാ ഉത്സവങ്ങളെക്കുറിച്ച് പറയുന്നതായി തോന്നുന്നു. (2. 13; 6. 4; 12. 1; 5. 1. നോക്കുക.) ഇതനുസരിച്ചു ശുശ്രൂഷാകാലം മൂന്നോ നാലോ സംവത്സരത്തേക്കു ദീർഘിപ്പിക്കുന്നതായി വിചാരിക്കാം. ഇതിനു മറുപടിയായി പറവാനുള്ളത് ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും ശുശ്രൂഷ ഒററ ഒരു വർഷമെന്നു യാതൊരു സ്ഥലത്തും പറയുകയോ സൂചിപ്പിക്കുകയോ ചെയ്യുന്നില്ല. ലൂക്കോസ്സ് 4. 19-ൽ ക്രമേയും അങ്ങിനെ പറഞ്ഞിട്ടില്ല.

2. അപ്പോസ്തലൻെറ എപ്പേസോസിലെ താമസം സംബന്ധിച്ചു ചിലകൂട്ടർ തക്കിക്കുന്നുണ്ട്. അവരുടെ അഭിപ്രായത്തിൽ വളരെ മുമ്പുതന്നെ അപ്പോസ്തലൻ പലസ്തീൻനാട്ടിൽ വെച്ച് രക്തസാക്ഷിയായി മരിച്ചു എന്നും എഫേസോസിൽ പോയിട്ടേ ഇല്ലെന്നും വിചാരിക്കുവാൻതക്കവണ്ണം ന്യായങ്ങൾ ഉണ്ടെന്നാണ്. പുതിയനിയമത്തിൽതന്നെ മർക്കോസ്സ് 10 39-ൽ "ഞാൻകുടിക്കുന്നപാനപാത്രം നിങ്ങൾ കുടിക്കയും "ഞാൻ ഏല്ക്കുന്ന സ്നാനം ഏല്ക്കുകയും ചെയ്യും, നിശ്ചയം" എന്നുള്ള കർത്താവിൻെറ വചനങ്ങളിൽ യാക്കോബും യോഹന്നാനും രക്തസാക്ഷികളായി മരിക്കുവാൻ ഇടയുണ്ടെന്ന് കർത്താവു സൂചിപ്പിക്കുന്നതായി വിചാരിക്കാം. 5-ാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു ചരിത്രകാരൻ പേപ്പിയസ്സിൻെറ അഭിപ്രായമനുസരിച്ച് വൈദികനായ യോഹന്നാനും അയാളുടെ സഹോദരനായ യാക്കോബും യഹൂദന്മാരാൽ കൊല്ലപ്പെട്ടു എന്നെഴുതിയിരിക്കുന്നു. സെബെദിയുടെ മകനായ യോഹന്നാൻ ക്രി. പി

70-നു മുമ്പ് പലസ്തീനിൽവെച്ച് രക്തസാക്ഷിയായി മരിച്ചു എന്നു ചില വിദ്വാന്മാർ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ അഭിപ്രായത്തെ സാധൂകരിക്കുന്നതിനുള്ള തെളിവ് ഒട്ടുംതന്നെ തൃപ്തികരമല്ലെന്ന് പറയാതെ നിവൃത്തിയില്ല. ഒരുപക്ഷെ ഏതോ പിശകായി ഇങ്ങനെയുള്ള അഭിപ്രായം അവർ പുറപ്പെടുവിച്ചതായിരിക്കണം. പേപ്പിയസ്സ് എന്ന ചരിത്രകാരൻ പക്ഷെ യോഹന്നാൻ സ്നാപകനെ ഉദ്ദേശിച്ചായിരിക്കാം പറഞ്ഞിട്ടുള്ളതു്. യോഹന്നാൻ യഹൂദന്മാരാൽ കൊല്ലപ്പെട്ടു എന്ന് ഒന്നിലധികം പ്രാവശ്യം പേപ്പിയസ്സിൻെറ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ഇതു് സ്നാപകൻ തന്നെ ആയിരിക്കുവാനാണ് എളുപ്പം.

3. യോഹന്നാൻ എഫേസൂസിൽ പാർത്തിട്ടില്ല എന്നു വിചാരിക്കുന്നപക്ഷം ഈ സുവിശേഷത്തിലെ അതിവിശിഷ്ടമായ ഉപദേശങ്ങൾ കൊടുത്തിട്ടുള്ള ഗുരു വേറെ ആരായിരിക്കണം? പേപ്പിയസ്സിൻെറ എഴുത്തുകളിൽ യോഹന്നാനെന്ന നാമം ധരിച്ചിട്ടുള്ള രണ്ടുപേരെ കുറിച്ച് പറഞ്ഞിട്ടുള്ളതായി ചിലർ വിചാരിക്കുന്നു (1) അപ്പോസ്തലനായ യോഹന്നാൻ (2) മൂപ്പനായ യോഹന്നാൻ എന്നു വിളിക്കപ്പെട്ടുവന്ന വേറൊരു ശിഷ്യൻ. ഈ രണ്ടാമത്തെ ആൾ ശിഷ്യനെന്നു വിളിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് പലസ്തീൻകാരനായ ഒരു യഹൂദനും യേശുവിനെ നേരിട്ടു കണ്ടിട്ടുള്ളവനും ആയിരിക്കാം. എന്നാൽ പേപ്പിയസ്സ് ഒന്നിലധികം ആളുകളെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നു എന്നുള്ളതും തീർച്ചയില്ല. മൂന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന അലക്സാണ്ഡ്റിയായിലെ ദീവന്നാസ്യോസ്സും, നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന യൂസ്സിബിയസ്സും മൂപ്പനായ ഒരു യോഹന്നാനെക്കുറിച്ചു പറയുന്നുണ്ട്. പക്ഷെ ഇവക്കു പേപ്പിയസ്സിൽനിന്നുമുണ്ടായിട്ടുള്ള തെററിദ്ധാരണമൂലമായിരിക്കാം ഇങ്ങനെ പറഞ്ഞിട്ടുള്ളതു്.

4. അപ്പോസ്തലൻ എഫെസൊസിൽ പാർത്തിരുന്നതിൻെറ യാഥാർത്ഥ്യത്തെ എതിർത്ത് കുറേക്കൂടി ബലമായ ഒരാക്ഷേപം ചിലർ പറയാറുണ്ട്. ഇഗ്നാത്യോസ്സ് രക്തസാക്ഷി മരണം പ്രാപിക്കുവാനായി പോയ യാത്രയിൽ എഫെസോസ് സഭയ്ക്കായി എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ പത്രോസിനെയും പൌലൂസ്സിനെയും കുറിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും യോഹന്നാനെക്കുറിച്ചു യാതൊന്നും പറഞ്ഞു കാണുന്നില്ല. യോഹന്നാൻ, എഫെസൊസിൽ പാർത്തിരുന്ന വിവരം അദ്ദേഹം അറിഞ്ഞിരുന്നുവെങ്കിൽ ആ സംഗതിയെക്കുറിച്ചു എന്തെങ്കിലും പറയാതിരിക്കുമോ? ഇത്ര ഉയന്ന നിലയിലുള്ള ഒരാൾ ഇത്ര പ്രധാനപ്പെട്ട ഒരു സംഗതി അറിയാതിരിപ്പാൻ തരമില്ലല്ലോ. എന്നാൽ യോഹ

ന്നാൻ ഒരു രക്തസാക്ഷിമരണം പ്രാപിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഇഗ്നാത്യോസിൻെറ മൌനതയ്ക്കു ഇതു മതിയായ സമാധാനമായിരിക്കും. രക്തസാക്ഷിയായി പോകുന്നതിൽ അദ്ദേഹം അപ്പോസ്തലന്മാരിൽ രക്തസാക്ഷികളായ പത്രോസിൻെറയും യോഹന്നാൻെറയും കാൽചുവടുകളെ പിൻതുടരുന്നതായി വിചാരിക്കയാണു്.

ഗലീലയിലെ കേവലം ഒരു മീൻപിടിത്തക്കാരൻ ഈ സുവിശേഷത്തിൽ കാണപ്പെടുന്ന ചിന്തകനും പ്രവാചകനും, ഉപദേഷ്ടാവുമായിത്തീരുന്നതു് എങ്ങിനെ സാധിക്കും എന്നൊരു സംശയം പലരിലും അങ്കുരിക്കുമായിരിക്കാം. ഇതു രണ്ടും ഒരേ ആൾതന്നെയാകുന്നപക്ഷം പ്രസ്തുത ഗലീലക്കാരനായ യോഹന്നാൻ എന്ന യുവാവു് തൻെറ സ്വഭാവസംസ്കരണത്തിലും ചിന്താഗതിയിലും നിശ്ശേഷം രൂപാന്തരപ്പെടത്തക്കവണ്ണമുള്ള ശിക്ഷാഭ്യസനത്തിൽ കൂടി കടന്നുപോയിട്ടുള്ളതായി വിചാരിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടാകുവാൻ തരമില്ല. യേശുവിനോടുകൂടി ദീർഘകാലം പരിചയിച്ചു തൻെറ മഹത്വത്തെക്കുറിച്ചു ധാരാളം ധ്യാനിച്ചിട്ടുള്ള ഒരാൾക്കു എത്രമാത്രം സംസ്കാരവും അഭിവൃദ്ധിയും ഉണ്ടാകുവാൻകഴിയുമെന്നുള്ളതും ആർക്കും ശരിയായി വിവക്ഷിക്കുവാൻ കഴിവുള്ളതല്ലല്ലോ.

Chapter VI

Analysis of the Gospel. (1)

ഈ സുവിശേഷം പഠിക്കുന്നതിനു സഹായമായിത്തീരുന്ന വിഷയവിവര സംഗ്രഹങ്ങളിൽ രണ്ടു മൂന്നെണ്ണം ചില പ്രസിദ്ധ വേദവ്യാഖ്യാനഗ്രന്ഥങ്ങളിൽനിന്നും ഇവിടെ ചേർക്കുന്നു.

1. 1—18. പ്രാരംഭപ്രസ്താവന.

   1. വചനത്തിന്റെ സ്വഭാവം (1—5)
   2. വചനം മനുഷ്യർക്കു വെളിപ്പെട്ടതും അവർ അവനെ നിരസിച്ചതും (6—13).
   3. വചനം പിതാവിനെ വെളിപ്പെടുത്തുന്നതു (14—18).

1. 19—12. 50 ശുശ്രൂഷ.

   (a) 1. 19—2. 11 സാക്ഷ്യം.

   1. സ്നാപകന്റെ സാക്ഷ്യം (1. 19—37)
      യെരുശലേമിൽ നിന്നുവന്ന പ്രതിനിധികളോടു (19—28)
      ജനങ്ങളോടു (29—34).
      അന്ത്രയൊസ്സ് യോഹന്നാൻ എന്നിവരോടു (35—37).
   2. ശിഷ്യന്മാരുടെ സാക്ഷ്യം (1. 38—51)
   3. ഒന്നാമത്തെ അടയാളത്തിന്റെ സാക്ഷ്യം (2. 1—11)

   (b) 2. 13—11. 57 വേല

   1. യെഹൂദന്മാരുടെ ഇടയിലുള്ള വേല (2. 13—3. 36)
      ഒന്നാമത്തെ ദേവാലയ ശുദ്ധീകരണം (13—22)
      ഭക്തി കൂടാതുള്ള വിശ്വാസം (23—25)
      നിക്കോദിമൊസുമായുള്ള സംവാദം (3.1—21)
      സ്നാനവും യോഹന്നാന്റെ അന്ത്യസാക്ഷ്യവും (22—36
   2. ശമര്യരുടെ ഇടയിലുള്ള വേല (4. 1—42)
   3. ഗലീലക്കാരുടെ ഇടയിലെ വേല (4 43—54)

4. വിവിധതരക്കാരായ പുരുഷാരങ്ങളുടെ ഇടയിലേ വേലയും പോരാട്ടവും (5—11 അദ്ധ്യായങ്ങൾ)

(a) ക്രിസ്തു—ജീവന്റെ ഉത്ഭവസ്ഥാനം (5 അ)

ബെത് സയിദയിലെ കുളത്തിങ്കലുള്ള അടയാളം (1—9)

ഈ അടയാളത്തിന്റെ ഫലം (10—16)

ജീവന്റെ ഉത്ഭവം, പുത്രനെന്നതിനെക്കുറിച്ചുള്ള പ്രഭാഷണം (17—47)

(b) ക്രിസ്തു—ജീവന്റെ ആധാരം (6 അ.)

കരയിന്മേലുള്ള അടയാളം—അയ്യായിരംപേരെ പോഷിപ്പിച്ചതു. (1—15)

തടാകത്തിന്മേലുള്ള അടയാളം—അതിന്മേൽ നടക്കുന്നതു (16—21)

മേല്പറഞ്ഞ രണ്ടു അടയാളങ്ങളുടെയും ഫലം (22—25)

ജീവന്റെ സന്ധാരണം പുത്രനെന്നതിനുള്ള പ്രഭാഷണം (26—59)

സംഭാഷണത്തിന്റെ വിവിധ ഫലങ്ങൾ (60—71)

(c) ക്രിസ്തു സത്യത്തിന്റെയും പ്രകാശത്തിന്റെയും ഉത്ഭവസ്ഥാനം (അ: 8; 9).

ക്രിസ്തുവും തന്റെ സഹോദരന്മാരും തമ്മിലുള്ള തക്കം (7; 1–9)

കൂടാരപ്പെരുനാളിൽ നടന്ന സംവാദം (10–39).

ഈ സംവാദത്തിന്റെ വിഭിന്നഫലങ്ങൾ (40–52).

വ്യഭിചാരത്തിൽ കണ്ടുപിടിക്കപ്പെട്ട സ്ത്രീ (7. 53–8 11).

ക്രിസ്തുതന്നെക്കുറിച്ചും യഹൂദന്മാക്ക വിപരീതമായും പറയുന്ന സാക്ഷ്യം (8; 12-59).

ക്രിസ്തു സത്യത്തിന്റെയും ജീവന്റെയും ഉത്ഭവസ്ഥാനമാണെന്നു ഒരടയാളംകൊണ്ടു ദൃഷ്ടാന്തീകരിക്കുന്നതു (അ: 9.)

അടയാളത്തിന്റെ പ്രാരംഭം (1-5).

അടയാളം (6-12.)

അടയാളത്തിന്റെ വിഭിന്നഫലങ്ങൾ (13-41).

(d) ക്രിസ്തു സ്നേഹമാകുന്നു (അ; 10).

ആട്ടിൻതൊഴുത്തിലിലേ വാതിലിന്റെ ഉപമ (1-9).

നല്ല ഇടയന്റെ ഉപമ (11-18).

ഉപദേശത്തിൻെറ വിഭിന്നഫലങ്ങൾ (19-21).

പ്രതിഷ്ഠാ ഉത്സവത്തിങ്കൽ നടന്ന പ്രഭാഷണം (22-38).

ഈ പ്രഭാഷണത്തിൻെറ വ്യത്യസ്തപ്പെട്ട ഫലങ്ങൾ (39-42).

ക്രിസ്തു സ്നേഹമാകുന്നുവെന്ന് ഒരടയാളംകൊണ്ട് ദൃഷ്ടാന്തപ്പെടുത്തുന്ന

ു. (അ; 11).

അടയാളത്തിൻെറ പ്രാരംഭം (1-33).

അടയാളം (33-44).

അടയാളത്തിൻെറ വിഭിന്നഫലങ്ങൾ (45-57).

അധ്യായം 12—ന്യായവിധി.

1. മനുഷ്യരുടെ ന്യായവിധി (1-36).

    മറിയയുടെ ഭക്തിയും സ്നേഹവും (1-8).

    ആചാര്യന്മാരുടെ വിരോധം (9-11).

    ജനത്തിൻെറ ഉത്സാഹം (12-18).

    പരീശന്മാരുടെ തോൽവി (19).

    പുറജാതികളുടെ പ്രത്യാശ (20-33).

    പുരുഷാരത്തിൻെറ വിഷമം (34-46).

2. സുവിശേഷകൻെറ ന്യായവിധി (37-43).
3. ക്രിസ്തുവിൻെറ ന്യായവിധി (44-50).

അ; 13-20 ശുശ്രൂഷയിൽനിന്നുണ്ടായ ഫലങ്ങൾ.

(D) അ: 13-17 ക്രിസ്തുവിൻെറ അവസാനത്തെ സംവാദങ്ങളിൽ പ്രദർശിപ്പിച്ച അഭ്യന്തരമായ മഹത്വീകരണം.

1. വിനീതഭാവത്തിൽ അവൻ പ്രദർശിപ്പിച്ച സ്നേഹം (13. 1-30).
2. സ്വജനങ്ങളെ പാലിക്കുന്നതിൽ തൻ പ്രദർശിപ്പിക്കുന്ന സ്നേഹം (13. 31-15. 27)

    ക്രിസ്തുവിനോടു അവക്കുണ്ടായിരിക്കേണ്ട ഐക്യം മുന്തിരിവള്ളിയുടെ ഉപമയാൽ ദൃഷ്ടാന്തീകരിക്കുന്നതു് (15;1-11)

    അവക്കു പരസ്പരമുണ്ടായിരിക്കേണ്ട ഐക്യം (12-17).

    അവനെയും അവരെയും ലോകം പകക്കുന്നതു് (18-25).

3. ആശ്വാസപ്രദനെയും ക്രിസ്തുവിൻെറ വരവിനെയും കുറിച്ചുള്ള വാഗ്ദത്തം (അ; 16).

ലോകവും ആശ്വാസപ്രദനും (16; 1-11).
ശിഷ്യന്മാരും ആശ്വാസപ്രദനും (12-15).
ദുഃഖം സന്തോഷമായി മാറുന്നതു് (16-24).
വിഷയസംഗ്രഹവും ഉപസംഹാരവും (25-33).

4. മഹാപ്രധാനാചാര്യന്റെ പ്രാർത്ഥന (അ: 17).
തനിക്കുവേണ്ടി 17; 1-5; ശിഷ്യന്മാർക്കുവേണ്ടി 6-19; പൊതുവിലുള്ള സഭയ്ക്കുവേണ്ടി (20-26).

E. അ: 18; 19; ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിൽ തന്റെ പുറമേയുള്ള തേജസ്സു വെളിപ്പെടുന്നതു്.

1. ഒററിക്കൊടുക്കപ്പെടുന്നതു് (18: 1-11).
2. യഹൂദന്മാരുടെ സഭാധികാരികൾ വിസ്താരം നടത്തുന്നതു് (12-27)
3. റോമാക്കാർ (ഉദ്യോഗസ്ഥന്മാർ) നടത്തുന്ന വിസ്താരം (18.28-19:16)
4. മരണവും ശവസംസ്കാരവും (19: 17-42)
   ക്രൂശാരോഹണവും കുരിശിന്മേലുള്ള മേലെഴുത്തും (17-22).
   നല്ല ശത്രുക്കളും നാല്ല സ്നേഹിതരും (23-27)
   "ഇനിക്കു ദാഹിക്കുന്നു," "നിവൃത്തിയായി" (28-30).
   വിരോധികളുടെയും സ്നേഹിതന്മാരുടേയും അഭ്യർത്ഥനകൾ (31-42).

F. അ: 20. പുനരുത്ഥാനവും ക്രിസ്തുവിന്റെ ത്രിവിധ വെളിപ്പെടുത്തലും.

1. പുനരുത്ഥാനത്തിന്റെ ഒന്നാമത്തെ വെളിപ്പാട് (1-10).
2. മഗ്ദലന മറിയയ്ക്കു് വെളിപ്പെടുന്നതു് (11-18).
3. പത്തുപേർക്കും ശേഷമുള്ളവർക്കും വെളിപ്പെടുന്നതു് (19-23).
4. വി: തോമാസിനും ശേഷമുള്ളവർക്കും വെളിപ്പെടുന്നതു് (24-29).
5. ഉപസംഹാരം, സുവിശേഷത്തിന്റെ ഉദ്ദേശ്യം (30-31).

അ: 21 അനുബന്ധം.

1. ഏഴുപേർക്കു പ്രത്യക്ഷപ്പെടുന്നതും അത്ഭുതകരമായ മീൻപിടിത്തവും (1-14).
2. പത്രോസിനോടുള്ള അരുളപ്പാടും (Commission) അയാളുടെമരണത്തെക്കുറിച്ചുള്ള പ്രവചനവും (15-19).

PART II.

INCARNATE GLORY

BEING NOTES ON THE GOSPEL OF ST. JOHN.

1===21 Chapters.

രണ്ടാം ഭാഗം.

ജ്യോതിസ്സ്വരൂപി

അഥവാ

വി: യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ

ലഘുവ്യാഖ്യാനം.

൧ മുതൽ ൨൧ വരെ അദ്ധ്യായങ്ങൾ.

വിശുദ്ധനായ യോഹന്നാൻ എഴുതിയ

സുവിശേഷം.

(വ്യാഖ്യാനം)

പ്രാരംഭം (൧. ൧—൧൮)

ഈ ഭാഗം ഒരു ദൈവാലയത്തിലെ മനോഹരമായ പൂമുഖംപോലെയിരിക്കുന്നു. സുവിശേഷത്തിന്റെ ഒട്ടുക്കുമുള്ള മുഖവുരയാണിതു്. ഇതിൽ അടങ്ങിയിരിക്കുന്ന ഗംഭീരാശയങ്ങളെ ശേഷമുള്ള ഭാഗത്തു വിസ്തരിച്ചിരിക്കുന്നു.

ഈ മുഖവുരയെ മൂന്നായി വിഭജിക്കാം.

വാ. ൧—൫ വചനത്തിന്റെ യഥാർത്ഥസ്വഭാവം.
,, ൬—൧൩ വചനം ലോകത്തിൽ വെളിപ്പെട്ടതു്.
,, ൧൪—൧൮ വചനത്തിന്റെ അവതാരം മനുഷ്യർ എങ്ങിനെ അനുഭവത്തിലാക്കി എന്നതു്.

സുവിശേഷകൻ ആരംഭത്തിൽതന്നെ എത്രയും ഉന്നതമായ ആശയങ്ങളെക്കുറിച്ചു പ്രതിപാദിച്ചിട്ടു് ഒരു കഴുകൻ എന്നപോലെ താഴോട്ടു പറന്നുവരുന്നതായി കാണുന്നു. ഈ കാരണത്താലാണു് പുരാതന ക്രൈസ്തവ കലാവിദഗ്ദ്ധന്മാർ വി: യോഹന്നാനെ ഒരു കഴുകന്റെ രൂപത്തിൽ ചിത്രീകരിച്ചിരിക്കുന്നതു്.

(൧.) ൧. ൧. നിത്യവചനം.

"നാലാംസുവിശേഷം ഗംഭീരമായ ഒരു ഇടിമുഴക്കത്തോടുകൂടെ ആരംഭിക്കുന്നു" എന്നാണു വി. അഗസ്റ്റീൻ പറഞ്ഞിരിക്കുന്നതു്. അതിരമണീയമായ താളമേളങ്ങളോടുകൂടെയാണു് ഈ പ്രാരംഭവചനങ്ങളുടെ പുറപ്പാടു്. സകലത്തിനും മുമ്പുള്ള നിത്യതയെ അതു സ്പർശിക്കുന്നുണ്ടു്.

വചനം (ഗ്രേക്കുഭാഷയിൽ ലോഗോസ്)—വാക്കു—നമ്മുടെ വാക്കുകൾകൊണ്ടു നമ്മുടെ മനസ്സിലെ വിചാരങ്ങളെ നാം വെളിപ്പെടുത്തുന്നുണ്ടല്ലൊ അപ്രകാരംതന്നെ ഇവിടെ വചനം എന്നുവെച്ചാൽ ദൈവചിത്തത്തെ പൂർണ്ണമായി വെളിപ്പെടുത്തുന്നതിനുള്ള ഉപാധി എന്നു പറയാം. വചനത്തെ സംബന്ധിച്ചു മുഖവുരയിലുള്ള വിവരണം വായിക്കുക.

ഈ വാക്യത്തിൽ വചനത്തിന്റെ ദിവ്യത്വം, വചനത്തിനും ദൈവത്തിനും തമ്മിലുള്ള വേർപെടാത്ത സംബന്ധം, വചനത്തിന്റെ ദിവ്യശക്തി, എന്നീ മൂന്നു കാര്യങ്ങളാണു പറഞ്ഞിരിക്കുന്നതു്.

ആദിയിൽ:—ഉല്പത്തി പുസ്തകത്തിലെ ആരംഭവാക്യങ്ങൾ സൂചിപ്പിക്കുന്ന കാലത്തിനും പുറകോട്ടു സുവിശേഷകൻ നമ്മെ കൊണ്ടുപോകുന്നു. വചനം ത്രികാലങ്ങൾക്കും അതീതമാണു്.

ഉണ്ടായിരുന്നു:—ഇതു വളരെ അർത്ഥവത്തായ ഒരു വാക്കാണു്. സൃഷ്ടിമൂലം ഉൽഭൂതമായ പ്രപഞ്ചത്തെപോലെ ഈ വചനവും സൃഷ്ടിയാൽ ഉളവായി എന്നല്ല,

സൃഷ്ടിക്കുമുമ്പുതന്നെ വചനം ഉണ്ടായിരുന്നു എന്നാണ് ഇവിടെ പറയുന്നതു്. വചനത്തിനു സനാതനമായ അസ്തിക്യമുണ്ടു്. "ഉണ്ടായിരുന്നു". അതുകൊണ്ടു് വചനത്തിനു് ആദിയില്ല. "അബ്രാഹാം ജനിച്ചതിന്നുമുമ്പേ ഞാൻ ഉണ്ടു്'' എന്നും (വ്വ.൫൮) "ലോകം ഉണ്ടാകുംമുമ്പെ ഇനിക്കു നിന്നോടുകൂടി ഉണ്ടായിരുന്ന മഹത്വം" എന്നും (൧൭.൫) ഉള്ള കത്താവിന്റെ വചനങ്ങളെക്കുറിച്ചു ചിന്തിക്കുക. സൃഷ്ടിക്കുമുമ്പായിത്തന്നെ സൃഷ്ടിക്കപ്പെടാത്ത ഏകമായ വചനം സ്നേഹത്തിന്റെയും ആശ്രയത്തിന്റെയും ഗാഢമായ സംബന്ധത്തിൽ ദൈവത്തിങ്കലേയ്ക്കു് അഭിമുഖമായിരുന്നു.

<u>വചനം ദൈവത്തോടുകൂടെയായിരുന്നു:—</u>

വചനത്തിനും ദൈവത്തിനും തമ്മിലുള്ള ഗാഢമായ ബന്ധത്തേയും അടുപ്പത്തേയുമാണ് ഇതു സൂചിപ്പിക്കുന്നതു്. വചനം എന്നുള്ളതിനെ ദൈവത്തിന്റെ ഒരു ഗുണം (ശക്തി) ആയിട്ടല്ല, ഇവിടെ വ്യവഹരിക്കുന്നതു്; സവ്ത്രു, ദൈവത്തോടു ബന്ധപ്പെട്ടിരിക്കുന്ന 'ഗുണി' എന്നാണു വചനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു്. വചനത്തെ കേവലം ദൈവശക്തിയായോ ഗുണമായോ മാത്രം സങ്കല്പിക്കുന്ന പക്ഷം ദൈവത്തോടുകൂടെയായിരുന്നു എന്നു പറയേണ്ട ആവശ്യമില്ലല്ലൊ.

<u>വചനം ദൈവമായിരുന്നു:</u>—ദിവ്യലക്ഷണങ്ങളും ഗുണങ്ങളും ഉള്ളതായിരുന്നു. പിതാവു് അഹിക്കുന്ന സകല ബഹുമാനാദരങ്ങൾക്കും വചനമാകുന്ന യേശുക്രിസ്തുവും അവകാശി ആണെന്നു് ഇതിനാൽ സമത്ഥിക്കുന്നു.

യോഹ: ൧. ൧൪; ൨൦. ൨൮; ൧. യോഹ ൫. ൨൦; റോമ. ൯. ൫; തീതോ ൨. ൧൩; എബ്രാ. ൧. ൮; ൨ പത്രോ ൧. ൧; കൊലൊ ൧. ൧൫—൧൭. നോക്കുക.

"ആദിയിൽ വചനം ഉണ്ടായിരുന്നു." വി. യോഹന്നാൻ ദൈവത്തിന്റെ ഏകജാതപുത്രനെസംബന്ധിച്ചു താൻ രചിക്കുന്ന സുവിശേഷചരിത്രത്തെ വായിക്കുന്നവർ വിശദമായി ഗ്രഹിക്കേണ്ടതിന്നു് ഒരു ഉപമ ചേർത്തു പറയുന്നതിനായി കണ്ടതു് വചനം ആണു്.

"വചനം ഭവിച്ചിതങ്ങാദിയിൽ ഭാഷിതം
വസിച്ചാൻ ദൈവത്തോടുകൂടെയങ്ങനാരതം
തദ്വാക്യം ദൈവംതന്നെയായിരുന്നത്യത്ഭുതം
തദ്വാചാ ഭവിച്ചിതു സൃഷ്ടികൾ സമസ്തവും."

വി. അപ്പോസ്തലന്റെ കാലത്തുണ്ടായിരുന്ന വിജ്ഞാനികളുടെ എഴുത്തുകളിൽ ദൈവത്തിന്നും മനുഷ്യർക്കും ഇടയിൽ ലോഗോസിനെ (വചനത്തെ) ഒരു രണ്ടാം ദൈവമെന്നപോലെ കല്പിച്ചിരിക്കുന്നതായി കാണുന്നു. ഹിന്ദുവിജ്ഞാനികളുടെ എഴുത്തുകളിലും വാക്കിന്നു് ഒരു പ്രത്യേകസ്ഥാനം കൊടുത്തിരിക്കുന്നു. "വാഗക്ഷരം പ്രഥമജാ," വാക്കു നാശമില്ലാത്തതും പ്രഥമജയുമാണു്. ഇതു

തന്നെ സകലത്തിൻെറയും പ്രാരംഭവും ആണ്. ഈ വാക്കിനെ ദൈവീകരിച്ച്, ശബ്ദബ്രഹ്മം', 'നാദബ്രഹ്മം' എന്നും പറഞ്ഞുകാണുന്നു. "ഓമിത്യേകാക്ഷരം ബ്രഹ്മ" എന്നു പറയുന്നതിൽ 'ഓം' എന്ന ഏകാക്ഷരം ബ്രഹ്മമാകുന്നു എന്നും അക്ഷരാൽ 'ഖം' എന്നു പറയുന്നതിൽ സൃഷ്ടിയുടെ പ്രാരംഭം അക്ഷരമാണെന്നും കാണാം. ആദിയിൽ വചനം ഉണ്ടായിരുന്നു എന്ന് വി. യോഹന്നാൻ പറയുമ്പോൾ താൻ മേല്പറഞ്ഞ വിജ്ഞാനങ്ങളിൽ നൈപുണ്യം സിദ്ധിച്ചിരുന്നവനാണെന്നു വിചാരിക്കണമെന്നില്ല. വി. പൗലോസ് അഥേനയിൽവച്ച് "അജ്ഞാതദേവന്ന്" എന്നു കണ്ടതിനെ കർത്താവായ യേശുക്രിസ്തുവിനെപററിയുള്ള തൻെറ പ്രസംഗത്തിന്ന് അടിസ്ഥാനമാക്കിയ പ്രകാരം/വി. യോഹന്നാനും തൻെറ കാലത്തു ഗ്രേക്ക്വിജ്ഞാനികളുടെ ഇടയിൽ സുജ്ഞാതമായിരുന്ന ലോഗോസ് (വചനം) എന്ന പദത്തെ ഉപയോഗപ്പെടുത്തി. "നിങ്ങൾ ലോഗോസ് ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യേ സ്ഥിതിചെയ്യുന്നു എന്നു പറയുന്നുവല്ലോ. ഈ സംജ്ഞ യേശുക്രിസ്തുവിനെപ്പററി കൂടുതൽ ചേർച്ചയും സത്യവും ആകുന്നു. ക്രിസ്തു മനുഷ്യാവതാരം ചെയ്തതിനാൽ ദൈവവും മനുഷ്യനുമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. താൻ നിങ്ങളുടെ ലോഗോസിനെക്കാൾ അധികം ശ്രേഷ്ഠൻതന്നെ" എന്നിങ്ങനെ വി. യോഹന്നാൻ പറയുന്നതായി വിചാരിക്കാം. മാത്രമല്ല, വചനം (വാക്ക്) ത്രിത്വൈകതാലക്ഷണത്തോടുകൂടിയതാണ്. വാക്കിന്നു ശബ്ദവും, ശബ്ദത്തിന്ന് അതിനെ രൂപപ്പെടുത്തുന്ന പ്രതിമ (അക്ഷരം)യും ഇവ രണ്ടിൽനിന്നും പുറപ്പെടുന്ന

വചനം = [ശബ്ദം/പ്രതിമ/അർത്ഥം] 3

അത്ഥവും ഉണ്ടല്ലോ. ഈ മൂന്നും ചേൻറ വാക്കിരിക്കയാൽ ഇവയുടെ സംബന്ധവും വേർപെടുത്തിക്കൂടാത്തതത്രെ. "വാഗത്ഥാവിവ സംപൃക്തൌ" വാക്കും അത്ഥവും എന്ന പോലെയുള്ള യോജിപ്പ് എന്നു കാളിദാസൻ എഴുതിയിരിക്കുന്നതിൽനിന്ന് ഇവ തമ്മിൽ പിരിച്ചുകൂടാത്ത ബന്ധത്തെ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. ഉല്പത്തി ഒന്നാംഅദ്ധ്യായത്തിൽ "ആദിയിൽ ദൈവം" എന്നു പറയുമ്പോൾ പിതാവായ ദൈവത്തേയും "ദൈവത്തിന്റെ ആത്മാവു വെള്ളത്തിന്മീതെ പരിവത്തിച്ചുകൊണ്ടിരുന്നു" എന്നുള്ളിടത്തു് പരിശുദ്ധാത്മാവിനേയും "വെളിച്ചമുണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു" എന്ന ഇടത്തു് വചനസ്വരൂപനായ പുത്രൻെറ വ്യാപാരത്തേയും നാം കാണുന്നു. ഇങ്ങനെ വേദപുസ്തകത്തിൻെറ ആരംഭത്തിൽ തന്നെ നാം വചനത്തെ ദശിക്കുന്നു. ഉല്പത്തിപുസ്തകം ത്രിത്വത്തിൽ ഒന്നാമത്തെ ആളിനെക്കുറിച്ച് 'ആദിയിൽ ദൈവം' എന്നു തുടങ്ങിയിരിക്കുന്നതുപോലെ വി: യോഹന്നാൻ ത്രിത്വത്തിൽ രണ്ടാമത്തെ ആളിനെപ്പററി "ആദിയിൽ വചനം" എന്നു പറഞ്ഞുകൊണ്ടു് തൻെറ സുവിശേഷത്തെ ആരംഭിക്കുന്നു. ഇതിൽ വചനസ്വരൂപനായ പുത്രൻെറ അനാദിനിത്യത്വത്തെയാണു സൂചിപ്പിക്കുന്നതു്. സവ്വസൃഷ്ടിയുടേയും ആരംഭത്തിൽ വചനം ഉണ്ടായിരുന്നു (അല്ലെങ്കിൽ 'ഇരുന്നു' അല്ലെങ്കിൽ ആയിരുന്നു.). ശബ്ദാത്ഥപ്രതിമകൾ നിത്യസംബന്ധികളാകയാൽ 'ആ' എന്നു ശബ്ദിക്കുമ്പോൾതന്നെ അതിൻെറ പ്രതിമ മനസ്സിൽ ജനിക്കുന്നതുപോലെ 'ദൈവം' എന്നുള്ള ശബ്ദമാത്രത്തിങ്കൽ വചനമാകുന്ന പുത്രൻ മനസ്സിൽ

അവതരിക്കുന്നു. യോഹന്നാൻ ൧൪–൯–ൽ കൎത്താവു് ഫീലിപ്പോസിനോടു് "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു, പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരണമെന്നു നീ പറയുന്നതെങ്ങിനെ?" എന്നു ചോദിച്ചിരിക്കുന്നതിൽ ഈ അൎത്ഥത്തെ അത്രെ വിശദീകരിച്ചിരിക്കുന്നതു്. ശബ്ദസ്വരൂപനായിരിക്കുന്ന ജഗന്നിയന്താവു് തന്നെത്താൻ ലോകത്തിനു വെളിപ്പെടുത്തുന്നതു് തൻെറ പ്രതിമയായ പുത്രൻമുഖാന്തിരമത്രേ.

പാഠങ്ങൾ:—ഈ സുവിശേഷത്തിലെ പ്രാരംഭവാക്യങ്ങൾ ഒരാണ്ടു മുഴുവൻ ദിനംപ്രതി വായിച്ചു ധ്യാനിക്കുന്ന ഒരാൾ നിശ്ശേഷം രൂപാന്തരപ്പെട്ടവനായിത്തീരുമെന്നു് ഒരു ഭക്തൻ പറഞ്ഞിരിക്കുന്നു. ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്ന വിസ്മയനീയമായ സത്യങ്ങളെക്കുറിച്ചു് നമുക്കു ധ്യാനിക്കയും, അങ്ങിനെ ക്രിസ്തുവിൻെറ അപ്രമേയമഹത്വത്തെക്കുറിച്ചു മനസ്സിലാക്കുവാൻ ശ്രമിക്കയും ചെയ്യാം. "അവൻ അദൃശ്യനായ ദൈവത്തിൻെറ പ്രതിമയും സൎവ്വസൃഷ്ടിക്കും ആദ്യജാതനുമാകുന്നു......സകലവും അവൻ മുഖാന്തിരം സൃഷ്ടിക്കപ്പെട്ടു. അവൻ സൎവ്വത്തിനും മുമ്പേയുള്ളവൻ. അവൻ സകലത്തിനും ആധാരമായിരിക്കുന്നു." (കൊലൊ: ൧. ൧൫—൧൭.)

—(o)—

(൨). ൧. ൪—൫. വചനം ജീവനും വെളിച്ചവുമാകുന്നു.

ദിവ്യവചനത്തിൻെറ സ്വഭാവത്തേയും ആസ്തിക്യത്തേയും കുറിച്ചു് സുവിശേഷകൻ ചിന്തിച്ചുകൊണ്ടു്

വചനത്തിനും സൃഷ്ടിക്കും തമ്മിലുള്ള സംബന്ധത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. സകലവും അവൻ മുഖാന്തിരം ഉളവായി. സകലത്തിൻേറയും ഉത്ഭവസ്ഥാനം ദൈവമാകുന്നു. എങ്കിലും ദൈവം ക്രിസ്തുവിൽക്കൂടിയാണു സൃഷ്ടിക്കയും വീണ്ടെടുക്കയും ചെയ്യുന്ന തൻെറ വേല നടത്തിക്കൊണ്ടിരിക്കുന്നതു്. അങ്ങിനെ ദൈവത്വത്തിലെ മൂത്തികൾ തമ്മിലുള്ള സ്നേഹത്തിൻെറ നിത്യബന്ധത്തെ നമുക്കു കാണിച്ചുതരുന്നു. അതു മാത്രമല്ല, വചനം ജീവനും വെളിച്ചവും കൂടെയാകുന്നു.

൩. "ഉളവായതെല്ലാം അവനിൽ ജീവനായിരുന്നു" എന്നു് വേറൊരു വിധത്തിലും ഈ വാക്യത്തിനു് ഒരു പാഠമുണ്ടു്. അതു കുറേക്കൂടി നല്ല പാഠമായി ഗണിക്കാം. ജീവനിൽ നിന്നു മാത്രമേ ജീവൻ ഉത്ഭവിക്കുവാൻ പാടുള്ളു. ലോകത്തിലുള്ള സകല ജീവനും ജീവനുള്ള ദൈവത്തിൽ നിന്നാണു് ഉത്ഭവിച്ചിട്ടുള്ളതു്. വിവിധപടികളിലുമുള്ള സകല ജീവജാലങ്ങളും അവയുടെ ദിവ്യമായ ഉത്ഭവത്തിനു് സാക്ഷ്യം നിൽക്കുന്നു.

൪. അവനിൽ ജീവനുണ്ടായിരുന്നു. ജീവൻ അവനിലായിരുന്നു' എന്നായാൽ ഏറ്റെ നല്ലതു്. അവൻ ജീവനു ജീവനായിരുന്നു എന്നും ലോകത്തിന്റെ ജീവൻ അവനിൽ അന്തർഭവിച്ചിരുന്നു എന്നും പറയുന്നതിനു പകരമാണു് അവനിൽ ജീവനുണ്ടായിരുന്നു എന്നു പറയുന്നതു്.

ഈ പ്രപഞ്ചത്തെ കാത്തു രക്ഷിച്ചു നടത്തുന്നവൻ അവനാണു്.

ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു:—വചനം പ്രപഞ്ചത്തിൻെറ സ്രഷ്ടാവു മാത്രമല്ല, അതിൻെറ ജീവനും കൂടെയാണു്. ദൈവജീവനായ വചനം ലോകത്തിൻെറ ജീവനായി ഭവിച്ചിട്ടു് ലോകത്തിനു ബോധത്തെ (അറിവു) പ്രദാനം ചെയ്യുന്ന വെളിച്ചമായിത്തീൎന്നിരിക്കുന്നു. ക്രിസ്തുവിൻെറ മനുഷ്യാവതാരത്തിനു മുൻപു്, താൻ ദൈവത്തോടുകൂടിയായിരുന്നിട്ടു് ബോധം, അന്തഃകരണം, ദീൎഘദൎശനങ്ങൾ എന്നിവ മൂലം ലോകത്തിനു വെളിച്ചത്തെ കൊടുത്തുകൊണ്ടിരുന്നു.

വാ. ൫. പിടിച്ചടക്കിയില്ല:—„പ്രകാശം ഉണ്ടാകട്ടെ എന്നു ദൈവം പറഞ്ഞു. പ്രകാശം ഉണ്ടാകയും ചെയ്തു" എന്നുള്ള ഉല്പത്തിപുസ്തകത്തിലെ വാക്യമാണു് ഈ ഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നതു്. ഈ സുവിശേഷത്തിൽ വെളിച്ചം അല്ലെങ്കിൽ പ്രകാശം എന്നതിൻെറ അൎത്ഥം ദൈവത്തെക്കുറിച്ചുള്ള അറിവു് എന്നാണു്. (വ്യ. ൧൨ നോക്കുക.)

വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു:—അധഃപതിച്ചുപോയതും ദൈവത്തിൽനിന്നു് അകന്നുപോയതുമായ മനുഷ്യനിലാണു് വെളിച്ചം പ്രകാശിച്ചുകൊണ്ടിരിക്കുന്നതു്. മനസ്സാക്ഷി എന്നതു് നിത്യവചനമായവൻെറ ഒരു വെളിച്ചമാണു്; എങ്കിലും അതു് ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന ഒരു വിളക്കാണു്. ഇരുട്ടിൻെറ കാഠിന്യം കൊണ്ടു് ധാൎമ്മികമായ വെളിച്ചം വേണ്ടപോലെ പ്രകാ

ശിക്കുന്നില്ല. പ്രകൃതിയിലുള്ള ദൈവത്തിന്റെ കൈവേലകളിൽനിന്നും അവന്റെ വിവിധതരങ്ങളായ വ്യാപാരങ്ങളിൽനിന്നും എല്ലാ കാലങ്ങളിലുമുള്ള മനുഷ്യർക്ക് ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഏറെക്കുറെ അറിയാൻ കഴിയുമായിരുന്നു എങ്കിലും മനുഷ്യൻ പ്രായേണ മൂഢവിശ്വാസങ്ങൾക്കും വിഗ്രഹാരാധനയ്ക്കും വശംവദനായിത്തീർന്നിട്ടുണ്ട്.

ദിവ്യവചനത്തിന്റെ പ്രത്യക്ഷത:—അനാദികാലം മുതൽക്കേ ഉണ്ടായിരുന്ന ഈ ദിവ്യവചനം ലോകചരിത്രകാലത്തിൽ പ്രത്യക്ഷമായിത്തുടങ്ങി. താഴെ പറയുന്ന വാക്യങ്ങളിൽ ദിവ്യവചനത്തിന്റെ വെളിപ്പെടുത്തൽ ഇന്ന വിധത്തിലാണെന്നും, ലോകർക്ക് അതു ലഭിച്ചതു് എങ്ങിനെ എന്നും, ദൈവവചനത്തെ കൈക്കൊണ്ടവരാണ് ദൈവഹിതത്താൽ അവിടുത്തെ മക്കളായി ഭവിച്ചതെന്നും പ്രസ്താവിച്ചിരിക്കുന്നു.

പാഠങ്ങൾ:—സകലവും അവൻ മുഖാന്തിരം ഉളവായി. അഖിലാണ്ഡം മുഴുവനും സൃഷ്ടിച്ചതിൽ വചനമാകുന്ന ദൈവപുത്രൻ പ്രദർശിപ്പിച്ചിരിക്കുന്ന അവന്റെ ശക്തിയെക്കുറിച്ചു ചിന്തിക്കുക. ഈ കർത്താവുതന്നെയാണ് ഈ ഭൂമിയിലേയ്ക്കു വന്നു നമുക്കുവേണ്ടി മരിച്ചുയിർത്തെഴുന്നീറ്റതെന്നും ചിന്തിക്കുക. കൃപയിലുള്ള അവന്റെ വേല ഇതിൽ എല്ലാവറ്റയുംകാൾ അത്ഭുതകരമായിട്ടുള്ളതാണ്. കർത്താവേ, കൃപയിൽ ഇന്നും നീ പ്രവർത്തിയ്ക്കേണമേ.

൯. ൧. ൬ — ൧൩. വചനം കുറേക്കൂടി അടുത്തുവരുന്നു.

പ്രവാചകന്മാർ, പ്രാസംഗികന്മാർ, ന്യായപ്രമാണം കമ്മാച്ചാരങ്ങൾ എന്നിവയിൽക്കൂടിയും ജാതീയവും വ്യക്തിപരവുമായ ശിക്ഷാഭ്യസനങ്ങളിൽക്കൂടിയും വചനമായവൻ അടുത്തടുത്തു വരുന്നു. പിന്നീടു് വളരെ അടുത്തുവരുന്നു. „ദൈവം അയച്ചിട്ടു് ഒരു മനുഷ്യൻ,” അതായതു് യോഹന്നാൻ സ്നാപകൻ വന്നു.

വാ. ൬. “മനുഷ്യൻ വന്നു”—അവന്നു് ആദിയുണ്ടു്.

വാ. ൭. സാക്ഷ്യം:—ഈ വാക്കു് ഈ ഗ്രന്ഥത്തിൽ കൂടെക്കൂടെ വരുന്നുണ്ടു്. യേശു ദൈവപുത്രനാണെന്നു തെളിയിക്കുന്നതിനുള്ള ഒരു സാക്ഷ്യമായിട്ടാണു് ഈ ഗ്രന്ഥംതന്നെ എഴുതിയിട്ടുള്ളതു്. ൨൦ അ. ൩൧-ാം വാക്യം നോക്കുക.

വാ. ൭. താൻ മുഖാന്തിരം മററുള്ളവർ ഈ വെളിച്ചത്തെ അറിഞ്ഞുകൊള്ളണമെന്നുള്ളതാണു് യോഹന്നാൻ സ്നാപകന്റെ ഉദ്ദേശ്യം. താൻ ദൈവത്താൽ അയയ്ക്കപ്പെട്ട ഒരുവനാണെന്നും, എന്നാൽ താനല്ല വെളിച്ചമെന്നും, ആ വെളിച്ചത്തിനു സാക്ഷി നിൽക്കുന്നതും അതിനെ പ്രതിഫലിപ്പിക്കുന്നതും ആണു് തൻെറ കൃത്യമെന്നും സ്നാപകൻ തെളിവായി പ്രസ്താവിക്കുന്നു. യോഹന്നാൻ സ്നാപകൻെറ സാക്ഷ്യംമൂലം ഈ ഗ്രന്ഥത്തിൻെറ കർത്താവായ യോഹന്നാനും, പത്രോസും, മററു ചില ശിഷ്യന്മാരും യേശുവിനെ അറിയുന്നതിനു് ഇടയായി.

വാ. ൯. യോഹന്നാൻസ്നാപകന് യേശുവിനോടുള്ള സംബന്ധം ഈ സുവിശേഷത്തിൽ തെളിവായി പറഞ്ഞുകാണുന്നുണ്ട്. യോഹന്നാന്റെ മരണത്തിനു ശേഷവും അയാളുടെ അനുഗാമികൾ ഒരു പ്രത്യേക വർഗ്ഗക്കാരായി നിലനിന്നുപോന്നതായി കാണുന്നു. ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട ക്രിസ്തു, യോഹന്നാനാണ്, യേശുവല്ല, എന്നു യോഹന്നാന്റെ ശിഷ്യന്മാരിലൊരുവൻ പറഞ്ഞുകൊണ്ടു നടന്നതായി ഒരു പ്രാചീന ക്രൈസ്തവ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന സൂചനയിൽനിന്നും മനസ്സിലാകുന്നുണ്ട്. ഈ വക അബദ്ധോപദേശങ്ങളോട് എതിരിടുന്നതിലേയ്ക്കാണ് സുവിശേഷകൻ ഇവിടെ വെളിച്ചത്തേയും വെളിച്ചത്തിന്റെ സാക്ഷിയായിരുന്നവനേയും തമ്മിൽ വിശദമായി താരതമ്യപ്പെടുത്തുന്നത്.

വാ. ൯. "ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന." പൂർവ്വകാലങ്ങളിൽ പല നൂതനാശയങ്ങളും ലോകത്തിനു പ്രദാനംചെയ്തിട്ടുള്ള പല മതോപദേഷ്ടാക്കന്മാരെയും പ്രകാശിപ്പിച്ചുകൊണ്ടിരുന്നതു് ഈ സത്യവെളിച്ചം തന്നെയാണ്. എന്നാൽ ആ പ്രകാശനം അഥവാ വെളിപ്പാടു് കാലാനുസരണം അപൂർണ്ണമായി മാത്രം ലഭിച്ചുവന്നു. "ദൈവം പണ്ടു് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർമുഖാന്തിരം പിതാക്കന്മാരോടു് അരുളിച്ചെയ്തിട്ടു് ഈ അന്ത്യകാലത്തു് പുത്രൻമുഖാന്തിരം നമ്മോടു് അരുളിച്ചെയ്തിരിക്കുന്നു." (എബ്രാ ൧: ൧.)

"സത്യവെളിച്ചം"—മുഖവുര ഇവിടെ വീണ്ടും ആവർത്തിക്കപ്പെടുകയാണു ചെയ്യുന്നതു്. നമ്മുടെ രക്ഷിതാ

വായ ക്രിസ്തു എന്ന സത്യവെളിച്ചം തൻെറ അവതാരത്തിന മുമ്പുതന്നെ ഉണ്ടായിരുന്നുവെന്നും, യഹൂദനെന്നും പുറജാതിക്കാരനെന്നുമില്ല, ലോകജാതനായ ഏവനേയും പ്രകാശിപ്പിച്ചുകൊണ്ടിരുന്നുവെന്നും ധരിക്കണം. സത്യം എന്ന വിശേഷണം ഈ ഗ്രന്ഥകത്താവിന വളരെ പ്രിയപ്പെട്ട ഒരു പദമാണെന്ന തോന്നുന്നു. പുതിയ നിയമത്തിൽ ഈ പദം വളരെ പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അതിൽ ഉമ്പം ഈ ഗ്രന്ഥകത്താവിൻെറ ഗ്രന്ഥങ്ങളിലാണ്. കുറവും, മാലിന്യവും ഉള്ളവയ്ക്ക് എതിരായി ഇതു കുറവില്ലാത്തതും മാലിന്യമററതുമാണെന്നും ചൂണ്ടിക്കാണിക്കുന്നു. ((സത്യത്തെ വെളിപ്പെടുത്തുന്ന വെളിച്ചം, കാൎയ്യങ്ങളുടെ യഥാൎത്ഥമായ അവസ്ഥയെ കാണിക്കുന്ന പ്രകാശം, എന്നിവയാണു സത്യവെളിച്ചമെന്ന പറയേണ്ടതു'' എന്നു പരാനന്ദർ എഴുതിയിട്ടുണ്ട്. ''ദൈവത്തെ ഒഴിച്ച് മററു യാതൊന്നും സത്യമല്ലെന്നും, ലോകർ ഇന്ദ്രിയാനുഭവങ്ങളിൽക്കൂടി ആത്മികാനുഭവങ്ങളിൽ കടക്കത്തക്കവണ്ണമാണ് പരിശുദ്ധാത്മാവ് ലോകത്തെ ചമടിപ്പിച്ചിരിക്കുന്നതെന്നും ദൈവത്തെ അറിയേണ്ട വഴി ക്രിസ്തുമാത്രമാണെന്നും, ഇതാണു സത്യമെന്നും ഈ മഹാൻ അഭിപ്രായപ്പെടുന്നു.

വാ. ൻ. ((ലോകത്തിലേയ്ക്ക്''—ലോകം എന്ന പദം ഈ സുവിശേഷത്തിൽ കൂടെക്കൂടെ ഉപയോഗിച്ചിരിക്കുന്നു. സകലത്തിൻെറയും ആകമാനമായിട്ടുള്ളവ,—പ്രപഞ്ചം എന്നിങ്ങനെ സാധാരണ അൎത്ഥത്തിൽ ചിലെടങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിന വിരോധമായി എതിരിടുവാൻ സന്നദ്ധമായി നിൽക്കുന്ന സ്ഥിതിഗതിക

ളെന്നുള്ള അൎത്ഥവും ചില സ്ഥലങ്ങളിൽ ഉദ്ദേശിച്ചിട്ടുണ്ടു്. ഈ ലോകത്തിന്റെ ഭരണാധികാരം വഹിക്കുന്നതു സാത്താൻ തന്നെയാണെന്നും കൂടെ പറഞ്ഞിരിക്കുന്നു. (൧൨. ൩൧, ൧൪. ൩൦). ഇരുട്ടു് എന്നുള്ളതു വെളിച്ചത്തോടു് എതിൎക്കുന്ന സകല തിന്മകളും—അതായതു് അജ്ഞാനം, സ്വാൎത്ഥം, നീചസ്വഭാവം, പാപം—എന്നൎത്ഥം കല്പിക്കാം.

വാ. വ്യ. ക്രിസ്തുവിൽക്കൂടിയുള്ള ദൈവവെളിപാടിനു മുമ്പുണ്ടായിരുന്ന പ്രാചീനവും അപൂൎണ്ണവുമായ വെളിപാടുകളുടെ അന്ത്യവും, ശ്രേഷ്ഠവുമായ പ്രതിനിധിയായിട്ടാണു് യോഹന്നാൻസ്നാപകനെ ഇവിടെ വിവരിക്കുന്നതു്. ദൈവത്തെക്കുറിച്ചു് പ്രാഥമികമായതെങ്കിലും യഥാൎത്ഥമായ ഒരു ജ്ഞാനം നൽകുന്നതിനു് പൎയ്യാപ്തമായ മനസ്സാക്ഷിയുടെ വെളിച്ചം ഓരോ മനുഷ്യനും ദൈവം നൽകിയിട്ടുണ്ടു്. മനുഷ്യർ അവരിലുള്ള വെളിച്ചത്തെ മിക്കവാറും കെടുത്തിക്കളഞ്ഞു് ദൈവത്തെ അറിയുവാൻ പാടില്ലാത്തവരായിത്തീൎന്നു. ആയതുകൊണ്ടു് ദൈവം ഒരു പ്രത്യേകജാതിയെ തന്റെ സ്വന്തമെന്നപോലെ തെരഞ്ഞെടുത്തു (വാ. ൧൧). ന്യായപ്രമാണങ്ങളാലും പ്രവചനങ്ങളാലും സങ്കീൎത്തനങ്ങളാലും ഇങ്ങനെ വിവിധതരങ്ങളായ മാൎഗ്ഗങ്ങളിൽക്കൂടി അവൻ അവരുടെ അടുക്കലേയ്ക്കു വന്നു. എങ്കിലും ഈ തെരഞ്ഞെടുക്കപ്പെട്ട ജാതി കൂടെയും അവനെ സ്വീകരിക്കുവാൻ വിസമ്മതിച്ചു. പരമാൎത്ഥതയും വിശ്വാസവുമുള്ളവരുടെ സംഖ്യ എല്ലാക്കാലങ്ങളിലും തുലോം കുറവായിട്ടാണു് ഇരുന്നിട്ടുള്ളതു്. എങ്കിലും എല്ലാക്കാലത്തും, അതിലും പ്രത്യേകിച്ചു് യിസ്രാ

യേല്യരുടെ ഇടയിൽ അവനെ സ്വീകരിച്ചവരായ ഏതാനം പേരുണ്ടായിരുന്നു.

വാ. ൧൨. അവൻെറ നാമം—നാമം എന്നുള്ളതു് തൻെറ ഗുണാതിശയങ്ങളേയും മഹിമയേയും സൂചിപ്പിക്കുന്നു.

അധികാരം—ഇതിനെ അവകാശം (പദവി) എന്നു വ്യാഖ്യാനിക്കാം. യേശുവിനെ ദൈവപുത്രനായും ലോകരക്ഷിതാവായും വിശ്വസിച്ചവക്കു് ദൈവത്തിൻെറ സാക്ഷാൽ പുത്രനെന്ന പദവിയും കിട്ടിയിരിക്കുന്നു. പുത്രത്വംമൂലമുള്ള ഈ അധികാരം (പദവി) എങ്ങിനെയുള്ളതെന്നു "ദൈവമക്കളാകുവാൻ" എന്നുള്ളതിൽനിന്നു തെളിയുന്നു. ഇതു് അബ്രാഹാമിൽനിന്നുള്ള പാരമ്പര്യമായി രക്തവഴി സിദ്ധിച്ചിട്ടുള്ളതോ, മാതാപിതാക്കന്മാരിൽനിന്നു ജഡസംബന്ധമായി ലഭിച്ചതോ, മനുഷ്യ ഇഷ്ടത്താൽ (പ്രയത്നത്താൽ) കിട്ടിയിട്ടുള്ളതോ അല്ല. അതു ദൈവത്തിൽനിന്നുള്ള സ്വതന്ത്രവും പ്രകൃത്യതീതവുമായ ദാനമാണു്. അതു പരിശുദ്ധാത്മാവിനാൽ ആന്തരികമായും ആത്മികമായും സ്ഥാപിക്കപ്പെട്ടന്നതും; അതിൻെറ പരിപോഷണം ക്രിസ്തുവിനോടുള്ള ഞെരുങ്ങിയ കൂട്ടായ്മയിൽ (ബന്ധത്തിൽ) ആശ്രയിച്ചിരിക്കുന്നതുമാണു്. "വിശ്വസിക്കുക"—ഇതു് ഈ സുവിശേഷത്തിലെ മൌലികസൂക്തങ്ങളിൽ ഒന്നാണു്.

വാ. ൧൩. ദൈവത്തിൽനിന്നത്രേ ജനിച്ചതു്—മുൻ പറഞ്ഞതുപോലെ പുത്രത്വമെന്നുള്ള നവജീവനും പദവിയും പ്രകൃതിയിൽനിന്നോ, മാനുഷികപ്രയത്നം,

ശക്തി എന്നിവയിൽനിന്നോ ലഭ്യമാകുന്നില്ലെന്നും, ദൈവത്തിന്റെ അമാനുഷികവും ദിവ്യവുമായ ശക്തിയിൽനിന്നു മാത്രമാണു കിട്ടുന്നതെന്നും ഇതുകൊണ്ടു ധരിക്കണം.

ഈ വാക്യത്തിലും പിൻവരുന്ന വാക്യങ്ങളിലും ദിവ്യവചനം ജഡമായിത്തീർന്നതിന്റെ ഫലങ്ങൾ ഇന്നവയെന്നു പ്രസ്താവിക്കപ്പെട്ടുന്നുണ്ട്. ദൈവത്തിന്റെ മഹത്വം ആ ജഡത്തിൽ വിളങ്ങി പ്രകാശിച്ചു. യോഹന്നാൻസ്നാപകൻ ജഡത്തിൽ അവതരിച്ച യേശുവിന്റെ ശക്തിക്കും പ്രതാപത്തിനും സാക്ഷിയായി ഭവിച്ചു. ശിഷ്യന്മാർക്ക് അനുഭവംകൊണ്ടു അവന്റെ ശ്രേഷ്ഠത ബോദ്ധ്യമായിത്തീർന്നു. ദിവ്യവചനമാകുന്ന യേശു തന്റെ ദിവ്യവചനങ്ങളെക്കൊണ്ടു തന്നെ ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നവനാണെന്നു സുവിശേഷങ്ങൾ തന്നെ ഉത്തമസാക്ഷ്യം വഹിക്കുന്നു. യേശു ഒഴികെ ദൈവത്തെ കാണ്മാൻ മറെറാരു വഴി ഇല്ലതന്നെ. "നിന്റെ മാംസചക്ഷുസ്സുകളാൽ എന്നെ കാണുക സാദ്ധ്യമല്ല. അതിനാൽ ഞാൻ നിനക്കു ശരിയായ ദിവ്യദൃഷ്ടികളെ തരും. അവകൾവഴിയായി എന്നെയും എന്റെ ശ്രേഷ്ഠതകളേയും നിനക്കു തെളിവായി കാണാം" എന്നു ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ പറയുന്നു:—"ദൈവത്തിൽനിന്നത്രേ ജനിച്ചതു്." എന്നതു ചില പുരാതന ലിഖിതങ്ങളിൽ ക്രിസ്തുവിനെ വിശേഷിപ്പിക്കുന്നതായിട്ടാണു് ഉപയോഗിച്ചിരിക്കുന്നതു്. യേശുവിന്റെ ഉത്ഭവം

കേവലം മാനുഷികമല്ല എന്നു യഹൂദന്മാരെയും മററും മനസ്സിലാക്കുവാനാണ് ഇങ്ങനെ എഴുതിയതു്.

പാഠങ്ങൾ:—വനാന്തരത്തിൽ വെച്ചു് യഹോവയായ ദൈവം പുരാതനകാലങ്ങളിൽ കൂടാരമടിച്ച പ്രകാരം തന്നത്താൻ ഒഴിച്ചു് (ഫിലി. ൨. ൭) വേഷത്തിൽ മനുഷ്യനായിത്തീന്നു.

ഓരോ മനുഷ്യനിലും പ്രകാശമുണ്ടു്. വചനമാകുന്ന ക്രിസ്തുവിൽ നിന്നും പൂർണ്ണമായി വേർപെട്ടിരിക്കുന്ന ഒരു മനുഷ്യനുമില്ല. എങ്കിലും ഓരോ മനുഷ്യരും ഈ സത്യം ഗ്രഹിച്ചു പ്രവത്തിക്കാതിരിക്കുന്നപക്ഷം യാതൊരു പ്രയോജനവുമില്ല.—നമ്മുടെ ഹൃദയങ്ങളിലേയ്ക്കു നാം ക്രിസ്തുവിനെ സ്വീകരിക്കുന്നുണ്ടോ, അതോ നാം അവനെ ത്യജിക്കുകയാണോ ചെയ്യുന്നതു്?

—(൦)—

൪. ൧, ൧൪—൧൮. വചനം ജഡമായിത്തീന്നു.

വാ. ൧൪. ഇതാണു ക്രിസ്ത്യാനിമാർഗ്ഗത്തിൻെറ മർമ്മം.

കാലസമ്പൂർണ്ണതയിൽ, യോഹന്നാൻെറ ആവിർഭാവത്തോടുകൂടി അവസാനിച്ചതായ ആ ഒരുക്കകാലം തികഞ്ഞപ്പോൾ, ദൈവം ഒരു നവീനമായ പാതയിൽ കൂടി ലോകത്തിലേയ്ക്കു പ്രവേശിച്ചു. ഈ നവീനമാർഗ്ഗത്തിൽ ദൈവവും മനുഷ്യനും എത്രയും പരിപൂർണ്ണമായ രീതിയിൽ യോജിച്ചു വന്നു എന്നു പറയാം. അതുകൊണ്ടു് മനുഷ്യക്കു ദൈവത്തിൻെറ ഒരു സമ്പൂർണ്ണ വെളിപാടു ലഭിക്കാനിടയായി.

ദോഷികളായ മനുഷ്യരെ ദിവ്യപ്രകൃതിക്കു കൂട്ടാളികളാക്കുന്നതിന് സാക്ഷാൽ ദൈവം മനുഷ്യനായിത്തീൎന്നു. ചിന്മയനും അജ്ഞാതനും സൎവ്വശക്തനുമായ ദൈവം ഒരു ശരീരിയായി ഭവിച്ചു.

നമ്മുടെ ഇടയിൽ പാൎത്തു—ഒരാൾ കൂടാരമടിച്ചു് മറെറാരാളിനോടുകൂടി താമസിച്ചു് സൎവ്വത്ര അയാളെ നടത്തുന്നതുപോലെ യേശു തന്റെ ശരീരമാകുന്ന കൂടാരത്തിൽ പാൎത്തുകൊണ്ടു്. ലോകകാൎയ്യങ്ങളിൽ നമുക്കൊരു സഹോദരനെപ്പോലെ സഹായിയായിത്തീൎന്നു. തന്റെ ശരീരം ഒരു ക്ഷേത്രവും തന്റെ ദിവ്യസ്വഭാവങ്ങൾ അതിലെ പ്രതിഷ്ഠയുമായിട്ടു് നമ്മുടെ ഇടയിൽ പാൎത്തു എന്നും പറയാം. 'ശെഖീനാ' എന്ന പേരായ ദൈവത്തിന്റെ മഹത്വം പണ്ടു തിരുനിവാസത്തെ മൂടിയിരുന്നതുപോലെ കൎത്താവു് തന്റെ ദിവ്യസ്വഭാവത്തെ ഒരു ശരീരത്തിൽ വഹിച്ചുകൊണ്ടു് ഇവിടെ ജീവിച്ചു. (പുറ. ൪൦. ൩൪—൩൫.)

കൃപയും സത്യവും നിറഞ്ഞവനായി—കൃപ എന്നതു് ദൈവാനുകൂല്യവും ആൎദ്രസ്നേഹവുമാണു്. സത്യം എന്നതു് ആൎജ്ജവബുദ്ധിയെ മാത്രമല്ല ഇവിടെ സൂചിപ്പിക്കുന്നതു്. വിശുദ്ധിയും കൂടിയാണു് ഈ പദത്തിന്റെ അൎത്ഥവിവക്ഷ. (൧. ൧൭; ൩. ൨൧; ൪. ൨൩; ൮. ൪൪; ൧. യോഹ. ൧. ൬. നോക്കുക.)

ഞങ്ങൾ അവന്റെ തേജസ്സു കണ്ടു—കേവലം ശ്രവണമാത്രമായ ഒന്നായിട്ടല്ല, സ്വദൃഷ്ടികൾക്കു വിഷ

യീഭവിച്ച ഒന്നായിട്ടാണ് ഇവിടെ ഗ്രന്ഥകൎത്താവു പറഞ്ഞിരിക്കുന്നതു്. തേജസ്സ് എന്നു വെച്ചാൽ ആത്മാവിൻെറ ഗുണമാഹാത്മ്യം എന്നൎത്ഥം. അതു ജീവിതം മുഴുവനും വിളങ്ങി പ്രകാശിച്ചു. യേശുവിൻ്റെ രൂപാന്തരം, സ്വൎഗ്ഗാരോഹണം എന്നിവയിൽ ദൃശ്യമായിത്തീൎന്ന ആ പ്രത്യേകതേജസ്സിനെ മാത്രമല്ല ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്. പിതാവിനെ ലോകൎക്കു വെളിപ്പെടുത്തിക്കൊടുത്തുകൊണ്ടിരുന്നതും സ്വജീവിതം മുഴുവനിലും തന്നിൽ പ്രകാശിച്ചുകൊണ്ടിരുന്നതുമായ സാന്മാൎഗ്ഗികവും ആദ്ധ്യാത്മികവുമായ തേജസ്സിനെ (യഥാൎത്ഥനിറം) യാണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്നതു്.

ഏകജാതനായവൻെറ തേജസ്സ്—ഒരു പ്രത്യേകരീതിയിൽ ഏകപുത്രൻെറ തേജസ്സ്. ഈ പദം ക്രിസ്തുവിൻെറ ഒരു പൎയ്യായമായി സുവിശേഷകൻ പല സ്ഥലത്തും ഉപയോഗിച്ചിട്ടുണ്ടു്. (൧. ൧൮; ൩. ൧൬—൧൮; ൧ യോഹ. ൪. ൯—൯.) ക്രിസ്തുവിൽ കാണപ്പെട്ട തേജസ്സ് സാധാരണ വിശുദ്ധന്മാരിലും പ്രവാചകന്മാരിലും കാണപ്പെടാറുള്ള ഒരു പ്രതിഫലനതേജസ്സല്ല, അതു ദൈവത്തിൻെറ ഏകജാതപുത്രൻെറ തേജസ്സായിരുന്നതുകൊണ്ടു് ദൈവത്തിൻെറ തേജസ്സാണെന്നു പറയാം. എന്തെന്നാൽ ക്രിസ്തുവും അവൻെറ പിതാവും ഒന്നാണ്. പുത്രൻ സൎവ്വത്ര സ്വഭാവത്തിൽ പിതാവിനു തുല്യനായിരിക്കുന്നതുകൊണ്ടു് ക്രിസ്തുവിലുണ്ടായിരുന്ന ദിവ്യസ്വഭാവങ്ങൾ പിതാവായ ദൈവത്തിനുള്ളതാണെന്നും അതിനാൽ ക്രിസ്തു ദൈവമാണെന്നും തെളിയുന്നു;

വാ. ൧൪. ഞങ്ങൾ:—പല സംഗതികളും സ്വന്ത കണ്ണു കൊണ്ടു കണ്ടിരിക്കുവാൻ ഇടയുണ്ടായിരുന്ന ഈ എഴുത്തുകാരൻ ആദ്യകാലത്തെ ക്രിസ്തീയവിശ്വാസികൾ എല്ലാവരെയും പ്രതിനിധീകരിച്ചുകൊണ്ടു സംസാരിക്കുന്നതായി വിചാരിക്കാം.

വാ. ൧൫. മുമ്പായിരുന്നു:—മുമ്പേ ഉണ്ടായിരുന്നു. ഗ്രീക്കുഭാഷയിൽ മുമ്പ് എന്നുള്ള അൎത്ഥത്തിൽ രണ്ടു വ്യത്യസ്തപദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. (1) ആദ്യത്തേതു് സ്ഥാനവലിപ്പത്തെ സൂചിപ്പിക്കുന്നു. അതായതു് എന്നെക്കാൾ തുലോം ഉൽകൃഷ്ടമായ നിലയിൽ എത്തിയിരിക്കുന്നു. (2) രണ്ടാമത്തേ പദം കാലനിൎണ്ണയം സംബന്ധിച്ചതാണ്. ക്രിസ്തുവിൻെറ മുന്നമേയുള്ള ആസ്തിക്യത്തെക്കുറിച്ചുള്ള അറിവ് സ്നാപകനുണ്ടായിരുന്നു എന്നതിനെ സൂചിപ്പിക്കുന്നു.

എൻെറ പിന്നാലെ വരുന്നവൻ എന്നിലും ശ്രേഷ്ഠതയുള്ളവനാകുന്നു. എനിക്കു മുമ്പേയുള്ളവനെന്ന് ഞാൻ ആരെക്കുറിച്ചു പറഞ്ഞോ അയാൾ ഈ യേശുതന്നെ.

വാ. ൧൬. കൃപമേൽകൃപ:—അതായതു് തുടൎച്ചയായുള്ള കൃപകൾ; കൃപകളുടെ സമ്പൂൎണ്ണതയുടെ ഉത്ഭവസ്ഥാനമായവങ്കൽനിന്ന് കൃപയുടെ ഒഴുക്കു് പ്രാപിക്കുന്നതിനാൽ കൂടുതലായ കൃപകൾ പടിപടിയായി പ്രാപിച്ചുകൊള്ളുന്നതിന് നാം യോഗ്യതയുള്ളവരായി ഭവിക്കുന്നു.

വാ. ൧൭. നിഗൂഢമായ വചനമാണ് വായനക്കാർ അറിഞ്ഞു വിശ്വസിച്ചിരുന്നവനായ യേശുക്രിസ്തുവിൽ

വെളിപ്പെട്ടിരുന്നതെന്നു് ഈ വാക്യത്തിൽ മാത്രമേ തെളിവായി പറഞ്ഞിട്ടുള്ളു.

വാ. ൧൭. ന്യായപ്രമാണത്തിനും സുവിശേഷത്തിനും തമ്മിലുള്ള വ്യത്യാസങ്ങൾ ഇവിടെ കാണിച്ചിരിക്കുന്നു. ന്യായപ്രമാണമെന്നതു് കുററമുള്ള മനുഷ്യനായ മോശയാൽ എഴുതപ്പെട്ടതും മനുഷ്യരുടെ വിവിധകടമകളെക്കുറിച്ചു് അവൎക്കു് ബോദ്ധ്യംവരുത്തുന്നതുമായ ഒരു ലക്ഷ്യമായിരുന്നു. സുവിശേഷമോ, നിർദ്ദോഷിയും പവിത്രനും ദൈവപുത്രനുമായ യേശുക്രിസ്തുമൂലം ശിക്ഷാവിധിയിൽനിന്നുള്ള വിമോചനവും ലക്ഷ്യത്തിന്റെ സാക്ഷാലുള്ള അൎത്ഥത്തെ വെളിപ്പെടുത്തിത്തരുന്നതും കൃപയും സത്യവും വഴിഞ്ഞൊഴുകുന്നതുമായിത്തീൎന്നു. അതിനാൽ സുവിശേഷം ന്യായപ്രമാണത്തിന്റെ നിവൃത്തിയാണു്.

മനുഷ്യർ എന്തെല്ലാം കാൎയ്യങ്ങളാണു ചെയ്യേണ്ടതെന്നുള്ളതിനെ പഠിപ്പിക്കുന്നതിനു മാത്രമേ ന്യായപ്രമാണത്തിനു കഴിഞ്ഞുള്ളു. അവയെ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനും അവരുടെ ഇച്ഛകളെ ബലപ്പെടുത്തുന്നതിനും പുതുക്കുന്നതിനും അതിനു ശക്തിയില്ലായിരുന്നു. എന്നാൽ യേശുക്രിസ്തുമുഖാന്തിരമായി 'കൃപ' - അതായതു് മനുഷ്യരുടെ സ്നേഹത്തെ ഉദ്ദീപിപ്പിക്കത്തക്കവണ്ണമുള്ള വിശേഷവിധിയായ ഒരു ആകൎഷണീയതയും, ഞെരുക്കവും പ്രയാസവുമുള്ള സമയത്തു സഹായിക്കുന്ന ഒരു ആന്തരികശക്തിയും, ലഭ്യമാകുന്നതിനു സംഗതിയായിട്ടുണ്ടു്. (എബ്രാ ൪. ൧൬). ന്യായപ്രമാണം അതിന്റെ അത്യുച്ചസ്ഥാനത്തുതന്നെയും ദൈവസ്നേഹത്തിന്റെയും ദൈവ

പ്രകൃതിയുടെയും എത്രയും മങ്ങിയ ഒരു നിഴൽ മാത്രമേ ആയിരുന്നുള്ളു. എങ്കിലോ ക്രിസ്തുവിൽ, സാക്ഷാലുള്ള സത്യം—യാഥാത്ഥ്യം ആണു കാണപ്പെട്ടതു്. ദൈവത്തിൻെറ ഉണ്മയായ സ്വഭാവത്തെ, അതായതു് അവന്റെ തേജസ്സിനെക്കുറിച്ചു മനുഷ്യക്കു് അറിവാൻ കഴിയുന്നിടത്തോളമുള്ളതെല്ലാം അവനിൽ ദൃശ്യമായി വെളിപ്പെടുത്തപ്പെട്ടു. (൧൬–ാ ൧൭–ം .വാക്യങ്ങൾ ഗ്രന്ഥകത്താവിൻെറ സ്വന്തം വാക്കുകളാണെന്നു വിചാരിക്കാം.)

വാ. ൧൮:—ഏകജാതനായ പുത്രൻ—ഏകജാതനായ ദൈവം എന്നും കൂടെ ഒരു പാഠമുണ്ടു്. തിരുവവതാരം ചെയ്തവൻ ദൈവസ്വഭാവമുള്ളവനാകുന്നുവെന്നും, താൻ ആരെ വെളിപ്പെടുത്തുന്നുവോ അയാളിനോടു് പുത്രസംബന്ധമുള്ളവനാകുന്നുവെന്നും പ്രാരംഭത്തിൽ സ്പഷ്ടമായി കാണിച്ചിരിക്കുന്ന വാസ്തവങ്ങൾ ഇതിൽ അന്തർഭവിച്ചിരിക്കുന്നു.

പഴയ നിയമകാലങ്ങളിൽ ദൈവം തന്നെ അല്പാല്പമായി വെളിപ്പെടുത്തിവന്നു. കാലസമ്പൂൎണ്ണതയിൽ പുത്രനിൽക്കൂടി സമ്പൂൎണ്ണവും അന്ത്യവുമായ വെളിപാടുണ്ടായി. (എബ്രാ. ൧: ൧.)

പാഠങ്ങൾ:—മനുഷ്യഹൃദയത്തിൻെറ ആഴത്തിൽ നിന്നും പുറപ്പെടുന്ന സകലവിധമായ ചോദ്യങ്ങളുടേയും ഉത്തരം ക്രിസ്തുയേശുവിൽ പൂൎണ്ണമായി നിവൃത്തിക്കപ്പെടുന്നുണ്ടു്. അവൻെറ വിസ്മയനീയമായ നിറവിൽനിന്നു് നമുക്കു നിരന്തരമായ കൃപകൾ നൽകിക്കൊണ്ടിരിക്കുന്നു.

കത്താവായ യേശുവേ, അവിടുത്തെ കൃപ എനിക്കു നൽകി അവിടുത്തെ സത്യം എൻെറ ഹൃദയത്തിൽ ഉറ

പ്പിക്കുക. അങ്ങേ തിരുഹിതം എന്നെ പഠിപ്പിക്കേണമേ. അങ്ങേ ശക്തി എന്നിൽ നിഴലിക്കുമാറാകട്ടെ.

കഥാബന്ധം.

യേശുവിൻെറ ശ്രേഷ്ഠതകളെപ്പററി സുവിശേഷത്തിൻെറ മുഖവുരയിൽ പ്രസ്താവിച്ചിട്ടുള്ളതിനെ അവിടുത്തെ ചരിത്രത്തിൽ വെളിപ്പെടുത്തണമെന്ന് ആഗ്രഹിച്ചിട്ടു ഗ്രന്ഥകത്താവ് ആദ്യമായിത്തന്നെ അതിലേയ്ക്കു മൂന്നു സാക്ഷികളെ എടുത്തുകാണിക്കുന്നു.

(൧) പ്രവചനസാക്ഷിയായി അന്ത്യപ്രവാചകനായ യോഹന്നാൻസ്നാപകൻെറ സാക്ഷ്യം.

(൨) അക്കാലത്തെ ജനതയ്ക്കു യേശുവിനെക്കുറിച്ചുണ്ടായിരുന്ന വിശ്വാസംതന്നെ വേറൊരുസാക്ഷ്യം.

(൩) യേശു ചെയ്ത ശ്രേഷ്ഠപ്രവൃത്തികളുടെ സാക്ഷ്യം.

ഈ സുവിശേഷചരിത്രം മുഴുവനിലും അവിശ്വാസവും വിശ്വാസവും തമ്മിൽ ഇടഞ്ഞു പോരാടുന്നതു സൂക്ഷിക്കുക. യഹൂദപ്രമാണികളുടെ അവിശ്വാസവും വൈരവും ശിഷ്യന്മാരുടെ വിശ്വാസവും സ്നേഹവും ഈ ഗ്രന്ഥത്തിൽ ഒന്നിനൊന്നിനു വളൎന്നുവരുന്നു.

—(o)—

൯. ൧ ൧൯—൩൪ യോഹന്നാൻസ്നാപകൻെറ സാക്ഷ്യം.

ഇതിൽ രണ്ടു ഭാഗങ്ങൾ ഉണ്ട്. യോഹന്നാൻ താൻ ഇന്നാരെന്നും താൻ മശിഹാ അല്ലെന്നും പ്രമാണികൾ

അയച്ച ലേവ്യരോടും പുരോഹിതന്മാരോടും പറഞ്ഞിട്ടു (൧൯ ൨൪), യേശുവിനെ തന്റെ ശിഷ്യന്മാൎക്കു മശിഹാ ആയി ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു. (൨൯—൩൪) യോഹന്നാനെക്കുറിച്ചുള്ള കീൎത്തി നാടെങ്ങും പരന്നതിനാൽ യെറുശലേമിലെ യഹൂദന്മാർ അവൻ തന്നെക്കുറിച്ചു് ആരാണെന്നു പറയുന്നു എന്നറിവാൻ അവന്റെ അടുക്കൽ ആളുകളെ അയച്ചു.

ഏകദേശം നാന്നൂറു സംവത്സരക്കാലം യഹൂദജാതി ഒരു യഥാൎത്ഥപ്രവാചകന്റെ പ്രത്യക്ഷതയ്ക്കായി ക്ഷമയോടെ നോക്കിപ്പാൎത്തുകൊണ്ടിരിക്കയായിരുന്നു. ഒരു പ്രവാചകന്റെ സകല അടയാളങ്ങളോടും കൂടെ യോഹന്നാൻ പ്രത്യക്ഷനായപ്പോൾ പൊതുവെ ഒരു വലിയ ഇളക്കമുണ്ടായി. അയയ്ക്കപ്പെട്ടവനായ മശിഹാ എന്നാണോ യോഹന്നാൻ തന്നെക്കുറിച്ചുതന്നെ വിചാരിക്കുന്നതു് എന്നറിയുവാൻ അധികാരികൾക്കു് ഒരു ജിജ്ഞാസ തോന്നി. യോഹന്നാന്റെ സാക്ഷി രണ്ടു ഭാഗമായിട്ടാണു കൊടുത്തിരിക്കുന്നതു്. ഒന്നാമതു് തന്നെക്കുറിച്ചുതന്നെ. താൻ മശിഹായല്ല, മശിഹായുടെ വരവിനെ ഒരുക്കുവാനായി വരുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്ന മഹാന്മാരിൽ ഒരുവൻകൂടിയുമല്ലായിരുന്നു (മലാ. ൪. ൫; ആവ. ൧൮—൧൫). അവന്റെ സ്ഥാനം കേവലം ഒരു മുന്നോടി, അഥവാ ഒരു ശബ്ദം; അയാൾ അനുഷ്ഠിക്കുന്ന ജലസ്നാനംതന്നെയും ഒരു നവയുഗത്തിന്റെ ആവിൎഭാവത്തെ പ്രഖ്യാപനംചെയ്യുന്നതായിട്ടല്ല ഗണിക്കേണ്ടതു്. പിന്നെയോ, ആസന്നഭാവിയിൽ വരാൻ പോകുന്ന ഉൽകൃഷ്ടമായ സംഗതികളുടെ ഒരു പ്രാരംഭം മാത്രം.

പിന്നീട് യേശുവിൻെറ സ്നാനം കഴിഞ്ഞപ്പോൾ വരുവാനുള്ളവൻ തന്നെയാണ് യേശു എന്ന് യോഹന്നാൻ നേരിട്ടു സാക്ഷ്യം പറയുന്നു. സ്നാനസമയത്ത് യേശുവിൻെറ യഥാൎത്ഥസ്വഭാവത്തേയും ഉദ്യോഗത്തേയും കുറിച്ച് അയാൾക്കു ദർശനം ഉണ്ടായി എന്നുള്ളതും സൂചിപ്പിക്കുന്നു. യേശുവിൻെറ സ്നാനവൃത്താന്തം ഇവിടെ സവിസ്തരം പ്രതിപാദിച്ചിട്ടില്ല. അതിനെ ഇവിടെ സൂചിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളു. (മർക്കോ: ൧. ൧—൧൧; മത്താ. ൩, ലൂക്കോ. ൩. ൧—൨൨. ഈ ഭാഗങ്ങളോടു താരതമ്യപ്പെടുത്തുക.) ഇതിൽ പ്രധാന വ്യത്യാസം എന്തെന്നുവെച്ചാൽ യേശുവിൻെറ ജനനത്തിങ്കൽ ആത്മാവിറങ്ങി വന്നുവെന്നുള്ളത് യേശുവിനു പ്രാധാന്യമുള്ള ഒരു സംഭവമെന്ന വിധത്തിലാണു പറഞ്ഞിട്ടുള്ളത്. അതായത് മശിഹാ എന്നുള്ള നിലയിൽ തൻെറ ജോലി ആരംഭിക്കുവാനുള്ള സമയത്തെ കുറിക്കുന്നു. എന്നാൽ ഇവിടെയാകട്ടെ യോഹന്നാനും ഈ ദർശനമുണ്ടായെന്നും അത് താൻ ആരെ പ്രതീക്ഷിച്ചു വേല ചെയ്തുകൊണ്ടിരുന്നുവോ ആയാൾ ഇതുതന്നെയാകുന്നുവെന്നു ഗ്രഹിയ്ക്കുവാൻ തക്കവണ്ണം പര്യാപ്തമായിരുന്നുവെന്നും പറയാം.

വാ. ൧൯. പുരോഹിതന്മാരും ലേവ്യരും:— യേശുവിനെ സന്ദർശിക്കുന്നതിനായി ഒരു സംഘത്തെ അയച്ചത് പരീശന്മാരുടെ പ്രേരണയിലായിരുന്നുവെന്ന് വാ. ൨൪-ൽ നാം കാണുന്നു. എന്നാൽ പുരോഹിതന്മാർ ഒരു പക്ഷേ സദൂക്യരുടെ കക്ഷിയിൽ ഉൾപ്പെട്ടിരുന്നവരായിരിക്കാം. യോഹന്നാന്റെ പ്രത്യക്ഷതയെക്കുറിച്ചും അവന്റെ അധികാരങ്ങളേയും അവകാശങ്ങളേയും കുറിച്ചും മനസ്സി

ലാക്കണമെന്നുള്ള താല്പര്യം ജനത്തിനെല്ലാം ഒരുപോലെ യുണ്ടായിരുന്നു.

വാ. ൨൩. വിളിച്ചുപറയുന്നവന്റെ ശബ്ദം:—ക്രിസ്തുവിന്റെ മുന്നോടിയെന്ന മുറയ്ക്കു് യോഹന്നാന്‍ വേണമെങ്കില്‍ ഏലിയാ എന്നോ, "ആ പ്രവാചകന്‍" എന്നോ ഉള്ള സ്ഥാനങ്ങള്‍ക്കു് അവകാശം പറയാമായിരുന്നു. അതിനു പകരം, യശ: ൪൦; ൩-ല്‍ ദൂതന്‍ എന്നുള്ള സ്ഥാനത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ആ പ്രത്യേകഭാഗം മാത്രം ഉദ്ധരിച്ചു തൃപ്തിപ്പെടുന്നതായിട്ടേ കാണുന്നുള്ളൂ. ഈ സുവിശേഷത്തില്‍ സ്നാപകന്റെ സര്‍വ്വപ്രധാനമായ സ്വഭാവം തന്റെ രൂക്ഷമായ തീക്ഷ്ണതയല്ലാ, പിന്നെയോ തന്റെ വിനയം ആണെന്നത്രേ കാണുന്നതു്. ഈ വാക്യം മററുള്ള സുവിശേഷങ്ങളിലും ഉദ്ധരിച്ചിട്ടുണ്ടു്. എന്നാല്‍ യോഹന്നാന്റെ അധരങ്ങളില്‍നിന്നും പുറപ്പെടുന്നതായി ഈ സുവിശേഷത്തില്‍ മാത്രമേ കാണുന്നുള്ളൂ.

വാ. ൨൫. നീ സ്നാനം കഴിപ്പിക്കുന്നതെന്തു്?:—പുറജാതികളെ യഹൂദസഭയിലേയ്ക്കു ചേര്‍ക്കുന്നതിനു മുമ്പായി സ്നാനം കഴിപ്പിക്കുക പതിവായിരുന്നു. എന്നാല്‍ യഹൂദന്മാരെ സ്നാനം കഴിപ്പിക്കുക എന്നതു് ഒരു നൂതന ഏര്‍പ്പാടുതന്നെ. അതുമാത്രമല്ല ഇതിനെ ഏര്‍പ്പെടുത്തിയ ആള്‍ ഉല്‍കൃഷ്ടമായ അധികാരത്തോടുകൂടിയ ഒരാള്‍ തന്നെയാണെന്നു് ഇതു പ്രദ്യോതിപ്പിക്കുന്നുമുണ്ടു്. ഈ സ്നാനം കേവലം പ്രാരംഭമായിട്ടുള്ളതു മാത്രമാണെന്നും, നൂതനമായ ചട്ടങ്ങളും പ്രമാണങ്ങളും നടപ്പില്‍ വരുത്തു

വാൻ അധികാരമുള്ള ഒരാളിൻെറ പ്രത്യക്ഷതയെ മുൻകൂട്ടി സൂചിപ്പിക്കുന്നതായിട്ടു മാത്രമേയിരിക്കുന്നുള്ളു വെന്നും പറഞ്ഞുകൊണ്ടു് യോഹന്നാൻ തൻെറ നിലയെ ഇവിടെ സാധൂകരിക്കയത്രേ ചെയ്യുന്നതു്.

വാ. ൨൮. യോർദ്ദാനക്കരെയുള്ള ബഥനി:—ഈ സ്ഥലമേതെന്നു് ഒട്ടുംതന്നെ മനസ്സിലാക്കാൻ പാടില്ല. മൂന്നാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഓറിഗൻ എന്ന സഭാപിതാവു് കടവു് എന്നൎത്ഥമുള്ള ബെതപാറ എന്നാണു പറഞ്ഞിരിക്കുന്നതു്. ഒരു പക്ഷേ, ഈ രണ്ടു പേരുകളും പലസ്തീൻനാട്ടിൽ അറിയപ്പെട്ടിരുന്നിരിക്കാം. നമ്മുടെ കൎത്താവിൻെറ സ്നാനം നടന്ന സ്ഥലമല്ല ഈ ബഥനി. തൻെറ സ്നാനത്തെക്കുറിച്ചു് ഈ സുവിശേഷത്തിൽ പറഞ്ഞിട്ടുമില്ല. സ്നാനം യോൎദ്ദാൻനദിയിലാണു നടന്നതു്. യോഹന്നാൻ പല സ്ഥലങ്ങളിലും സഞ്ചരിച്ചു ജോലി ചെയ്തിരുന്നതായി നാം ൩. ൨൩—ൽ കാണുന്നു.

വാ. ൨൯. ദൈവത്തിൻെറ കുഞ്ഞാടു്:—ഇതിനു് താഴെപ്പറയുന്ന മൂന്നൎത്ഥങ്ങൾ സങ്കല്പിക്കാവുന്നതാണു്.

(൧) ദിനംപ്രതിയുള്ള ബലിയിലെ കുഞ്ഞാടു്.

(൨) പെസഹാകുഞ്ഞാടു്. (൧. കൊരി. ൫; ൭—ൽ നോക്കുക.)

(൩) യെശ. ൫൩; ൭. അറുക്കപ്പെട്ടുവാനായി നയിക്കപ്പെടുന്ന കുഞ്ഞാടു്. യേശുവിൻെറ മരണശേഷം വീണ്ടെടുപ്പൎത്ഥമായ അവൻെറ മരണത്തെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരുന്ന ക്രിസ്ത്യാനികളുടെ മനസ്സിൽ ആട്ടിൻ

കുട്ടിയോട്ട് അവനെ സദൃശപ്പെടുത്തി ധ്യാനിക്കുവാൻ ധാരാളം വഴിയുണ്ട്. (അ. പ്ര. ൮. ൩൨; ൧. പത്രോ: ൧: ൧൮, ൧൯. മുതലായ ഭാഗങ്ങൾ നോക്കുക). എന്നാൽ സ്നാപകന്റെ ആദർശപ്രകാരം കുറേക്കൂടെ ചുരുങ്ങിയ പരിധിയിലുള്ള അർത്ഥം മാത്രമേ സങ്കല്പിച്ചുകാണുന്നുള്ളു എന്നു വിചാരിക്കുവാനാണു ന്യായമുള്ളതു്. ഈ താരതമ്യവിവേചനത്തിൽ കുഞ്ഞാടിന്റെ കുററമില്ലായ്മയെന്നുള്ളതാണ് പ്രധാനമായി ഗണിക്കേണ്ടതു്. യോഹന്നാൻ മാനസാന്തരത്തിനായിട്ടുള്ള സ്നാനം ചെയ്യുന്നു; പലരും തങ്ങളുടെ പാപങ്ങളെ ഏററുപറകയും ചെയ്യുന്നു. എന്നാൽ ഇപ്രകാരമുള്ള സ്നാനം പാപത്തെ നീക്കിക്കളയുവാൻ പര്യാപ്തമല്ല. അതു് ആത്മാവുകൊണ്ട് സ്നാനം കഴിപ്പിക്കുന്ന ആ പരിശുദ്ധനും നിർമ്മലനുമായ ആളിന്റെ ജോലിയാകുന്നു. എങ്ങനെയാണ് അവൻ പാപത്തെ നീക്കിക്കളയുന്നതു് എന്നു സൂചിപ്പിച്ചിട്ടില്ല. ഈ സുവിശേഷത്തിൽ പാപങ്ങളുടെ മോചനം എന്നതിനെക്കാൾ തുലോം അപ്പുറമായിട്ടുള്ള നിത്യജീവൻ എന്നുള്ളതിനാണ് പ്രാധാന്യം കല്പിച്ചിരിക്കുന്നതു്.

വാ. ൩൧. ഞാനോ അവനെ അറിഞ്ഞില്ല:—ഇതു് ആവർത്തിച്ചു രണ്ടു പ്രാവശ്യം പറയുന്നു. (വാ. ൩൩). അതുകൊണ്ട് യോഹന്നാന്റെ സാക്ഷ്യം നിഷ്പക്ഷവും സത്യവുമായിരുന്നു. യോഹന്നാനും യേശുവും ജഡപ്രകാരം സംബന്ധക്കാരായിരുന്നു. (ലൂക്കോ. ൧. ൩൬). അവർ രണ്ടുപേരും തമ്മിൽ കണ്ടുകാണുമെന്നുതന്നെ ന്യായമായി നമുക്കു വിചാരിക്കയും ചെയ്യാം. യേശുവിന്റെ

ബാല്യവും യൌവ്വനവുമെല്ലാം എത്രയും പവിത്രമായും നിൎമ്മലമായുമുള്ള രീതിയിലാണു നയിച്ചതെന്നു് യോഹന്നാനു നല്ലപോലെ അറിയാമായിരുന്നു എങ്കിലും തന്റെ അടുത്ത സംബന്ധക്കാരനായ ഈ യുവാവിനെപ്പററിയാണു് താൻ ഇതുപൎയ്യന്തം സാക്ഷ്യം കൊടുത്തുകൊണ്ടിരുന്നതു് എന്നുള്ള വിവരം സ്നാനവേളയിൽ ദൎശനം ഉണ്ടായ ആ സമയംവരെയ്ക്കും യോഹന്നാനു മനസ്സിലായിട്ടില്ലായിരുന്നു. മശിഹാ ആയി വരുന്നവൻ വളരെ കോലാഹലത്തോടുകൂടി പ്രത്യക്ഷനാകുവാനുള്ള ഒരു അപരിചിതനായി മാത്രം ഇരിക്കാനാണു തരമുള്ളതെന്നു് ഇതര യഹൂദന്മാരെപ്പോലെ യോഹന്നാനും ഏകദേശം മനസ്സിലാക്കിയിരുന്നു.

വാ. ൩൪. ദൈവപുത്രൻ:—ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ (നിയമിതൻ) എന്നു വേറൊരു പാഠവും ചില ഗ്രന്ഥങ്ങളിൽ കാണ്മാനുണ്ടു്. ക്രിസ്തു അവതരിച്ച കാലത്തു് ഒരു സാധാരണ യഹൂദൻ ഈ പദത്തിനു് ഈ അൎത്ഥമാണു കല്പിക്കാറുണ്ടായിരുന്നതു്. യിസ്രായേലിൽ, ദൈവം തെരഞ്ഞെടുത്ത രാജാക്കന്മാൎക്കു് ഈ നാമം ഉപയോഗിച്ചുവന്നു. (൨. ശമു. ൭. ൧൪). യിസ്രായേൽജാതിക്കുതന്നെ ഈ നാമം ഉപയോഗിച്ചുവന്നു. (ഹോശ. ൧൧. ൧.)

പാഠങ്ങൾ:—൧൯—൨൮ വാക്യങ്ങളിൽ യേശുക്രിസ്തുവിനെക്കുറിച്ചുള്ള യോഹന്നാന്റെ സാക്ഷ്യം എത്രയും മനോഹരമായിരിക്കുന്നു. തന്റെ ഗുരുവിനെക്കാൾ

തന്നെത്തന്നെ ബഹുമാനിക്കുന്നതിനുള്ള പരീക്ഷ യോഹന്നാനു ഉണ്ടായപ്പോൾ തൽക്ഷണം അവൻ അതിനെ എതിൎത്തു. നമുക്കു നേരിടുന്ന പരീക്ഷകളോടും നാം വിളയാടുകയല്ല എതിൎക്കുകയാണു വേണ്ടതു്.

"നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ ഇടയിൽ നിൽക്കുന്നു." സ്ഥാപകന്റെ കാലത്തെപ്പോലെ തന്നെ ഇന്നും ആത്മികമായ ഇളക്കങ്ങളും വിപ്ലവങ്ങളുമുണ്ടു്. അതേ സമയത്തുതന്നെ നമ്മുടെ മദ്ധ്യേ നിൽക്കുന്ന ഒരുവൻ ഉണ്ടു് എന്നു പറഞ്ഞതു് വാസ്തവംതന്നെ. അവനെ നാം വേണ്ടവിധം മനസ്സിലാക്കുന്നുണ്ടോ?

പ്രാവു കുഞ്ഞാടിന്മേൽ ആവസിച്ചു (വാ. ൩൨). വിനയവും ശാന്തതയും ഒന്നിച്ചു യോജിച്ചു അന്ത്രയോസും അപ്പോസ്തലനായ യോഹന്നാനും ആദ്യംതന്നെ സ്ഥാപകന്റെ ശിഷ്യന്മാരായിരുന്നു (൩൫—൪൦). തങ്ങൾക്കു ലഭിച്ചിട്ടുള്ള പ്രകാശം അനുസരിച്ചു മുമ്പോട്ടു പോകുന്നവൎക്കു കൂടുതലായ വെളിച്ചം കിട്ടും. യോഹന്നാന്റെ ശിഷ്യന്മാർ യേശുവിന്റെ ശിഷ്യന്മാരായിത്തീൎന്നു.

—(൦)—

ന്യ. ൩൫—൫൨. ശിഷ്യന്മാരെ വിളിക്കുന്നതു്.

ഈ അദ്ധ്യായത്തിന്റെ ശിഷ്ടമുള്ള ഭാഗം ചരിത്രസംബന്ധമായ ഒരു പാരമ്പൎയ്യത്തിൽ അടിസ്ഥാനപ്പെട്ടിട്ടുള്ളതും ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ ഉള്ള സംഗതികളോടു സംബന്ധമില്ലാത്തതുമാണു്, ആ മൂന്നു

സുവിശേഷങ്ങളിലെ വൃത്താന്തങ്ങൾ മനസ്സിലാക്കുന്നതിന് ഈ ഭാഗം നമ്മെ കൂടുതൽ സഹായിക്കുന്നുമുണ്ട്. മററുള്ള സുവിശേഷങ്ങളിൽ തടാകത്തിനരികെ വെച്ചു ശിഷ്യന്മാരെ വിളിക്കുന്നതു് പെട്ടെന്നുള്ള ഒരു സംഭവമായിട്ടാണു പറഞ്ഞിട്ടുള്ളതു് (മക്കോ: ൧. ൧൬—൨൦). ഇവിടെ ഈ മീൻപിടിത്തക്കാർ കർത്താവിൻെറ വിളി പെട്ടെന്നനുസരിച്ചതിൻെറ കാരണമെന്തെന്ന് നാം കാണുന്നു. യോഹന്നാൻെറ പ്രസംഗത്താൽ ഉജ്ജ്വലിപ്പിക്കപ്പെട്ടു് അവനിൽനിന്നും സ്നാനം ഏൽക്കേണ്ടുന്നതിനു യൎദ്ദന്യയിലേയ്ക്കു വന്ന തീക്ഷ്ണതയുള്ള ജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നവരായിരുന്നു അവർ എന്നു കാണുന്നു. ഈ പുതിയ നായകനോടു് അനുസരണവും വിനയവും അവർ മുമ്പുതന്നെ പ്രദൎശിപ്പിച്ചുമിരുന്നു. അഞ്ചു ശിഷ്യന്മാരിൽ നാലാളുകളുടെ പേരു പറഞ്ഞിട്ടുണ്ടു്. പേരു പറയപ്പെടാത്ത ശിഷ്യൻ ആരെന്ന് നമുക്കു ചോദിക്കാതിരിപ്പാൻ തരമില്ല. ഒന്നുകിൽ അയാൾ പിന്നാലെ വരുന്ന ചരിത്രത്തിൽ യാതൊരു പ്രാധാന്യവും അൎഹിക്കുന്ന ആളല്ലായിരിക്കണം; അല്ലാത്തപക്ഷം അയാൾ ഈ സുവിശേഷത്തിൻെറ ഗ്രന്ഥകൎത്താവുതന്നെയായിരിക്കണമെന്നുള്ള വിശുദ്ധ ക്രിസോസ്തോമിൻെറ അഭിപ്രായത്തോടു് നാം യോജിക്കേണ്ടതായിരിക്കുന്നു.

വാ. ൩൮. നീ എവിടെ പാൎക്കുന്നു:—പെരുവഴിയിൽവെച്ചു സംസാരിക്കാവുന്നതിനെക്കാൾ കുറെക്കൂടി രഹസ്യമായ സംഭാഷണം നടത്തിയാൽ കൊള്ളാമെന്നുള്ള ആഗ്രഹം അവൎക്കു ജനിച്ചുകാണുമെന്ന് ഈ വാക്കുകൾ സൂചിപ്പിക്കുന്നു യോഹന്നാൻെറ ശിഷ്യന്മാരുടെ

ജിജ്ഞാസ അയാളുടെ നിഗ്രന്ധമായ വാക്കുകളാൽ ഉണ്ടാക്കപ്പെട്ടിരുന്നു. സ്ഥാപകന്റെ വേല താൻ എങ്ങനെയാണു പൂൎത്തിയാക്കുവാൻ പോകുന്നതെന്നു് യേശുവിനോടു ചോദിപ്പാനും അവർ ആഗ്രഹിച്ചു.

വാ: ൩൯. അപ്പോഴം ഏകദേശം പത്താംമണി നേരമായിരുന്നു. അതായതു് ഏകദേശം നാലുമണിക്കു്.

വാ: ൪൧. അവൻ തന്റെ സഹോദരനായ ശിമോനെ ആദ്യം കണ്ടു—ആദ്യം എന്നുള്ളതു്, രണ്ടുവിധത്തിൽ അൎത്ഥമെടുക്കാം. ഒന്നാമത്തെ അൎത്ഥപ്രകാരം അന്ത്രയോസ്സ് ആദ്യം തന്റെ സ്വന്ത സഹോദരനെയും, പിന്നീടു് പേർ പറയപ്പെട്ടിട്ടില്ലാത്ത ശിഷ്യന്റെ സഹോദരനെയും കണ്ടെത്തിയതായി ഗണിക്കാം. അല്ലാത്തപക്ഷം പേർ പറഞ്ഞിട്ടില്ലാത്ത ശിഷ്യൻ പിന്നീടു് തന്റെ സഹോദരനെ കണ്ടതായിട്ടും അൎത്ഥമെടുക്കാം. എന്നാൽ സുറിയാനിഭാഷയിലുള്ള തൎജ്ജിമ അനുസരിച്ചു് ഗ്രേക്കുതൎജ്ജമയെ സ്വല്പമായി തിരുത്തുന്നതായാൽ, നേരത്തെ എന്നു വായിക്കാം ഇങ്ങിനെ ആയാൽ അൎത്ഥം വളരെ യോജിക്കയും ചെയ്യും.

വാ: ൪൩. ഇതിൽ ആഖ്യയായി നില്ക്കുന്ന പദം ശിമോൻ ആണെന്നു തോന്നുന്നു. പിലിപ്പോസിനെ യഹൂദ്യയിൽവെച്ചോ, ഗലീലയിൽവെച്ചോ വിളിച്ചതു് എന്നു നല്ലപോലെ തെളിവായിട്ടില്ല. എങ്കിലും നഥനയേലിനെ ഗലീലയിൽവെച്ചു വിളിച്ചു എന്നാണു തോന്നുന്നതു്. നഥനയേൽ എന്നതു് ബൎത്തലോമ എന്ന പേരു

തന്നെ ആയിരിക്കണം. അപ്പോസ്തലന്മാരുടെ ലിസ്റ്റിൽ പീലിപ്പോസിന്റെ കൂട്ടുകാരനായി ഈ ആളിനെയാണു പറഞ്ഞിട്ടുള്ളതു്. ബർത്തലോമ എന്നുവെച്ചാൽ തോല്മായിയുടെ പുത്രൻ എന്നാണർത്ഥം. അതു് ഒരാളുടെ പേരായി ഗണിക്കാൻ ആവശ്യമില്ല.

വാ: ൪൫, ൪൬. യോസേഫിന്റെ ഒരു പുത്രൻ എന്നായാൽ കുറെക്കൂടി നന്നായിരിക്കും. യേശു സാധാരണയായി ഗലീലയിൽ സഞ്ചരിച്ചിരുന്നപ്പോൾ വിളിക്കപ്പെട്ടുവന്നിരുന്ന അതേ പേരുതന്നെ ഈ എഴുത്തുകാരൻ ഓർമ്മിച്ചു് ഉപയോഗിച്ചിരിക്കുന്നു. നഥനയേൽ തന്നെയും ഒരു ഗലീലക്കാരനായിരുന്നതുകൊണ്ടു് യേശു ഒരു ഗലീലക്കാരനായിരുന്നു എന്നതിനെ അടിസ്ഥാനമാക്കിയല്ല, നഥനേയൽ പരിഹാസമായി പറയുന്നതു്. ഈയിടെ സമീപത്തുള്ള രണ്ടു ഗ്രാമങ്ങളിലെ ആളുകളുടെ ഇടയിൽ കാണപ്പെടാറുള്ള അസൂയാകലുഷിതമായ വാക്കുകളായി മാത്രമേ ഗണിക്കുവാനുള്ളു.

വാ. ൪൭—൪൮. ഈ വാക്യങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നതു് യാക്കോബിന്റെ ചരിത്രത്തിലെ ചില സംഭവങ്ങളാണു്. പ്രത്യേകമായി ബെതേലിൽവെച്ചു് ദൈവദൂതന്മാർ അവനു പ്രത്യക്ഷപ്പെട്ടതും (ഉല്പ: ൨൮) ഒരു ദൈവദൂതനോടു് അയാൾ മല്ലുപിടിത്തം കഴിച്ചതും, ആ സമയത്തു് അവന്റെ പേർ യിസ്രായേൽ എന്നു മാറിയതും മററും ഈ ഭാഗത്തു പ്രദ്യോതിപ്പിച്ചിരിക്കുന്നു. (ഉല്പ ൩൨).

യിസ്രായേലിന്റെ ഒരു യഥാർത്ഥ വംശജനായി ഗണിക്കപ്പെടുവാൻ യോഗ്യതയുള്ള ഒരാളിനെ നാം ഇതാ

ഇവിടെ കാണുന്നു. കൌശലക്കാരനായ യാക്കോബിന്റെ പഴയ കൌശലസ്വഭാവം മാറീട്ട് ദൈവത്തിന്റെ ഒരു പ്രഭു എന്ന സ്ഥാനത്തിലുള്ള യിസ്രായേലിന്റെ ഉൽകൃഷ്ടസ്വഭാവം ലഭിച്ചിരിക്കുന്ന ഒരുവനത്രേ ഇയാൾ. എന്നെ എവിടെവെച്ചറിയും എന്ന നഥനയേലിന്റെ ചോദ്യത്തിനു്, അവന്റെ ജീവിതത്തിൽ ഒരു വിഷമഘട്ടത്തിലുണ്ടായ സംഭവത്തിലേയ്ക്കു് യേശു അവന്റെ ശ്രദ്ധയെ നയിക്കുന്നു. അവൻ ഒരു അത്തിവൃക്ഷത്തിന്റെ കീഴിൽ സ്വസ്ഥമായിരുന്നു ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ യേശു അവിടക്കൂടെ കടന്നുപോകയും, തൽക്ഷണം അയാളെ കാണുകയും ചെയ്തു. ഒരു പക്ഷെ യാക്കോബിന്റെ ഇതേ ചരിത്രംതന്നെ ആയിരിക്കാം അവൻ ധ്യാനിച്ചുകൊണ്ടിരുന്നതു്. മുൻകാലങ്ങളിൽ ദൈവംതന്നെ ഇറങ്ങിവന്നു തന്റെ ദാസന്മാൎക്കു പ്രത്യക്ഷനായി അവരെ നടത്തിവന്നിരുന്നുവെന്നുള്ളതും ഈ കാലത്തു് നേരേമറിച്ചു് യാതൊരു തരം വെളിപാടുമില്ലാതെ ആകാശങ്ങൾ അടച്ചിരിക്കുന്നതുപോലെ തോന്നുന്നുവെന്നുള്ളതും മററുമായ കാൎയ്യങ്ങൾ ആയിരിക്കാം അയാളുടെ ചിന്തയ്ക്കു വിഷയീഭവിച്ചിരുന്നതു്. യാക്കോബിന്റെ കാലത്തെപ്പോലെ എന്നല്ല, അതിനെക്കാൾ മാഹാത്മ്യമേറിയ ദിവസങ്ങൾ ഇപ്പോൾ ആസന്നമായിരിക്കുന്നുവെന്നു യേശുവിന്റെ ശബ്ദം അവനോടു പ്രഖ്യാപനംചെയ്യുന്നു. കേവലം സ്വപ്നത്തിലുള്ള ഗോവേണിക്കു പകരം സ്വൎഗ്ഗത്തിനും ഭൂമിക്കും മദ്ധ്യേ ഒരു ജീവനുള്ള ഗോവേണിയായി മനുഷ്യപുത്രൻതന്നെ ഇതാ ഇപ്പോൾ വന്നിരിക്കുന്നു. ഒരു നിമിഷനേരത്തേയ്ക്കു സ്വൎഗ്ഗം തുറന്നിരുന്നതിനു പകരം ഇനി ഇതാ മനുഷ്യപുത്രൻ ഭൂമിയിലി

രിക്കുന്നകാലത്തോളം സ്വൎഗ്ഗം ഇടവിടാതെ തുറന്നുതന്നെ കിടക്കുന്നതായിരിക്കും. തന്റെ സ്വന്ത ആശയങ്ങളെക്കുറിച്ചും അവയുടെ അൎത്ഥത്തെയും നിവൃത്തിയേയും കുറിച്ചും നഥനയേൽ മനസ്സിലാക്കിയ ഉടൻതന്നെ തന്റെ ജനത്തിന്റെ വാഗ്ദത്തം ചെയ്യപ്പെട്ട മശിഹാ എന്നുമുറയ്ക്കു് നഥനയേൽ യേശുവിനെ അഭിവാദ്യംചെയ്യുന്നു.

പാഠങ്ങൾ:—നാം ഇതേവരെ ചിന്തിച്ച ഭാഗങ്ങളിൽ കണ്ടുപിടിക്കുക എന്ന പദം പല പ്രാവശ്യവും നാം വായിക്കുന്നു. ൪൧, ൪൩, ൪൫ ഈ വാക്യങ്ങളിൽ ൫ പ്രാവശ്യം ഉപയോഗിച്ചുകാണുന്നുണ്ടു്. ൪൧-ം, ൪൫-ം വാക്യങ്ങളിൽ ഒരാൾ തന്റെ സ്നേഹിതനെ കണ്ടെത്തിയിട്ടു് "ഞങ്ങൾ കണ്ടിരിക്കുന്നു" എന്നു പറയുന്നു. അങ്ങിനെ കണ്ടെത്തുകയും പറകയും ചെയ്യുന്നു. നാം ഒന്നാമതായി രക്ഷിതാവിനെ കാണണം, പിന്നെ അവനെക്കുറിച്ചു മററുള്ളവരോടു പറയണം. ൪൩-ാംവാക്യത്തിൽ യേശു ഫീലിപ്പോസിനെ കണ്ടെത്തുന്നതായി വായിക്കുന്നു. യേശു രക്ഷിതാവു തന്റെ അനുഗാമികളാകേണ്ടതിനു നമ്മെ സദാ അന്വേഷിച്ചു കണ്ടുപിടിക്കുന്നു. യഥാൎത്ഥത്തിൽ യേശുവാണു് അവരെ എല്ലാവരെയും കണ്ടുപിടിച്ചതു്. അവൻ ആദ്യം അന്ത്രയാസിനെ വിളിച്ചു. അന്ത്രയാസു പത്രോസിനെ കണ്ടുപിടിച്ചു. അതുകൊണ്ടു് അന്ത്രയാസിൽക്കൂടിയത്രെ യേശു പത്രോസിനെ കണ്ടെത്തിയതു്. ഫീലിപ്പോസിൽക്കൂടി കൎത്താവു നഥനയേലിനേയും കണ്ടെത്തി കൎത്താവു് ആദ്യമായി നമ്മെ കണ്ടെത്തിയിട്ടു മററുള്ളവരെ നാം കണ്ടെത്തി അവങ്കലേയ്ക്കു അടുപ്പിക്കുന്നതിനായി അവൻ നമ്മെ പറഞ്ഞയയ്ക്കുന്നു. നാം

നമ്മുടെ ധ്യാനങ്ങളിൽ യേശുവിനെ കണ്ടെത്തുകയും അവനാൽ കണ്ടെത്തപ്പെടുകയും ചെയ്യട്ടെ.

നഥനയേലിനെപ്പോലെ നാമും കളങ്കമററ സ്വഭാവമുള്ളവരായിത്തീരുക. യേശു അവനെ നല്ലവണ്ണം അറിഞ്ഞു. അവൻ നമ്മെപ്പററിയും സകലവും അറിയുന്നു.

"ഇനിമേൽ സ്വർഗ്ഗം തുറന്നിരിക്കുന്നതു നിങ്ങൾ കാണും." നമ്മുടെ ദിനംപ്രതിയുള്ള ജീവിതം സ്വർഗ്ഗത്തിൻകീഴ് നയിക്കുക എന്നുള്ളതിനെക്കുറിച്ചു നമുക്കു വല്ല അനുഭവവും ഉണ്ടോ? ദിനംപ്രതിയുള്ള മന്നാ (സങ്കീ ൭൮. ൨൪) ഏററവും പ്രയാസമുള്ള ഘട്ടങ്ങളിൽപോലും ഉണ്ടാകുന്ന ദിവ്യദർശനങ്ങൾ (യെഹസ്കി ൧. ൧) ശക്തിയിൻസിംഹാസനത്തിൽ യേശുവിനെ കാണുക (അ: പ്ര ൭. ൫൬) എന്നിവയെല്ലാം തുറക്കപ്പെട്ട സ്വർഗ്ഗത്തിൻകീഴ്പാർക്കുന്നവർക്കുള്ള അനുഭവങ്ങൾ ആണ് (വെളി ൧൯. ൧൧).

—(൦)—

അദ്ധ്യായം ൨.

രണ്ടാം അദ്ധ്യായം ആരംഭിക്കുന്നതിനു മുൻപ് ഒരു ചെറിയ പീഠിക ഇവിടെ ചേർക്കുന്നതു് അനുയോജ്യമായിരിക്കുമെന്നു കരുതുന്നു.

പീഠിക.

പ്രഖ്യാപനം (൧; ൧൯—൪; ൪൪.)

൧. ശുശ്രൂഷയ്ക്കായിട്ടുള്ള ഒരുക്കം (൧. ൧൯–൫൧.)

൨. സ്ഥാപകന്റെ വേല (൧. ൧൯—൩൪.)

൩. ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നതു്
(൧. ൩൫—൫൧.)

൨. ആദ്യഘട്ടങ്ങൾ.

കാനായിൽവെച്ചുള്ള ആദ്യത്തെ അടയാളം
(൨. ൧—൧൨.)

യരൂശലേമിൽവെച്ചു് ദൈവാലയശുദ്ധീകരണം:—
നിക്കോദെമൊസ്സ് (൨. ൧൩—൩. ൩൬.)

ശമര്യായിൽ സ്ത്രീയോടുള്ള സംഭാഷണം
(൪. ൧—൪൨.)

കാനായിൽവെച്ചുള്ള രണ്ടാമത്തെ അടയാളം. പ്രമാണിയുടെ പുത്രൻ (൪. ൪൩—൫൪.)

ഈ ഭാഗത്തു് ഗ്രന്ഥകർത്താവു് തന്റെ പ്രത്യേക ഉദ്ദേശ്യസാദ്ധ്യത്തിനായിട്ടുള്ള സംഭവങ്ങൾ മാത്രം തിരഞ്ഞെടുക്കുകയും ആദ്യത്തെ മൂന്നു സുവിശേഷകന്മാർ കൊടുത്തിട്ടുള്ള വിവരങ്ങളിൽ കൂടുതലായി വേണ്ടവയെ രേഖപ്പെടുത്തുകയുമാണു ചെയ്തിട്ടുള്ളതു്. ഇവിടെ കൊടു

ത്തിട്ടുള്ള സംഭവങ്ങൾ എല്ലാം സ്ഥാപകനെ തടവിലാക്കുന്നതിനു മുൻപ് നടന്നിട്ടുള്ളവയാണ്. അതുകൊണ്ടു് ഇതൊരു പ്രാരംഭശുശ്രൂഷയായി മാത്രമേ ഗണിയ്ക്കാനുള്ളു. (൩. ൨൪. നോക്കുക.)

—(൦)—

൭. ൨. ൧—൧൨. ഒന്നാമത്തെ അടയാളം

കാനായിലെ കല്യാണം.

ഇതിൽ ആദ്ധ്യാത്മികങ്ങളായ പല അൎത്ഥങ്ങളും ഉണ്ടു്.

൧. ന്യായപ്രമാണത്തേക്കാൾ സുവിശേഷത്തിനുള്ള മാഹാത്മ്യം. യഹൂദമാൎഗ്ഗമാകുന്ന വെള്ളത്തെ യേശു സുവിശേഷമെന്ന നല്ല വീഞ്ഞാക്കിത്തീൎക്കുന്നു.

൨. ഈ അത്ഭുതം സൃഷ്ടിപരമായ ഒന്നായതുകൊണ്ടു് യേശു പ്രാകൃതലോകത്തിൻേറയും ആദ്ധ്യാത്മികലോകത്തിൻേറയും അധീശനാണെന്നു തെളിയുന്നു.

൩. വിവാഹകൎമ്മത്തെ ശുദ്ധീകരിക്കുന്നു.

൪. ദൈവത്തിൻെറ നന്മയേയും കാരുണ്യത്തേയും വെളിപ്പെടുത്തുന്നു. പ്രകൃതി ദോഷഭൂയിഷ്ഠമെന്നും ഭൗതികസന്തോഷങ്ങൾ എല്ലാം ഉപേക്ഷണീയമെന്നും മററുമുള്ള ഉപദേശങ്ങളെ കൎത്താവു ഖണ്ഡിക്കുന്നു. ഈ ഗ്രന്ഥം എഴുതപ്പെട്ട സ്ഥലമായ എഫേസോസിലും ഈ വക ഉപദേശങ്ങൾ വ്യാപിച്ചിരുന്നതായി അറിയുന്നു.

വാ. ൧. കാനാ:—ഇതു ഗലീലയിൽ നസ്രേത്തിനു് അഞ്ചു മൈൽ ദൂരത്തുള്ള ഒരു ഗ്രാമം.

വാ. ൪. ഇനിക്കും നിനക്കും തമ്മിലെന്തു്?:—യേശുവിനും മാതാവിനും തമ്മിലുള്ള ബന്ധത്തിൽ തന്റെ ജീവിതതീരുമാനം ചെയ്യേണ്ടതും ആയുസ്സിന്റെ പ്രവൃത്തികളെ നയിക്കേണ്ടതും തന്നിലുള്ള ദൈവത്തിന്റെ ശക്തിയാണു്.

വേറൊരർത്ഥം:—ഇത്ര ചെറിയ ഒരു കാൎയ്യത്തിൽ എനിക്കും നിനക്കും എന്താണു്? സാരമില്ല, വിചാരപ്പെട്ടിട്ടാവശ്യമില്ല.

ഈ വാക്യത്തിനു് വേറൊരർത്ഥവും കൂടി പറയുന്നുണ്ടു്. ഭവതിക്കും എനിക്കും മദ്ധ്യേ വ്യാപരിച്ചുകൊണ്ടിരിക്കുന്നതു് എന്താണു്; എന്റെ സമയം ഇതേവരെ വന്നിട്ടില്ല. അതായതു്:—ഒട്ടും സഹായം കൂടാതെ വേല ചെയ്യാൻ എനിക്കുള്ള സമയം ഇതുവരെ ആയിട്ടില്ല; ആത്മികശക്തികൾ എന്നിൽ നിന്നും ഭവതിയുടെ അടുക്കലേയ്ക്കു ഒഴുകി വരുന്നില്ലയോ? ഇപ്പോൾ നാം സഹകരിച്ചാണു പ്രവൎത്തിക്കേണ്ടതു്. അങ്ങിനെ കൎത്താവിന്റെ മാതാവു് സഹകരണബുദ്ധിയോടുകൂടി ദാസന്മാൎക്കു യേശു പറഞ്ഞതുപോലെതന്നെ ചെയ്യാൻ ആജ്ഞ കൊടുക്കുന്നു.

൬. കൽപാത്രം:—ഇവ കഴുകുന്നതിനു വെച്ചിട്ടുള്ളവയാണു്. കാനാ എന്ന ദിക്കിൽ ഇത്തരത്തിലുള്ള അനേകം കൽപാത്രങ്ങൾ താൻ കണ്ടിട്ടുള്ളതായി ഡാക്ടർ ഈ. ഡി. ക്ലാൎക്കു് എഴുതിയിട്ടുണ്ടു്. ഓരോന്നിൽ ൮൦ പക്ക, (൨൦ ഗ്യാലൻ) വീതം കൊള്ളുന്നതാണു്. ഇതുകൊണ്ടു വളരെ വീഞ്ഞുണ്ടാക്കപ്പെട്ടിരുന്നതായി ഊഹിക്കാം. അതു മുഴുവനും അപ്പോൾതന്നെ ചെലവായി എന്നു വരണമെന്നില്ല. യേശു എന്തിനാണു്

ഇത്രയധികം വീഞ്ഞുണ്ടാക്കിയതെന്തു ചിലർ സംശയിക്കാം. അതു തന്റെ അനുഗ്രഹങ്ങളുടെ സമൃദ്ധിയെ കാണിക്കുന്നു. മദ്യപാനത്തെ കത്താവു് അനുവദിക്കുന്നതായി വിചാരിക്കരുതു്. പലസ്തീൻനാട്ടിൽ മുന്തിരിങ്ങാപിഴിഞ്ഞെടുത്തതും ഉന്മാദമില്ലാത്തതുമായ ചാറാണു് ഉപയോഗിച്ചുവന്നതു്.

ശുദ്ധീകരണനിയമം:—ആഹാരത്തിനു മുമ്പു കൈ കഴുകുക എന്ന യഹൂദന്മാരുടെ നിയമത്തെയാണു് ഇതു കുറിക്കുന്നതു്. ലൂക്കോ: ൧൧. ൩൮. മക്കോ: ൭. ൩. മത്താ: ൧൫. ൧—൨൦;

വാ ൧൧. "അടയാളങ്ങളുടെ ആരംഭമായി" യേശുവിന്റെ അത്ഭുതങ്ങളെ സ്ഥാപകൻ അടയാളങ്ങളെന്നാണു വിളിക്കുക. വാസ്തവത്തിൽ അവ അത്ഭുതങ്ങളല്ല. ദിവ്യലക്ഷണങ്ങളുടെ അടയാളമാണു്. യേശുവിന്റെ ദിവ്യസ്വഭാവമാണു് ഇവിടെ വെളിപ്പെട്ടിരിക്കുന്നതു്.

തന്റെ മഹത്വം വെളിപ്പെടുത്തി:—തന്റെ ദിവ്യഗുണത്തെ പ്രത്യക്ഷപ്പെടുത്തിയെന്നത്ഥം.

അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു:—യേശുവിന്റെ ശിഷ്യന്മാക്കു് ഇതുവരെയും തന്നെക്കുറിച്ചു ദൃഢമായ വിശ്വാസമുണ്ടായിരുന്നില്ലെന്നു് ഇതുകൊണ്ടു് ഊഹിക്കേണ്ടിയിരിക്കുന്നു. മുമ്പേതന്നെ അവക്കു വിശ്വാസമുണ്ടായിരുന്നുവെങ്കിലും അതു് ഇന്നതെന്നു് അവക്കു്

അറിഞ്ഞുകൂടായിരുന്നു. ഇതുമുതൽക്കാണ് അവർ മനഃപൂർവ്വം വിശ്വസിക്കാൻ തുടങ്ങിയത്.

൧൨. ഏറെനാൾ പാർത്തില്ല:—യേശു തന്റെ മാതാവിനോടും സഹോദരന്മാരോടും കൂടി കപ്പർന്നഹൂമിൽ കുറച്ചു ദിവസം മാത്രമേ പാർത്തുള്ളൂ.

പാഠങ്ങൾ:—(൧)അവർക്കു വീഞ്ഞില്ല എന്നുള്ള പ്രയാസഘട്ടത്തെ വി: മറിയാം അറിയിക്കമാത്രമേ ചെയ്യുന്നുള്ളൂ. ക്രിസ്തു പൂർണ്ണമായും ധാരാളമായും ഈ കുറവിനെ പരിഹരിക്കുന്നു. അപ്രകാരംതന്നെ അവന്റെ കല്പനയാൽ ജീവിതത്തിലെ സാധാരണ സംഗതികൾ വിശിഷ്ടവും മഹനീയവുമായി രൂപാന്തരപ്പെടുന്നു. (൨) സകല മാനുഷസന്തോഷങ്ങളും അവന്റെ തൃക്കൈകളിൽനിന്നെന്നപോലെ വാങ്ങുന്നവർക്ക് അവയെല്ലാം ആനന്ദകരവും പരിശുദ്ധവുമായി ഭവിക്കുന്നു. (൩) 'അവർക്കു വീഞ്ഞില്ല' എന്നു മാത്രം പറയുന്നു. നമ്മുടെ ആവശ്യങ്ങളെ മാത്രം അറിയിക്കുക. ഇന്ന വിധം ഇന്ന സമയത്ത് എന്നുള്ളതു് അവനു വിട്ടുകൊടുക്കുക. സന്തോഷത്തിലും ദുഃഖത്തിലും നമ്മുടെ ആവശ്യങ്ങളെ കർത്താവിനോട് അറിയിക്കുന്ന ശീലം നമുക്കുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ!

പീഠിക.

പൊതുജനമദ്ധ്യേയുള്ള യേശുവിന്റെ ശുശ്രൂഷകളേയും തന്നിമിത്തം ബഹുജനങ്ങൾ യേശുവിനെ എങ്ങിനെ ഗണിച്ചുവെന്നുള്ളതിനേയും ഇവിടെ കാണാം. അവനെ നിഷേധിപ്പാൻ ആർക്കും കഴിയുന്നില്ല. വിശ്വാസത്തിന്റെ വർദ്ധനവും അവിശ്വാസത്തിന്റെ ഉത്ഭ

വവും ഇവിടെ പ്രത്യക്ഷപ്പെടുന്നു. യഹൂദന്മാക്കും ശമ ര്യക്കും, ഗലീലക്കാക്കും തന്നെ വല്ലഭത്വമുള്ളവനായും ദൈവത്തിൽ നിന്നു വിശേഷാൽ അധികാരം പ്രാപിച്ച വനായും യേശു വെളിപ്പെടുത്തി. ജീവിതംകൊണ്ടും സംഭാഷണങ്ങൾകൊണ്ടും തൻെറ ദിവ്യഗുണങ്ങളേയും പ്രത്യക്ഷമാക്കിത്തീൎത്തു. ൨, ൧൩ മുതൽ ൪. ൫൪ വരെ ഈ പൊതുവെളിപ്പെടുത്തലിൻെറ പ്രാരംഭങ്ങളാണു്.

(൧) യെരുശലേംപട്ടണത്തിൽ(൨. ൧൩—൩. ൨൨.) യേശു ഒന്നാമതു് പുരോഹിതന്മാരുടെ അന്യായ ത്തോടു എതിൎത്തു്, സന്മാൎഗ്ഗത്തിലുള്ള തൻെറ ഗൌരവ പ്രതിപത്തിയും നീതിയുടെ അധികാരവും അവരുടെ ആചാരങ്ങളെ കവിഞ്ഞുനിൽക്കുന്നുണ്ടെന്നു് എടുത്തുകാ ണിക്കുന്നു. യഹൂദന്മാർ അവനെ ധിക്കരിച്ചിട്ടു് തൻെറ അധികാരത്തിനു് അടയാളം ചോദിക്കുന്നു. ഈ സന്ദൎഭ ത്തിൽ യഹൂദപ്രമാണികളിൽ ഒരുത്തൻ യേശുവിനെ ക്കുറിച്ചു കേട്ടിട്ടു് നല്ല അഭിപ്രായത്തോടുകൂടി അവൻെറ ഉപദേശം ഇന്നതെന്നറിവാൻ വരുന്നതായി കാണു ന്നുണ്ടു്. ഇവിടെ വിശ്വാസവും അവിശ്വാസവും തമ്മിൽ ഇടയുന്നുണ്ടു്.

സമുഹ്യജീവിതത്തിലെ ഒരു സംഭവത്തിൽ നിന്നും കൎത്താവു് ഇപ്പോൾ ദിവ്യാരാധനയുടെ കേന്ദ്രസ്ഥാന ത്തേയ്ക്കു കടന്നുപോകുന്നതായി നാം കാണുന്നു. ഇവി ടേയും അവൻ ഒരു വലിയ മാററം ഉണ്ടാക്കുവാനായി ട്ടാകുന്നു വരുന്നതു്. ദുഷിച്ചു ഹീനമായിത്തീൎന്ന മാൎഗ്ഗ

ത്തെ സത്യാരാധനയായ വീണ്ടായി മാററുവാനത്രേ അവൻ വരുന്നതു്.

—(൦)—

വ്യ. ൨. ൧൩—൨൨, പൊതുവേയുള്ള വെളിപ്പെടുത്തലിന്റെ ആരംഭം.

വാ. ൧൩. പെസഹ:—ഇതു യഹൂദന്മാരുടെ മുഖ്യ പെരുനാൾ. (ഇതിന്റെ ഉത്ഭവം, പുറപ്പാടു് ൧൨). യഹൂദന്മാർ എല്ലാവരും വഷംതോറും കഴിവുള്ളപക്ഷം ഇതിലേയ്ക്കു യറുശലേമിൽ പോകുക പതിവായിരുന്നു. സാധുക്കളും ഒരു തവണയെങ്കിലും പോക പതിവായിരുന്നു. ഇതു വലിയ വീണ്ടെടുപ്പിനും വാഗ്ദത്തം ചെയ്യപ്പെട്ട മശിഹായ്ക്കുമായുള്ള ഒരു പ്രധാന ലക്ഷ്യോത്സവമാണു്.

വാ. ൧൪. യെരുശലേംദേവാലയത്തിനു മൂന്നു പ്രാകാരങ്ങൾ ഉണ്ടായിരുന്നു. ഇവയിൽ പുറത്തെ പ്രാകാരത്തിൽവെച്ചു് ബലിമൃഗങ്ങളേയും പ്രാവുകളേയും വില്ക്കുക പതിവായിരുന്നു. മാത്രമല്ലാ, ദൈവാലയം വകയ്ക്കുള്ള കാഴ്ചകളെല്ലാം യഹൂദനാണയങ്ങളായി മാററപ്പെടേണ്ട ആവശ്യമുണ്ടായിരുന്നതിനാൽ റോമൻനാണയങ്ങളും മററു നാണയങ്ങളും കൈമാററം ചെയ്യുന്ന കടകളും ഇവിടെയുണ്ടായിരുന്നു. ഈ സ്ഥാപനങ്ങൾ പുരോഹിതന്മാരാൽ ഏപ്പെടുത്തപ്പെട്ടിട്ടുള്ളതും അവയുടെ ലാഭം മുഴുവനും അവൎക്കുള്ളതുമായിരുന്നു. അവിടെ വലിയ അഴിമതിയും കുഴപ്പവും നടന്നുകൊണ്ടിരുന്നു. ദൈവാലയം ഇങ്ങനെ അശുദ്ധമായിത്തീരുന്നതു കണ്ടിട്ടു് യേശുവിനു കോപവും ദുഃഖവുമുണ്ടായി. താൻ അതിൽ

പ്രവേശിച്ചു് വ്യാപാരത്തെ തടഞ്ഞു് വ്യാപാരികളെ ഓടിച്ചുകളഞ്ഞു. യേശുവിൻെറ ചമ്മട്ടികൊണ്ടുള്ള അടിയാലാണു് അവരൊക്കെ തുരത്തപ്പെട്ടുപോയതെന്നു വിചാരിച്ചിട്ടാവശ്യമില്ല. അവിടുത്തെ പിതാവിൻെറ ഭവനത്തെക്കുറിച്ചുള്ള എരിവും സന്മാൎഗ്ഗബോധവും ശക്തിയും എല്ലാം കൂടി ആ മുഖത്തിൽ പ്രകാശിച്ചു കണ്ടു് ഭയപരവശരായിത്തീൎന്നിട്ടു് അവർ ഓടിപ്പോയി എന്നു വേണം തീൎച്ചപ്പെടുത്താൻ. ഈ പ്രവൃത്തിയിൽ ഹൃദയപൂൎവ്വം സന്തോഷിച്ച പലരും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു കാണും.

വാ. ൧൭, ൧൮—ഈ സംഭവത്തിന്റെ ഫലങ്ങളെ ഗൌനിക്കുക. ശിഷ്യന്മാൎക്കും യഹൂദന്മാൎക്കും വ്യത്യസ്തങ്ങളായ വിചാരങ്ങളാണു് ഇതിനെക്കുറിച്ചുണ്ടായതു്. ഒരു യഥാൎത്ഥഭക്തൻെറ അടയാളം ഈ തരത്തിലുള്ള തീക്ഷ്ണത ആണെന്നും, അതിനാൽ യേശു ദൈവത്തിന്റെ ഒരു ശ്രേഷ്ഠഭക്തൻ ആണെന്നും ശിഷ്യന്മാർ വിശ്വസിച്ചു. എന്നാൽ യഹൂദന്മാരോ, യേശുവിൻെറ ഈ പ്രവൃത്തിയിൽ അസൂയാലുക്കളായിട്ടു് അങ്ങിനെ ചെയ്യുന്നതിനു് അവനു ലഭിച്ചിട്ടുള്ള അധികാരത്തെ സാധൂകരിക്കത്തക്കവണ്ണം മറെറാരു അടയാളം ആവശ്യപ്പെട്ടു. ആദ്യത്തെ മൂന്നു സുവിശേഷങ്ങളും ഈ സംഭവത്തെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ടു്. മത്താ: ൨൧. ലൂക്കോ: ൧൯. മൎക്കോ: ൧൧, ൧൫—൨൭; എന്നീ ഭാഗങ്ങളിൽ ഈ സംഭവത്തെ യേശുവിൻെറ അവസാന നാളുകളിൽ താൻ ചെയ്തതായിട്ടാണു സൂചിപ്പിച്ചിരിക്കുന്നതു്. യേശു ഈ പ്രവൃത്തി ആരംഭത്തിലും അവസാനത്തിലും ചെയ്തിരിക്കുമോ എന്നു

നാം സംശയിക്കേണ്ട ആവശ്യമില്ല. ആദ്യസംഭവത്തെ യോഹന്നാനും ഒടുവിലത്തേതിനെ മററു സുവിശേഷകന്മാരും എഴുതിയിരിക്കാം. രണ്ടിനും വ്യത്യാസങ്ങൾ കാണപ്പെടുന്നുണ്ടു്. പൂർവ്വസംഭവത്തെക്കുറിച്ചു് പക്ഷേ മററു ശിഷ്യന്മാൎക്കു് അറിവു കിട്ടിയിട്ടില്ലായിരിക്കാം.

വാ. ൧൭. എരിവു്:—൬൯-ാംസങ്കീൎത്തനം ൯-ാംവാക്യത്തിൽനിന്നു് ഉദ്ധരിക്കപ്പെട്ടിട്ടുള്ളതാണു്. യോഹ. ൧൫, ൨൫; ൧൯. ൨൮; അപ്പോ: പ്രവൃ: ൧. ൨൦; റോമ ൧൧. ൯. ൧൦; ൧൫. ൩; എന്നീ ഭാഗങ്ങൾ നോക്കുക. ഇവ ദാവീദിനെ സംബന്ധിക്കുന്നതാണു്. ദൈവത്തിന്റെ ഭവനത്തെക്കുറിച്ചും യഥാൎത്ഥമതത്തെക്കുറിച്ചുമുള്ള എരിവു് (ശുഷ്കാന്തി) തനിക്കു പല കഷ്ടനഷ്ടങ്ങളും ഉണ്ടാക്കിയിട്ടുള്ളതായി ദാവീദു പ്രസ്താവിക്കുന്നു. നമ്മുടെ കൎത്താവിന്റെ സംഗതിയിലും ഇതു വാസ്തവമാണു്.

൧൮ മുതൽ ൨൯ വരെയുള്ള വചനങ്ങൾ, യഹൂദന്മാർ ഒരു അടയാളം ചോദിക്കുന്നതും ഉയിൎത്തെഴുന്നീല്പിനെക്കുറിച്ചുള്ള ആദ്യപ്രവചനവും.

വാ. ൧൯. ഈ മന്ദിരത്തെ പൊളിപ്പിൻ:—യഹൂദന്മാൎക്കു ഗ്രഹിക്കാൻ പാടില്ലാത്ത ഒരു കടംകഥപോലെയാണു് ഈ വാക്കു്. അവർ ഇതിനെക്കുറിച്ചു ചിന്തിച്ചിട്ടു് ഈ വാക്കു ശിക്ഷാൎഹമായ ഒരു കുററമാണെന്നു സമൎത്ഥിച്ചു. ഈ വാക്കിനു് താഴെപ്പറയുന്ന മൂന്നു വ്യാഖ്യാനങ്ങൾ ഉണ്ടു്. (൧) ആ ദേവാലയം യേശുവിന്റെ മരണത്താൽ അഴിഞ്ഞുപോകും. ഉയിൎത്തെഴുന്നീല്പോടു

ക്രടി സാക്ഷാൽ ദൈവാലയം ഉത്ഭവിക്കും. (൨) മന്ദിരം എന്ന ശബ്ദംകൊണ്ടു് തന്റെ ശരീരമാകുന്ന മന്ദിരത്തെ സൂചിപ്പിക്കുന്നു. (൩) യഹൂദന്മാർ അവരുടെ ദേവാലയത്തെ പൊളിച്ചിട്ടു് വേഗത്തിൽ ക്രിസ്തീയസഭയെ കെട്ടു പണി ചെയ്യും എന്നൊരൎത്ഥം. ഈ അൎത്ഥത്തിൽ മൂന്നു ദിവസമെന്നുള്ളതിന്നു് കുറേക്കാലംകൊണ്ടു് എന്നു് അൎത്ഥം കൊടുക്കേണ്ടിവരും. യേശു മേല്പറഞ്ഞവയിൽ ഒന്നിനെ തിട്ടമായി ചൂണ്ടിക്കാണിച്ചു എന്നു പറയാൻ ന്യായമില്ല. യഹൂദന്മാർ ദൈവാലയത്തിന്നു് ദൈവസാന്നിദ്ധ്യമുള്ള ഒരു സ്ഥലമെന്നേ അൎത്ഥമാക്കിയിട്ടുള്ളു. ദൈവസാന്നിദ്ധ്യം ഈ ദൈവാലയത്തിൽ മുമ്പുണ്ടായിരുന്നതുപോലെ ഇനി ഉണ്ടാകയില്ലെന്നും യേശു താൻ തന്നെ സാക്ഷാൽ ദൈവസാന്നിദ്ധ്യത്തെ വഹിച്ചിരുന്നതുകൊണ്ടു് താൻ തന്നെ ദൈവമന്ദിരമെന്നും ഈ വാക്കിന്നു് അൎത്ഥമുണ്ടു്. കേവലം നിയമസ്ഥാപിതങ്ങളായ പഴയ ചടങ്ങുകളെ ഉന്മൂലനാശം ചെയ്തിട്ടു്, താൻ അതിന്റെ സ്ഥാനത്തു പുതിയതും ആത്മീയവും ആയ ഒരു മതത്തെ സ്ഥാപിക്കുമെന്നാണു് യേശു പറഞ്ഞതിന്റെ താല്പൎയ്യം.

വാ. ൨൦. ൪൬ വൎഷം:—ഈ ദൈവാലയത്തിന്റെ പണി ഹെരോദേസ് ക്രിസ്തുവിന്നു മുമ്പു് ൨൦-ാംവൎഷത്തിൽ ആരംഭിച്ചതാണു്. ആ വേല അവസാനിച്ചതു് ക്രിസ്തുവിന്നു പിന്നീടു് ൬൪-ാംവൎഷത്തിലാണു്. യേശു ഇതു പറഞ്ഞ കാലത്തു് ദൈവാലയപ്പണി അവസാനിച്ചിട്ടില്ലായിരുന്നു.

വാ. ൨൩. യേശു ചെയ്ത അത്ഭുതത്തിന്റെ ഫലമായി പലരും അവനിൽ വിശ്വസിച്ചു. എന്നാൽ ഇത്തരം വിശ്വാസം ഹൃദയപൂർവ്വമായ വിശ്വാസമല്ലെന്നു താൻ അറിഞ്ഞിരുന്നതുകൊണ്ടു് തന്നെ പൂർണ്ണമായി വെളിപ്പെടുത്തിയില്ല. ൧൦. ൩൧, ൩൪; ൧൪. ൧൧; ൨൦. ൨൯ എന്നിവ നോക്കുക.

വാ. ൨൪, ൨൫. യേശുവിനു മററുള്ളവരുടെ ഹൃദയവിചാരങ്ങളെ ഗ്രഹിക്കാനുള്ള ശക്തിയുണ്ടു്. പുത്രൻ തന്റെ പിതാവിന്റെ ഭവനത്തിലേയ്ക്കു വന്നപ്പോൾ ദുഷ്ടതയും അക്രമവുമാണു കണ്ടതു്. കർത്താവിനു കോപം ജ്വലിച്ചതിൽ അത്ഭുതപ്പെടുവാനില്ല. ദൈവഭവനത്തെക്കുറിച്ചുള്ള എരിവോടുകൂടി നിർഭയനായ ഒരു നവീകരണകർത്താവു വരുന്നു. (മലാ. ൩. ൧, സെഖ. ൧൪. ൨൦.) നമ്മുടെ സഭകളിലേയ്ക്കു് കർത്താവു വരുന്നപക്ഷം നമുക്കും പരിഭ്രമത്തിനു കാരണമുണ്ടാകുമോ? നമ്മുടെ വ്യാപാരങ്ങൾ നടത്തുന്ന സ്ഥാനങ്ങളിൽ അവൻ പൊൻവാണിഭക്കാരുടെ മേശകളെ തട്ടിത്തകക്കുവാൻ ഇടവരുമോ?

പലരും വിശ്വസിച്ചു:—എന്നാൽ യേശുവോ തന്നത്താൻ അവരുടെ പക്കൽ വിശ്വസിച്ചു ഏല്പിച്ചില്ല. തങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്ന നായകൻ ഈയാൾ തന്നെ ആയിരിക്കാമെന്നു വിചാരിച്ചുകൊണ്ടു് പലരും അന്നു് അവന്റെ അടുക്കൽ കൂടിവന്നു. എങ്കിലും ഇപ്രകാരമുള്ളവരെയല്ല അവൻ ശിഷ്യന്മാരായി ആവശ്യപ്പെട്ടിരിക്കുന്നതു്. ദൈവരാജ്യത്തെ ചെറിയ ശിശുക്കളെപ്പോലെ കൈക്കൊള്ളുന്ന യഥാർത്ഥശിഷ്യരത്രേ അവനു വേണ്ടിയിരുന്നതു്.

പാഠങ്ങൾ:—ദിവ്യാരാധനയിലെ മ്ലേച്ഛതകളെ നീക്കുകയായിരുന്നു മശിഹായുടെ ഒന്നാമത്തെ ജോലി. എല്ലാ മനുഷ്യഹൃദയങ്ങളും അവന്റെ ആലയങ്ങളാകുന്നു. അവയിൽ അവൻ വരുമ്പോൾ അപ്രകാരം അവൻ ശുദ്ധീകരിക്കുകതന്നെ ചെയ്യും. ദൈവാത്മാവിൻപ്രകാശത്താൽ തെററായും ദോഷമായുമുള്ള സകലത്തേയും അവൻ വെളിപ്പെടുത്തി അതിനെ ശുദ്ധീകരിക്കയും അവൻതന്നെ അതിൽ വസിക്കയും ചെയ്യുന്നു. നമ്മുടെ ഹൃദയങ്ങളിലും ജീവിതത്തിലും നിർബാധമായി പ്രവേശിക്കുന്നതിനു നാം അവനെ അനുവദിക്കുന്നുണ്ടോ? നമ്മുടെ ആരാധനാസ്ഥലങ്ങളെ പരിശുദ്ധമായും ശുചിയായും നാം സൂക്ഷിക്കുകയും ആരാധനകളിൽ ഭയഭക്തിപൂർവ്വം സംബന്ധിക്കുകയും ചെയ്യേണ്ടതു് ആവശ്യമാകുന്നു.

—(൦)—

അദ്ധ്യായം ൩.

കഥാബന്ധം.

യെരുശലേമിലെ ശുശ്രൂഷ നിരാശാജനകമെങ്കിലും ഫലമില്ലാത്തതായിരുന്നില്ല. അതു് നിക്കോദേമോസ്സിലും, നിക്കോദേമോസുതന്നെ പറയുന്നപ്രകാരം (൭. ൨; ൧൯. ൪൨;) സന്നദ്രീംസംഘത്തിലുള്ള മററു അംഗങ്ങളിലും വലിയ ഫലത്തെ ഉളവാക്കിയിട്ടുണ്ടായിരുന്നു. നിക്കോദേമോസുമായുള്ള യേശുവിന്റെ സന്ദർശനം നടന്നതു് പക്ഷേ ഗ്രന്ഥകർത്താവിന്റെ യെരുശലേമിലുള്ള വീട്ടിൽ വെച്ചുതന്നെയായിരിക്കാം. സംഭാഷണത്തിന്റെ പ്രധാനവിഷയം 'വീണ്ടും ജനനം' എന്നുള്ളതാണു്. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനു പുതിയ ജനനം ഒഴിച്ചുകൂടാത്തതാണെന്നാണു് ഇതിന്റെ ചുരുക്കം. ഈ പുതിയ ഉപദേശത്തിന്റെ സാക്ഷാൽ അർത്ഥം യേശുവിൽനിന്നു നേരിട്ടു ഗ്രഹിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണു് നിക്കോദേമോസു വന്നതു്. യേശുവിന്റെ ഉപദേശത്തിനും മിശിഹായുടെ വരവിനും തമ്മിൽ എന്തു സംബന്ധമുണ്ടെന്നു് അറിവാൻ അയാൾക്കു വളരെ താല്പര്യ്യമുണ്ടായിരുന്നു.

ഇവരുടെ സംഭാഷണഗതി:— (൧) നിക്കോദേമോസ്സ് യേശുവിന്റെ ദിവ്യ അധികാരത്തെ ഏററു പറയുന്നു. (വാ. ൨).

(൨) എല്ലാവർക്കും വീണ്ടും ജനനം ആവശ്യമാണെന്നു യേശു സ്ഥാപിക്കുന്നു. (വാ. ൩).

(൩) വീണ്ടും ജനനം പ്രാപിക്കുന്നതു് ഏതു വിധത്തിലാണെന്നു് അയാൾ ചോദിക്കുന്നു. (വാ. ൪).

(൪) വീണ്ടും ജനനം ദിവ്യജീവനെ സംബന്ധിക്കുന്നതാണെന്നും ദൈവാത്മാവിൽനിന്നു് ഉണ്ടാകേണ്ടതാണെന്നും യേശു പഠിപ്പിക്കുന്നു. (൫—൭).

(൫) അതു ലോകപ്രമാണത്തെ അനുസരിച്ചുണ്ടാകുന്നതല്ലെന്നും ദിവ്യപ്രമാണമാണു് അതിനു ഹേതുവെന്നും തെളിയിക്കുന്നു. (വാ. ൮).

(൬) നിക്കോദേമോസ്സിനു് ഈ ഉപദേശത്തിൽ വലുതായ അത്ഭുതവും സന്ദേഹവും ജനിക്കുന്നുണ്ടു്. (വാ. ൯)

(൭) ദൈവരാജ്യത്തിന്റെ മൎമ്മങ്ങളെ ഉപദേശിക്കുന്നതിനു തനിക്കു പ്രത്യേക അധികാരമുണ്ടെന്നു യേശു ബലമായി പ്രസ്താവിക്കുന്നു. (വാ. ൰—൰൪).

(൮) തന്നെ വിശ്വസിക്കുന്നതു് വീണ്ടും ജനനമാകുന്ന നിത്യജീവനെ പ്രാപിക്കുന്നതിനുള്ള വഴിയാണെന്നു യേശു സ്ഥാപിക്കുന്നു.

—(൦)—

൯. ൩. ൧—൰൫

നിക്കോദേമോസുമായുള്ള സംഭാഷണം:—യേശുവിനെക്കുറിച്ചുള്ള യോഹന്നാന്റെ സാക്ഷ്യം. പരീശന്മാരുടെ കൂട്ടത്തിൽ ഒരാളെങ്കിലും, സംഗതികളെക്കുറിച്ചു ചിന്തിക്കുന്നതായി നാം കാണുന്നു.

വാ—൧. നിക്കോദേമോസു്. ൭. ൫൰—൫൮; ൰൯. ൩൯; ലൂക്കോ: ൰൪. ൧; ൫൩. ൧൩; എന്നിവ നോക്കുക. അയാൾ യഹൂദന്മാരുടെ ഒരു പ്രമാണിയും യേ

ശുവിനെക്കുറിച്ച നല്ല അഭിപ്രായമുള്ളവനമാണ്. പക്ഷേ തൽമൂദുകളിൽ പ്രസ്താവിക്കപ്പെടുന്ന ഗോറിയൻ എന്നവന്റെ പുത്രനായിരിക്കാം. ഇയാൾ പ്രകൃത്യാ കുറെ സംകോചമുള്ളവനായിട്ടാണ കാണപ്പെടുന്നത്. എങ്കിലും സത്യത്തെ ഗ്രഹിക്കണമെന്നുള്ള താല്പൎയ്യമുള്ളവനാണ്. ഒടുവിൽ തന്റെ വിശ്വാസത്തെ ധൈൎയ്യപൂൎവം വെളിപ്പെടുത്തുന്നുണ്ടു്.

വാ. പ്രമാണി:—സന്നദ്രീംസംഘത്തിന്റെ ഒരു പ്രമാണി എന്നൎത്ഥം.

വാ. ൨. രാത്രിയിൽ:—അതായതു രഹസ്യമായി വന്നു എന്നു താല്പൎയ്യം. താൻ യഹൂദന്മാരുടെ ഒരു ന്യായശാസ്ത്രിയാകകൊണ്ടു്, പ്രത്യക്ഷമായി യേശുവിനെ അംഗീകരിക്കുന്നതു പാടില്ലാത്തതിനാൽ ഭയപ്പെട്ടു രാത്രിയിലാണ വരുന്നതു്.

റബ്ബി:—ഈ വാക്കുകൊണ്ടു് അയാൾ യേശുവിനെ ഒരു ഗുരുവായി വരിച്ചു തന്റെ ബഹുമാനത്തെ പ്രകടിപ്പിക്കുന്നു.

വാ. ൩. പുതുതായി ജനിച്ചില്ല എങ്കിൽ:—പുറജാതിക്കാരിൽ ഒരുവൻ യഹൂദമാൎഗ്ഗത്തിൽ ചേൎന്നാൽ പുതുതായി ജനിച്ചുവെന്നാണ സാധാരണ പറയുക. എന്നാൽ ന്യായപ്രമാണത്തിൽ ജനിച്ചവരുന്ന ഒരു പരിശനു വീണ്ടും ജനനം ആവശ്യമെന്നു വരുന്നതു് അത്യത്ഭുതകരമാണ്.

ദൈവരാജ്യത്തിൽ:—ഈ വാക്ക് സംഹിത സുവിശേഷങ്ങളിൽ കൂക്കൂടെ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഈ ഗ്രന്ഥത്തിൽ ഇവിടെയും ൫-ാംവാക്യത്തിലും മാത്രമേ ഉപയോഗിച്ചിട്ടുള്ളു. ദൈവേഷ്ടം പൂൎണ്ണമായി നിറവേറുന്ന

അവസ്ഥയെന്നു് ഇതിനത്ഥം. ഇതു ലോകപരമായും ഹൃദയപരമായും വരാം. ദൈവേഷ്ടപ്രകാരമുള്ള ഒരു മാററം ലഭിച്ച ഹൃദയത്തേയോ, ദൈവഹിതത്തിനനുസരണമായി ജീവിക്കുന്ന ഒരു ജനസമുദായത്തേയോ ഇതു സൂചിപ്പിക്കും. ദൈവകൃപയും അനുഗ്രഹവും പ്രാപിച്ചിട്ടുള്ളതും, ഭാഗ്യവും വിശുദ്ധിയും നിറഞ്ഞിട്ടുള്ളതുമായ ഒരവസ്ഥയാണെന്നാണു് ഇവിടത്തെ അത്ഥം. യഹൂദന്മാർ ഈ അവസ്ഥ തങ്ങൾക്കൊരു സ്വത്തായിട്ടാണു ഗണിച്ചുവന്നതു്. ഇതിനുള്ള നിബന്ധനകളെയാണു് യേശു പഠിപ്പിക്കുന്നതു്.

വാ. ൫. വെള്ളത്താലും ആത്മാവിനാലും:—ബാഹ്യവും ആഭ്യന്തരവുമായ മാററങ്ങളെയാണു് ഈ വാക്കുകൾ സൂചിപ്പിക്കുന്നതു്. വെള്ളം ജ്ഞാനസ്നാനത്തെ സൂചിപ്പിക്കുന്നു. യോഹന്നാൻസ്നാപകൻ സ്നാനപ്പെടുത്തിയതായും പരീശന്മാർ അതിനെ അംഗീകരിക്കാതിരുന്നതായും നാം വായിക്കുന്നു. ഈ സ്നാനത്തെയാണു ജലത്താൽ എന്നുള്ള വാക്കുകൊണ്ടു യേശു സൂചിപ്പിക്കുന്നതു്. സ്നാനം അനുതാപത്തെയും പൂർവ്വനിലയ്ക്കുള്ള മാററത്തെയും വെളിപ്പെടുത്തുന്നതാണു്. പരീശന്മാക്കും ജലസ്നാനം ആവശ്യമെന്നു കാണിക്കാനാണു് യേശു ഇതിനെ ഇവിടെ പ്രത്യേകമെടുത്തു പറയുന്നതു്. പക്ഷെ ഇതു് മനഃപൂർവ്വം സന്ദിഗ്ദ്ധാത്ഥത്തിൽ പറഞ്ഞതായിരിക്കാം. നിക്കോദേമോസിനു് അതു് പരീശന്മാർ നിഷേധിച്ച യോഹന്നാൻസ്നാപകന്റെ സ്നാനമെന്നും യേശുവിന്റെ സ്നാനമെന്നും തോന്നും. യോഹന്നാൻസ്നാപകന്റെ സ്നാനം മാത്രം അറിഞ്ഞു് അതുകൊണ്ടുതന്നെ സംതൃപ്തരായിരുന്ന ചില ക്രിസ്ത്യാനികളോടു മുഖാമുഖമായി പരിചയിച്ചി

രുന്ന സുവിശേഷകന് അതു് പൂർവ്വപാപങ്ങളെ അശേഷം കഴുകിക്കളയുന്നതും പുതിയ ജീവനെ പ്രദാനംചെയ്യുന്നതുമായ പരിപൂർണ്ണ ക്രിസ്തീയ സ്നാനദീക്ഷയായും തോന്നും. ഇതു് "ദൈവത്തിൻെറ ആത്മാവു് വെള്ളത്തിന്റെ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു" എന്നു് ഉല്പ. ൧: ൨-ൽ പ്രതിപാദിച്ചിരിക്കുന്നതിനെ അനുസ്മരിപ്പിക്കുന്നതും, മശിഹായുടെ പ്രവൃത്തി ആദ്യസൃഷ്ടിപോലെ സാർവ്വത്രികമായ പുനഃസൃഷ്ടിയായിരിക്കുമെന്നുള്ള ഒരു പുതിയ ആശയവുമാകുന്നു. (Bishop Gore, Page 250)

ദൈവരാജ്യപ്രകൃതിയും ലോകപ്രകൃതിയും തമ്മിൽ വളരെ ഭിന്നങ്ങളാണെന്നു ൬—ാ വാക്യങ്ങൾകൊണ്ടു വെളിപ്പെടുന്നുണ്ടു്. ആത്മാവിനാൽ പുതുക്കം ഉണ്ടാകേണ്ടതാണു്. അതിനാലാണു് ആത്മാവിനാലും എന്നു യേശു സൂചിപ്പിച്ചതു്. പുതുക്കം ദിവ്യശക്തിയോടുകൂടിയതാകകൊണ്ടു് ദിവ്യശക്തിയിൽനിന്നുതന്നെ അതു ലഭിക്കേണ്ടതാണു്. അതായതു് ദൈവശക്തിയായ പരിശുദ്ധാത്മാവിൽനിന്നു് എന്നു താല്പര്യം.

വാ. വ്യ. ഇവിടെ പുതിയ ജനനം എങ്ങിനെ ഉണ്ടാകുന്നു എന്നു തെളിയിച്ചിരിക്കുന്നു. അതു ദിവ്യശക്തിയുള്ളതാകകൊണ്ടു് ദിവ്യപ്രമാണങ്ങളനുസരിച്ചു് ഉളവാകുന്നുവെന്നു കാണിക്കുന്നു. ഏതു പ്രകാരത്തിൽ കാററു് അറിയാതെ ഉത്ഭവിച്ചു് പെട്ടെന്നു വെളിപ്പെട്ടു സർവ്വത്ര വ്യാപിക്കുന്നുവോ അതുപോലെ ആത്മാവും പഞ്ചേന്ദ്രിയങ്ങൾക്കു് അനുഭവമില്ലാത്ത ദിവ്യചിന്തയിൽനിന്നുത്ഭവിച്ചു്, മനുഷ്യജീവിതത്തിൽ പ്രവേശിച്ചു പ്രബലപ്പെടുന്നതാണു്,

വാ. ൧൧. ഞങ്ങൾ:—ഈ പദംകൊണ്ടു് യേശു തൻെറ പക്ഷക്കാരെയും നിക്കോദേമോസിൻെറ പക്ഷക്കാരേയും വേർതിരിച്ചു കാണിക്കുന്നു. പക്ഷേ ഗ്രന്ഥകർത്താവും മററു പല ശിഷ്യന്മാരും യേശുവിനോടൊന്നിച്ചു് ഈ സമയത്തുണ്ടായിരുന്നിരിക്കാം. "നിങ്ങളെപ്പോലെ പാരമ്പര്യത്തെയല്ല, ഞങ്ങൾ അനുഭവത്തെയാണു് ഉപദേശിക്കുക" എന്നാണു് ഇതിൻെറ താല്പര്യം.

വാ. ൧൨. ഭൂമിയിൽ ഉള്ളതു്, സ്വർഗ്ഗത്തിലുള്ളതു്:—അനുതാപം, വിശ്വാസം, വീണ്ടും ജനനം മുതലായി ഈ ലോകത്തിൽ സംഭവിക്കുന്നതും ഗ്രഹിക്കാൻ എളുപ്പമുള്ളതുമായ കാര്യങ്ങൾ ഭൂമിയിലുള്ളതു്, അവതാരം, പാപനിവാരണം മുതലായി മനുഷ്യബുദ്ധിക്കു ചിന്തിക്കുവാനും നിർണ്ണയിക്കുവാനും കഴിവില്ലാത്തവ സ്വർഗ്ഗത്തിലുള്ളതു്.

വാ. ൧൩. ഇവിടെ യേശു തൻെറ ദിവ്യത്വത്തെ അല്പമായി വെളിപ്പെടുത്തുന്നുണ്ടു്. മനുഷ്യപുത്രനായ താൻ ആണു് സ്വർഗ്ഗരാജ്യത്തെ വെളിപ്പെടുത്തുന്നവനെന്നും, താൻ മററുള്ളവരെപ്പോലെ ലോകത്തിൽനിന്നുള്ളവനല്ലെന്നും, സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങി വന്നവനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനാണു് താൻ എന്നും ഘോഷിക്കുന്നു. തന്മൂലം സ്വർഗ്ഗത്തെക്കുറിച്ചുള്ള അറിവും അനുഭവവും തനിക്കുണ്ടെന്നു സാധിക്കുന്നു.

സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ:—ചിലർ ഈ ഭാഗം വിട്ടുകളഞ്ഞിട്ടുണ്ടു്. വിനീതത്വം, മഹിമ എന്നീ രണ്ടു ഗുണങ്ങളേയും ഒന്നുപോലെ വഹിച്ചു് ഒരേ സമയത്തു

തന്നെ സ്വൎഗ്ഗത്തിലും ഇവിടെയും സ്ഥിതിചെയ്യുവാൻ കഴിവുള്ളവനാണു താൻ എന്നു് യേശു ഇതുകൊണ്ടു വെളിവാക്കുന്നുണ്ടു്.

വാ. ൧൪. ഒടുവിൽ നിക്കോദേമോസു തന്നെ വിശ്വസിക്കത്തക്കവണ്ണം തന്റെ ശുശ്രൂഷയെക്കുറിച്ചു് അല്പം വിവരിക്കുന്നു. പഴയ നിയമോപദേശങ്ങളെ അടിസ്ഥാനമാക്കി താൻ പറഞ്ഞ പുതിയ ജനനമാകുന്ന നിത്യജീവനു കാരണനും താനാണെന്നു വെളിപ്പെടുത്തുന്നു. നിക്കോദേമോസിനു് ഈ വാക്കുകളുടെ അൎത്ഥം അപ്പോൾ മനസ്സിലായില്ലെങ്കിലും പിന്നീടു് യേശുവിന്റെ ജഡത്തെ കുരിശിൽനിന്നു ഇറക്കുവാൻ കൂടിനിന്നു സഹായിച്ചപ്പോൾ അവൻ ധരിച്ചിരിക്കണം. (൧൯. ൩൮—൪൦).

൧൪-൦, ൧൫-വാക്യങ്ങൾ ഗ്രന്ഥകൎത്താവു് തന്റെ സ്വന്ത അഭിപ്രായപ്രകാരം എഴുതിയതാണെന്നു ചിലർ വാദിക്കുന്നു. എന്നാൽ ൧൬-ാംവചനം മുതൽക്കാണു് സ്വന്തം അഭിപ്രായം വെളിപ്പെടുന്നതെന്നു മറ്റൊരു കൂട്ടർ പറയുന്നു.

പാഠങ്ങൾ:—൧. സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനു വീണ്ടും ജനനം അത്യാവശ്യമാണു്.

൨. വെള്ളത്തിന്റെ ഉറവ എന്നു് ４. ൧൪-ൽ പറഞ്ഞിട്ടുള്ള ഭാഗത്തിൽ പരിശുദ്ധാത്മാവിന്റെ അധിവാസത്തെയും ൭. ൩൮-ൽ ജീവവെള്ളത്തിന്റെ നദികൾ എന്നതിൽ ഈ വിശുദ്ധാത്മാവിന്റെ വെളിക്കോട്ടുള്ള ഒഴുക്കിനേയും സദൃശപ്പെടുത്തിയിരിക്കുന്നു. ഇതിൽ

ജലം പരിശുദ്ധാത്മാവിൻെറ വേലയുടെ ഒരു സാദൃശ്യ മാണ് (ശുദ്ധീകരിക്കുന്നതും തൃപ്തിപ്പെടുത്തുന്നതും സമൃദ്ധിയായി ഒഴുകുന്നതുമായ) ഈ നിറവ് നാം അനുഭവിക്കുന്നുണ്ടോ?

൩. വീണ്ടും ജനനമെന്നത് പാപത്തിനു വേണ്ടി ക്രിസ്തുവിൻെറ ബലിയിൽ ഉള്ള വിശ്വാസത്തിൻെറ ഫലമായിട്ട് ഉണ്ടാകുന്നതാണെന്ന് ൧൪-ാംവാക്യത്തിലെ സാദൃശ്യത്തിൽ നിന്നും മനസ്സിലാക്കിയാൽ കൊള്ളാം. സപ്പത്തിൻെറ കടിയേററ ഇസ്രായേല്യർ പിച്ചളസപ്പത്തെ നോക്കിയതുകൊണ്ടു സൌഖ്യപ്പെടുകയും ജീവൻ പ്രാപിക്കയും ചെയ്തു. യേശു നിക്കോദിമോസ്സിനെ സ്പഷ്ടമായി കാൽവരിയിലേയ്ക്കു ചൂണ്ടിക്കാണിക്കുകയാണു ചെയ്തതു്.

—(൦)—

൧൦ ൩. ൧൬—൨൧.

ഗ്രന്ഥകത്താവിൻെറ നിരൂപണങ്ങൾ.

യേശു ദിവ്യരക്ഷകനാണെന്ന് ഇവിടെ കാണിക്കുന്നു. ഇതിനു മുമ്പുള്ള കായ്യങ്ങളെ എഴുതിയശേഷം ഗ്രന്ഥകത്താവ് അവയെക്കുറിച്ചു വീണ്ടും നിരൂപണം ചെയ്യുകയാണ്. ഏകജാതനായ പുത്രൻ, അവന്റെ നാമത്തിലുള്ള വിശ്വാസം, സത്യം പ്രവത്തിക്കുക എന്നീ കായ്യങ്ങൾ ഗ്രന്ഥകത്താവിൻെറ നിരൂപണഫലങ്ങളാണെന്ന് അനുമാനിക്കാം. ഇവിടെ എടുത്തു കാണിക്കണമെന്നു ഗ്രന്ഥകത്താവു നിശ്ചയിക്കുന്ന കായ്യങ്ങൾ ഇവയാണ്. (൧) പുത്രൻ മനുഷ്യനായിത്തീരുന്നതിലുള്ള ഉദ്ദേശ്യം (൧൬—൧൭.) ലോകത്തിനു നിത്യജീവൻ കിട്ടുകയെന്നുള്ളതാ

യിരുന്നു. (൨) അതിൻെറ ഫലങ്ങൾ (൧൮—൧൯) വിശ്വസിക്കുന്നവന്നു ന്യായവിധിയില്ല. വിശ്വസിക്കാത്തവന്നോ ന്യായവിധിയുണ്ടു്. ഈ രണ്ടു കൂട്ടരും തങ്ങളുടെ പ്രവൃത്തികളെക്കൊണ്ടു്, അതായതു് വിശ്വസിക്കാത്തവൻ തൻെറ തിന്മ പ്രവൃത്തിയാലും, വിശ്വസിക്കുന്നവൻ തന്റെ സത്യപ്രവൃത്തികൊണ്ടും അവരവൎക്കു ചേരുന്ന ഫലത്തെ അർഹിക്കുന്നു. (൨൦, ൨൧.)

വാ. ൧൬. ഈ വാക്യം സുവിശേഷത്തിൻെറ രത്നച്ചുരുക്കമാണു്. (The Gospel in miniature)

വാ. ൧൯. ഇരുട്ടു്; വെളിച്ചം; ഈ ഗ്രന്ഥത്തിൽ ഈ വിധത്തിലുള്ള വിപരീതപദങ്ങൾ കൂടക്കൂടെ കാണ്മാനുണ്ടു്. ഇരുട്ടു് തിന്മയേയും വെളിച്ചം നന്മയേയും കുറിക്കുന്നു.

വാ. ൨൦. ഭൌതികങ്ങളായ കാൎയ്യങ്ങളിൽ കിടന്നു് ഉഴലുന്ന ഒരുത്തൻ ലോകമാകുന്ന ഇരുട്ടിനെ കാംക്ഷിച്ചിട്ടു് ദൈവഭക്തിയാകുന്ന വെളിച്ചത്തെ പകയ്ക്കുന്നവനാണെന്നു യേശു നിഷ്കൎഷിച്ചുപറയുന്നുണ്ടു്.

പാഠങ്ങൾ:—മനുഷ്യർ ഇപ്പോൾ അന്ധകാരത്തെ സ്നേഹിക്കുന്നുവെങ്കിൽ സ്വൎഗ്ഗീയവെളിച്ചം അവരിൽ എങ്ങിനെ ഉൾക്കൊള്ളുവാൻ കഴിയും? ക്രിസ്തുവിനെ സ്വീകരിക്കയോ, നിരസിക്കുകയോ ചെയ്യുന്നതിനെക്കുറിച്ചു് നാം പലപ്പോഴും നിസ്സാരമായി സംസാരിക്കാറുണ്ടു്. ഈ ഭാഗത്തു് സംഗതികളുടെ യഥാൎത്ഥസ്ഥിതി എന്തെന്നു്

വ്യക്തമായി കാണിച്ചിരിക്കുന്നു. അതിനെക്കുറിച്ച് നാം ആഴമായി ചിന്തിക്കേണ്ടതാകുന്നു.

ദൈവസ്നേഹത്തിൻെറ വിസ്തീണ്ണത എത്ര വലുതായിരിക്കുന്നു എന്നു ചിന്തിക്കുക. ഈ സ്നേഹത്തിൽനിന്നും ആരെയും ഒഴിച്ചുവിട്ടിട്ടില്ല.

വിശ്വാസിയുടെ കാൎയ്യത്തിൽ യാതൊരു ന്യായവിധിയും ഇല്ല. അവൻെറ ജീവിതം മുഴുവനും 'ക്രിസ്തുവിൽ' ആകുന്നു. അവിശ്വാസി തനിക്കുതന്നെ ന്യായവിധിയെ വരുത്തിക്കൂട്ടുന്നു.

——(൦)——

ഫ ഫ. ന. വവ—നന്ന. യോഹന്നാൻസ്നാപകൻെറ രണ്ടാം സാക്ഷി.

യേശു യെരുശലേംപട്ടണത്തിൽനിന്നും യഹൂദ്യാദേശത്തു കടന്നു പ്രസംഗങ്ങൾ നടത്തി തൻെറ ശിഷ്യന്മാർവഴി ജ്ഞാനസ്നാനം കൊടുപ്പിച്ചുവന്നു. താൻ മശിഹായാണെന്നു വെളിപ്പെടുത്തുന്നതിനു മുമ്പായി ജനങ്ങളുടെയിടയിൽ പല കാൎയ്യങ്ങളെക്കുറിച്ചു പഠിപ്പിച്ചുതന്നെ പല പ്രകാരത്തിൽ വെളിപ്പെടുത്തേണ്ടതു് ആവശ്യമായിരുന്നു. അതിനാൽ യഹൂദന്മാരുമായുള്ള പോരാട്ടത്തെ വിട്ടു് അവൻ മാറി. ഈ അവസരത്തിൽ യോഹന്നാൻെറ ശിഷ്യന്മാരും യേശുവിനെക്കുറിച്ചു സംശയിച്ചിട്ടു യോഹന്നാനോടു പോയി പലതും ചോദിക്കുന്നുണ്ടു്. ഇവക്കു മറുപടിയായി യോഹന്നാൻ പല ശ്രേഷ്ഠസാക്ഷ്യങ്ങളും കൊടുക്കുന്നുണ്ടു്. ന—ന.ഫ-വരെയുള്ള വചനങ്ങളിൽ ഗ്രന്ഥ

കർത്താവു തൽസംബന്ധങ്ങളായ ചില സ്വന്ത അഭിപ്രായങ്ങൾ എഴുതുന്നുണ്ടു്.

വാ. ൨൨. സ്നാനം കഴിപ്പിച്ചു:—യേശു തന്റെ ശിഷ്യന്മാർവഴി മാത്രമേ സ്നാനം കഴിപ്പിച്ചുള്ളു. (൪. ൨.). ക്രൈസ്തവസ്നാനദീക്ഷ, ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനു ശേഷമേ സ്ഥാപിതമായുള്ളു എന്നു് ഇതര സുവിശേഷകന്മാർ സൂചിപ്പിക്കുന്നു. മത്താ: ൨൮. ൧൯; മക്കോ: ൧൬. ൧൬. എന്നാൽ അതു ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ആരംഭംമുതൽക്കേ നടന്നു പോന്നുവെന്നാണു് ഇവിടെ കാണുന്നതു്. ഈ രണ്ടു പ്രസ്താവനകളും തമ്മിൽ വിരുദ്ധപ്പെടുന്നില്ലയോ എന്ന ചോദ്യത്തിനു് ക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം ഉണ്ടാകേണ്ടതായിരുന്ന ആത്മസ്നാനത്തിനു മുൻകുറിയായി യോഹന്നാൻസ്നാപകനെപ്പോലെ യേശുവും ജലസ്നാനം നടത്തിച്ചുപോന്നു എന്നു വിചാരിക്കുന്നതാണു യുക്തം. സ്വർഗ്ഗാരോഹണത്തിനു മുമ്പും പരിമിതമായ വിധത്തിൽ ആത്മദാനം ഉണ്ടെന്നു് ൨൦-ാം അദ്ധ്യായം ൨൨-ാംവചനം സാക്ഷീകരിക്കുന്നു.

വാ. ൨൩. ഐനോൻ:—ഊററുകളുടെ നിറവു് എന്നു് ഈ പദത്തിനു് അർത്ഥം. യോർദ്ദാന്നും സാലീമിനും (സലൂമിയാസു്) സൈത്തോപ്പോലീസിനും എട്ടു മൈൽ തെക്കായിട്ടാണു് ഈ സ്ഥലം സ്ഥിതിചെയ്യുന്നതു്. അനേകം ജലാശയങ്ങൾ ഇവിടെയുണ്ടു്. യെരുശലേമിൽ നിന്നും ഗലീലയ്ക്കു പോകുന്ന വലിയ രാജപാതയുടെ സമീപത്താണിരുന്നു ഇതിന്റെ സ്ഥാനം.

വാ. ൨൪. അന്നു്:— മത്താ: ൪. ൧൨, ൧൩ ൧൭; മക്കോ: ൧. ൧൪. ഇതര സുവിശേഷങ്ങളിൽനിന്നും, യേശു തന്റെ പ്രസംഗവേല ആരംഭിക്കുന്നതിനു മുമ്പായിത്തന്നെ

യോഹന്നാൻസ്നാപകൻ തടവിലാക്കപ്പെട്ട എന്ന ധരിക്കാവുന്നതാണ്. ഈ ധാരണയെ മാററുന്നതിനും സ്നാപകൻ അപ്പോഠം തടവിലല്ലായിരുന്നുവെന്നു തിട്ടപ്പെട്ടത്തിക്കാണിക്കുന്നതിനുമായിട്ടാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്.

വാ. ൨൫. ഒരു യഹൂദൻ:—ഇവൻ യേശുവിൻെറ ശിഷ്യനായിരുന്നിരിക്കണം. ഇവക്ക് തമ്മിലുള്ള തക്കവിഷയം, യേശുവിൻെറയും സ്നാപകൻെറയും സ്നാനങ്ങളിൽ ശുദ്ധീകരണശക്തിയുള്ളത് ഏതെന്നായിരിക്കാം.

വാ. ൨൬. യോഹന്നാൻസ്നാപകൻെറ ശിഷ്യന്മാരിൽ ചിലർ യേശുവിനെക്കുറിച്ച് അസൂയാലുക്കളായി പരാതി പറയുന്നു.

വാ. ൨൭—൩൦. യോഹന്നാൻസ്നാപകൻ ഇതിലല്പവും അസൂയപ്പെടാതെ യേശുവിൻെറ ശ്രേഷ്ഠതയെക്കുറിച്ചു തെളിവായി അവരോടു സാക്ഷിച്ചു. ആദ്യമായി ഒരു ബോധകൻെറ പ്രബോധനങ്ങഠക്കുള്ള അധികാരവലിപ്പത്തെക്കുറിച്ചു പ്രസ്താവിക്കുന്നു. സ്വഗ്ഗത്തിൽനിന്നു ലഭിച്ചിട്ടല്ലാതെ മനുഷ്യന് ഒന്നും ചെയ്വാൻ കഴികയില്ലെന്നാണ് സ്നാപകൻ പറയുന്നത്. താൻ യേശുവിനു വേണ്ടി മുന്നൊരുക്കം ചെയ്യുന്നവൻ മാത്രമാണെന്നറിഞ്ഞു് യേശുവിന്റെ ഗണ്യതയെ ഓത്തിട്ട് അത്യന്തം സന്തോഷിക്കയാണുചെയ്യുന്നത്. മണവാളൻെറ സ്നേഹിതൻ മണവാട്ടിയെ മണവാളൻെറ പക്കൽ ഏല്പിച്ചിട്ട മാറുന്നതുപോലെ താനും യേശുവിന് ഒരുക്കംചെയ്തിട്ട മാറിക്കൊള്ളേണ്ടവനാണെന്നറിഞ്ഞു വളരെ സന്തോഷിക്കുന്നു. സ്നാപകൻെറ സ്വഭാവവിശിഷ്ടത ഇതിൽ വളരെ തിളങ്ങിക്കാണുന്നുണ്ട്. യേശുവിൽനിന്നു കേഠക്കുന്നവരാരോ അവ

രുടെ ഹൃദയങ്ങളെ കവൎന്നുകൊൾവാനുള്ള ശക്തി സ്വൎഗ്ഗത്തിൽനിന്നു യേശുവിനു ലഭിച്ചിട്ടുള്ളതുകൊണ്ടാണു് സൎവ്വരും യേശുവിന്റെ സ്ഥാനത്തെ ആശിച്ചു് അവന്റെ അടുക്കൽ ചെല്ലുന്നതു് എന്നായിരുന്നു സ്നാപകൻ പറഞ്ഞതിന്റെ താല്പൎയ്യം.

൩൧—൩൬. വാക്യങ്ങൾ ഗ്രന്ഥകൎത്താവിന്റെ നിരൂപണങ്ങളുടെ തുടൎച്ചയല്ല. സ്നാപകന്റെ സാക്ഷ്യത്തിന്റെ തുടൎച്ചയാണു്. സ്നാപകൻ ക്രിസ്തുവിനെ (മേൽനിന്നു വരുന്നവൻ) തനിക്കു (ഭൌമികൻ) വളരെ മുകളിലായി ഉയൎത്തിവയ്ക്കുന്നു. ക്രിസ്തു സ്വൎഗ്ഗത്തിൽനിന്നു വന്നവനാണെന്നും അവിടെ കണ്ടിട്ടുള്ളവയെയാണു താൻ സാക്ഷിക്കുന്നതെന്നും (വ. ൩൨) ആത്മാവിനെ അളവു കൂടാതെ കൊടുപ്പാൻ കഴിവുള്ളവൻ അവൻ മാത്രമാണെന്നും (വാ. ൩൪) അവൻ ദൈവപുത്രനാണെന്നും സകലവും അവന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നുവെന്നും അവനിലുള്ള വിശ്വാസംമൂലം നിത്യജീവൻ പ്രാപ്യമായിത്തീരുന്നുവെന്നും അവനെ അനുസരിക്കാത്തവൎക്കു ദൈവകോപമുണ്ടെന്നും (വാ: ൩൫. ൩൬) സ്നാപകൻ തുറന്നുപറയുന്നു.

വാ. ൩൧. ക്രിസ്തുവിന്റെ ഉപദേശം ആകാശം ഭൂമിക്കു മുകളിലായി ഉന്നതമായിരിക്കുന്നതുപോലെ യോഹന്നാന്റെ ഉപദേശത്തിൽനിന്നും അത്യുന്നതമാണെന്നു സൂചിപ്പിക്കുന്നു.

൩൨. ആരും:—ക്രിസ്തുവിന്റെ ശിഷ്യന്മാർ വളരെപ്പേർ ഉണ്ടെങ്കിലും അവർ ആയിരിക്കേണ്ട വിധത്തിൽ ആയിട്ടില്ല എന്നാണു് ഇതിന്റെ താല്പൎയ്യം.

൩൩. ദൈവം സത്യവാൻ:—മശിഹായെ വിശ്വസിക്കുന്നതു ദൈവത്തെ വിശ്വസിക്കുകയാണ്. എന്തെന്നാൽ മശിഹാ ദൈവത്തിന്റെ കാൎയ്യസ്ഥനും പരിഭാഷകനും ആണ്. (വാ: ൩൪ നോക്കുക).

൩൪. അവൻ കൊടുക്കുന്നു:—ക്രിസ്തു തന്നിൽ വിശ്വസിക്കുന്നവൎക്ക് ആത്മാവിനെ അളവു കൂടാതെ കൊടുക്കുന്നുവെന്നോ ദൈവം ക്രിസ്തുവിന് അളവു കൂടാതെ കൊടുക്കുന്നുവെന്നോ ഉള്ള അൎത്ഥമാണിതിനുള്ളതു്.

൩൬. അനുസരിക്കാത്തവന്:– വിശ്വസിക്കാത്തവന് എന്നു് അൎത്ഥം.

ദൈവക്രോധം:—ഈ പദം ലേഖനങ്ങളിൽ പലേടത്തും കൂടക്കൂടെ കാണുന്നുണ്ടു്. എന്നാൽ സുവിശേഷങ്ങളിൽ ഇവിടെ മാത്രമേ പ്രയോഗിച്ചിട്ടുള്ളൂ. പാപം ചെയ്യുന്നവന്റെ മേൽ വരുന്ന ദൈവശിക്ഷാവിധി (ദൈവപ്രമാണത്തിന്റെ ന്യായവിധി)യെയാണ് ഇതു സൂചിപ്പിക്കുന്നതു്.

പാഠങ്ങൾ:— രണ്ടാമത്തെ സ്ഥാനം കൈക്കൊള്ളുന്നതിന് നാം തൃപ്തിയുള്ളവരാണോ? നമ്മാലാവോളം പ്രവൎത്തിച്ചതിന്റെ ശേഷം മററുള്ളവൎക്ക് വിജയം സിദ്ധിക്കുന്നതു കാണുമ്പോൾ നമുക്കു പൂൎണ്ണമായ സന്തോഷം ഉണ്ടാകുന്നുണ്ടോ? സ്നാപകൻ ഈ സ്വഭാവമുള്ളവനായിരുന്നു. അയാളുടെ സന്തോഷം ഈ വിധത്തിലാണു നിവൃത്തിയായതു്.

വിജയമെന്നുള്ളതു തന്നെയും എന്താണ് എന്നു ചിന്തിക്കുക.

—(o)—

അദ്ധ്യായം ൪

ശമയ്യയിലെ ശുശ്രൂഷ.

൧൨ · ൪. ൧—൪൨. സുഖാറിലെ കിണററിനരികിൽ വെച്ചുള്ള യേശുവിൻെറ സംഭാഷണം.

ക്രിസ്തുവിനെ യിസ്രായേലിൻെറ രക്ഷകനായി മാത്രമല്ല, ലോകരക്ഷകനായി പ്രദശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗ്രന്ഥകത്താവു് ശമയ്യയിലെ ശുശ്രൂഷയെ ഇവിടെ പ്രത്യേകം എടുത്തു പ്രസ്താവിച്ചിരിക്കുന്നതു്.

നിക്കോദേമോസിനോടും ശമയ്യക്കാരത്തിസ്ത്രീയോടുമുള്ള ആളാംപ്രതിയായ സംഭാഷണങ്ങൾ ഈ സുവിശേഷത്തിൻെറ ഒരു പ്രത്യേക വൈശിഷ്ട്യമാണ്. മററുള്ള സുവിശേഷങ്ങളിൽ ഇതുപോലെ വേറൊരു ദൃഷ്ടാന്തമെടുക്കുവാൻ കാണുന്നില്ല. നിക്കോദേമോസിന്റെ കാര്യത്തിൽ നമ്മുടെ കത്താവു തിരഞ്ഞെടുക്കപ്പെട്ടവനായ ഒരു വലിയ വിദ്വാനോടാണു സംഭാഷണം കഴിച്ചതു്. എന്നാൽ ശമയ്യക്കാരത്തിസ്ത്രീയോ ഒരു പാവപ്പെട്ട ഗ്രാമവാസിയും യഹൂദസമുദായത്തിൻെറ വെളിക്കുള്ളവളുമായിരുന്നു.

ശമയ്യർ എന്ന കൂട്ടർ അശ്ശൂര്യർ യിസ്രായേൽ രാജ്യം ആക്രമിച്ചു കാലത്തു കുടിയേറിപ്പാത്ത ജാതി

കളിൽനിന്നുത്ഭവിച്ചിട്ടുള്ളവരും യഹൂദന്മാരാൽ നികൃഷ്ടരെന്നു ഗണിക്കപ്പെട്ടുപോന്നവരുമായ ഒരു കൂട്ടരാണ്. (൨. രാജ: ൧൭. ൯, ൨൪, ൨൯—൪൧; എസ്രാ. ൪. ൧—൧൦; എന്നിവ നോക്കുക). തങ്ങളും യിസ്രായേൽജാതിയിൽ പെട്ടവരാണെന്നുള്ള ഭാവം ശമൎയ്യൎക്കുണ്ടായിരുന്നു. എന്നാൽ ചില യഹൂദതത്വങ്ങളും അവൎക്കില്ലാതിരുന്നില്ല. അവരുടെ പൌരാണിക ആരാധനാരീതികൾ പുറജാതിക്കാരുടേതിനോടു വളരെ അടുപ്പമുള്ളവയായിരുന്നുവെങ്കിലും ഇപ്പോൾ അവർ സാക്ഷാൽ യഹൂദമതാനുസാരികളായിരുന്നു. ശബ്ബത്, ചേലാകൎമ്മം, യഹൂദന്മാരുടെ മററുത്സവങ്ങൾ, പാരമ്പൎയ്യാചാരങ്ങൾ എന്നിവ ഇവരും അനുഷ്ഠിച്ചുപോന്നിരുന്നു. പഴയ നിയമഗ്രന്ഥങ്ങളിൽ പഞ്ചാഗമങ്ങളെ മാത്രമേ ഇവർ അംഗീകരിച്ചിരുന്നുള്ളു. (മത്താ: ൧൫, ൨൪; ൧൦. ൫;) എന്നിവയെ നോക്കുമ്പോൾ യേശു ശമൎയ്യയിൽ പ്രസംഗത്തിനായി കടന്നതിൽ അത്ഭുതപ്പെടാൻ വകയുണ്ട്. എന്നാൽ യേശു ഇതിലൂടേ കടന്നാണ് ഗലീലയ്ക്കു പോയതു് എന്നുള്ളതു പ്രത്യേകം ഓൎക്കേണ്ടതാണ്. പരീശന്മാരുടെ അസൂയ നിമിത്തം താൻ ശമൎയ്യയിൽക്കൂടി ഗലീലയ്ക്കു പോകുകയായിരുന്നു. വഴിക്ക് ആ നാട്ടുകാരിയായ ഒരു സ്ത്രീയെക്കണ്ടു് സാക്ഷാൽ ദൈവവന്ദനയെക്കുറിച്ചും തന്റെ ശക്തിയെക്കുറിച്ചും അവളോടു സംസാരിച്ചു. അവൾ വിശ്വസിച്ചു് മററുള്ളവൎക്കു സാക്ഷ്യം നൽകി. അതിശയങ്ങൾ ഒന്നും കൂടാതെ തന്നെ പലരും യേശുവിനെ വിശ്വസിക്കാൻ ഇടയായി. യഹൂദന്മാരല്ലാത്ത ശമൎയ്യജാതിയുടെ വിശ്വാസത്തെ ഇവിടെ പ്രത്യേകം ഗൌനിക്കേണ്ടതാണ്.

൬. സദൂക്യർ, ഹെരോദ്യർ എന്നിവരെക്കുറിച്ച് ഗ്രന്ഥകർത്താവ് ഒരിടത്തും ഒന്നും പ്രസ്താവിക്കാതെ പരീശന്മാരെ ശ്രേഷ്ഠരായി ഗണിച്ച് അവരെക്കുറിച്ചു പ്രത്യേകമായി പറയുന്നു. ഈ കൂട്ടർ യോഹന്നാൻസ്നാപകന്റെ ഉപദേശങ്ങളെ ഉപേക്ഷിച്ചതുപോലെ യേശുവിന്റെ ഉപദേശങ്ങളോടും എതിർത്തുനിന്നു. ജനമദ്ധ്യേ യേശുവിന്റെ ഉപദേശങ്ങൾക്കു പ്രചാരമുണ്ടായി വന്നതും ഇവക്കസൂയയായിരുന്നു. യേശുവിനോടുള്ള പരീശന്മാരുടെ എതിർപ്പ് ആദ്യമായി വെളിപ്പെടുത്തുന്നത് ഇവിടെയാണ്. പക്ഷേ ഇതിനുമുമ്പേ യോഹന്നാൻ തടവിൽ വയ്ക്കപ്പെട്ടിരിക്കാം. അങ്ങിനെ ചെയ്യുന്നതിന് ഹേരോദാവ് പരീശന്മാരെ പ്രേരിപ്പിച്ചിരിക്കാം. പരീശന്മാർ തന്നെയും അങ്ങിനെ നശിപ്പിക്കാൻ ഒരുങ്ങിയിട്ടുണ്ടെന്നറിഞ്ഞു് തന്റെ സമയം വന്നിട്ടില്ലാത്തതിനാൽ യേശു മാറിക്കളഞ്ഞതാണ്.

൨. യേശു ആരെയും സ്നാനം കഴിപ്പിച്ചില്ല. തന്റെ സ്നാനം പരിശുദ്ധാത്മസ്നാനമാണ്. (൬. ൩൩.). സ്വർഗ്ഗാരോഹണശേഷമല്ലാതെ (൩. ൭; ൩. ൨൨;) തനിക്കിതു പൂർത്തിയായി ചെയ്യാൻ കഴിയുന്നതല്ല.

൪. കടന്നുപോകേണ്ടിവന്നു:—ഹേരോദന്തിപ്പാസ് യോഹന്നാൻസ്നാപകനെ തടവിലാക്കിയിരിക്കുന്നുവെന്നുള്ള വർത്തമാനം യേശു അറിഞ്ഞിരുന്നതുകൊണ്ടു്, അവന്റെ തലസ്ഥാനമായ പേരിയാവഴി പോകാതെ ശമര്യവഴി പുറപ്പെട്ടു. എന്നാൽ നേർവഴി ഇതാണ്. യഹൂദന്മാർ ശമര്യരെ അശുദ്ധരായി കരുതിയിരുന്നതുകൊണ്ടു് ഈ വഴി പോകാതെ ചുററിപ്പോകുകയാണ് അവരുടെ പതിവ്.

൭. സുഖാർ:—ഇപ്പോഠം ഇതിനു് അസ്കാർ എന്ന പേർ. ഇതു ശേഖേമിന്നു് അടുത്താണു്.

൩. യാക്കോബിൻെറ കിണറു്:—ഈ പേരുള്ള ഒരു കിണറു് ഇന്നുമവിടെയുണ്ടു്. അതിന തൽക്കാലം ൰ അടി താഴ്ച വരും. മുമ്പു് ഇതിലധികമുണ്ടായിരുന്നിരിക്കാം.

ആറുമണി:—നമ്മുടെ കണക്കനുസരിച്ചുള്ള മദ്ധ്യാഹ്നം ൧൨ മണിയായിരിക്കണം.

൯. യഹൂദന്മാർ ശമര്യരുമായി അല്പവും അടുക്കുക പതിവില്ലായിരുന്നു. ചില പ്രത്യേക സാധനങ്ങൾ മാത്രം അവരിൽ നിന്നു വാങ്ങാമായിരുന്നു. അവരോടൊന്നിച്ചു ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യുക പതിവില്ല. ശമര്യൻെറ ആഹാരം പന്നിമാംസത്തിന്നു തുല്യമെന്നാണു് റബ്ബിമാരുടെ വിധി. ശമര്യരും യഹൂദന്മാരും തമ്മിലുള്ള ശത്രുത്വംനിമിത്തം ആ വഴിയേ കടന്നു പോകുന്ന യഹൂദനെ ശമര്യർ അടിച്ചു മുറിപ്പെടുത്തുക പതിവാണു്. ഈ നടപടികൾക്കു താൻ അനുകൂലി അല്ലെന്നാണു് യേശു ഇവിടെ കാണിക്കുന്നതു്. യേശു ആ ശമര്യസ്ത്രീക്കു് ഉപദേശം കൊടുക്കേണ്ടു ഈ നല്ല സമയത്തെ നഷ്ടപ്പെടുത്തിക്കളയാതെ വളരെ സഹതാപത്തോടും തെളിവായും അവൾക്കു് ഉപദേശം കൊടുക്കുന്നു. ഈ സംഭാഷണത്തിൻെറ പ്രധാന വിഷയങ്ങൾ (൧) ദൈവം (൧, ൮, ൧൩;). (൨) സത്യനമസ്കാരം (൨൧—൨൪). ദൈവത്തിൻെറ ദാനമെന്നുള്ളതു നിത്യജീവനാണു്.

൧൦. അവിടെ തനിക്കു കിട്ടിയ ഒരു സാമാന്യ ദൃഷ്ടാന്തത്തെ വച്ചുകൊണ്ടാണു് യേശു അവളോടു സംസാരിക്കുന്നതു്. ദൈവത്തിൻെറ ദാനത്തെ ജീവവെള്ളം

എന്നു വിവരിക്കുന്നു. ആ ജീവജലം കൊടുക്കാൻ കഴിവുള്ളവൻ താനാണെന്നും അവളോടു പറയുന്നു.

വാ. ൧൩–൧൪. ഇവിടെ യേശു കാൎയ്യം വിവരമായി അവളെ ഗ്രഹിപ്പിക്കുന്നുണ്ടു്. ഈ ഉത്തമദാനം നിമിത്തം മനുഷ്യൎക്കു് പൂൎണ്ണതൃപ്തി ലഭിക്കുമെന്നു തെളിയിച്ചുകൊടുക്കുന്നു. ഭൌമികവസ്തുവായ കൃപജലംകൊണ്ടു് ഒരുവന്റെ ആൎത്തി ശമിക്കുന്നില്ലെന്നും, ദിവ്യവസ്തുവായ ജീവജലം ആരേയും ഏതു കാലത്തും തൃപ്തിപ്പെടുത്തുന്ന ഒരു ദിവ്യാനുഗ്രഹമാണെന്നും തെളിയിക്കുന്നു.

വാ: ൧൫. ആ സ്ത്രീ ദിവ്യസത്തിനെക്കുറിച്ചു ചിന്തിക്കാതെ, ഭൌതികകാൎയ്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിനെ പ്രത്യേകം ഗൌനിക്കുക.

പാഠങ്ങൾ:—യേശു ക്ഷീണിച്ചു (വാ. ൬). ദൈവപുത്രനെക്കുറിച്ചുള്ള ഈ സുവിശേഷത്തിൽ പൂൎണ്ണ മാനുഷതത്തിന്റെ അടയാളങ്ങൾ തെളിവായി കാണിച്ചിട്ടുണ്ടു്. കൎത്താവിന്റെ പീഡാനുഭവത്തെക്കുറിച്ചു വിവരിച്ചിരിക്കുന്ന ഭാഗത്തിൽ "എനിക്കു ദാഹിക്കുന്നു" എന്ന വാക്കുകൾ യോഹന്നാൻ മാത്രമേ എടുത്തുപറഞ്ഞിട്ടുള്ളു. ഇപ്രകാരം ക്ഷീണിച്ചവൻ തന്റെ കുഞ്ഞുങ്ങളുടെ ക്ഷീണകാലങ്ങളിൽ അവൎക്കുവേണ്ടി കരുതുകയും വിചാരപ്പെടുകയും ചെയ്യുന്നു.

—(൦)—

൧൩. ൪. ൧൬—൨൬. ശമൎയ്യസ്ത്രീക്കു ജ്ഞാനം ലഭിക്കുന്നതു്.

വാ. ൧൬. ദിവ്യകാൎയ്യങ്ങളെക്കുറിച്ചു് അവളെ ഗ്രഹിപ്പിക്കാൻ ഒരുമ്പെട്ട യേശു ഒന്നാമതായി അവളുടെ

സാക്ഷാൽ അവസ്ഥയെ അവളുടെ മുമ്പിൽ എടുത്തു കാണിച്ചിട്ടു്, തൻെറ പരേംഗിതജ്ഞാനത്തെ വെളിപ്പെടുത്തുന്നുണ്ടു്. ഇങ്ങിനെയാണു് അവൾക്കു ലഭിച്ച ഉപദേശത്തിൻെറ മാഹാത്മ്യം അവൾ മനസ്സിലാക്കിത്തുടങ്ങിയതു്. മനുഷ്യൻെറ അഗാധമായ അഭിവാഞ്ഛകൾക്കു് ക്രിസ്തുവിൽ മാത്രമേ പൂർണ്ണമായ സംതൃപ്തി ലഭിക്കുന്നുള്ളൂ.

വാ. ൨൦. ഇവിടെ സ്ത്രീ മതകാര്യങ്ങളെക്കുറിച്ചു വളരെ ചിന്തയുള്ളവളായി കാണപ്പെടുന്നുണ്ടു്. നമസ്കരിക്കേണ്ടതെവിടെ എന്നാണു് അവളുടെ ചോദ്യം. ഈ ഭക്തനോടു ചോദിച്ചാൽ ശരിയായ സഹായം ലഭിക്കുമെന്നു വിചാരിച്ചു് അവൾ ഈ ചോദ്യം ചെയ്യുന്നു. എന്നുമാത്രമല്ല, തനിക്കു പിടിക്കാത്ത ഒരു വിഷയത്തെ പെട്ടെന്നു മാററണമെന്നാഗ്രഹിച്ചുമായിരിക്കാം അവൾ ഈ തക്കസംഗതി സംഭാഷണവിഷയമാക്കുന്നതു്.

ഈ മലയിൽ:—പ്രസ്തുത കിണറു് മലയുടെ അടിവാരത്തായിരുന്നു. അതിനാലാണു മല ചൂണ്ടിക്കാണിച്ചു ചോദിക്കുന്നതു്. ഗെർസീം എന്നാണു മലയുടെ പേർ. ശമര്യർ എല്ലാക്കാലത്തും ഇവിടെയാണു് ആരാധന നടത്തിക്കൊണ്ടിരുന്നതു്. നമസ്കരിക്കേണ്ടതെവിടെയെന്നുള്ളതിനെക്കുറിച്ചു് യഹൂദരും ശമര്യരും തമ്മിൽ വലിയ വാദം ഉണ്ടായിട്ടുണ്ടു്. ആവ: ൧൯. ൧൧ നോക്കുക.

വാ. ൨൧—൨൪. സത്യനമസ്കാരമിന്നതെന്നു യേശു കാണിക്കുന്നു. സത്യനമസ്കാരമെന്നുള്ളതു പാരമ്പര്യം, രാഷ്ട്രം, കുലം, ജാതി, സ്ഥലകാലങ്ങൾ എന്നിവയെ സംബന്ധിക്കുന്നതല്ലെന്നും, ആത്മാവായ ദൈവത്തെ സത്യ

ത്തിലും ആത്മാവിലും ആരാധിക്കുന്നതാണെന്നും യേശു തെളിയിക്കുന്നു. മനുഷ്യർ ഇതിനെ ശരിയായി ഗ്രഹിച്ചു തുടങ്ങുമ്പോൾ ഭിന്നതകൾ നീങ്ങി ഒരുമനപ്പെട്ടു സത്യനമസ്കാരികളായിത്തീരും എന്നും കാണിക്കുന്നുണ്ടു്.

വാ. ൧൬. പിതാവിനെ:—ദൈവം നമ്മോടു സംബന്ധപ്പെട്ടവനെന്നും, മനുഷ്യർ തമ്മിൽത്തമ്മിൽ സഹോദരങ്ങളാണെന്നും ഈ വചനംകൊണ്ടു വെളിപ്പെടുന്നുണ്ടു്. ദൈവത്തിൻെറ പിതൃത്വം ക്രിസ്തുവിൻെറ വാക്കുകളിൽ വളരെ വ്യക്തമായി വിളങ്ങുന്നു.

വാ. ൨൨. യഹൂദന്മാരായ ഞങ്ങൾ ആരാധിക്കുന്ന ദൈവത്തിൻെറ ലക്ഷണം, സ്വഭാവം ഇവയെ ഞങ്ങൾ അറിയുന്നുണ്ടു്; നിങ്ങളോ അതറിയുന്നില്ല. ആദ്ധ്യാത്മികമായ ഞങ്ങളുടെ മതതത്വങ്ങളെക്കുറിച്ചു്, ഞങ്ങളെ ഗ്രഹിപ്പിക്കാൻ പ്രവാചകന്മാരും സങ്കീർത്തനക്കാരും ഞങ്ങൾക്കുണ്ടു്. നിങ്ങൾക്കോ അങ്ങിനെയൊന്നുമില്ല. നിങ്ങൾ കേവലം മോശയുടെ നിയമചടങ്ങുകളെ മാത്രം അംഗീകരിച്ചു നടക്കുന്നവരാണു്; എന്നിങ്ങനെ യഹൂദന്മാരുടെ മാഹാത്മ്യത്തേയും ശമര്യരുടെ ആ വക നികൃഷ്ടതകളേയും ഇവിടെ എടുത്തുകാണിക്കുന്നു.

രക്ഷ യഹൂദന്മാരിൽനിന്നല്ലോ വരുന്നതു്:—അബ്രഹാം (ഉല്പ: ൧൨. ൧. ദാവീദ് (൨. ശമു. ൭. ൧൧; ൧൬. ൧൬;) (സങ്കീ: ൮൯. ൩, ൪; ൧൩൨. ൧൧) എന്നിവയിൽ കാണുന്ന വാഗ്ദത്തങ്ങളേയും യെരുശലേമിൽ തുടങ്ങി (ലൂക്കോ: ൨൪. ൪൭;) സുവിശേഷം എല്ലാ ജാതികളോടും പ്രസംഗിക്കപ്പെടേണ്ടതാണു് എന്നുള്ള ചരിത്രസംഭവങ്ങളേയുമാണു് ഇതു വെളിപ്പെടുത്തുന്നതു്.

വാ. ൨൩. സത്യത്തിലും ആത്മാവിലും:—യഥാൎത്ഥ മനസ്സോടുകൂടെ (ഹൃദയപൂൎവ്വം) എന്ന് ഈ പദത്തിന് അൎത്ഥം. ഈ പദങ്ങൾ രണ്ടു ഗുണങ്ങളെയല്ലാ, ഒരു ഗുണത്തെയാണു കുറിക്കുന്നതു്. രക്ഷ'-പ്രവാചകന്മാർ ബാഹ്യാരാധനയെക്കാൾ ആന്തരികമായ ആരാധനയ്ക്കാണു പ്രാധാന്യം കല്പിച്ചതു്. "മലയിൽ" എന്നതു ബാഹ്യമായ സംഗതികളെ അടിസ്ഥാനമാക്കിയാണു ചോദിച്ചതു്. എന്നാൽ രക്ഷയെന്നുള്ളതു് ആന്തരികമായുള്ളതും യേശുക്രിസ്തുവിലുള്ളതുമത്രെ.

വാ. ൨൪. ദൈവം ആത്മാവാകുന്നു:—പുതിയ നിയമത്തിൽ ആത്മാവെന്നുള്ള പദത്തിന് ദേഹിയുടെ അത്യുന്നതങ്ങളും ദൈവസാദൃശ്യയുക്തങ്ങളുമായ വിശേഷലക്ഷണങ്ങൾ എന്നാണ് അൎത്ഥം. അറിവ്, ബോധം, ജ്ഞാനം, വിവേകം, മനശ്ശക്തി, സ്നേഹം, വിശുദ്ധി എന്നീ ഗുണങ്ങളുടെ തികവാണ് ദൈവമെന്നും അതിനാൽ ദൈവത്തെ ആരാധിക്കുന്ന മനുഷ്യർ തന്റെ സ്വന്ത സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നവരാകകൊണ്ടു് ഈ വക ഹൃദയാകാംക്ഷകളോടും യോഗ്യതകളോടുംകൂടി അവനെ ആരാധിക്കേണ്ടതാണെന്നുമാണ് യേശു നിഷ്കൎഷിക്കുന്നതു്.

൨൫. ഈദൃശങ്ങളായ സത്യങ്ങൾ മശിഹാ വരുമ്പോൾ അവൻ മനുഷ്യരുടെ ബലഹീനമനസ്സുകളെ അറിയുന്നവനാകകൊണ്ടു് അവൎക്കു വെളിപ്പെടുത്തിക്കൊടുക്കും എന്നൂഹിച്ചിട്ടാണ് ഇങ്ങിനെ പറയുന്നതു്.

൨൬. ശമൎയ്യക്കു മശിഹായെക്കുറിച്ചുള്ള ബോധം രാഷ്ട്രീയമായതല്ലാതിരുന്നതിനാൽ യേശു താൻ മശി

ഹായാണെന്ന് ആ സ്ത്രീക്ക് ഇവിടെ തന്നെത്തന്നെ വെളിപ്പെടുത്തുന്നു.

പാഠങ്ങൾ:—ദിവ്യസത്യങ്ങൾ വിദ്വാന്മാൎക്കും ജ്ഞാനികൾക്കും അല്ല, ബലഹീനൎക്കും ശിശുക്കൾക്കുമാണു കിട്ടുന്നതെന്ന് യേശു ഇവിടെ വെളിപ്പെടുത്തുന്നു. ഈ സ്ത്രീയുടെ അന്തരംഗത്തിൽ ഉണ്ടായിരുന്ന ആഴമേറിയ അഭിവാഞ്ഛകളേയും ആത്മദാഹത്തേയും കണ്ടുപിടിക്കുന്നതിന്ന് കൎത്താവിന്നു പ്രാപ്തിയുണ്ടായിരുന്നു. ഈ ദാഹം തീൎക്കുന്നതിന്നു വളരെ പ്രയാസമുണ്ടായിരുന്നു. ആത്മദാഹമുള്ള ആത്മാക്കളുടെ ആവശ്യങ്ങൾക്കു ശമനം വരുത്തുന്നതിന്നു നാം എന്തു ചെയ്യുന്നു.

—(o)—

൧൪. ശമൎയ്യരുടെ വിശ്വാസം.

൪. ൩൫—൪൨; "തല പൊക്കി നോക്കുക, കാണും."

(സംഭാഷണത്തിന്റെ ഫലങ്ങൾ.)

യേശു ഒരു സ്ത്രീയോടു സംസാരിക്കുന്നതു കണ്ടിട്ട് ശിഷ്യന്മാൎക്ക് അത്ഭുതം തോന്നി. എന്നാൽ യേശുവുമായുള്ള സംഭാഷണം കൊണ്ടു് ആ സ്ത്രീയിൽ പുതിയ ആശയങ്ങളും ഉദ്ദേശങ്ങളുമുളവാകയും യേശു സാമൎത്ഥ്യമുള്ള ഒരു ഗുരുവാണെന്ന് അവൾ വിശ്വസിക്കുകയും ചെയ്തു. ചുരുങ്ങിയ ഒരു സമയംകൊണ്ടു് തൻെറ വേലയ്ക്കു

എത്ര വലിയ ഫലമുണ്ടായി എന്നു യേശു ശിഷ്യന്മാൎക്കു കാണിച്ചുകൊടുക്കുന്നു. ശമൎയ്യരിൽ അനേകംപേർ ഇതുകൊണ്ടു് അവനെ വിശ്വസിക്കാനിടയായി. യേശുവിന്റെ സമകാലീനന്മാരായ യഹൂദറബ്ബിമാർ സ്ത്രീജാതിയെ വളരെ നികൃഷ്ടമായിട്ടാണു കരുതിയിരുന്നതു്. ഒരു സ്ത്രീക്കു മതോപദേശം കൊടുക്കയെന്നുള്ളതു് അവരുടെയിടയിൽ നടപ്പില്ലാത്തതായിരുന്നു. ഒരു സ്ത്രീയുമായി പരസ്പരസംഭാഷണം ചെയ്കയെന്നുള്ളതോ പരിഹാസമായിരുന്നു. എന്നാൽ സ്ത്രീയെക്കുറിച്ചുള്ള യേശുവിൻെറ മതിപ്പോ ഇതിൽനിന്നൊക്കെ ഭിന്നവും ഇന്നത്തെ പരിഷ്കൃതലോകത്തിനു് ആദൎശവുമാണെന്നു പറയേണ്ടതില്ല.

൨൮, ൨൯. ആ സ്ത്രീ ഗ്രാമത്തിൽ തിരിച്ചുചെന്നു് നടന്ന സംഭവത്തെ അറിയിക്കുന്നു. അവൾ തന്റെ കുടം കിണററരികിൽ വച്ചുംവെച്ചു പോയതുകൊണ്ടു് തിരിച്ചുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടി പോയതായി ഊഹിക്കേണ്ടിയിരിക്കുന്നു. യേശുവിനെ മശിഹായാണെന്നു സാധിപ്പാൻ അവൾക്കു കഴിഞ്ഞില്ലെങ്കിലും അവൻ മശിഹാ ആയിരിക്കും എന്നുള്ളിടത്തോളം അവൾക്കു സാധിക്കുന്നു.

൩൨. നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ടു്:—ദൈവേഷ്ടം ചെയ്തു് അവനെ അനുസരിക്കുന്നവൎക്കു ജഡികമായ വിശപ്പു് സാരമില്ലെന്നും ആത്മികമായ തൃപ്തി അവൎക്കു ലഭിക്കുന്നുണ്ടെന്നും ആണു്.

൩൪. എന്നെ, എൻെറ; ഇതു യേശുവിന്റെ ശരീരത്തേയല്ല ആത്മാവിനെയാണു കുറിക്കുന്നതു്.

എൻെറ ആഹാരം:—ഒരു പാപിയെ രക്ഷിക്കുന്നതിലുള്ള തൻെറ സന്തോഷം തന്നെയാണു് തനിക്കു് ആഹാരമെന്നും ശാരീരികമായ വിശപ്പു്, ക്ഷീണം മുതലായവ തന്മൂലം നശിച്ചുപോകുന്നുവെന്നുമാണു് ഇതിന്റെ താല്പര്യം.

വാ. ൩൫. നാലു മാസം:—കൊയ്ത്തു് ഏപ്രിൽ മാസത്തിലാണു് ആ പ്രദേശങ്ങളിൽ തുടങ്ങുക പതിവു്. അതിനാൽ ഈ സംസാരിക്കുന്ന സമയം ഏ. ഡി. ൨൭. ഡിസംബർമാസത്തിലായിരിക്കണം. യരുശലേമിലും യഹൂദിയായിലുമുള്ള യേശുവിന്റെ ശുശ്രൂഷ എട്ടു മാസത്തോളം നീണ്ടുനിന്നേക്കാൻ തരമുണ്ടു്. (൨. ൧൩—൪. ൩).

തല പൊക്കി നോക്കിയാൽ:—ഈ സമയത്തു് ശമര്യക്കാർ നിലങ്ങളിൽക്കൂടി കൂട്ടമായി നടന്നുവരുന്നതു യേശു കണ്ടിരിക്കാം.

ഇപ്പോഠംതന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നു:—കൂട്ടംകൂട്ടമായി വരുന്നതു് താൻ കണ്ട ആ ശമര്യരെയാണു് ഈ കൊയ്ത്തിനു വെളുത്തിരിക്കുന്ന നിലങ്ങളായി യേശു സൂചിപ്പിക്കുന്നതു്.

വാ. ൩൭—൩൮. ശമര്യസ്ത്രീയെ മനസ്സു തിരിക്കുന്നതിൽ ക്രിസ്തു വിത്തിടുന്നതു തനിയേയാണു്. എന്നാൽ ശമര്യരുടെ മാനസാന്തരം എന്ന കൊയ്ത്തിൽ അപ്പോസ്തലന്മാക്കുംകൂടി പങ്കുള്ളതാണു്. (അപ്പോ: പ്ര. ൮—൨൦ അദ്ധ്യായം). ഇതു ലോകത്തിലുണ്ടാകാനിരുന്ന ഭാവി മാനസാന്തരത്തിൻെറ ഒരു മാതൃകയാണു്.

കൂലി:—ആത്മാക്കളെ ആദായപ്പെടുത്തുന്നതിലുള്ള നിസ്സ്വാത്ഥപരമായ സന്തോഷം.

വാ. ൩൮. പിൽക്കാലത്തു ശിഷ്യന്മാർ പലരേയും ജ്ഞാനസ്നാനപ്പെടുത്തി. യോഹന്നാൻസ്നാപകന്റെ ശുശ്രൂഷകൊണ്ടും തന്റെ പ്രസംഗങ്ങൾനിമിത്തവും തന്റെ ശിഷ്യന്മാർ അദ്ധ്വാനിച്ചിട്ടില്ലാത്തതു് കൊയ്യാൻ അവക്കിടയാകുമെന്നും, ശമര്യസ്ത്രീയോടുള്ള സംഭാഷണത്താൽ പലരും തന്നിൽ വിശ്വസിക്കുമെന്നും താല്പയ്യം.

പാഠങ്ങൾ:—ആഹാരം എന്നതു് ഒരു മനുഷ്യനെ പോഷിപ്പിക്കുകയും, അവനു വളച്ച്യുണ്ടാക്കുകയും, അവന്റെ ദിനംപ്രതിയുള്ള ജോലിയിൽ അവനെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതു യാതൊന്നോ അതാണു്. കത്താവായ യേശുവിന്റെ ശക്തിക്കും പോഷണത്തിനും നിദാനമായിരുന്നതു് തന്റെ പിതാവിന്റെ ഇഷ്ടം (വാ. ൩൪.), പിതാവിന്റെ വചനം (മത്താ: ൪: ൪.) (യോബ് ൨൩: ൧൨.) ഇവയായിരുന്നു. ഈ പാഠം നാം എത്രകണ്ടു പഠിക്കുന്നു? യഹോവയ്ക്കായി കാത്തിരിക്കുന്നവർ തങ്ങളുടെ ശക്തിയെ പുതുക്കും. (യശ: ൪൦: ൩൧.)

നാം സാധാരണയായി നമ്മുടെ സ്വന്ത ആവശ്യങ്ങളെക്കുറിച്ചു മാത്രമേ വിചാരിക്കാറുള്ളു. നമ്മുടെ സ്വന്ത സമുദായം, ഇടവക എന്നിവയുടെ പരിധിക്കപ്പുറമായി നമ്മുടെ ശ്രദ്ധ പതിയുന്നില്ല. ലോകത്തിന്റെ വിസ്തൃതമായ ആവശ്യങ്ങളെക്കുറിച്ചു നാം ആലോചിക്കുന്നുണ്ടോ? ഇൻഡ്യയുടെ രക്ഷയ്ക്കു വേണ്ടി ഇക്കാലത്തു് നാം എന്തു മാത്രം പ്രാത്ഥിക്കയും പ്രവത്തിക്കയും ചെയ്യേണ്ടതായിരിക്കുന്നു! നല്ല നല്ല അവസരങ്ങൾ അതിശീഘ്രത്തിൽ കടന്നുപോകുന്നു എന്നു് ഓക്കുക.

——(୦)——

൧൫. ർ. ൩൯—൪൨. രണ്ടു വിസ്മയനീങ്ങളായ ദിവസങ്ങൾ.

വാ. ൪൨. സാക്ഷാൽ ലോകരക്ഷിതാവു്:—ഇതു് ക്രിസ്തീയഅനുഭവത്തിൽനിന്നും ലഭിക്കേണ്ട ഒരു സാക്ഷ്യമാണു്. ഈ പാഠം ഇവിടേയും, ൧. യോഹ: ർ. ൧ർ-ലും മാത്രമേ കാണുന്നുള്ളൂ. സർവ്വജനങ്ങൾക്കും യോജിക്കുന്ന ഒരു ദൈവാരാധനയെക്കുറിച്ചു് യേശു സംസാരിച്ചതുകൊണ്ടു് അവന്നു് ഈ പേർ കിട്ടി. ശമര്യർ തന്നെ ഈ പേർ യേശുവിന്നു കൊടുത്തതാണെങ്കിൽ അവരുടെ ഔചിത്യബുദ്ധിയെക്കുറിച്ചു് അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. അഥവാ ഗ്രന്ഥകർത്താവു് സന്ദർഭോചിതമെന്നു കണ്ടു് ഈ പേർ പിന്നീടു ചേർത്തതായും വരാം.

താൻ മശിഹായാകുന്നു എന്നുള്ള കർത്താവിന്റെ അവകാശന്യായങ്ങളെ യെരുശലേമിലുള്ളവർ വകവെച്ചിരുന്നില്ല എന്നായിരിക്കാം ഇതിന്റെ അർത്ഥം.

ആദിശിഷ്യന്മാരെപ്പോലെ ഈ സ്ത്രീയും, അവൾ കണ്ടുപിടിച്ചതിനെ മററുള്ളവരെ അറിയിക്കുവാനായിപ്പോകുന്നു. വന്നുകാണുക എന്നുതന്നെയാണു് അവളും പറയുന്നതു്. അവൾ ഒരു സുവിശേഷപ്രവർത്തകിയായിത്തീന്നു്, സാക്ഷ്യം പറവാൻ തുടങ്ങിയിരിക്കുന്നു.

ഗലീലയിലെ കർത്താവിന്റെ പരസ്യശുശ്രൂഷയെക്കുറിച്ചു് മററുള്ള മൂന്നു സുവിശേഷങ്ങളിലും കാണുന്ന സംഗതികളോടു്, ഈ സുവിശേഷം ഒത്തുവരുന്നതു് ഈ ഘട്ടത്തിലാണു്. (മത്താ: ർ: ൧൨; മക്കോ: ൧: ൧ർ; ലൂ: ർ: ൩൧; ഈ വാക്യങ്ങൾ നോക്കുക).

വാ. ൪൮. യെരുശലേമിൽ വെച്ചു് കൎത്താവിനെ യോഗ്യമാംവണ്ണം സ്വീകരിച്ചില്ല.

പാഠങ്ങൾ:—രണ്ടു ദിവസത്തേയ്ക്കു് തന്റെ അടുക്കൽ വന്നുകൂടിയ ജനങ്ങൾക്കു് ക്രിസ്തു ശുശ്രൂഷ ചെയ്തു കൊണ്ടിരുന്നു. ആ കൂട്ടത്തിൽ ഭൎത്താവല്ലാതിരുന്ന ആ പുരുഷനോടും, കൎത്താവു് ഇടപെട്ടുകാണുമായിരിക്കും. വിശ്വാസത്തിന്റെ രണ്ടു പടികൾ സൂക്ഷിക്കുക. (൧) മറ്റൊരുവന്റെ തെളിവു്. (൨) തങ്ങളുടെ സ്വന്ത മനോബോധം.

—(൦)—

൧൬. ൪. ൪൬—൫൪. ഗലീലയിലെ ശുശ്രൂഷ.

ഇവിടെ വിവരിച്ചിരിക്കുന്ന ഈ ഒററ ഒരു സംഭവം കൊണ്ടു് ആ ശുശ്രൂഷയെ മുഴുവനും ചുരുക്കമായി വൎണ്ണിക്കുന്നു. അതിനു ജനങ്ങളുടെ മേൽ ഉണ്ടായിരുന്ന കൎത്തവ്യമെത്രമാത്രമെന്നും കാണിക്കുന്നു. യഹൂദ്യാവാസികളെപ്പോലെയല്ല, അധികം സന്തോഷത്തോടുകൂടെയാണു് ഗലീലക്കാർ യേശുവിനെ സ്വീകരിച്ചതു്. രാജഭൃത്യന്റെ മകനെ സുഖമാക്കിയ ഈ സംഭവം യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ എഴുതപ്പെട്ടിട്ടുള്ളു. മത്താ: ൮. ൫, ലൂക്കോ: ൭. ൨; എന്നീ ഭാഗങ്ങളിൽ പ്രസ്താവിച്ചിരിക്കുന്ന ശതാധിപന്റെ വേലക്കാരനെ സുഖപ്പെടുത്തിയ സംഭവവും ഇതും ഒന്നാണെന്നു തോന്നിപ്പോകും. എന്നാൽ ഇവയ്ക്കു തമ്മിൽ താഴെ പറയുന്ന വ്യത്യാസങ്ങൾ ഉണ്ടു്. (൧) ഈ സംഭവം കാനായിൽ നടന്നു. മറേറതു് കഫൎന്നഹൂമിൽ നടന്നു. (൨) ഇതു് ഗലീലയിൽ മടങ്ങിവന്നയുടനെ; മറേറതു് കുറേക്കാലം കഴിഞ്ഞശേഷം. (൩)

ഇവിടെ രാജഭൃത്യൻ യഹൂദൻ, രോഗി അവന്റെ മകനാണു്; എന്നാൽ ശതാധിപനും അവന്റെ രോഗിയും പുറജാതിക്കാരാണു്. (൪) ഇവിടെ അച്ഛന്റെ വിശ്വാസം ബലഹീനമായും അവിടെ ശതാധിപന്റെ വിശ്വാസം ബലമുള്ളതായും യേശുതന്നെ പറയുന്നുണ്ടു്. (൫) ഇവിടെ അപേക്ഷയ്ക്കു വിപരീതമായും മറേറ സ്ഥാനത്തു് അപേക്ഷയ്ക്കു് അനുകൂലമായും ചെയ്യപ്പെട്ടുന്നുണ്ടു്. ഈ വ്യത്യാസങ്ങളെക്കൊണ്ടു് ഇതു രണ്ടും ഒരു സംഭവത്തെയല്ലാ രണ്ടു സംഭവത്തെത്തന്നെ കുറിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു.

വാ. ൪൪. പിതൃദേശത്തു്:—ഇതിന്നു് സ്വന്തനാട്ടു് എന്നു പറയണം. ഈ പദത്തിന്നു് പല അൎത്ഥം കൊടുക്കാറുണ്ടു്:—(൧) പിതൃദേശം എന്നുള്ളതു് യഹൂദ്യാദേശത്തെ കുറിക്കുന്നു. അവിടെ തനിക്കു ബഹുമാനം ലഭിക്കാത്തതുകൊണ്ടു് അവൻ അവിടം വിട്ടുകളഞ്ഞു. (൨) നസ്രേത്തിനെ കുറിക്കുന്നു. ഇതു് നസ്രേത്തിനു സമീപമാകകൊണ്ടു് യേശു നസ്രേത്തിലും പോയതായി ലൂക്കോ: ൪. ൧൪. കൊണ്ടു തോന്നുന്നതിനാലും ഇങ്ങനെ പറയാൻ പാടില്ല. (൩) അതു ഗലീലദേശത്തെക്കുറിക്കുന്നു. യേശു അവിടംവിട്ടു് യഹൂദിയായ്ക്കു പോയി അവിടെ ബഹുമാനം പ്രാപിച്ചിട്ടു് ആ ബഹുമാനത്തോടുകൂടി സ്വന്തനാട്ടിൽ വന്നു് അവിടെയും ബഹുമാനം പ്രാപിച്ചു. യേശു ആദ്യമേ ഗലീലയിൽ പ്രസംഗശുശ്രൂഷ ആരംഭിച്ചിരുന്നുവെങ്കിൽ ഗലീല്യർ അവനെ അംഗീകരിക്കയില്ലായിരുന്നു എന്നു ചിലർ പറയുന്നു.

വാ. ൪൬. രാജഭൃത്യൻ:—ഇതിന് ഒരു പ്രഭു എന്നു പറഞ്ഞാൽ മതി. ഹേരോദ്‌രാജാവിന്റെ പരിചാരകന്മാരിൽപെട്ട ഒരുത്തൻ.

വാ. ൪൭. യേശു തൻെറ വീട്ടിൽ വന്ന് വല്ല മന്ത്രശക്തിയും പ്രവൎത്തിച്ചു രോഗിയെ സുഖപ്പെടുത്തേണ്ടതുണ്ട് എന്നുവെച്ചാണ് ആ രാജഭൃത്യൻ യേശുവിനെ വീട്ടിലേയ്ക്കു ക്ഷണിച്ചതു്. ദൂരത്തിരുന്നുകൊണ്ടു് അങ്ങിനെയുള്ള കാൎയ്യങ്ങൾ ചെയ്യാൻ യേശുവിനു കഴിയുമെന്ന് അവൻ അറിഞ്ഞിരുന്നില്ല. അതുകൊണ്ടാണ് അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടല്ലാതെ വിശ്വസിക്കയില്ലെന്നു യേശു പറഞ്ഞതു്.

വാ. ൪൯. കൎത്താവു കനാന്യസ്ത്രീയോടെന്നപോലെ അവൻെറ വിശ്വാസത്തെയും പരീക്ഷിക്കയായിരുന്നു. അവൻ യേശുവിനെ വിശ്വസിച്ചതിൻെറ ഫലമായി മകൻ സുഖം പ്രാപിച്ചു. അടയാളങ്ങളും അത്ഭുതങ്ങളും, മത്താ: ൧൨. ൩൯. നോക്കുക.

വാ. ൫൦. അവൻ യേശുവിന്റെ വാക്കുകളെ കേട്ടു വിശ്വസിച്ചു് ആശാബന്ധത്തോടുകൂടി കപ്പൎന്നഹൂമിലേയ്ക്കു മടങ്ങിപ്പോകുന്നു. കപ്പൎന്നഹൂമിലേയ്ക്കുള്ള ദൂരം ൩൦ മൈലാണ്.

വാ. ൫൪. രണ്ടാമത്തെ അടയാളമായിട്ട് സംഹിത സുവിശേഷങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഗലീലയിലെ മററത്ഭുതങ്ങളെല്ലാം ഇതിനു പിന്നീടുള്ളതാണെന്ന് ഇതുകൊണ്ടു ധരിക്കണം.

൪: ൪൬—൫൪. പാഠങ്ങൾ:—വിശ്വാസമെന്നാൽ എന്തു് അൎത്ഥമാണു നാം കല്പിക്കുന്നതു്? സാധാരണയായി നമുക്കു പകുതി വിശ്വാസമേയുള്ളു, പ്രാൎത്ഥനയിലും

ക്രിസ്തുവിൻെറ ശക്തിയിലും നാം വിശ്വസിക്കുന്നുണ്ടെന്നു പറയുന്നു. പക്ഷെ അതിനും നാം അതിരുവെച്ചിട്ടുണ്ടു്. പുറമെയുള്ള കാഴ്ചയ്ക്കു് അസാദ്ധ്യമെന്നു തോന്നുന്നവയെ വിശ്വസിക്കേണമെന്നാണു് ക്രിസ്തു നമ്മോടാവശ്യപ്പെടുന്നതു്. (വാ. ൭൦). ദൈവവേലയ്ക്കു വളരെ പണം ആവശ്യമുണ്ടു്. ഒരു സ്നേഹിതൻ ആത്മകാര്യങ്ങളിൽ തീരെ വിചാരഹീനനായിരിക്കുന്നു. നമ്മിൽ ജയിച്ചടക്കുവാൻ പാടില്ലാത്ത ഏതോ പാപം കുടികൊള്ളുന്നു. ഇവയെക്കുറിച്ചുള്ള നമ്മുടെ നടപടി എന്തു്? വിശ്വസിച്ചു നിൻ്റെ വഴിക്കു പോക എന്നാണു് ക്രിസ്തു പറയുന്നതു്. പ്രമാണി ചെയ്തതുപോലെ നാമും വിശ്വാസത്തിൻ്റെ ഉയന്ന പടികളിലേയ്ക്കു പ്രവേശിക്കേണ്ടതിനായി ക്രിസ്തു നമ്മെ സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുന്നു.

——(o)——

അദ്ധ്യായം ൰.

പീഠിക:—൰: ൧—൧൧: ൫൭-വരെയുള്ള ഭാഗത്തു്. വിശ്വാസത്തിന്റേയും അവിശ്വാസത്തിന്റേയും വർദ്ധനവു് വീണ്ടും നാം നല്ലപോലെ സൂക്ഷിക്കേണ്ടതാണു്. അടയാളങ്ങൾവഴിയായും, പ്രഭാഷണങ്ങൾ വഴിയായും ക്രിസ്തുവിന്റെ ശക്തി ഏറെ തെളിവായി വെളിപ്പെടുന്നതു് ഒരു ഭാഗത്തും, യഹൂദപ്രമാണികളുടെ അന്ധതയും, മുൻവിധിയും, പകയും വർദ്ധിച്ചു വരുന്നതു് വേറൊരു വശത്തും നാം കാണുന്നു.

രണ്ടു കാര്യങ്ങൾ സൂക്ഷിക്കുക. (൧) യെരുശലേമിലെ പ്രധാന ഉത്സവസന്ദർഭങ്ങളിലാണു് പരിവർത്തനഘട്ടങ്ങൾ.

(൨) മൂന്നു അത്ഭുതസംഭവങ്ങളെ അടിസ്ഥാനമാക്കിയാണു്, വാഗ്വാദങ്ങൾ ശക്തിപ്പെട്ടുവരുന്നതു്.

(a) ബെഥസ്ദയിലെ രോഗി സൌഖ്യം പ്രാപിച്ചതു്. (അ. ൫.)

(b) പിറവിക്കുരുടൻ സുഖപ്പെട്ടതു് (അ: ൯).

(c) ലാസറിനെ ഉയിർപ്പിച്ചതു് (അ: ൧൧). ലാസറിനെ ഉയിർപ്പിച്ചതു്, വളരെ സാരഗർഭമായ ഒരു സംഭവമായിരുന്നു. ആ സംഭവം മഹാപുരോഹിതന്മാരെ ഗംഭീരമായി ഇളക്കിമറിക്കയും, തൽഫലമായി തർക്കങ്ങൾ എല്ലാം അവയുടെ പരമകാഷ്ഠയിൽ എത്തിച്ചേരുകയും ചെയ്തു.

ഈ വൈഷമ്യകാലങ്ങളിൽ വിശ്വാസത്തിനൊ, അവിശ്വാസത്തിനൊ, ഏതിനാണ് ജയം സിദ്ധിച്ചുകൊണ്ടിരിക്കുന്നതെന്ന് നാം ആരാഞ്ഞു നോക്കേണ്ടതാണ്. ക്രിസ്തുവിനെ തിരസ്കരിക്കുന്നതിലുള്ള ഉത്തരവാദിത്വം ഇന്നും ഭയങ്കരമായിട്ടുള്ളതാണെന്ന് നാം ഓക്കേണ്ടതാണ്.

—(o)—

ൿ൦. ൫. ൧—ൻ. മൂന്നാമത്തെ അടയാളം.

ഒരു ശബ്ബത്തുദിവസത്തിൽ ബെഥെസ്ദായിലെ കുളത്തിനടുത്തു മുപ്പത്തിഎട്ടു വഷം രോഗിയായി കിടന്ന ഒരു മനുഷ്യനെ യേശു സുഖമാക്കുന്നതു്.

ഈ യെരുശലേംസന്ദശ്നം എ. ഡി. ൨൮-ൽ മാർച്ചുമാസത്തിൽ നടന്നിരിക്കണം. തന്നിമിത്തം ർ: ൫൪-ൽ സൂചിപ്പിച്ചിരിക്കുന്ന ഗലീലയിലെ ശുശ്രൂഷ മൂന്നോ നാലോ മാസങ്ങൾ നിലനിന്നു കാണണം. അവിടെ വെച്ചു പ്രധാനമായി പന്ത്രണ്ടു ശിഷ്യന്മാരെ തിരിഞ്ഞെടുക്കുകയും, പവ്വതപ്രസംഗം നടത്തുകയും മററും ചെയ്തിട്ടുണ്ട്. ഗലീലയിലെ വേലയ്ക്കു വിഘ്നം നേരിടാതെ യെരുശലേം സന്ദശിക്കേണമെന്ന് ആഗ്രഹിച്ചുകൊണ്ട് കത്താവു ശിഷ്യന്മാരെ ഒരു പ്രസംഗയാത്രയായി അയച്ചു. (മക്കോ. ൬: ൭). പിന്നീട് തലസ്ഥാനത്തേയ്ക്കു തനിച്ചോ, യോഹന്നാൻ അപ്പോസ്തലനോടു ചേന്നോ യാത്രയായി. ഏകദേശം ഒരാഴ്ചയോളം അവിടെ താമസിച്ചിട്ട് പെസഹാ പെരുനാളിനു സ്വല്പം മുമ്പായി ഗലീലയിൽ തിരിച്ചെത്തി പന്തിരുവരോടുകൂടി ഒന്നിച്ചു ചേന്നു.

വാ. ൧. ഒരു ഉത്സവം:—പെസഹായ്ക്കു് ഒരു മാസത്തിന്നുമുമ്പ് (മാർച്ചുമാസത്തിൽ) നടക്കുന്നതായ പൂരീം ഉത്സവം തന്നെ. പാർസ്യാരാജ്യത്തു വെച്ച് ഹാമാൻെറ കൂട്ടുകെട്ടിൽനിന്നും വിട്ടുവിക്കപ്പെട്ടതിൻെറ സ്മാരകമായി ഏൎപ്പെടുത്തിയ ഉത്സവം (എസ്തേർ ൯. ൨൦)

വാ. ൨. ബേഥെസ്ദാ:—കരുണയുടെ ഭവനം അല്ലെങ്കിൽ നീരുറവയുടെ ഭവനം. ഇതു് ദൈവാലയത്തിൻെറ തെക്കുകിഴക്കായി "കന്യകയുടെ ഉറവ്" എന്ന പേരായ കുളമായിരിക്കാം. പുരാതനനഗരത്തിന്റെ വടക്കുകിഴക്കായി വിശുദ്ധ അന്നായുടെ ദേവാലയത്തിനടുത്തു് ഭൂഗർഭത്തിൽ അഞ്ചു മണ്ഡപങ്ങൾ ഉള്ള ഒരു കുളം കണ്ടുപിടിച്ചിട്ടുണ്ടു്.

വാ. ൩, ൪. ചില സമയങ്ങളിൽ ഈ കുളത്തിൽനിന്നു പെട്ടെന്നൊരു ചൂടുറവ പുറപ്പെടാറുണ്ടായിരുന്നു. അതു് ഒരു ദൈവദൂതൻെറ പ്രവൃത്തിയാണെന്നു പലരും വിശ്വസിച്ചിരുന്നു.

൪-ാംവാക്യം മൂലഗ്രന്ഥങ്ങളിൽ കാണാത്തതുകൊണ്ടു്, പിന്നീടു ചേൎത്തിട്ടുള്ളതായിരിക്കാം.

വാ. ൬. സൌഖ്യമാകുവാൻ മനസ്സുണ്ടോ?:—രോഗശാന്തിക്കായി കഴിഞ്ഞ കാലങ്ങളിൽ അവൻ ചെയ്തിരുന്ന നിഷ്ഫലമായ മാൎഗ്ഗങ്ങളിൽനിന്നും അവൻെറ ശ്രദ്ധയെ തിരിച്ചു മാററുന്നതിലേയ്ക്കായിരിക്കണം, ലളിതമെന്നു പ്രഥമവീക്ഷണത്തിൽ തോന്നുന്ന ഈ ചോദ്യം കൎത്താവു് അവനോടു ചോദിച്ചതു്.

ഈ വൃത്താന്തത്തിൽ വിശേഷവിധിയായി പറയാനുള്ളതു് എന്തെന്നുവെച്ചാൽ ആ മനുഷ്യൻെറ വിശ്വാസത്തെക്കുറിച്ചു വല്ലതും പറകയോ ഈ അത്ഭുതം ഒരു

അടയാളം എന്ന രീതിയിൽ സൂചിപ്പിക്കയോ ചെയ്തി ട്ടില്ല എന്നുള്ളതാണ്. ഇതു് കേവലം ഒരു കാരുണ്യ പ്രവൃത്തി മാത്രമാണ്.

പാഠങ്ങൾ:—൩൮ വർഷത്തെ ബലഹീനത യേശുവിന്റെ സ്വർശനത്താൽ നീങ്ങിപ്പോയി. രോഗി അവന്റെ സ്വന്ത ഊഹങ്ങളും അഭിപ്രായങ്ങളും എല്ലാം ഉപേക്ഷിച്ചു പൂർണ്ണവിശ്വാസത്തോടെ എന്തും വരട്ടെ എന്നു തുനിഞ്ഞുകൊണ്ടു് കണ്ണുമടച്ചു് യേശുവിന്റെ ശക്തി ക്കു തന്നെത്തന്നെ വിധേയനാക്കിത്തീർക്കുന്നു. ഇപ്രകാരം തന്നെ നാമും കർത്താവിന്റെ അതിശയപ്രവൃത്തികളെ അനുഭവിച്ചറിയണമെങ്കിൽ ഇതേ വിശ്വാസവും അനുസ രണവും പ്രദർശിപ്പിക്കേണ്ടതാണ്. മററുള്ളവരുടെ തെ ററിദ്ധാരണകളെ ലവലേശം വകവെച്ചിട്ടാവശ്യമില്ല.

—(o)—

൧൮. ൫: ൧൦—൧൩. ഇടച്ചയുടെ ആരംഭം.

വാ. ൧൦. വിഹിതമല്ല:—പഴയനിയമത്തിലെ പ്ര മാണങ്ങൾ അനുസരിച്ചു നോക്കിയാലും ആ മനുഷ്യന്റെ പ്രവൃത്തി ന്യായവിരുദ്ധമെന്നു പറയുവാൻ പാടില്ല. യിരെ; ൧൭. ൨൧; നെഹെ; ൧൩: ൧൫, എന്നീ ഭാഗങ്ങ ളിൽ വ്യാപാരസംബന്ധമായും മററുമുള്ള ചുമടുകൾ ചുമ ക്കരുതെന്നു മാത്രമേ വിലക്കിയിട്ടുള്ളു.

വാ. ൧൪. ഇനി പാപം ചെയ്യരുതു്:—മക്കൊ. ൨. ൧—൧൨-ൽ വിവരിച്ചിട്ടുള്ള പക്ഷവാതക്കാരന്റെ സംഗതിയിൽ ചെയ്തതുപോലെ രോഗത്തിന്റെ കാരണം

പാപം ആണെന്നു് യേശു മനസ്സിലാക്കുന്നു. എന്നാൽ സകലവിധ കഷ്ടതയും പാപംമൂലം ഉണ്ടാകുന്നതാണെന്നു്, യേശുവാകട്ടെ, പുതിയ നിയമത്തിലെ ഉപദേശങ്ങളാകട്ടെ, ഖണ്ഡിതമായി പറഞ്ഞുകാണുന്നില്ല.

വാ. ൧൬. യഹൂദന്മാർ അവനെ ഉപദ്രവിച്ചു:— നമ്മുടെ കർത്താവിൻെറ പരസ്യശുശ്രൂഷയുടെ ആരംഭകാലത്തുതന്നെയാണു് ഇതു സംഭവിച്ചതെന്നുള്ള വസ്തുത നാം പ്രത്യേകം ചിന്തിക്കുവാനുള്ളതാകുന്നു. അവൻ മനുഷ്യരാൽ ത്യജിക്കപ്പെട്ടും, നിന്ദിക്കപ്പെട്ടും ഇരുന്നു.

പാഠങ്ങൾ:—(൧) ബലഹീനരും തളൎന്നവരുമായ അനേകർ ഇന്നും ഉണ്ടു്. അവൎക്കു മനസ്സുണ്ടെങ്കിൽ ജീവനുള്ള ക്രിസ്തുവിൽനിന്നു രോഗശാന്തിയും സുഖവും പ്രാപിക്കാവുന്നതാണു്. (൨) കർത്താവിൻെറ മനസ്സലിവു് അവൎണ്ണനീയമായിട്ടുള്ളതാണു്. അവൻ ഇന്നും സ്നേഹവും സഹതാപവും നിറഞ്ഞവനായിരിക്കുന്നു. രോഗവും വേദനയുമുള്ള സ്ഥലം അന്വേഷിച്ചു കർത്താവു പുറപ്പെട്ടു. അവൻെറ സഹതാപവും സ്നേഹവും ഒരിക്കലും നീങ്ങിപ്പോകുന്നില്ല. വിശ്വാസത്തോടുകൂടി നാം അവങ്കലേയ്ക്കു നോക്കണമെന്നു മാത്രമേ അവൻ ആഗ്രഹിക്കുന്നുള്ളു. (൩) നാം അവനെ നിരസിക്കുമ്പോൾ നമ്മുടെ ബുദ്ധിഹീനതയെക്കുറിച്ചും, തന്മൂലം നമുക്കു നേരിടാവുന്ന സങ്കടങ്ങളെക്കുറിച്ചും ഓൎത്തു് അവൻ ദുഃഖിക്കുന്നു. (൪) നമ്മുടെ ഭാരങ്ങളെ ചുമന്നു നീക്കുന്നവനായി നാം കർത്താവിനെ അറിയുന്നുണ്ടോ? (സങ്കീ ൫൫. ൨൨)

——(o)——

൧൯. ൫: ൧൯—൩൦.

പുത്രനും പിതാവുമായുള്ള സംബന്ധം:—ഈ വിശിഷ്ടമായ ഉപദേശമാണ് ഈ ഭാഗത്തിൽ അടങ്ങിയിരിക്കുന്നതു്. ൧൯-ം ൨൦-ം വാക്യങ്ങളിൽ പിതാവിൽ താൻ ആശ്രയിച്ചിരിക്കുന്ന സ്ഥാനത്താണെന്നും, പിതാവിൽനിന്നാണ് തന്റെ ആസ്തിക്യമെന്നും പറഞ്ഞിട്ടുണ്ടെങ്കിലും, പിതാവിന്റെ മുഴുശക്തിയും അധികാരവും താൻ പ്രയോഗിക്കുന്നു എന്നും, തന്നിമിത്തം എല്ലാ മനുഷ്യരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനേയും ബഹുമാനിക്കണമെന്നും പറയുന്നു.

൧൭-ാംവാക്യം ശബ്ബത്തു് ലംഘനം ചെയ്തു എന്ന് യേശുവിനെതിരായി കൊണ്ടുവന്ന കുററത്തിനു തക്കതായ ഒരു മറുപടി തന്നെ.

൧. ഈ വാക്കുകൾ ശബ്ബത്തിനെ ഒരു പുതിയ രൂപത്തിൽ കാണിക്കുന്നു. സൃഷ്ടിപ്പു കഴിഞ്ഞശേഷമുള്ള „വിശ്രമം." ശബ്ബത്തു് എന്നതു് വെറും മന്ദതയല്ല. എന്നാലോ, നന്മ ചെയ്യുന്നതിനായുള്ള ശ്രേഷ്ഠാന്തിയത്രേ. അതിനാൽ മനുഷ്യന്റെ യഥാൎത്ഥശബ്ബത്തു് എന്ന വിശ്രമം മന്ദതയല്ല, പിന്നെയോ, ഉൽകൃഷ്ടതരമായ പ്രവൃത്തികൾ ചെയ്യുന്നതിനായുള്ള അവസരം അത്രേ. ഉദാഹരണമായി ശബ്ബത്തിൽ ദൈവാരാധനയോ, കാരുണ്യപ്രവൃത്തികളോ എന്തെങ്കിലും ചെയ്യാവുന്നതാണ്.

൨. ഈ വാക്കുകൾ കൎത്താവിന്റെ ദൈവികത്വത്തേയും സ്പഷ്ടമാക്കുന്നു. എന്തെന്നാൽ:—(൧) ദൈവം തന്റെ പിതാവത്രേ എന്ന് അവൻ പറയുന്നു. (ബി) അവന്റെ സ്വന്ത വേലയെ ദൈവത്തിന്റെ വേലയോടു ബന്ധിപ്പിക്കുന്നു,

വാ. ൧൮. സ്വന്ത പിതാവ്:—സകല യഹൂദന്മാരും തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ദിവ്യഅവകാശത്തിലുള്ള അവരുടെ ഓഹരി ഹേതുവായി ദൈവപുത്രന്മാർ എന്ന് അവകാശം പറഞ്ഞു. എന്നാൽ യേശുവോ, ഒരു പ്രത്യേക അൎത്ഥത്തിൽ തനിക്കുള്ള പുത്രത്വത്തിൻെറ അവകാശം സ്ഥാപിച്ചു.

ദൈവത്തോടു സമമാക്കി:—ഗ്രേക്കൎക്ക് ഇതൊരു സാധാരണ ഉപചാരസംസാരം മാത്രമായിരുന്നു. യഹൂദന്മാൎക്കോ, ദൈവദൂഷണം അത്രേ.

ഈ ഭാഗത്തു് കൎത്താവു് പിതാവിനു കീഴ്പെട്ടിരിക്കുന്നു എന്നു പറയുന്നു എങ്കിലും പിതാവിൻെറ മുഴുശക്തിയും അധികാരവും താൻ ഉപയോഗിക്കുന്നു എന്നു സ്പഷ്ടമായി പ്രഖ്യാപനം ചെയ്യുന്നു. അതായതു് പാപത്തിൽ മരിച്ചവരെ ജീവിപ്പിക്കുന്നതിനും (വാ. ൨൪). ഒടുക്കത്തേ നാളിൽ മരിച്ചവരെ ഉയിൎപ്പിക്കുന്നതിനും (വാ. ൨൮.) ലോകത്തെ വിധിക്കുന്നതിനും (വാ. ൨൨.) ഉള്ള അധികാരം തനിക്കുണ്ടു്.

വാ. ൨൦. ഇവയിൽ വലിയ പ്രവൃത്തികൾ:—പാപത്തിൽ മരിച്ചിരിക്കുന്നവൎക്കു പുതുജീവൻ കൊടുക്കുക മുതലായവ.

വാ. ൨൧. മരിച്ചവരെ ഉണൎത്തി ജീവിപ്പിക്കുന്നു:—പിതാവു് പുത്രനു കാണിച്ചുകൊടുക്കുന്നതും പുത്രൻ അനുകരിക്കുന്നതും ആയ അനേകം ഉപരിവേലകളിൽ ഒന്നാണ് ആത്മാവിൽ മരിച്ചവരെ ഉയിൎപ്പിക്കുക എന്നതു്. എല്ലാവരേയും അല്ല, താൻ ഇച്ഛിക്കുന്നവൎക്കു മാത്രം പുത്രൻ ജീവൻ നൽകുന്നു. വിശ്വസിക്കാത്തവൎക്ക് ആ ജീവൻ നൽകണമെന്ന് അവൻ ഇച്ഛിക്കുന്നില്ല; ശവക്ക

ല്ലറയിൽനിന്നുള്ള ഉയിൎത്തെഴുന്നീല്പാണു് ഇവിടെ ഉദ്ദേശിച്ചിരുന്നതെങ്കിൽ താൻ ഇച്ഛിക്കുന്നവരെ എന്ന വാക്കുകൾക്കു് യാതൊരൎത്ഥവും കല്പിക്കുവാൻ പാടില്ലാതെ വരും.

വാ. ൨൨. ന്യായവിധി:—പുത്രന്നു് രണ്ടു് അധികാരങ്ങൾ നൽകപ്പെട്ടിരിക്കുന്നതായി കാണുന്നു. അവ ഏതെല്ലാം എന്നുവച്ചാൽ ജീവൻ നൽകുക എന്നതും, ന്യായം വിധിക്കുക എന്നതും തന്നെ. ന്യായവിധി എന്നതിന്നു് ശിക്ഷാവിധി എന്നു് അൎത്ഥം കല്പിക്കേണമെന്നില്ല. എന്നാൽ ൨൪-ാംവാക്യത്തിൽ വിശ്വസിക്കുന്നവർ ന്യായവിധിയിൽ പ്രവേശിക്കുന്നില്ല എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് (റോമ: ൮. ൧.) ന്യായവിധിയുടെ ഫലം ശിക്ഷാവിധിയായിരിക്കുവാനേ തരമുള്ളു. പാപമരണത്തിൽനിന്നും വിശ്വാസജീവങ്കലേയ്ക്കു കടക്കുന്നവരുടെ ആത്മീകപുനരുത്ഥാനത്തെക്കുറിച്ചാണു് ഇതേവരെയുള്ള ഭാഗത്തു സൂചിപ്പിക്കുന്നതു്. ലാസറിനെ ഉയിൎപ്പിക്കുന്നതിലും മററും പ്രദൎശിപ്പിക്കുന്ന ശക്തിയെക്കുറിച്ചും ഇവിടെ അല്പമായി സൂചിപ്പിക്കുന്നുണ്ടെന്നും വിചാരിക്കാം.

വാ. ൨൫. കേൾക്കുന്നവർ ജീവിക്കുന്ന നാഴിക:—ഈ സംഭവം ഇപ്പോൾത്തന്നെ ആരംഭിച്ചിരിക്കുന്നു. എങ്കിലോ തങ്ങൾ കേൾക്കുന്ന കാൎയ്യങ്ങളെ ശ്രദ്ധിക്കുന്നവർ കുറേപ്പേർ മാത്രമേയുള്ളു. അവരിൽ മാത്രമേ വചനത്തിന്റെ കേൾവി മുഖാന്തരമായി ജീവൻ ഉണ്ടാകത്തക്കവണ്ണം സഫലമായി ഭവിക്കുന്നുള്ളു.

വാ: ൨൬. ജീവനുള്ളതുപോലെ:—ദൈവത്തിൽനിന്നുള്ള ജീവൻ ഒഴികെ മററു സകല ജീവനും അന്യരിൽ നിന്നു ലഭിച്ചിട്ടുള്ളവയും രണ്ടാംതരത്തിലുള്ളതുമാ

കുന്നു. തന്നിൽത്തന്നെ ജീവൻ ഉണ്ടായിരിക്കയും അതിനെ മരിച്ചവൎക്കു നൽകുവാൻ പ്രാപ്തി ഉണ്ടായിരിക്കയും ചെയ്യുന്നതു് സൃഷ്ടിപരമായ ശക്തിതന്നെ. അതു് ദൈവശക്തിക്കു സമമായിട്ടുള്ളതുതന്നെ.

വാ. ൨൯. കല്ലറകളിൽ... ..വരുന്നു:—ഈ വാക്കുകൾ ഗ്രന്ഥകൎത്താവിന്റെ ഒരു വ്യാഖ്യാനമായി എടുക്കുകയത്രേ ഏറെ നല്ലതു്. ഇപ്പോൾ നടക്കുന്ന ആത്മീയ പുനരുത്ഥാനം അന്ത്യന്യായവിധിക്കായി ഒടുവിൽ നടക്കുന്ന പുനരുത്ഥാനത്തിന്റെ ആവശ്യകതയെ ഇല്ലാതാക്കുന്നതായി തോന്നിയേക്കാം. എന്നാൽ അങ്ങനെയല്ല, കോതമ്പും കളയും ഒന്നിച്ചു വളൎന്നുവരുന്നു. അവരുടെ സ്വഭാവം ആന്തരികമായിതന്നെ സ്ഥിരപ്പെട്ടു ഉറച്ചിരിക്കയാണു്. കൊയ്ത്തിനുള്ള സമയം അടുത്തുവരുന്നു. അപ്പോൾ ഓരോരുത്തരുടെ സ്വഭാവം വെളിപ്പെടുകയും തക്ക പ്രതിഫലം നൽപ്പെടുകയും ചെയ്യും.

൨൯—൩൦. യേശുവിനു തന്റെ പിതാവിലുള്ള വിസ്മയനീയമായ ആശ്രയം ൨൯-ം, ൩൦-ം വാക്യങ്ങളിൽ സ്പഷ്ടമായികാണുന്നു. അവൻ പിതാവിന്റെ ഇഷ്ടം ചെയ്യാൻതന്നെയാണു വന്നതു്. ആ ഇഷ്ടം എന്തെന്നു് അവൻ അറികയും അതിനെ ചെയ്കയും ചെയ്തു. ദൈവത്തിന്റെ സമ്പൂൎണ്ണമായ നിറവിൽനിന്നും അവൻ സദാ ശാന്തമായി തന്റെ ആവശ്യംപോലെ വാങ്ങിക്കൊണ്ടിരുന്നു. തന്റെ ജീവിതത്തിൽ അനാവശ്യബഹളങ്ങളൊന്നും കാണപ്പെട്ടില്ല. ഇതുപോലെയുള്ള ഒരു ആശ്രയജീവിതത്തിനായിട്ടാണു് ക്രിസ്തു നമ്മെയും ക്ഷണിക്കുന്നതു് (൧൪. ൪.). ദൈവശക്തി നമ്മിൽക്കൂടി നിരന്തരമായി ഒഴുകുമ്പോൾ യാതൊരു വിഷമവും കൂടാതെ നമ്മുടെ കൃത്യ

ങ്ങളെ നിവ്വഹിച്ചുപോരുന്നതിനു നമുക്കു സാധിക്കുന്ന താണു് (൨ കൊരി ൧൨. ൯).

പാഠങ്ങൾ:—(൧) പാപത്തിൽ മരിച്ചിരിക്കുന്നവരുടെ ഹൃദയങ്ങളിലേയ്ക്കു കത്താവിൻെറ ശബ്ദം ചെന്നെത്തുമ്പോൾ അവർ അനുതാപത്തിനു ചേരുന്ന പ്രവൃത്തികൾ ചെയ്തു ന്യായവിധിക്കായി ഒരുങ്ങും. (൨) മനുഷ്യഹൃദയങ്ങൾ നിഗളംകൊണ്ടും അത്യാഗ്രഹംകൊണ്ടും ലോകസ്നേഹംകൊണ്ടും നിറഞ്ഞിരിക്കുമ്പോൾ ദൈവവചനത്തിന് അവരിൽ സ്ഥാനമില്ല. (൩) നോഹയുടെ കാലത്തെപ്പോലെതന്നെ ഇക്കാലത്തും വരുവാനുള്ള ന്യായവിധിയെക്കുറിച്ചു് പലക്കും സംശയമാണു്. എങ്കിലും അന്നു സംഭവിച്ചതുപോലെതന്നെ ന്യായവിധി ഉണ്ടാകതന്നെ ചെയ്യും. ദൈവം നീതിമാനായതുകൊണ്ടു് ന്യായവിധി നിശ്ചയംതന്നെ.

—(o)—

൨൦. ൫. ൩൦—൪൦. സാക്ഷ്യം.

ക്രിസ്തു തന്നെക്കുറിച്ചുതന്നെ സാക്ഷ്യം പറഞ്ഞ ശേഷം മററുള്ള സാക്ഷികളെക്കുറിച്ചും പറയുന്നു. (൧) സ്നാപകന്റെ സാക്ഷ്യം (൩൨—൩൫). (൨). ക്രിസ്തുവിൻെറ പ്രവൃത്തികളുടെ സാക്ഷ്യം (൩൬). (൩) പിതാവിൻെറ സാക്ഷ്യം (൩൭, ൩൮). (൪) തിരുവചനങ്ങളുടെ സാക്ഷ്യം(൩൯—൪൪).(൫) മോശയുടെസാക്ഷ്യം (൪൫—൪൭)

വാ. ൩൨. നിരന്തരമായും സ്ഥായിയായുമുള്ള പിതാവിൻെറ സാക്ഷ്യമാണു് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതെന്നു് വത്തമാനകാലരൂപം ഇവിടെ ഉപയോഗിച്ചിരിക്കു

ന്നതിൽനിന്നും അനുമാനിക്കാം. എങ്കിലും മുന്നോടിയായ യോഹന്നാന്റെ സാക്ഷ്യത്തെക്കുറിച്ചുതന്നെ യഹൂദന്മാർ പൊട്ടുന്നനവെ വിചാരിക്കുമെന്നുള്ളതു് സ്വാഭാവികമാണല്ലൊ. അതുകൊണ്ടത്രെ കർത്താവു് ആ സാക്ഷ്യത്തെ അതിലും ഉപരിയായ സാക്ഷ്യവുമായി ആദ്യമായിട്ടു തുലനംചെയ്യുന്നതു്.

വാ. ൩൨. ഈ കാര്യത്തിൽ നിങ്ങൾക്കു് ഒന്നു വഴങ്ങിത്തരികയാണു്. ഇതൊരു വിട്ടുവീഴ്ചപോലെയാണു്. ഒരു മനുഷ്യൻ വേറൊരു മനുഷ്യനു്, എന്നല്ല, ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു മനുഷ്യനു വേണ്ടിത്തന്നെ ആയാലും നൽകുന്ന സാക്ഷ്യം ശരിയായ രീതിയിലുള്ളതല്ല. യോഹന്നാന്റെ സാക്ഷ്യം മാത്രമേ യോഗ്യമായിട്ടുള്ളതെന്നു പറയാൻ പാട്ടുള്ളു. അതു നിങ്ങൾ അനുസരിച്ചിരുന്നെങ്കിൽ അതു നിങ്ങളെ രക്ഷയിലേയ്ക്കു നയിക്കുമായിരുന്നു.

വാ. ൩൫. യേശു പകലിന്റെ വെളിച്ചവും, യോഹന്നാൻ സൂര്യോദയത്തിനു മുമ്പു് ഉപയോഗപ്പെടുന്ന വിളക്കും ആകുന്നു; എരിഞ്ഞു പ്രകാശിക്കുന്ന ചൂടും വെളിച്ചവും; തീക്ഷ്ണതയും നീതിയും; ക്രിസ്തുവിനെ മുമ്പുകൂട്ടി സൂചിപ്പിക്കുന്നതുമാണു്. കുറെ കാലത്തേയ്ക്കു് യഹൂദന്മാരുടെ പ്രമാണികൾപോലും യോഹന്നാന്റെ പിന്നാലെ പോയി (മത്താ: ൩: ൭). എന്നാൽ അവക്കു് അനുതാപത്തിന്റെയും വിശ്വാസത്തിന്റെയും ഗൌരവമായ ഉദ്ദേശ്യങ്ങളൊന്നും ഇല്ലായിരുന്നു.

വാ: ൩൬: പ്രവൃത്തികൾ:—ഇവിടെ സാക്ഷീകരിക്കുന്ന പ്രവൃത്തികൾ എന്നതു് ക്രിസ്തുവിന്റെ കേവലം അത്ഭുതപ്രവൃത്തികൾ മാത്രമല്ല, പിന്നെയോ വചനംമൂലവും

ജീവിതംമൂലവും നൽകപ്പെടുന്ന പിതാവിൻെറ സമ്പൂർണ്ണമായ വെളിപാടാണ്. രോഗികളെ സുഖമാക്കുന്നതു മാത്രമല്ല, ദരിദ്രൎക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നതുംകൂടെയാണ് രാജ്യത്തിൻെറ അടയാളങ്ങൾ എന്നു പറഞ്ഞിരിക്കുന്നതു്. (മത്താ: ൧൧: ൨—൬).

വാ: ൩൬. പുത്രനെക്കുറിച്ചുള്ള പിതാവിൻെറ സ്ഥായിയായ സാക്ഷ്യം തിരുവെഴുത്തുകളിൽ ഉണ്ടു്. "നിങ്ങൾക്കു ദൈവത്തിൽനിന്നു പ്രത്യേകമായി യാതൊരു വെളിപാടും ലഭിച്ചിട്ടില്ല. എന്നാൽ അതു് അത്ര ആവശ്യവും അല്ല. അവൻെറ വചനം നിങ്ങളിൽ വാസ്തവമായി വസിച്ചിരുന്നുവെങ്കിൽ,അതായതു്, നിങ്ങൾക്കു പഴയ നിയമത്തെക്കുറിച്ചു സജീവമായ ഒരു ജ്ഞാനമുണ്ടായിരുന്നുവെങ്കിൽ, ദൈവത്തിൻെറ സ്വഭാവമെന്താണെന്നു മനസ്സിലാക്കീട്ടു് തന്മൂലം ആ സ്വഭാവം എന്നിൽ നിങ്ങൾ കണ്ടു മനസ്സിലാക്കുകയും ചെയ്യുമായിരുന്നു.

വാ. ൩൯. തിരുവെഴുത്തുകളെക്കുറിച്ചു് യഹൂദപ്രമാണികൾക്കു തീക്ഷ്ണത ഉണ്ടായിരുന്നു എന്നുള്ളതിനെക്കുറിച്ചു യാതൊരു സംശയവും ഉണ്ടായിരുന്നില്ല; എല്ലാ പുസ്തകങ്ങളും അക്ഷരംപ്രതി അറിയാമായിരുന്നു എന്നു മാത്രമല്ല, എല്ലാ ഭാഗങ്ങളുടെയും അൎത്ഥം മനസ്സിലാക്കാൻ അവർ കഴിയുന്നത്ര ശ്രമിക്കയുംചെയ്തു. നമ്മുടെ കൎത്താവിന്റെ കാലത്തുതന്നെ മിദ്രാഷ് (Midrash) എന്നു പറയപ്പെടുന്ന വിപുലമായ വ്യാഖ്യാനങ്ങൾ നടപ്പിൽ വന്നിരുന്നു എന്നും വിചാരിക്കാം. എന്നാൽ ആ ഗ്രന്ഥങ്ങളെ ഉൽബോധിപ്പിച്ച ദൈവാത്മാവിൻെറ വ്യാപാരം വായനക്കാരിൽ ഇല്ലാതിരുന്നതുകൊണ്ടു്, ഈ വ്യാഖ്യാനങ്ങളുടെ പഠനം അവൎക്കു പ്രയോജനശൂന്യമായേ ഭവിച്ചുള്ളു.

ഇതു് വ്യാഖ്യാനങ്ങൾ എഴുതുന്നവക്കും, അവയെ വായിക്കുന്നവക്കും ഒരു കരുതൽ ആയിരിക്കട്ടെ. (൨ കൊരി ൩. ൬).

പാഠങ്ങൾ:—അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായിരുന്നു. (വാ. ൩൫). വിളക്കു പ്രകാശിക്കുന്നതോടുകൂടിത്തന്നെ ക്ഷീണിച്ചുപോകയും ചെയ്യുന്നു. പ്രകാശിപ്പിക്കുന്നതിനുള്ള അതിൻെറ ശക്തി താൽക്കാലികമാണു്. അതു ക്രമേണ അണഞ്ഞുപോകയും ചെയ്യുന്നു. യോഹന്നാൻസ്നാപകനും ഒന്നിനൊന്നു കുറഞ്ഞുവന്നു (൩. ൩൦). സാക്ഷാൽ വെളിച്ചമായ ക്രിസ്തുവിനോടു താരതമ്യപ്പെടുത്തുമ്പോൾ സ്നാപകനു് ഈ പേരു് എത്രയും അനുയോജ്യമാകുന്നു. നാം പുറത്തോട്ടു പ്രകാശം കൊടുത്തുകൊണ്ടിരിക്കണമെങ്കിൽ നാം തന്നെ ജ്വലിച്ചുകൊണ്ടിരിക്കുന്നവരാകണം.

—(൦)—

൨൫. വാ. ൪൧—൪൭. തിരുവെഴുത്തുകൾ

യഹൂദന്മാരെ കുററം ചുമത്തുന്നു.

മുമ്പുള്ള വാക്യങ്ങൾ ക്രിസ്തുവിൻെറ മാഹാത്മ്യത്തേയും അവകാശന്യായങ്ങളേയും കുറിച്ചു കൂടുതലായ ശ്രദ്ധ പതിപ്പിക്കത്തക്കവണ്ണമുള്ള ഭാഗങ്ങളായിരുന്നു. ഇതിൽനിന്നും താൻ തൻെറ സ്വന്തമഹത്വം അന്വേഷിപ്പാൻ ഇച്ഛിക്കുന്നു എന്നുള്ള സ്വാഭാവികമായ ആക്ഷേപത്തിനു് ഇനിയും സമാധാനം കൊടുപ്പാനാണു് താൻ ഭാവിക്കുന്നതു്. യഹൂദന്മാർ അവരെത്തന്നെ നോക്കി

ക്കൊണ്ടു് അവനെ വിധിക്കാതിരിക്കട്ടെ എന്നാണു് അവൻ പറയുന്നതു്.

വാ. ൪൩. ഇവിടെ 'മററൊരുത്തൻ' എന്നു പറഞ്ഞിരിക്കുന്നതു് റോമാക്കാൎക്കു വിരോധമായി നടത്തിയ യഹൂദമത്സരത്തിലെ നായകനായ ബാർകോക്കിബാ (എ. ഡി. ൧൩൨) എന്നവനെ കുറിക്കുന്നതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. എങ്കിലും ഇതു പൊതുവിലുള്ള ഒരു പ്രസ്താവന മാത്രമാണു്. യഹൂദചരിത്രത്തിൽ അനേകം പേർ മശിഹായെന്നുള്ള ഭാവത്തിൽ വന്നിട്ടുണ്ടു്. അവരിൽ മിക്കവൎക്കും ഏറക്കുറെ അനുയായികളും ഉണ്ടായിരുന്നു. പുതിയ നിയമത്തിൽ നാമം എന്നുള്ളതിൽ സ്വഭാവത്തിൻെറ ആശയംകൂടി ഘടിപ്പിച്ചിട്ടുണ്ടു്. കപടവേഷക്കാർ എല്ലാവരും തന്നെ ദൈവത്തിൻെറ നാമത്തിലാണു് മുമ്പോട്ടു വന്നിട്ടുള്ളതു്. എങ്കിലും യേശുവിനല്ലാതെ മററൊരുത്തൎക്കും നാമത്തിനു തക്ക പ്രവൃത്തികൾ കാണിക്കുന്നതിനു പാടില്ലായിരുന്നു.

വാ. ൪൬. ലൂക്കോസ് ൨൪. ൨൭, ൪൪ നോക്കുക. ക്രിസ്തുവും ആദ്യസഭയും കൂടക്കൂടെ പഴയ നിയമത്തെ ആധാരമാക്കി പല സംഗതികളും ചൎച്ചചെയ്തു പതിവായിരുന്നു. മോശെയ്ക്കു നൽകപ്പെട്ട വെളിപാടു് അന്ത്യമായിട്ടുള്ളതും സമ്പൂൎണ്ണവുമാണെന്നു് യഹൂദന്മാർ വിചാരിച്ചുവന്നു. എന്നാൽ അതു് അപ്രകാരമല്ല എന്നു മോശെയ്ക്കു തന്നെയും നല്ലവണ്ണം അറിയാമായിരുന്നു (ആവൎത്ത ൧൮. ൧൫ നോക്കുക). മോശ അവൎക്കു കൊടുത്തിരുന്ന സൂചനകളെ യഹൂദന്മാർ പിൻതുടൎന്നിരുന്നു എങ്കിൽ, അവ തന്നെ കാലക്രമത്തിനു് അവരെ ക്രിസ്തുവിങ്കലേയ്ക്കു നടത്തുന്നതിനു പൎയ്യാപ്തമാകുമായിരുന്നു.

പാഠങ്ങൾ:—(൧) യഹൂദന്മാർ തിരുവെഴുത്തുകളെ ശോധനചെയ്തതു് തങ്ങളുടെ സ്വന്ത മഹത്വത്തിനായി ട്ടായിരുന്നു. നാം അവയെ ശോധന ചെയ്കയും അതിന്റെ ശക്തിയെ നമ്മുടെ സ്വന്ത ജീവിതങ്ങളിൽ അറികയും ചെയ്യുക. (൨) നിങ്ങൾ എന്റെ സാക്ഷികൾ ആയിരിക്കും. (അപ്പോ. പ്ര. ൧. ൮). (൩) ലോകത്തിന്റെ സമ്പ്രീതിയും പുകഴ്ച്ചയും നാം ഒരിക്കലും ആഗ്രഹിക്കരുതു്. ദൈവത്തിൽനിന്നുള്ള ബഹുമാനം മാത്രം കാംക്ഷിക്കുന്നു എങ്കിൽ അതുതന്നെയാണു ദൈവമക്കൾക്കുള്ള യഥാർത്ഥ സ്വാതന്ത്ര്യം.

——(൦)——

അദ്ധ്യായം ൯.

ജീവൻെറ അപ്പം.

൨൨. യേശുവിൻെറ ദിവ്യശക്തി.

സൂചന. ൬. ൧—൧൯.

യേശു ഗലീലയിൽ തൻെറ ശക്തിയെ വെളിപ്പെടുത്തുന്നതു്:—യേശുവിൻെറ ശുശ്രൂഷാജീവിതത്തിൽ ഏററവും പ്രധാനപ്പെട്ട ഒരു സംഭവത്തേയാണ് ഈ അദ്ധ്യായം വിവരിക്കുന്നതു്. പരിശന്മാരും, യഹൂദപ്രമാണികളും യേശുവിനോടു് വൈരം പ്രദർശിപ്പിക്കുന്നതും, ഗലീല്യരും പൊതുജനങ്ങളും അവനെ സ്നേഹിച്ചു് അവനോടു ചേർന്നുകൊള്ളുന്നതും ഇതുവരേയുള്ള വൃത്താന്തങ്ങളിൽനിന്നും നാം പഠിച്ചു. തൻെറ മേൽ പൊതുജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസവും സ്നേഹവും യഥാൎത്ഥമല്ലായിരുന്നുവെന്നും ലൌകികവിഷയങ്ങളോടു സംബന്ധിക്കപ്പെട്ടിരുന്നുവെന്നും അടുത്ത സംഭവത്തിൽനിന്നും കാണാവുന്നതാണ്. ഇവിടെ രണ്ടു കാൎയ്യങ്ങൾ വിശേഷാൽ വെളിപ്പെടുന്നുണ്ടു്. (൧) സൎവ്വവസ്തുക്കളിന്മേലും തനിക്കുള്ള അതിരററ ശക്തി. അതു് ഈ അത്ഭുതംകൊണ്ടും താൻ കടലിൽ നടന്നതുകൊണ്ടും വെളിപ്പെടുന്നു (൨) തൻെറ മനശ്ശക്തി. ജനങ്ങൾക്കു തന്നെക്കുറിച്ചുള്ള ഭക്തി യഥാൎത്ഥമല്ലെന്ന് താൻ കണ്ടപ്പോൾ തൻെറ ആദ്ധ്യാത്മികപ്രബോധനങ്ങളെ കുറേക്കൂടി ലളിതമാക്കുന്നുണ്ടു്. ലൌകികകാൎയ്യങ്ങളോടു യോജിക്കാതെ പിൻവാങ്ങിക്കളയുന്നവരെ ശാസിക്കുന്നുണ്ടു്. ഗ്രന്ഥകൎത്താവു്

ഈ ഒരു സംഭവത്തെയാണ് ഗലീലയിലെ ശുശ്രൂഷയിൽ പ്രാധാന്യപ്പെടുത്തിക്കാണിക്കുന്നതു്. ഇതരസുവിശേഷങ്ങളിലും ഈ സംഭവത്തെ രേഖപ്പെടുത്തിയിട്ടുണ്ടു്. മത്താ: ൧൪, ൧൩—൨൧; മക്കോ: ൬, ൩൦—൪൪; ലൂക്കോ: ൯, ൧൦—൧൭. എന്നീ ഭാഗങ്ങൾ നോക്കുക. യോഹന്നാൻസ്നാപകന്റെ മരണശേഷമാണ് ഈ സംഭവം നടന്നതു്.

ഈ അദ്ധ്യായത്തിലെ സംഭവങ്ങൾ ഗലീലയിൽ വെച്ചു നടന്നവയാകകൊണ്ടു്, അഞ്ചാം അദ്ധ്യായത്തോടല്ല, നാലാം അദ്ധ്യായത്തോടാണ് കൂട്ടതലായി ഘടിപ്പിക്കപ്പെടേണ്ടതു്. ഈ അദ്ധ്യായങ്ങളുടെ സ്ഥാനം എങ്ങനെയോ പിശകിപ്പോയതായിരിക്കുമെന്നു ചിലർ വിചാരിക്കുന്നുണ്ടു്. ശരിയായ സ്ഥാനം ൪, ൬, ൫ എന്നിങ്ങനെയാണു വരേണ്ടതെന്ന് പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. ഈ സുവിശേഷത്തിലെ ചില ഭാഗങ്ങൾ സ്ഥാനം തെറ്റി വന്നിട്ടുണ്ടെന്നും ആശയവിശദീകരണത്തിനായി താഴെ വരുന്ന രീതിയിലുള്ള ഒരു ഭേദഗതി വരുത്തിയാൽ കൊള്ളാമെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു:—

(൧) ൫, ൬ ഈ അദ്ധ്യായങ്ങളുടെ സ്ഥാനം മറിച്ചിടുക.

(൨) ൫-ാംഅദ്ധ്യായത്തിന്റെ ഒടുവിൽ ൭. ൧൫—൨൪. ചേർക്കുക.

(൩) പിന്നീടു് ൧൦. ൧—൩൬, ൪൪—൫൦, ൩൬—൪൩ വായിക്കുക.

(൪) പിന്നീടു് ൧൩. ൧—൩൦; ൧൫, ൧൬, ൧൩. ൩൧—൩൮; ൧൪-അ, ൧൭-അ വായിക്കുക.

സംഭവങ്ങളുടെ കാലം മുറയ്ക്കല്ല, പ്രതിപാദിതവിഷയങ്ങളുടെ യുക്തിബന്ധം അനുസരിച്ചാണ് ഗ്രന്ഥകത്താവ് സംഭവങ്ങളെ വിവരിച്ചിരിക്കുന്നതെന്ന് വിചാരിക്കുന്നതിനും ന്യായമുണ്ട്. ൭-ാംഅദ്ധ്യായത്തിൽ ആരംഭിച്ച വിശ്വാസത്തിൻേറയും അവിശ്വാസത്തിൻേറയും ക്രമാനുഗതമായ വർദ്ധനവിൽ ഒരു പരിവത്തനഘട്ടത്തെയാണ് ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതു്.

വാ. ൧. അനന്തരം:—ശിഷ്യന്മാർ യേശുവിന്റെ നിയോഗപ്രകാരം സുവിശേഷപ്രസംഗം കഴിഞ്ഞു് മടങ്ങിവന്നശേഷം യേശു ഗലീലയിൽ പലതും പ്രവത്തിച്ചതായി ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽനിന്നും വെളിപ്പെടുന്നുണ്ടു്.

തിബെര്യ്യാസു്:—ഇതു് ഒരു റോമാപ്പേരാകുന്നു. യഹൂദപേരല്ല. ഗലീലക്കടലിൻേറ പടിഞ്ഞാറെ കരയിൽ തെക്കോട്ടു മാറി സ്ഥാപിക്കപ്പെട്ടിരുന്ന ഒരു നഗരമായിരുന്നു. ഏ. ഡി. ൨൲-ൽ ഹെരോദാ അന്തിപ്പാസ് സ്ഥാപിച്ച ഒരു പട്ടണമായിരിക്കാം. തിബെര്യ്യാസ് കൈസറിൻേറ സ്മാരകമായി പണിയിച്ചതാണ്. ഇതു വളരെ ഭംഗിയുള്ള ഒരു പട്ടണമായിരുന്നു. യേശുവിൻേറ കാലം കഴിഞ്ഞശേഷമാണ് ഗലീലക്കടലിന് തിബര്യ്യാസ് കടൽ എന്നു പേർ സിദ്ധിച്ചതു്. ൨൧-ാംഅദ്ധ്യായം ൧-ാംവാക്യത്തിലും ഈ പേർ ഉപയോഗിച്ചിട്ടുണ്ടു്.

വാ. ൨. അവൻേറ പിന്നാലെ ചെന്നു:—യേശുവും ശിഷ്യന്മാരും ഒരു പടവിൽ കയറി അക്കരയ്ക്കു പോയി.

പുരുഷാരം കടൽത്തീരം ചുററി കാൽനടയായി അക്കരെ വന്നു.

വാ. ൩. മലയിൽ കയറി:—തടാകത്തിനടുത്തു് അനേകം കുന്നുകൾ ഉണ്ടു്.

വാ. ൪. പെസഹാപ്പെരുനാൾ:—കത്താവു കഴിച്ചു കൂട്ടിയ അന്ത്യപെസഹാ. ഈ സമയം തൻെറ പരസ്യ ശുശ്രൂഷയുടെ രണ്ടാം വഷത്തിൻെറ അവസാനഭാഗം ആകുന്നു. യെരുശലേമിലേയ്ക്കു ധാരാളം ജനങ്ങൾ പൊയ്ക്കൊണ്ടിരുന്നതിനാലാണു് ഇത്ര വലിയ ഒരു പുരുഷാരം ഈ സ്ഥലത്തു് ഒരുമിച്ചു കൂടുന്നതിനു ഇടയായതു്. „നിത്യ മഹോത്സവം ഘോഷിക്കുന്നതിനായി സ്വഗ്ഗീയയരുശലേമിലേയ്ക്കു് ഈ വനാന്തരമാകുന്ന ലോകത്തിൽക്കൂടി വിശന്നും ക്ഷീണിച്ചും യാത്ര ചെയ്തുകൊണ്ടിരിക്കുന്ന മഹാ പുരുഷാരങ്ങൾക്കു സ്വഗ്ഗത്തിൽനിന്നു് ഇറങ്ങി വന്ന ജീവൻെറ അപ്പമാകുന്ന താൻ ഈ വിശുദ്ധകമ്മത്തിൽ തന്നെത്തന്നെ നൽകുന്നു."

വാ. ൭. ഇരുനൂറു പണത്തിനു്:—ഇതിനു് ഏകദേശം ൧൦൦ രൂപായോളം വില വരും. മക്കോസിൻെറ സുവിശേഷത്തിൽ ആൾ ഇന്നാരെന്നു പറഞ്ഞിട്ടില്ല. യേശുവിനെ ആദ്യം കണ്ടപ്പോൾ സാക്ഷ്യം പറഞ്ഞ പീലിപ്പോസ് ഇപ്പോൾ അവൻെറ ശക്തിയെ തിരിച്ചറിയാതിരിക്കുന്നതു് ആശ്ചയ്യംതന്നെ.

വാ. ൯. യവത്തപ്പം:—ഇതു സാധുക്കളുടെ ഭക്ഷണമാണു്. ഈ ഗ്രന്ഥകാരൻ മാത്രമേ ഈ വിവരം പറയുന്നുള്ളു.

വാ. ൧൦. വളരെ പുല്ലു്:—വസന്തകാലത്തിൻെറ ആരംഭം ആയിരുന്നു; പെസഹായും അടുത്തിരുന്നു.

പാഠങ്ങൾ:—(൧) മുമ്പിലത്തെ അദ്ധ്യായത്തിൽ ക്രിസ്തു ജീവൻെറ ഉത്ഭവസ്ഥാനം ആണെന്നു തെളിയിച്ചിട്ടുണ്ടു്. ഈ അദ്ധ്യായത്തിൽ ജീവൻെറ പോഷണത്തിനും അവൻ കാരണഭൂതനാണെന്നു തെളിയുന്നു.

(൨) പീലിപ്പോസ് കണക്കു കൂട്ടിയെങ്കിലും തെററിപ്പോയി. അവൻ പുരുഷാരത്തെ നോക്കി, പിന്നീടു് ഇരുനൂറു പണത്തെക്കുറിച്ചു് ആലോചിച്ചു. കാര്യം ഒന്നും സാധിക്കയില്ലെന്നു തീരുമാനിച്ചു. ഗുരു, വെള്ളം വീഞ്ഞാക്കുന്നതിനോ കല്ലു് അപ്പമാക്കുന്നതിനോ പ്രാപ്തനാണെന്നു് അയാൾ മറന്നുപോയി.

(൩) അല്പംകൊണ്ടു വലിയ കാര്യങ്ങൾ ചെയ്യുന്നതിനു് യേശുവിനു കഴിയും. നമ്മിൽക്കൂടി വൻകാര്യങ്ങൾ ചെയ്യുവാൻ അവനു സാധിക്കും. ദാവീദിൻെറ കവിണ, ദോർക്കസിന്റെ സൂചി ഇവയെപ്പററി ചിന്തിക്കുക. ദൈവം എത്രയും മിതമായി സകലവും ചെലവിടുന്നു. അവൻ ഒന്നും നഷ്ടമാക്കുന്നില്ല.

(൪) തീരെ അസാദ്ധ്യമെന്നുള്ള ഘട്ടത്തിലെത്തുമ്പോളാണു് ദൈവം അത്ഭുതങ്ങളെ പ്രവൎത്തിക്കുന്നതു്.

—(൦)—

൨൩. വാ. ൧൪—൨൧.

യേശു കടലിന്മേൽക്കൂടി നടക്കുന്നതു്. ജീവൻെറ അപ്പത്തെക്കുറിച്ചുള്ള ഉപദേശം.

നമ്മുടെ കൎത്താവിൻെറ പരസ്യശുശ്രൂഷയിലെ ഒരു പരിവൎത്തനഘട്ടത്തിലേയ്ക്കു നാം വന്നിരിക്കുന്നു,

ജനസാമാന്യത്തിൽനിന്നും ധാരാളം ബഹുമതി അവന് ഇപ്പോൾ ലഭിക്കുവാനിടവന്നിരിക്കുന്നു. ഗലീല്യയിൽനിന്നും പീലിപ്പോസിന്റെ കൈസര്യായിലേയ്ക്കു വന്നതാണ്.

വാ. ൧൬. സന്ധ്യയായപ്പോൾ:—സൂര്യൻ അസ്തമിച്ച് ഇരുട്ടു വീഴുംമുമ്പേ-ഇതിന് രണ്ടാമത്തെ സന്ധ്യയെന്നും പറയുന്നു.

വാ. ൧൭. യേശു അവരുടെ അടുക്കൽ വന്നില്ല:—ഒരുപക്ഷേ, അവരുടെ അടുക്കൽ വന്നുചേരുമെന്നു യേശു പറഞ്ഞുകാണും. യേശുവിനെക്കൂടെ കൊണ്ടുപോകണമെന്ന് ആഗ്രഹിച്ചുകൊണ്ട് അവർ വളരെ നേരം കാത്തിരുന്നു. തന്റെ വാഗ്ദത്തം ഏതു വിധത്തിലാണ് താൻ നിറവേററാൻ പോകുന്നത് എന്നതിനെക്കുറിച്ച് അവർക്ക് യാതൊരു ഊഹം പോലും ഇല്ലായിരുന്നു. ഈ ഗ്രന്ഥകർത്താവ് ഈ കാര്യത്തെപ്പററിയുള്ള പല സംഗതികളും വിട്ടുകളഞ്ഞിട്ടുണ്ട്. അവയെല്ലാം മററു വൃത്താന്തങ്ങളിൽ നിന്നും കൂട്ടിച്ചേർക്കേണ്ടതാണ്. ശിഷ്യന്മാരുടെ അത്യാവശ്യസമയത്ത് അവർ തീരെ ആശിക്കാതിരുന്ന ഘട്ടത്തിൽ പോലും കർത്താവിന്റെ വാഴ്ത്തപ്പെട്ട സാന്നിദ്ധ്യം അവർക്കുണ്ടായിരുന്നു എന്നുള്ള ഏക പാഠം പഠിപ്പിക്കണമെന്നു മാത്രമേ ഗ്രന്ഥകർത്താവു വിചാരിക്കുന്നുള്ളു.

വാ. ൧൯. നാലഞ്ചു നാഴിക:—ഈ കടലിന് ഏകദേശം ആറു മൈൽ അകലം ഉണ്ട്.

വാ. ൨൨. കടൽക്കരെ നിന്ന പുരുഷാരം:—പുരുഷാരത്തിൽ പലരും കടലിന്റെ കിഴക്കേത്തീരത്തുതന്നെ കാത്തുനിന്നിരുന്നു. യേശു അത്ഭുതകരമായി പുരുഷാര

ത്തെ പോഷിപ്പിച്ചശേഷം താൻ മിശിഹായെന്ന നില യിൽ തന്നെത്തന്നെ പ്രഖ്യാപനം ചെയ്യുമെന്ന് അവർ വിചാരിച്ചു. മോശ മരുഭൂമിയിൽ വെച്ചു ചെയ്തതുപോലെ മിശിഹാ വീണ്ടും മന്നാ നൽകും എന്നൊരു പാരമ്പര്യം നടപ്പുണ്ടായിരുന്നു. ഇന്നും ക്രിസ്തുവിൻെറ ശിഷ്യന്മാരായി ത്തീരുന്ന സാധുക്കൾക്ക് ലൌകികാനുഗ്രഹങ്ങൾ കിട്ട ണമെന്നുള്ള വാഞ്ഛ നമ്മുടെ ഇടയിലും ഏറെക്കുറെ ഇല്ലാതില്ല.

വാ. ൨൪. കപ്പർന്നഹൂമിൽ എത്തി:—ജനങ്ങൾ തിരികെ എത്തിയതിനെക്കുറിച്ചുള്ള വിവരമായ സംഗ തികൾ അത്ര തെളിവായിട്ട് അറിയുന്നില്ല. പുരുഷാരം മുഴുവനും പടവുവഴിയായി തിരികെ വന്നിരിക്കുവാൻ ഇടയില്ല.

വാ. ൨൫. നീ എങ്ങിനെ ഇവിടെ വന്നു:—എന്നല്ല എപ്പോൾ വന്നു എന്നാണ് അവർ ചോദിക്കുന്നത്.

പാഠങ്ങൾ:—(൧) യേശു തൻെറ പരസ്യശുശ്രൂഷ യിലെ പ്രധാന സംഭവങ്ങൾക്കു മുമ്പും പിൻപും പ്രാ ത്ഥിച്ചു. നാം വേണ്ടപോലെ പ്രാത്ഥിക്കുന്നുണ്ടോ? (൨) യേശു തൻെറ ജനങ്ങൾക്ക് ശാന്തപരമായ യാത്ര വാഗ്ദത്തം ചെയ്തിട്ടില്ല. കൊടുങ്കാററുകൾ അടിക്കും എങ്കിലും തൻെറ സാന്നിദ്ധ്യം അവരോടു കൂടെ ഉണ്ടാ യിരിക്കയും ക്ഷേമത്തോടു കൂടെ അക്കരെ എത്തിക്കുകയും ചെയ്യും. (൩)അവൻ വരുമ്പോൾ നാം പലപ്പോഴും അ വനെ വേണ്ടപോലെ മനസ്സിലാക്കുന്നില്ല. (൪) പുരുഷാരം പരിതാപകരമായ വിധത്തിൽ അലഞ്ഞുതിരിഞ്ഞു നട ക്കുന്നുഎങ്കിലും കത്താവ് എത്ര ക്ഷമയുള്ളവനായി കാണപ്പെടുന്നു.

൨൯. വാ. ൨൮—൪൦. യേശു ജീവന്റെ അപ്പം ആകുന്നു.

കഥാബന്ധം.

യേശു സാക്ഷാൽ ജീവനാകുന്നുവെന്നുള്ളതാകുന്നു ഈ പ്രസംഗങ്ങളുടെ ചുരുക്കം. ഈ പ്രസംഗത്തിന് മൂന്നു ഭാഗങ്ങൾ ഉണ്ട്. (൧) കടൽക്കരയിൽവെച്ചു പറയപ്പെട്ടവ. ൬. ൨൪—൪൦; ൨. ദൈവാലയത്തിൽ പോകുന്ന വഴിയിൽവെച്ചു പറയപ്പെട്ടവ. ൬. ൪൧—൫൧; ദൈവാലയത്തിൽവെച്ചു പറയപ്പെട്ടവ. ൬. ൫൨—൫൯. ഈ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്ന പ്രസംഗങ്ങളുടെ ഒരു സംഗ്രഹം പ്രത്യേകം പഠിക്കേണ്ടതാണ്. അതു് സംഭാഷണത്തിൽനിന്നും ഉത്ഭവിച്ചു സംഭാഷണരീതിയെ തുടൎന്നുപോകുന്ന ഒന്നാണ്. ചോദ്യോത്തരമാണ് ഈ പ്രസംഗത്തിന്റെ രീതി. അതിനു താഴെ പറയുന്ന വിഭാഗങ്ങൾ ഉണ്ട്. (൧) ആത്മീകസമ്പത്തുകളെ 'ആഗ്രഹിക്കുന്നതു് ഉത്തമം. ൨൬—൩൪. (൨) ആത്മീകനിക്ഷേപമാകുന്ന ദിവ്യാഹാരം യേശുവാണ് ൩൫—൪൦. (൩) ദൈവവചനത്തെ കേൾക്കുന്നവനു മാത്രമേ ഇതു ഗ്രഹിക്കാൻ കഴികയുള്ളു. ൪൧—൪൬; (൪) ഇതിനെ സാക്ഷാൽ വിശ്വസിക്കുന്നവൻ നിത്യജീവന്നു് അവകാശിയാകും. ൪൧—൫൧. (൫) യേശുവിന്റെ ആത്മാവിനെ പ്രാപിക്കുന്നതു് നിത്യജീവനുള്ള വഴിയാണ്. യേശു ഈ പ്രസംഗംകൊണ്ടു് തന്റെ ആദ്ധ്യാത്മികശ്രേഷ്ഠതയേയും ഈ അത്ഭുതങ്ങൾ പ്രവൎത്തിക്കുന്നതിന് തനിക്കുള്ള ശക്തിയേയും വെളിപ്പെടുത്തി കാണിക്കുന്നു. ഒടുവിലായി ഈ പ്രസംഗംകൊണ്ടു പൊതുജനങ്ങൾക്കും ശിഷ്യന്മാൎക്കും

ലഭിച്ച നന്മകൾ ഇന്നവയെന്നു ഗ്രന്ഥകാരൻ എടുത്തു കാണിക്കുന്നു.

നമ്മുടെ കർത്താവിൻെറ സംഭാഷണത്തിൽ ൨൬—൪൦ വാക്യങ്ങളിൽ താൻ പുരുഷാരത്തോടും ൪൧—൭൯ യഹൂദന്മാരോടും സംബോധന ചെയ്തു പറയുന്നു.

വാ. ൨൭—൨൯. പ്രവർത്തിപ്പിൻ, തന്നു, പ്രവൃത്തികൾ, പ്രവൃത്തി ഈ പദങ്ങളുടെ വൈപരീത്യം ശ്രദ്ധിക്കേണ്ടതാണു്. ന്യായപ്രമാണപ്രവൃത്തികളോടു താരതമ്യപ്പെടുത്താവുന്ന ഒരു നവീനമായ പ്രവൃത്തിപദ്ധതി ക്രിസ്തു വെളിപ്പെടുത്തുമെന്നും തൻമൂലം അവക്കു നിത്യജീവൻ സമ്പാദിക്കാമെന്നും യഹൂദന്മാർ പ്രത്യാശിക്കുന്നു (മക്കോ: ൧൦. ൧൭). എന്നാൽ യേശു അതിനു പകരമായിട്ടു് ഒററ ഒരു പ്രവൃത്തിയെക്കുറിച്ചാകുന്നു പറയുന്നതു്. അതിനെ സ്വീകരിക്കുന്നതിനുള്ള ഒരു പാത്രത ഉണ്ടായിരുന്നാൽ മതി. അതിലേയ്ക്കായി ജീവൻ ദാനമായി നൽകപ്പെടുകയും (റോമാ ൬, ൨൩) അതിൽനിന്നും ഒരിക്കലും അവസാനിക്കാത്തതായ സൽപ്രവൃത്തികളുടെ നിരന്തരമായ ചൈതന്യം വ്യാപരിക്കയും ചെയ്യുന്നു.

മുദ്രയിട്ടിരിക്കുന്നു:—സ്പഷ്ടമായി സമ്മതിച്ചു് ഏററു പറഞ്ഞിരിക്കുന്നു അല്ലെങ്കിൽ അധികാരപ്പെടുത്തി വെളിപ്പെടുത്തിയിരിക്കുന്നു. ആത്മീയസ്നേഹവും ജ്ഞാനവും ആണു് ദൈവത്തിൻെറ മുദ്ര. അടയാളങ്ങളെ പ്രവർത്തിക്കുന്നതിനു തനിക്കു ശക്തി നൽകിയിരിക്കയാൽ പിതാവിനു തന്നെക്കുറിച്ചുള്ള സമ്മതം സ്പഷ്ടമായി പ്രഖ്യാപനംചെയ്തിരിക്കെ ക്രിസ്തുവിനു് മനുഷ്യരുടെ പ്രശംസയും അനുമോദനവും ആവശ്യമില്ല.

വാ. ൩൦. എന്തടയാളം ചെയ്യുന്നു:—മന്നാ നൽകപ്പെട്ടതുപോലെ സ്വൎഗ്ഗത്തിൽനിന്നു് എന്തെങ്കിലും ഒരടയാളം നൽകണമെന്നാണു് ജനം ആവശ്യപ്പെടുന്നതു്. വാ ൭–൧൩–ൽ കാണുന്ന അടയാളം ഭൂമിയിൽ പ്രവൎത്തിച്ചിട്ടുള്ളതാണു്.

വാ. ൩൧. എഴുതിയിരിക്കുന്നുവല്ലോ:—സങ്കീൎത്ത. ൭൮–൨൪–ൽനിന്നും ഉദ്ധരിച്ചിരിക്കുന്ന ഒരു ഭാഗമാണിതു്. യേശുവും മോശയും തമ്മിലും അഞ്ചു അപ്പവും മന്നായും തമ്മിലും ഉള്ള വ്യത്യാസങ്ങളെ താരതമ്യപ്പെടുത്തുവാനാണു് യഹൂദന്മാർ ശ്രമിക്കുന്നതു്. അങ്ങിനെയല്ല, ഈ രണ്ടു സംഗതികളിലും ദാതാവു് ദൈവംതന്നെയാണു്. അന്നു് അവൻ യിസ്രായേല്യരുടെ ശരീരങ്ങളെ പോഷിപ്പിക്കുന്നതിലേയ്ക്കായി മന്നാ നൽകി. എന്നാൽ ഇന്നാകട്ടെ, അഖിലലോകത്തിനും വേണ്ടി നിത്യജീവനെ നൽകേണ്ടുന്നതിനു് സാക്ഷാൽ അപ്പമായ ക്രിസ്തുവിനെത്തന്നെ നൽകുന്നു. ഈ രണ്ടു ദാനങ്ങളിൽ ഏതാണു് ഉൽകൃഷ്ടമായുള്ളതെന്നു നിങ്ങൾക്കു തോന്നുന്നു എന്നാകുന്നു യേശു മറുപടിയായി ചോദിക്കുന്നതു്.

വാ. ൩൭—൪൦. ദൈവം ചിലരെ ക്രിസ്തുവിനായി കൊടുക്കുകയും, ചിലരെ കൊടുക്കാതിരിക്കുകയും ചെയ്യുന്ന ഏതോ കഠോരമായ ഒരു മുൻവിധി ഇതിൽ അടങ്ങിയിരിക്കുന്നു എന്നു നാം വിചാരിച്ചേക്കും. എല്ലാവരെ സംബന്ധിച്ചുമുള്ള ദൈവഹിതം ഉൽകൃഷ്ടമായിട്ടുള്ളതാണു്. എന്നാൽ വിശ്വാസംമൂലം മാത്രമേ അതു പ്രാപിപ്പാൻ സാധിക്കയുള്ളു. വിശ്വാസത്തോടുകൂടി ക്രിസ്തുവിങ്കലേയ്ക്കു വരുന്നവൎക്കു് സന്തോഷകരമായ സ്വീകരണം

ലഭിക്കും. അവന്റെ അടുക്കലേയ്ക്കു വരുന്നവർ വിശ്വാസത്തിൽ സ്ഥിരത കാണിക്കാതിരുന്നാൽ യൂദായെപ്പോലെ നഷ്ടപ്പെട്ടുപോകും.

പാഠങ്ങൾ:—(൧) മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ഉപജീവിക്കുന്നതു്. മനുഷ്യൻ കേവലം ശരീരം മാത്രമല്ല, ഒരു വില തീരാത്ത ആത്മാവുള്ളവനും കൂടിയാകുന്നു. അതുകൊണ്ടു് മനുഷ്യനു് ദൈവത്തെക്കൂടാതെ ജീവിക്കുവാൻ പാടില്ല.

(൨) വിശ്വസിക്കുന്നതിലേയ്ക്കു് അടയാളം ലഭിക്കണമെന്നു് ഈ കൂട്ടർ ആഗ്രഹിച്ചു. ക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിക്കേണ്ടുന്നതിനു് നീ എത്ര തെളിവുകൾ ആണു് കൂടുതലായി ആവശ്യപ്പെടുന്നതു്? തെളിവുകൾ ധാരാളം ഉണ്ടെങ്കിലും അവയെ കാണുന്നതിനു് കണ്ണുകൾ തുറക്കപ്പെടുകയും അവയെ വാഞ്ഛിക്കുന്നതിനു് ഹൃദയപൂർവമായ തീക്ഷ്ണത ഉണ്ടായിരിക്കയും വേണം.

(൩) കർത്താവിന്റെ അത്താഴമായ വിശുദ്ധ സക്രമെന്തിൽ ജീവന്റെ അപ്പമായ മശിഹായേ വിശ്വാസത്താൽ നാം അനുഭവിച്ചു് തന്നെക്കൊണ്ടു് ഉപജീവിക്കയത്രേ ചെയ്യുന്നതു്. അപ്പം കണ്ടതുകൊണ്ടു മാത്രം വിശപ്പു തീരുകയില്ല. അതിനെ ഭക്ഷിക്കതന്നെ വേണം.

(൪) ക്രിസ്തു ജീവന്റെ അപ്പവും ജീവന്റെ വെള്ളവുമാകുന്നു. നുറുക്കപ്പെട്ട അപ്പമായുള്ളോവേ! എന്റെ ആവശ്യങ്ങളെയെല്ലാം നിവൃത്തിച്ചു് എന്നെ പോഷിപ്പിക്കേണമേ.

—o—

൨൭. നു. ൪൧—൫൯ യഹൂദന്മാരുടെ ചോദ്യങ്ങൾ.

വാ. ൪൧. യഹൂദന്മാർ പിറുപിറുത്തു:—യഹൂദന്മാരെന്നു പറഞ്ഞിരിക്കുന്നതു് ക്രിസ്തുവിനോടു വിരോധം

പ്രദർശിപ്പിച്ച യഹൂദപ്രമാണികളാണു്. ഇവർ ഗലീല്യയിൽനിന്നും അയയ്ക്കപ്പെട്ട ഒററുകാരായും ഇരുന്നേക്കാം.

വാ. ൪൨. യോസേഫിന്റെ പുത്രൻ:—യേശു യോസേഫിന്റെ മകനെന്നാണു് എല്ലാവരും ധരിച്ചിട്ടുള്ളതു്. തന്റെ ദിവ്യജനനത്തെക്കുറിച്ചു് ഒരിക്കലും താൻ പറകപതിവില്ല. ഒരു മനുഷ്യന്റെ പുത്രനാകകൊണ്ടു് ജനനത്തിനു മുമ്പു സ്ഥിതിചെയ്യുക എന്ന അവസ്ഥ യേശുവിനില്ലാ എന്നും, അതിനാൽ സ്വൎഗ്ഗത്തിൽനിന്നും വന്നവനാണെന്നും, യേശു പറയുന്നതു് അബദ്ധമാണെന്നും അവർ വാദിച്ചു.

വാ. ൪൪. ആകൎഷിച്ചിട്ടല്ലാതെ:—ദൈവാത്മാവു് ഒന്നാമതായി ഒരു മനുഷ്യന്റെ ഹൃദയത്തിൽ പ്രവൎത്തിച്ചേ ക്രിസ്തുവിങ്കലേയ്ക്കു സമീപിക്കാൻ സാധിക്കയുള്ളു. ദൈവാത്മാവിന്റെ ആകൎഷണത്താലല്ലാതെ ഒരുവനിൽ വിശ്വാസം ജനിക്കുന്നതല്ല.

വാ. ൪൫. ഉപദേശിക്കപ്പെട്ടവർ ആകും:—യശ: ൫൪. ൧൩, യോവേൽ ൨. ൨൮. എന്നീ ഭാഗങ്ങളിൽനിന്നും ഉദ്ധരിച്ചതാണു് ഇതു്. ദൈവത്തിന്റെ പ്രേരണയെ മനുഷ്യൻ ഗ്രഹിച്ചിട്ടു് അതിനെ അംഗീകരിക്കേണ്ടതാണു്. ഓരോ മനുഷ്യന്റേയും ഹൃദയത്തിൽ ദൈവത്തിന്റെ ഒരു സാക്ഷ്യം ഉണ്ടു്. മനസ്സാക്ഷിയുടെ ശബ്ദം, ആദ്ധ്യാത്മികവിശ്വാസത്തിനുള്ള പാത്രത, നിത്യതയെക്കുറിച്ചുള്ള ബോധം എന്നിവ മനുഷ്യന്റെ അന്തരംഗത്തിൽ ഏറെക്കുറെയുണ്ടു്. എന്നാൽ എല്ലാവരും അതിനെ ശരിയായി ഉപയോഗിക്കുന്നില്ലെന്നേയുള്ളു.

വാ. ൪൯. മനുഷ്യനിലുള്ള ശാന്തമായ ദൈവ ശബ്ദം തങ്ങളുടെ ആവശ്യത്തിനു മതിയായിട്ടുള്ളതാണു്. എന്നാൽ കൎത്താവായ യേശുക്രിസ്തുവിനുണ്ടായിരുന്ന സമ്പൂൎണ്ണമായ അറിവിൽനിന്നും ഇതു് അശേഷം വ്യത്യാസപ്പെട്ടതാണു്.

വാ. ൪൮. ജീവന്റെ അപ്പം:—മന്നായെപ്പോലെ തന്നെ ജീവയപ്പം ഭൌതികലോകത്തിൽ യാതൊരു വ്യത്യാസവും വരുത്തുന്നില്ല, പ്രകൃതി മരണത്തിൽനിന്നും വിടുതൽ നൽകുന്നതുമില്ല. എന്നാൽ ആത്മികലോകത്തിൽ അതു യഥാൎത്ഥമായ വ്യത്യാസത്തെ ഉണ്ടാക്കുന്നു. ആത്മികമരണത്തിൽനിന്നും അതു വിടുതൽ ലഭിക്കുമാറാക്കുന്നു.

വാ. ൫൧. എന്റെ മാംസം:—കൎത്താവിന്റെ പ്രഖ്യാപനങ്ങൾ ഒന്നിനൊന്നിനു തെളിവായി വരുന്നതു നോക്കുക. ൩൫-ാംവാക്യത്തിൽ എന്റെ അടുക്കൽ വരുന്നവൻ എന്നു പറഞ്ഞിരിക്കുന്നു. വാ. ൫൦-ൽ തിന്നുന്നവൻ എന്നു കാണുന്നു. വാ. ൫൧-ൽ അപ്പം എന്റെ മാംസം ആകുന്നു എന്നും പറഞ്ഞിരിക്കുന്നു. ഈ ഭാഗത്തു് കൎത്താവിന്റെ മരണത്തെക്കുറിച്ചു് ആദ്യമായി പറഞ്ഞു കാണുന്നു. മനുഷ്യന്റെ ജീവൻ ദൈവത്തിൽനിന്നു് അകന്നിരിക്കുമ്പോൾ വളരെ പരിതാപകരമായ നിലയിലാണു്. അതു പാപത്താൽ തകൎന്നും മുറിപ്പെട്ടും ഇരിക്കുന്നു. ക്രിസ്തുവിന്റെ മരണംമൂലം ഉണ്ടായിരിക്കുന്ന അവന്റെ ജീവനിൽ പങ്കു ലഭിക്കുന്നതുകൊണ്ടു് മനുഷ്യന്റെ ജീവൻ നവീനമായും പരിപുഷ്ടമായും ഭവിക്കും, സംശയമില്ല.

വാ. ൫൩. മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതേയും രക്തം കുടിക്കാതേയും ഇരുന്നാൽ:—നിഗൂഢമായ പല അത്ഥങ്ങളും ഉള്ള ഈ ഭാഗങ്ങൾ യഹൂദന്മാരെ ആശ്ചയ്യഭരിതരാക്കിത്തീത്തു. സമീപിച്ചിരുന്ന പെസഹാഉത്സവത്തേയും അതോടു ഒന്നിച്ച് താൻ പ്രാപിക്കേണ്ട മരണത്തേയും ഓത്തിട്ടായിരിക്കും കത്താവ് ഇതു പറഞ്ഞതു്. ഒരു യാഗത്തെക്കുറിച്ച് ഇതിൽ സൂചിപ്പിക്കുന്നുണ്ടു്. തന്റെ മരണം മൂലം ലോകം പരിപൂണ്ണജീവനെ പ്രാപിക്കാനിടയാകുമെന്ന് ഇതുകൊണ്ടു വെളിപ്പെടുന്നുണ്ടു്. ക്രിസ്തുവിൻെറ മാംസരക്തങ്ങളെ സാക്ഷാൽ ഉൾക്കൊള്ളുന്നവൻ തൻെറ കഷ്ടാനുഭവങ്ങളേയും സാക്ഷാൽ ഉൾക്കൊള്ളുന്നവനാണു്. തന്മൂലം അവൻേറയും ക്രിസ്തുവിൻേറയും സ്വഭാവങ്ങൾക്ക് ജീവൈക്യം ഉണ്ടാകയും, അവൻ ക്രിസ്തുവിലും ക്രിസ്തു അവനിലും ആയിത്തീരുകയും ചെയ്യുന്നു. മാംസത്തെ രക്തത്തോടുകൂടെ ഭക്ഷിക്കുന്നതും രക്തം കുടിക്കുന്നതും മഹാ വലിയ പാപമായിട്ടാണ് യഹൂദന്മാർ വിചാരിച്ചിരുന്നതു്. (ലേവ്യ: ൧൭. ൧൦—൧൪. ൧. ശമു. ൧൪. ൩൨—൩൪. ഇവ നോക്കുക). ഈ വചനങ്ങൾ വിശുദ്ധ സക്രമേന്തിലെ (കുബ്ബാന) നടപടിയോടും അനുഭവത്തോടും കൂടി സംബന്ധപ്പെടുത്തി നോക്കിയാൽ മാത്രമേ നമുക്ക് ഇതിനെ അല്പമെങ്കിലും ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. ഒന്നാംനൂററാണ്ടിൽ യാഗമൃഗത്തിന്റെ മാംസം തിന്നുന്നതും രക്തം കുടിക്കുന്നതുംമൂലം നിഗൂഢങ്ങളായ അനേകം ഫലങ്ങൾ ഉണ്ടാകുമെന്നുള്ള വിശ്വാസം ജാതികളുടെ ഇടയിൽ ഉണ്ടായിരുന്നതായി കാണുന്നു. ഏറെത്താമസിയാതെതന്നെ സത്യകമ്മത്തെക്കുറിച്ചുള്ള ഭൗതികമായ പല ആശയങ്ങളും ക്രിസ്തീയസഭയിൽ

വ്യാപിക്കുവാൻ തുടങ്ങി. ഇങ്ങനെയുള്ള ചിന്തകളിൽ നിന്നും എപ്പോഴും ഒഴിഞ്ഞു മാറിനില്പാൻ നമുക്കു പ്രായേണ സാധിക്കുന്നില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഈ ഭാഗം മുഴുവനിലും ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ സത്യകമ്മശുശ്രൂഷയിൽ കാണുന്നതുപോലെ "ശരീരവും രക്തവും" എന്നല്ല "മാംസവും രക്തവും" എന്നാണ്. ഈ വാക്കുകൾ ഒരു യഹൂദന്റെ മനസ്സിൽ "മനുഷ്യസ്വഭാവത്തിന്റെ സമ്പൂണ്ണമായ യാഥാത്ഥ്യം" (ആളത്വം) എന്നുള്ള അത്ഥം തന്നെ തോന്നിക്കും. "ജഡരക്തങ്ങളോടുകൂടിയവൻ" എന്നുള്ള പ്രയോഗം (എബ്രാ. ൨. ൧൪.) നോക്കുക. ഉയത്തെഴുന്നേററതും ഇപ്പോൾ മരണമില്ലാത്തതുമായ ക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തിൽ നാം പങ്കുകൊള്ളുന്നതു മൂലമാണ് നമുക്കു നിത്യജീവനിലുള്ള നിണ്ണയം ലഭിക്കുന്നത്.

വാ. ൫൬. വസിക്കുന്നു:—വിശ്വാസിക്കു ക്രിസ്തുവുമായുള്ള സംബന്ധത്തെക്കുറിക്കുന്നതിന് ഈ സുവിശേഷത്തിൽ സാധാരണയായി ഉപയോഗിച്ചിരിക്കുന്ന ഒരു പദമാണിതു്. (യോഹ ൧൫. ൪, ൫, ൬ നോക്കുക).

വാ. ൫൭. പിതാവിൻമൂലം ജീവിക്ക—ക്രിസ്തുവിന്റെ ജീവൻ പിതാവിൻ മൂലമായിരിക്കുന്നതുപോലെ വിശ്വാസിയുടെ ജീവൻ ക്രിസ്തുമൂലമാകുന്നു എന്നുള്ള അത്ഥം ഈ പദങ്ങളിൽ ധ്വനിക്കുന്നു. കുറേക്കൂടെ ശരിയായ അത്ഥം പറയാവുന്നതാണ്. അതായതു്, ക്രിസ്തുവിലുള്ള ജീവൻ എന്തെന്നുവെച്ചാൽ ക്രിസ്തു തന്റെ ഇച്ഛയെ പൂണ്ണമായി ദൈവത്തിനു പ്രതിഷ്ഠിച്ചുകൊടുക്കു

ന്നതുപോലെ വിശ്വാസിയും തൻെറ ഇഷ്ടത്തെ മുഴുവനും ദൈവസേവയ്ക്കായി സമപ്പിച്ചുകൊടുക്കുക എന്നുള്ളതാണു്.

വാ. ൫൯. കപ്പന്നഹുമിൽ...പള്ളിയിൽ:—കപ്പന്നഹും (ടെൽഹും) എന്ന സ്ഥലത്തു് ഈ പള്ളിയുടെ ശൂന്യശിഷ്ടങ്ങൾ ഇപ്പോഴും കാണപ്പെടുന്നു. അതിലെ കട്ടളപ്പടിയിൽ മന്നാ വെച്ചിരുന്ന പാത്രത്തിൻെറ ഒരു ചിത്രം വരച്ചുകാണുന്നുണ്ടു്. അതിനാൽ ഇതു ദൈവാലയമാണെന്നു് ഊഹിക്കാം. അങ്ങിനെയെങ്കിൽ ഇതു നോക്കിക്കൊണ്ടായിരിക്കാം യേശു മന്നായെക്കുറിച്ചു സംസാരിച്ചതു്. ഈ സ്ഥലങ്ങളെല്ലാം നേരിട്ടു കണ്ടു് തിരുവെഴുത്തുകളിലെ പല ചരിത്രങ്ങളുടേയും യാഥാത്ഥ്യം ഗ്രഹിക്കുവാൻ സംഗതിയായിട്ടുണ്ടെന്നു് ഈ അടുത്ത കാലത്തു വിശുദ്ധനാടു സന്ദർശിക്കുവാൻ പോയിരുന്ന വന്ദ്യ തിരുമേനി ഏബ്രഹാം മാത്തോമ്മാസഫ്രഗൻ മെത്രാപ്പോലീത്തായും, ശ്രീമാൻ കെ. കെ. കുരുവിള എം. ഏ. ബി. ഡി. മുതലായ പലരും സാക്ഷ്യം പറഞ്ഞിരിക്കുന്നു.

പാഠങ്ങൾ:—(൧) അപ്പം ശരീരത്തെ പോഷിപ്പിക്കുന്നതുപോലെ ക്രിസ്തു ആത്മാവിനെ പോഷിപ്പിക്കുന്നു. അവൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന അപ്പമാകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേയ്ക്കും ജീവിക്കും.

(൨) ക്രിസ്തുവിൻെറ കുരിശിനെപ്പററി ധ്യാനിക്കുന്നതിനാൽ നമ്മുടെ അനുതാപം, സ്നേഹം, നന്ദി എന്നിവ സജീവമായിത്തീരുന്നു.

(൩) ആത്മാവിനെക്കൂടാതെ ജഡം നിഷ്ഫലമായിരിക്കുന്നതുപോലെ കത്താവും ജീവിപ്പിക്കുന്നവനുമായ

വിശുദ്ധാത്മാവിനെക്കൂടാതുള്ള മാൎഗ്ഗസംബന്ധമായ ചടങ്ങുകളും ഏൎപ്പാടുകളുമെല്ലാം ചത്തതും പ്രയോജനശൂന്യവുമായിട്ടുള്ളവയാണു്.

—(൦)—

൫൬. ൬. ൬൦—൭൧. വിവിധ ഫലങ്ങൾ.

യേശുവിൻെറ സംഭാഷണങ്ങൾ മൂലം തൻെറ അനുഗാമികളെന്നു ഭാവിച്ചവരിലും (൬൦—൬൬) തന്റെ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരിലും ഉണ്ടായ വിവിധ ഫലങ്ങളെപ്പററിയാണു് ഈ ഭാഗത്തിൽ വ്യവഹരിച്ചിരിക്കുന്നതു്.

വാ. ൬൦. ഇതു കഠിന വാക്കു്:—കൎത്താവു് തന്റെ കേൾവിക്കാരെ ആകൎഷിക്കണമെന്നു വിചാരിച്ചുകൊണ്ടു് തൻെറ ദൂതിൻെറ മൂൎച്ചയെ ഒട്ടുംതന്നെ ലാഘവപ്പെടുത്തുവാൻ ശ്രമിച്ചില്ല. തൻെറ അനുഗാമികളിൽ ചിലൎക്കു് ഇടൎച്ചയുണ്ടായി എങ്കിലും ഒട്ടും പുറകോട്ടു മാറാതെ തൻെറ സന്ദേശത്തെ കൂടുതൽ ശക്തിയോടുകൂടി അറിയിക്കയത്രേ ചെയ്തതു്.

വാ. ൬൨. കയറിപ്പോകുന്നതു്:—ഇതിൽ തന്റെ മരണം, പുനരുത്ഥാനം, സ്വൎഗ്ഗാരോഹണം ഇവയെല്ലാം ഉൾപ്പെട്ടിട്ടുണ്ടു്.

വാ. ൬൬:—പിൻവാങ്ങിപ്പോയി:—ആകൎഷിക്കുന്നതിനെന്നപോലെ അകററുന്നതിനും കൎത്താവു് ആഗ്രഹമുള്ളവനാണു്. വൎദ്ധിച്ചുവരുന്ന വിശ്വാസമാണു് അവൻ കാംക്ഷിക്കുന്നതു്. അയോഗ്യരും ഭൗതികചിന്തയുള്ളവരുമായ ജനങ്ങളെ ഒഴിച്ചു നീക്കുന്നതു നല്ലതാണു്.

വാ. ൬൯. നീ ദൈവത്തിൻെറ പരിശുദ്ധൻ:—പത്രോസിൻെറ വാക്കുകളുടെ യഥാൎത്ഥസാരം നോക്കുക. തൻെറ മശിഹാസ്ഥാനത്തെക്കുറിച്ചോ ദിവ്യസ്വഭാവത്തെക്കുറിച്ചോ യാതൊന്നും പറയുന്നില്ല. ക്രിസ്തുവിൻെറ സ്വഭാവഗുണവും വിശുദ്ധിയുമാണു് അയാളെ തങ്കലേയ്ക്കു് ആകൎഷിച്ചതു്.

വാ. ൭൦. പിശാചു്:—ഇതു യൂദായെ താക്കീതു ചെയ്യുന്നതിനും, അവനെ കൎത്താവു് അറിയാതിരിക്കുന്നില്ലെന്നു മററുള്ളവരെ ഗ്രഹിപ്പിക്കുന്നതിനും ഉപയോഗിച്ച ഒരു വാക്കാണു്. പിശാചു് നന്മയെ തിന്മയാക്കുന്നവനാണു്. യൂദായും പിശാചിനു സമമെന്നൎത്ഥം.

ഈസ്കൎയ്യോത്തു്:—യഹൂദ്യയിൽ കെൎയ്യോത്തു് എന്ന ദിക്കിലുള്ളവൻ എന്നൎത്ഥം. ഇവൻ മാത്രമാണു് യേശുവിൻെറ ശിഷ്യരിൽ യഹൂദ്യദേശക്കാരൻ.

പാഠങ്ങൾ:—യേശു അറിഞ്ഞു:—ദൈവപുത്രൻെറ ഈ സുവിശേഷത്തിൽ അവൻെറ സൎവ്വജ്ഞത എന്ന ദിവ്യലക്ഷണം കൂടക്കൂടെ സ്പഷ്ടമായി കാണുന്നുണ്ടു്. നമ്മുടെ ജീവിതത്തിൽ നേരിടുന്ന എല്ലാ പ്രയാസങ്ങളിലും കൎത്താവു് സകലവും അറിയുന്നു എന്നും സകലവും കാണുന്നു എന്നും നമുക്കു വേണ്ടി അവൻ വിചാരപ്പെടുന്നു എന്നും ഉള്ളതു് നമുക്കു് എത്ര ആശ്വാസജനകമാണു്!

—(o)—

അദ്ധ്യായം ൭.

കഥാബന്ധം.

൬–ാംഅദ്ധ്യായത്തിൽ അത്ഭുതത്തിൻെറ ശേഷം ഉപദേശം നൽകുന്നതായി കാണുന്നു. ൭–ം ൮–ം അദ്ധ്യായങ്ങളിൽ വെളിച്ചത്തെക്കുറിച്ചുള്ള ഉപദേശം നൽകിയ ശേഷം ൯–ാംഅദ്ധ്യായത്തിൽ അത്ഭുതസംഭവത്തെ വർണ്ണിച്ചിരിക്കുന്നു. ആറും ഏഴും അദ്ധ്യായങ്ങൾക്കിടയ്ക്കു് ആറു മാസക്കാലത്തെ വ്യത്യാസം ഉണ്ടു്. ഇതിനിടയ്ക്കുള്ള സമയങ്ങളെക്കുറിച്ചു് ഈ സുവിശേഷകൻ ഒന്നുംതന്നെ പറയുന്നില്ല. അതെല്ലാം മററുള്ള മൂന്നു സുവിശേഷങ്ങളിൽ പറഞ്ഞിട്ടുള്ളതു വായനക്കാർക്കറിയാമെന്നു വിശ്വസിച്ചുകൊണ്ടു് പ്രത്യേകം വിശദമാക്കണമെന്നു വിചാരിക്കുന്ന പ്രധാന സത്യങ്ങളെ ദൃഷ്ടാന്തീകരിക്കുന്നതിനു് ആവശ്യമുള്ള ഏതാനും സംഗതികൾ മാത്രമേ തെരഞ്ഞെടുക്കുന്നുള്ളു. ഈ കാലങ്ങൾക്കിടയ്ക്കു് നമ്മുടെ കർത്താവു് കപ്പർന്നഹോമിൽ നിന്നും സോർ, സീദോൻ എന്നീ പട്ടണങ്ങളുടെ തീരങ്ങളിലേയ്ക്കും, ഫീലിപ്പോസ്സിൻെറ കൈസര്യായിലേയ്ക്കും, മറുരൂപമലയിലേയ്ക്കും പോയി. പിന്നീടു് കർത്താവു് യരുശലേമിലേയ്ക്കു പോകുവാൻ തൻെറ മുഖം തിരിച്ചു. യരുശലേമിലേയ്ക്കുള്ള യാത്രകളിൽ നടന്ന സംഭവങ്ങളെക്കുറിച്ചു് ശ്രു: ലൂക്കോസ് (൯. ൫൧—൧൯. ൨൮.) പ്രതിപാദിക്കുന്നു. ശ്രു. യോഹന്നാൻ യേശുവിൻെറ സന്ദർശനസമയങ്ങളിൽ യറുശലേം പട്ടണത്തിൽ വച്ചുതന്നെ നടന്ന സംഭവങ്ങളെക്കുറിച്ചു പറയുന്നു.

ഈ ഘട്ടം മുതൽ യേശു പ്രധാനമായി തൻെറ ശിഷ്യന്മാരോടുള്ള പെരുമാററങ്ങളെ ആണ് വണ്ണിച്ചിരിക്കുന്നതു്. ഒന്നു മുതൽ ആറുവരേയുള്ള അദ്ധ്യായങ്ങളിൽ വിശ്വാസത്തിൻെറ ക്രമാഗതമായ അഭിവൃദ്ധിയും, ഏഴു മുതൽ പന്ത്രണ്ടുവരേയുള്ള അദ്ധ്യായങ്ങളിൽ അവിശ്വാസത്തിൻെറ വർദ്ധനവും കാണപ്പെടുന്നു. ൭-ാം അദ്ധ്യായം മൂന്നു ഭാഗങ്ങളായിട്ടാണ്. ഈ മൂന്ന് അംശങ്ങളുടേയും കേന്ദ്രസ്ഥാനം കൂടാരപ്പെരുനാൾ ആകുന്നു. ൧—൧൩. പെരുനാളിനു മുമ്പു്, ൧൪—൩൬. പെരുനാളിനു ഇടയ്ക്കു്, ൩൭—൫൨. പെരുനാളിൻെറ അവസാനഘട്ടം.

ഈ അദ്ധ്യായത്തിലുള്ള സംവാദം ൫-ാം അദ്ധ്യായത്തിലുള്ള സംഭവങ്ങളോടു ഘടിപ്പിക്കാവുന്നതാണ്. ഇതുപോലെ തന്നെ ആറാം അദ്ധ്യായം നാലാം അദ്ധ്യായത്തോടു ബന്ധിച്ചിരിക്കയാണ്. ഈ സുവിശേഷത്തിലുള്ളതിലേയ്ക്കും ഏററവും സംഭവബഹുലമായ അദ്ധ്യായമാണിതു്. കൂടാരപ്പെരുനാൾസമയത്തു് യെരുശലേമിൽ നടപ്പുണ്ടായിരുന്ന സംഭാഷണങ്ങൾ ഏതുതരത്തിലായിരുന്നു എന്നു് ഇതിൽനിന്നും മനസ്സിലാക്കാം. പരദേശികൾ, യഹൂദ്യക്കാർ, ഉദ്യോഗസ്ഥന്മാർ, യഹൂദപ്രമാണികൾ മുതലായ പലരേയും നാമിവിടെ കാണുന്നു. വാദത്തിൽ ഉൾപ്പെട്ടിരിക്കുന്നവർ മിക്കവരും ചില്ലറക്കാര്യങ്ങളെക്കുറിച്ചു കാര്യമായി ശൗനിക്കുന്നതുകൊണ്ടു് അവരുടെ ഈ സംഭാഷണം എല്ലാം നിത്യജീവങ്കലേയ്ക്കുള്ള വിശ്വാസത്തിനു സാഫല്യം വരുത്തുന്നില്ല. ഒരുകൂട്ടക്കാർ യേശുവിൻെറ അതിശയപ്രവൃത്തികളിലും അവൻെറ മനോഹരമായ വാക്കുകളിലും ആധാരമാക്കിക്കൊണ്ടു്

തങ്ങളുടെ വിശ്വാസത്തെ പ്രദർശിപ്പിക്കുന്നു. മറേറക്കൂട്ടർ യേശു ഗലീലയിൽനിന്നു വന്നിട്ടുള്ള കേവലം സാധുവായ ഒരാളായതുകൊണ്ടു് അവനെ വിശ്വസിക്കുന്നതിനു് അവക്കു നിവൃത്തിയില്ല.

ആ സമയത്തു ഹാജരുണ്ടായിരുന്ന ഒരാളുടെ സ്മരണകളാണു് നാം ഇവിടെ വായിക്കുന്നതെന്നു് ഈ ഭാഗം സ്പഷ്ടമാക്കുന്നു.

—(൦)—

൨൭ ൭. ൧—൧൩.

വാ. ൨. കൂടാരപ്പെരുനാൾ (ആവ. ൧൬. ൧൩—൧൫). യിസ്രയേല്യരുടെ വനസഞ്ചാരത്തിൽ അവർ കൂടാരത്തിൽ പാൎത്തതിന്റെ ഓൎമ്മയ്ക്കായി ഒക്ടോബർമാസം ആരംഭത്തിൽ ആചരിച്ചുവന്നതാണു്. ഫലശേഖരപ്പെരുനാൾ എന്നും പറയാറുണ്ടു്. (ലേവ്യ ൨൩. ൩൪, ആവ. ൧൬. ൧൩).

വാ. ൩. നിന്റെ ശിഷ്യന്മാർ—യെരുശലേമിലും മററും തന്റെ നാമത്തിൽ വളരെപ്പേർ വിശ്വസിച്ചിരുന്നു എന്നു് ൨. ൨൩-ൽ കാണുന്നു.

വാ. ൬. എന്റെ സമയം:—ലോകത്തിനു് തന്നെത്തന്നെ കാണിച്ചുകൊടുക്കുന്ന സമയം (൨. ൪. നോക്കുക). നിങ്ങൾക്കോ......,...സമയം തന്നെ=നിങ്ങൾക്കു് ഇഷ്ടമുള്ളപ്പോൾ യെരുശലേമിലേയ്ക്കു പോയി നിങ്ങളെത്തന്നെ കാണിക്കാം.

വാ. ൭. നിങ്ങൾ ലോകസ്വഭാവത്തിനു് എതിരായി നിൽക്കുന്നവരല്ലായ്കയാൽ ലോകത്തിൽ നിന്നു നിങ്ങൾക്കു യാതൊരു എതിർപ്പും ഉണ്ടാകുന്നതല്ല.

(൧. യോഹ. ൩. ൧൨, ൧൩.)

വാ. ൧൩. ആരും പ്രസിദ്ധമായി അവന്റെ ഭാഗം സംസാരിച്ചില്ല:—പരീശരെ ഭയന്നു് അവനെ സ്വീകരിച്ചു പറവാൻ ആൎക്കും ധൈൎയ്യം ഉണ്ടായിരുന്നില്ല.

പാഠങ്ങൾ:—(൧) വെളിച്ചത്തോടു് ഏററവും അടുത്തിരുന്നവർ എത്രയും അധികം കുരുടർ ആയിരുന്നു എന്നുള്ളതു് എന്തുമാത്രം ദുഃഖകരമായ ഒരു സംഗതിയാണു്. (൨) നിന്റെ ഭവനത്തിൽ മാനസാന്തരപ്പെടാത്ത ബന്ധുജനങ്ങളിൽനിന്നുള്ള വൈഷമ്യം നീ അനുഭവിക്കുന്നുണ്ടോ? യേശു കൎത്താവും ഇതേ അനുഭവത്തിൽക്കൂടി കടന്നു എന്നു വിചാരിച്ചു സമാശ്വസിക്കുക തന്നെ. (൩) കൎത്താവിന്റെ ജീവിതം മുഴുവനും പിതാവിന്റെ ഇഷ്ടത്തിന്നു് അധീനമായിരുന്നു.

—(൦)—

൨൮. വാ. ൧൪—൨൪. ശബ്ബത്ത്ലംഘനം.

ഈ ഭാഗം അഞ്ചാം അദ്ധ്യായത്തിൽ ചോദിച്ചിട്ടുള്ള പ്രധാന ചോദ്യത്തെ സംബന്ധിച്ചുള്ളതാണു്. പ്രസ്തുത അദ്ധ്യായത്തിലെ ൩൦-ാംവാക്യത്തിനുശേഷം വരേണ്ടതുമാണു്. ആ സ്ഥാനത്തുനിന്നും മാററി ഇവിടെ ചേൎത്തതായിരിക്കാം. ശബ്ബത്തുലംഘനത്തെക്കുറിച്ചുള്ള പ്രശ്നത്തെ സംബന്ധിച്ചാണു് യേശു ഇവിടെ വ്യവഹരിക്കുന്നതു്. രണ്ടു പ്രമാണങ്ങൾ തമ്മിലുള്ള വിഭിന്നമായ നിലയെ ആധാരമാക്കിക്കൊണ്ടു് യേശു ഇവിടെ മറുപടി പറയുന്നു. ശബ്ബത്തിൽ ഒരുവനെ പരിച്ഛേദന ചെയ്യാമെന്നു മോശ ശബ്ബത്തുപ്രമാണത്തെ ഭേദപ്പെടുത്തിയതുപോലെ

കേവലം പാവപ്പെട്ട ഒരു രോഗിക്കു സുഖം കൊടുക്കു ന്നതിനായി ശബ്ബതിന്റെ പ്രമാണത്തെ ലംഘിക്കുന്നതു കുററമല്ലെന്നു യേശു പറയുന്നു.

വാ. ൧൭. യേശുവിന്റെ പ്രബോധനങ്ങൾ ദൈവത്തിൽനിന്നുള്ളവയാകകൊണ്ടു് ദൈവേഷ്ടം ചെയ്യുന്നവനു മാത്രമേ അതു ഗ്രഹിപ്പാൻ കഴികയുള്ളു.

വാ. ൧൯. യഹൂദന്മാർ ന്യായപ്രമാണത്തെ വളരെ ശ്രേഷ്ഠമായി ഗണിച്ചുവന്നു എങ്കിലും അതിന്റെ ആദ്ധ്യാത്മികവശങ്ങളെ ഗ്രഹിക്കുന്നതിനുള്ള ശക്തിയില്ലാത്തതുകൊണ്ടു് അവർ അതിനെ ലംഘിച്ചു നടന്നു. ന്യായപ്രമാണത്തെ നിവൃത്തിപ്പാൻ വന്ന യേശുവിനെ കൊല്ലുവാൻ അവർ തീർച്ചപ്പെടുത്തി.

വാ. ൨൦. യഹൂദഅധികാരികൾ യേശുവിനെ കൊല്ലുവാൻ നിശ്ചയിച്ചതു് ജനങ്ങൾ അറിഞ്ഞിട്ടില്ലായിരുന്നു.

വാ. ൨൧. ഒരു പ്രവൃത്തി:—എട്ടു മാസങ്ങൾക്കു മുമ്പു് ബെഥസ്ദാകുളത്തിൽവെച്ചു് പക്ഷവാതക്കാരനെ ശബ്ബതിൽ സൌഖ്യമാക്കിയതു്.

വാ. ൨൨; ഉല്പ: ൧൭: ൧൦—൨൭. പുറ. ൪. ൨൪—൨൬ നോക്കുക.

വാ. ൨൩. മുഴുവനും സൗഖ്യമാക്കി:—ചേലാകർമ്മം അല്ലെങ്കിൽ പരിച്ഛേദന ഒരു മനുഷ്യനെ ഒരു അംശത്തിൽ മാത്രം കാർമ്മികമായ ശുദ്ധീകരണം നൽകുന്നുണ്ടു്. അങ്ങിനെയെങ്കിൽ ഒരുവനെ പൂർണ്ണമായി സുഖപ്പെടുത്തുന്നതായ ഒരു കാരുണ്യപ്രവൃത്തി ന്യായപ്രമാണത്തെക്കാൾ എത്രയോ ഉൽകൃഷ്ടമായിട്ടുള്ളതാണു്!

പാഠങ്ങൾ:—ഉപദേശത്തെ പരിശോധിക്ക (വാ ൧൬.). ഉപദേഷ്ടാവിനെ പരിശോധിക്ക (വാ. ൧൮.). നിങ്ങളെത്തന്നെ പരിശോധിക്ക (വാ. ൧൭-൨൪). ദൈവ ഇഷ്ടം ചെയ്വാൻ നാം ഉത്സാഹിക്കുന്നുവെങ്കിൽ നമുക്ക സത്യം കണ്ടെത്താവുന്നതാണ്. ദൈവത്തെ കണ്ടെത്തു ന്നതിന്ന നമ്മുടെ ബുദ്ധിയല്ല ഹൃദയമാണ് കൂടുതൽ ഉപ യോഗിക്കേണ്ടത്. ദൈവത്തെ അറിഞ്ഞു് അവനെ സ്നേ ഹിക്കുന്നതിന്ന് എനിയ്ക്കു വാസ്തവമായ ആഗ്രഹമുണ്ടോ?

—(o)—

൨൯. ൭. ൨൫—൩൬. വാദപ്രതിവാദം.

യഹൂദന്മാരുടെ ഇടയിലുള്ള വാദപ്രതിവാദം. യേശുവിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ. അവൻ ക്രിസ്തു വാണെന്നുള്ളതിനെ സംബന്ധിച്ച ലോകരുടെ അപ വാദങ്ങൾ.

വാ. ൨൭. മശിഹാ പെട്ടെന്ന പ്രത്യക്ഷപ്പെട്ട മെന്നും, പ്രത്യക്ഷപ്പെട്ടപ്പോൾ അവൻ എവിടെനിന്ന വന്ന എന്ന് ആൎക്കും അറിഞ്ഞുകൂടാതിരിക്കുമെന്നും മററു മായിരുന്ന യഹൂദന്മാരുടെ വിശ്വാസം. എന്നാൽ യേശു നസ്രേത്തുകാരനാണെന്ന് അവർ വിചാരിച്ചിരുന്നതു കൊണ്ട് അവൻ മശിഹാസ്ഥാനത്തിനർഹനല്ല എന്നും യഹൂദന്മാർ ആക്ഷേപിച്ചു.

വാ: ൩൨. മഹാപുരോഹിതന്മാരും പരീശ ന്മാരും:—ഈ രണ്ടു കൂട്ടരും ചേൎന്നതാണ് സന്നദ്രിംസം ഘം. യേശുവിന്ന വിരോധമായി ഔദ്യോഗികനിലയിൽ അവർ ഇപ്പോളാണ് നടപടി നടത്തുവാൻ പോകുന്നത്. ഈ സമയത്തു മഹാപുരോഹിതന്മാർ സദ്ദൂക്യർ ആയി

ദുന്നു. എന്നാൽ സദൃക്യരെന്നുള്ള പാദം ഈ സുവിശേഷത്തിൽ കാണ്മാനില്ല.

വാ. ൩൩. കുറെ നേരം:—ഭാവിയിലുള്ള ആറു മാസക്കാലത്തെ സൂചിപ്പിക്കുന്നു.

വാ. ൩൪. ഞാൻ ഇരിക്കുന്നിടത്തു്:—ഇവിടെ യേശു മരണംമൂലമുള്ള തന്റെ വേർപാടിനെക്കുറിച്ചു മാത്രമല്ല, പിന്നെയോ ദൈവവുമായി തനിക്കുണ്ടായിരുന്ന ഐക്യസഹവാസത്തെപ്പററിയും ആണു സൂചിപ്പിക്കുന്നതു്.

വാ. ൩൫. ചിതറിപ്പാൎക്കുന്നവർ:—നമ്മുടെ ഇടയിൽ ഇവന്റെ പ്രസംഗങ്ങൾ ഫലിക്കാത്തതുകൊണ്ടു മേലാൽ ഇവൻ യവനന്മാരുടെ ഇടയിൽ ചിതറിപ്പാൎക്കുന്നവരുടെ മദ്ധ്യേ പ്രസംഗിപ്പാൻ ഭാവിക്കയാണോ എന്നു് യേശുവിനെ പുച്ഛിച്ചുപറഞ്ഞു. പലസ്തീൻകാരായ യഹൂദന്മാർ ഈ കൂട്ടരെ മിക്കവാറും പുറജാതിക്കാരെന്നപോലെയാണു വിചാരിച്ചുവന്നിരുന്നതു്. (അ. പ്ര. ൬–ാം അദ്ധ്യായം നോക്കുക.). യശ്യാ ൧൧. ൧൧–൧൨ മുതലായ പ്രവചനങ്ങളുടെ കാൎയ്യം യഹൂദന്മാർ അശേഷം വിസ്മരിച്ചുകളഞ്ഞിരുന്നു. ഈ ചിതറിപ്പാൎത്തിരുന്ന യഹൂദന്മാരുടെ ഇടയിൽ ആണു് സുവിശേഷപ്രസംഗം ആദ്യകാലത്തു ശക്തിയായി ഫലിച്ചതു്.

പാഠങ്ങൾ:—(൧) യേശു ആരെന്നുള്ളതിനെക്കുറിച്ചു നീ എന്തു വിചാരിക്കുന്നു? ധാരാളം അറിവുള്ളവരെന്നു ഭാവിക്കുന്നവർ തങ്ങളുടെ അറിവില്ലായ്മയെ പരസ്യമായി കാണിക്കുവാൻ സംഗതി വരുന്നതു് എത്ര പരിതാപകരം ആണു്. നമ്മുടെ ഓൎമ്മകേടുകൊണ്ടു് ക്രിസ്തുവിനെ നഷ്ട

പ്പെടുത്തിയേക്കാം. (൨) യേശുവിന്റെ മറുപടി കുറെ പേൎക്കു പ്രകാശത്തേയും ജീവനേയും നൽകി. എന്നാൽ വേറേ ചിലരിൽ അതു വെറുപ്പുണ്ടാക്കിത്തീൎത്തു.

—(൦)—

൬൦. ൭: ൩൭—൩൯. ദാഹിക്കുന്നവൻ വരട്ടെ.

പെരുനാളിന്റെ അവസാനദിവസത്തിൽ യേശു ചെയ്ത പ്രസംഗത്തിൽ താൻ സാക്ഷാൽ ജീവജലം ആണെന്നു വെളിപ്പെടുത്തുന്നു.

വാ: ൩൭—കൂടാരപ്പെരുനാളിന്റെ ഒടുവിലത്തെ നാളായ എട്ടാംദിവസം അതിഭക്തികരമായ ഒരു സമയമായിരുന്നു. മററുള്ള ഏഴു ദിവസങ്ങളിലും ശിലോഹാം കുളത്തിൽനിന്നും ആചാൎയ്യന്മാർ സാഘോഷം പൊൻകുടങ്ങളിൽ വെള്ളംകോരിക്കൊണ്ടു വന്നു് ദൈവസന്നിധിയിൽ കാഴ്ചയായി വെച്ചു് യാഗപീഠത്തിന്മേൽ കോരി ഒഴിക്ക പതിവായിരുന്നു. ഈ കൎമ്മസമയത്തു് ൧൧൩—൧൧൮ സങ്കീൎത്തനങ്ങൾ പാടുക പതിവായിരുന്നു. പെരുനാളിന്റെ എട്ടാംദിനം വെള്ളം കോരുന്ന ആചാരം നടത്താറില്ലായിരുന്നു. സങ്കീൎത്തനം പാടുക മാത്രമേയുള്ളു. ആ സമയത്തായിരുന്നു കൎത്താവു നിന്നുകൊണ്ടു് ജീവവെള്ളത്തിന്റെ ഉറവു താനാകുന്നുവെന്നും വനത്തിൽ മുൻകുറിയായി കാണിച്ച പാറ താനായിരുന്നുവെന്നും സൂചിപ്പിക്കുന്ന ഈ വാക്കുകൾ പറഞ്ഞതു്.. പുറ: ൧൭. ൧—൭, ൧ കൊരി: ൧൦. ൪; യെശ. ൫൫. ൧ നോക്കുക.

വാ: ൩൮—വിശ്വസിക്കുന്നവൎക്കു ലഭിപ്പാനുള്ള ആത്മാവു്:—ദൈവാത്മാവു് പഴയ നിയമകാലങ്ങളിലും

പ്രവൎത്തിച്ചുകൊണ്ടിരുന്നു. എന്നാൽ ക്രിസ്തീയസഭയിൽ ശക്തിയോടുകൂടിയുള്ള തന്റെ പ്രത്യേകവെളിപാടുകളിൽ ആത്മാവു് ഉയൎത്തെഴുന്നേററു് തേജസ്കരിക്കപ്പെട്ട ക്രിസ്തുവിന്റെ ദാനമായും സാക്ഷ്യമായും ഗണിക്കപ്പെടേണ്ടതാണു്. നിറഞ്ഞതും പരിപൂൎണ്ണമായതുമായ കൃപയുടെ ഒഴുക്കു് പെന്തക്കോസ്തിൻ ശക്തിയേറിയ ദാനത്തിനു പിൻപുമാത്രമേ ഉണ്ടാകാൻ കഴികയുള്ളൂ. (സങ്കീ: ൬൮. ൧൮, എഫേ: ൪. ൮. തുലനംചെയ്ക.)

വാ. ൪൨. ബേത്ലഹേം:—മീഖ. ൫: ൨-ൽ അധിപതിയായി വരുന്നവൻ ദാവീദിന്റെ സന്തതിയിൽ ഉള്ളവനായിരിക്കുമെന്നു മാത്രമല്ല, ബേത്ലഹേമിൽതന്നെ ജനിക്കേണ്ടവനും ആണെന്നു സൂചിപ്പിച്ചിരിക്കുന്നു. യേശു ബേത്ലഹേമിൽ ജനിച്ചുവെങ്കിലും ഗലീലയിലെ നസറേത്തുകാരൻ എന്നപോലെ ആണു സഞ്ചരിച്ചിരുന്നതു്.

വാ: ൪൯. ന്യായപ്രമാണം അറിയാത്തവർ:—ശ്രേഷ്ഠജ്ഞാനികളെന്നു് അഹങ്കാരമുള്ള പരീശന്മാർ സാധാരണ ജനങ്ങളെ ഇങ്ങനെ ആക്ഷേപിക്കുന്നതു പതിവാണു്.

ശപിക്കപ്പെട്ടവർ:—യെരുശലേംകാരായ മാടമ്പിമാരുടെ സ്വഭാവം ഇതുതന്നെയാണു്. ഒരു വലിയ ഉപദേഷ്ടാവായ ഹില്ലേൽറബ്ബി പുരുഷാരത്തിൽ ആരുംതന്നെ ഭക്തിയുള്ളവരല്ല എന്നു പറക പതിവായിരുന്നു. ഇപ്രകാരമുള്ള ധിക്കാരം ഹേതുവായിട്ടാണു് യേശു ആരെന്നു മനസ്സിലാക്കുവാൻ അവൎക്കു സാധിക്കാഞ്ഞതു്.

വാ. ൫൦. നിക്കോദെമോസ്:—ഈ ഭീരുവായ ശിഷ്യൻ ഇപ്പോൾ സ്വല്പം ധൈൎയ്യത്തോടുകൂടെ മുമ്പോട്ടു

കടന്നുവന്നിരിക്കുന്നതായി കാണുന്നു. ന്യായപ്രമാണം ആധാരമാക്കി, കൎത്താവിന്റെ ഭാഗംപിടിച്ചു് ഒരുവിധം തുറന്നു സംസാരിക്കുന്നു.

൪൮-ാംവാക്യത്തിൽ പ്രമാണികളിലും പരീശന്മാരിലും ആരും വിശ്വസിച്ചിട്ടില്ല എന്നു് പരീശന്മാർ പറഞ്ഞതു് അത്ര ശരിയല്ലെന്നു് ഈ ഭാഗം തെളിയിക്കുന്നു. യായിറോസ്, അരിമത്ത്യക്കാരനായ യോസേപ്പ്, നിക്കോദെമോസ് മുതലായവർ, ഭയംകൊണ്ടു പരസ്യമായി യേശുവിനെ ഏററുപറഞ്ഞില്ല എന്നേയുള്ളൂ.

വാ. ൫൨. നീയും ഗലീലക്കാരോടു ചേൎന്നുവോ എന്നാക്ഷേപിച്ചു ചോദിക്കുന്നു.

ഗലീലയിൽ നിന്നും പ്രവാചകൻ എഴുന്നേൽക്കുന്നില്ലല്ലോ. ഇതു ശരിയല്ല. യോന, നാഹും എന്നീ പ്രവാചകന്മാർ ഗലീലക്കാരായിരുന്നു. ഒരു പക്ഷേ, ആവ: വ്യ. ൧൫-ലെ ശ്രേഷ്ഠപ്രവാചകനെയാണു് അവർ ഉദ്ദേശിച്ചിരുന്നതെങ്കിൽ അദ്ദേഹത്തിന്റെ ഉത്ഭവത്തെ സ്പഷ്ടമാക്കുന്നതിനുള്ള യാതൊരു വിവരവും പാരമ്പൎയ്യങ്ങളിൽ ഇല്ലായിരുന്നു. അവർ ഒരു പക്ഷേ ജാതികളുടെ ഗലീലയെക്കുറിച്ചു വിചാരിച്ചുകാണണം (മത്താ. ൪. ൧൫). അവിടേയ്ക്കാണു് യേശു മഹാതാഴ്മയോടുകൂടെ വന്നതു്. യെരുശലേം മാത്രമേ മാൎഗ്ഗത്തിന്റെ കേന്ദ്രസ്ഥാനമായിരുന്നുള്ളൂ എന്നും, പ്രവാചകന്റെ മാഹാത്മ്യത്തെക്കുറിച്ചു ഖണ്ഡിതമായി തീൎച്ചപ്പെടുത്തുന്നതിനു സാമൎത്ഥ്യമുള്ളവർ യെരുശലേമിലുള്ള യഹൂദപൌരന്മാരായിരുന്നുവെന്നുമാണു് അവർ വിചാരിച്ചതു്.

——(൦)——

അദ്ധ്യായം ൮.

സൂചന.

ഈ ഭാഗം (യോ. ൭. ൫൩—൮. ൧൧) ആദ്യമായി എഴുതപ്പെട്ട യോഹന്നാൻെറ സുവിശേഷത്തിൽ ഉള്ള ഒരു ഭാഗമല്ല എന്നു മിക്കവാറും നിശ്ചയമായിത്തന്നെ പറയാം. (൧) ഇതു് യോഹ. ൭. ൫ ൨; ൮. ൧൨. ഇവ തമ്മിലുള്ള ആശയത്തിൻെറ യഥാക്രമരീതിയെ ഇല്ലാതാക്കുന്നു. (൨) ഇതു് ഈ സുവിശേഷത്തിൻെറ ശിഷ്ടമുള്ള ഭാഗത്തിൻെറ ഭാഷാരീതിയിൽ നിന്നും വളരെ വ്യത്യസ്തപ്പെട്ടു കാണുന്നു. (൩) ഏററവും പുരാതനവും വളരെ നല്ലതുമായ കൈയെഴുത്തുപ്രതികളിൽ മിക്കതിലും ഇതു കാണുന്നില്ല. എന്നാൽ അപൂർവ്വം ചിലതിൽ കാണുന്നതു് ലൂക്കോസ് ൨൧-ാം അദ്ധ്യായത്തിൻെറ പിന്നാലെ എന്നപോലെ ഈ സുവിശേഷത്തിൽ കൂട്ടിച്ചേർത്തിരിക്കയാണു്. നാലാം നൂററാണ്ടിൻെറ അവസാനത്തിനു മുമ്പു് യാതൊരു സഭാപിതാക്കന്മാരും ഇതിനെപ്പററി ഒന്നുംതന്നെ പറയുന്നില്ല. ഇതിൻെറ സ്വഭാവം നോക്കിയാൽ ഉത്തമവിശ്വാസമായ ഒരു രൂപം ഇതിൽ വെളിപ്പെടുന്നുണ്ടു്. പുരാതന കാലത്തുള്ള യഥാൎത്ഥപാരമ്പര്യങ്ങളുടെ ഒരു അവശേഷം ആണു് ഇതെന്നുള്ളതിനു തൎക്കമില്ല. ഏ. ഡി. ൧൩൦-ൽ ജീവിച്ചിരുന്ന പെപ്പ്യാസ് എബ്രായൎക്കുള്ള സുവിശേഷം എന്ന ഗ്രന്ഥത്തിൽ നിന്നും ഈ ഭാഗം കണ്ടുപിടിച്ചു സൂക്ഷിച്ചതായിട്ടാണു് ചിലർ അഭിപ്രായപ്പെടുന്നതു്. ൮-൧൫-ൻെറ ഒരു വ്യാഖ്യാനമായി ചൎമ്മലിഖിതത്തിൻെറ മാർജനിൽ

(Margin) എഴുതിയിരുന്നതിനെ ആരോ തെററായി പിന്നീട്ട് പകൎത്തിച്ചേൎത്തതായിരിക്കാം എന്നും ചിലർ പറയുന്നു.

—(੦)—

൩൯. വ്യ. ൧—൧൧. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ.

വാ. ൬. പരീക്ഷിച്ചുകൊണ്ട്:—പാപികളോട്ട ദയവുള്ളവനെന്ന് തന്നെക്കുറിച്ച് ജനങ്ങൾ അറിഞ്ഞിരുന്നതുകൊണ്ട് ദയവുള്ളവനായിരിപ്പാൻ കൎത്താവ് നിൎബ്ബന്ധിക്കപ്പെട്ടമെന്നും അങ്ങിനെ ന്യായപ്രമാണത്തെ താൻ നിസ്സാരമാക്കിയേക്കും എന്നും അവർ വിചാരിച്ചു. എന്നാൽ ന്യായപ്രമാണത്തെ അനുസരിച്ച് അവളെ കല്ലെറിഞ്ഞാൽ റോമാച്ചട്ടത്തിനു വിപരീതവുമാണ്. ജീവൻേറയും മരണത്തിൻേറയും അധികാരം ചട്ടപ്രകാരം റോമാക്കാരായ അധികാരികളുടെ കൈയിൽത്തന്നെയായിരുന്നു.

എഴുതി:—(യിരെ. ൧൭, ൧൩). ഈ ഒരു സ്ഥലത്തു മാത്രമേ കൎത്താവ് എന്തെങ്കിലും എഴുതിയിട്ടുള്ളതായി കാണുന്നുള്ളൂ. പരീശന്മാരുടെ പാപങ്ങളെയാണ് താൻ എഴുതിക്കൊണ്ടിരുന്നതെന്നു ചില ലിഖിതങ്ങളിൽ പറഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള തൎക്കങ്ങളിൽ ഇടപെടുവാൻ കൎത്താവ് പലപ്പോഴും വിസമ്മതം പ്രദൎശിപ്പിച്ചുവന്നു. (മത്താ. ൨൨. ൨൧, ലൂക്കോസ് ൧൨. ൧൩—൧൫, യോഹ. ൧൮. ൩൬). ഒരു കാൎയ്യത്തിൽ ഇടപെടുവാൻ മനസ്സില്ലെന്നു കാണിക്കുന്നതിലേയ്ക്കുള്ള പണ്ടത്തെ ഒരു അടയാളമായിരുന്നു ഇതെന്നും പറയാറുണ്ട്.

വാ: ൰. പാപമില്ലാത്തവൻ:—അതായതു്, ഈ പാപമില്ലാത്തവൻ=ഈ പാപകൃത്യം മാത്രമല്ല, അതിലേയ്ക്കുള്ള ചായ്‌വ് ഉണ്ടായിട്ടില്ലാത്തവർ. ഓരോ മനുഷ്യൻേറയും മനസ്സാക്ഷിയോടാകുന്ന കർത്താവു് ഇവിടെ ചോദ്യം ചെയ്യുന്നതു്. (മത്താ. ൭. ൧—൫ നോക്കുക).

വാ. ൧൧. ഞാനും നിന്നെ ശിക്ഷ വിധിക്കുന്നില്ല:—കുററത്തെ യേശു ലഘുവായി ഗണിക്കയല്ല, ശിക്ഷ വിധിക്കുന്നതിനു തനിക്കു് അധികാരമുണ്ടായിരുന്നു എങ്കിലും തൻെറ ഉദ്ദേശ്യം ഈ സ്ത്രീയെ അനുതാപത്തിങ്കലേയ്ക്കു കൊണ്ടുവന്നു് അവളെ ശരിയായ പാതയിൽ നയിപ്പിക്കണമെന്നായിരുന്നു.

പാഠങ്ങൾ:—(൧) ക്രിസ്തു ന്യായപ്രമാണത്തെ കുററപ്പെടുത്തുകയോ, കുററത്തിൽ പിടിക്കപ്പെട്ട ആളിൻെറ തെററിനെ നിസ്സാരമായി ഗണിക്കയോ ചെയ്തില്ല. പരീശന്മാരുടെ ബാഹ്യമായ തീക്ഷ്ണതയെ താൻ അനുകൂലിക്കുന്നതായും കാണുന്നില്ല. ആ സ്ത്രീക്കു് തൻെറ കരുണയും അവളെ പിടിച്ചുകൊണ്ടുവന്നവൎക്കു് അവരുടെ പാപങ്ങളേയും പ്രത്യക്ഷമായി കാണിച്ചിട്ടു് അങ്ങിനെ അവളിൽ അനുതാപത്തെ ജനിപ്പിക്കണമെന്നായിരുന്നു തൻ്റെ ഉദ്ദേശ്യം. (൨) നമ്മുടെ കഴിഞ്ഞ കാലത്തെ പാപങ്ങളെ കർത്താവു ക്ഷമിച്ചിരിക്കുന്നതു മൂലം നാം മേലാൽ പാപം ചെയ്യാതിരിപ്പാൻ നിർബ്ബന്ധിതരാകുന്നു.

———

പീഠിക:—യേശു സാക്ഷാൽ ജ്ഞാനജ്യോതിസ്സാണു്. അവൻെറ പ്രബോധനങ്ങൾ യഥാൎത്ഥമായിട്ടുള്ളവയത്രേ. പരീശന്മാർ യേശുവിൻെറ ഉപദേശങ്ങളെ നിഷേധിച്ചു. അതിനാൽ അവിടുന്നു തൻെറ അധി

കാരത്തെ എടുത്തു കാണിച്ചു. യേശു കർത്താവ് തന്നെ ത്തന്നെ അറിയുന്നതുകൊണ്ട് അവിടുത്തെ സാക്ഷ്യം സത്യമാണ്. പിതാവും കൂടി സാക്ഷ്യം പറയുന്നു. യഹൂദന്മാരാകട്ടെ, അവനെയും അവൻെറ പിതാവിനെയും അറിയാതിരുന്നതുകൊണ്ട് അവൻെറ ഉപദേശങ്ങളെ അംഗീകരിച്ചില്ല.

പെരുനാളിൽ വളരെ മെഴുകുതിരികൾ കൊളുത്തി ദേവാലയത്തിൽ വെച്ചിരുന്നതിൻെറ വെളിച്ചം പട്ടണത്തിൽ വളരെ ദൂരെ കാണാമായിരുന്നു. ഇതു മരുഭൂമിയിൽക്കൂടി ഇസ്രയേൽ മക്കളെ വഴി നടത്തിയ അഗ്നിത്തൂണിനെ സൂചിപ്പിക്കുന്ന എന്നു തോന്നും. (പുറ. ൧൩. ൨൧, ൨൨.) ആ വെളിച്ചം ഇസ്രയേലിനു മാത്രം പ്രകാശിച്ചതും നിലനിൽക്കാത്തതും ആയിരുന്നു. എന്നാൽ ഇപ്പൊഴോ, സാക്ഷാൽ വെളിച്ചം ലോകത്തെ മുഴുവനും പ്രകാശിപ്പിക്കുന്നതിനായി വന്നിരിക്കുന്നു. ഈ അദ്ധ്യായത്തിലുള്ള മിക്ക വിഷയങ്ങളും ഇതിനു മുമ്പുതന്നെ നമുക്കു സുപരിചിതങ്ങളാണ്. എന്നാൽ ഒന്നു രണ്ടു പുതിയ സംഗതികളുള്ളവയെപ്പററി നമുക്കു ചിന്തിക്കാം. ഈ അദ്ധ്യായത്തിലെ പ്രധാന വാക്കുകൾ വെളിച്ചം, സ്വാതന്ത്ര്യം, ജീവൻ എന്നിവയാണ്. ഇവയുടെ എതിരായുള്ളവ എന്തെന്നാൽ അന്ധകാരം, അടിമത്ത്വം, മരണം എന്നിവയത്രേ. ഇവ ഓരോന്നും പാപവുമായിട്ടു വളരെ സംബന്ധമുള്ളതാണ്. പാപം എന്നുള്ള പദം ൧. ൨൯-ാംവാക്യത്തിനു ശേഷം ഇപ്പോൾ മാത്രമേ പ്രയോഗിച്ചുകാണുന്നുള്ളൂ.

——(൦)——

൩൨. വ്യ. ൧൨—൩൦. ജ്ഞാനജ്യോതിസ്സ് കൎത്താവായ യേശുക്രിസ്തുവാണ്.

വാ. ൧൨. ലോകത്തിൻെറ വെളിച്ചം:—൧, ൪, ൭ അദ്ധ്യായങ്ങളിലും, ലൂക്കോ. ൨. ൩൨-ലും നോക്കുക. ജീവൻെറ വെളിച്ചം 'ജീവനെ പ്രകാശിപ്പിക്കുന്ന വെളിച്ചം' എന്നല്ല, സാക്ഷാൽ ജീവനെ അവകാശമാക്കിയിരിക്കുന്നതിനാൽ ഉണ്ടാകുന്ന വെളിച്ചം എന്നത്രേ. അന്ധകാരം=അറിവില്ലായ്മ, പാപം, മരണം. സത്യവെളിച്ചത്തിൽ വിശ്വസിക്കുന്ന മനുഷ്യർ ഈ വകയെല്ലാം ജയിച്ചിരിക്കുന്നു.

വാ. ൧൪. ഞാൻ എവിടെനിന്നു വന്നു എന്നും മററും:—സാധാരണ മനുഷ്യർ അവരുടെ ജനനവും ഉത്ഭവവും അറിവാൻ മററു സാക്ഷികളെ ആശ്രയിക്കുന്നു. അവരുടെ ഭാവിയെപ്പററി തങ്ങൾക്ക് യാതൊരു അറിവും ഇല്ല. യേശുവിനു മാത്രമേ ദൈവത്തെക്കുറിച്ചുള്ള ശരിയായ അറിവിൻവെളിച്ചം നൽകുന്നതിനു് അധികാരമുള്ളു.

വാ. ൧൫. ജഡപ്രകാരം വിധിക്കുന്നു:—യോഹ ൩. ൧൭; ൫. ൨൭ നോക്കുക. കൎത്താവു വന്നതു് മനുഷ്യവൎഗ്ഗത്തോടുള്ള സ്നേഹത്താൽ പ്രേരിപ്പിക്കപ്പെട്ടും മനുഷ്യവൎഗ്ഗത്തിൻെറ രക്ഷയ്ക്കായും ആണ്. എങ്കിലും ന്യായവിധി എല്ലാ സമയവും നടന്നുകൊണ്ടിരിക്കുന്നു. അവനോടുള്ള മനുഷ്യരുടെ നില അനുസരിച്ചു് അവർ തങ്ങളുടെ മേൽ ന്യായവിധി നടത്തുന്നു.

വാ: ൧൯. അവൻ ദൈവത്തെ പററിയാണ് സംസാരിക്കുന്നതു് എന്നു യഹൂദന്മാൎക്കു മനസ്സിലാകുന്നുവെ

ങ്കിലും കോടതിയിലെപ്പോലെ സാക്ഷികളെ കൊണ്ടുവര ണമെന്നു ദോഷതപമായി അവർ ആവശ്യപ്പെടുന്നു.

നിങ്ങൾ എന്നെ ആകട്ടെ...അറിയുന്നില്ല:—ഇതു് ൭. ൨൮-ൽ പറഞ്ഞതിനു വിപരീതമായി തോന്നിയേക്കാം. 'നിങ്ങൾ എന്നെ അറിയുന്നു' എന്നു് അവൻ അവിടെ സമ്മതിക്കുന്നു. പക്ഷെ ഇന്നാരെന്നു ശരിയായ ജ്ഞാനമില്ല.

വാ. ൨൧. നിങ്ങളുടെപാപത്തിൽ:—ഇതു് ൨൪-ാം വാക്യത്തിൽ കാണുന്ന "നിങ്ങളുടെ പാപങ്ങളിൽ" എന്നതിനോടു താരതമ്യപ്പെടുത്തുക. ദൈവത്താൽ അയയ്ക്കപ്പെട്ടവനെ സ്വീകരിക്കുവാൻ സമ്മതമില്ല എന്നുള്ള മൊത്തമായ ഒരു പാപമെന്ന അർത്ഥമാണു് ഇവിടെ കാണുന്നതു്. ക്രിസ്തുമൂലമുള്ള പാപമോചനത്തിനു ഹേതുവാകുന്ന താഴ്മയും ദൈവാശ്രയവും അസാദ്ധ്യമാക്കിത്തീർക്കുന്നതു് ഇതുതന്നെയായിരുന്നു.

വാ. ൨൨. "നാം സ്വർഗ്ഗത്തിലേയ്ക്കു പോകുന്നു." "ആത്മഹത്യ ചെയ്യുന്നവരുടെ ഭവനമായ ഗെഹന്നായിലേയ്ക്കാണോ അവൻ പോകുന്നതു്? (ജോസിഫ്സ്) അവനെ അവിടെ കണ്ടെത്തുവാൻ നാം നിശ്ചയമായും ആഗ്രഹിക്കരുതു്."

വാ. ൨൩. കീഴിൽ.. ഈ ലോകത്തിൽ ക്രിസ്തുവും മനുഷ്യനായിരുന്നതുകൊണ്ടു്, "ദൈവീക"മെന്നുള്ളതിനു വ്യത്യസ്തമായ "മാനുഷികം" ഉള്ളവനായിരുന്നു. എന്നാൽ ഇവിടെ അതു മാത്രമല്ല, ആ ജനങ്ങൾ സത്യജീവനെ ലഭ്യമാക്കുവാൻ കഴിയാതവണ്ണം ലൌകികമായ കാര്യങ്ങളിൽ ചിന്ത ഉറപ്പിച്ചവരായിരുന്നു.

വാ. ൨൭. അതുപോലും:—ഗ്രീക്കുഭാഷയിൽ പ്രയാസമേറിയ ചില വാക്കുകളാണിത്. "എന്റെ വചനം കേൾക്കാൻ പോലും നിങ്ങൾക്കു യോഗ്യതയില്ലാത്ത സ്ഥിതിക്കു ഞാൻ ആരാണെന്നു എങ്ങിനെ ഗ്രഹിക്കും?" (ക്രിസോസ്റ്റം).

വാ. ൨൬. സത്യവാൻ:—തന്റെ വാഗ്ദത്തങ്ങൾക്കും, കരുണയേറിയ ഉദ്ദേശ്യങ്ങൾക്കും സത്യവാൻ. ജയത്തേയോ, തോൽവിയേയോ ഗണ്യമാക്കാതെ പിതാവിന്റെ ഹിതപ്രകാരം യേശു തന്റെ ജോലിയെ തുടൎന്നുകൊണ്ടു പോകേണ്ടതാണു്.

വാ. ൨൭. അവർ കേവലം ലൌകികമായ ഒരു രക്ഷിതാവിനെപ്പററി ചിന്തിച്ചുകൊണ്ടിരുന്നില്ലെങ്കിൽ പിതാവിനെപ്പററി ഇത്ര ലളിതമായി പറഞ്ഞതു് യഹൂദന്മാൎക്കു മനസ്സിലാകുമായിരുന്നു.

വാ. ൩൦. പലരും അവനിൽ വിശ്വസിച്ചു:—ഇതു പൂൎണ്ണമായൊരു വിശ്വാസമല്ലായിരുന്നുവെന്നു പിന്നാലേ കാണാം. ആ സമയത്തു് അതു പരമാൎത്ഥമായിട്ടുള്ളതായിരുന്നു. ക്രിസ്തു സത്യവാനും ദൈവത്തിന്റെ അടുക്കൽ നിന്നു വന്നവനും എന്ന വാസ്തവമായ വിശ്വാസമത്രേ. എന്നാൽ ഇതിൽ സ്ഥിരപ്പെട്ടു് തൽഫലമായി ക്രിസ്തുവിനോടുള്ള അടുത്ത സംസൎഗ്ഗത്തിലേയ്ക്കു് അവരെ നയിക്കുന്ന ശക്തി അവരുടെ വിശ്വാസത്തിൽ ഇല്ലായിരുന്നു. അപ്പോസ്തലന്മാർ മാത്രമേ ഒടുവിൽ ഈ സംസൎഗ്ഗത്തിൽ ഭാഗഭാക്കുകളായുള്ളു. വിശ്വാസം വളരെ കുറവായിരുന്നിട്ടും വളരെ

ഉണ്ടെന്നു നടിച്ചു് അവർ പിന്മാറിയതു് അടുത്ത സംഭാഷണംകൊണ്ടു് നമുക്കു മനസ്സിലാകുന്നു.

പാഠങ്ങൾ:—ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നു പറഞ്ഞ കർത്താവു് "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്നു നമ്മോടും പറയുന്നു. ലോകത്തിന്റെ അന്ധകാരത്തെ പ്രകാശിപ്പിക്കത്തക്കവണ്ണം നമ്മെ ആക്കിവെച്ചിരിക്കുന്ന സ്ഥാനങ്ങളിൽ നാം തേജഃപുഞ്ജങ്ങളായിട്ടാണോ ഇരിക്കുന്നതു് എന്നു ചിന്തിക്കുക.

—(o)—

൯൯. വ്യ. ൯൧—൪൦. വിശ്വസിച്ചവരുമായുള്ള വാദപ്രതിവാദം. സ്വാതന്ത്ര്യവും ദൈവപുത്രത്വവും.

കേൾവിക്കാരെ അപമാനിക്കാനും ദുഃഖിപ്പിക്കാനും ക്രിസ്തു നിശ്ചയിച്ചതുപോലെ ഈ ഭാഗത്തു നിന്നും തോന്നിയേക്കാം. നാം അവനിൽ ആശിക്കുന്ന ശാന്തതയ്ക്കും ആർദ്രതയ്ക്കും നേരെ വിപരീതമായ ഗൌരവത്തോടും നീരസത്തോടും കൂടെയാണു് അവൻ ഇവിടെ സംസാരിക്കുന്നതു്. ഏതുപ്രകാരമെങ്കിലും തന്റെ പിൻഗാമികളുടെ കൂട്ടത്തിൽ നിന്നു് സ്വരാജ്യപരമായ ആദർശങ്ങളേയും പക്ഷപാതങ്ങളേയും ഇല്ലാതാക്കുവാൻ വിസമ്മതിച്ചവരെ വേർതിരിക്കേണ്ടതു് അത്യന്താപേക്ഷിതമായിരുന്നു.

ക്രിസ്തുവിനെ അനുഗമിക്കണമെങ്കിൽ ആന്തരികമായ നീതിയും ആത്മപരിത്യാഗവും ആവശ്യമാണു്. അല്ലാതെ, ഉയന്ന ജാതിയിലോ വർഗ്ഗത്തിലോ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടു മതിയാകയില്ല. ക്രിസ്തുവിനെ അനുഗമിക്കു

നാവക്ക് അബ്രാഹാമിൽ ഉണ്ടായിരുന്നതുപോലുള്ള വി ശ്വാസവും വിനയവും ആവശ്യമുണ്ട്. കേവലം അബ്രഹാമിൻെറ സന്തതി എന്ന പറഞ്ഞതുകൊണ്ട മതിയാകയില്ല. യഹൂദന്മാരുടെ നിഗളവും ഹൃദയകാഠിന്യവും നോക്കിയാൽ അബ്രാഹാമിൻെറ സന്തതി എന്ന പറയുവാൻ ന്യായമില്ലതന്നെ. ക്രിസ്തുവിൻെറ രാജ്യം നിത്യജീവൻെറ രാജ്യമാണ്. ഈ രാജ്യത്തിന്നായിട്ടാണ് അബ്രാഹാം പ്രതീക്ഷിച്ചിരുന്നത്. എന്നാൽ അബ്രാഹാം വഴിയായിട്ടോ ക്രിസ്തുവിനെക്കൂടാതെയോ ഈ പ്രത്യാശ സാധിക്കാവുന്നതല്ല.

വാ. ൩൨. ഇവിടെ സത്യം എന്നുവച്ചാൽ യാഥാർത്ഥ്യം എന്നത്രേ. ഇതിൻെറ എതിരാണ് പാപം. അതിന് ഒട്ടും യാഥാർത്ഥ്യമില്ല. ദൈവത്തിന്റെ നിത്യരാജ്യത്തിൽ പാപത്തിന്ന സ്ഥാനമില്ല. ജ്ഞാനികൾക്ക മാത്രമേ സ്വാതന്ത്ര്യം ലഭിക്കയുള്ളൂ എന്നും മററുള്ളവരെല്ലാം ആത്മനിർവൃതി പ്രാപിക്കാതെ അജ്ഞാനത്തിലും അടിമത്വത്തിലും കിടന്ന് ഉഴലേണ്ടിവരുമെന്നും ഗ്രീക്കതത്വജ്ഞാനികൾ വിചാരിച്ചുവന്നു. ജ്ഞാനം മോക്ഷസാധകമെന്നും സാക്ഷാൽ ജ്ഞാനി മാത്രമേ മുമുക്ഷു ആകുന്നുള്ളൂ എന്നുമാണ് ഇവരുടെ മതം.

വാ. ൩൩. ദാസന്മാരായിരുന്നിട്ടില്ല:—യഹൂദജാതി ബാബിലോൺ, അസ്സിറിയാ, റോമ എന്നീ കോയ്മകൾക്ക കീഴടങ്ങി അടിമപ്പെട്ടിരുന്ന എങ്കിലും ഇപ്പോൾ അതെല്ലാം മറന്നിട്ട് തങ്ങൾ ആരുടേയും അടിമകളായി ജീവിച്ചിട്ടില്ല എന്ന ഗവ്വോട്ടുകൂടി പറയുന്നു,

വാ. ൩൫. ദാസൻ വീട്ടിൽ വസിക്കുന്നില്ല:—റോമാക്കാരുടെ ഇടയിൽ ദാസന്മാരെ ഏതു സമയത്തും വിററുകളയാമെന്നുണ്ടായിരുന്നു. എന്നാൽ ഒരിക്കൽ സ്വാതന്ത്ര്യം കിട്ടിയാൽ മുമ്പിലത്തെ ഉടമസ്ഥന്മാരുടെ ഭവനവുമായി എല്ലായ്പോഴും ഒരു യഥാൎത്ഥസംബന്ധമുണ്ടായിരുന്നു. യഹൂദന്മാർ തങ്ങരം ദൈവകുടുംബത്തിലെ അംഗങ്ങളാണെന്നും, അതിനാൽ സകല ഐശ്വൎയ്യങ്ങൾക്കും ഭാഗ്യങ്ങൾക്കും അവകാശികളാണെന്നും ഗൎവ്വോട്ടുകൂടി പറയുക പതിവാണു്.

വാ. ൩൯. etc. ജഡപ്രകാരം അവർ അബ്രാഹാമിന്റെ വംശക്കാരും സന്തതികളുമാണു്. ഓരോരുത്തരും വംശത്തിനനുസരണമായ പ്രവൃത്തിയാണു ചെയ്യു. അബ്രാഹമിന്നടുത്ത പ്രവൃത്തികൾ ചെയ്യാത്തവർ അബ്രാഹാമിന്റെ സന്തതികൾ എന്നു പറഞ്ഞുകൂടാത്തതാണു്. അതിനാൽ ഇവർ അന്യവംശക്കാരാണു്.

വാ. ൪൪. യഹൂദന്മാർ:—ക്രിസ്തുവിനെ മനസ്സിലാക്കി അവനെ ബഹുമാനിക്കാതിരുന്നതുകൊണ്ടും, അവനെ കൊല്ലണമെന്നുദ്ദേശിച്ചതുകൊണ്ടും ദൈവത്തിന്റെ പുത്രന്മാർ എന്ന അഭിധാനത്തിനു് അവൎക്കു യാതൊരു യോഗ്യതയും ഇല്ലെന്നു തെളിയിച്ചിരിക്കുന്നു. അവർ സകലത്തിലും അവനോടു് എതിരായിരിക്കുന്നതിനാൽ അവർ ദൈവത്തിന്റെ ശത്രുവായ സാത്താന്റെ മക്കളാകുന്നു. "കൊലപാതകൻ" എന്ന പദം ഹാബേലിന്റെ കൊലപാതകത്തെ അല്ല, ഉല്പത്തി ൩-ൽ കാണുന്ന മനുഷ്യന്റെ വീഴ്ചയെയാണു സൂചിപ്പിക്കുന്നതു്. ആ സംഭവത്തിൽ പിശാചു് ഒരു കള്ളനാണെന്നു് തന്നെത്താൻ

തെളിവായി കാണിച്ചുകൊടുത്തു. ഈ വാക്യത്തിൻെറ ഒടുവിലത്തെ ഭാഗം വേറൊരുവിധത്തിൽ തർജ്ജിമ ചെയ്യാം. അതായതു് "ഒരു മനുഷ്യൻ ഒരു കള്ളം പറയുമ്പോഠം തന്റെ സ്വന്തത്തെക്കുറിച്ചു് അവൻ പറയുന്നു. അതായതു് അവൻ തൻെറ വംശപാരമ്പര്യത്തെ പ്രത്യക്ഷപ്പെടുത്തുന്നു. കാരണം, അവൻെറ പിതാവും (പിശാചു്) ഒരു കള്ളനാകുന്നു."

വാ. ൪൬. ക്രിസ്തുവിൻെറ പാപമില്ലായ്മ എന്നുള്ളതു് താൻ മാത്രമല്ല, തൻെറ അടുത്ത ശിഷ്യന്മാരും പറയുന്നുണ്ടു്. ൬. ൬൧; ൧ പത്രോസ്സ് ൨. ൨൨; യോഹ: ൩: ൫ നോക്കുക.

വാ. ൪൭. നിങ്ങഠം ദൈവസന്തതി അല്ലായ്കകൊണ്ടു്:—യഹൂദന്മാരുടെ അവിശ്വാസത്തിനു കാരണം ഇതാണെന്നു് യേശു സാധിക്കുന്നു.

പാഠങ്ങഠം:—൧. തങ്ങഠംക്കുള്ള അപൂൎണ്ണമായ വിശ്വാസത്തിൽനിന്നു് പരമാൎത്ഥമായി മുമ്പോട്ടു പോകുവാൻ മനസ്സു വെയ്ക്കുന്നവൎക്കു് ക്രിസ്തു പൂൎണ്ണമായ സ്വാതന്ത്ര്യം നൽകാമെന്നു വാഗ്ദത്തം ചെയ്യുന്നു.

൨. പാപം മനുഷ്യനെ ദാസ്യത്തിലാക്കുന്നതാകുന്നു. ക്രിസ്തുവിനു മാത്രമേ നമ്മെ സ്വതന്ത്രരാക്കുവാൻ കഴിയൂ. അവൻ നമ്മുടെ കെട്ടുകളെ പൊട്ടിച്ചിട്ടുണ്ടോ?

൩. പുറജാതികളായിരുന്ന നമുക്കു് അബ്രാഹാമിന്റെ ജഡീകസന്തതിയെന്നുള്ള അവകാശം പറവാനില്ല. നിങ്ങഠം ക്രിസ്തുവിനുള്ളവരെങ്കിൽ അബ്രാഹാമിൻെറ സന്തതിയും, വാഗ്ദത്തപ്രകാരമുള്ള അവകാശികളും എന്നു്

പൌലൂസ് അപ്പോസ്തലൻ പഠിപ്പിച്ചിരിക്കുന്ന (ഗലാ: ൩: ൨൯.) സ്വഭാവഗുണമാണ് കുടുംബമഹിമയെ പ്രത്യക്ഷീകരിക്കുന്നത്.

—(o)—

൩൪. വ്യ. ൪൮—൫൯. യേശുവിൻെറ അവകാശന്യായങ്ങൾ.

തൻെറ ശ്രോതാക്കൾ യഥാൎത്ഥ ഇസ്രയേല്യർ അല്ലെന്ന് യേശു പറഞ്ഞപ്പോൾ അവർ ക്ഷോഭിച്ച് അവനെ കല്ലെറിവാൻ ആരംഭിച്ചു എങ്കിലും യേശു മറഞ്ഞു ദൈവാലയം വിട്ടുപോയി.

വാ. ൪൮. നീ ഒരു ശമൎയ്യൻ:—അതായത് യഹൂദജാതിയുടെ ഉന്നത ആദർശങ്ങൾക്കെല്ലാം ബദ്ധവിരോധിയും ന്യായപ്രമാണത്തെ ത്യജിക്കുന്നവനുമായ ഒരാൾ.

ഒരു ഭൂതമുണ്ട്:—ക്രിസ്തുവിൻെറ അതിശയങ്ങളേയോ തൻെറ ശക്തിയേയോ അവൎക്കു നിഷേധിക്കുവാൻ പാടില്ലാത്തതുകൊണ്ട് ആവകയെല്ലാം ഭൂതങ്ങളുടെ സഹായത്താൽ ചെയ്യുതാണെന്ന് അവർ പറയുന്നു.

വാ. ൪൯. പിതാവിനെ ബഹുമാനിക്കുന്നു:—എൻെറ സംഭാഷണം പിശാചിൽനിന്നുള്ളതല്ല എൻെറ പിതാവിനെ മഹത്വപ്പെടുത്തുന്നതിനായുള്ളതാണ്.

വാ. ൫൦. അന്വേഷിക്കുന്നവൻ:—അതായത് എന്റെ മഹത്വം അന്വേഷിക്കുന്നവൻ ൫. ൨൩, ൧൨. ൨൬.

വിധിക്കുന്നവൻ:—പുത്രനെ അപമാനിക്കുന്നവനെ വിധിക്കുന്നത്.

വാ. ൫൧. മരണം കാണുകയില്ല:—യേശുവിനെ അപമാനിച്ചതിനാൽ യഹൂദന്മാർ പിതാവിൻെറ ന്യായ

വിധി അല്ലെങ്കിൽ നിത്യമരണമാകുന്ന ശിക്ഷ സമ്പാദി ച്ചു. എന്നാൽ ഈ വിധി നീക്കമില്ലാത്തതല്ല. ഇപ്പോഠ എങ്കിലും അവർ ക്രിസ്തുവിൻെറ വചനം അനുസരി ക്കുന്നു എങ്കിൽ അവക്ക് നിത്യമരണത്തിൽനിന്നും തെ റററി ഒഴിയാം.

വാ. ൫൪. മഹത്വം, മഹത്വപ്പെടുത്തുക:—൧. ൩൯. ഒഴിച്ചാൽ ഈ പദങ്ങഠ ആദ്യമായിട്ടാണ് ഈ സുവിശേ ഷത്തിൽ ഉപയോഗിച്ചിരിക്കുന്നതു്. ഇനിയും മുമ്പോട്ടു പോകുന്തോറും ഈ പദങ്ങഠ കൂടക്കൂടെ ഉപയോഗിച്ചു വരുന്നതായി നമുക്കു കാണാം. കത്താവിൻെറ ശുശ്രൂ ഷാഘട്ടം മാറി തൻെറ കഷ്ടാനുഭവത്തിലേയ്ക്കു കടക്കുന്ന തുപോലെ ദൈവത്തിൻെറ സാക്ഷ്യം മാറി പുത്രനെ മഹ ത്വപ്പെടുത്തുന്ന ഘട്ടം ആവിർഭവിക്കുന്നു.

വാ. ൫൬. നിങ്ങളുടെ പിതാവായ അബ്രാഹാം:— ഞാൻ നിങ്ങളുടെ പിതാവായ അബ്രാഹാമിനെക്കാഠ വലിയവനാകുന്നു. കാരണം അവൻ തന്നെക്കാഠ വലിയ വനും തന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടേ ണ്ടവനുമായ ഒരു ആളിൻെറ ആവിർഭാവത്തിനായി കാത്തിരുന്നു. ഉല്പ ൧൫. ൭, ൬; ൨൨. ൧൬, ൧൮; എബ്രാ ൧൧. ൧൩ ഇവ നോക്കുക.

അവൻ കണ്ടു:—പ്രവാചകദർശനത്തിലോ ചിലർ വിചാരിക്കുന്നതുപോലെ പറുദീസയിലോ അബ്രഹാമിന്റെ ജീവകാലത്തുതന്നെ ഭാവിസംഭവങ്ങളെക്കുറിച്ചു് ദൈവം അവനു വിശേഷവിധിയായ ഒരു വെളിപാടു് നൽകി യിരുന്നു എന്നു് ഐതിഹ്യം പറയുന്നു.

വാ. ൫൮. ഞാൻ ഉണ്ടു്:—ആദ്യന്തവിഹീനനായ ദൈവത്തിൻെറ വിശിഷ്ട ലക്ഷണങ്ങളെക്കുറിച്ചു ചിന്തി

ക്കുക. വത്തമാനം, ഭൂതം, ഭാവി എന്നീ ത്രികാല ഭേദങ്ങൾ ദൈവത്തിനില്ല. തന്റെ പൂൎവ്വസ്ഥിതിയെ യേശു ഇവിടെ പൂൎണ്ണമായി സ്ഥാപിക്കുന്നുണ്ടു്.

പാഠങ്ങൾ:— ക്രിസ്തുവിനെ എല്ലാക്കാലത്തും ജനങ്ങൾ സംശയിക്കാറുണ്ടു്. എന്നാൽ അവനിൽ വിശ്വസിച്ചു് ആശ്രയിക്കുന്നവൎക്കു് സകല സംശയങ്ങളിൽ നിന്നും വിമോചനം ലഭിക്കുന്നു. ഈ സംവാദങ്ങളിൽ കാണപ്പെടുന്ന ക്രിസ്തുവിന്റെ അവകാശന്യായങ്ങളെക്കുറിച്ചു ചിന്തിക്കുക. അവന്റെ പാദപീഠത്തിങ്കൽ വീണു് അവനെ നമസ്കരിക്ക.

——(o)——

അദ്ധ്യായം ൯.

ലോകത്തിന്റെ വെളിച്ചം.

പീഠിക:—താഴെ വരുന്ന അദ്ധ്യായങ്ങൾ പുതിയ നിയമകാലം മുഴുവനും തിരുസഭയുടെ വിഷയത്തിൽ സാരതരവും ശ്രദ്ധേയവുമായ ചില സംഭവങ്ങൾ ഉണ്ടായതിന്റെ ആരംഭത്തെ രേഖപ്പെടുത്തുന്നവയാകുന്നു. അതായതു് യഹൂദന്മാർ ക്രിസ്തുവിനെ മാത്രമല്ല, തന്റെ അനുഗാമികളേയും തിരസ്കരിച്ചു തള്ളിക്കളഞ്ഞു എന്നും, സഭ സിന്നാഗോഗിൽ (യഹൂദപള്ളികൾ) നിന്നും ക്രമേണ വേർപിരിഞ്ഞു വന്നുവെന്നും ഉള്ളതുതന്നെ. യേശുവിനെ കല്ലെറിവാൻ ശ്രമിച്ചതിൽ യഹൂദന്മാരുടെ വിരോധം മിക്കവാറും അതിന്റെ മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചു എങ്കിലും തൽക്കാലത്തേക്കു് ഒരു ശാന്തത കാണുന്നു. ഗുരുതരമായ പെസഹാഉത്സവത്തിനു് ഇനിയും നാലു മാസം കൂടി ഉണ്ടു്. യേശുവിന്റെ അനുഗാമികൾക്കു വിരോധമായി ശത്രുത വർദ്ധിച്ചുവരുന്നു. യേശു അവരെ തന്റെ ശ്രോതാക്കളും സ്നേഹിതന്മാരും മാത്രമായിട്ടല്ല, തന്റെ വേലയിൽ തന്നോടുകൂടി സഹകരിക്കുവാനായി വിളിച്ചുചേക്കുന്ന പുതിയ സമുദായത്തിന്റെ അടിസ്ഥാനം എന്നപോലെ അവരെ തങ്കലേയ്ക്കു ക്ഷണിച്ചു ശേഖരിക്കുന്നു. ഈ അദ്ധ്യായത്തിൽ യേശു ലോകത്തിന്റെ വെളിച്ചമാകുന്നു എന്നുള്ള ആശയം കൂടുതൽ ശക്തിയോടുകൂടി തുടർച്ചയായി പ്രസ്താവിച്ചു കാണുന്നു. അന്ധകാരത്തെ വെളിച്ചമായി മാററുന്ന ഒരു കാരുണ്യ

പ്രവൃത്തി മൂലം ആ സംഗതി ഇവിടെ ദൃഷ്ടാന്തീകരിച്ചി രിക്കുന്നു. ഇപ്രകാരം തന്നെയാണ് ൧൧-ാംഅദ്ധ്യായത്തിൽ ലാസറിനെ ഉയൎപ്പിച്ചതിനാൽ ക്രിസ്തു ജീവനാകുന്നു എന്നുള്ള ആശയം പ്രത്യക്ഷീകരിച്ചതു്.

—(൦)—

൩൮. ൯. ൧—൧൨. പിറവിക്കുരുടനെ സൌഖ്യമാക്കുന്നതു്.

വാ. ൧. ഈ അദ്ധ്യായത്തിനു് ൭-ാംഅദ്ധ്യായത്തെക്കാൾ ൧൦-ാംഅദ്ധ്യായത്തോടാണു് അധികം സംബന്ധമുള്ളതു്. ൭. ൫൯-നോടു് താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഗ്രന്ഥകൎത്താവു് ശരിയായ കാലനിൎണ്ണയപ്രകാരം പറയാതെ സംഭവങ്ങളുടെ ആന്തരികമായ ഗതി അനുസരിച്ചു് അവയെ വൎണ്ണിക്കുന്നതായിട്ടോ, അല്ലാത്തപക്ഷം കൂടാരപ്പെരുനാൾ മുതൽ പ്രതിഷ്ഠപ്പെരുനാൾവരയ്ക്കുമുള്ള മൂന്നു മാസക്കാലം ഇതിനിടയ്ക്കുള്ളതായോ വിചാരിക്കേണ്ടിയിരിക്കുന്നു. (൧൦. ൨൨.) ശരീരകണ്ണുകൾക്കു കാഴ്ച കൊടുത്തതിനാൽ ആത്മികകണ്ണുകൾ തുറക്കുവാൻ യേശുവിനു ശക്തിയുണ്ടെന്നു് ഇവിടെ കാണിക്കുന്നു. ഈ അതിശയം ശബ്ബത്തുനാളിൽ ചെയ്തതുകൊണ്ടു് പ്രമാണികളുടെ വിരോധം ശതഗുണീഭവിച്ചു. ൭-ാംഅദ്ധ്യായത്തിലെ സംഭാഷണങ്ങൾ മൂലം ക്രുദ്ധിച്ചിരുന്ന ജനങ്ങൾക്കു് ഇതു് എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെയായിരുന്നു.

വാ. ൨. ശിഷ്യന്മാർ:—൩-ാംഅദ്ധ്യായത്തിൽ ഗലീലയിൽ വെച്ചു് ശിഷ്യന്മാരെക്കുറിച്ചു പറഞ്ഞതിന്റെ

ശേഷം ഇപ്പോൾ ആണ് അവരെക്കുറിച്ചു പറഞ്ഞുകാണുന്നതു്. ഇതു വിസ്മയനീയമായിട്ടുള്ളതാണു്. കഷ്ടത പാപത്തിന്റെ ഫലമായിട്ടുള്ളതാണെന്നു് യഹൂദന്മാർ വിചാരിച്ചുവന്നു. ജനനത്തിനു മുൻപുള്ള ആത്മാവിന്റെ ആസ്തിക്യത്തെക്കുറിച്ചു് യഹൂദന്മാൎക്കു് ഒരു പാരമ്പൎയ്യവിശ്വാസം ഉണ്ടായിരുന്നതുപോലെ തോന്നുന്നു.

വാ. ൩. അമ്മയപ്പന്മാരെങ്കിലും:—കുഞ്ഞുങ്ങൾ കുരുടന്മാരായിത്തീരുന്നതു് പ്രായേണ അമ്മയപ്പന്മാരുടെ പാപം നിമിത്തം ആണെന്നും വരാം. ൨-ാംകല്പനയിലുള്ളതും, അനുഭവത്താൽ ഭയങ്കരമാംവണ്ണം സ്പഷ്ടമായിട്ടുള്ളതുമായ പൊതുവിലുള്ള പ്രമാണത്തെ യേശു നിഷേധിക്കുന്നില്ല. ഈ വിഷയത്തിൽ കുരുടനായിത്തീൎന്നതിന്റെ കാരണമല്ല അതിന്റെ ഉദ്ദേശ്യമാണു നോക്കേണ്ടതു്.

യേശു മററുള്ളവരേയും കൂടെ തന്റെ ശുശ്രൂഷയിൽ ഭാഗഭാക്കുകളാക്കിത്തീൎക്കുന്നതു് ഈ സുവിശേഷത്തിൽ ഇവിടെയാണു് ആദ്യമായി കാണുന്നതു്. ൯. ൧൧-ം, മൎക്കൊ. ൯. ൪൧-ം തുലനംചെയ്ക.

വാ. ൬. നിലത്തു തുപ്പി:—ഇതു കൂടാതെ മററു് രണ്ടു അത്ഭുതങ്ങൾ (മൎക്കൊ. ൭. ൩൩, ൮. ൨൩.) പ്രവൎത്തിക്കുന്ന സ്ഥാനങ്ങളിൽ യേശു ചില സാദ്ധ്യോപകരണങ്ങളെ ഉപയോഗിക്കുന്നതു കൂടാതെ ക്രമപ്രവൃദ്ധമായുള്ള സുഖത്തെ നൽകുകയുമാണു ചെയ്യുന്നതു്. പക്ഷേ, ഇതു് ആ കുരുടന്റെ വിശ്വാസത്തെ തട്ടി ഉണൎത്തുന്നതിനു ചെയ്തതായിരിക്കാം. ഉമിനീരിനു് ഏതോ വിശേഷശക്തിയുണ്ടെന്നും ചിലർ പറയുന്നു. അതു മാത്രമല്ല, തന്റെ സുഖത്തിനുവേണ്ടി പ്രവൎത്തിക്കേണ്ട ഒരു ഭാരം

ആ കുരുടനിൽത്തന്നെ ചുമത്തുന്നു. അവൻ ചെന്നു കണ്ണിലുള്ള മണ്ണു് കഴുകിക്കളയേണ്ടിയിരുന്നു. ഇതു് അവന്റെ വിശ്വാസത്തെ പരീക്ഷിപ്പാനുള്ള നല്ല ഉരകല്ലാണു്.

വാ. ൭. ശീലോഹാം:—പഴയ നിയമത്തിൽ ഇതിന്നു ശിലോഹ (യശ. വ്യ. ൬;), ശേല (നെഹേ. ൩. ൧൫.) എന്നീ പേരുകൾ കാണുന്നുണ്ടു്. "ബെക്കത്തു് സിൽവാൻ" എന്നാണു് അതിന്റെ തൽക്കാല നാമം. "കന്യകയുടെ നീരുറവ"യിൽ നിന്നും പുറപ്പെട്ടു ഭൂമിയുടെ അടിയിൽക്കൂടിയുള്ള ഒരു ചാൽവഴിയാണു് ഇതിൽ ജലം സംഭരിക്കപ്പെടുന്നതു്. അതിനാൽ 'അയയ്ക്കപ്പെട്ടവൻ' എന്ന പേർ ഇതിന്നു സിദ്ധിച്ചു. രോഗശമനവീര്യമുള്ള ജലത്തോടുകൂടിയ ഈ കുളത്തെ ഗ്രന്ഥകാരൻ ആത്മികരോഗപരിഹാരാർത്ഥം നിയോഗിതനായ ക്രിസ്തുവിനോടാണു് ഉപമിക്കുന്നതു് (ഈ വിശുദ്ധസ്ഥലങ്ങളെപ്പററി പാക്കർ മദാമ്മഅവർകളുടെ പലസ്തീൻ യാത്രാവിവരണം നോക്കുക.) **Trip to Palestine by Mrs. R. J. Parker, Kaiser- i-hind**

വാ. ൮. അയൽക്കാർ:—ഈ അത്ഭുതം നടന്ന ശേഷം കുരുടൻ അടുത്തദിവസം അവന്റെ വീട്ടിലേയ്ക്കു പോയതായിരിക്കാം.

ഈ അത്ഭുതത്തെക്കുറിച്ചു പല അഭിപ്രായങ്ങൾ ഉണ്ടു്. ഈ അത്ഭുതംമൂലം വിശ്വാസവും അവിശ്വാസവും യോജിച്ചു നിൽക്കുന്നതായി കാണുന്നു. പരീശന്മാർ ആദ്യം യേശുവിനെ പരിഹസിക്കുന്നു. പിന്നീടു് അവൻ നല്ലവനല്ലെന്നു വരുത്തുന്നു. അവസാനത്തിൽ ആ കുരുടനേയും പുറത്താക്കിക്കളയുന്നു. കുരുടനെ നോക്കിയാൽ

അവൻ ആദ്യം യേശുവിനെക്കുറിച്ചു സംശയമുള്ളവനായും പിന്നീട് യേശു ഒരു ദീർഘദർശിയെന്നും ഒടുവിൽ മശിഹായെന്നും വിശ്വസിച്ച് അംഗീകരിച്ച് ഏററുപറയുന്നതായി കാണുന്നു.

പാഠങ്ങൾ:—കഷ്ടത ദൈവത്തെ മഹത്വപ്പെടുത്തുന്നതിനു കാരണമായിത്തീരാം. മരണം സകല ശുശ്രൂഷയേയും അവസാനിപ്പിക്കുന്നു. നാം നല്ല ദാസന്മാരെപ്പോലെ അവസരം ലഭിക്കുന്നിടത്തോളം തീക്ഷ്ണതയോടെ പ്രവർത്തിക്കുക.

—(൦)—

൩൭. ൯. ൧൩—൩൪. ഭയം, വിരോധം, വിശ്വാസം.

വാ. ൧൩. പരീശന്മാരുടെ അടുക്കൽ:—പരീശന്മാർ യേശുവിൻെറ കാര്യങ്ങളെയെല്ലാം കുലംകഷമായി പരിശോധിച്ചറിഞ്ഞുകൊണ്ടിരുന്നുവെന്നു വിശ്വസിക്കാം. അതിനാലായിരിക്കാം ഈ കുരുടനെ പരീശന്മാരുടെ മുമ്പിൽ ഹാജരാക്കിയതു്.

വാ. ൧൪. ശബ്ബത്തു്:—യേശുവിൻെറ ഈ പ്രവൃത്തി ശബ്ബത്തുപ്രമാണങ്ങൾക്കു വിരോധമായിരുന്നു. ജീവാപായശങ്ക ഉള്ളിടത്തു മാത്രമേ ശബ്ബത്തിൽ വൈദ്യസഹായം അനുവദിച്ചിരുന്നുള്ളു. തുപ്പൽ കണ്ണിൽ തൊടുക ശബ്ബത്തിൽ പാടില്ലാത്തതാണ് എന്നു പ്രത്യേക നിയമമുണ്ടായിരുന്നു.

വാ. ൧൫. പരീശന്മാരുടെ ചോദ്യബഹളങ്ങൾ കേട്ടു സഹിക്ക വയ്യാതെയാണ് കുരുടൻ ചുരുക്കമായി മറുപടി കൊടുക്കുന്നതു്.

വാ. ൧൬. ഭിന്നത (൭. ൪൩-ം നോക്കുക.). ഇവിടെ ഉണ്ടായ ഭിന്നത പരീശന്മാർ തമ്മിലാണ്.

വാ. ൧൮. യഹൂദന്മാർ കുരുടന്റെ വാക്കു വിശ്വസിച്ചില്ല. യേശുവിന്നും അവന്നും തമ്മിൽ എന്തോ ബന്ധം ഉണ്ടെന്നു വിചാരിച്ചിട്ട് അവൻ പിറവിയിലേ കുരുടൻ ആയിരുന്നവൻ ആണോ എന്നറിയുന്നതിന് അവന്റെ മാതാപിതാക്കന്മാരെ വരുത്തി ചോദിക്കുന്നു.

വാ. ൨൪. ദൈവത്തിനു നല്ല മഹത്വം കൊടുക്ക:—ഇതു് ഒരു് എബ്രായശൈലിയാണ്. നിന്റെ കുററങ്ങളെ ഏററുപറയുക. അല്ലെങ്കിൽ സത്യം മാത്രം സംസാരിക്കുക എന്നാണിതിന് അത്ഥം.(യോശു ൭. ൧൯; ൧ ശമു. ൬. ൫; യിരെ ൧൩. ൧൬. നോക്കുക.)

വാ. ൨൯. എവിടെനിന്നു വന്നുവെന്ന് അറിയുന്നില്ല. മോശയുടെ അധികാരം ഇന്നതെന്നു നല്ലവണ്ണം ഞങ്ങൾക്കറിയാം; ഇവന് ഈ അധികാരം എവിടെനിന്നു കിട്ടി എന്ന് അറിഞ്ഞുകൂടാ എന്നു താല്പര്യം.

വാ. ൩൩. പൊതുജനങ്ങളുടെ ധാരണ ഇതാണെന്നോർത്തപ്പോൾ പരീശന്മാരുടെ കോപം വർദ്ധിക്കയാണു ചെയ്തതു്.

വാ. ൩൪. മുഴുവനും പാപത്തിൽ പിറന്നവൻ:—അവൻ പിറവിക്കുരുടൻ ആയിരുന്നതുകൊണ്ടു് ജനനം മുതൽക്കേ അവനൊരു പാപിയാണെന്ന് അവനെ കുററപ്പെടുത്തി ആട്ടി പുറത്താക്കുന്നു.

പാഠങ്ങൾ:—കുരുടന്റെ വിശ്വാസം പടിപടിയായി വർദ്ധിച്ചുവരുന്നതിനെ സൂക്ഷിക്കുക. നമ്മുടെ വിശ്വാസത്തിലും ഇതുപോലെയുള്ള വളച്ച്യുണ്ടോ?

—(൦)—

൩൭. ൻ. ൩൫—൪൧.

യേശുവിൻെറ സ്നേഹവും കുരുടൻെറ ഭക്തിയും.

വാ. ൩൫. അവനെ കണ്ടപ്പോൾ:—അവനെ അന്വേഷിച്ചു കണ്ടുപിടിച്ചപ്പോൾ എന്നൎത്ഥം. യേശു മനസ്സൊരുക്കത്തോടുകൂടിയാണ് അവനെ തിരക്കിയതു്. മററുള്ളവർ എന്നെ വിശ്വസിക്കുന്നില്ല, നീയെങ്കിലും എന്നിൽ വിശ്വസിക്കുന്നുണ്ടോ എന്നു താല്പൎയ്യം.

ദൈവപുത്രനിൽ:—ഇതു മശിഹായുടെ പൎയ്യായങ്ങളിൽ ഒന്നായതുകൊണ്ടു് കുരുടൻ ഇതിൻെറ അൎത്ഥം ഗ്രഹിച്ചിരിക്കണം.

വാ. ൩൬. അവൻ ആരാകുന്നു? സാക്ഷാൽ വിശ്വാസത്തോടുകൂടിയാണ് അവൻ ഈ ചോദ്യം ചോദിച്ചതു്.

വാ. ൩൮. ഞാൻ വിശ്വസിക്കുന്നു:—അവൻ യേശുവിനെ നമസ്കരിച്ചിട്ടു് തൻ്റെ വിശ്വാസത്തെ ഏററു പറയുകയാണു ചെയ്യുന്നതു്.

കാണാത്തവർ:—ബുദ്ധിഹീനർ എന്നു് ഉണരുന്നവൎക്കു് യേശു ദിവ്യജ്ഞാനത്തെ നൽകുന്നു. ജ്ഞാനികളെന്നു സ്വയം അഭിമാനിച്ചുകൊള്ളുന്നവർ ബുദ്ധിഹീനരെന്നാണു് യേശുവിൻെറ മതം. (മത്തായി ൧൧. ൨൫; യശാ. ൬. ൧൦ നോക്കുക.)

വാ. ൪൦. ചില പരീശന്മാർ:—ഇതു യേശുവിനോടുകൂടെ ചേൎന്ന പരീശന്മാരിൽ ഉൾപ്പെട്ട ശിഷ്യരാണെന്നു് ഒരു പക്ഷമുണ്ടു്. ഞങ്ങൾ സാക്ഷാൽജ്ഞാനം ലഭിച്ചിട്ടില്ലാത്ത കുരുടന്മാരാണോ എന്നുള്ള ഒരു അഹങ്കാരചോദ്യമാണിതു്.

വാ. ൪൧. നിങ്ങൾ കുരുടരായിരുന്നു എങ്കിൽ:—മുൻ പറയപ്പെട്ടതുപോലെ നിങ്ങൾ അറിവില്ലാത്തവരായിരുന്നുവെങ്കിൽ നിങ്ങളുടെ കുററം അറിവില്ലായ്മയിൽനിന്നുണ്ടാകുന്നതാകകൊണ്ടു് നിങ്ങൾക്കു പാപമില്ലാതിരിക്കുമായിരുന്നു. നേരേ മറിച്ചു് അവർ അറിവുള്ളവരാണെന്നു് തന്നത്താൻ ഗർവ്വു നടിക്കയും സാക്ഷാൽ ജ്ഞാനമൂർത്തിയായ യേശുവിനെ തള്ളിക്കളകയും ചെയ്തതാണു് അവരുടെ പാപം.

——(൦)——

അദ്ധ്യായം ൧൦.

നല്ല ഇടയൻ.

കഥാബന്ധം:—൯-ം ൧൦-ം അദ്ധ്യായങ്ങൾ തമ്മിലുള്ള സംബന്ധം പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. "നിങ്ങളോട്" എന്ന് ൧-ാംവാക്യത്തിൽ പറഞ്ഞിരിക്കുന്നതു് ൯. ൩൯—൪൧-ൽ പറഞ്ഞിരിക്കുന്ന പരീശന്മാരെ ഉദ്ദേശിച്ചാണ്. ൯-ാംഅദ്ധ്യായത്തിലെ അത്ഭുതപ്രവൃത്തിയിൽനിന്നുണ്ടായ ഫലമാണ് ഈ അദ്ധ്യായത്തിൽ ആദ്യത്തെ ൨൧ വാക്യങ്ങളിൽ പറഞ്ഞിട്ടുള്ള സംവാദം. ൫-ം ൬-ം അദ്ധ്യായങ്ങളിൽ പക്ഷവാതക്കാരനെ സൌഖ്യമാക്കിയതും അയ്യായിരം പേരെ പോഷിപ്പിച്ചതുമായ രണ്ടു അത്ഭുതങ്ങളും ഓരോന്നിന്റേയും അനന്തരഫലമായി ഓരോ പ്രഭാഷണങ്ങളും നടന്നതായി നാം കണ്ടു. ഈ പ്രഭാഷണങ്ങളിൽ ക്രിസ്തു ജീവന്റെ ഉത്ഭവസ്ഥാനവും ആധാരവും ആണെന്നു സ്പഷ്ടമായി തെളിയിച്ചും ഇരുന്നു. ൭-ം ൮-ം അദ്ധ്യായങ്ങളിൽ ക്രിസ്തു സത്യത്തിന്റേയും വെളിച്ചത്തിന്റേയും ഉത്ഭവസ്ഥാനമെന്നു തെളിയിക്കുന്ന ഒരു പ്രഭാഷണം കൊടുത്തിരിക്കുന്നു. ഇതിനെ ദൃഷ്ടാന്തീകരിക്കുന്നതിന് ൯-ാംഅദ്ധ്യായത്തിൽ പിറവിക്കുരുടന് ശാരീരികവും ആത്മികവുമായ കാഴ്ച നൽകിയതായി വിവരിച്ചിരിക്കുന്നു. ൧൦-ാം അദ്ധ്യായത്തിൽ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്ന നല്ല ഇടയന്റെ സാദൃശ്യത്താൽ ക്രിസ്തു സ്നേഹമാകുന്നു എന്നു വ്യക്തമാക്കുന്ന ഒരു ദൃഷ്ടാന്തവാദം കാണപ്പെടുന്നു. ഇതിന് ഉദാഹരണമായി ൧൧-ാം

അദ്ധ്യായത്തിൽ ലാസറിനെ ഉയിൎപ്പിക്കുന്ന ആ വലിയ സ്നേഹപ്രവൃത്തി വൎണ്ണിച്ചിരിക്കുന്നു. കൎത്താവിൻെറ ഈ കൃത്യത്തിന്റെ ഫലമായി തന്റെ ജീവനെ അവൻ ത്യാഗം ചെയ്യേണ്ടതായും വന്നു. മുമ്പു പറഞ്ഞതുപോലെ ൭–൧൧ അദ്ധ്യായങ്ങളിൽ സത്യവും സ്നേഹവും മുഖാന്തിരമായി ഉത്ഭവിക്കുന്ന വിപരീതങ്ങളും ശത്രുതകളും എത്ര സങ്കടകരമായിട്ടുള്ളതാണെന്നു വ്യക്തമാക്കുന്നു. മശിഹാ എത്ര സ്പഷ്ടമായി തന്നെത്തന്നെ വെളിപ്പെടുത്തുകയും തൻെറ അവകാശങ്ങളെക്കുറിച്ച് കേൾവിക്കാരെ ധരിപ്പിക്കയും ചെയ്യുന്നുവോ അത്രയും ക്രൂരതലായി യഹൂദന്മാരുടെ വിരോധം വൎദ്ധിക്കയും തന്നെ വധിക്കണമെന്നുള്ള ഉദ്ദേശ്യം ബലപ്പെടുകയും ചെയ്യുന്നു.

ഈ അദ്ധ്യായത്തിലും ഇതിനു മുമ്പിലുള്ള ൯–ാം അദ്ധ്യായത്തിലുമുള്ള സംഭവങ്ങൾ കൎത്താവിൻെറ കഷ്ടാനുഭവത്തിനു (ഏപ്രിൽ) നേരേ മുമ്പിലുള്ള ഡിസംബർ മാസത്തിൽ പ്രതിഷ്ഠോത്സവത്തിൽ വെച്ചു നടന്നതായി വിചാരിക്കാം.

—(o)—

൩൮. ൧൦. ൧—൧൮. <u>യേശു നല്ല ഇടയൻ.</u>

ഒരു പുതിയ രീതിയിൽ യേശു തൻെറ നേതൃത്വത്തിൽ ഒരു പുതിയ സമുദായത്തെ രൂപവൽക്കരിക്കുകയും, തൻെറ ദിവ്യാധികാരത്തെ സ്പഷ്ടമാക്കുകയും ചെയ്യുന്നു. തൻെറ ജനത്തിൻെറ ഇടയനെന്ന നിലയിൽ ദൈവത്തെ പഴയ നിയമത്തിൽ പല ഭാഗങ്ങളിലും വിവരിച്ചിട്ടുണ്ട് (സങ്കീ. ൨൩; യശ. ൧; യി. ൨൦;

യെഹസ്കി ൩൪ അ; യിരെ. ൩൩). ഈ ആശയം ജന ങ്ങൾക്കു സുപരിചിതമായിരുന്നു.

ഈ ഭാഗത്തു് ഇടയന്റെ ജീവിതത്തിൽ നിന്നും മൂന്നു സംഗതികളെ ചിത്രീകരിച്ചിരിക്കുന്നു.

(൧) ൧—൫. പ്രഭാതത്തിങ്കൽ ഇടയൻ വന്നു് രാത്രിയിൽ ക്ഷേമമായി വിശ്രമിച്ചു കഴിഞ്ഞിരിക്കുന്ന ആട്ടുകളെ തൊഴുത്തിൽനിന്നും വിളിക്കുന്നതു്.

(൨) ൬—൧൦. ഉച്ചസമയം—മേച്ചിൽസ്ഥലത്തു് ചൂടിൽനിന്നുമുള്ള വിശ്രമം.

(൩) ൧൧—൧൮. വൈകുന്നേരം തൊഴുത്തിലേയ്ക്കുള്ള തിരിച്ചുവരവു്; ഇടയനും ആട്ടുകൾക്കും ചെന്നായ്ക്കളിൽനിന്നുള്ള ആക്രമണത്തിനു് എളുപ്പമുള്ള ഒരു ഘട്ടം.

൧—൯. വാക്യങ്ങളിൽ സാക്ഷാൽ ഇടയനും കള്ള ഇടയനും തമ്മിലുള്ള വ്യത്യാസം. ആദ്യം ഇതിനെ പൊതുവിലും ഉപമകളെക്കൊണ്ടും സൂചിപ്പിക്കുന്നു. പിന്നീടു് ഓരോന്നിനേയും പ്രത്യേകമെടുത്തു വിവരിക്കുന്നു. ആട്ടിൻതൊഴുത്തിന്റെ വാതിൽ ക്രിസ്തുവാണു്. (൫—൧൦); വേറെ വഴിയായി കയറുന്നവൻ കള്ളനാണു്. ക്രിസ്തുവാണു് നല്ല ഇടയൻ (൧൧—൧൮).

	സാക്ഷാൽ ഇടയൻ	കള്ള ഇടയൻ.
(൧)	വാതിലിൽക്കൂടി പ്രവേശിക്കുന്നു.	മററു വഴിയായി കടന്നുവരുന്നു.
(൨)	ആട്ടുകൾ അവന്റെ ശബ്ദം കേൾക്കുന്നു.	ശബ്ദം അറിയുന്നില്ല.
(൩)	ആട്ടുകളെ പേരു പറഞ്ഞു വിളിച്ചു് പുറത്തു കൊണ്ടുപോകുന്നു.	അന്യൻ മോഷ്ടിക്കാൻ വരുന്നവൻ.
(൪)	ആട്ടുകൾ അവനെ അനുഗമിക്കുന്നു.	ആട്ടുകൾ ഓടിപ്പോകുന്നു.

വാ. ൧. ആട്ടിൻതൊഴുത്തു്:—പലസ്തീൻദേശത്തെ തൊഴുത്തുകൾ നാലുവശത്തും മതിലുള്ള വയാണു്. അതിന്നു് ഒരു വാതിലുമുണ്ടു്. സന്ധ്യയ്ക്കു് ആടുകളെ ഉള്ളിൽ കടത്തിവിട്ടിട്ടു് ഒരുവൻ വാതിൽക്കൽ നിൽക്കയും മറെറാരുവൻ വിശ്രമത്തിനായി പോകയും ചെയ്യുന്നു.

വാ. ൪. മുമ്പായി നടക്കുന്നു:—സാക്ഷാൽ ഉപദേഷ്ടാവു് തൻെറ ഉപദേശം, ദൃഷ്ടാന്തം, ജീവിതം എന്നിവ കൊണ്ടു് ഇടവകകൾക്കു മാതൃകയായി ഭവിക്കുന്നു.

വാ. ൭. ദൈവകൃപ കടന്നുവരുന്ന വഴി ഞാനാക കൊണ്ടു് ആടുകളുടെ ക്ഷേമം എന്നിലാണു്. ക്രിസ്തുവാണു സാക്ഷാൽ വാതിൽ എന്നു വിശദമായി പറഞ്ഞുകൊടുക്കുന്നു.

വാ. ൮. ഇടയനല്ലാത്തവൻ ക്രിസ്തുവെന്ന വാതലിലൂടെ വരാത്തവനും ആടുകൾക്കു പരിചയമില്ലാത്തവനുമാണു്. ഇനിക്കു മുമ്പെ വന്നവർ—പ്രവാചകന്മാർ, പരിശന്മാർ ഇവരല്ലെന്നു വിചാരിക്കാം. 'സ്വന്തനാമത്തിൽ വന്നവർ' ഗലീലക്കാരനായ യൂദായെപ്പോലുള്ളവർ (അപ്ര. ൫, ൩൬, ൩൭.)

വാ. ൯. ഇടയനും ആടുകളും തമ്മിലുള്ള സംബന്ധം ഇവിടെ കാണുന്നു. ക്രിസ്തുമൂലം സ്വാതന്ത്ര്യവും പരിപൂർണ്ണക്ഷേമവും ലഭിക്കും.

വാ. ൧൧—൧൩. നല്ല ഇടയൻ തൻെറ ജീവനെ വെച്ചുകൊടുക്കുന്നു. അന്യജീവനെ സ്വന്തം ജീവനെപ്പോലെ കരുതുന്നു. കള്ള ഇടയനോ തൻെറ ജീവനു വേണ്ടി ആടുകളെ ബലി കഴിക്കുന്നു.

വാ. ൧൮. ക്രിസ്തുവിൻെറ മരണം പിതാവിൻെറ നിർബന്ധപ്രേരണകൊണ്ടോ പിശാചിൻെറ അധികാരം

മൂലമോ ഉള്ളതല്ല. നഷ്ടപ്പെട്ട മാനുഷവൎഗ്ഗത്തെക്കുറിച്ചു ക്രിസ്തുവിന്റെ അതിരററ സ്നേഹത്തിൽനിന്നും സ്വമനസ്സാലെ ഉണ്ടായിട്ടുള്ളതാണതു്. (മത്താ. ൨൬. ൩൮.)

പാഠങ്ങൾ:—൧. ജീവകലേയ്ക്കുള്ള പ്രവേശനത്തിന്നു് ഒററ ഒരു വാതിൽ മാത്രമേ ഉള്ളു. അതിൽക്കൂടി പ്രവേശിക്കുന്നവന്നു് സ്വാതന്ത്ര്യവും ആത്മപോഷണവും ലഭിക്കും. ദുൎബ്ബലവും നിസ്സാരവുമായ ഒരു ജീവകലേയ്ക്കല്ല, സമൃദ്ധിയായ ജീവകലേയ്ക്കാണു് നാം വിളിക്കപ്പെട്ടിരിക്കുന്നതു്. നാം ജയോത്സവജീവിതം നയിക്കുന്നുണ്ടോ? ൨. തന്റെ ആട്ടുകൾ ജീവിക്കേണ്ടതിന്നു് ഇടയൻ മരിക്കുന്നു. ഇതാണു് സുവിശേഷത്തിന്റെ കാതലായ ഉപദേശം. ഈ ഉപദേശം പ്രഖ്യാപനം ചെയ്യപ്പെട്ടുമ്പോൾ ഭിന്നതയും വേൎപാടും സംഭവിക്കുകതന്നെ ചെയ്യും. ൩. ൧ പത്രോ ൫. ൩-ൽ സാക്ഷാൽ ഉപദേഷ്ടാവിന്റെ യോഗ്യതകൾ നോക്കുക.

—(൦)—

൩൯. ൧൦. ൧൯—൩൦ പ്രതിഷ്ഠോത്സവം—

ദൈവത്തോടുള്ള സംബന്ധം.

പീഠിക:—മുൻ നടന്ന പ്രസംഗങ്ങൾക്കും ഇതിന്നുമിടയ്ക്കു് രണ്ടു മൂന്നു മാസങ്ങൾ കഴിഞ്ഞിരിക്കണമെന്നാണു ചിലരുടെ അഭിപ്രായം. കൂടാരപ്പെരുനാളിന്നും പ്രതിഷ്ഠോത്സവത്തിന്നും ഇടയിൽ ലൂക്കോ. ൧൦. ൧൩-൨൨-ലേ സംഭവങ്ങൾ നടന്നതാണെന്നു പറയപ്പെട്ടുന്നുണ്ടു്. കൂടാരപ്പെരുനാളിന്റെ കാൎയ്യങ്ങൾ അ, ൮-ൽ അവസാനിച്ചിട്ടു്

൨. ൯-ൽ പ്രതിഷ്ഠോത്സവത്തിന്റെ കാൎയ്യമാണു തുടങ്ങുന്നതെന്നു മററു ചിലർ പറയുന്നു. ഇവിടെ യഹൂദന്മാർ യേശുവിനോട് അടുത്തിട്ട് താൻ ആരാണെന്നു സ്പഷ്ടമായി പറയണമെന്നു നിൎബ്ബന്ധിക്കുന്നു. അവരുടെ ചോദ്യത്തിനു മറുപടിയായി തനിക്കു പിതാവിനോടുള്ള ഏററവും അടുത്ത ബന്ധത്തെയാണ് നിൎവ്വിശങ്കംപ്രസ്താവിക്കുന്നത്.

൨൨. പ്രതിഷ്ഠോത്സവം:—ഇതു് യൂദാസ് മക്കബ്യാസ് എന്നവൻ വിഗ്രഹാരാധനക്കാരനായ ആൻറിയോക്കസ് എഫിഫേനസ് എന്ന സുറിയാ രാജാവിനാൽ അശുദ്ധമാക്കിത്തീൎക്കപ്പെട്ട ദൈവാലയത്തെ വീണ്ടും പ്രതിഷ്ഠിച്ചു വിശുദ്ധീകരിച്ചതിൻെറ ഓൎമ്മയ്ക്കായി ഡിസംബർമാസത്തിൽ നടത്തിയതാണ്.

൨൩. മണ്ഡപം:— ഇതു ശലോമോൻെറ കാലത്തു പണിയിച്ച ദൈവാലയത്തിന്റെ അവശിഷ്ടമായി നെബുഖദ്നേസർ ശേഷിപ്പിച്ചിരുന്നതും, ദൈവാലയത്തിൻെറ കിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്നതുമായ ഒരു വിഭാഗമാണ്.

൨൪. അവനെ വളഞ്ഞു:—യഹൂദന്മാരുടെ അധികാരപ്രമത്തത ഇവിടെ ശക്തിയായി കാണുന്നു.

൨൬. നിങ്ങൾ വിശ്വസിക്കുന്നില്ല:—യഹൂദന്മാൎക്കു തൻെറ ശിഷ്യരായിരിപ്പാൻ തക്ക മനസ്ഥിതി ഇല്ലാത്തതുകൊണ്ടാണ് അവർ തൻെറ ഉപദേശങ്ങളെ സ്വീകരിക്കാത്തതെന്നൎത്ഥം.

൨൭, ൨൮ എൻെറ ആടുകൾ—ശിഷ്യന്മാൎക്കും കൎത്താവിനും തമ്മിലുള്ള സംബന്ധം സൂചിപ്പിക്കുന്നു.

പാഠങ്ങൾ:—൧. ൨൮-ാംവാക്യം ഈ സുവിശേഷത്തിലുള്ള ഉൽകൃഷ്ടമായ അരുളപ്പാടുകളിൽ ഒന്നാണ്,

പല ക്രൂട്ടരും ഇതിനെ തെററിദ്ധരിക്കുവാൻ സംഗതിയായിട്ടുണ്ടു്. ദൈവത്തിൻെറ ശക്തി അപരിമിതവും അവന്റെ വാഗ്ദത്തങ്ങൾ സുസ്ഥിരവുമാണു്. നാം നമ്മെത്തന്നെ സൂക്ഷിക്കേണ്ടതു് ആവശ്യമാണെന്നുള്ളതും വിസ്മരിക്കരുതു്. നമ്മുടെ നായകന്റെ ശബ്ദം കേട്ടു് അവനെ അനുഗമിക്കുന്നില്ലെന്നു വരികിൽ നാം യഥാൎത്ഥവിശ്വാസികൾ അല്ല. ൨. ക്രിസ്തുവിൻെറ കൈയിൽ ഇരിക്കുന്നവൻ പിതാവിൻെറ കൈയിൽ ഇരിക്കയാണു്. ഭയത്തോടും വിറയലോടുംക്രൂടി നമ്മുടെ രക്ഷയ്ക്കായി പ്രവൎത്തിക്കുക.

—(൦)—

൪൦. ൧൦. ൩൧—൪൨. വാഗ്വാദങ്ങൾ.

വാ. ൩൨, ൩൩. "ദൈവത്തിന്റെ അരുളപ്പാടു് അല്പമെങ്കിലും പ്രകാശിച്ചു കിട്ടിയവർ ദൈവത്തോടു സംബന്ധമുള്ളവരെന്നു നിങ്ങൾ പറയുന്നപക്ഷം ഞാൻ പറയുന്നതു ദൈവദൂഷണമെന്നു നിങ്ങൾ പറയുന്നതെങ്ങിനെ" എന്നു യേശു യഹൂദന്മാരോടു ചോദിക്കുന്നു.

വാ. ൩൪, ൩൫; സങ്കീ: ൮൨. ൬; നോക്കുക. യഹൂദരാജാക്കന്മാരെ ദേവന്മാരെന്നു വിളിച്ചുവന്നു. അവർ യഹോവയുടെ പ്രതിനിധികളെന്നാണു വയ്പു്. അങ്ങിനെയാണെങ്കിൽ പിതാവിനാൽ പ്രതിഷ്ഠിക്കപ്പെട്ടു് അയയ്ക്കപ്പെട്ടിരിക്കുന്ന യേശു ദൈവപുത്രനെന്നു സ്വയം അഭിമാനിച്ചതു് എത്രയോ വാസ്തവമാണു്!

വാ. ൪൦—൪൨. യോൎദ്ദാന്നക്കരെ:—അവരുടെ അ വിശ്വാസംമൂലം യേശു യോർദാന്നപ്പുറം പോയി അവിടെ താമസിച്ചു. യോഹന്നാൻസ്നാപകന്റെ പ്രസംഗങ്ങൾ മൂലവും അവൻ ചെയ്ത അത്ഭുതങ്ങളെക്കൊണ്ടും അവിടെ അനേകർ അവനെ വിശ്വസിച്ചു. ഇവരുടെ വിശ്വാസം യഹൂദന്മാരുടെ അവിശ്വാസത്തിന്നു നേരേ വിപരീതമായ ഒരവസ്ഥയാണ്. പരീശന്മാരുടെ പാരമ്പൎയ്യങ്ങളെകൊ ണ്ടു് തങ്ങളുടെ ഹൃദയങ്ങളെ കഠിനപ്പെടുത്താതെ അവർ ദൈവവചനശ്രവണത്തിന്നായി തങ്ങളെത്തന്നെ ഒരുക്കി.

പാഠങ്ങൾ:—(൧) ഈ ഖണ്ഡികയിൽ ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ പ്ര ത്യേകം ചിന്തിക്കേണ്ടതാണ്. (൨) ക്രിസ്തുവിന്റെ അവ കാശങ്ങളെക്കുറിച്ചു് യഹൂദന്മാർ മനസ്സിലാക്കാതിരുന്നതു കൊണ്ടു് അവനെ ഒടുക്കിക്കളയണമെന്നു് അവർ വിചാ രിച്ചു. (൩) സത്യത്തിന്നു വേണ്ടി സാക്ഷി നിൽക്കുന്ന ഒരാളിനെ നീക്കിക്കളയുന്നതുകൊണ്ടു് സത്യത്തെ നീക്കി ക്കളവാൻ ഇടവരുന്നതല്ല. അതു രക്തസാക്ഷികളുടെ ഹൃദയതകൎച്ചയുടെ ഫലമായി വീണ്ടും പൊട്ടിപ്പുറപ്പെട്ടു കൊണ്ടിരിക്കും. (൪) ആത്മാക്കൾ രക്ഷിതാവിന്റെ അടു ക്കലേയ്ക്കു വരുമ്പോൾ പ്രാസംഗികന്മാരായ നാം അവ രോടു പറഞ്ഞതെല്ലാം സത്യമായിരുന്നു എന്നു് അവർ പറയുന്നതിന്നു സംഗതി വരുന്നുവെങ്കിൽ എത്ര നന്നായി രിക്കും എന്നു ൪൧-ാംവാക്യത്തിൽനിന്നും കാണുന്നു.

——(൦)——

അദ്ധ്യായം ൧൧

പുനരുത്ഥാനവും ജീവനും.

കഥാബന്ധം:—ബെഥാന്യയിലെ ലാസറിൻെറ രോഗത്തെക്കുറിച്ചു കേട്ടിട്ടു് കത്താവു ശിഷ്യന്മാരോടുകൂടെ ബെഥാന്യയിലേയ്ക്കു പോകുവാൻ ആരംഭിക്കുന്നു. ക്രിസ്തു സ്നേഹം തന്നെ എന്നുള്ളതിനെ ദൃഷ്ടാന്തീകരിക്കുന്ന ഒരടയാളമത്രെ ഈ അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം. ഈ സുവിശേഷത്തിൽ ൧൦-ാം അദ്ധ്യായത്തിൻെറയും ൧൧-ാം അദ്ധ്യായത്തിൻെറയും മദ്ധ്യേ ലൂക്കോസ് ൧൧. ൧—൧൮. ൧൦ വരെയുള്ള ഭാഗം പൂരിപ്പിക്കേണ്ടതാണു്. യോഹന്നാൻ ൧൧-ാം അദ്ധ്യായത്തിലെ സംഭവങ്ങൾ ലൂക്കോസ് ൧൮. ൧൦-ം, ൧൧-ം വാക്യങ്ങൾക്കിടയിൽ വരേണ്ടതാണു്. ഈ സുവിശേഷത്തിലുള്ള ഏഴു് അടയാളങ്ങളിൽ ഒടുവിലത്തേതാണു് ഈ അദ്ധ്യായത്തിലുള്ളതു്. മററു സുവിശേഷങ്ങളിൽ ഇതിനെക്കുറിച്ചു പ്രസ്താവിച്ചിട്ടില്ലാത്തതുകൊണ്ടു്, ഇതു് ഒരു യഥാൎത്ഥസംഭവമല്ലെന്നു് ചിലർ പറഞ്ഞിട്ടുണ്ടു്. ഈ അഭിപ്രായം ശരിയല്ല. ക്രിസ്തു തൻെറ ശിഷ്യന്മാരുമായി ലാസറിൻെറ മരണത്തെക്കുറിച്ചും മററും ചെയ്യുന്ന സംഭാഷണത്തിൽ അതൊരു യഥാൎത്ഥസംഭവമാണെന്നുള്ളതിനു വേണ്ട തെളിവുകളുണ്ടു്. മററു സുവിശേഷങ്ങളിൽ പ്രസ്താവിക്കാത്തതിനു് ചില കാരണങ്ങൾ:—

൧. മററു സുവിശേഷങ്ങളിൽ കത്താവിന്റെ യഹൂദ്യയിലെ ശുശ്രൂഷയെക്കുറിച്ചു് അധികമൊന്നും പറഞ്ഞി

ട്ടില്ലാത്ത സ്ഥിതിക്കു് ഈ അത്ഭുതം അവയിൽ കാണാതിരിക്കുന്നതു് ആശ്ചൎയ്യമല്ല.

൨. ബെഥാന്യയിലെ കുടുംബത്തേയോ ലാസറിനേയോ കുറിച്ചു് സംഹിത സുവിശേഷങ്ങളിൽ (synoptic Gospels) യാതൊന്നും പറഞ്ഞുകാണാത്തതു് ശ്രദ്ധേയമാണു്. "ലാസറെയും കൊല്ലണമെന്നു മഹാപുരോഹിതന്മാർ ആലോചിച്ചു (൧൨: ൧൧) എന്നു പറഞ്ഞിരിക്കുന്നതു നോക്കിയാൽ ആ മൂന്നു സുവിശേഷകന്മാരും ഈ പ്രധാനമായ അത്ഭുതത്തെക്കുറിച്ചു മൌനം ദീക്ഷിക്കുന്നതിന്റെ കാരണം വ്യക്തമാകുന്നു. അവർ സുവിശേഷങ്ങൾ എഴുതുന്ന കാലത്തു് ലാസർ മുതലായ ബെഥാന്യയിലെ കുടുംബക്കാർ ജീവിച്ചിരിപ്പുണ്ടു് എന്നുള്ളതു തീൎച്ചയാണു്. അക്കാലത്തു് യഹൂദന്മാരുടെ വൈരം തീരെ ശമിച്ചിട്ടുമില്ല. ഈ സംഗതി ഗ്രന്ഥംമൂലമായി പ്രസിദ്ധീകരിച്ചാൽ അവരുടെ ജീവനാശത്തിനു ഹേതുവായിത്തീൎന്നേക്കാം. എന്നാൽ യോഹന്നാൻ സുവിശേഷമെഴുതുന്ന കാലത്തു് (ഏ. ഡി. ൯൦-നിടയ്ക്കു്) അവർ ഇഹലോകവാസം വെടിഞ്ഞിരുന്നതുകൊണ്ടു് യോഹന്നാൻ സധൈൎയ്യം താൻ പ്രത്യക്ഷത്തിൽ കണ്ടതുപോലെ ആ വൃത്താന്തത്തെ വിവരിക്കുന്നു.

—(o)—

൪൨. ൧൧. ൧—൧൬. ബെഥാന്യായിലെ കുടുംബം.

വാക്യം ൧. ബെഥാന്യാ—യരുശലേമിൽ നിന്നും രണ്ടു മൈൽ ദൂരത്തുള്ള ഒരു ചെറിയ ഗ്രാമമാണിതു്. ഒലിവുമലയുടെ താഴ്‌വരയിലാണു് ഇതിന്റെ സ്ഥാനം.

ഇപ്പോഴും ആ സ്ഥലത്തിന് ലാസറിന്റെ ഭവനം എന്ന പേരുണ്ട്.

ലാസർ=എലിയാസർ (ദൈവം എന്റെ തുണ). ഇയാൾ സമുദായനിലയിൽ ഉയൎന്ന സ്ഥാനമുള്ള ഒരാളാണ്. കുഷ്ഠരോഗിയായ ശീമോന്റെ മകനോ, ഒരു അടുത്ത ബന്ധുവോ ആയിരിക്കാം. ഇയാൾ "ധനവാനും ലാസറും" എന്ന ഉപമയിൽ പറയപ്പെടുന്ന ലാസറല്ല.

൨. മറിയ:—കൎത്താവിനെ പരിമളതൈലം പൂശിയ ചരിത്രം ആദ്യക്രിസ്ത്യാനികൾക്ക് ഏവൎക്കും അറിയാവുന്നതാണ്. അതിനാലാണ് ലാസർ ഈ മറിയയുടെ സഹോദരനെന്ന് ഗ്രന്ഥകാരൻ പ്രത്യേകമെടുത്തു കാണിക്കുന്നത്. ഇവൾ മഗ്ദലനമറിയയെന്നോ (ലൂ: ൭; ൩൭.) ഏഴു പിശാചു ബാധിച്ചിരുന്ന മറിയയെന്നോ (ലൂ: ൮; ൨.) വിചാരിപ്പാൻ ന്യായമില്ല.

൩. നിനക്കു പ്രിയനായവൻ:—ഇവിടത്തെ ഈ സ്നേഹം യേശുവിനു സാൎവ്വത്രികമായുള്ള പൊതുസ്നേഹത്തെക്കാളും വിശേഷമായ ഒരു സ്നേഹമാണ്. ൫-ാം വാക്യത്തിലെ പ്രസ്താവന പൊതുസ്നേഹത്തേയാണു കുറിക്കുന്നത്.

൪. മഹത്വപ്പെടേണ്ടതിന്:—യേശു തന്റെ ശക്തിയെ ഇവിടെ കാണിക്കാൻ പോകുന്നതുകൊണ്ടും, തന്റെ മരണഹേതുക്കളിൽ ഒന്ന് ഈ സംഭവമാകകൊണ്ടും ഇവ മൂലം തനിക്ക് മഹത്വം ലഭിക്കുന്നു.

൬. രണ്ടു ദിവസം:—ലാസറിന്റെ രോഗവിവരം അറിഞ്ഞിട്ടും ഇങ്ങനെ രണ്ടു ദിവസം യേശു അവിടെ താമസിച്ചതു് താഴെ പറയുന്ന ഉദ്ദേശങ്ങളോടുകൂടെയായിരിക്കണം:—

(൧) ലാസറിന്റെ മരണം ഒരു നിസ്തക്കസംഭവമായിത്തീരാൻ. (൨) താൻ ചെയ്യാൻ പോകുന്ന അത്ഭുതത്തിന് ധാരാളം ദൃക്സാക്ഷികളെ ലഭിപ്പാൻ തക്കവണ്ണം സമയമുണ്ടാകുന്നതിന്. (൩) മാത്ത, മറിയ എന്നീ സഹോദരിമാരുടെ വിശ്വാസത്തെ പരീക്ഷിക്കുന്നതിനും അവരെ ശക്തിപ്പെടുത്തുന്നതിനും.

൯—൧൦. തനിക്ക് അനുവദിക്കപ്പെട്ടിരുന്ന സമയം മുഴുവനും യേശു നിർഭയനായി പ്രവൎത്തിക്കുന്നുണ്ട്. അന്ധകാരത്തിന്റെ ശക്തികൾ വരുന്നുണ്ട്. അപ്പോൾ മനുഷ്യപുത്രൻ തന്നെയും ഇടറിപ്പോകും (മരിക്കും). അതുവരെയ്ക്കും ശത്രുവിന് ഒന്നും സാധിക്കയില്ല. ഇടറുമെന്നുള്ള ഭയമൊന്നും കൂടാതെ ഒരു മനുഷ്യന് അദ്ധ്വാനിക്കേണ്ടതിലേയ്ക്കായി പകൽ ൧൨ മണിക്കൂറു നേരമില്ലയോ? ഞാൻ വേല ചെയ്യുന്നതിനു നിശ്ചയിക്കപ്പെട്ടിരിക്കുന്ന പകലിന്റെ അന്ത്യഘട്ടത്തിലേയ്ക്ക് ഇതുവരെ ഞാൻ വന്നെത്തിയിട്ടില്ല. അതിനാൽ എനിക്കായി ഉദ്ദേശിച്ചിരിക്കുന്ന ജോലി ഞാൻ നിർവിഘ്നം തുടൎന്നു നടത്താവുന്നതാണ്.

൧൫. അവന്റെ അടുക്കൽ:—വാ. ൧൧-ലും ഇവിടെയും ലാസർ ഇപ്പോഴും ജീവിച്ചിരിക്കുന്നതുപോലെയാണ് യേശു സംസാരിക്കുന്നത്.

൧൬. അവനോടുകൂടി മരിക്കേണ്ടതിന്:—നിങ്ങൾ വിശ്വസിപ്പാൻ ഇടയാകുമല്ലോ എന്ന് യേശു പറഞ്ഞതിലും വിശ്വാസരഹിതനായി തോമാസ് ഇങ്ങനെ സംസാരിക്കുന്നതിലുമുള്ള വ്യത്യാസങ്ങളെ സൂക്ഷിക്കുക.

മററു സ്ഥലങ്ങളിലും ഈ തോമാസിനെ ഇതേ ഹൃദയമുള്ളവനായിട്ടാണു കാണുന്നതു്.

പാഠങ്ങൾ:—(൧) ബഥാന്യായിലെ ഈ ഭവനത്തിൽ പാൎത്തിരുന്ന ആളുകളുടെ സ്വഭാവഗുണം പല തരത്തിൽ വ്യത്യസ്തപ്പെട്ടവയാകുന്നു. മാൎത്താ പ്രായോഗികവിദഗ്ദ്ധയും, കൎമ്മകുശലയും, താൻ സ്നേഹിച്ചിരുന്നവരുടെ ആശ്വാസത്തിനും സുഖത്തിനും വേണ്ടി നല്ല കരുതലുള്ളവളും ആയിരുന്നു. മറിയ ആശ്രയശീലവും, ഭക്തിയും, സ്ത്രീസഹജമായ സഹതാപഗുണമുള്ളവളുമായി കാണപ്പെടുന്നു. ലാസർ ശാന്തനും മൌനിയും വിനീതസ്വഭാവമുള്ളവനുമായിരുന്നു. യേശു ഇവരെ ഓരോരുത്തരേയും സ്നേഹിച്ചതായി പറഞ്ഞിരിക്കുന്നു. (൨) കൎത്താവു് അവരെ വളരെ സ്നേഹിച്ചതുകൊണ്ടു് അവരുടെ വിശ്വാസത്തെ പരിശോധിക്കുന്നു. ദൈവത്തിന്റെ പെരുമാറ്റങ്ങൾ എത്ര അന്ധകാരമയമായും വേദനയുള്ളതായും ഇരുന്നാലും അവന്റെ മാറ്റമില്ലാത്തതും അന്തമില്ലാത്തതുമായ സഹതാപത്തിലും സ്നേഹത്തിലും നാം വിശ്വസിക്കേണ്ടതു് അത്യാവശ്യമാകുന്നു. എത്രയും ധാരാളമായി ഫലം കായ്ക്കുന്ന ശിഖരങ്ങളാണു് എത്രയും ശരിയായി ചെത്തി വെടിപ്പാക്കപ്പെടുന്നതു്. (൩) അവൻെറ വിസ്മയനീയമായ അത്ഭുതം നഷ്ടപ്പെട്ടു പോകാതിരിക്കേണ്ടതിനു് അവരുടെ സഹായത്തിനായി അവൻ പെട്ടെന്നു പോകാതിരുന്നു. ലാസർ മരിക്കാതിരുന്നുവെങ്കിൽ ഗുരുവിനെ പുനരുത്ഥാനവും ജീവനുമായി അവർ ഒരിക്കലും അറിയുകയില്ലായിരുന്നു. നമ്മുടെ ഏററവും ആഴമായ ആവശ്യങ്ങളോടു ഘടിപ്പിച്ചു് ദൈവത്തിൻെറ നിത്യമായ വിചാരണയും വിടുതലും കരുതലും കാണപ്പെടുന്നു. ചിലപ്പോൾ

നമ്മുടെ പ്രാൎത്ഥനകൾക്കു മറുപടി ലഭിക്കാതിരിക്കുന്നതിന്നു പല കാരണങ്ങളും ഉണ്ടു്. ചിലപ്പോൾ നാം തെറ്റായി ചോദിച്ചതുകൊണ്ടായിരിക്കണം. അല്ലെങ്കിൽ നമ്മുടെ ഏററവും ഉൽകൃഷ്ടമായ ചിന്തകൾക്കപ്പുറമായി എത്രയും വിലയേറിയ ചില അനുഗ്രഹങ്ങൾ നമുക്കു നൽകുവാനായി അവൻ കരുതിയിട്ടുള്ളതുകൊണ്ടും ആയിരിക്കാം. അവന്റെ ശബ്ദത്തിങ്കൽ മരിച്ചവർ ജീവനോടുകൂടെ എഴുന്നേൽക്കും എന്നു് ആ സഹോദരികളെ മാത്രമല്ല ശിഷ്യന്മാരെയും ഭാവി തലമുറകളെയും പഠിപ്പിക്കേണ്ടതിന്നായി ലാസറിന്നു് മരണം സംഭവിപ്പാൻ അവൻ അനുവദിച്ചുകൊടുത്തു. (൪) നാം ഉപദ്രവത്തിൽ അകപ്പെട്ടിരിക്കുമ്പോൾ ഈ സഹോദരിമാരെപ്പോലെ യേശുവിങ്കലേയ്ക്കു തിരിയുന്നുണ്ടോ?

—(൦)—

൪൨. ൧൧. ൧൭—൩൧.

യേശു ബഥാന്ന്യയിൽ ചെന്നതു്.

൬. ൧൭ ബഥാന്ന്യയ്ക്കും പെരിയായ്ക്കും തമ്മിലുള്ള ദൂരം ൨൫ മൈലാണു് (അതായതു് ഒരു ദിവസത്തെ യാത്ര). ലാസറിന്നു സുഖക്കേടാണെന്നുള്ള വിവരം യേശുവിന്നു് അറിവു കിട്ടിയപ്പോൾതന്നെ അവൻ മരിച്ചിരിപ്പാൻ ഇടയുണ്ടു്.

൧൯. മരണശേഷം ഏഴുദിവസം ദുഃഖം ആചരിക്കുന്നതു യഹൂദന്മാരുടെ പതിവാണു്.

൨൦. ഇരുന്നു:—മൌനമായിരുന്നുവെന്നൎത്ഥം. ഇതു ദുഃഖത്തിന്റെ അടയാളമാണു്, ജഡത്തെ ശ്മശാനത്തി

ലേയ്ക്കു കൊണ്ടുപോയ ശേഷം ഭവനത്തിലുള്ള കസേര, കട്ടിൽ എന്നിവയെ മറിച്ചിട്ടിട്ട് ദുഃഖിതരൊക്കെ തറയിൽ ഓരോ ചെറിയ പീഠത്തിന്മേൽ ഇരിക്ക പതിവാണ്.

ഇപ്പോഴും:—ഇതു മാൎത്തയുടെ അത്യത്ഭുതകരമായ വിശ്വാസത്തെ വെളിപ്പെടുത്തുന്ന ഒരു പദമാണ്.

൨൪. പുനരുത്ഥാനത്തെക്കുറിച്ച് യഹൂദന്മാർ ദൃഢവിശ്വാസമുള്ള കൂട്ടത്തിലല്ല. അവസാന നാളിൽ ദൈവം എല്ലാവരേയും ഉയിൎപ്പിക്കുമെന്ന് പലരും വിശ്വസിച്ചിരുന്നുവെങ്കിലും ഒരു മോക്ഷഭാഗ്യം പ്രാപിക്കയെന്നുള്ള അവസ്ഥ വിശ്വസിച്ചിരുന്നില്ല.

൩൧. കരയുവാൻ:—മരണശേഷം മൂന്നു ദിവസത്തേയ്ക്കു ദേഹി മൃതദേഹത്തെ വിട്ടുപോകാൻ മനസ്സില്ലാതെ ശ്മശാനത്തെ ചുററിസ്സഞ്ചരിച്ചുകൊണ്ടിരിക്കുന്നുവെന്നും, ജഡത്തിനു ജീൎണ്ണം തട്ടിത്തുടങ്ങുന്ന നാലാംദിവസത്തിൽ മാത്രമേ ദേഹി അവിടംവിട്ടു ഗമിക്കുന്നുള്ളുവെന്നുമായിരുന്നു യഹൂദന്മാരുടെ ധാരണ. അതിനാൽ ഈ ദിവസങ്ങളിൽ കൂടക്കൂടെ കല്ലറയ്ക്കൽ ചെന്നു കരയുക പതിവായിരുന്നു.

പാഠങ്ങൾ:—(൧) മാൎത്തായുടെ ഇച്ഛാഭംഗം അവളുടെ വിശ്വാസത്തെ ഹനിച്ചില്ല. (൨) ഉപദ്രവങ്ങളുടെ ഫലമായി പലപ്പോഴും ദർശനങ്ങൾ ലഭിക്കുന്നു. (൩) നീ ഇതു വിശ്വസിക്കുന്നുവോ? നമ്മുടെ വിശ്വാസം എത്രമാത്രം ഉണ്ടെന്നു നാം വല്ലപ്പോഴും ചിന്തിക്കാറുണ്ടോ? മാൎത്തായുടെ അല്പവിശ്വാസം വളരെ വൎദ്ധിച്ചതായി നാം കാണുന്നു. അവളുടെ സങ്കടത്തിൽ കൎത്താവ് പുന

രുത്ഥാനവും ജീവനും എന്നുള്ള പ്രഖ്യാപനശബ്ദം കേൾക്കുവാൻ ഇടവരികയും, അവൾ തൽക്ഷണം പോയി മറിയയേ വിളിക്കയും ചെയ്തു. (൪) ഗുരു വന്നിട്ടുണ്ടു്. നിന്നെ വിളിക്കുന്നു എന്നു മാർത്താ പറയുന്നു. അതേ, അവൻ കൂടെക്കൂടെ വരികയും നമ്മെ വിളിക്കയും ചെയ്യുന്നുണ്ടു്. അവൻ ഇപ്പോഴും നമ്മേ വിളിക്കുന്നു. അവന്റെ വിളിയേ നാം ശ്രദ്ധിക്കുന്നുണ്ടോ?

———[൦]———

൪൩. ൧൧. ൩൨—൪൬.

ലാസറിനെ ഉയിർപ്പിക്കുന്നതു്.

വാ. ൩൫. കണ്ണുനീർ വാർത്തു—മററുള്ളവരുടെ ദുഃഖത്തിനു പരിഹാരമുണ്ടാക്കുവാൻ യേശു വന്നിരിക്കുന്ന ഈ സ്ഥലത്തും ഏതു് സന്ദർഭത്തിലും ദുഃഖിക്കുന്നവരോടു കൂടി താനും ദുഃഖിച്ചു കണ്ണുനീർ പൊഴിക്കുന്നു. ഇതു സാക്ഷാൽ യേശുവിന്റെ മാനുഷികത്തെയും സഹതാപചിന്തയേയും നല്ലവണ്ണം വെളിപ്പെടുത്തുന്നുണ്ടു്. (൧൧. ൩൮–൪൬. എബ്രാ. ൪. ൧൪, ൧൫; ൧ കോരി. ൧൫. ൪൨–൫൨ വായിക്കുക.)

൩൮. "ലാസറിന്റെ കല്ലറ" എന്ന നാമത്താൽ ഇപ്പോൾ അറിയപ്പെടുന്ന ഒരു പ്രത്യേകസ്ഥലമിവിടെയുണ്ടു്. അതു് ഗ്രാമത്തിന്റെ മദ്ധ്യത്തായി സ്ഥിതിചെയ്യുന്നതും, വെളുത്ത പാറക്കെട്ടു് തുരന്നുണ്ടാക്കപ്പെട്ടിട്ടുള്ളതും, താഴോട്ടിറങ്ങിച്ചെല്ലുന്നതിനു ൨൬ കൽപ്പടികളോടുകൂടിയതുമായി ഭൂഗർഭത്തിലുള്ള ഒരു അറയാണു്.

വാ. ൩൯. യേശു തന്റെ സ്നേഹിതനെ ഉയിപ്പി ക്കാൻ ഭാവിക്കയാണെന്നുള്ള വിശ്വാസം ഇപ്പോഴും മാ ത്തായ്ക്കു് ഇല്ലായിരുന്നു. അവനെ അവസാനമായി ഒന്നു കാണത്തക്കവണ്ണം കല്ലു നീക്കാൻ യേശു ആജ്ഞാപി ച്ചതായിട്ടാണു് അവൾ ധരിച്ചതു്.

വാ. ൪൦. മാത്താ വിശ്വസിക്കേണ്ടതു് അത്യാവ ശ്യമെന്നു കത്താവു പറയുന്നു. ദൈവമഹത്വം വെളി പ്പെടുന്നതിനു് നമ്മുടെ വിശ്വാസം അത്യന്താപേക്ഷിത മാണു്. നാം വിശ്വസിക്കുന്നതിനനുസരണമായി മാത്രമേ പൊതുവെയുള്ള ഉണവ്വും ആളാംപ്രതിയുള്ള രക്ഷയും സാദ്ധ്യമാകയുള്ളു. ലാസറിനെപ്പോലെ മരിച്ചുകിടക്കുന്ന വർ ജീവിച്ചു് ദൈവമഹത്വം വെളിപ്പെടണമെങ്കിൽ പ്രാസംഗികന്മാർ, അദ്ധ്യാപകന്മാർ മുതലായ ക്രിസ്തീയ പ്രവത്തകന്മാരുടെ വിശ്വാസം സജീവമായി വ്യാപരി ക്കേണ്ടതു് എത്രയും ആവശ്യമാകുന്നു.

വാ. ൪൧. "നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു" എന്നു് കത്താവു പറഞ്ഞതിൽ നിന്നും പ്രാത്ഥനയുടെ ഫലമായി ലാസർ ജീവിക്കുമെ ന്നുള്ള ഒരു നിണ്ണയം കത്താവിനു ലഭിച്ചുകഴിഞ്ഞു എന്നു നമുക്കു മനസ്സിലാക്കാം. എന്നാൽ പുറമേയുള്ള പ്രത്യ ക്ഷമായ കല്പനയാൽ ചുററുംകൂടി നിന്നിരുന്നവരും, ഭാവി തലമുറകളും, നമ്മുടെ കത്താവും പിതാവുമായുള്ള നി ത്യമായ ഐക്യത്തെക്കുറിച്ചു മനസ്സിലാക്കുവാൻ സം ഗതി വന്നു.

പാഠങ്ങൾ:—൧. കത്താവിന്റെ പാദങ്ങൾ ചില പ്പോൾ മന്ദമായി മാത്രമേ ചരിക്കയുള്ളു എങ്കിലും അ

വൻ അവസാനത്തിൽ ഇതാ വരുന്നു! അവൻ വരുമ്പോഴോ, നമ്മുടെ ആശയ്ക്കപ്പുറമായ അനുഗ്രഹങ്ങൾ വഹിച്ചുകൊണ്ടാണ വരുന്നതു്. അവൻ രോഗികളെ മാത്രമല്ല മരിച്ചവരേയും കൂടെ എഴുന്നേല്പിക്കുന്നു. ശവക്കല്ലറയുടെ സമീപത്തു നിന്നുകൊണ്ടു് പുനരുത്ഥാനത്തിൻെറ തേജസ്സിനെ അവൻ പ്രകാശിപ്പിക്കുന്നു. ആശിച്ചിരുന്നതിനപ്പുറമായ വിധത്തിൽ പ്രാൎത്ഥനയ്ക്കുള്ള മറുപടി ലഭ്യമാകുന്നു. പലപ്പോഴും നാം കൎത്താവിനെ തെറ്റിദ്ധരിക്കുന്നു എങ്കിലും കുറേക്കഴിയുമ്പോൾ സംഗതികളുടെ യഥാൎത്ഥനില നമുക്കു മനസ്സിലാകും. "മിണ്ടാതിരുന്നു ഞാൻ ദൈവമെന്നറിഞ്ഞുകൊൾവിൻ"

൨. നമ്മുടെ കൎത്താവു് പുനരുത്ഥാനവും ജീവനുമാകുന്നു. ശരീരത്തിലും ആത്മാവിലും അവനു് ഈ വിശേഷവിധിയായ വരം ഉണ്ടു്. ആത്മികമായി പറഞ്ഞാൽ അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചിരിക്കുന്നവരെ അവൻ ജീവിപ്പിക്കുന്നു. ശാരിരികമായി പറഞ്ഞാൽ സകലത്തേയും അവനിലേയ്ക്കു കീഴടക്കുവാൻ കഴിയുന്ന അവൻെറ വ്യാപാരശക്തികൊണ്ടു് നമ്മുടെ ഈ താഴ്ചയുള്ള ശരീരത്തെ തൻെറ മഹത്വമുള്ള ശരീരത്തോടു് അനുരൂപമാക്കുവാൻ തക്കവണ്ണം രൂപാന്തരപ്പെടുത്തും. നമുക്കു മുൻപായി കടന്നുപോയ പ്രിയപ്പെട്ടവരെ നമുക്കു കാണുവാൻ സംഗതിയാകും.

൩. തൻെറ ക്രൂശുമരണം സമീപിച്ചിരുന്നപ്പോൾ കൂടിയും സന്തോഷചിത്തനായിരുന്ന കൎത്താവു് ഇതാ, അന്യൻെറ ശവക്കല്ലറയ്ക്കൽ നിന്നുകൊണ്ടു ദുഃഖിക്കുന്നു.

"തീവ്രമായ ദുഃഖം അനുഭവിക്കാവുന്നവക്ക് മാത്രമേ അവണ്ണനീയമായ സന്തോഷം അനുഭവിക്കുവാൻ കഴികയുള്ളു."

ർ. ഇനിയും ഒരു ദിവസം കത്താവിൻെറ ശബ്ദം നാം വ്യക്തിപരമായി കേൾക്കയും, കല്ലറകളിലുള്ളവരെല്ലാവരും പുറത്തു വരികയും, ജീവനോടുകൂടിയിരിക്കുന്നവർ മറുരൂപപ്പെടുകയും ചെയ്യുന്നതായിരിക്കും. ഹേ മരണമേ! നിൻെറ വിഷമുള്ള് എവിടെ? ഹേ പാതാളമേ! നിൻെറ ജയം എവിടെ? മരണത്തിൻേറയും പാതാളത്തിൻേറയും താക്കോലുകളെ വഹിച്ചിരിക്കുന്ന ക്രിസ്തുവിൻെറ മുമ്പിൽ അവയെല്ലാം മൌനമായിത്തീരും. (൧. കൊരി. ൧൫.)

—(൦)—

ർർ. ൧൧. ർ൭—൫൭. അടയാളത്തിൻെറ ഫലങ്ങൾ.

ഈ വലിയ അത്ഭുതം നടന്ന വിവരം ജനത്തിന്റെ പ്രമാണികൾ കേട്ടപ്പോൾ സംഗതികളെക്കുറിച്ചു പര്യാലോചിക്കേണ്ടതിന് ഒരു സംഘം കൂടി. ഈ വിസ്മയനീയമായ വാത്ത വ്യാപ്തമായതോടുകൂടി ജനസംഘം മുഴുവൻ ഈ അത്ഭുതപുരുഷൻെറ അടുക്കലേയ്ക്കു വന്നു കൂടുകയും, റോമാക്കോയ്മയുടെ അധികാരത്തെ അവഗണിച്ചുകളകയും ചെയ്യേക്കാമെന്നും, അങ്ങനെയാകുന്ന പക്ഷം റോമാക്കോയ്മയുടെ അധികാരത്തിൻെറ ഉച്ഛിഷ്ടഫലമായിട്ടുണ്ടായിരുന്ന പദവികൾ പോലും നഷ്ടപ്പെട്ടുന്നതാണെന്നും കയ്യഫാവും കൂട്ടരും സമ്മതിച്ചു പറഞ്ഞു

തിനെക്കുറിച്ചു സൂക്ഷിക്കുക. ഈ അത്ഭുതത്തെ നിഷേധിക്കുവാൻ അവക്കു സാധിക്കയില്ല. തത്സമയത്തു് സംഭവിച്ച കാൎയ്യങ്ങൾ അനിഷേധ്യങ്ങളാണല്ലോ.

ഫലങ്ങൾ:—(൧) യഹൂദന്മാരിൽ പലരും വിശ്വസിക്കുന്നു. (൨) പരിശന്മാർ അവനെ കൊല്ലുവാൻ നിശ്ചയിക്കുന്നു. (൩) യേശു അവിടംവിട്ടു മാറിത്താമസിക്കുന്നു. (൪) മറിയ കൂടുതൽ സ്നേഹം പ്രദൎശിപ്പിക്കുന്നു. (൫) ജനസംഘം ആൎത്തു് യേശുവിനെ വാഴ്ത്തി സ്തുതിക്കുന്നു.

വാ. ൪൯. കയ്യഫാവു്:—ഇവൻ അന്നാസിന്റെ മരുമകനാണു്. പൊന്തിയോസ്സ് പീലാത്തോസിന്റെ പൂൎവ്വികനായ അധിപതി ഇവനെ പ്രധാനാചാൎയ്യനായി വാഴിച്ചു. വിറേറലിയൂ എന്ന രാജാവു് ഇയ്യാളെ സ്ഥാനഭ്രഷ്ടനാക്കി. ഈ കയ്യഫാവു് സദൂക്യരിൽ പെട്ടവനാണു്. ഈ സദൂക്യരാണു് പ്രധാനമായി യേശുവിന്റെ വധത്തിനു കൂട്ടുകെട്ടുണ്ടാക്കിയതു്.

വാ. ൫൧. കയ്യഫാ:—യേശുവിന്റെ മരണം മൂലം ഉണ്ടാകേണ്ട പൊതുനന്മയെ തന്നെത്താനറിയാതെ ഇവിടെ വെളിപ്പെടുത്തുകയാണു്. ഗ്രന്ഥകൎത്താവു് പ്രത്യേക കരുതലോടുകൂടിയാണു് ഇതെഴുതിയിരിക്കുന്നതു്.

വാ. ൫൨. ഒന്നായിട്ടു്:—ഒരു സഭയായിട്ടു് എന്നൎത്ഥം.

ദൈവമക്കളെ:—അതായതു് പുറജാതികളെ.

ചിതറിയിരിക്കുന്ന:—പാപം നിമിത്തം മനുഷ്യജാതിയുടെ ഏകയോഗക്ഷേമം നഷ്ടപ്രായമായി ഭവിച്ചു. എന്നാൽ ക്രിസ്തുവിന്റെ മരണമോ, പാപത്തെ പരിഹരിച്ചിട്ടു് ആ ക്ഷേമത്തെ പുനസ്ഥാപിക്കുന്നു.

വാ. ൪൪. എഫ്രയീം:—ഇതു് ബെഥേലിനു ൪ മൈൽ അകലെയുള്ള സ്ഥലമാണ്. ഇതിനു് എഫ്രോൺ (൨ ദിനവൃ. ൧൩. ൧൯), ഒഫ്ര (൧ ശമു. ൧൩. ൧൭) എന്നും പേരുകൾ ഉണ്ടു്.

വാ. ൫൫. തങ്ങൾക്കു ശുദ്ധി വരുത്തുവാൻ:—അശുദ്ധങ്ങളെ നീക്കിയിട്ടു വേണം പെസഹ ഭക്ഷിക്കുവാൻ. ൧൮, ൨൮; സംഖ്യാ. ൯. ൧൦; ൨ ദിന. ൩൦, ൧൭; എന്നിവ നോക്കുക. പെസഹ ആചരിക്കുന്നതിനു വന്നുകൂടുന്നവർ മുൻകൂട്ടി അവിടെ എത്തി മുണ്ഡനം, യാഗം മുതലായ കർമ്മങ്ങൾകൊണ്ടു് തങ്ങളെത്തന്നെ ശുദ്ധീകരിക്കുക പതിവാണ്. ചിലപ്പോൾ ഈ ചടങ്ങ് ഒരാഴ്ചയോളം നീണ്ടുനിൽക്കുന്നതാണ്.

വാ. ൫൭. മഹാപുരോഹിതൻ:—യേശുവിനെ ഉപദ്രവിക്കുന്നതിൽ സദൂക്യപക്ഷക്കാരായ പുരോഹിതന്മാരാണു മുമ്പിട്ടു നിന്നതു്.

പാഠങ്ങൾ:—(൧) ജാതി ഒട്ടുക്കു് ക്രിസ്തുവിൻെറ നേതൃത്വത്തിൽ ഒരു വിപ്ലവം ഉണ്ടാകുന്നപക്ഷം ജാതി മുഴുവനായി നശിച്ചുപോകുന്നതിനു് ഇടവരുന്നതായതുകൊണ്ടു് യേശുവിനെ ഉടൻതന്നെ കൊന്നുകളഞ്ഞാൽ അങ്ങനെ ഒരു ദോഷം നേരിടാതിരിക്കുമല്ലോ എന്നു കയ്യഫാ ആലോചന പറഞ്ഞു. അവൻെറ ആലോചന ഹ്രസ്വവും ആപൽക്കരവും ആയിരുന്നു. അതു സ്വീകരിച്ചതുകൊണ്ടു് ൪൦ വർഷം കഴിഞ്ഞപ്പോൾ യഹൂദരാജ്യം തന്നെ നിശ്ശേഷം നശിക്കുവാനാണിടയായതു്. ദൈവാത്മാവിൻെറ ഒരായുധമായിട്ടു് അവൻ ഭവിച്ചുവെന്നും, ക്രിസ്തുവിൻെറ നിവൃത്തിക്കപ്പെട്ട വേലയുടെ ഉൽകൃഷ്ടമായ സത്യത്തെ പ്രധാനാചാര്യൻ എന്ന മുറയ്ക്കു് അവൻ

പണ്ടത്തെ ബിലയാമിനെപ്പോലെ പ്രവചിക്കുകയായിരുന്നു എന്നും സാധുവായ കയ്യഫാവ് ഒട്ടുംതന്നെ മനസ്സിലാക്കിയിരുന്നില്ല. തന്റെ മരണത്താൽ കർത്താവ് ആദാമിന്റെ വീണുപോയ സന്തതിക്കു വേണ്ടി പാപപരിഹാരം ചെയ്യുകയും, തന്റെ പുനരുത്ഥാനത്താലും സ്വർഗ്ഗാരോഹണത്താലും ഉൽകൃഷ്ടമായ ഒരു സാമ്രാജ്യനിർമ്മാണകൃത്യം പൂർത്തീകരിച്ചുകൊണ്ടു വരികയും ഇതിനോടിടയ്ക്കു റോമാ മുതലായ അനേകം സാമ്രാജ്യങ്ങൾ സ്വപ്നത്തിലെന്നപോലെ മാഞ്ഞുപോകയും ചെയ്തിരിക്കുന്നു. (൨) അവസാനം സമീപിച്ചിരിക്കുന്നു എന്നു യേശു അറിഞ്ഞു. എന്നാൽ ഇതിനു മുൻപായിത്തന്നെ പ്രവചനങ്ങളുടെ നിവൃത്തിയായി അവൻ വിശുദ്ധപട്ടണത്തിലേയ്ക്കു ജയോത്സവത്തോടുകൂടെ എഴുന്നള്ളി രാജോചിതമായ ആർപ്പുവിളിക്ക് അർഹനായിത്തീരേണ്ടതാണെന്നും അവൻ അറിഞ്ഞു. തന്നിമിത്തം അവൻ എഫ്രായീംഗ്രാമത്തിലേക്കു പോയി ശാന്തമായി കാത്തുകൊണ്ടിരുന്നു. ഇതിനോടിടയ്ക്ക് യഹൂദന്മാർ നാനാദേശങ്ങളിൽനിന്നും അവിടെ വന്നുകൂടുകയായിരുന്നു. അവന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ചുള്ള വർത്തമാനം കേട്ട് അവർ അവനെ തിരക്കിക്കൊണ്ടിരിക്കയായിരുന്നു.

——(൦)——

അദ്ധ്യായം ൧൨.

കുരിശിന്റെ നിഴൽ

യോ. ൧൨. ൧—൧൯.

തൈലാഭിഷേകവും ഘോഷയാത്രയും.

മത്താ. ൨൬. ൬—൧൩; മക്കോ. ൧൪. ൩—൯

നോക്കുക.) ലൂക്കോസ് ൭. ൩൬—ൽ പറഞ്ഞിരിക്കുന്നതു് വേറൊരു സംഭവമാണ്. അത്താഴം ലാസറിന്റേയും സഹോദരിമാരുടേയും അടുത്ത ഒരു ബന്ധുവായ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ വെച്ചാണു നടന്നതു്. യേശു അവിടെ ചെയ്ത അത്ഭുതത്തിനു് നന്ദിസൂചകമായി മറിയയും ഗ്രാമവാസികളും ചേൎന്നു കൊടുത്ത ഒരു സൽക്കാര വിരുന്നാണിതെന്നു വിചാരിക്കാം.

വാ. ൧. പെസഹായ്ക്കു് ആറു ദിവസം മുൻപേ യേശു ബെഥാന്യയ്ക്കു വന്നു. പെസഹാഉത്സവം ആരംഭിച്ചതു് നിസ്സാൻ മാസം ൧൪-ാംതീയതി സൂൎയ്യാസ്തമന വേളയിലാണ്. ഇതിനു് ആറുദിവസം മുൻപു് എന്നതു് നിസ്സാൻ ൮-ാംതീയതി ആണ്. ഏ. ഡി. ൩൦-ൽ ഇതു് മാൎച്ചു് ൩൧ വെള്ളിയാഴ്ചയായിരിക്കണം. അതു കൊണ്ടു് യേശുവും ശിഷ്യന്മാരും വെള്ളിയാഴ്ച വൈകുന്നേരം ശബ്ബത്ത് ആരംഭിച്ചു സ്വല്പം കഴിഞ്ഞു് ബെഥാന്യയിൽ എത്തിയതായി വിചാരിക്കാം.

വാ. ൩. സൌരഭ്യംകൊണ്ടു് വീടു നിറഞ്ഞു:— തൈലാഭിഷേകം ചെയ്ത സ്ത്രീ ആരെന്നും, തൈലത്തിനു്

എന്തു വില പിടിക്കുമെന്നും ഈ ഗ്രന്ഥകൎത്താവു് മാത്രമേ പറയുന്നുള്ളു. ഈ എഴുത്തുകാരൻ ഒരു ദൃക്സാക്ഷിയാണെന്നും ഈ വാക്യത്തിൽനിന്നു തെളിയുന്നു. സുവിശേഷദൂതിന്റെ പരിമളം ദിഗന്തങ്ങളിലേക്കു പരക്കുന്നതിന്റെ ഒരു സദൃശമായിട്ടും കൂടെ ഇതിനെ സഭ ഗണിച്ചിട്ടുണ്ടു്.

വാ. ൫. മുന്നൂറു വെള്ളിക്കാശു്:—ഒരു വെള്ളിക്കാശു് ഒരു വേലക്കാരന്റെ ഒരു ദിവസത്തെ കൂലി ആണു്. (അതു് ഇന്നത്തെ എട്ടു് അണയ്ക്കു തുല്യമാണു്).

വാ. ൬. സ്നേഹിതന്മാരുടേയും മററും ദാനങ്ങൾ അവന്റെ പണസഞ്ചിയിലാണു് ഇട്ടുവന്നതു്. പൊതുവിലുള്ള പണസഞ്ചി കൈവശം വെച്ചു് ചെലവുകൾ നടത്തിവന്നതു് അവനായിരുന്നു. അവന്റെ അപഹരണശീലവും ദ്രവ്യാഗ്രഹവും ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

വാ. ൭. അവളെ വിടുക... .....ഈ വാക്യത്തിന്റെ പരിഭാഷയെക്കുറിച്ചു് കുറേ സംശയങ്ങൾ ഉണ്ടു്. തൈലം അവൾ വിൽക്കാതിരുന്നതു നന്നായി. എന്റെ സംസ്കാരത്തിന്റെ സ്മാരകവും സ്നേഹവും പ്രതിഷ്ഠയുമായി അവൾ ഇന്നത്തേയ്ക്കു് അതിനെ സൂക്ഷിച്ചു. വേറൊരൎത്ഥം:—എന്റെ പാദത്തിൽ ഒഴിക്കുന്നതിനായി തൈലത്തിൽ ഒരംശം മാത്രമേ ഉപയോഗിച്ചിട്ടുള്ളു. ശിഷ്ടമുള്ളതു് ദരിദ്രന്മാൎക്കു കൊടുക്കുവാൻ അവളെ നിർബന്ധിക്കേണ്ട. താമസിയാതെ എന്റെ ശവസംസ്കാരത്തിനു് ഉപയോഗിക്കുവാൻ അവൾ അതു സൂക്ഷിക്കട്ടെ.

വാ. ൧൨. വലിയൊരു പുരുഷാരം:—ഇതിൽ ഭൂരിപക്ഷവും ഗലീലക്കാരായ സഞ്ചാരികളായിരിക്കാം.

വാ. ൧൩. കുരുത്തോല:—എബ്രായൎക്കും യവനന്മാൎക്കും ഇതു് ജയത്തിന്റേയും സന്തോഷത്തിന്റേയും

ഒരടയാളമാണ്. ഹോശന്നാ—രക്ഷ സമീപമായിരിക്കുന്നു എന്നൎത്ഥമുള്ള ഒരു എബ്രായപദം (സങ്കീ. ൧൧൮. ൨൫).

പാഠങ്ങൾ:—(൧) നീ നിന്റെ കൎത്താവിനുവേണ്ടി വിലയേറിയതായി എന്തെങ്കിലും ചെലവു ചെയ്തിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ ആരെങ്കിലും ആക്ഷേപം പറഞ്ഞുകാണണം. യൂദായെപ്പോലുള്ളവരെ കൂട്ടാക്കേണ്ട. കൎത്താവു് നിന്റെ പ്രവൃത്തിയെ അഭിനന്ദിക്കുന്നെങ്കിൽ മററുള്ളവർ പറയുന്നതിനെ ഗണ്യമാക്കീട്ടാവശ്യമില്ല. നിനക്കു ചെലവും വേദനയും വരുത്തുന്ന കാൎയ്യങ്ങൾ കൎത്താവിനായി നീ കൊടുക്കുന്നുണ്ടോ? പുരുഷാരത്തിന്റെ അട്ടഹാസത്തോടുകൂടി ചേൎന്നു് ക്രിസ്തുവിനെ അഭിനന്ദിക്കുന്നതു് എളുപ്പമാണ്. എന്നാൽ കുരിശിന്റെ ചുവട്ടിൽ അവനോടുകൂടി ഏകനായി കാണപ്പെടുന്നതു് വളരെ പ്രയാസം. ഏറെത്താമസിയാതെ ഇതേ പുരുഷാരംതന്നെ യേശുവിനെ മുൾക്കിരീടം ധരിപ്പിച്ചുവെന്നു നാം അറിയുന്നുവല്ലോ.

—(൦)—

൪൩. ൧൨. ൨൦—൩൬. യവനന്മാരുടെ വരവ്.

യഹൂദമാൎഗ്ഗാനുസാരികളായ ചില യവനന്മാർ യേശുവിനെ കാണ്മാനായി വരുന്നതും, യേശു തന്റെ തേജസ്സരണത്തെക്കുറിച്ചും അതിലേയ്ക്കുള്ള വഴി ത്യാഗമാണെന്നതിനെപ്പററിയും സംസാരിക്കുന്നതുമായ ഭാഗമാണ് ഇവിടെ വിവരിച്ചിട്ടുള്ളതു്. ദൈവം തന്നെ അതിനു സാക്ഷി പറകയും ചെയ്യുന്നു. തന്റെ മരണം, പുനരുത്ഥാനം എന്നിവയെക്കുറിച്ചു് ഈ ഭാഗത്തു കാണുന്നുണ്ടു്.

വാ. ൨൧. യവനന്മാർ:—ഗലീലയിൽ നിന്നോ ഡെക്കപ്പോലീസിൽ നിന്നോ വന്ന യഹൂദമാൎഗ്ഗാനുസാരികളായിരുന്ന ഇവർ. ഫീലിപ്പോസ് ഒരു യവനപേരാണ്. അതിനാൽ ഇവനും യവനനായിരുന്നുവെന്നും അവരുമായി പരിചയപ്പെട്ടിരുന്നുവെന്നും ഊഹിക്കാം.

വാ. ൨൩. ഈ യവനന്മാർ എന്തു പറഞ്ഞുവെന്ന് ഇവിടെ കാണുന്നില്ല. കൎത്താവു പറഞ്ഞ മറുപടിയിൽ നിന്നും അതെന്തായിരുന്നുവെന്ന് ഏകദേശം അനുമാനിക്കാം. "നിന്റെ സ്വന്ത ജനങ്ങൾ നിന്നെ നിഷേധിച്ചിരിക്കുന്നു. ഞങ്ങൾ നിന്നെ സ്വീകരിച്ചുകൊള്ളാം. ഞങ്ങളോടുകൂടെ വരിക" എന്നായിരിക്കാം അവർ പറഞ്ഞത്.

വാ. ൨൪. മരണത്തിൽനിന്നു ജീവൻ ഉണ്ടാകുമെന്നതിനെ ദൃഷ്ടാന്തീകരിക്കുന്നതിന് ശ്ലീ. പൌലൂസ് വിത്തിന്റെ ഉപമയെ ഉപയോഗിച്ചിട്ടുണ്ട്. ൧. കോരി. ൧൫. ൩൬. എന്നാൽ ഈ ഭാഗത്ത് വൎദ്ധിച്ചു പെരുകിവരുക എന്നുള്ള അൎത്ഥമാണുദ്ദേശിച്ചിട്ടുള്ളത്. രണ്ടു വിത്തുകൾ തമ്മിലാണു താരതമ്യപ്പെടുത്തുന്നത്. അതിൽ ഒരെണ്ണം വിതയ്ക്കപ്പെടാതെ (ചാകാതെ) തനിയെ സൂക്ഷിക്കപ്പെടുന്നു. മറേറ വിത്ത് നിലത്തു വീണു ചാകുന്നു. തൽഫലമായി അതു് അനേക മടങ്ങു പെരുകിവരുന്നു. ക്രിസ്തീയജീവിതത്തിന്റേയും ശുശ്രൂഷയുടേയും യഥാൎത്ഥപ്രമാണമാണ് ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നത്. ത്യാഗംമൂലമല്ലാതെ ശാശ്വതമായ യാതൊരനുഗ്രഹവും ഉണ്ടാകുവാൻ പാടില്ലെന്നുള്ള സുവിശേഷത്തിലെ ശ്രേഷ്ഠസത്യം ഇന്ന് അക്രൈസ്തവരെന്നു ഗണിക്കപ്പെടുന്ന പല നായകന്മാരും പ്രയോഗിച്ചുവരുന്നതു നാം കാണുന്നുവ

ല്ലോ. ഈയിടെതന്നെ മഹാത്മാഗാന്ധി, ശ്രീമാൻ കേള പ്പൻ മുതലായവരുടെ ഉപവാസയജ്ഞത്തെക്കുറിച്ചു നാം കേൾക്കയുണ്ടായി.

വാ. ൨൭, ൨൮. ഇവിടെ കൎത്താവു നടത്തേണ്ടതായ ആത്മപരിത്യാഗത്തെക്കുറിച്ചു ചിന്തിച്ചിട്ടു് കുറേ കുഴ ങ്ങുന്നു. ഉദ്ദേശഗൌരവത്തെക്കുറിച്ചു ബോധപ്പെട്ടു് വീണ്ടും ധൈൎയ്യം അവലംബിക്കുന്നു. ഈ മനോകുണ്ഠിതം ഉടൻ ജയിച്ചിട്ടു് ദൈവമഹത്വം ബലമായി പിടിക്കുന്നു. ശ ബ്ദം—അശരീരിവാക്കു്; മററുള്ളവർ ഇതു ഗ്രഹിച്ചില്ലെ ങ്കിലും പിതാവിന്റെ ശബ്ദം യേശു ഉടൻ മനസ്സി ലാക്കി. യേശുവിന്റെ ജീവിതത്തിൽ ഇതുപോലെയുള്ള ശബ്ദം ജ്ഞാനസ്നാനത്തിങ്കലും രൂപാന്തരസമയത്തും നട ന്നതായി നാം വായിക്കുന്നു. ഞാൻ മഹത്വപ്പെടുത്തിയി രിക്കുന്നു എന്ന വാക്കുകൾ ഒരു പക്ഷേ പ്രസ്തുത സംഭവ ങ്ങളേ കുറിക്കുന്നതുമായിരിക്കാം. രൂപാന്തരവും കഷ്ടാനുഭ വവും തമ്മിൽ വി. ലൂക്കോസ് പ്രത്യേകം ഘടിപ്പിച്ചി ട്ടുണ്ടു്. (ലൂക്കോ ൯. ൩൧)

വാ. ൩൧. അവസാനമായി തനിക്കു ലഭിക്കേണ്ട ജയത്തെക്കുറിച്ചു് ദൈവശബ്ദംമൂലമാണു് യേശുവിനു ധൈൎയ്യം കിട്ടുന്നതു്. ലോകം=പ്രപഞ്ചം. സാത്താൻ= ഇതിന്റെ പ്രഭു.

വാ. ൩൨. ശ്രീയേശുക്രിസ്തുവിന്റെ കുരിശിൽ രക്ഷയും (൩. ൧൪, ൧൫), ദൎശനവും (൮. ൨൮) ആക ൎഷണശക്തിയും (൧൨. ൩൨) ഉണ്ടു്.

വാ. ൩൪. മശിഹായെക്കുറിച്ചുള്ള പ്രസ്താവന കൾ ഭൌതികമായ അൎത്ഥത്തിൽ ഉൾക്കൊള്ളുന്നവരാക കൊണ്ടു് യഹൂദന്മാൎക്കു് യേശുവിന്റെ ആത്മീകളുപ

ദേശങ്ങളെ ഗ്രഹിപ്പാൻ കഴിയുന്നില്ല എന്നുള്ളതിനു് ഇതു് മറെറാരു ഉദാഹരണമാണു്.

വാ. ൩൬. വെളിച്ചത്തിൻെറ മക്കൾ:—ക്രിസ്തുവിൻെറ ശിഷ്യന്മാർ സാക്ഷാൽ വെളിച്ചത്തിന്റെ മക്കൾ ആണു്. ലൂക്കോസു്, ൧൬. ൮; എഫെ, ൫. ൮; ൧. തെസ്സ: ൫. ൫.

പാഠങ്ങൾ:—(൧) ത്യാഗത്തിൽനിന്നാണു് ഫലം ഉളവാകേണ്ടതു് എന്നുള്ള പ്രമാണം സർവ്വത്ര യഥാർത്ഥമായിരിക്കുന്നു. ദൈവശബ്ദം മനസ്സിലാക്കുന്നവർ എത്ര ദുർല്ലഭം! വേദപുസ്തകത്തിലെ ഏററവും മഹത്വമേറിയ വാക്യങ്ങളിൽ ഒന്നാണു് ൩൨-ാംവാക്യം. എല്ലാവരേയും തങ്കലേക്കു് ആകർഷിക്കുന്നവനാണു് ക്രിസ്തു. ഒരു കാഹളത്തെപ്പോലെയോ, വല, കയറു്, കൊടി, രഥം എന്നിവയെപ്പോലെയോ ആണു് ക്രിസ്തു ആകർഷിക്കുന്നതെന്നു് സ്പർജ്ജൻ എന്ന സുപ്രസിദ്ധപ്രാസംഗികൻ പറഞ്ഞിരിക്കുന്നു.

—(o)—

൪൭. ൧൨. ൩൭—൫൦.

പീഠിക:—ഈ ഭാഗത്തു് യേശുവിൻെറ വേലയെക്കുറിച്ചുള്ള യോഹന്നാൻെറ അഭിപ്രായം ആദ്യമായി കാണുന്നു. കർത്താവിൻെറ ശുശ്രൂഷയുടെ ഫലത്തെക്കുറിച്ചു് ഏകദേശം ൬൦ സംവത്സരം കഴിഞ്ഞുള്ള തന്റെ സ്മരണകളെ ഇവിടെ രേഖപ്പെടുത്തിയിരിക്കുകയാണു്. ക്രിസ്തുവിൻെറ ഉപദേശത്തിൻെറ ഒരു രത്നച്ചുരുക്കവും ഇവിടെക്കാണുന്നു. കർത്താവിന്റെ വചനം കേട്ട പ്രമാണി

ക്കുന്നതു് ന്യായവിധിയിൽനിന്നുള്ള മോചനവും അതിനെ ഉപേക്ഷിക്കുന്നതു് ന്യായവിധിക്കു ഹേതുവും ആകുന്നു. താൻ സംസാരിക്കുന്നതെല്ലാം സ്വൎഗ്ഗസ്ഥപിതാവിൽനിന്നാണെന്നും, ലോകത്തിനു് നിത്യജീവൻ നൽകുവാനാണു് തിരുഅവതാരമെന്നും പറഞ്ഞുകൊണ്ടു് ഈ ഭാഗം അവസാനിപ്പിക്കുന്നു.

വാ. ൩൬. ഇതു വളരെ അടയാളങ്ങൾ:—ഏഴെണ്ണത്തെക്കുറിച്ചു് ഗ്രന്ഥകൎത്താവു തന്നെ പ്രസ്താവിക്കുന്നുണ്ടു്. ൩ വ; ൬. ൩൧; ൧൧. ൪൭; ൨൦. ൩൦; എന്നിവയിലെ സൂചനകൾകൊണ്ടു് മററു അത്ഭുതങ്ങളും നടന്നതായിത്തന്നെ അനുമാനിക്കാം.

വാ. ൩൮. യശയ്യ ൫൩. ൧-ലെ പ്രവചനത്തേയാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്.

വാ. ൪൧. യശയ്യാദീൎഘദൎശി മശിഹായെ പൂൎണ്ണമായി അറിഞ്ഞിട്ടുള്ളവനല്ലെങ്കിലും അവന്റെ തേജസ്സു കണ്ടവനാണു്.

വാ. ൪൨. ൩. ൧; ൬. ൨൩; എന്നിവ നോക്കുക.

വാ. ൪൩. ദൈവത്തിൽനിന്നുള്ള പുകഴ്ചയെക്കാൾ അധികം അവർ മനുഷ്യപുകഴ്ചയെ കാംക്ഷിച്ചു.

൪൪—൫൦; യേശുവിന്റെ അധികാരത്തോടു കൂടിയ ഉപദേശം.

പാഠങ്ങൾ:—സത്യം നമ്മുടെ മുമ്പാകെ വെളിപ്പെട്ടുകിട്ടുമ്പോൾ അതിനെ ഗ്രഹിച്ചു സ്വീകരിക്കത്തക്കവണ്ണമുള്ള ഒരു സ്വഭാവം ദൈവം നമുക്കു തന്നിട്ടുണ്ടു്. എന്നാൽ നമ്മുടെ സ്വാൎത്ഥപരമായ സ്വഭാവത്താൽ നാം ഭരിക്കപ്പെട്ടുമ്പോൾ സത്യത്തെ നേൎവഴിയിൽക്കൂടി വീക്ഷിക്കുന്നതിനു നാം മനസ്സുവെയ്ക്കാതെ പോകുന്നു. ഇങ്ങ

ന്നെ നമുക്കു ലഭിച്ചിരിക്കുന്ന ശക്തിയെ നിരുപയോഗപ്പെടുത്തുന്നതുകൊണ്ടു് നമുക്കു ദോഷം സംഭവിക്കുന്നു. ഈ അൎത്ഥത്തിലാണു് ദൈവം കണ്ണുകളെ കുരുടാക്കുകയും, ഹൃദയങ്ങളെ കഠിനപ്പെടുത്തുകയും ചെയ്യുന്നതു്. സൂൎയ്യൻ മെഴുകിനെ ഉരുക്കുകയും കളിമണ്ണിനെ കട്ടപ്പുമുള്ളതാക്കിത്തീൎക്കുകയും ചെയ്യുന്നതും ഈ അൎത്ഥത്തിൽ ത്തന്നെയാണു്. ദൈവത്തിന്റെ കൃപ ജീവവാസനയായിത്തീരുന്നില്ലെങ്കിൽ അതു മരണവാസനയായിത്തീരുന്നതാണു്. ൪൪, ൪൫, ൪൬, ൫൦ ഈ വാക്യങ്ങളിൽനിന്നും നമ്മുടെ കൎത്താവിനു് പിതാവുമായുള്ള ഐക്യം എത്ര അടുത്തതായിരുന്നു എന്നു നാം കാണുന്നു. അവൻ എത്ര മാത്രം തന്നെത്താൻ വിനീതനാക്കി നമ്മുടെ ഈ താണ സ്വഭാവത്തെ ധരിച്ചു എന്നു് അതിൽനിന്നും നാം അറിയുന്നു. പിതാവിന്റെ നിത്യപുത്രൻ എന്ന നിലയ്ക്കു് അവൻ സാരാംശത്തിൽ പിതാവിനോടു് ഐക്യപ്പെട്ടിരുന്നു എങ്കിലും മനുഷ്യനായി അവതരിച്ചപ്പോൾ ആ ഐക്യത്തെ മാററിവെയ്ക്കുയും മറയ്ക്കുയും ചെയ്തു. രണ്ടാമത്തെ ആദാമായ മനുഷ്യൻ എന്ന മുറയ്ക്കു് നമ്മെപ്പോലെ പ്രാൎത്ഥനയുടേയും കൃത്താൎത്ഥയുടേയും ജീവിതം നയിക്കുന്നതിനായിട്ടാണു് അവൻ ഇപ്രകാരം ചെയ്തതു്. നമ്മുടെ സ്വയം എല്ലാം മാറിപ്പോകട്ടെ. ജനങ്ങൾ നമ്മെയല്ല, നമ്മെ അയച്ചവനെത്തന്നെ കാണട്ടെ. അങ്ങിനെയായാൽ നാം ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ ശോഭിക്കുവാൻ ഇടവരും.

—(o)—

സൂചകം.

ഇനിയും ൧൩–മുതൽ ൨൧–വരെയുള്ള അദ്ധ്യായങ്ങളിൽ ക്രിസ്തു തന്നെത്തന്നെ ശിഷ്യന്മാൎക്കു വെളിപ്പെടുത്തുന്ന ഭാഗമാണു വിവരിക്കുന്നതു്.

ക്രിസ്തുവിൻെറ പരസ്യശുശ്രൂഷ അവസാനിച്ചിരിക്കുന്നു. താൻ ഈ ലോകം വിട്ടുപോകുന്നതിനുള്ള സമയം ആസന്നമായിരിക്കുന്നു. വലിയ വെള്ളിയാഴ്ചയിലെ വിഷമമേറിയ മണിക്കൂറുകൾ ഒഴിച്ചാൽ ബാഹ്യലോകം ഇപ്പോൾ തൻെറ ദൃഷ്ടിപഥത്തിൽനിന്നും മറയുന്നതുപോലിരിക്കുന്നു. തൻെറ അനുഗാമികളെക്കുറിച്ചത്രേ ഇപ്പോൾ ഗാഢമായി ചിന്തിക്കുന്നതു്. അവൎക്കു് തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കയും അവരോടു് എന്നല്ല, തന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവരോടു് ഹൃദയസ്പൃക്കമായും ആത്മാൎത്ഥമായും സംസാരിക്കയും ചെയ്യുന്നു. അതിവിസ്മയനീയമായ സാരാൎത്ഥങ്ങൾ അടങ്ങിയതും സ്നേഹമസൃണവുമായ അവൻെറ ഉപദേശങ്ങളും സ്വശിഷ്യന്മാരിൽ ഉണ്ടായ ഫലങ്ങളും അവരുടെ പരിഭ്രമവും സങ്കടവും സ്നേഹവും തോൽവിയുമെല്ലാം നാം മനസ്സിലാക്കുവാൻ ഭാവിക്കുന്നു. അന്ധകാരം നീങ്ങിയ ശേഷം പുനരുത്ഥാനത്തിലെ തേജസ്സിലുള്ള വിശ്വാസത്തിൽനിന്നും ജ്വലിക്കുന്നതായ ആനന്ദാനുഭൂതിയും നമ്മുടെ ദൃഷ്ടികൾക്കു വിഷയീഭവിക്കുന്നു.

ഈ ഒടുവിലത്തെ എട്ടു് അദ്ധ്യായങ്ങളും അറിവിനെ കവിയുന്ന സ്നേഹത്തെയത്രേ പ്രസ്പഷ്ടമാക്കുന്നതു്. സ്നേഹമെന്ന പദം ഈ രണ്ടാംഭാഗത്തു് ൪൬ പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ൧—൧൨ അദ്ധ്യായങ്ങളിൽ ൧൯ പ്രാവശ്യം മാത്രമേയുള്ളു.

——[൦]——

അദ്ധ്യായം ൧൩.

അവസാനത്തെ സ്നേഹപ്രവൃത്തി

൪൮. ൧൩. ൧—൧൭. ശുശ്രൂഷയുടെ മാഹാത്മ്യം.

കർത്താവു് ശിഷ്യന്മാരുടെ പാദങ്ങളെ കഴുകുന്നു. ഈ ഭാഗം ഈ സുവിശേഷകൻ മാത്രമേ പറഞ്ഞിട്ടുള്ളു. ക്രൂശാരോഹണത്തിനു തലേനാൾ ആയിരിക്കുന്നു. കർത്താവു തന്റെ ശുശ്രൂഷകാലം മുഴുവനും വിവിധമാർഗ്ഗേണ ശിഷ്യന്മാരോടുള്ള സ്നേഹത്തെ പ്രദർശിപ്പിച്ചിട്ടുണ്ടു്. ഈ വിഷമഘട്ടത്തിലും തൻെറ സ്നേഹത്തിൻെറ അത്യുച്ചസ്ഥാനത്തെയാണു് അവിടുന്നു പ്രദർശിപ്പിക്കുന്നതു്. തനിക്കു തോൽവി ഭവിച്ചുവെന്നു തോന്നത്തക്ക സമയം ആയിരുന്നുവെങ്കിലും അധികാരശക്തിയോടെ ദൈവത്താൽ നിയോഗിക്കപ്പെട്ടവനാണെന്നുള്ള ഒരു ബോധം കർത്താവിൻെറ ഹൃദയത്തിൽ ശക്തിയായിട്ടുണ്ടായിരിക്കുന്നു. ഈ ബോധത്തോടുകൂടെ അവിടുന്നു ചെയ്തതെന്താണു്? സിംഹാസനത്തിലിരുന്നുകൊണ്ടു ശിഷ്യന്മാരെ തങ്കലേയ്ക്കു ക്ഷണിച്ചു് അവർ പാദത്തിൽ വീണു് അവരെക്കൊണ്ടു നമസ്കരിപ്പിക്കുക അല്ലായിരുന്നു. പ്രത്യുത, എത്രയും വിശിഷ്ടമായ ഒരു വ്യത്യസ്തശുശ്രൂഷ നിർവ്വഹിക്കയത്രേ ചെയ്തതു്. ക്രിസ്തുയേശുവിലുണ്ടായിരുന്ന ഈ ചിന്തതന്നെ നമ്മിലും ഉണ്ടാകട്ടെ. (ഫിലി. ൨. ൫—൮; മക്കോ ൧൦. ൪൫.)

വാ. ൧. പെസഹാപെരുനാളിനു മുൻപു്:—പെസഹാ അനുഷ്ഠിക്കപ്പെടേണ്ട നാളിലാണു് യേശു മരിച്ചതെന്നു് ഈ സുവിശേഷംകൊണ്ടു തെളിയുന്നു. അതി

നാൽ ഈ അത്താഴം പെസഹായുടെ തലേദിവസം നട ന്നതായിട്ട തോന്നുന്നു. യേശു അന്ത്യതിരുവത്താഴം നട ത്തിയ ദിവസം പെസഹാനാളായിരുന്നുവെന്നുള്ള ചില രുടെ ധാരണ നീക്കുന്നതിന്ന് ഗ്രന്ഥകാരൻ ഇവിടെ ശ്രമി ക്കുന്നു.

അവസാനത്തോളം=അന്ത്യഘട്ടംവരയ്ക്കും. സ്നേഹ ത്തിന്റെ പരമകാഷ്ഠയാണിവിടെ നിർദ്ദേശിച്ചിരിക്കു ന്നതു്. എബ്രാ. ൭. ൨൫–ലും ഈ പദം തന്നെ ഉപ യോഗിച്ചിരിക്കുന്നതു നോക്കുക.

വാ. ൪. അത്താഴത്തിൽനിന്ന് എഴുന്നേററു്, ശിഷ്യന്മാരുടെ കാൽ യേശു കഴുകുന്നതിനിടയായ സന്ദർ ഭത്തെയായിരിക്കാം ഇതു കുറിക്കുന്നതു്. ആഹാരത്തിനു മുമ്പു കാലു കഴുകുന്നതു് യഹൂദന്മാരുടെ പതിവാണു്. ഇവിടെ ഈ പ്രവൃത്തി ചെയ്യേണ്ടതാരെന്നുള്ള തൎക്കം ശിഷ്യന്മാരുടെ ഇടയിൽ ഉത്ഭവിച്ചതിനാലായിരിക്കാം അവൎക്കു് ഒരു മാതൃകയായി യേശുതന്നെ എഴുന്നേററു് ഈ പ്രവൃത്തി ചെയ്തതു്. ലൂക്കോ. ൨൨. ൨൭;

വാ. ൮. നിനക്കു് എന്നോടുകൂടി പങ്കില്ല. എന്റെ ഈ ശുശ്രൂഷയെ നീ വിനയത്തോടുകൂടെ സ്വീകരിക്കു ന്നില്ലെങ്കിൽ എന്റെ സ്നേഹവും നിനക്കു നഷ്ടമായി ത്തീരും.

വാ. ൧൦. കുളിച്ചിരിക്കുന്നവന്നു്......കുളികൊണ്ടു ശരീരം മുഴുവനും ശുദ്ധം വരുത്തിയിരിക്കുന്നവനെന്നൎത്ഥം. സദ്യയിൽ പങ്കു കൊണ്ടവർ കുളിച്ചിരിക്കേണ്ടതു് അത്യാ വശ്യമാണു്. അങ്ങിനെയുള്ളവർ വീണ്ടും കുളിക്കേണ്ട

ആവശ്യമില്ല. അവർ ശുദ്ധിയുള്ളവർ ആകകൊണ്ടു് കാലു മാത്രം കഴുകിയാൽ മതി. യേശുവിൻെറ ശിഷ്യന്മാരും തന്നോടവൎക്കുള്ള ഉത്തമവിശ്വാസവും ഭക്തിയും മൂലം പൊതുവേ ശുദ്ധിയുള്ളവരാകകൊണ്ടു് ചുരുക്കം ചില കാൎയ്യങ്ങളിൽ മാത്രമേ അവൎക്കു ശുദ്ധീകരണം ആവശ്യമായിരുന്നുള്ളു. അത്തരം കാൎയ്യങ്ങളാണു് യേശു പത്രോസിനെ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതു്.

വാ. ൧൧. വീണ്ടും ഇരുന്നു:—സദ്യ അവസാനിച്ചിട്ടില്ലെന്നു് ഇതുകൊണ്ടു ധരിക്കണം.

വാ. ൧൫. ദൃഷ്ടാന്തം:—മാതൃക യേശുവിൻെറ ഈ ദൃഷ്ടാന്തത്തെ ചില പുരാതനസഭകൾ ഇന്നും അനുകരിക്കുന്നുണ്ടു്. പെസഹാ വ്യാഴാഴ്ച്ചരാത്രിയിൽ ചില ദരിദ്രന്മാരുടെ പാദങ്ങൾ കഴുകുക സഹജമാണു്.

—(o)—

൪ൻ. ൧൩. ൧൮—൩൦. അന്ത്യഅത്താഴം.

യൂദായുടെ ദ്രോഹത്തെ മുൻകൂട്ടി അറിയിക്കുന്നു. താൻ ഒറ്റി കൊടുക്കപ്പെടുവാൻ പോകുന്നതിനെക്കുറിച്ചു് കൎത്താവു് സങ്കടത്തോടുകൂടി സംസാരിക്കുന്നു.

വാ. ൧൮. തിരുവെഴുത്തു്=സങ്കീൎത്തനം ൪൧. ൯. നോക്കുക.

വാ. ൨൧. ആ ദ്രോഹിയായ ശിഷ്യൻ വിട്ടുപിരിഞ്ഞുപോകത്തക്കവണ്ണം യേശു അവനേയും അവൻെറ ദുഷ്പ്രവൃത്തിയേയും കുറിച്ചു് ദൃഢപ്പെടുത്തിപ്പറഞ്ഞു.

തമ്മിൽത്തമ്മിൽ നോക്കി. ഇതൊരു ദൃക്‌സാക്ഷിയുടെ വാക്കുപോലെ ഇരിക്കുന്നു.

വാ. ൨൩. യേശുവിൻെറ മാറിൽ ചാരിക്കൊണ്ടിരുന്നു:—ഓരോരുത്തരും അവരവരുടെ മെത്തകളിൽ ഇടതുവശം ചരിഞ്ഞു് ഇടതുകൈയിൽ തല കൊടുത്തു് ഇരുന്നുവന്നു. ഈ ഇരിപ്പിൽ ഒരുവൻെറ തല മറെറാരുവൻെറ മാറോടു ചേൎന്നുവരാം. യേശു യോഹന്നാൻേറയും പത്രോസിൻേറയും മദ്ധ്യത്തായി ഇരുന്നിരിക്കണം.

വാ. ൨൬. അപ്പഖണ്ഡം:—ഇതു് വിരുന്നിൽ ഒരു ഗണ്യമായ ചടങ്ങാണു്. കൊടുക്കുന്ന ആളിനു് വാങ്ങുന്ന ആളോടുള്ള അതിരററ സ്നേഹത്തെയാണു് ഇതു വെളിപ്പെടുത്തുന്നതു്. ഈ പ്രവൃത്തികൊണ്ടു് യേശു ഇപ്പോഴും യൂദായെ സ്നേഹിക്കുന്നുണ്ടെന്നും, അവൻെറ ദുഷ്പ്രവൃത്തിയിൽനിന്നും അവനെ തടയുവാൻ ശ്രമിക്കുന്നു എന്നും മനസ്സിലാക്കണം.

വാ. ൨൭. യൂദായോടുള്ള ദൈവസ്നേഹത്തിൻെറ അവസാനദൂതാണു് ഈ അപ്പഖണ്ഡം. അവൻ ഈ ദൂതിനെ ഉപേക്ഷിച്ചിട്ടു് സകലത്തിലും തന്നെത്താൻ സാത്താനു് വഴിപ്പെടുത്തിക്കൊടുത്തു.

വാ. ൩൦. ഉടനെ അവൻ എഴുന്നേററുപോയി:—യൂദാ സത്യകൎമ്മത്തിനു മുമ്പായി പുറത്തിറങ്ങിപ്പോയതായിട്ടാണു് യോഹന്നാൻ പ്രസ്താവിക്കുന്നതു്.

രാത്രിയായിരുന്നു:—പ്രകൃതി ഇരുട്ടായിരുന്നതുപോലെ യൂദായുടെ ഹൃദയത്തിൽ നിന്നും പ്രകാശകിരണങ്ങൾ വിട്ടുമാറി. ദോഷതമസ്സുകൊണ്ടു് അതു മൂടപ്പെട്ടു.

പാഠങ്ങൾ:—(൧) യൂദായുടെ സ്വഭാവം മനസ്സിലാക്കുവാൻ നമുക്കു വളരെ പ്രയാസമാണു്. അതൊരു വലിയ മൎമ്മമായിട്ടുതന്നെയിരിക്കുന്നു. കൎത്താവിൻെറ

അത്താഴം അവൻ കൈക്കൊള്ളാതിരുന്നതും നല്ലതുതന്നെ. അവൻ പോയശേഷമാണ് ഈ വിശുദ്ധകർമ്മം ഏർപ്പെടുത്തിയത്. നാം ലോകമയത്വമുള്ളവരായിത്തീർന്നിട്ട് കർത്താവിനെ ഒററിക്കൊടുക്കുവാൻ ഇടവരാതിരിക്കത്തക്കവണ്ണം നാം നമ്മെത്തന്നെ ശോധന ചെയ്യേണ്ടതു് ആവശ്യമാകുന്നു. "നീ മരണപര്യന്തം വിശ്വസ്തനായിരിക്കുക. എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും" എന്നു കർത്താവു പറയുന്നു.

—(൦)—

൫൦. ൧൩. ൩൧—൩൮.

വാ. ൩൧—൩൮. കർത്താവ് തന്റെ മഹത്വീകരണത്തെക്കുറിച്ച് സംസാരിക്കുകയും പരസ്പരസ്നേഹത്താൽ അവരുടെ ശിഷ്യത്വത്തെ വെളിപ്പെടുത്തണമെന്ന് ആജ്ഞാപിക്കുകയും പത്രോസിന്റെ ബലഹീനതയെക്കുറിച്ച് അവനു മുന്നറിയിപ്പു കൊടുക്കുകയും ചെയ്യുന്നു.

വാ. ൩൧. ഇപ്പോൾ:—ഈ പാദത്തിൽ യൂദാ എഴുന്നേററുപോയതുകൊണ്ട് ഉണ്ടായിരിക്കുന്ന ആശ്വാസത്തെ സൂചിപ്പിക്കുകയും ഇപ്പോഴുള്ളതും വരുവാനുള്ളതുമായ മഹത്വത്തെക്കുറിച്ചുള്ള സംഗീതം ആരംഭിക്കയും ചെയ്യുന്നു.

മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു:—ഇവിടെ യേശുവിന്റെ മഹത്വം പ്രകാശിക്കുവാൻ തുടങ്ങുന്നു. അവിടുത്തെ ശുശ്രൂഷ അവസാനിക്കുന്നു. താൻ ഇതൊക്കെ ചിന്തിച്ചിട്ട് യൂദായുടെ നിർദ്ദിഷ്ടകാര്യത്തിന്റെ

പരിണാമത്തെ ഓൎത്തു സന്തോഷിക്കുന്നു. ഇനി നട ക്കേണ്ട സംഭവങ്ങളാണു് യേശുവിനു സാക്ഷാൽ മഹത്വം കൊടുക്കേണ്ടവ.

വാ. ൩൪. പുതിയോരു കല്പന:—ഇതു പുതിയ ഒരു സഭയ്ക്കു കൊടുക്കപ്പെട്ടതാകകൊണ്ടും യേശുവിന്റെ സ്നേഹമെന്ന പുതിയ ബന്ധം ഇതിലുള്ളതുകൊണ്ടും ആണു് ഇതിനെ പുതിയൊരു കല്പനയെന്നു പറയുന്നതു്.

വാ. ൩൬. നീ എവിടെ പോകുന്നു:—ഞാൻ പോകുന്ന സ്ഥലത്തേയ്ക്കു നിനക്കു് ഇപ്പോൾ വരുവാൻ സാദ്ധ്യമല്ലെന്നു യേശു പറഞ്ഞതിനെ ഗണ്യമാക്കാതെ യാണു് പത്രോസു് ഈ ചോദ്യം ചെയ്യുന്നതു്. അവൻ യേശുവിനുവേണ്ടി ജീവപരിത്യാഗം ചെയ്വാൻ സമ്മത മുള്ളവനായിട്ടാണു് സംസാരത്തിൽ കാണപ്പെടുന്നതു്.

പാഠങ്ങൾ:—(൧) തീവ്രമായ ദുഃഖം അനുഭവിച്ചു കൊണ്ടിരുന്ന സമയങ്ങളിൽ കൎത്താവു് സന്തോഷത്തെ ക്കുറിച്ചു സംസാരിക്കുന്നു. വരുവാനുള്ള മാററങ്ങൾക്കാ യിട്ടു് കൎത്താവു് ശിഷ്യന്മാരെ സജ്ജീകരിക്കുന്നു. (൨) ൧൩—൧൭ അദ്ധ്യായങ്ങളിൽ സ്നേഹത്തെക്കുറിച്ചു് വന്നു പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടു്. ൧ കൊരി. ൧൩. വാ യിച്ചു മനഃപാഠമാക്കുക. കൎത്താവു് നമ്മേ സ്നേഹിച്ചതു പോലെ നാം പരസ്പരം സ്നേഹിക്കുന്നുണ്ടോ? (൩) പ ത്രോസു് കൎത്താവിനു വേണ്ടി മരിക്കുമെന്നു പറഞ്ഞു. അവൻ തള്ളിപറയുമെന്നു കൎത്താവു് മറുപടി പറ യുന്നു. ജഡത്തിലുള്ള ആശ്രയം ഭയങ്കരമായ പിന്മാററ ത്തിനു കാരണമായിത്തീരും. കൎത്താവിൻെറ പാദപീഠ ത്തിൽ വിനീതമായിരിക്കുന്നതാണു് ക്ഷേമത്തിനുള്ള ഏക വഴി. (൪) നാം ക്രിസ്തുവിൻെറ ശിഷ്യന്മാരെന്നു തെളി

യിക്കുന്നതിന്റെ ഏകവഴി പരസ്പരസ്നേഹം പ്രദർശിപ്പിക്കുകയാണ്. ക്രൈസ്തവസ്നേഹത്തിന്റെ ഗുണസിദ്ധിയും അതിന്റെ അച്ചാരവും വിശുദ്ധ സംസർഗ്ഗമായതിനാൽ അതിനെയാണ് വാ. ൩൫-ൽ സൂചിപ്പിച്ചിരിക്കുന്നതെന്ന് ചിലർ അഭിപ്രായപ്പെടാറുണ്ട്. പക്ഷേ കുറേക്കൂടി പൊതുവിലുള്ള അർത്ഥം കല്പിക്കയാണു വേണ്ടത്. കർത്താവ് മരണത്തിലേയ്ക്കു തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുമാറു തനിക്കുള്ളവരെ സ്നേഹിച്ചു. "ഈ ക്രിസ്ത്യാനികൾ എന്തുമാത്രം സ്നേഹമുള്ളവരായി കാണപ്പെടുന്നു" എന്ന് ജാതികൾ അവരെ നോക്കിക്കൊണ്ട് പറക പതിവായിരുന്നു എന്ന് രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന തേർത്തുല്യൻ എന്ന മഹാൻ പറഞ്ഞിരിക്കുന്നു. നമ്മെ പരസ്പരം ഭിന്നിപ്പിക്കുന്ന നിസ്സാരസംഗതികളെ പരിത്യജിച്ച് പരിശുദ്ധമായ സ്നേഹത്തിന്റെ ദൃഷ്ടാന്തങ്ങളായി നാം ഓരോരുത്തരും തീരേണ്ടത് ഇന്നത്തെ സ്ഥിതിക്ക് എത്ര ആവശ്യമായിരിക്കുന്നു എന്നു ചിന്തിക്കുക.

——[൦]——

അദ്ധ്യായം ൧൪.

സമാധാനപ്രദങ്ങളായ വിഷയങ്ങൾ

കഥാബന്ധം:—യേശു പത്രോസിനോടു പറഞ്ഞ വാക്കുകൾ ശിഷ്യന്മാരുടെ ഇടയിൽ ഒരു ക്ഷോഭം ഉണ്ടാക്കിത്തീർത്തു എന്നു തോന്നുന്നു. മുൻപുതന്നെ പരിഭ്രമത്തിനുള്ള പല സംഗതികളും സംഭവിച്ചിട്ടുണ്ടായിരുന്നു. ഏതോ ചില ഉപദ്രവങ്ങൾ ഭാവിയിൽ നേരിട്ടേക്കാമെന്നു സൂചിപ്പിക്കുന്ന ചില വാക്കുകൾ കർത്താവ് ഉപയോഗിച്ചതിനാൽ ശിഷ്യന്മാരിൽ ഒരുവൻ കൂട്ടത്തിൽ നിന്നും ഇറങ്ങി പൊയ്ക്കളഞ്ഞു. ഇപ്പോൾ ഇതാ, അവരിൽ പ്രധാനിയായയവൻ ചെയ്വാൻ പോകുന്ന കൃത്യത്തെക്കുറിച്ച് കർത്താവ് മുൻകരുതൽ കൊടുക്കയും ചെയ്തിരിക്കുന്നു. സർവ്വോപരി, കർത്താവു തന്നെ അവരെ വിട്ടുപിരിയുവാൻ ഭാവിക്കുന്നു.

സ്വർഗ്ഗീയഭവനം, പിതാവിങ്കലേയ്ക്കുള്ള വഴി, പിതാവും പുത്രനും തമ്മിലുള്ള പരസ്പരാധിവാസം, ക്രിസ്തുമൂലമുള്ള പ്രാർത്ഥനയുടെ സാഫല്യം, ആശ്വാസപ്രദൻ, എന്നീ സമാധാനപ്രദങ്ങളായ വിഷയങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. ൧൩-ം ൧൫-ം അദ്ധ്യായങ്ങളുടെ ഇടയ്ക്കാണ് ഈ അദ്ധ്യായത്തിന്റെ സ്ഥാനം എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതായാലും ഗുരുവരനോട് വളരെ അടുത്താണ് നാം വന്നെത്തിയിരിക്കുന്നത്.

—(o)—

൫൧. ൪. ൧—൧൧. എന്നിൽ വിശ്വസിപ്പിൻ.

വാ. ൨. വാസസ്ഥലങ്ങൾ:—യാത്രക്കാൎക്കു വിശ്ര മിക്കേണ്ടതിനുള്ള സ്ഥാനങ്ങൾ. സ്വൎഗ്ഗത്തിൽ വിവിധ രീതികളിലുള്ള പല മഹത്വസ്ഥാനങ്ങളും ഓരോരുത്ത രുടെ യോഗ്യതയ്ക്കനുസരിച്ചുള്ള വിവിധ ജോലികളും ഉണ്ടു്. (ലൂക്കോ. ൧൯. ൧൭—൨൭).

വാ. ൪. ഞാൻ പോകുന്നിടത്തേയ്ക്കുള്ള വഴി:— ഞാൻ സ്വൎഗ്ഗസ്ഥനായ എന്റെ പിതാവിന്റെ അടുക്ക ലേയ്ക്കാണു പോകുന്നതു്. അവിടേയ്ക്കുള്ള വഴി നിങ്ങൾ ക്കറിയാം. എന്നിൽ വിശ്വസിക്കുന്നതിനാൽത്തന്നെ.

വാ. ൫. തോമാസു്:—വി: തോമാസിന്റെ സ്വ ഭാവത്തെക്കുറിച്ചു് ൧൧. ൧൭, ൨൦. ൨൫. നോക്കുക. മശി ഹായുടെ രാജ്യം ഭൂമിയിൽ പെട്ടെന്നു സ്ഥാപിതമാകും എന്നു് ആശിച്ചിരുന്നതിനാൽ തോമാസിനു യേശു പറ ഞ്ഞ സംഗതികൾ നല്ലപോലെ ഗ്രഹിക്കുവാൻ കഴി ഞ്ഞില്ല.

വാ. ൭. ൬. ഞാൻ വെളിപ്പെടുത്തുവാനായിട്ടു വന്ന രാജ്യം കേവലം ഭൌമികമായ ഒരു രാജ്യമല്ല. അതിൽ ഓഹരിക്കാരാകുക എന്നതു് പിതാവിനോടുള്ള ആ വാഴ്ത്തപ്പെട്ട സംസൎഗ്ഗത്തിൽ ഓഹരിക്കാരാകുക എ ന്നാണൎത്ഥം. ഈ തേജോമയമായ അവസ്ഥ ഭൂമിയിൽ സാദ്ധ്യമല്ല. ഈ വാഴ്ത്തപ്പെട്ട അനുഗ്രഹത്തിലേയ്ക്കു പ്ര വേശിക്കുവാനായി ഞാൻ സ്വൎഗ്ഗത്തിലേയ്ക്കു പോകുന്നു. സാക്ഷാൽ വഴിയും സത്യവും ജീവനും ഞാൻതന്നെ ആകുന്നു എന്നു നിങ്ങൾ പൂൎണ്ണമായി വിശ്വസിക്കുന്നെ ങ്കിൽ നിങ്ങൾക്കും എന്നെ അനുഗമിച്ചു് ആനന്ദമടയു വാൻ കഴിയും.

വഴിയും സത്യവും ജീവനും:—ദൈവത്തിനും മനുഷ്യക്കും ഇടയിലുള്ള ഏകമദ്ധ്യസ്ഥൻ (വഴി), ദൈവിക കാൎയ്യങ്ങളെ വെളിപ്പെടുത്തുന്നതിന് അധികാരം പ്രാപിച്ചിട്ടുള്ള ഏകഗുരു (സത്യം), പ്രകൃതജീവന്റെയും ആത്മികജീവന്റെയും ഏകകാരണക്കാരൻ (ജീവൻ).

ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല:—ക്രിസ്തുവിനെക്കുറിച്ചു കേട്ടിട്ടില്ലാത്തവരെങ്കിലും കേട്ടിരുന്നുവെങ്കിൽ അവനെ തങ്ങളുടെ രക്ഷിതാവായി സ്വീകരിക്കുമായിരുന്ന ഭക്തജനങ്ങൾ ഏതു വൎഗ്ഗത്തിൽ ഉൾപ്പെട്ടവരെങ്കിലും ക്രിസ്തുമൂലം ദൈവമുമ്പാകെ അംഗീകരിക്കപ്പെടുന്നുണ്ടെന്നു വിചാരിക്കാം.

വാ. വ്യ. ഫീലിപ്പോസും തോമാസും പല കാൎയ്യങ്ങളിലും തുല്യസ്വഭാവമുള്ളവരാണ്. ഈ നവയുഗത്തിന്റെ ആവിർഭാവം മോശയുടെ കാലത്തെപ്പോലെയുള്ള ഒരു നവീനമായ ആവിഷ്കരണംമൂലമായാൽ കൊള്ളാമെന്നു വിചാരിച്ച ഒരാളാണ് ഫീലിപ്പോസ്.

പാഠങ്ങൾ:—പ്രയാസഘട്ടങ്ങളിൽ മുമ്പോട്ടുള്ള ഓരോ ചുവടും വെയ്ക്കുവാൻ നാം നോക്കിക്കൊണ്ടാൽ മതി. ദൈവത്തിങ്കലേയ്ക്കു നാം യാത്ര ചെയ്യുന്നതിനുള്ള വഴി ക്രിസ്തുവത്രേ. നമുക്കു ഗ്രഹിക്കാവുന്ന തോതിൽ കാലാന്തരങ്ങളിൽ നമുക്കു വെളിപ്പെട്ടുകിട്ടുന്ന സത്യവും അവൻ തന്നെ. നമുക്കു നൽകപ്പെടുന്ന ജീവനും അവൻ ആകുന്നു. അവസാനത്തിൽ അവനോടുകൂടെ ഇരിക്കുന്നതു തന്നെ സായൂജ്യം. ഇതിലപ്പുറമായി എന്താണ് ആഗ്രഹിക്കത്തക്കതു്?

——(൦)——

൫൨. ൧൪. ൧൨—൩൧. ക്രിസ്തുവും ശിഷ്യന്മാരും.

വാ. ൧൨. ക്രിസ്തു അവരിൽനിന്നും പോകുന്നതു കൊണ്ടു് അവന്റെ ശക്തിയാലും മദ്ധ്യസ്ഥതയാലും പിതാവിന്റെ മഹത്വത്തിനായി കൂടുതലും വലുതുമായ പ്രവൃത്തികൾ ചെയ്യുന്നതിനു് ശിഷ്യന്മാൎക്കു സാദ്ധ്യമാണു്. ക്രിസ്തുവിന്റെ ഈ വചനങ്ങളെക്കുറിച്ചു് സഭ വേണ്ട പോലെ ശ്രദ്ധിച്ചിട്ടില്ല. ഇതു വിശ്വസിച്ചിരുന്നു എങ്കിൽ ഒരു പത്തു വൎഷംകൊണ്ടു് എന്തു വലിയ മാററങ്ങൾ ലോകത്തിൽ സംഭവിക്കുമായിരുന്നു.

വാ. ൧൩. എന്റെ നാമത്തിൽ:—പ്രവൃത്തിയും പ്രാൎത്ഥനയും ക്രിസ്തുവിന്റെ നാമത്തിൽ വേണ്ടതാണു്. എന്റെ നാമത്തിൽ എന്ന പദങ്ങൾ ആദ്യമായിട്ടാണു് യേശു ഇവിടെ ഉപയോഗിച്ചിരിക്കുന്നതു്. പിതാവിന്റെ നാമത്തിൽ എന്നു് പല സ്ഥലത്തും അവൻ പറഞ്ഞുകാണുന്നു. ൫. ൪൩, ൧൦. ൨൫, ൧൭. ൬, ൧൧, ൧൨, ൨൬. ക്രിസ്തുവിന്റെ നാമത്തെക്കുറിച്ചു് യോഹന്നാൻ മുമ്പുതന്നെ പറഞ്ഞിട്ടുണ്ടായിരുന്നു. ൧. ൧൨, ൨. ൨൩, ൩. ൧൮. ക്രിസ്തുവിന്റെ നാമത്തിൽ പ്രാൎത്ഥിക്ക എന്നുവെച്ചാൽ, ക്രിസ്തു മനുഷ്യൎക്കു വെളിപ്പെട്ട രീതിയിൽ അവനോടുകൂടെ ഏകീഭവിച്ചു പ്രാൎത്ഥിക്കുക എന്നാണൎത്ഥം. പിതാവിനോടു ക്രിസ്തുവിന്റെ നാമത്തിൽ ഇപ്രകാരം പ്രാൎത്ഥിച്ചാൽ ഫലം നിശ്ചയമായും ഉണ്ടാകും. പിതാവിൽനിന്നും ക്രിസ്തുമൂലം ശക്തിയുള്ള പ്രവൃത്തികൾക്കു് ആവശ്യപ്പെട്ട സകല കൃപകളും ലഭിക്കും. ക്രിസ്തുവിനോടു കഴിച്ചിട്ടുള്ള പ്രാൎത്ഥനയുടെ ദൃഷ്ടാന്തങ്ങളായി അ. പ്ര. ൭. ൫൯, ൯. ൧൪, ൨൧; ൧ കൊരി ൧. ൨, നോക്കുക.

പുത്രൻ പിതാവിൽനിന്നും, അധിവസിക്കുന്നവനായ ആത്മാവിനെ അയയ്ക്കും. ഈ അനുഭവങ്ങളിലേയ്ക്കു പ്രവേശിക്കുന്ന ഒരാളിന് യേശു തന്നെത്തന്നെ സദാ വെളിപ്പെടുത്തിക്കൊണ്ടിരിക്കും. കേവലം ഒരു മനുഷ്യന് ഇങ്ങിനെയെല്ലാം സംസാരിക്കുവാൻ എങ്ങിനെ കഴിയും?

വാ. ൧൬. മറെറാരു കാൎയ്യസ്ഥനെ:—ഇതു് 'പാരാക്ലീത്തോസ്' (advocate) എന്ന ഗ്രീക്കുപദത്തിന്റെ പരിഭാഷയാണ്. യോഹന്നാന്റെ ഗ്രന്ഥങ്ങളിലല്ലാതെ മററു പുതിയ നിയമഗ്രന്ഥങ്ങളിൽ ഇതു കാണ്മാനില്ല. ഈ സുവിശേഷത്തിൽ ഈ പദം നാലു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. (൧൪. ൧൬, ൨൬; ൧൫. ൨൬; ൧൬. ൭). ഇവിടെയെല്ലാം ആശ്വാസപ്രദൻ എന്നാണു താല്പൎയ്യം. (൧ യോഹ. ൨. ൧). ദൈവമുമ്പിൽ മനുഷ്യൎക്കു വേണ്ടി ഒരു കാൎയ്യസ്ഥനായി നിന്നു പിശാചിനെതിരായി സംസാരിക്കുന്നവൻ എന്നൎത്ഥം. ഭൂമിയിൽ ക്രിസ്തുവിൻെറ ആളും പേരായിരുന്നുകൊണ്ടു് ക്രിസ്തുവിൻെറ വേല നടത്തുകയും തന്റെ ശിഷ്യന്മാർ അവരുടെ കൃത്യങ്ങൾ ശരിയായി അനുഷ്ഠിക്കത്തക്കവണ്ണം അവരെ ശക്തിപ്പെടുത്തുകയും ഉജ്ജ്വലിപ്പിക്കയും ചെയ്യുന്നതാകുന്നു പരിശുദ്ധാത്മാവിൻെറ വേല. ക്രിസ്തുവിൻെറ കാൎയ്യസ്ഥനെന്ന നിലയ്ക്കു് ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ അവൻ ക്രിസ്തുവിനു വേണ്ടി വാദിക്കുന്നു എന്നു മാത്രമല്ല, ലോകത്തെ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുകയും ചെയ്യുന്നു. വിശ്വാസികളിൽ പ്രാൎത്ഥനയുടെയും അഭയയാചനയുടെയും ആത്മാവിനെ അവൻ പകരുന്നു. പരിശുദ്ധാത്മാവിൻെറ ദൈവത്വം ഈ ഭാഗത്തു തെളിവായി കാണുന്നു,

വാ. ൨൨. യൂദാ:—ഇതു് യാക്കോബിന്റെ പുത്രനായ തദ്ദായി എന്ന ലബ്ബയൂസു് ആകുന്നു. (ലൂ ൬. ൧൬; അ. പ്ര. ൧. ൧൩; മത്താ. ൧൦. ൩; മക്കോ ൩. ൧൮.) താൻ മശിഹായായാണെന്നു് യേശു തന്നെത്തന്നെ വിളംബരപ്പെടുത്തി കാണിക്കുമെന്നു പ്രതീക്ഷിച്ചിരുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്ന ഒരാൾ.

വാ. ൩൧. ഞാൻ മരണത്തിലേയ്ക്കായി എന്നെത്തന്നെ ഏല്പിച്ചുകൊടുക്കുവാൻ ഒരുങ്ങുന്നു എന്നുള്ളതു ലോകം അറിയേണ്ടതാണു്.

വാ. ൩൧. എഴുന്നേല്പിൻ:—ഇവിടെ യേശു മാളികമുറി വിട്ടു വെളിയിലേയ്ക്കു് ഇറങ്ങിയതുപോലെ തോന്നുന്നു. അടുത്ത മൂന്നദ്ധ്യായങ്ങൾ താൻ ഒലിവുമലയിലേയ്ക്കു പോകുന്ന വഴിക്കു പറഞ്ഞതായിരിക്കാം.

പാഠങ്ങൾ: —(൧) പരിശുദ്ധാത്മാവിന്റെ അധിവാസം എന്നതു് നമ്മുടെ ആളാംപ്രതിയുള്ള അനുഭവമായിരിക്കണമെന്നു കർത്താവു് ആഗ്രഹിക്കുന്നു. ഇതിലേയ്ക്കു് നമ്മെ തടസ്സപ്പെടുത്തുന്നതു് എന്താണു്? (൨) സമാധാനമെന്നതു് ദൈവത്തിന്റെ ദാനമാണു്. ജീവിതത്തിൽ എന്തെല്ലാം പ്രയാസങ്ങൾ ഉണ്ടായാലും അതിലെല്ലാം പൂർണ്ണസമാധാനം ക്രിസ്തുയേശുവിൽ നമുക്കു് അനുഭവിക്കാവുന്നതാണു്. ഈ സമാധാനം ക്രിസ്തു അനുഭവിച്ചതാണു്. "എന്റെ സമാധാനം." (വാ. ൨൭).

——(൦)——

അദ്ധ്യായം ൧൫.

സാക്ഷാൽ മുന്തിരിവള്ളി.

ആശ്വാസപ്രദന്റെയും അപ്പോസ്തലന്മാരുടേയും സാക്ഷി.

മുന്തിരിവള്ളിയുടെ ഉപമ യേശുവിനും ശിഷ്യന്മാൎക്കും തമ്മിലുള്ള ഐക്യത്തെ കാണിക്കുന്നു.

ഐക്യതയുടെ ശ്രേഷ്ഠത ൧൫. ൧—൬.

ഫലപ്രാപ്തിക്കുള്ള നിബന്ധന ൧, ൨.

ഫലപ്രാപ്തിയുടെ ആവശ്യം ൨—൬.

ഐക്യതയുടെ ഫലങ്ങൾ }
അപേക്ഷകളുടെ സാദ്ധ്യത } ൧൫. ൭—൮.
ഫലപ്രാപ്തി }

ഐക്യതയുടെ കാരണം ൧൫. ൯—൧൦.

സ്നേഹം:—പിതാവു് പുത്രനെ സ്നേഹിക്കുന്നതുപോലെ യേശുവും ശിഷ്യന്മാരെ സ്നേഹിക്കുന്നു. ഐക്യത്തിന്റെ ഫലങ്ങൾ ൧൫. ൧൧—൧൭.

സന്തോഷം ൧൧.

പരസ്പരസ്നേഹം ൧൨, ൧൭.

ഐക്യത്തിന്റെ ധൎമ്മങ്ങൾ ൧൪—൧൬.

യേശുവിനെപ്പോലെ പ്രവൎത്തിക്കുക ൧൪, ൧൫.

ഫലം കായ്ക്കുക ൧൬.

കൎത്താവും ശിഷ്യന്മാരും ഉൾപ്പെട്ടിരുന്ന ചെറിയ സംഘം അന്ധകാരാവൃതമായ ഈ രാത്രിയിൽ തെരുവീഥിയിലേയ്ക്കു കടക്കുന്നു. ദേവാലയപ്രാന്തങ്ങളിൽ എത്തുന്നതോടുകൂടി അവിടുന്നു വീണ്ടും തന്റെ യാത്രാസ

ന്ദേശങ്ങൾ തുടരുന്നു. ഇപ്പോൾ ശിഷ്യന്മാർ ചോദ്യങ്ങളൊന്നും ചോദിക്കുന്നില്ല. യേശുവും ശിഷ്യന്മാരും കൂടിയിരുന്ന മുറിയിൽ മുന്തിരിവള്ളി ഉണ്ടായിരുന്നു എന്നു ചിലരും, ദേവാലയത്തിലെ പടിവാതിലുകൾക്കരികെ വളരുന്ന മുന്തിരിച്ചെടി കണ്ടതാണെന്നും കെദ്രോൻ താഴ്‌വരയിലും മററും വളരുന്ന മുന്തിരിച്ചെടി കണ്ടിട്ടു സംസാരിച്ചതാണെന്നു മററു ചിലരും അഭിപ്രായപ്പെടുന്നു. മുന്തിരിച്ചെടിയുടെ ഫലത്തിൽനിന്നും അവർ അന്ത്യഅത്താഴത്തിൽ പങ്കെടുക്കയും ചെയ്തുവല്ലോ. ഈ ഉപമ യഹൂദന്മാർക്കു വളരെ പരിചയമുള്ള ഒന്നാണ്. സങ്കീ. ൮൦. ൮., യശ. ൫. ൧—൭., യിരെ ൨. ൨൧., ഹോശ. ൧൦. ൧. എന്നീ സ്ഥലങ്ങളിൽ പ്രവാചകന്മാർ ഈ ഉപമ ഉപയോഗിച്ചുകാണുന്നുണ്ട്.

—(൦)—

൧൫. ൧൧. ൧—൧൭. സത്യ മുന്തിരിവള്ളി.

വാ. ൧. തോട്ടക്കാരൻ:—മക്കോ. ൧൨. ൧, ലൂക്കോസ് ൧൩. ൬ നോക്കുക.

വാ. ൨. കൊമ്പു് ഒക്കെയും:—ഒററ ഒററ ആളുകളും സഭകളും ഇതിൽ ഉൾപ്പെടുന്നു. വെളി. ൨. ൫; ൩. ൧൬.

വാ. ൭. നിങ്ങൾ എന്നിലും എൻെറ വചനം നിങ്ങളിലും വസിച്ചാൽ:—പ്രാത്ഥനയുടെ നിബന്ധനകളിൽ ഒന്നാണ് ഇവിടെ കാണുന്നതു്. യേശുവിൻെറ ഹൃദയവും ശിഷ്യൻെറ ഹൃദയവും ഒന്നായിത്തീരണം.

വാ. ൯. എൻെറ സ്നേഹത്തിൽ:—സ്വാത്ഥരഹിതമായ സ്നേഹത്തിൽ എന്നത്ഥം.

വാ. ൧൧. എൻെറ സന്തോഷം:—എന്റെ പിതാവിനെ അനുസരിക്കുന്നതിൽ എനിക്കുള്ള സന്തോഷം.

വാ. ൧൬. പോയി ഫലം കായ്ക്കേണ്ടതിന്ന്:—ഇതു ക്രിസ്തുവിൻെറ ശിഷ്യന്മാർ ലോകം മുഴവൻ ചുററിസ്സഞ്ചരിച്ചു ചെയ്യേണ്ടിയിരുന്ന സുവിശേഷവേലയേയും തൻമൂലം ഉണ്ടാകുന്ന മാനസാന്തരത്തേയും ആണ് കാണിക്കുന്നതു്. പ്രാത്ഥനയുടെ വ്യവസ്ഥയും ഈ വാക്യത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടു്.

പാഠങ്ങൾ:—കത്താവിനോടുള്ള നമ്മുടെ ഐക്യത്തിൻെറ മമ്മത്തെപ്പററി ചിന്തിക്കുക. തൽഫലമായി യഥാത്ഥശക്തിയും ആനന്ദാനുഭൂതിയും ലഭിക്കുന്നു. പ്രാത്ഥന, വിശുദ്ധ കുർബ്ബാന മുതലായ കൃപാവഴികളെ നിസ്സാരമാക്കുന്നതു് എത്ര അപകടം!

—(൦)—

൭൪. ൧൫. ൧൮—൨൭.

ലോകവും യേശുവിൻെറ ശിഷ്യന്മാരും.

യേശുവിൻെറ ശിഷ്യന്മാക്കും ലോകത്തിനും തമ്മിൽ പകയുണ്ടെന്നു് കത്താവു് ഇവിടെ എടുത്തുകാണിക്കുന്നു. പകയ്ക്കുള്ള കാരണങ്ങൾ:—

(൧) തങ്ങൾ ലോകത്തിനുള്ളവരല്ലാത്തതുകൊണ്ടു് (വാ. ൧൯.) (൨) അവർ ക്രിസ്തുവിനുള്ളവരാകകൊണ്ടു് (വാ. ൨൦.) (൩) ലോകം ദൈവത്തെ അറിയുന്നില്ല. (വാ. ൨൧.)

വാ. ൧൯. സ്വന്തമായതിനെ:—സ്വാത്ഥമെന്നുള്ളതാണു് ലോകത്തിൻെറ പ്രധാന ലക്ഷണം.

നമ്മുടെ പഞ്ചേന്ദ്രിയങ്ങൾകൊണ്ടു് ഗ്രഹിക്കാവുന്നതിലപ്പുറമായി യാതൊരു ദർശനവും ഇല്ലാത്ത ആളുകളെയാണു് ലോകം എന്നു പറഞ്ഞിരിക്കുന്നതു്. അതായതു്, ജഡത്തിൻെറ മോഹം, കണ്ണുകളുടെ മോഹം, ആയുസ്സിൻെറ വൻപു്. ദൈവകൃപയാൽ ശാശ്വതവും ഉൽകൃഷ്ടവുമായ കാര്യങ്ങളിലേയ്ക്കു് ആകർഷിക്കപ്പെട്ടിരിക്കുന്നവരെ ലോകം എല്ലാക്കാലത്തും വെറുക്കുന്നു. ഈ ലോകമയത്വമാണു് നമ്മുടെ കർത്താവിനെ കുരിശിച്ചതു്. ഈ ദുഷ്ടലോകത്തിൻെറ അധിപതിയായി ഇന്നും സാത്താൻ ഭരണം ചെയ്തുകൊണ്ടു് നമ്മെ പകയ്ക്കുന്നു. മരണത്തിന്റെ അധികാരിയായ സാത്താനോടു് എതിരിട്ടു് കുരിശിന്മേൽ അവനെ ജയിക്കാതിരുന്നു എങ്കിൽ നാം എന്തു ചെയ്യുമായിരുന്നു! ജീവനുള്ള രക്ഷകൻെറ ഉത്തമ സാക്ഷികളായി ലോകത്തിൽ നിന്നും വേർപെട്ടു് നാം ജീവിക്കുന്നു എങ്കിൽ പിശാചിൻെറ ശക്തികൾ നമ്മെ ഉപദ്രവിക്കുവാൻ ശ്രമിക്കതന്നെ ചെയ്യും.

വാ. വഭ. അവരുടെ ന്യായപ്രമാണം ഫ൦. ന്ര്. നോക്കുക. സങ്കീ: ന്ൻ. ര്-ൽ നിന്നും ഉദ്ധരിച്ചിരിക്കുന്ന ഒരു വാക്യമാണു് ഇതു്. സങ്കീ. ന്ഭ. ഫഫ. നോക്കുക.

വാ. വ൬. ഇവിടെ കർത്താവിൻെറ ദിവ്യത്വം വെളിപ്പെടുന്നുണ്ടു്. യേശു ചോദിക്കുന്നതുകൊണ്ടും യേശുവിൻെറ നാമത്തിലുമാണു് പരിശുദ്ധാത്മാവു് നൽകപ്പെടുന്നതെന്നു് ഇവിടെ കാണിച്ചിരിക്കുന്നു. ഫര്. ഫ൬. നോക്കുക. പെന്തക്കോസ്തുനാളിൽ പത്രോസു് ഈ സംഗതി തന്നെ എടുത്തു പറഞ്ഞിരിക്കുന്നതായി കാണുന്നു. സഭയുടെ പ്രതിനിധി എന്ന നിലയിൽ അവൻ പിതാവിൽ നിന്നു് വാഗ്ദത്തം ചെയ്യപ്പെട്ട ആശ്വാസ

പ്രദനെ അവകാശം പറഞ്ഞു സ്വീകരിച്ചു. ദൈവത്തിന്റെ പുത്രൻ എന്ന നിലയ്ക്കു് അവൻ പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടി എന്നെന്നേയ്ക്കും ഏകീഭവിച്ചിരുന്നു. എന്നാൽ നമ്മുടെ പേക്കു് സ്വമനസ്സാലെ തന്നെത്തന്നെ വെറുമയാക്കി വീണ്ടെടുക്കപ്പെട്ട സഭയോടു് ഏകീഭവിച്ചതിനാൽ സഭയുടെ പ്രതിനിധിയും തലവനുമായി തൻെറ ജനങ്ങളിൽക്കൂടി നിരന്തരമായ പെന്തക്കോസ്തു സാദ്ധ്യമാകത്തക്കവണ്ണം അവരിൽ അധിവസിക്കുവാനായി അവൻ പരിശുദ്ധാത്മാവിനായി അന്വേഷിക്കയും അവനെ സ്വീകരിക്കയും ചെയ്തു.

പാഠങ്ങൾ:—ക്രിസ്തുവിനോടുള്ള ഐക്യത്തിൽ നിന്നും സന്തോഷം; ലോകത്തിൽ നിന്നും പകയും വിരോധവും. ഇതാണോ നമ്മുടേയും അനുഭവം? നാം യഥാൎത്ഥ ക്രിസ്ത്യാനികളെങ്കിൽ ജനസ്വാധീനമുള്ളവരായിരിക്കുമോ? "കഷ്ടപ്പെട്ടാൽ .... തേജസ്കരിക്കപ്പെടും" (റോമ. വ്യ. ൧൭. നോക്കുക).

——[ㅇ]——

അദ്ധ്യായം ൧൬

(൧൪-ം ൧൫-ം അദ്ധ്യായങ്ങളിലെ സംഗതികൾ തന്നെ ഇതിലും സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു.)

൫൭. ൧൬. ൧—൧൫. ഇടറിപ്പോകരുതു്.

കത്താവു് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ശിഷ്യന്മാർ മൂന്നു കാര്യങ്ങളെക്കുറിച്ചു വിചാരിച്ചു് വിഷമിച്ചുകൊണ്ടിരുന്നു. (൧) കത്താവിന്റെ സാന്നിദ്ധ്യം അവക്കു വേഗത്തിൽ നഷ്ടപ്പെട്ടുപോകും. (൨) അവർ തനിച്ചു് ലോകത്തിന്റെ ശത്രുതയെ അഭിമുഖീകരിക്കേണ്ടിവരും. (൩) അദൃശ്യനായ രക്ഷകനെക്കുറിച്ചു് സാക്ഷ്യം പറയുന്നതായിരിക്കും അവരുടെ ജോലി. "കത്താവേ നിനക്കു് എന്തുകൊണ്ടു് ഇജ്ജനങ്ങളോടുകൂടി താമസിക്കുവാൻ പാടില്ല. നീ പോകുമ്പോൾ ഞങ്ങൾക്കെങ്ങിനെ കഴിഞ്ഞുകൂടാമെന്നു് അറിയുന്നില്ല. ലോകം മുഴുവൻ ഞങ്ങളോടു് എതിൎക്കുമ്പോൾ ഞങ്ങളുടെ സാക്ഷ്യംകൊണ്ടു് എന്തു പ്രയോജനമാണു സിദ്ധിക്കുക!" എന്നെല്ലാം അവർ പറയുന്നതുപോലെ നമുക്കു തോന്നുന്നു. ഇതിനു മറുപടിയായി കത്താവു പറയുന്നതു് "ഞാൻ നിങ്ങളെ നിസ്സഹായരായി വിടുകയില്ല. ഞാൻ നിങ്ങളോടുകൂടെ ത്തന്നെ ഇരിക്കും. പക്ഷെ, അദൃശ്യനായി മാത്രമേ ഇരിക്കുകയുള്ളു. പരിശുദ്ധാത്മാവു് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധപ്പെടുത്തുന്നതിനാൽ അവൻ എന്റെ സാന്നിദ്ധ്യത്തെ നിങ്ങൾക്കു സ്പഷ്ടമായി വെളിപ്പെടുത്തും.

വാ. ൧. നിങ്ങൾക്ക പ്രയോജനം:—യേശു ജഡ പ്രകാരം ശിഷ്യന്മാരോടുകൂടെ താമസിക്കുന്നതിനെക്കാളും ആത്മികമായി അവരിൽ വസിച്ച് പ്രവൃത്തി തുടൎന്നു കൊണ്ടിരിക്കുന്നതു് വളരെ പ്രയോജനകരമെന്നാണു് ഇതിൻെറ അൎത്ഥം. അവൻ തൻെറ ശുശ്രൂഷയെ നിവൃത്തിച്ച് പിതാവിൻെറ അടുക്കൽ ചെന്നെത്തിയാലല്ലാതെ പരിശുദ്ധാത്മാവു വരുന്നതല്ല.

വാ. ൮. ലോകത്തിനു ബോധം വരുത്തും:—ക്രിസ്തുവിൻെറ ശുശ്രൂഷകളെ ലോകം അംഗീകരിക്കത്തക്കവണ്ണം പാപം, നീതി, ന്യായവിധി എന്നിവയെക്കുറിച്ച് ലോകത്തിനു യഥാൎത്ഥമായ ബോധം ഉണ്ടാക്കിത്തീൎത്തിട്ട് ഇങ്ങനെ ലോകത്തെ പ്രബോധിപ്പിക്കണമെന്നൎത്ഥം.

വാ. ൯. യേശുവിനെ വിശ്വസിക്കാത്തതാണു് പാപത്തിൻെറ പ്രധാന ഉത്ഭവസ്ഥാനം. ക്രിസ്തുവിന്റെ പീഡാനുഭവങ്ങളും കഷ്ടതയും ഓൎത്തുകൊണ്ടു് അവനോടു നന്ദിയും സ്നേഹവും പ്രദൎശിപ്പിക്കാതിരുന്നതു് എത്ര ഭയങ്കരമായിട്ടുള്ളതാണെന്നു് അറിയുമ്പോളാണു് ആത്മാവിനു ശരിയായ പാപബോധം ഉണ്ടാകുന്നതു്.

വാ. ൧൦. യേശുവിൻെറ ജീവിതം നീതിയുടെ വിളനിലമാണു്:—ദൈവമുമ്പാകെ നിൽക്കുന്നതിനു നീതിയുടെ വസ്ത്രത്തിനായിക്കൊണ്ടുള്ള വാഞ്ഛ ആത്മാവിൽ ഉദിക്കുമ്പോൾ സകല നീതിയും നിറപടിയായി അനുസരിച്ച രക്ഷകനിൽ നാം സ്വീകരിക്കപ്പെട്ടവരായി ദൈവമുമ്പാകെ നിൽക്കുന്നു.

വാ. ൧൧. യേശുവിൻെറ മരണംമൂലം ന്യായവിധി അവസാനിച്ചു. തൻമൂലം പാപലോകവും ശിക്ഷിക്ക

പ്പെട്ടു. യേശുവിന്റെ വിജയം ലൗകികമാൎഗ്ഗങ്ങളെ ധ്വംസിച്ചിരിക്കുന്നു. ഈ ന്യായവിധിയെത്തന്നെയാണ് പരിശുദ്ധാത്മാവു് ഇവിടെ എടുത്തു കാണിക്കുന്നതു്.

പാഠങ്ങൾ:—യേശു ശിഷ്യന്മാരോടു പറഞ്ഞിട്ടുള്ള കാൎയ്യങ്ങളിൽ പലതും താൻ ഇവിടംവിട്ടു പിതാവിന്റെ അടുക്കൽ പോകുന്നതുവരെ അവൎക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. പരിശുദ്ധാത്മാവു ലഭിച്ചശേഷമാണ് അവർ ഇവയെല്ലാം ധരിച്ചുതുടങ്ങിയതു്. ദൈവത്തിനു നമ്മേ പഠിപ്പിക്കേണ്ടതായ സകല കാൎയ്യങ്ങളും ഒന്നോടെ പഠിപ്പിക്കുവാൻ പാടുള്ളതല്ല. അല്പാല്പമായും നമ്മുടെ പ്രാപ്തിക്കനുസരണമായും നമുക്കു് ഉൾക്കൊള്ളുവാൻ കഴിയുന്നിടത്തോളമുള്ള സത്യങ്ങൾ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കും. "മുമ്പേ തണ്ടും, പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ മണിയും" എന്ന പ്രമാണം സത്യംതന്നെ.

ദൈവത്തിന്റെ ആഴമായ സത്യങ്ങൾ പഠിക്കുന്നതിനുള്ള വ്യവസ്ഥ അനുസരണമാണ്. അനുസരിക്കുന്തോറും നാം പഠിച്ചു മുമ്പോട്ടു വരുന്നു.

—(o)—

൭൬. ൧൬—൧൬ ദുഃഖത്തിന്റെ പുറകെ സന്തോഷം.

വാ. ൨൦, ൨൧. നിങ്ങളുടെ ദുഃഖം സന്തോഷമായിമാറും. യേശുവിന്റെ ക്രൂശുമരണം ശിഷ്യന്മാൎക്കു് ആരംഭത്തിൽ വളരെ ദുഃഖകരമായിരുന്നു എങ്കിലും ഒടുവിൽ അവൎക്കു് ഏററവും സന്തോഷം കൊടുത്തതും അതുതന്നെ

യായിരുന്നു. നവജീവന്നു കാരണമായിത്തീൎന്നതും ഈ ക്രൂശുമരണംതന്നെയാണു്.

വാ. ൨൩. ചോദിക്കയില്ല—സംശയങ്ങളെല്ലാം പരിഹരിക്കപ്പെട്ടിരിക്കുമെന്നുള്ളതുകൊണ്ടു് അപ്പോൾ ചോദിച്ചിട്ടാവശ്യമില്ല.

വാ. ൨൫. സദൃശമായി ശിഷ്യന്മാർ യേശുവിന്റെ ജീവിതോദ്ദേശത്തെയും ആദൎശങ്ങളെയും ശരിയായി ധരിക്കുന്നതിന്നു പ്രാപ്തിയില്ലാത്തവരായിരുന്നതുകൊണ്ടു് ഉപമകൾ മൂലമാണു് യേശു അവരോടു സംസാരിച്ചുപോന്നതു്.

വാ. ൨൯. (etc.) നീ സ്പഷ്ടമായി സംസാരിക്കുന്നു:—നഗരവാതിലിൽനിന്നും തോട്ടത്തിലേയ്ക്കുള്ള വഴിയിൽകൂടി അവർ പോകയാണു്. കൎത്താവു തന്റെ വീണ്ടെടുപ്പിൻ വേല തികയ്ക്കുവാനായി പോകുന്നു. ഇപ്പോൾ ശിഷ്യന്മാൎക്കു് അവന്റെ ഉദ്ദേശം മനസ്സിലായതുപോലെ തോന്നുന്നു. ഒരു മണിക്കൂറിന്നുള്ളിൽ അവൻ ഏകനായി വിടപ്പെടും, എങ്കിലും അവൻ കേവലം ഏകനല്ലതാനും.

വാ. ൩൩. എന്നിൽ സമാധാനം:—യേശുവിൽ നമുക്കു സമാധാനമുണ്ടാകുന്നു. അതിലേയ്ക്കു നാം രണ്ടു വ്യവസ്ഥകൾ അനുസരിച്ചാൽ മതി:—൧. നാം അവനിൽ വസിക്കണം. ൨. നമുക്കു തമ്മിൽ പരസ്പരസംസൎഗ്ഗവും കൂട്ടായ്മയും ഉണ്ടായിരിക്കണം.

വാ. ൩൩. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു:—ഒരു ജയാളി ആയിട്ടത്രെ അവൻ പോകുന്നതു്. രണ്ടു പ്രാവശ്യം രക്ഷകൻ ഈ പാഠം ഉപയോഗിച്ചതായി എഴുതപ്പെട്ടിരിക്കുന്നു. യോഹന്നാന്റെ മനസ്സിൽ ഈ വാക്കു്

ആഴമായി പതിഞ്ഞുകാണണം. അവൻെറ ഒന്നാംലേഖനത്തിൽ ആറു പ്രാവശ്യവും വെളിപ്പാടുപുസ്തകത്തിൽ എന്നു പ്രാവശ്യവും ഈ പദം ഉപയോഗിച്ചിരിക്കുന്നു.

ഞങ്ങൾക്കു വേണ്ടിയുള്ള നിൻെറ ഏകമരണത്താൽ കൃപയുടെയും നീതിദാനത്തിൻെറയും സമൃദ്ധി ലഭിച്ചിട്ടു ജീവനിൽ വാഴുമാറാകേണ്ടതിനു നീ നിവൃത്തിച്ച വേലയിലും നിൻെറ അവസാനവിജയത്തിലും ഞങ്ങൾ പങ്കുകാരായിത്തീരുവാൻ കൃപ നൽകേണമേ.—ആമേൻ.

——[0]——

അദ്ധ്യായം ൧൭.

സൂചന.

നമ്മുടെ കത്താവിൻെറ പൌരോഹിത്യപ്രാത്ഥന.

സുവിശേഷങ്ങളിലെ മഹാ പരിശുദ്ധസ്ഥലമെന്നാണ് ഈ അദ്ധ്യായത്തിന്ന നാമകരണം ചെയ്തിരിക്കുന്നതു്. നമ്മുടെ ജീവിതങ്ങളിൽ എത്രയും ഭയഭക്തികരമായ സന്ദർഭങ്ങളിൽ മാത്രമേ ഇതിൻെറ ഉള്ളിലേയ്ക്കു പ്രവേശിച്ച് ഇതിലുള്ള സംഗതികൾ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. യേശുക്രിസ്തു ജനങ്ങളോടും ശത്രുക്കളോടും അടുത്ത സ്നേഹിതന്മാരോടും സംസാരിച്ചിട്ടുള്ളതിനെ നാം കേട്ടിരിക്കുന്നു. ഇപ്പോഴാകട്ടെ, അവൻ പിതാവിനോടു സംസാരിക്കുന്നതു് നാം കേൾക്കുന്നു. കത്താവിൻെറ പ്രാത്ഥനയെന്നു ശരിയായി പറയേണ്ടതു് ഇതുതന്നെയാണു്. നാം സാധാരണ ആ പേരിൽ പറയുന്നതു് വാസ്തവത്തിൽ ശിഷ്യന്മാരുടെ പ്രാത്ഥനയാണു്. ഇതു് കത്താവിൻെറ സ്വന്ത പ്രാത്ഥനയാണു്. കത്താവു സദാ പ്രാത്ഥനാമനുഷ്യനായിരുന്നു. മത്തായി. ൧൪. ൨൩; ൧൯. ൧൩; മക്കോ. ൧. ൩൫; ലൂക്കോ. ൩. ൨൧; ൫. ൧൬; ൯. ൧൮, ൨൮; ൧൧. ൧; etc. ശിഷ്യന്മാരെ ഉദ്ദേശിച്ച് ഈ പ്രാത്ഥന കുറേ ഉച്ചത്തിൽ ചൊല്ലിയിരിക്കണം. വാ. ൧൩. മാളികമുറിയിൽ നിന്നു് ഗദ്ശമനയിലേയ്ക്കു പോകുമ്പോൾ ദൈവാലയത്തിൽ വെച്ചു് യേശുവും ശിഷ്യന്മാരും കൂടി അതിലേ കടന്നുപോയ സമയത്തു് ഉച്ചരിച്ചതായിരിക്കാം ഈ പ്രാത്ഥന. പെസഹാഉത്സവത്തിൽ അദ്ധരാത്രി സമയത്തു് ആചാൎയ്യന്മാർ ദൈവാലയ പടിവാതിലുകൾ തുറക്കുക പതിവായിരുന്നു.

൧—൫. തനിക്കുവേണ്ടി. ൬—൧൯. സ്വശിഷ്യൎക്കു വേണ്ടി. ൨൦—൨൬. സകല വിശ്വാസികൾക്കും വേണ്ടി.

—(੦)—

൩൭. ൧. ൧—൫. തനിക്കു വേണ്ടിയുള്ള കൎത്താവിന്റെ പ്രാൎത്ഥന.

വാ. ൧. പുത്രൻ മൂലം പിതാവിന്നു മഹത്വമുണ്ടാകുന്നു. മരണത്തിൽ പുത്രനു ലഭിക്കുന്ന ജയംമൂലമായി പിതാവിന്നും പുത്രനും മഹത്വം ലഭിക്കുന്നു.

വാ. ൩. നിത്യജീവനെക്കുറിച്ചുള്ള ഒരു നിൎവ്വചനം. യഥാൎത്ഥമായ അറിവു (ദൈവത്തേയും പുത്രനായ യേശുവിനേയും കുറിച്ചുള്ള അറിവ്) തന്നെയാണ് നിത്യജീവൻ.

അറിയുന്നതു്—ഇതു സഹവാസത്തെയാണ കുറിക്കുന്നതു്. ബുദ്ധികൊണ്ടു ഗ്രഹിക്കുന്നതു മാത്രമല്ല, സ്നേഹത്തിൽനിന്നും ഉളവാകുന്ന അതിപരിചയവും കൂടി ഇതിൽ ഉൾപ്പെട്ടുന്നുണ്ടു്.

യേശുക്രിസ്തു—ഇതു ഗ്രന്ഥകാരന്റെ സ്വന്ത പ്രയോഗമായിരിക്കണം.

വാ. ൫. താൻ ലോകത്തിൽ വരുംമുമ്പ് യേശുവിന്നുണ്ടായിരുന്ന മഹത്വനിലയാണ് ഈ വചനം കാണിക്കുന്നതു്.

പാഠങ്ങൾ:—"ദൈവത്തെ യഥാൎത്ഥമായി അറിയുക"—ഇതിനെപ്പററി ഗാഢമായി ചിന്തിക്കുക. ലോകധനം, ബഹുമതി ഇതിനായി പലതും കാംക്ഷിക്കുന്നതു വൃഥാവാണ്. "എന്റെ ദൈവമേ, മനുഷ്യർ അങ്ങേ അറിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു" എന്നു Ignatins Loyola എന്ന ഭക്തൻ കൂടക്കൂടെ പറയുക പതിവായിരുന്നു.

൧൭. ൧൨. ൬—൨൬; ശിഷ്യന്മാൎക്കു വേണ്ടിയുള്ള പ്രാൎത്ഥന.

വാ. ൬. നിന്റെ നാമം—നിന്റെ സ്വഭാവം.

മനുഷ്യൎക്ക്=അപ്പോസ്തലന്മാൎക്ക്

വാ. ൭. നിന്റെ വചനം പ്രമാണിച്ചിരിക്കുന്നു. ഇതു് ഈ സുവിശേഷത്തിലെ ഒരു പ്രത്യേക പ്രയോഗമാണു്. ൮. ൫൧; ൧൪. ൨൩; ൧. യോഹ: ൨. ൫; എന്നിവ നോക്കുക.

വാ. ൯. യേശുമൂലം ശിഷ്യന്മാർ പിതാവുമായി വിശേഷാൽ സംബന്ധമുള്ളവരാകകൊണ്ടു് യേശു പ്രത്യേകം അവൎക്കായി ഇവിടെ പ്രാൎത്ഥിക്കുന്നു.

വാ. ൧൧. ശിഷ്യന്മാൎക്കുവേണ്ടി താൻ ചെയ്യുന്ന പ്രാൎത്ഥനയുടെ കാരണവും അതിന്റെ രത്നച്ചുരുക്കവും ഇതിൽ അടങ്ങീട്ടുണ്ടു്. യേശു ലോകംവിട്ടു പിരിഞ്ഞുപോകുന്നതാണു് ഈ പ്രാൎത്ഥനയ്ക്കുള്ള കാരണം. താൻമൂലം ശിഷ്യന്മാരിൽ സ്ഥാപിതമായിട്ടുള്ള വിശ്വാസവും വിശുദ്ധിയും നഷ്ടപ്പെട്ടു പോകാതെ കാത്തുകൊള്ളണമെന്നും അവർ ഒന്നായിത്തീരണമെന്നുമുള്ളതാണു് പ്രാൎത്ഥനയുടെ ചുരുക്കം. പരിശുദ്ധ പിതാവേ—യേശു തന്റെ ഈ അന്ത്യനാളുകളിൽ വിശുദ്ധിക്കു് വളരെ പ്രാധാന്യം കൊടുക്കുന്നുണ്ടെന്നു് ഇതിനാൽ മനസ്സിലാക്കണം.

നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ:— ഈ നാമം പിതാവു് എന്നുള്ളതാണു്.

ഒന്നാകേണ്ടതിന്നു്:—ഈ പ്രാൎത്ഥനയുടെ പ്രത്യേക ഉദ്ദേശം ഇതാണു്. ഇന്നത്തെ തിരുസഭയിലാണു് ഇതു ഫലിച്ചു കാണേണ്ടതു്.

൧൨. തന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ഒരു സ്മരണ ഇതിൽ കാണ്മാനുണ്ടു്. നാശയോഗ്യൻ ഇതു് ഇവിടെ യൂദാ ഇസ്കറ്യോത്തിനെക്കുറിക്കുന്നു. ൨ തെസ്സ. ൨, ൩-ൽ ഈ പദം അന്തിക്രിസ്തുവിനെക്കുറിക്കുന്നു. ഇതു് ഒരു എബ്രായപദമാണു്. ഇതിനു നരകയോഗ്യൻ എന്നൎത്ഥം. മത്താ. ൨൩, ൧൫; നോക്കുക.

തിരുവെഴുത്തു്—സങ്കീ. ൪൧. ൯-നെ കുറിക്കുന്നു.

വാ. ൧൩. എന്റെ സന്തോഷം=പിതാവിനോടുള്ള സ്നേഹസംസൎഗ്ഗത്തിൽ നിന്നും എനിക്കു ലഭിച്ചിട്ടുള്ള സന്തോഷം.

ലോകത്തിൽവച്ചു്:—അതായതു് ശിഷ്യന്മാരോടു്.

വാ. ൧൩. ശിഷ്യന്മാരാൽ ലോകത്തിൽ നിവ്വഹിക്കപ്പെടേണ്ട ഒരു കൎത്തവ്യം ഉള്ളതുകൊണ്ടു് അവരെ എടുത്തുകൊള്ളണമെന്നല്ല, ദുഷ്ടനിൽ നിന്നും കാത്തുകൊള്ളണമെന്നാണു് യേശു ഇവിടെ പ്രാൎത്ഥിക്കുന്നതു്. ദുഷ്ടൻ എന്നാൽ പിശാചു് എന്നൎത്ഥം. ഗ്രന്ഥകൎത്താവു് ദോഷത്തെ എപ്പോഴും ഒരു ആളായി ഗണിക്കുന്നു. ൧. യോഹ. ൩. ൧—൧൨; ൫. ൧൮—൧൯ എന്നിവ നോക്കുക.

വാ. ൧൭. വിശുദ്ധീകരിക്കേണമെ=പ്രതിഷ്ഠിക്കേണമെ എന്നൎത്ഥം. ൧൦. ൩൬-ൽ ദൈവം യേശുവിനെ പ്രതിഷ്ഠിച്ചു ലോകത്തിൽ അയച്ചതായി സൂചിപ്പിക്കുന്നു.

സത്യത്താൽ=സത്യത്തിൽ എന്നായാൽ കുറെക്കൂടെ നല്ലതു്. സത്യമെന്ന അന്തരീക്ഷത്തിലെ ജീവിതംകൊണ്ടു് എന്നൎത്ഥം.

വാ. ൧൮. യേശു പിതാവിനെ വെളിപ്പെടുത്തുന്നതെങ്ങിനേയോ, അതുപോലെ ശിഷ്യന്മാൎക്കു് യേശുവിനെ വെളിപ്പെടുത്തിക്കാണിക്കുന്ന ശുശ്രൂഷയാണു് ഉള്ളതെന്നു സൂചിപ്പിക്കുന്നു.

വാ. ൧൯. വിശുദ്ധീകരിക്കുക എന്നുള്ളതിന്ന് ഇവിടേയും വേർതിരിച്ചു പ്രതിഷ്ഠിക്കുകയെന്നുള്ളതു നല്ലതു്.

പാഠങ്ങൾ:—നാം ലോകത്തിൽ കൎത്താവിന്റെ സാക്ഷികളായിരിപ്പാൻ അത്രെ വിളിക്കപ്പെട്ടിരിക്കുന്നതു്. കപ്പൽ വെള്ളത്തിലാണു കിടക്കേണ്ടതു്, വെള്ളം കപ്പലിലല്ല കിടക്കേണ്ടതു്.

—(൦)—

൭൯. ൨൦—൨൬.

സകല വിശ്വാസികൾക്കും വേണ്ടിയുള്ള പ്രാൎത്ഥന.

വാ. ൨൦. ശിഷ്യന്മാർ സൎവ്വത്ര ഒന്നായിരിക്കണമെന്നുള്ളതാണ് യേശുവിന്റെ ഉദ്ദേശ്യം. തനിക്കുതന്നെ പിതാവിനോടുള്ള പ്രത്യേകതയാണ് ഇതിന്നു മാതൃകയായി എടുത്തു കാണിക്കുന്നതു്. ഈ ഐക്യതയാണ് വിശ്വാസത്തിന്നു കാരണം. പൂൎവ്വസഭകൾക്ക് ഈ ഐക്യതയും വിശ്വാസവും ധാരാളമുണ്ടായിരുന്നു. "ഈ ക്രിസ്ത്യാനികൾ പരസ്പരം സ്നേഹിക്കുന്നതു കാണുക." എന്ന് അവരെക്കുറിച്ച് അക്രൈസ്തവർ അക്കാലത്തു സാക്ഷ്യം പറയുന്നു.

വാ. ൨൩. ഈ ഐക്യം കണ്ടിട്ടുവേണം യേശുവിലുള്ള ദിവ്യ ഗുണത്തെ ലോകമറിയുവാൻ. ൨൪-ാംവചനത്തിൽ രണ്ടു കാൎയ്യങ്ങൾ അടങ്ങിയിട്ടുണ്ടു്. യേശു ഇരിക്കുന്നിടത്തു് അവരും ഇരിക്കണമെന്നും ദൈവമഹത്വത്തെ ശിഷ്യന്മാർ കാണണമെന്നും.

വാ. ൨൫. ൨൬; യേശുവിന്റെ പ്രാൎത്ഥന മുഴുവനും ഈ വചനങ്ങളിൽ അടങ്ങീട്ടുണ്ടു്. ലോകത്തിന്റെ

അറിവില്ലായ്മ, ശിഷ്യന്മാരുടെ ഭാഗ്യനില, അവരെക്കുറിച്ചുള്ള യേശുവിൻെറ ഉന്നം എന്നിവ ഇതിൽ കാണ്മാനുണ്ടു്.

അവതാരനായ ദൈവപുത്രൻെറ പ്രാൎത്ഥനകൾ ഇവിടെ അവസാനിച്ചിരിക്കുന്നു. കൎത്താവിനു് ഇപ്പോൾ മരണത്തിനായി യാത്രചെയ്യാം. (Swete).

പാഠങ്ങൾ:—എഫെ ൪. ൧൩. വായിച്ചു ചിന്തിക്കുക. നമ്മുടെ സഭകൾ തമ്മിൽ ഭിന്നിച്ചിരിക്കുന്നതു് എത്ര സങ്കടകരവും എത്ര വലിയ പാപവുമാകുന്നു എന്നു നാം ചിന്തിച്ചിട്ടുണ്ടോ?

പുത്രനോടും പിതാവിനോടും നമുക്കു യഥാൎത്ഥ ക്രൂട്ടായ്മയുണ്ടെങ്കിൽ നമുക്കു പരസ്പരം ദൈവികക്രൂട്ടായ്മ ഉണ്ടായേ മതിയാകൂ.

കൎത്താവിൻെറ ഈ പ്രാൎത്ഥന അന്വൎത്ഥമാക്കിത്തീൎക്കുന്നതിനു് നാം എന്തു പ്രായോഗികമാൎഗ്ഗങ്ങളാണു സ്വീകരിച്ചിരിക്കുന്നതു്.

ഇക്കാലത്തു് സഭകളുടെ ഐക്യം സംബന്ധിച്ചുള്ള പ്രബലതരങ്ങളായ ആലോചനകളിൽ നാം പ്രാൎത്ഥനാപൂൎവ്വം സഹകരിച്ചു് ഒരു യഥാൎത്ഥ ഉണൎവ്വും തജ്ജന്യമായ ഐക്യവും സാധിക്കേണ്ടതിലേയ്ക്കു നമുക്കു പ്രാൎത്ഥിക്കാം.

പ്രാണനാഥ! അവിടുന്നു പിതാവിനോടു് ഏതുപ്രകാരം ഒന്നായിരിക്കുന്നുവോ അപ്രകാരം അവിടുത്തെ ശിഷ്യരും ഒന്നായിരിക്കണമെന്നു പ്രാൎത്ഥിച്ചവനായ മശിഹായേ, പിതാവായ ദൈവത്തിൻെറ മഹത്വത്തിനായി അവിടുന്നു കൎത്താവാകുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിനു് അങ്ങയോടുള്ള സ്നേഹത്തിലും അനുസരണ

ത്തിലും അടിയങ്ങൾ ഏക ആത്മാവിൻെറ കൂട്ടായ്മയിൽ പരസ്പരം യോജിച്ചവരായി വത്തിക്കത്തക്കവണ്ണം അങ്ങേ സന്നിധിയിലേയ്ക്കു് അടിയങ്ങളെ ആകഷിക്കുമാറാകേണമേ—ആമേൻ.

——(o)——

അദ്ധ്യായം ൧൮-മുതൽ ൨൦-വരെ.

———

കഥാബന്ധം

൧൮ മുതൽ ൨൦ വരേയുള്ള അദ്ധ്യായങ്ങൾ മരണം മൂലമുള്ള ജയത്തെ സംബന്ധിച്ചാകുന്നു. വെളിച്ചവും ഇരുട്ടും തമ്മിലും, വിശ്വാസവും അവിശ്വാസവും തമ്മിലും നടന്നുകൊണ്ടിരുന്ന ഗംഭീരമായ പോരാട്ടം ഇപ്പോൾ അതിൻെറ പരിഭ്രമജനകമായ അത്യുച്ചസ്ഥാനത്തു് എത്തിയിരിക്കുന്നു.

പീഡാനുഭവയാഴ്ചയിലെ സംഭവങ്ങളിലേക്കു് നാം പ്രവേശിക്കുമ്പോൾ നമ്മുടെ അരുമനാഥന്റെ കുരിശിന്റെ വിസ്മയനീയങ്ങളായ മമ്മങ്ങളെ ഓക്കുന്നതിനു് നമുക്കു് സംഗതി വരുന്നു. വളരെ ഭയഭക്തിയോടും വിനയത്തോടും കൂടി നമുക്കു് രക്ഷകൻെറ പിന്നാലെ യാത്ര ചെയ്യാം.

എന്നാൽ കുരിശിനപ്പുറമായി ഒഴിഞ്ഞ ശവക്കല്ലറയത്രേ പ്രത്യക്ഷപ്പെടുന്നതു്. ഈ സുവിശേഷകനു് ഇവ രണ്ടും ക്രിസ്തുവിൻെറ മഹത്വത്തിൻെറ വെളിപാടുകളാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. കഷ്ടാനുഭവവും പുനരുത്ഥാനവും വാസ്തവത്തിൽ വിഭജിച്ചു മാററിനിത്തുവാൻ

കഴിയുന്നതല്ല. അവതന്നെയാണ് ഏററവും മഹത്വമേറിയ അടയാളങ്ങൾ. ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലുമുള്ള പല വിവരങ്ങളും ഈ എഴുത്തുകാരൻ വിട്ടുകളയുന്നു. തനിക്കു പ്രകാശിപ്പിച്ചു വെളിപ്പെടുത്തേണ്ടതായ ചില സത്യങ്ങളുണ്ടു്. അതായതു് (൧) ക്രിസ്തുവിൻെറ കഷ്ടാനുഭവങ്ങൾ സ്വമനസ്സാലെ വരിച്ചതാണെന്നു്. (൨) അവയിൽക്കൂടെ തേജസ്സും മഹിമയും പ്രത്യക്ഷപ്പെടുന്നു. (൩.) പ്രവചനങ്ങളുടേയും ദിവ്യഉദ്ദേശങ്ങളുടേയും നിവൃത്തി അതിൽ കാണുന്നു. ഇവയെയാണു് ഗ്രന്ഥകർത്താവു ചൂണ്ടിക്കാണിക്കുന്നതു്.

——(൦)——

അദ്ധ്യായം ൧൮.

ഹന്നാവ്, കയ്യഫാവ്, പീലാത്തോസ് എന്നിവരുടെ മുമ്പിൽ കർത്താവ് ഹാജരാക്കപ്പെടുന്നത്.

ഈ അദ്ധ്യായത്തിൽ യഹൂദന്മാരുടെ ദ്രോഹബുദ്ധി ഫലിക്കുന്നതും, യേശുവിൻെറ ശുശ്രൂഷ അവസാനിക്കുന്നതും കാണുന്നുണ്ട്. സംഹിതസുവിശേഷങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള പല സംഭവങ്ങളും ഇവിടെ പ്രസ്താവിക്കുന്നില്ല. തോട്ടത്തിൽവച്ചുള്ള മനോവ്യാകുലത, യൂദായുടെ ദ്രോഹചുംബനം, രാത്രിയിലും പ്രഭാതത്തിലും നടന്ന വിസ്താരങ്ങൾ, ഹേരോദാവിൻെറ മുമ്പിലുള്ള വിസ്താരം, യേശു അനുഭവിച്ച പരിഹാസം, ദേവാലയത്തിലെ തിരശ്ശീല നടുവേ ചിന്തിപ്പോകുന്നത്, ഇരുട്ടിൻെറ വ്യാപ്തി, ശതാധിപൻെറ സാക്ഷി, ഭൂകമ്പം മുതലായവ ഇതിൽ പ്രസ്താവിച്ചുകാണുന്നില്ല. മററു സുവിശേഷങ്ങളിൽ ഇല്ലാത്ത ചില വിവരങ്ങൾ ഈ ഗ്രന്ഥത്തിൽ ചേർത്തുകാണുന്നുണ്ട്. അതായത് ഹന്നാവ് യേശുവിനെ വിസ്തരിക്കുന്നത്; പീലാത്തോസ് തനിയേ വിചാരണ നടത്തുന്നത്; പരിഹാസപ്രാരംഭം; വിലാപ്പുറത്തുള്ള കുത്ത്; നീക്കോദേമോസിൻെറ ശുശ്രൂഷ.

താഴെപ്പറയുന്ന സംഭവങ്ങളിൽ എല്ലാ സുവിശേഷങ്ങളും യോജിക്കുന്നുണ്ട്. (൧) പ്രധാനാചാര്യൻെറ പരിഭ്രമം. (൨) യേശുവിൻെറ മേൽ ആരോപിച്ച കുററങ്ങൾ (രാജദ്രോഹം; ദൈവദൂഷണം). (൩) യേശുവിൻെറ മൌനം. (൪) പരിഹാസം. (൫) പീലാത്തോസ്സിൻെറ ദുഷ്ടസ്വഭാവം.

ന൦. ൧൮. ൧—൧൧. യേശുവിനെ കണ്ടുപിടിക്കുന്നതു്.

വാ. ൧. അക്കരയ്ക്കു പോയി:—പട്ടണം വിട്ടുപോയി എന്നൎത്ഥം.

കെദ്രോൻതോടു്:—ഇതു് യെരുശലേമിന്റെ കിഴക്കുഭാഗത്തുള്ള ഒരു അരുവിയാണു്. യെരുശലേമിനെ ഒലിവുമലയിൽനിന്നും വേർതിരിക്കുന്നതു് ഈ തോടാണു്. തൽക്കാലം ഇതിനുള്ള പേർ യെഹോശാഫാത്തിന്റെ താഴ്വരയെന്നാണു്. അവസാന ന്യായവിധി ഇവിടെ വച്ചു നടത്തപ്പെടുമെന്നാണു് യഹൂദന്മാരും മഹമ്മദീയരും ഒന്നുപോലെ വിശ്വസിക്കുന്നതു്. (യോവേൽ ൩. ൨—൧൨; നോക്കുക). ഇതു വളരെ താഴ്ച്ചയുള്ള തോടായതുകൊണ്ടു് വെള്ളത്തിനു് എപ്പോഴും ഒരു ഇരുണ്ട നിറമാണുള്ളതു്.

ഒരു തോട്ടം:—ഗത്ത്ശമനെത്തോട്ടം.

വാ. ൨. യേശു ഈ തോട്ടത്തിൽ കൂടക്കൂടെ പോകാറുണ്ടായിരുന്നു എന്നുള്ള വിവരം ഈ ഗ്രന്ഥത്തിൽ നിന്നു മാത്രമേ വെളിപ്പെടുന്നുള്ളു.

൩. പട്ടാളം:—ഇതു് ഒരു സൈന്യത്തിന്റെ പത്തിലൊന്നായ അറുന്നൂറു പേരാണു്. ഇതു് ദൈവാലയത്തിനടുത്തു് അന്തോണിയാക്കോട്ടയിൽ കുടികൊണ്ടിരുന്ന റോമൻസൈന്യമാണു്.

ചേവകർ:—ഇവർ സന്നദ്രിംസംഘത്തിലുൾപ്പെട്ട ഉദ്യോഗസ്ഥന്മാരോ, ദൈവാലയത്തിൽ സമാധാനപരിപാലനം ചെയ്യുന്ന പൌരോഹിത്യകാവൽക്കാരിൽ ഉൾപ്പെട്ടവരോ ആയിരിക്കണം.

വാ. ൪. സ്വമനസ്സാലെ തന്നെ ഏല്പിച്ചുകൊടു ക്കുകയാണു ചെയ്യുന്നതു്.

വാ. ൬. നിലത്തു വീണു:—ഇതു യേശുവിന്റെ അത്ഭുതശക്തികൊണ്ടോ, അവരുടെ മൂഢവിശ്വാസ ത്തിന്റെ ഫലമായ ഭീതികൊണ്ടോ ആയിരിക്കാം.

വാ. ൯. ൧൭. ൧൨. നോക്കുക.

വാ ൧൦. ഈ സംഭവം എല്ലാ സുവിശേഷങ്ങളിലും കാണ്മാനുണ്ടു്. എന്നാൽ പത്രോസ്, മൽക്കോസ് എന്നീ പേരുകൾ ഈ ഗ്രന്ഥകാരൻ മാത്രമേ എടുത്തു കാണി ക്കുന്നുള്ളു. ഈ മൽക്കോസ് പ്രധാനാചാൎയ്യന്റെ വേല ക്കാരനാണെന്നു് ഈ ഗ്രന്ഥത്തിൽനിന്നും ഗ്രഹിക്കാനേ നിവൃത്തിയുള്ളു.

൧൧. പാനപാത്രം:—മനോവ്യാകുലതയെന്ന പാ ത്രമെന്നൎത്ഥം. മത്താ. ൨൬. ൩൯; മക്കോ. ൧൪. ൩൬; ലൂക്കോ. ൨൨. ൪൪; നോക്കുക.

പാഠങ്ങൾ:—നാം ആ സ്ഥലത്തുണ്ടായിരുന്നുവെ ങ്കിൽ എന്തു ചെയ്യുമായിരുന്നു എന്നു് ഓൎത്തുനോക്കുക. ക്രിസ്തുവിനെ നാം നമ്മുടെ ചേൎച്ചയല്ലാത്ത ജീവിതം കൊണ്ടു് ഒററിക്കൊടുക്കുന്നുണ്ടോ?

—(൦)—

൬൧. ൧൮. ൧൨—൨൭ വരെ.

യഹൂദന്മാരുടെ ദ്രോഹം ഫലിക്കുന്നതു്.

ആചാൎയ്യൻ യേശുവിനെ വിസ്തരിക്കുന്നതു്.

ആചാൎയ്യനായ ഹന്നാവു് യഹൂദന്മാരുടെ മേൽ വലിയ കൎത്തൃത്വം നടത്തിപ്പോന്നിരുന്നതുകൊണ്ടു് യേശു

വിനെ ആദ്യം അവൻെറ മുമ്പിലാണ് ഹാജരാക്കിയതു്. ഇതും ഈ ഗ്രന്ഥംകൊണ്ടു മാത്രമേ തെളിയുന്നുള്ളു.

വാ. ൧൪. കയ്യപ്പാ:—ഇയ്യാൾ പ്രധാനാചാൎയ്യൻ (മഹാപുരോഹിതൻ) ആണ്. ൧൧. ൪൯—൫൨; നോക്കുക.

വാ. ൧൫. മററൊരു ശിഷ്യൻ:—ഇതു ഗ്രന്ഥകൎത്താവു തന്നെയാണ്. പേർ പ്രസ്താവിക്കാതിരിക്കുന്നതിനുള്ള കാരണവും ഇതുതന്നെയാണ്. ൧൩. ൨൩; നോക്കുക.

മഹാപുരോഹിതനു പരിചയമുള്ളവൻ:—ഗ്രന്ഥകൎത്താവിൻെറ കുടുംബം ഔന്നത്യനിലയിലുള്ളതായിരുന്നു എന്നു് അറിയുമ്പോൾ (മക്കോ. ൧. ൨൦; യോഹ. ൧൯. ൨൭;) ഈ ശിഷ്യൻ താൻതന്നെയാണെന്നുള്ളതിൽ സംശയത്തിനു വഴിയില്ലാത്തതാകുന്നു.

ഈ സംഭവം ഹന്നാവിൻേറയും കയ്യപ്പായുടേയും ഭവനങ്ങളിൽ ഏതിൽവെച്ചു നടന്നുവെന്നു് ഇവിടെ ഖണ്ഡിതമായി പ്രസ്താവിച്ചിട്ടില്ല. കയ്യപ്പായുടെ അരമനയിൽവെച്ചു നടന്നതായിട്ടാണ് ഇതരസുവിശേഷങ്ങളിൽ കാണുന്നതു്. പക്ഷേ, പ്രധാനാചാൎയ്യൻെറ അരമനയിൽ കൂടിയായിരുന്നിരിക്കാം ഹന്നാവിൻേറയും താമസം.

വാ. ൧൬. പത്രോസ് യോഹന്നാനോടുകൂടി ഉള്ളിൽ കടന്നിരിക്കാം. യോഹന്നാൻ അവക്കു പരിചിതനായിരുന്നതുകൊണ്ടാണ് പത്രോസിനോട് നീയും അവൻെറ ശിഷ്യന്മാരിൽ ഒരുവനോ എന്നു ചോദിപ്പാൻ ഇടയായതു്. അതുകൊണ്ടായിരിക്കും അവൻ അല്ല എന്നു മറുപടി പറയുന്നതു്.

വാ. ൧൯. മഹാപുരോഹിതൻ:—ഇതു ഹന്നാവോ കയ്യപ്പാവോ എന്നു തീൎച്ച പറയാൻ പാടില്ല. ൨൪-ാം ൨൫-ാം വാക്യങ്ങളിലുള്ള പ്രസ്താവനകൾകൊണ്ടു് യേശുവിനെ പിന്നീടു് കയ്യപ്പായുടെ അടുത്തു് അയച്ചു എന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. കയ്യാപ്പായുടെ മുമ്പിൽ വെച്ചുള്ള വിചാരണയിൽ ഹന്നാവും പങ്കെടുത്തിരുന്നു വെന്നു വേണം വിചാരിപ്പാൻ.

വാ. ൨൪. ഹന്നാവു നടത്തിയതു് ഒരു രഹസ്യ വിചാരണയാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ശിക്ഷാൎഹമായ കുററമൊന്നും യേശുവിൽ കാണാത്തതുകൊണ്ടാണു് അവൻ പരസ്യവിചാരണയ്ക്കായി യേശുവിനെ കയ്യപ്പായുടെ അടുക്കൽ അയയ്ക്കുന്നതു്.

വാ. ൨൫—൨൭. പത്രോസ് രണ്ടാമത്തേയും മൂന്നാമത്തേയും പ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞതായ ൧൭-ാംവാക്യത്തിൻെറ തുടൎച്ചയാണു് ഇവിടെ കാണുന്നതു്. പത്രോസിനോടു ചോദ്യം ചെയ്ത പുരോഹിതന്റെ ദാസൻ മൽക്കോസിൻെറ ഒരു ചാൎച്ചക്കാരനായിരുന്നു എന്നതുകൊണ്ടു് യോഹന്നാൻ മഹാപുരോഹിതനു പരിചിതനായിരുന്നു എന്നു തീൎച്ചയാക്കാം.

പാഠങ്ങൾ:—പത്രോസ് ദൂരെ നിന്നിരുന്നതുകൊണ്ടു് അവൻ പരീക്ഷയിൽ അകപ്പെട്ടു. പലപ്പോഴും പരീക്ഷയിൽ വീഴുന്നതിനു നാം നമ്മെത്തന്നെ ഏല്പിച്ചുകൊടുക്കാറുണ്ടു്. നാം ദൂരെ നിന്നുകൊണ്ടു് കൎത്താവിനെ അനുഗമിപ്പാൻ നോക്കുന്നു; അല്ലെങ്കിൽ ലോകത്തിൻെറ സന്തോഷങ്ങളിൽ നാം തീ കാഞ്ഞുകൊണ്ടിരിക്കുന്നു. അങ്ങിനെയിരിക്കുമ്പോൾ ഒരു കോഴി കൂവുകയും അതിൻെറ ശേഷം പശ്ചാത്താപം ഉണ്ടാകയും ചെയ്യുന്നു.

പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണൎന്നു പ്രാൎത്ഥി
പ്പിൻ!

—(ം)—

പീലാത്തോസിന്റെ വിചാരണയാണു് ൧൮. ൨൮;—
൧൯. ൧൬-വരെയുള്ള ഭാഗത്തു കാണുന്നതു്. രാത്രി
കയ്യപ്പായുടെ മുമ്പിൽ വെച്ചു നടന്ന വിചാരണകൊണ്ടു
തന്നെ യേശുവിനെ കൊല്ലുന്നതിനു മിക്കവാറും തീൎച്ച
യാക്കി. സംഘംകൂടി ഇതിനു് ഉറപ്പുവരുത്തിയിട്ടു് അവ
സാനവിധി വാങ്ങുന്നതിനു് പീലാത്തോസിന്റെ മുമ്പിൽ
കൊണ്ടുപോകുന്നു (൨൮—൩൨). പീലാത്തോസു് യേശു
വിനെ തനിച്ചു കൊണ്ടുപോയി വിചാരണ നടത്തുന്നു.
(൩൩—൩൮;). അവനിൽ കുററമില്ലെന്നു കണ്ടിട്ടു് അ
വൻ യേശുവിനെ വിട്ടയയ്ക്കാൻ ഉദ്യമിക്കുന്നു. യഹൂദ
ന്മാർ കൂട്ടംകൂടി യേശുവിനെ കൊല്ലണമെന്നു വാദിപ്പാൻ
ജനങ്ങളെ പ്രേരിപ്പിക്കുന്നു. (൩൯—൪൦;).പീലാത്തോസു്
ജനപ്രീതിക്കുവേണ്ടി പരിഹാസത്തിനായി യേശുവിനെ
ഏല്പിച്ചുകൊടുക്കുന്നു(൧൯. ൧—൩;).വീണ്ടും പുറത്തുകൊ
ണ്ടുവന്നു് യേശുവിനെ വിട്ടയയ്ക്കാൻ ശ്രമിക്കയും ഒരിക്കൽ
കൂടി വിചാരണ നടത്തുകയും ചെയ്യുന്നു. (൪—൧൧;). രാജ
ദ്രോഹകുററം ചുമത്തി, യഹൂദന്മാർ പീലാത്തോസിനെ
ഭയപ്പെടുത്തുന്നു. തന്മൂലം പീലാത്തോസ് യേശുവിനെ
കുററക്കാരനെന്നു വിധിച്ചു മരണത്തിനേല്പിക്കുന്നു.
൧൯. ൧൨—൧൬; പീലാത്തോസിൻെറ വിചാരണ ഈ
ഗ്രന്ഥത്തിൽ മാത്രമേ വിവരമായി പ്രസ്താവിച്ചിട്ടുള്ളു.
ഇതിനു ഗ്രന്ഥകാരൻ ഒരു ദൃക്സാക്ഷിയാണെന്നു തോ
ന്നുന്നു.

——(ം)——

൩൨. ൧൮. ൨൮—൪൦ പീലാത്തോസിന്റെ ഭയവും യേശുവിന്റെ ഗുണമാഹാത്മ്യവും.

ഇതു റോമാ ഭരണാധിപന്റെ ആസ്ഥാനത്തിനു പുറത്തുവെച്ചു നടന്നതാണു്.

വാ. ൨൮. കടന്നില്ല:—പുളിമാവുള്ള ഒരു ഭവനത്തിൽ പ്രവേശിക്കുന്നവനു് പെസഹാ ഭക്ഷിക്കുവാൻ പാടില്ലെന്നാണു യഹൂദമതം. തന്നിമിത്തമാണു പീലാത്തോസിന്റെ ആസ്ഥാനത്തിൽ കടക്കാതിരുന്നതു്.

വാ. ൩൧. വധശിക്ഷയ്ക്കുള്ള അധികാരം അവരിൽനിന്നും കുറെ മുമ്പു് എടുക്കപ്പെട്ടു പോയി. വധശിക്ഷയാണു് അവർ ആഗ്രഹിച്ചതെന്നു് ഇപ്പോൾ വെളിപ്പെട്ടു.

വാ. ൩൨. ൧൨. ൩൨ നോക്കുക.

വാ. ൩൩—൩൮. ആസ്ഥാനത്തിനുള്ളിൽ നടന്ന സംഭവങ്ങളാണിവ.

വാ. ൩൩-ലെ ചോദ്യം പരിഹാസമായിട്ടാണു ചോദിക്കുന്നതു്.

വാ. ൩൭—ഗ്രീക്കുവിജ്ഞാനികൾ സത്യത്തെക്കുറിച്ചു റോമാപട്ടണത്തിൽ വെച്ചു തക്കിക്കുന്നതും മററും പീലാത്തോസിന്നു് അറിയാമായിരുന്നു. തന്റെ രാജ്യം ഐഹികമല്ലെന്നും അതു സത്യത്തിന്മേൽ സ്ഥാപിതമായിട്ടുള്ള ഒരു ആദ്ധ്യാത്മികരാജ്യമാണെന്നും മററും പുറജാതിക്കാരനായ ഒരു ഭരണാധികാരിക്കു് ഇവിടെയും ആദ്ധ്യാത്മികമായ ഉപദേശം നൽകുന്നു. സാക്ഷാൽ സത്യത്തിന്റെ മൂത്തിയായവൻ ഇതാ അവന്റെ മുമ്പാകെ

നിലകൊള്ളുന്നു. സത്യം എന്നതു് ഗ്രന്ഥകാരനു വളരെ പ്രിയപ്പെട്ട ഒരു പദമാണല്ലൊ

വാ. ൩൯—൪൦ ആസ്ഥാനത്തിനു വെളിയിൽ നടന്നതു്:—ഇവിടെ യേശുവിനെ വിസ്താരത്തിനായി ഹേരോദാവിന്റെ മുമ്പിൽ അയച്ചു എന്നു ലൂക്കോ ൨൩. ൬—൧൨-ൽ കാണുന്നു. ബറബ്ബാസിന്റെ കൂട്ടുകെട്ടു് യഹൂദക്കു് അനുകൂലമായിരുന്നു.

പാഠം:—നാം യേശുവിനെ സ്വീകരിക്കാതെ പലപ്പോഴും അയോഗ്യമായ മററു വല്ലതിനേയുമാണോ തിരഞ്ഞെടുക്കാറുള്ളതു്?

——(o)——

അദ്ധ്യായം ൧൯.

ക്രൂശീകരണവും ശവസംസ്കാരവും.

൬൨. ൧൯. ൧—൧൬; പീലാത്തോസ് കീഴ്പെട്ടു കൊടുക്കുന്നു.

വാ. ൧. വാറുകൊണ്ടു യേശുവിനെ അടിപ്പിച്ചാൽ ജനങ്ങൾ അതുകൊണ്ടു തൃപ്തിപ്പെട്ടുമെന്നും അങ്ങിനെ യേശുവിനെ ശിക്ഷിക്കാമെന്നുമാണ് പീലാത്തോസു വിചാരിച്ചതെന്ന് ലൂക്കോ: ൨൩. ൧൪—൧൬-ൽ നിന്നും തോന്നുന്നു.

വാ. ൨. ഹേരോദാവിന്റെ ഭടന്മാർ ആദ്യമായി യേശുവിനെ പരിഹാസവേഷം ധരിപ്പിച്ചതായി ലൂക്കോ ൨൩-ൽ പറയുന്നു. പീലാത്തോസിന്റെ ഭടന്മാർ വീണ്ടും അങ്ങിനെ ചെയ്തു. മുൾക്കിരീടം ധരിപ്പിക്കുകയും രക്തവർണ്ണത്തിലുള്ള അങ്കി അണിയിക്കുകയും ചെയ്തതായി കാണുന്നു. ഇവയെല്ലാം യേശുവിന്റെ ആദ്ധ്യാത്മിക രാജത്വത്തിനുള്ള അടയാളങ്ങളാണ്.

൧൯. ൪—൯-ലെ സംഭവങ്ങൾ
ആസ്ഥാനമണ്ഡപത്തിനു വെളിയിൽ നടന്നവ.

വാ. ൪. യഹൂദന്മാരുടെ ഹൃദയം ഉരുകത്തക്കവണ്ണവും അവരുടെ ദുഷ്പ്രവൃത്തിയെക്കുറിച്ചു് അവർക്കുതന്നെ ലജ്ജ തോന്നത്തക്കവണ്ണവും ആണ് ഈ നികൃഷ്ട വേഷത്തിൽ പീലാത്തോസ് യേശുവിനെ ജനങ്ങളുടെ മുമ്പിൽ കൂട്ടിക്കൊണ്ടുവന്നതു്.

വാ. ൫. ആ മനുഷ്യൻ ഇതാ (Ecce Homo):—ഈ ശാന്തനും വെറുതേ കഷ്ടമനുഭവിക്കുന്നവനുമായ സാധുമനുഷ്യനാണോ നിങ്ങൾ കുററമാരോപിക്കുന്നവണ്ണം ഒരു രാജദ്രോഹി എന്നാണു് ഇതിൻെറ അൎത്ഥം. ഈ വാക്കുകളും ആക്രൂരന്മാരുടെ ഹൃദയത്തിൽ അനുകമ്പയെ ഉത്തേജിപ്പിക്കണമെന്നുള്ള ഉദ്ദേശത്തിൽ പീലാത്തോസു് സംസാരിച്ചിട്ടുള്ളതാണു്.

വാ. ൬. നിങ്ങൾ അവനെ കൊണ്ടുപോയി ക്രൂശിപ്പിൻ:—നിരപരാധിയുടെ രക്തം ചൊരിയിക്കുന്ന കുററം യഹൂദന്മാരുടെ പേരിൽ സ്ഥാപിക്കണമെന്നായിരുന്നു പീലാത്തോസിൻെറ ശ്രമം.

വാ ൭. ഞങ്ങൾക്കു് ഒരു ന്യായപ്രമാണം ഉണ്ടു്:—താൻ മശിഹായെന്നു പറയുന്നതുകൊണ്ടു മാത്രമല്ല, ദൈവപുത്രനെന്നു സ്വയം ഘോഷിച്ചതുകൊണ്ടും കൂടിയാണു് സന്നദ്രിംസംഘം യേശുവിനെ കൊല്ലാൻ നിശ്ചയിച്ചതെന്നുള്ള ഇതരസുവിശേഷങ്ങളിലെ പ്രസ്താവനയെ ഇതു ദൃഢീകരിക്കുന്നുണ്ടു്. മത്താ. ൨൬. ൬൪; ലൂക്കോ. ൧൪. ൬൨, ലൂക്കോ. ൨൨, ൬൯; എന്നിവ നോക്കുക.

൧൯. ൮—൧൧; മണ്ഡപത്തിനുള്ളിൽ നടന്നതു്.

വാ. ൮. ഏററവും ഭയപ്പെട്ടു്:—യേശു ഒരു അൎദ്ധദേവനോ, വീരാത്മാവോ, മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന വ്യാഴപുത്രനോ ആയിരിക്കാം എന്നുള്ള ഭയം പീലാത്തോസിനുണ്ടായി.

വാ. ൯. നീ എവിടെ നിന്നാകുന്നു:—നീ വെറും മനുഷ്യനോ, അതോ ഒരു അൎദ്ധദേവനോ എന്നായിരുന്നു ഈ ചോദ്യത്തിൻെറ അൎത്ഥം.

വാ. ൧൧. ഇവിടെ യേശു മേൽ നിന്നുള്ള ഒരു ന്യായാധിപതി എന്ന നിലയിൽ പീലാത്തോസിനേയും മററുള്ളവരേയും കുററം വിധിക്കുന്നു. കയ്യഫാ കേവലം യഹൂദന്മാരുടെ ഒരു മഹാപുരോഹിതനാണു്. യഹൂദന്മാരുടെ മശിഹായായ യേശുവിനെ കുററക്കാരനാക്കി റോമാന്യായാസനത്തിനു മുമ്പിൽ അവൻ കൊണ്ടുവന്നതും ന്യായരഹിതമായി യേശുവിനെ കൊല്ലാൻ ഉദ്യമിച്ചതും അവൻെറ വലിയ കുററമെന്നാണു് യേശു സ്ഥാപിക്കുന്നതു്.

വാ. ൧൨ — ൧൬; മണ്ഡപത്തിനു വെളിയിൽ നടന്നതു്:—

വാ. ൧൨. പീലാത്തോസിൻെറ ഈ നിർബന്ധം കണ്ടിട്ടു്, യഹൂദന്മാർ മറെറാരു കൗശലം പ്രയോഗിക്കുന്നു. തിബെയ്യൂസ് ചക്രവത്തി ക്രൂരനും ആരെയും സംശയിക്കുന്നവനും ആണു്. തൻെറ ആജ്ഞകളെ നിഷേധിക്കുന്നു എന്നു വല്ല സംശയങ്ങളും കിട്ടിയാൽ ഉടൻ ആ ദേശാധിപതിയെ സ്ഥാനഭ്രഷ്ടനാക്കുക പതിവായിരുന്നു. അതുമാത്രമല്ല, പീലാത്തോസ് സ്വാത്ഥതല്പരനും ദൂഷിതനുമായ ഒരു ഭരണാധികാരിയുമാണു്. അതിനാൽ യഹൂദന്മാർ പീലാത്തോസിൽതന്നെ രാജദ്രോഹകുററം സ്ഥാപിക്കുകയാണു് ഇവിടെ ചെയ്ത തന്ത്രം. ഉടനെ പീലാത്തോസ് അവരുടെ അഭിപ്രായങ്ങൾക്കു കീഴ്പ്പെട്ടുകൊടുത്തു.

വാ. ൧൩. കൽത്തളമെന്നും പേരുള്ള ന്യായാസനത്തിൽ:—അക്കാലത്തെ റോമന്യായാസനങ്ങളിൽ (കെട്ടിടങ്ങളിലെന്നത്ഥം) കല്ലു പാവുക പതിവായിരുന്നു.

ഗബ്ബഥാ:—ഇതിനു ഗബാതു് ' എന്നും പേരുണ്ടു്. വൃത്താകൃതിയിലുള്ളതും പൊങ്ങിയതുമായ സ്ഥാനമെന്നത്ഥം.

വാ. ൩൪. ഒരുക്കനാൾ:—ശബ്ബത്തിൻെറ തലേദിവസമായ വെള്ളിയാഴ്ച എന്നൎത്ഥം.

ആറു മണി:—മദ്ധ്യാഹ്നം ൧൨ മണി. മൎക്കോസു പറയുന്നതു മൂന്നു മണിയെന്നാണു്. അതു് ഒൻപതു മണിക്കു സമം. ആ ദേശക്കാർ നാലുമണി, അഞ്ചുമണി എന്നിങ്ങനെ ഓരോമണിക്കൂറിന്നും പ്രത്യേകപേർ പറയുക പതിവില്ലെന്നും അതിനാൽ മൂന്നു മണിക്കും ആറുമണിക്കും മദ്ധ്യേയുള്ള സമയത്തിന്നു ഇങ്ങിനെ രണ്ടു പേർ പറയുകയെന്നാണു ചിലരുടെ അഭിപ്രായം.

വാ. ൧൫. യഹൂദന്മാർ തങ്ങൾ ഏതൽക്കാലപൎയ്യന്തം പ്രതീക്ഷിച്ചുകൊണ്ടിരുന്ന മശിഹായായ യേശുവിനെ ത്യാജ്യകോടിയിൽ തള്ളുന്നു. പൊതുജനങ്ങളും ഇതിൽ സഹകരിക്കുന്നു.

പാഠം:—പീലാത്തോസിനെപ്പോലെ നമ്മുടെ ചുമതലയിൽ ഉള്ള കാൎയ്യങ്ങളിൽ നാം ചില സമയങ്ങളിൽ നമ്മുടെ കയ്യ് കഴുകിക്കളയുന്നില്ലയോ? രണ്ടു മാൎഗ്ഗങ്ങൾ നമ്മുടെ മുൻപാകെ പ്രത്യക്ഷപ്പെടുമ്പോൾ ശരിയായ മാൎഗ്ഗം വിട്ടുംവച്ചു് പ്രത്യക്ഷത്തിൽ എളുപ്പമെന്നു തോന്നിക്കുന്നതായ താണ മാൎഗ്ഗം സ്വീകരിക്കാറുണ്ടോ?

ലോകാരംഭംമുതൽ അറുക്കപ്പെട്ട കുഞ്ഞാടിനെ വിശ്വാസ കണ്ണുകളാൽ നമുക്കു നോക്കാം. (വെളി. ൧൩. ൮.)

—(൦)—

ന്നൗ. ൧൯: ൧൭—൨൭; കുരിശുമരണം.

വാ. ൧൭. കുററക്കാരൻ തന്നെ കുരിശു ചുമക്കുന്നതാണു പതിവു്. കുരിശിൻെറ ഭാരം നിമിത്തം യേശു താഴെ വീണതായും ശീമോൻ യേശുവിനെ സഹായിച്ചതായും ഈ സുവിശേഷത്തിൽ പ്രസ്താവിച്ചിട്ടില്ല.

വാ. ൧൯. കുററക്കാരൻെറ കഴുത്തിൽ അവൻെറ കുററം ഒരു പലകയിൽ എഴുതി കെട്ടിത്തൂക്കുക പതിവായിരുന്നു. ഇവിടെ യേശുവിൻെറ കഴുത്തിൽ എഴുതി കെട്ടപ്പെട്ടതു് യഹൂദന്മാരെ പരിഹസിക്കുന്ന ഒരു വാചകമായിരുന്നു.

വാ. ൨൦. പലരും വായിച്ചു മനസ്സിലാക്കത്തക്കവണ്ണം എബ്രായ, യവന, റോമ എന്നീ മൂന്നു ഭാഷകളിൽ ഇതെഴുതുക പതിവായിരുന്നു. യവനഭാഷ പണ്ഡിതന്മാർ മാത്രം ഉപയോഗിച്ച ഭാഷയായിരുന്നു.

വാ. ൨൧—൨൦; ചുററുപാടുമുണ്ടായിരുന്നവരെക്കുറിച്ചാണു് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നതു്.

വാ. ൨൧—൨൨; മഹാപുരോഹിതന്റെ കോപവും ദുരുദ്ദേശവും ഇതിൽ വെളിപ്പെടുന്നുണ്ടു്. പീലാത്തോസ് അവരുടെ വാഗ്വാദങ്ങൾക്കും അപേക്ഷകൾക്കും ഒട്ടും വഴങ്ങിക്കൊടുക്കുന്നില്ല.

വാ. ൨൩, ൨൪; പടയാളികൾ യേശുവിൻെറ വസ്ത്രങ്ങൾ പങ്കിട്ടെടുത്തു്:—ഇതു് അവരുടെ ഇടയിൽ പതിവാണു്.

ഞാൻ എഴുതിയതെഴുതി:—പീലാത്തോസ് ഒരു ധമ്മഭീരുവാണെങ്കിലും പ്രകൃത്യാ ഒരു കക്ശനും വഴങ്ങാത്തവനും ആണെന്നുള്ള അവന്റെ സ്വഭാവം ഇവിടെ വെളിപ്പെടുന്നുണ്ടു്.

അങ്കി:—ഒരു യഹൂദൻെറ സാധാരണ ഉടുപ്പു് ശിരോവസ്ത്രം, പാദരക്ഷ, ഉൾചട്ട (ഉള്ളങ്കി), ഇടക്കെട്ടു്, അങ്കി (പുറമേയുള്ള വസ്ത്രം) എന്നിവയാണു്. നാലു പടയാളികളിൽ ഓരോരുത്തരും ഓരോന്നു് എടുത്തു. അപ്പോസ്തല പ്രവൃ: ൧൨. ൪; തുന്നലില്ലാതെ മേൽ തൊട്ടു് അടിയോളം നെയ്തുണ്ടാക്കിയ ഉള്ളങ്കിയാണു് ഒടുവിൽ ശേഷി

ച്ചതു്. ഇതു് ആക്ക് കിട്ടുമെന്നറിവാൻ അവർ ചീട്ടു് ഇടുകയാണു ചെയ്തതു്. സങ്കീ: ൨൨, ൧൮-ലെ പ്രവചനം ഇവിടെ പൂർത്തിയാകുന്നുണ്ടു്.

പാഠങ്ങൾ:—"യേശുവിനെ നടുവിലായി ക്രൂശിച്ചു." ലോകചരിത്രത്തിൻെറ മദ്ധ്യത്തിൽ, ലോകത്തിലെ പാപത്തിൻെറയും സങ്കടങ്ങളുടെയും മദ്ധ്യത്തിൽ, അരുമനാഥനെ ക്രൂശിച്ചു. ഇന്നും യേശുവിനെ 'നടുവിൽ' കാണുന്നു. വിശ്വസിക്കുന്നവരുടെയും വിശ്വസിക്കാത്തവരുടെയും നടുവിൽ. ക്രൂശിന്റെ ദിവ്യ മർമ്മത്തിനു മുമ്പാകെ എത്രയും വണക്കത്തോടുകൂടെ നമുക്കു മൌനമായി നിൽക്കാം. "മിണ്ടാതിരുന്നു ഞാൻ ദൈവമാകുന്നുവെന്നു് അറിവിൻ."

"മാനുഷവർഗ്ഗത്തോടുള്ള നിന്റെ ആർദ്രസ്നേഹംകൊണ്ടു് നിൻെറ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുമശിഹായെ, എല്ലാ മനുഷ്യരും അവൻെറ വലിയ താഴ്മയുള്ള ദൃഷ്ടാന്തത്തെ പിന്തുടരേണ്ടതിനു് ഞങ്ങളുടെ ജഡത്തെ ധരിപ്പാനും കുരിശിന്മേൽ മരണം സഹിപ്പാനും അയച്ചവനായ സർവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങൾ അവൻെറ ക്ഷമയുടെ ദൃഷ്ടാന്തത്തെ പിന്തുടരുവാനും അവൻെറ പുനരുത്ഥാനത്തിൽ പങ്കുള്ളവരായി തീരുവാനും ഞങ്ങളുടെ കർത്താവായ ആ യേശു മശിഹാ മൂലം കൃപചെയ്യേണമേ—"ആമേൻ.

—(൦)—

൩൭. ൧ൻ. ൧൯—൪൨; കുരിശിൽനിന്നുള്ള ശബ്ദം, ശവസംസ്കാരം;

വാ. ൨൫. യേശുവിൻെറ ബന്ധുക്കൾ കുരിശിന്നരികെയാണു നിന്നിരുന്നതു്. മററു പല സ്ത്രീകളും ദൂരെ നിന്നിരുന്നതായി ഊഹിക്കാം. അവർ ആരൊക്കെയാ

ണെന്നു തീൎച്ചയില്ല. യേശുവിന്റെ അമ്മയുടെ സഹോദരിയും, ക്ലേയോപ്പാവിന്റെ ഭാൎയ്യ മറിയയും ഒന്നാണെന്നു ചിലരും, അല്ല രണ്ടാണെന്നു മററു ചിലരും വാദിക്കുന്നുണ്ടു്. രണ്ടാണെന്നുള്ള പക്ഷം യേശുവിന്റെ മാതൃസോദരി ശലോമി ആണെന്നു വരാം. ഈ ശലോമി ക്രൂശിന്റെ അരികത്തുണ്ടായിരുന്നതായി മക്കോ, ൧൫. ൪൦-ൽ കാണുന്നുണ്ടു്. പലരുടേയും ഈ അഭിപ്രായമാണുള്ളതു്.

വാ. ൨൬. സ്ത്രീയെ:—തനിക്കു ലോകവുമായുള്ള സൎവ്വബന്ധങ്ങളും വേർപെട്ടതായിട്ടാണ് ഈ വാക്കുകൊണ്ടു ധ്വനിക്കുന്നതു്. എങ്കിലും തന്റെ മാതാവിനെക്കുറിച്ചു് യേശുവിനു് ഇപ്പോഴും വിചാരമുള്ളതായി തോന്നുന്നു.

വാ. ൨൭. തന്റെ മാതാവിനെ യേശു യോഹന്നാനെയാണു് ഏല്പിച്ചതു്. ഇതു് ഏററവും ഉചിതമായ ഒരു നിയമനമെന്നു വേണം പറവാൻ. യോസേഫ് മരിച്ചുപോയിരുന്നിരിക്കണം. ആ സ്ഥിതിക്കു് തന്റെ മാതാവിനെ ആരുടെ പക്കലാണു് ഏല്പിക്കുക. ശിഷ്യന്മാരിൽ ധനസ്ഥിതികൊണ്ടു മുന്തിയവനും കന്യക മറിയയുടെ ഒരു മരുമകനും ആയ യോഹന്നാൻ തന്നെയാണു് ഇതിലേയ്ക്കു യോഗ്യൻ.

വാ. ൨൮. എനിക്കു ദാഹിക്കുന്നു, സകലവും തികഞ്ഞിരിക്കുന്നു, എന്നീ പ്രസ്താവനകൾ ഈ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളൂ. ഒരു സ്പോഞ്ചു് പുളിച്ചവീഞ്ഞു നിറച്ചു കുടിപ്പാൻ കൊടുത്തു എന്നുള്ള പ്രസ്താവന ഇതരസുവിശേഷങ്ങളിൽ കാണുന്നതു് യേശുവിനു ദാഹിച്ചുവെന്നുള്ളതിനു് ഒരു ഉത്തമലക്ഷ്യമാണു്.

വാ. ൨൯ ഇസ്സോപ്പ്:—ഇതു് ഒരു ചെടിയാണ്. ഇതിൻെറ തണ്ടിനു് മൂന്നു നാലടി വീതിയുണ്ടായിരിക്കും.

വാ. ൩൦. തല ചായിച്ചു:—വി: ലൂക്കോസ് പ്രസ്താവിക്കുന്നതായി കുരിശിൽ വച്ചുള്ള അവസാന വാക്കുകൾ ഈ സമയത്തു പറഞ്ഞിരിക്കാം. (ലൂ. ൨൩, ൪൬).

വാ. ൩൧—൪൨; അന്ത്യസ്നേഹശുശ്രൂഷകൾ:—

വാ. ൩൧. ശബ്ബത്തനാൾ-വലിയതു്:—ഇതു് പെസഹാ സംബന്ധിച്ചുള്ളതു്. പെസഹായുടെ ഒന്നാംദിവസമായ ശബ്ബത്തു് ആകകൊണ്ടാണ് ഇതിനെ വലിയ ശബ്ബത്തു് എന്നു പറയുന്നതു്.

ഒരുക്കനാൾ:—വെള്ളിയാഴ്ച എന്നത്ഥം. വെള്ളിയാഴ്ച സൂര്യാസ്തമനത്തോടുകൂടിയാണു ശബ്ബത്തു് തുടങ്ങുന്നതു്.

ശരീരങ്ങൾ ക്രൂശിന്മേൽ ഇരിക്കരുതെന്നുവച്ചു്:—

റോമാക്കാർ സാധാരണയായി ശരീരങ്ങളെ ക്രൂശിച്ച ശേഷം ക്രൂശിന്മേൽത്തന്നെ ഇട്ടേയ്ക്കുന്നതാണു പതിവു്. ഇതു ന്യായപ്രമാണത്തിനു വിരുദ്ധവും യഹൂദന്മാൎക്കു നിഷിദ്ധവുമായ ഒന്നായിരുന്നു. അതു മാത്രമല്ല, അടുത്ത ദിവസം ശബ്ബത്തുമായിരുന്നു.

കാൽ ഒടിച്ചെടുപ്പിക്കണം:—കുരിശിൽ തറയ്ക്കപ്പെടുന്നവർ വേഗം മരിക്കത്തക്കവണ്ണം ഘനമുള്ള ചുററിക കൊണ്ടു കാൽ അടിച്ചു് ഒടിക്ക പതിവായിരുന്നു.

വാ. ൩൪. വിലാപ്പുറത്തു കുത്തി:—മരിച്ചോ ഇല്ലയോ എന്നറിയുന്നതിനു് ഇങ്ങനെ ചെയ്യുക പതിവായിരുന്നു.

രക്തവും വെള്ളവും:—മരണശേഷമുള്ള വിലാപ്പുറത്തെ കുത്തുകൊണ്ടു് രക്തവും വെള്ളവും പുറപ്പെട്ടു എന്നുള്ള പ്രസ്താവന വൈദ്യശാസ്ത്രതത്വങ്ങൾക്കു വിപരീത

മായ ഒരു പ്രമേയമാണ്. ഇതിന്നു ശരിയായ ഒരു കാരണം പറയാൻ വൈദ്യന്മാർ വളരെ വിഷമിക്കുന്നുണ്ടു്. യേശു മരണത്തിന്നു മുമ്പായി അനുഭവിച്ച കഠിനവ്യഥ നിമിത്തം തന്റെ ഹൃദയം പൊട്ടിയിരിക്കാമെന്നും ഹൃദയകന്ദരങ്ങൾ ജലമയമായ ഒരു സാധനംകൊണ്ടു നിറയപ്പെട്ടിരുന്നിരിക്കാമെന്നുമാണു ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഈ സംഭവത്തിന്ന് ദൃക്സാക്ഷിയായ നമ്മുടെ ഗ്രന്ഥകാരൻ ഒരത്ഭുതസംഭവമായിട്ടാണ് ഇതിനെ ഗണിക്കുന്നതു്.

യേശുവിന്റെ സംസ്കാരം.

വാ. ൩൮. യോസേഫ്:—ഇയാൾ ഒരു ധനവാനും സന്നദ്രീംസംഘത്തിലെ അംഗവും ദൈവരാജ്യത്തെ പ്രതീക്ഷിച്ചിരുന്നവനുമായ ഒരു ഭക്തനാണ്. മത്താ. ൨൭. ൫൭; മർക്കോ. ൧൫. ൪൩; ലൂക്കോ. ൨൩. ൫൦ നോക്കുക. ഇയാൾ മുമ്പുതന്നെ യേശുവിന്റെ ഒരു രഹസ്യ ശിഷ്യനായിരുന്നതുകൊണ്ടാണു ധൈര്യപൂർവ്വം ചെന്നു ശരീരം ചോദിച്ചതായി മർക്കോ. ൧൫. ൪൩-ൽ കാണുന്നതു്.

വാ. ൩൯. ഈ യോസേഫ് നിമിത്തമാണ് നീക്കോദെമോസും ധൈര്യമവലംബിച്ച് ഇവിടെ പ്രത്യക്ഷപ്പെടുന്നതു്.

നൂറു റാത്തൽ:—ജഡത്തേയും കല്ലറ മുഴുവനേയും നിറയ്ക്കുന്നതിന്ന് ഇതു മതിയാകും. നൂറുറാത്തൽ മൂറിന്നു വളരെ പണച്ചെലവുണ്ടു്.

വാ. ൪൧. യേശുവിനെ അടക്കിയ കല്ലറ യോസേഫിന്റെതാണെന്ന് മത്താ. ൨൭. ൬൦ കൊണ്ടു തെളിയുന്നു.

൨ാ. ൪൨. ഒരുക്കനാൾ:—പെസഹാ മഹോത്സവം അന്നു സന്ധ്യയ്ക്കാണു് ആരംഭിക്കുക. ഇതുകൊണ്ടാണു് ഇതിന് ഒരുക്കനാൾ എന്നു പറഞ്ഞിരിക്കുന്നതു്.

പാഠങ്ങൾ:—കുരിശിൽ കിടന്നുകൊണ്ടു് സ്നേഹമൂത്തിയായ കത്താവു് 'എനിക്കു ദാഹിക്കുന്നു' എന്നു പറഞ്ഞു. നമ്മുടെ ആത്മാക്കൾക്കു വേണ്ടി അവൻ ഇപ്പോഴും ദാഹത്തോടുകൂടി ഇരിക്കുന്നു. സമ്പൂണ്ണവിശുദ്ധിയും സ്നേഹവും പാപത്തിൻെറ ഭയങ്കരതയോടു് ഒന്നിച്ചുവരുമ്പോൾ ദൈവത്തിൻെറ കഷ്ടാനുഭവം എത്ര തീവ്രമായിട്ടിരിക്കുന്നു എന്നു ചിന്തിക്കുക. നമ്മുടെ കത്താവു് തന്റെ മരണത്താൽ സമ്പാദിച്ചിരിക്കുന്ന വീണ്ടെടുപ്പിൻദാനത്തെക്കുറിച്ചു ധ്യാനിക്കുക. യേശുവിൻെറ മരണംമൂലമായി യോസേഫും നീക്കോദെമോസും ധീരതയുള്ളവരായി പ്രകാശിച്ചു. അവൻെറ കഷ്ടാനുഭവത്തെക്കുറിച്ചുള്ള ധ്യാനം നമ്മെ അവങ്കലേയ്ക്കു കൂടുതലായി അടുപ്പിക്കുമാറാകട്ടെ.

——(൦)——

അദ്ധ്യായം ൨൦.

പുനരുത്ഥാനം.

൯൯. ൨൦, ൧—൧൦; പുനരുത്ഥാനത്തെക്കുറിച്ചുള്ള വിവരങ്ങൾ.

വാ. ൧. സ്ത്രീകൾ സുഗന്ധവൎഗ്ഗങ്ങളും കൊണ്ടു രാവിലെ കല്ലറയ്ക്കൽ ചെന്നതായി ഇതരസുവിശേഷങ്ങളിൽ നാം വായിക്കുന്നുണ്ടല്ലോ. കല്ലറയുടെ വാതില്ക്കൽനിന്നു കല്ല് ഉരുട്ടിയതായി മൎക്കോസിന്റെ സുവിശേഷത്തിൽ കാണുന്നുമുണ്ട്.

വാ. ൨. ശിഷ്യഗണത്തിൽ മുൻപനായി എണ്ണപ്പെട്ടിരുന്നതു് ശീമോൻപത്രോസാണ്. എന്നാൽ ഈ സുവിശേഷത്തിൽ പത്രോസിന്റെ പ്രാധാന്യം കുറഞ്ഞുപോകുന്നുണ്ടെന്നു ചിലൎക്കുള്ള അപവാദം ഈ വാക്യംകൊണ്ടു ഖണ്ഡിക്കപ്പെടുന്നു.

ഞങ്ങൾ:—മറിയയോടുകൂടി മററു സ്ത്രീകളും കല്ലറയ്ക്കൽ ഉണ്ടായിരുന്നുവെന്ന് ഇതുകൊണ്ടു വെളിവാകുന്നു.

വാ. ൩. പത്രോസാണ് ഇവിടെ മുമ്പേ പോകുന്നതു്. എന്നാൽ യോഹന്നാൻ പത്രോസിനെക്കാളും ചെറുപ്പമാകകൊണ്ടു് അവൻ ആദ്യം ഓടി കല്ലറയ്ക്കൽ എത്തുന്നു.

വാ. ൫. തന്റെ ഭയഭക്തിനിമിത്തം യോഹന്നാൻ ഉള്ളിൽ പ്രവേശിക്കാതെ പുറമേതന്നെ നില്ക്കുന്നു.

വാ. ൭. പത്രോസ് ഉള്ളിൽ കടന്നു നാലുപാടും നോക്കി പല കാര്യങ്ങളും ശ്രദ്ധിക്കുന്നുണ്ട്. ഒരു ദൃക്സാക്ഷി തന്നെയാണ് ഈ സംഭവങ്ങളെക്കുറിച്ച് എഴുതിയിരിക്കുന്നതെന്നു മനസ്സിലാക്കാം. ശീലകൾ, റുമാൽ മുതലായവയുടെ കിടപ്പു സൂക്ഷ്മമായി വർണ്ണിച്ചിരിക്കുന്നു.

വാ. ൮. പിന്നാലെ യോഹന്നാനും കടന്നുചെന്നു സകലവും സൂക്ഷിച്ചു മനസ്സിലാക്കുന്നു. പത്രോസ് വിശ്വസിക്കുന്നതിനു ദർശനം ആവശ്യമായിരുന്നു. യോഹന്നാനോ ഇതൊന്നും കൂടാതെതന്നെ വിശ്വസിച്ചതായി ഇവിടെ പറയുന്നുണ്ട്. സംസ്കാരസമയത്ത് യേശുവിന്റെ ശരീരത്തിലുണ്ടായിരുന്ന തുണികളെല്ലാം പ്രത്യേകമൊരിടത്തു നിക്ഷേപിക്കപ്പെട്ടിരുന്നതായി കാണുന്നതുകൊണ്ട് യേശുവിന്റെ ശരീരം വിരോധികളോ സ്നേഹിതന്മാരോ എടുത്തുകൊണ്ടു പോയിരുന്നില്ലെന്നു തെളിയുന്നുണ്ട്.

വാ. ൯. യേശുവിന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ചുള്ള പ്രതീക്ഷ ശിഷ്യന്മാർക്കുണ്ടായിരുന്നില്ലെന്നും അത് അവർക്ക് ഒരു അത്ഭുതമായിരുന്നെന്നും തെളിയുന്നു.

വാഴ്ത്തപ്പെട്ട നാഥാ, അവിടത്തെ പുനരുത്ഥാന തേജസ്സിൽ അടിയങ്ങൾ അങ്ങേ അറിയുകയും പാപമോചനത്തെ നൽകുന്ന അങ്ങേ സ്നേഹത്തെ ഗ്രഹിക്കയും ചെയ്യുമാറാകട്ടെ. ഞങ്ങൾക്കു പലപ്പോഴും തോൽവി ഭവിച്ചിട്ടുണ്ട്; എങ്കിലും അങ്ങ് അനന്തസ്നേഹമൂർത്തിയാണല്ലോ! ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ചാലും!

ൻ൧. ൨൦. ൧൧—൨൩; രണ്ടു പ്രത്യക്ഷതകൾ.

യേശു ആദ്യമായി പ്രത്യക്ഷപ്പെട്ടതു മറിയയ്ക്കാണ്. തൻെറ മാതാവിനോ, പ്രധാന ശിഷ്യന്മാരിൽ ആർക്കെങ്കിലുമോ, യേശുവിൻെറ ഈ ആദ്യപ്രത്യക്ഷത സിദ്ധിച്ചിരുന്നുവെങ്കിൽ ഈ കഥയെ വിശ്വാസയോഗ്യമായി കരുതുന്നതിൽ ചില വിഷമങ്ങൾ നേരിടുമായിരുന്നു.

വാ ൧൧. മറിയ വിവരം രണ്ടു ശിഷ്യന്മാർക്ക് അറിവു കൊടുത്തിട്ടു കല്ലറയ്ക്കൽ വീണ്ടും മടങ്ങിയെത്തുന്നു.

വാ. ൧൪. യേശുവിൻെറ രൂപം മാറിയിരുന്നതു കൊണ്ട് മറിയ യേശുവിനെ മനസ്സിലാക്കുന്നില്ല.

വാ. ൧൬. യേശു ഇവിടെ മറിയയെ പേർ ചൊല്ലി വിളിക്കുന്നു. ആ വിളിയിൽ സ്നേഹവും സഹതാപവും ബോധവും ഇടകലർന്നിട്ട് മറിയയുടെ ഹൃദയത്തെ അതു കവർന്നെടുക്കുന്നുണ്ട്.

റബ്ബൂനി:—ഇതു 'റബ്ബി' എന്നുള്ള പദത്തിൻെറ ഗലീലരൂപമാണ്.

വാ. ൧൭. എന്നെ തൊടരുത്:—മറിയ മുൻ പതിവു പോലെ യേശുവിനെ തൊടാമെന്നും കൂടെയിരുന്നു സംഭാഷണം നടത്താമെന്നും മററും വിചാരിച്ചിരുന്നുകാണും. അതിനെ തടഞ്ഞിട്ടാണ് യേശു ഇങ്ങനെ പറയുന്നതു്. താൻ ഇനി പരലോകത്തിലേയ്ക്കു പോകേണ്ടവനാണെന്നും, ഇതുനാളും അവനിൽനിന്നും തങ്ങൾക്കു ലഭിച്ചിട്ടുള്ള ഭൌതിക സഹവാസങ്ങളും സാഹചര്യങ്ങളും ഇനിമേൽ കിട്ടുന്നതല്ലെന്നും, ആദ്ധ്യാത്മികമായ സമ്പർക്കവും മൈത്രിയുമാണു മേലാൽ തൻെറ ശിഷ്യന്മാർക്കു ലഭിക്കുന്നതെന്നുമാണ് ഇതിൻെറ താല്പര്യം.

"എന്റെ പിതാവും നിങ്ങളുടെ പിതാവും, എന്റെ ദൈവവും നിങ്ങളുടെ ദൈവവും"—ഇവിടെ തനിക്കും തന്റെ ശിഷ്യർക്കും തമ്മിലുള്ള സാഹോദര്യത്തെയാണു് യേശു വെളിപ്പെടുത്തുന്നതു്. എന്നാൽ പിതാവിനോടു തനിക്കുള്ള സംബന്ധത്തിനും ശിഷ്യരുടേതിനും തമ്മിൽ വ്യത്യാസമുണ്ടെന്നു് ഈ വാക്കുകൾകൊണ്ടു കാണുന്നുണ്ടു്.

വാ. ൧൯. ആ ദിവസം:—എമ്മെയൂസ്സിൽനിന്നും ആ രണ്ടു ശിഷ്യന്മാരും തിരിച്ചു വന്നശേഷമാണു് ഈ പ്രത്യക്ഷതയുണ്ടായതു്.

വാതിൽ അടച്ചിരിക്കെ:—ഈ സുവിശേഷത്തിൽ മാത്രമേ ഇതു പ്രസ്താവിച്ചിട്ടുള്ളു. ഉയിർപ്പിനുശേഷം യേശുവിന്റെ ശരീരം ഏതുതരത്തിലുള്ളതായിരുന്നുവെന്നു നമുക്കു തീർച്ച് പറയാൻ പാടില്ലെങ്കിലും അതു സ്ഥൂലമല്ലെന്നും ഒരു സൂക്ഷ്മശരീരമായിരുന്നെന്നും ഇതുകൊണ്ടു് ഊഹിക്കേണ്ടിയിരിക്കുന്നു.

സമാധാനം:—ഇതിനു സ്വാഗതം എന്നു് അർത്ഥം. വളരെ വ്യാകുലപ്പെട്ടിരുന്ന ശിഷ്യന്മാരുടെ ഹൃദയങ്ങൾക്കു യേശു മംഗളമാശംസിക്കുകയാണു ചെയ്തതു്.

വാ. ൨൦. കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന യേശു താനാണെന്നു് അവർക്കു് ഉറപ്പുകൊടുക്കുന്നതിനും, അവരുടെ സംശയങ്ങൾക്കു നിവൃത്തി വരുത്തുന്നതിനുമായിട്ടാണു് ഇങ്ങനെ കൈയും വിലാപ്പുറവും അവരെ കാണിച്ചതു്. അവിടെ അവർ തന്റെ മഹത്വം വെളിപ്പെട്ടു കണ്ടു് അവൻ മരണത്തെ ജയിച്ചു പാപത്തിനു പരിഹാരം വരുത്തി എന്നുള്ള തന്റെ മഹത്വം അവർ കണ്ടു.

വാ. ൨൧. യേശുവിന്റെ ശുശ്രൂഷ ഇതുവരെ അവസാനിച്ചിട്ടില്ലെന്നും, തന്റെ ശിഷ്യന്മാരാണു് അതിനെ

നിവൃത്തിക്കേണ്ടതെന്നും, അതു് താൻ ഏതുവിധം പിതാവിന്റെ ഇഷ്ടത്തെ അനുവർത്തിച്ചു ജീവിച്ചോ അതുപോലെ അവരും തുടരേണ്ടതുമാണെന്നാണു് ഇതിന്റെ താല്പര്യം.

വാ. ൨൨. ഊതി:—സ്രഷ്ടാവായ ദൈവം ലോകത്തിനു ജീവൻ കൊടുത്തതു് ഊതിയിട്ടാണു്. അതുപോലെ യേശുവും തന്റെ ആദ്ധ്യാത്മികജീവനെ ശിഷ്യന്മാൎക്കു് ഊതിയിട്ടാണു കൊടുക്കുക. ഉല്പത്തി ൨-൨: ൭.

പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ:—ഇതു് ശുശ്രൂഷയ്ക്കായിക്കൊണ്ടു് തങ്ങളെത്തന്നെ ശിഷ്യന്മാർ വേർതിരിച്ചു പ്രവൎത്തിക്കുന്നതിലേയ്ക്കായിരുന്നു. ഇപ്പോൾ ശിഷ്യന്മാൎക്കു് ആത്മാവു ലഭിച്ചുവെങ്കിലും, പെന്തക്കോസ്തുദിനത്തിൽ മാത്രമേ അതു് പരിപൂൎണ്ണമായി കിട്ടിയുള്ളു. ൭: ൩൯; പ്രവൃ: ൨; എന്നിവ നോക്കുക.

വാ. ൨൩. ആത്മാഭിഷേകത്തോടൊരുമിച്ചു് ആത്മാവിന്റെ ശക്തി, ജ്ഞാനം എന്നിവ നിമിത്തം പുതിയ അധികാരങ്ങളും ശിഷ്യന്മാൎക്കു ലഭിക്കുന്നുണ്ടു്.

ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ:—ആത്മാക്കളെ ദൈവവുമായി യോജിപ്പിക്കുന്ന വചനശുശ്രൂഷ, ജ്ഞാനസ്നാനം, മാനസാന്തരപ്രസംഗം, സഭാഭരണം, ശിക്ഷാക്രമം മുതലായവയെ ആണു് ഇതു കുറിക്കുന്നതു്. എന്റെ സഭയായ നിങ്ങൾക്കും, ഇനി വരാനിരിക്കുന്ന എന്റെ സാക്ഷാൽ സഭയ്ക്കും, പാപമോചനശുശ്രൂഷയെയാണു് പരിശുദ്ധാത്മാവുമൂലം ഞാൻ നൽകുന്നതു് എന്നായിരിക്കാം ഇതിന്റെ അൎത്ഥം. യാവനൊരുത്തൻ തനിക്കു നൽകപ്പെടുന്ന ഈ സുവിശേഷത്തെ കൈക്കൊള്ളുന്നുവോ, അവന്റെ പാപങ്ങൾ ഉടൻ ക്ഷമിക്കപ്പെടുന്നതാണു്, അതിനെ നിഷേധിക്കുന്നവന്റെ

പാപങ്ങൾ അവനിൽത്തന്നെ നിലനിൽക്കുന്നുമുണ്ട്. പാപനിവാരണത്തിനുള്ള സർവ്വപ്രധാനമായ വഴി എന്തെന്നു പരിശുദ്ധാത്മസഹായത്താൽ മററുള്ളവരുടെ ഹൃദയങ്ങളിൽ ഗ്രഹിപ്പിക്കുകയും, വെളിപ്പെടുത്തിക്കാണിക്കുകയും ചെയ്യുന്നതാണ് സഭയുടെ ശുശ്രൂഷ.

വാ. ൨൫. ഇവിടെ തോമാസ് ദൃക്സാക്ഷി മാത്രമല്ല, സ്പർശനസാക്ഷിയും കൂടി ആവശ്യപ്പെടുന്നുണ്ട്. യേശുവിൻെറ കഷ്ടപ്പാടുകളേയും, ശരീരത്തിലുള്ള മുറിവുകളേയും കുറിച്ചെല്ലാം തോമാസ് ഓർത്തോർത്ത് എത്ര വ്യാകുലചിത്തനായിത്തീർന്നിരിക്കുമെന്നുള്ളത് ഊഹിച്ചുകൊള്ളേണ്ടതാണ്.

വാ. ൨൬. ഞായറാഴ്ച ദിവസം യേശു വീണ്ടും ശിഷ്യന്മാൎക്കു പ്രത്യക്ഷപ്പെടുന്നുണ്ട്. ഇതിനിടയ്ക്കുള്ള ദിവസങ്ങളിൽ അവർ എന്തു ചെയ്തുവരുന്നു എന്ന് അറിവാൻ പാടില്ല. ഞായറാഴ്ച ആയപ്പോൾ മുൻ പതിവനുസരിച്ച് അവർ വീണ്ടും ഒരുമിച്ചുകൂടി എന്നുള്ളതു തീർച്ചയാണ്. ഏതായാലും ഈ വിശേഷദിനത്തെ കൊണ്ടാടുന്നതിൽ അന്നുമുതൽക്കേ ശിഷ്യന്മാർ പ്രത്യേകം കരുതലുള്ളവരായിരുന്നെന്നു വെളിപ്പെടുന്നുണ്ട്.

വാ. ൨൭. തോമാസ് താൻ മുൻ പറഞ്ഞതുപോലെ ആണിപ്പഴുതിൽ കയ്യിട്ടു നോക്കുവാൻ ഭാവിക്കാതെ പരിപൂർണ്ണമായി പൊടുന്നനവേ വിശ്വസിക്കുന്നതു ഇവിടെ കാണാം. അവൻ വിശ്വാസത്തിൻെറ അത്യുന്നതശിഖരങ്ങളിൽ കയറി നിന്നിട്ട് യേശുവിനെ തൻെറ കർത്താവും ദൈവവുമായി അംഗീകരിക്കുന്നതു നോക്കുക. തോമാസ്സിൻെറ ഈ വാക്കുകളാണ് ഈ ഗ്രന്ഥമഹാമേരുവിലെ അത്യുന്നതശിഖരങ്ങൾ. അന്നു

ക്രമം വളൎന്നുവന്ന ശിഷ്യന്മാരുടെ വിശ്വാസം ഇതാ ഇവിടെ അതിന്റെ പരമകാഷ്ഠയെ പ്രാപിക്കുന്നു.

വാ. ൨൯. തോമാസിന്റെ വിശ്വാസത്തെ യേശു ഇവിടെ ശ്ലാഘിക്കുന്നുണ്ടെങ്കിലും, കണ്ടു വിശ്വസിക്കുന്നതിനെക്കാളും കാണാതെ വിശ്വസിക്കുന്നതാണു് ഭാഗ്യം എന്നു പ്രത്യേകമെടുത്തു പറയുന്നു. ഇതു് പിൽക്കാലത്തു കാണാതെതന്നെ വിശ്വസിക്കുന്ന വിശ്വാസികളെക്കുറിച്ചുള്ള ഒരു പ്രസ്താവനയാണു്.

വാ ൩൦—൩൧; ഗ്രന്ഥകൎത്താവു് ൨൦-ാംഅദ്ധ്യായത്തോടുകൂടി ഈ ഗ്രന്ഥത്തെ അവസാനിപ്പിക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ശിഷ്യന്മാരുടെ വിശ്വാസത്തിന്റെ പരമകാഷ്ഠയിൽ വെച്ചു് ഇതിനെ അവസാനിപ്പിച്ചിട്ടു് എന്തോ പ്രത്യേക ഉദ്ദേശത്തോടുകൂടി ൨൧-ാം അദ്ധ്യായം പിന്നീടു് എഴുതിച്ചേൎത്തതായിരിക്കാം. തന്റെ മരണത്തെക്കുറിച്ചു് സഭകളിൽ ഉണ്ടായ സംസാരത്തെ പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവസാന അദ്ധ്യായം എഴുതീട്ടുള്ളതാണെന്നു് ൨൧. ൨൨-കൊണ്ടു് ഊഹിക്കേണ്ടിയിരിക്കുന്നു. വി.പത്രോസു് യേശുവിനെ തള്ളിപ്പറഞ്ഞു എന്നുള്ള ഗ്രന്ഥകാരന്റെ പ്രസ്താവനയോടൊന്നിച്ചുതന്നെ, ഈ കുറ്റത്തിനായി പത്രോസിനു കിട്ടിയ മോചനവും, പ്രത്യേക ശുശ്രൂഷയ്ക്കായിക്കൊണ്ടു വേർതിരിച്ചുള്ള അവന്റെ വിളിയും കൂടി എടുത്തു കാണിക്കേണ്ടതു് തന്റെ കൎത്തവ്യമാണെന്നു കരുതിയിട്ടും കൂടി ഈ അവസാന അദ്ധ്യായം എഴുതിച്ചേൎത്തു എന്നും ഊഹിക്കാം. ഏതായാലും ഈ അവസാനഭാഗത്തു മൂന്നു സംഗതികൾ ഉണ്ടു്. (൧) ഈ സുവിശേഷത്തിന്റെ

ഉദ്ദേശം. ൨൦: ൩൦—൩൧ (൨) പത്രോസിന്റെ മോചനവും വിളിയും ൨൧: ൧—൨൨. അന്ത്യവാക്കുകൾ ൨൧: ൨൩—൨൫.

ഗ്രന്ഥകർത്താവിന്റെ ഉദ്ദേശം ൨൦: ൩൦—൩൧.

൨൦. ൩൦. പല സംഭവങ്ങളിൽ ചിലതിനെ മാത്രം **ഗ്രന്ഥ**കാരൻ പ്രത്യേകമെടുത്തു വിവരിക്കുന്നു. ഇതര സുവിശേഷചരിത്രങ്ങളും ഇദ്ദേഹത്തിനു സുപരിചിതങ്ങളാണ്.

൨൦. ൩൧. യേശുവിനെ മശിഹായായും, ദൈവപുത്രനായും, മററുള്ളവരുടെ മുമ്പിൽ എടുത്തു കാണിച്ച് വിശ്വസിപ്പിക്കുകയെന്നുള്ളതാണ **ഗ്രന്ഥ**കാരന്റെ ഉദ്ദേശം. ഈ ഉദ്ദേശ്യം നമ്മിൽ എത്ര കണ്ടു സാധിച്ചിരിക്കുന്നു എന്നു ചിന്തിക്കുക.

— —(൦)——

അദ്ധ്യായം ൨൧.

അനുബന്ധം.

ഈ അദ്ധ്യായം ഈ സുവിശേഷത്തിന്റെ ഒരു അനുബന്ധമാണെന്നു പറയാം. ഇതിലെ പൊരുളടക്കവും ഭാഷാശൈലിയും പരിശോധിക്കുന്നപക്ഷം മുമ്പുള്ള അദ്ധ്യായങ്ങൾ എഴുതിയ ആൾ തന്നെയാണു് ഇതും എഴുതീട്ടുള്ളതെന്നു് ഏറക്കുറെ അനുമാനിക്കാം. ചില സഭകളിൽ ചില കാലങ്ങളിൽ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ വരവിനായി നോക്കിപ്പാർത്തുകൊണ്ടു് ഇരിക്കയല്ലാതെ മറെറാന്നും ചെയ്യാനില്ലെന്നു വിചാരിച്ചിട്ടുണ്ടു്. തെസ്സലോനിക്ക്യ, എഫേസുസ് എന്നീ സഭകൾ ഇതിനു ദൃഷ്ടാന്തങ്ങളാണു്. പുനരുത്ഥാനത്തിന്റെ ശേഷം ഇതുപോലെ ഒരു വിഷമഘട്ടം ഉണ്ടായെന്നും തൽപരിഹാരാർത്ഥം കർത്താവു് പത്രോസിനും, അയാൾ മുഖേന ശേഷം അപ്പോസ്തലന്മാർക്കും കാര്യനിർവഹണത്തിനായി സഭാപാലനകൃത്യം ഭരമേല്പിച്ചു എന്നും ഈ ഗ്രന്ഥകർത്താവു് വിശദമാക്കുന്നു. ക്രിസ്തുവിനെ ജഡത്തിൽ കണ്ട തലമുറ ഒഴിഞ്ഞുപോകുന്നതിനു മുമ്പുതന്നെ മഹത്വപ്രത്യക്ഷതയുണ്ടാകുമെന്നു പലരും വിശ്വസിച്ചിരുന്നു. അന്നുണ്ടായിരുന്നവരിൽ ഒരാൾ വളരെ വൃദ്ധനായി ഇന്നും ശേഷിച്ചിരിക്കുന്നു. അയാൾ മരിച്ചശേഷവും സഭയ്ക്കു നിർവഹിക്കേണ്ട ചില കൃത്യങ്ങൾ ഉണ്ടെന്നു സഭയെ പഠിപ്പിക്കേണ്ടതാവശ്യമാണു്.

—(൦)—

ന്നവ്യ. വ൧: ൧—൧൪.

ശിഷ്യന്മാരുടെ ഒരു സംഘത്തിൽ കർത്താവ് മൂന്നാം പ്രാവശ്യം പ്രത്യക്ഷമാകുന്നു. യരുശലേമിൽ നിന്നും നാം ഇപ്പോഠ ഗലീലയിലേക്ക് കടക്കുന്നു. (മത്താ. വവ്യ. ൧൦. നോക്കുക). ശിഷ്യന്മാർ അവരുടെ സാധാരണ തൊഴിൽ തന്നെ തുടന്നതായി തോന്നുന്നുവെങ്കിലും കൂട്ടതലായി ഏതോ ഒരു അടയാളത്തിനുവേണ്ടി അവർ കാത്തിരുന്നു എന്നു കാണുന്നു. ആ അടയാളം ഇപ്പോഠ അവക്കു ലഭിച്ചിരിക്കുന്നു. ഉയിത്തെഴുന്നേറ്റ ക്രിസ്തുനാഥൻ സ്വശിഷ്യരെ വിശേഷവിധിയായി മനുഷ്യരെ പിടിക്കുവാൻ വിളിക്കുന്നതും തൻെറ സാന്നിദ്ധ്യം അവരോടു കൂടെ ഉണ്ടായിരിക്കുമെന്നു് അവരെ മനസ്സിലാക്കുന്നതുമാണു് ഈ ഭാഗത്തിൽ വിവരിച്ചിരിക്കുന്നതു്.

വാ. വ. വേറെ രണ്ടുപേരും:—അന്ത്രയോസും ഫിലിപ്പോസും ആയിരിക്കാം.

വാ. ൫. കുഞ്ഞുങ്ങളെ:—യേശുവിൻെറ ഈ വിളി രൂപം തന്നെ യോഹന്നാനും ഉപയോഗിച്ചുകാണുന്നുണ്ടു്. ൧ യോഹ. വ. ൧൩;

വാ. വ്യ. വ൦൦ മുഴം:—൩൦൦ അടി.

വാ. ൻ. യേശുവിൻെറ കരുണാപൂവ്വമായ കരുതൽ നോക്കുക. ഈ ഭക്ഷണത്തിൽ യേശുവും കൂടെ പങ്കെടുത്തതായി ഇവിടെ പറഞ്ഞുകാണുന്നില്ല.

THE SYMBOLISM OF THE GOSPEL.

ഗ്രന്ഥകത്താവിൻെറ പ്രതിപാദനരീതിയിൽ വിശേഷവിധിയായ ഒരു സംഗതിയെക്കുറിച്ചു് ഒരു ഖണ്ഡിക എഴുതിച്ചേക്കേണ്ടതു് ഈ ഘട്ടത്തിൽ ആവശ്യമെന്നു തോന്നുന്നു.

ഈ സുവിശേഷത്തിൽ സാദൃശ്യങ്ങളായിട്ട് പല സംഗതികളെക്കുറിച്ചും ഗ്രന്ഥകർത്താവു പ്രതിപാദിക്കുന്നതായി നാം മുമ്പ് പല അവസരങ്ങളിലും കണ്ടുവല്ലോ. പ്രഥമദൃഷ്ടിയിൽ നിസ്സാരങ്ങളായിത്തോന്നുന്ന സംഭവങ്ങളെ അവയിൽ അന്തർഭവിച്ചിരിക്കുന്ന മഹത്വത്തെ വിശദീകരിക്കേണ്ടതിന്നായി ഗ്രന്ഥകർത്താവ് ശ്രമിച്ചു കാണുന്നുണ്ട്. ഇപ്രകാരം ചിഹ്നങ്ങൾ, സാദൃശ്യങ്ങൾ, അടയാളങ്ങൾ എന്നിവ മുഖാന്തിരം ഈ സുവിശേഷകൻ അവിടവിടെയായി പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ വായനക്കാർ തന്നെ പ്രാർത്ഥനാപൂർവ്വം അദ്ധ്യയനം ചെയ്യുന്നതു നല്ലതാണ്. അല്പം ചില സൂചനകൾ മാത്രം ഇവിടെ കൊടുക്കാമെന്നേ വിചാരിക്കുന്നുള്ളു. ഈ സുവിശേഷത്തിൽ രണ്ടാം അദ്ധ്യായത്തിൽ വീഞ്ഞായിത്തീർന്ന വെള്ളം ന്യായപ്രമാണമെന്നതു മാറീട്ട് കൃപയായി രൂപാന്തരപ്പെടുന്നതിനെ സൂചിപ്പിക്കുന്നതായി ഗണിക്കാം. യേശുവിന്റെ കാലത്തിനു മുമ്പ് തിരുവെഴുത്തുകൾ വെള്ളമായിരുന്നുവെന്നും, കർത്താവിന്റെ കാലം വന്നതോടുകൂടി അവ നമുക്കു വേണ്ടി വീഞ്ഞായിത്തീർന്നുവെന്നും Origen എന്ന സഭാപിതാവു പറഞ്ഞിരിക്കുന്നു. ഇനിയും ദേവാലയശുദ്ധീകരണം സംബന്ധിച്ചു നോക്കാം. ഈ മന്ദിരം പൊളിപ്പിൻ, ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നു കർത്താവു പറഞ്ഞതായി നാം വായിക്കുന്നു. (൨. ൧൯.) തന്റെ ശരീരമെന്ന മന്ദിരത്തെക്കുറിച്ചത്രേ അവൻ പറഞ്ഞതു്. ഓരോ മനുഷ്യനും ദൈവത്തിന്റെ ആലയമാണെന്നും, കർത്താവു തന്നെയാണ് സർവ്വോൽകൃഷ്ടമായ ദൈവമന്ദിരമെന്നും ഉള്ള വിശിഷ്ട ഉപദേശത്തിന് ഈ ഭാഗം ഒരു്

ഒരുക്കമാണെന്നു വിചാരിക്കാം. (൧൪. ൨൩). ശമര്യ സ്ത്രീയുടെ അഞ്ചു ഭർത്താക്കന്മാർ എന്നു പറഞ്ഞിരിക്കുന്നതു് പഞ്ചേന്ദ്രിയങ്ങളെ സൂചിപ്പിക്കുന്നുവെന്നു് ഒരിഗനും, ആറാമത്തെ ആൾ ശീമോൻമാഗസിനെ കുറിക്കുന്നുവെന്നു് Philo എന്ന മഹാനും പറയുന്നു. ചുരുക്കിപ്പറഞ്ഞാൽ വെള്ളം, വീഞ്ഞു്, മാംസം, രക്തം, അപ്പം തുടങ്ങിയുള്ള പദങ്ങൾ ഉപയോഗിച്ചു് ഗൂഢങ്ങളായ സത്യങ്ങളെ വിശദീകരിക്കുന്നതിനു് ഈ ഗ്രന്ഥകാരനുള്ള സാമത്ഥ്യം അസാധാരണമായിട്ടുള്ളതാണു്. കത്താവിന്റെ പ്രവൃത്തികളേയും ഉപദേശങ്ങളേയും കുറിച്ചു് ഈ സുവിശേഷകൻ ദീർഘകാലം ചിന്തിച്ചതിന്റെ ഫലമായിട്ടാണു് ഈ പ്രതിപാദനരീതി തനിക്കു സുസാദ്ധ്യമായി തീൎന്നതെന്നും പറയാം.

ഈ അവസാന അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന മീൻപിടിത്തത്തിൽ ൧൫൩ മീൻ കിട്ടിയതായി പറഞ്ഞിരിക്കുന്നു. വല കീറിയില്ല എന്നും കാണുന്നു. പ്രകൃതിശാസ്ത്രവിദ്വാന്മാർ ലത്തീൻ, ഗ്രീക്കു് ഈ ഭാഷകളിൽ എഴുതീട്ടുള്ള ഗ്രന്ഥങ്ങളിൽ ൧൫൩ തരം മത്സ്യങ്ങൾ ഉള്ളതായി പറഞ്ഞിട്ടുണ്ടെന്നു ജെറൊം (Jerome) എന്ന സഭാപിതാവു പറഞ്ഞിരിക്കുന്നു. ഒരുപക്ഷെ സുവിശേഷകൻ ഈ സംഖ്യയിൽ അന്തർഭവിച്ചിരുന്ന സാദൃശ്യം മനസ്സിലാക്കിക്കാണണം. സഭയുടെ സാൎവ്വജനീനമായ നിലയും അതിലെ അംഗങ്ങളുടെ വിവിധത്വവും ഈ ഭാഗത്തു് ധ്വനിക്കുന്നു. ഈ അദ്ധ്യായത്തിൽ കത്താവു് ഏഴു ശിഷ്യന്മാൎക്കാണു് പ്രത്യക്ഷമാകുന്നതു്. ഏഴു് എന്ന സംഖ്യയും പൂൎണ്ണതയെ കാണിക്കുന്നു. വലത്തുഭാഗത്തു് വല വീശുവാൻ കത്താവു് ആജ്ഞാപിക്കുന്നു,

ലൂക്കൊ. ൭. ൩൰-൰൦; മത്താ. ൰൪. ൨൨-൩൰. ഇവയിലെ വൃത്താന്തങ്ങളോട് ഒരു പക്ഷെ ഗ്രന്ഥകാരൻ ഈ സംഭവത്തേയും താരതമ്യപ്പെടുത്തി സുദീൎഘമായി ആലോചിച്ചുകാണണം. സുവിശേഷം സകലജാതികൾക്കും പ്രസംഗിക്കപ്പെടേണ്ടതാണ്; യഹൂദന്മാൎക്കുമാത്രമുള്ളതല്ല. ഒരിടത്തു വല കീറിപ്പോകാറായി. ഇവിടെ വല കീറുന്നില്ല. കൎത്താവു് തന്റെ സഭയെ ശരിയായി നയിക്കുമെന്നും നാം അവനോടുകൂടി സഹകരിച്ചു് ശരിയായ മാൎഗ്ഗത്തിൽകൂടി പോയാൽ വിജയം സിദ്ധിക്കുമെന്നും നാം ഓൎക്കേണ്ടതാണ്. സഭയുടെ ഐക്യം പാലിക്കപ്പെടേണ്ടതുമാണ്.

—(൦)—

൩൯. ൨൰: ൰൭—൨൭.

പത്രോസിനും തിരുസഭയ്ക്കും ഏല്പിക്കപ്പെട്ട ജോലി.

വാ. ൰൭. യോഹന്നാന്റെ മകനായ ശീമോനെ:— ഈ ഗ്രന്ഥകൎത്താവു പത്രോസിനെ എല്ലായ്പോഴും ശീമോൻ പത്രോസ് എന്നാണു വിളിക്കുന്നതു്. എന്നാൽ യേശു ഉപയോഗിച്ച പേർ ശീമോൻ എന്നാണ്. ഈ വിഷയത്തിലും, ഇതര സുവിശേഷങ്ങൾക്ക് ഈ സുവിശേഷത്തോടു സാമ്യമുണ്ടു്. മത്താ. ൰൬: ൰൬; ൰൬: ൨൭; മൎക്കൊ ൰൪: ൩൬; ലൂക്കൊ ൨൨: ൩൰ നോക്കുക. ഇവരിൽ ഈ പത്രോസ് യേശുവിനെപ്രതിയുള്ള തന്റെ സ്നേഹത്തെക്കുറിച്ചു് ഒരിക്കൽ വമ്പു പറഞ്ഞവനാണ്. മററുള്ളവരെക്കാൾ അധികം തനിക്കു യേശുവിനോടു സ്നേഹമുണ്ടെന്നു നടിച്ചവനുമാണു്.

വാ. ൧൫. ആദ്യകാലത്തെ ഗ്രീക്കലിഖിതങ്ങളിൽ 'സ്നേഹം' എന്ന പദത്തിന് രണ്ടു പ്രത്യേക വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. 'Phileo' എന്ന പദം മനുഷ്യർ തമ്മിലുള്ള പ്രകൃത്യനുസരണമായ അടുപ്പത്തെ സൂചിപ്പിക്കുന്നതും 'agapao' എന്നതു് ആന്തരികവും, ഭക്തിസമന്വിതവുമായ സ്നേഹവും ആകുന്നു. പത്രോസു തള്ളിപ്പറഞ്ഞതിനെക്കുറിച്ചുള്ള സ്മരണ വീണ്ടും അവനിൽ ജനിപ്പിച്ചിട്ട് അവൻെറ ആ അപരാധത്തിനു ക്ഷമ നൽകിയ ശേഷം അവനെ പ്രത്യേകശുശ്രൂഷയ്ക്കായി നിയോഗിക്കണം എന്നുള്ള ഉദ്ദേശ്യത്തോടു കൂടിയാണ് ഈ ചോദ്യംകൊണ്ടു് യേശു അവനെ പരീക്ഷിക്കുന്നതു്. പത്രോസ് തൻെറ പാപത്തെക്കുറിച്ചു് അനുതപിച്ചു വിനീതഭാവത്തിൽ ഈ ചോദ്യത്തിന് മറുപടി പറയുന്നുണ്ടു്. ഈ മറുപടിയിൽ തന്റെ സ്വന്തം അറിവു്, ബോധം എന്നിവയിൽ ചാരാതെ കർത്താവിൽ മാത്രം നോക്കീട്ടു്, കർത്താവേ, നീ അറിയുന്നുവല്ലോ, എന്നാണ് അവൻ പറയുന്നതു്.

കുഞ്ഞാടുകൾ എന്നതു് ചെറിയ കുഞ്ഞുങ്ങൾ എന്നോ, പുതുതായി സഭയിലേയ്ക്കു ചേൎന്നവരെന്നോ വിചാരിക്കാം. ആടുകൾ കുറെക്കൂടെ സ്ഥിരപ്പെട്ട അംഗങ്ങൾ. ഒരു കൂട്ടൎക്കു പോഷണവും, മറേറ കൂട്ടൎക്കു നടത്തിപ്പും ആവശ്യമാണ്", ൧ പത്രോ. ൫: ൪-ൽ പത്രോസ് ഈ സംഭവത്തെ ഓൎത്തുകൊണ്ടാണ് എഴുതുന്നതു്.

മേയ്ക്കുക:—പോഷിപ്പിക്കുക; വചന ശുശ്രൂഷ, വിശുദ്ധ സക്രമെന്തുകൾ എന്നിവ മൂലമുള്ള പോഷണമെന്നു് അൎത്ഥം.

വാ. ൧൬. രണ്ടാമതു്:—രണ്ടാം പ്രാവശ്യമുള്ള ഈ ചോദ്യത്തിൽ "ഇവരിലധികമായി" എന്നുള്ള പദങ്ങൾ

യേശു ഉപയോഗിച്ചു കാണുന്നില്ല. ഈ ചോദ്യത്തിനും മുമ്പിലത്തെ മറുപടിതന്നെയാണു പത്രോസു പറയുന്നതു്. ഇവിടെ യേശു കുഞ്ഞാടുകളെ മാത്രമല്ല, ആടുകളെയും പാലിക്കുക എന്നു് പത്രോസിനുള്ള ശുശ്രൂഷയെ കുറേ കൂടി വ്യാപ്തമാക്കിത്തീൎക്കുന്നുണ്ടു്.

വാ. ൧൭. മൂന്നാമതു്:—"നീ എന്നെ സ്നേഹിക്കുന്നുവോ" എന്നുള്ള യേശുവിന്റെ ചോദ്യത്തിനു് പത്രോസു രണ്ടു തവണയും കൊടുത്ത മറുപടി, "എനിക്കു നിന്നോടു പ്രിയമുണ്ടു്" എന്നാണു്. മൂന്നാമതു് യേശു വീണ്ടും എടുത്തുചോദിക്കുമ്പോൾ പത്രോസിന്റെ ഭാഷയിൽതന്നെ നിനക്കു് എന്നോടു പ്രിയമുണ്ടോ (Phileo) എന്നാണു ചോദിക്കുന്നതു്. മൂന്നാമതുമുള്ള ഈ ചോദ്യത്തിൽ പത്രോസിനു വളരെ ദുഃഖമുണ്ടാകുന്നു. അവൻ ഏററവും വിനീതനായി യേശുവിന്റെ സൎവ്വജ്ഞാനത്തിൽ മാത്രം ചാരിയിട്ടു്, "കൎത്താവേ! നീ സകലവും അറിയുന്നവൻ" എന്നാണു പറയുന്നതു്.

വാ. ൧൮. ഇതു പത്രോസിനു ഭവിപ്പാനിരുന്ന മരണത്തെ ലക്ഷ്യമാക്കി യേശു പറഞ്ഞതാണു്. പത്രോസിനുണ്ടായതും കുരിശുമരണമാണു്. മുപ്പതു സംവത്സരങ്ങൾക്കു പിന്നീടു് റോമിൽവച്ചു് പത്രോസ് കുരിശിൽ തറയ്ക്കപ്പെട്ടുവെന്നാണു് പാരമ്പൎയ്യം. ഇങ്ങിനെ ആയിരുന്നു പത്രോസിന്റെ ശുശ്രൂഷയുടെ അന്തം. യശർന്നു. ന്ഥ, ർ-ൽ ഉള്ള വാഗ്ദത്തം നോക്കുക.

വാ. ൧൯. ഇവിടെ വീണ്ടും യേശു പത്രോസിനെ വിളിക്കുന്നു. എന്നെ അനുഗമിക്കുക എന്നുള്ളതാണു് ഇപ്പോഴത്തെ വിളി. ഇപ്പോൾ പത്രോസ്സിനു് ആ വിളിയുടെ അൎത്ഥം മനസ്സിലാകുന്നുണ്ടു്.

വാ. ൨൨. യേശു ആദ്യമായി ഇവിടെ തന്റെ രാജവാഴ്ചയെയാണ് എടുത്തു കാണിക്കുന്നതു്. പിന്നീട് യോഹന്നാൻ ദീർഘകാലം ഭൂമിയിൽ ജീവിച്ചിരിക്കും എന്നു സൂചിപ്പിക്കുന്നു. ഞാൻ വരുവോളം എന്നുള്ളതു് യെരുശലേമിന്റെ നാശത്തെക്കുറിച്ചു പ്രസ്താവിക്കുന്നു എന്നാണ് പലരുടേയും അഭിപ്രായം. യോഹന്നാനു മാത്രമേ ഈ നാശം കാണുവാൻ സാധിച്ചിട്ടുള്ളു. പത്രോസ് പല കാര്യങ്ങളിൽ അനാവശ്യമായി പ്രവേശിക്കുന്നതിനെക്കുറിച്ചു് യേശു അവനെ ശാസിക്കുന്നുണ്ടു്.

൨൧: ൨൩—൨൫; ഗ്രന്ഥസമാപ്തി.

വാ. ൨൩:—ഈ വാക്കുകൾ നിമിത്തം യോഹന്നാനെക്കുറിച്ചൊരു തെററായ അഭിപ്രായം പരന്നു. ഇങ്ങനെയുള്ള ഒരു ശ്രുതി യോഹന്നാന്റെ മരണത്തിനു മുമ്പു് ഉണ്ടാകാവുന്നതാണ്. മരിച്ചശേഷം അങ്ങിനെ വരാൻ പാടില്ലാത്തതാണ്. ഇതിന്റെ പരിഹാരത്തിനാണ് ഈ വചനം പ്രത്യേകം ഉദ്ദേശിച്ചിരിക്കുന്നതു്. എന്റെ ഇഷ്ടം അവനിൽ ഞാൻ നിവൃത്തിക്കും. നീ നിന്നെ ഭരമേല്പിച്ച ജോലി നിവ്വഹിക്ക.

വാ. ൨൪—൨൫. ഈ സുവിശേഷത്തിന് ഒരു സാക്ഷിയായി ഭവിക്കത്തക്കവണ്ണം ഈ രണ്ടു വചനങ്ങളും മററാരോ എഴുതിച്ചേൎത്തതായിട്ടാണ് ഊഹിക്കപ്പെടുന്നതു്. പക്ഷേ എഫേസൂസ് സഭയിലെ മൂപ്പന്മാർ ആരെങ്കിലും ഇതു് എഴുതിച്ചേൎത്തതായിരിക്കാം. ഞങ്ങൾ അറിയുന്നു എന്നു പറയുന്നതുകൊണ്ടു് യോഹന്നാന്റെ പരിചയക്കാരായി അക്കാലത്തെ സഭയുടെ ദൂതന്മാർ ആരെങ്കിലും തന്നെ ഇതെഴുതിയിരിക്കണം. ൨൫-ാംവചനം

മറേറതൊ ഒരാളിനാൽ എഴുതപ്പെട്ടതായിട്ടാണു തോന്നുന്നതു്.

പാഠങ്ങൾ:—പത്രോസു കത്താവിനെ തള്ളിപ്പറഞ്ഞിട്ടു് ഇപ്പോൾ ആറാഴ്ചവട്ടം തന്നെയും ആയിട്ടില്ല. എങ്കിലും യേശുവിനോടുള്ള തന്റെ സ്നേഹബന്ധത്തിൽ അയാളെ സമ്പൂണ്ണമായി പുനഃസ്ഥാപിതമാക്കിത്തീത്തിരിക്കുന്നു. അയാൾ യോഹന്നാനേക്കാളും മുമ്പേ കടലിലേയ്ക്കു ചാടുന്നു. ഇനിയും ഒരു കാൎയ്യംകൂടെ ചെയ്താലേപത്രോസിന്റെ നില സ്ഥിരമാകയുള്ളു എന്നു സ്നേഹമൂത്തിയായ കത്താവു കണ്ടു. അതായതു്, പത്രോസിന്റെ ഭാവിയേപ്പററിയും മററുള്ള അപ്പോസ്തലന്മാരുടെ കൂട്ടത്തിൽ അയാൾക്കുള്ള സ്ഥാനത്തെപ്പററിയും നിണ്ണയിക്കേണ്ടിയിരിക്കുന്നു. ആയതുകൊണ്ടു മററുള്ളവരുടെ മുമ്പിൽവെച്ചു മൂന്നു പ്രാവശ്യം പത്രോസിന്റെ സ്നേഹത്തെക്കുറിച്ചു കത്താവു ചോദ്യം ചെയ്കയും അയാളുടെ വിനീതമായ മറുപടികളുടെ ഫലമായി പരിശുദ്ധമായ ആട്ടിൻകൂട്ടത്തിന്റെ പ്രത്യേക കാവൽക്കാരനെന്ന സ്ഥാനത്തെയ്ക്കു മൂന്നുപ്രാവശ്യം അയാൾ നിയമിതനായിത്തീരുകയും ചെയ്യുന്നു.

കാരുണ്യമൂത്തിയായവനേ! ഇത്ര കഠിനമായി അങ്ങേ ദുഃഖിപ്പിച്ച ഒരാളിന്റെ പുകഴ്ചയ്ക്കും സൽക്കീത്തിക്കുംവേണ്ടി അങ്ങു് ഇത്ര കരുതലുള്ളവനായിരുന്നുവല്ലൊ! ഈ അടിയനെയും അവിടുന്നു കടാക്ഷിച്ചാലും!

വായനക്കാർ സമ്പൂണ്ണജീവൻ പ്രാപിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി എഴുതപ്പെട്ട ഈ സുവിശേഷം ഇവിടെ അവസാനിക്കുന്നു. ഇതോടുകൂടിത്തന്നെ യോഹന്നാന്റെ ഒന്നാംലേഖനവും വായിക്കേണ്ടതാണു്. ഗ്രന്ഥ

കാരൻ ഉദ്ദേശിച്ചിരുന്ന സംപൂൎണ്ണജീവൻ സന്തോഷത്തിൻെറയും കൂട്ടായ്മയുടെയും ജീവിതമാണെന്നു് അതു സ്പഷ്ടമായി കാണിക്കുന്നു. യഥാൎത്ഥക്രിസ്തീയ വിശ്വാസികളുമായുള്ള കൂട്ടായ്മവഴിയായി പിതാവിനോടുള്ള കൂട്ടായ്മ ഉണ്ടാകുന്നു. തന്മൂലം സൃഷ്ടിയിലുള്ള പിതാവിൻെറ ഉദ്ദേശങ്ങൾ ഗ്രഹിക്കുന്നതിനും അവയുടെ നിവൃത്തിക്കായി ഉത്സാഹിക്കുന്നതിനും സംഗതിവരുന്നു. പുത്രനോടുള്ള കൂട്ടായ്മ മുഖാന്തിരം അവൻെറ വീണ്ടെടുപ്പിൻ വേലയിലുള്ള ഉദ്ദേശങ്ങളിൽ സഹകരിക്കുന്നതിനും തൽഫലമായി പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ചൈതന്യപരമായ സ്നേഹത്തിൻെറ ജീവിതത്തിൽ പുരോഗതി പ്രാപിക്കുന്നതിനും ഇടയാകുന്നു. എന്തുകൊണ്ടെന്നാൽ ജനനം, വിവാഹം, തൊഴിൽ, സ്നേഹം, രോഗം, മരണം മുതലായി ജീവിതത്തിൻെറ വിവിധഘട്ടങ്ങളെയും യേശുക്രിസ്തു സ്പൎശിക്കുമ്പോൾ അവയെല്ലാം പരിപുഷ്ടവും പരിപാവനവും തേജോമയവും ആയിത്തീരുമെന്നു് ഈ സുവിശേഷം നിതരാം പ്രസ്പഷ്ടമാക്കുന്നു.

നമ്മുടെ കൎത്താവിൻെറ ദിവ്യപുത്രത്വത്തേയും യഥാൎത്ഥ മാനുഷികത്വത്തേയും നിഷേധിക്കുന്നതായ ഗംഭീരമായ തൎക്കങ്ങൾ നടന്നുകൊണ്ടിരുന്ന ഒരു കാലത്താണു് ഈ സുവിശേഷം എഴുതപ്പെട്ടതെന്നു് ലേഖനത്തിൽനിന്നും തെളിയുന്നുണ്ടു്. സത്യത്തെ തെളിയിക്കത്തക്കവണ്ണം കഴിഞ്ഞ കാലത്തിൽ നടന്ന സംഭവങ്ങളുടെ ശരിയായ ലക്ഷ്യങ്ങൾ ഗ്രന്ഥകൎത്താവു് വിവരിക്കുന്നു. ഈ വിഷയത്തിൽ എബ്രായലേഖനത്തോടു് ഇതിനു സാമ്യമുണ്ടു്. കൎത്താവിൻെറ ദിവ്യസ്വഭാവത്തേയും മനുഷ്യസഹജമായ സഹതാപത്തേയും കണ്ണുനീരുകളേയും

കുറിച്ചു് രണ്ടിലും പറഞ്ഞിട്ടുണ്ടു്. കത്താവിൻെറ മഹാ പൌരോഹിത്യവേലയെക്കുറിച്ചും തൻെറ പ്രാത്ഥനയെക്കുറിച്ചും രണ്ടിലും സ്പഷ്ടമായി കാണാവുന്നതാണു്. മരിച്ചവരുടെ ഇടയിൽ നിന്നു് തിരികെ കൊണ്ടുവരപ്പെട്ട ആടുകളുടെ വലിയ ഇടയനെക്കുറിച്ചുള്ള സൂചനയോടുകൂടിയാണു് രണ്ടു ഗ്രന്ഥങ്ങളും അവസാനിക്കുന്നതു്. യോഹന്നാൻ ൧൭-ാം അദ്ധ്യായത്തിലെ പ്രാത്ഥനയ്ക്കു മറുപടി ലഭിച്ചതിൻെറ ഒരു ദീർഘമായ സ്തോത്രഗീതമായി എഫേസ്യലേഖനത്തേയും കരുതാവുന്നതാണു്.

കത്താവിന്റെ തേജസ്സും മഹത്വവും ഓരോ ദിവസം ചെല്ലുന്തോറും തൻെറ വിശുദ്ധസഭ വഴിയായും മററും വെളിപ്പെട്ടുകൊണ്ടു വരുന്നു. അവിടുത്തെ മഹത്വത്തെ ഗ്രഹിക്കുന്നതിലേയ്ക്കു ഈ ചെറുഗ്രന്ഥവും സഹായമായി ഭവിക്കട്ടെ എന്നുള്ള പ്രാത്ഥനയോടുകൂടി ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

——:o:——

A SHORT COMMENTARY ON THE GOSPEL OF ST. JOHN.

വി: യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ ലഘുവ്യാഖ്യാനം.

Published by
The Malayalam Christian Literature Committee
with the help of the Indian Literature Fund
(National Christian Council.)

Compiled by W. Matthew B. A., L. T.,

1933.

Price 8 As. വില അണ ൮.

Kamalalaya Printing Works, Trivandrum.